## കാർഡിനൽ തിസ്സരാങ്ങ്

# ഇൻഡ്യയിലെ

# പൗരസ്ത്യക്രൈസ്തവരുടെ

# കഥ

DEEPIKA BOOK HOUSE
KOTTAYAM

J62/T53

INDIAYILE POURASTYA
KRISTAVARUDE KATHA

*Author:*
EUGENE CARDINAL TISSERANT
*Malayalam Translation*
J. THACHIL
*Published by:*
DEEPIKA BOOK HOUSE
KOTTAYAM.

Price Rs. 7.50

Cover Printed at the
DEEPIKA Press
Kottayam.

PROCURA CARMELITARUM MARIAE IMMACULATAE ROMAE

# ഇന്ത്യയിലെ
# പൗരസ്ത്യക്രൈസ്തവരുടെ
# കഥ

DHARMARAM COLLEGE LIBRARY BANGALORE-29

★ 0
J62

DHARMARAM COLLEGE LIBRARY
No. 71337
Call No. J68/T53

(*Malayalam*)

**INDIAYILE POURASTYA KRISTAVARUDE KATHA**

*Translation of*

Eastern Christianity in India

Original in French

Author:

**EUGENE CARDINAL TISSERANT**

English Adaptation:

**FR. HAMBYE S. J.**

Malayalam Translation:

**EXARCH A. D. MATTAM**

**J. THACHIL**

*Printed at*

MAR MATHEWS PRESS, MUVATTUPUZHA

Second Edition

*Published by*

Deepika Book House

Kottayam

Copy Right Reserved

Price Rs. 7-50

# ഉള്ളടക്കം

മുഖക്കുറിപ്പ് Page

അവതാരിക – കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ

ഇംഗ്ലീഷ് പരിഭാഷയുടെ പ്രസ്താവന

ചുരുക്കെഴുത്തുകളുടെ പൂർണ്ണരൂപം

ഉപോൽഘാതം

ചിത്രങ്ങൾ

1. പ്രാരംഭം 1

ഭാരതവും വിശുദ്ധ തോമ്മാശ്ലീഹായുടെ പ്രേഷിത പ്രവർത്തനവും 2, മലബാറും പേർഷ്യൻ സഭയും 6, ഒരവലോകനം 9

2. എ. ഡി. 450 മുതൽ പോർട്ടുഗീസുകാരുടെ ആഗമനം വരെയുള്ള കാലഘട്ടം. 13

പേർഷ്യൻ സഭയും ഇന്ത്യൻ ക്രൈസ്തവരും 13, നെസ്റ്റോറിയനിസവും ഇന്ത്യൻ ക്രിസ്ത്യാനികളും 18, പാശ്ചാത്യരുമായുള്ള മദ്ധ്യകാലസമ്പർക്കങ്ങൾ 19, മെസപ്പൊട്ടേമിയയും കേരളവും ഒററ നോട്ടത്തിൽ 24

3. മാർത്തോമ്മ ക്രിസ്ത്യാനികളും ഉദയംപേരൂർ സൂനഹദോസും 31

പോർത്തുഗീസുകാരുടെ ആഗമനവും പാദ്രുവാദോയും 31, ആദ്യകാലത്തെ അസ്വാസ്ഥ്യതകളും സംഘട്ടനങ്ങളും 34, മാർ ജോസഫ് സഹിച്ച പീഡനങ്ങൾ 40, മാർ അബ്രാഹവും പാദ്രുവാദോയും ഈശോ സഭക്കാരും 47, മാർ അബ്രാഹമിൻെറ അനുഗാമികളും മെനെസിസിൻെറ സന്ദർശനവും 52, ഉദയംപേരൂർ സൂനഹദോസ് 61, ഉദയംപേരൂർ സൂനഹദോസ് ഒരു വിലയിരുത്തൽ 69

4. ഈശോസഭക്കാരും കർമ്മലീത്താസഭക്കാരും ഭാരതത്തിൽ 79

ഫാദർ റോസ്, സുറിയാനിക്കാരുടെ പ്രഥമ ലത്തീൻ മെത്രാൻ 80, ബിഷപ്പ് ഫ്രാൻസീസ് റോസും അദ്ദേഹത്തിൻെറ പിൻഗാമികളും 83, ആദ്യത്തെ അസ്വാ

സ്ഥ്യങ്ങരം 85, കൂനൻകുരിശുസത്യം 87, പറമ്പിൽ ചാണ്ടി മെത്രാനും അനുഗാമികളും 93, കമ്മലീത്ത സഭയുടെ കേരളത്തിലെ പ്രവൎത്തനം 97, മലബാറി ലെ സുറിയാനിസഭയുടെ പുരോഗതി പത്തൊമ്പതാം നൂററാണ്ടിൽ 104

5. മെസപ്പൊട്ടേമിയായുമായുള്ള ബന്ധങ്ങരം 116

പൗരസ്ത്യ കാതോലിക്കോസിനോടുള്ള വിശ്വസ്തത 117, നൂതനസമീപനങ്ങരം 118, നേരിട്ടുള്ള അപേക്ഷ 120, കൽദായസഭ മലബാർ പ്രശ്നത്തിൽ 121, മാർ റോക്കോസിൻെറ പ്രവൎത്തനം 123, ശീശ്മയുടെ മുന്നോടികരം 127, മാർ മേലൂസും മലബാർ സഭയും 130, മാർ മേലൂസിൻെറ അന്ത്യത്തിനുശേഷം 134

6. ഇന്ത്യയിലെ കത്തോലിക്കാ ഹൈരാക്കി 140

സുവൎണ്ണദശയുടെ ഉദയം 142, തെററായ കാൽവെയ്പുകരം 143, നല്ല ദിനങ്ങളുടെ ഉദയത്തിനുമുമ്പ് 144, ലവീഞ്ഞു മെത്രാൻേറയും മെഡലിക്കോട്ടു മെത്രാൻേറയും പ്രവൎത്തനങ്ങരം 146, പ്രതീക്ഷകരം ഫലമണിയുന്നു 152, അത്ഭുതകരമായ പുരോഗതി 153, പുതിയ മിഷനുകരം 156

7. ഇന്ത്യയിലെ യാക്കോബായക്കാർ 161

യാക്കോബായ സ്വാധീനം 162, പ്രോട്ടസ്റ്റാണ്ടിസവും യാക്കോബായ ഓൎത്തഡോക്സ് സഭയും 165, മാർത്തോമ്മസഭയുടെ ഉത്ഭവം 167, പാത്രിയൎക്കീസിൻെറ നടപടി 171, പുതിയ ചൎച്ചകരം, ഭിന്നതകരം 173, പുനരൈക്യപ്രസ്ഥാനം 176, മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ ഉത്ഭവം 178

അനുബന്ധങ്ങരം

1. മലബാറിലെ സുറിയാനികത്തോലിക്കരുടെ കാനൻ നിയമവും ആചാരങ്ങളും 188

2. മലബാറിലെ സുറിയാനികത്തോലിക്കരുടെ ആരാധനക്രമം 203

3. സുപ്രധാന സംഭവങ്ങരം 217

4. മലബാറിലെ മെത്രാന്മാരുടേയും പൗരസ്ത്യ പാത്രിയൎക്കീസുമാരുടേയും ലിസ്റ്റ് 228

5. ബിബ്ളിയോഗ്രഫി 244

6. പദസൂചി 299

# മലയാളവിവർത്തനത്തിൻെറ മുഖക്കുറിപ്പ്

കർദ്ദിനാറം തിസരാങ്ങ് ഫ്രഞ്ചുഭാഷയിൽ രചിച്ചതും ഫാദർ ഈ. ആർ. ഹാംബി എസ്. ജെ. ഇംഗ്ലീഷിലേക്കു വിവത്തനം ചെയ്തു പരിഷ്ക്കരിച്ചതുമായ (Eastern christianity in India) എന്ന ഗ്രന്ഥം വിശുദ്ധൻെറ 19-ാം ചരമശതാബ്ദി ആഘോഷി ക്കുന്ന ഈ അവസരത്തിൽ മലയാളികളായ അനുവാചകക്ക് സമർപ്പിക്കുവാൻ സന്തോഷമുണ്ട്. വിശുദ്ധൻ നട്ടുപിടിപ്പി ച്ച് സ്വജീവനം രക്തവും നല്കി പരിപോഷിപ്പിച്ച സഭയുടെ വളർച്ചയും ആ സഭ പിൽക്കാലത്തു് അഭിമുഖീകരിക്കേണ്ടി വന്ന പ്രതിസന്ധികളുമാണ് ഈ ഗ്രന്ഥം വിവരിക്കുന്നതു്. ഈ ഗ്രന്ഥം മലയാളത്തിലേക്ക് വിവത്തനം ചെയ്യുന്നതിനു സദയം അനുവാദവും പ്രോത്സാഹനവും നല്കിയ ഗ്രന്ഥകാരനു ഹൃദയപൂവ്വം നന്ദി പ്രകാശിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഇതിനു പ്രസിദ്ധീകരണാനുമതി നല്കിയ ഓറിയൻറ് ലോങ്മാൻസ് പ്രസാധകർക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു.

പൗരസ്ത്യസഭാവിജ്ഞാനീയത്തിൽ പ്രാമാണികനായ കർദ്ദി നാറം തിസ്സരാങ്ങിൻെറ ഈ ഗ്രന്ഥം പൗരസ്ത്യസഭകളുടെ അഭി മാനസ്തംഭവും ഓറിയൻറൽ കാനൺനിയമസമിതിയുടെ അഗ്രാ സനം വഹിക്കുന്ന ദേഹവും ഇന്ത്യൻ ബിഷപ്പ്സ് കോൺഫ്രൻ സിൻെറ അധ്യക്ഷനുമായ അത്യുന്നതകർദ്ദിനാറം ജോസഫ് പാറേ ക്കാട്ടിൽ അവതരിപ്പിച്ചിരിക്കുന്നതു് തികച്ചും സമുചിതവും ശ്ലാഘനീയവുമാണ്. തിരുമേനിയുടെ പ്രോത്സാഹനം ഈ ഗ്രന്ഥം വിവത്തനം ചെയ്യുന്നതിൽ വിലയേറിയ പ്രചോദന മായിരുന്നു എന്നുകൂടി എടുത്തുപറഞ്ഞുകൊള്ളട്ടെ. അദ്ദേഹ ത്തിനു നന്ദിയുടേയും സ്നേഹത്തിൻേറയും പൂച്ചെണ്ടുകറം അപ്പി ക്കുന്നു.

ഈ ഗ്രന്ഥത്തിൻെറ തർജ്ജമയിലും പ്രസിദ്ധീകരണ ത്തിലും പലരിൽനിന്നും ഓരോ വിധത്തിൽ സഹായം ലഭി ച്ചിട്ടുണ്ട്. അവർക്കെല്ലാം ഹൃദയംഗമമായ കൃപ്പുകൈ.

# അവതാരിക

ഭാരതത്തിൻെറ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ ചരമത്തിൻെറ 19-ാം ശതാബ്ദി സഭയിലാകമാനം, വിശിഷ്യാ ഭാരതത്തിൽ ആഘോഷിക്കുന്ന ഈ വർഷത്തിൽ "ഇൻഡ്യയിലെ പൗരസ്ത്യക്രൈസ്തവരുടെ കഥ" എന്ന പേരിൽ മലയാളത്തിലൊരു ഗ്രന്ഥം പ്രസിദ്ധീകൃതമാകുന്നതു് എല്ലാംകൊണ്ടും ശ്ലാഘനീയമായിരിക്കുന്നു. പൗരസ്ത്യ സഭകളെക്കുറിച്ചു് ആധികാരികമായി എഴുതുവാനും സംസാരിക്കുവാനും സാധിക്കുന്ന പ്രഗത്ഭന്മാരിൽ ഒരാളും, പൗരസ്ത്യസഭകളുടെ തിരുസ്സംഘത്തിൻെറ ദീർഘകാല തലവനുമായിരുന്ന ദിവംഗതനായ കാർഡിനൽ തിസരാങ്ങിൻെറ പ്രസിദ്ധമായ "The Eastern Christianity in India" ഗ്രന്ഥത്തിൻെറ പരിഭാഷയാണിതു് എന്ന കാരണത്താൽ തന്നെ ചരിത്രപഠിതാക്കളും സത്യാന്വേഷികളുമായ മലയാളികൾ ഈ ഗ്രന്ഥത്തെ സഹർഷം സ്വാഗതം ചെയ്യുമെന്നുള്ളതു് നിസ്തർക്കമാണു്.

ഭാരതത്തിൽ വി. തോമാശ്ലീഹാ വന്നുവെന്നുള്ളതും കേരളക്കരയിലും സമീപപ്രദേശങ്ങളിലും സുവിശേഷം പ്രസംഗിച്ചുവെന്നുള്ളതും സംശയിക്കുവാനോ നിഷേധിക്കുവാൻ പോലുമോ ഒരുമ്പെട്ടിട്ടുള്ള വ്യക്തികൾക്കു് ഈ ഗ്രന്ഥം ഒരു സെർച്ചു്ലൈററായിരിക്കും. കൊടുംകാടുകൾകൊണ്ടും അഗമ്യമായ ഭൂപ്രദേശങ്ങൾകൊണ്ടും ഭീകരമായി തോന്നിയ ആഫ്രിക്കൻ ഭൂഖണ്ഡത്തെക്കുറിച്ചു് 18-ാം നൂററാണ്ടിലെ ഭൂമിശാസ്ത്രപണ്ഡിതന്മാർപോലും വച്ചുപുലർത്തിയിരുന്ന പല തെററായ ധാരണകളെയും അതിശയോക്തികളെയും പരാമർശിച്ചു് ജോനഥൻ സ്വിഫ്ററ് എന്ന പ്രശസ്തനായ ആംഗ്ലേയ കവിയെഴുതിയിട്ടുള്ള ഒരു ഭാഗം ഇവിടെ ശ്രദ്ധേയമാണു്.

> "So Geographers in Afric-maps,
> With savage pictures fill their gaps;
> And o,er unhabitable downs
> Place elephants for want of towns."

ഏതാണ്ടിതുപോലുള്ള ഒരു കഥയാണു് ഭാരതത്തിലെ ക്രൈസ്തവ

സഭകളെക്കുറിച്ച് പലരും പറഞ്ഞിട്ടുള്ളതും എഴുതിയിട്ടുള്ളതും. തെളിവുകളുടേയും ചരിത്രരേഖകളുടേയും അപര്യാപ്തതയോ വൈരള്യമോ ഹേതുവാൽ ഭാരതസഭയുടെ അനുസ്യൂത കത്തോലിക്കത്വത്തെക്കുറിച്ചുകൂടിയും അബദ്ധജഡിലങ്ങളായ കഥകൾ കെട്ടിച്ചമച്ചു പറഞ്ഞിട്ടുള്ളവരുണ്ട്. ഇപ്പോഴും ഭാരതസഭയുടെ ചരിത്രം മററു പ്രാദേശിക സഭകളുടേയും ചരിത്രംപോലെ തന്നെ ഉപരി ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും വിഷയീഭൂതമായിക്കൊണ്ടിരിക്കുകയാണ്. തൽഫലമായി ജനഹൃദയങ്ങളിലുണ്ടായിരുന്ന തെററുപററിയതും അതിശയോക്തിനിറഞ്ഞതുമായ ഒട്ടേറെ ആരോപണങ്ങളിൽനിന്ന് അതു തനിനിറത്തിൽപ്രത്യക്ഷപ്പെട്ടുവരികയാണ്.

നിർജ്ജീവമായ താളിയോലകളിലോ ചൈതന്യമില്ലാത്ത കടലാസുകളിലോ രേഖപ്പെടുത്തിയിട്ടുള്ള ചരിത്രവസ്തുതകളെക്കാൾ ആയിരംമടങ്ങു വിശ്വസനീയത പ്രദാനം ചെയ്യുന്നവയാണ് വി. തോമാശ്ലീഹായുടെ കേരളത്തിലെ പ്രേഷിതത്വത്തെക്കുറിച്ചും ഇവിടത്തെ കത്തോലിക്കാസഭയുടെ അവിഭക്തമായ ശ്ലൈഹിക പാരമ്പര്യത്തെക്കുറിച്ചും മററും ജനലക്ഷങ്ങളുടെ ജീവൻകൊണ്ടു സ്പന്ദിക്കുന്ന ഹൃദയഭിത്തികളിൽ എഴുതിയിട്ടുള്ള വസ്തുതകൾ. ക്രിസ്തുവിൻെറ പന്ത്രണ്ടു ശിഷ്യന്മാരിൽ പലരുടേയും പ്രേഷിതപ്രവത്തനങ്ങളേയും മരണത്തേയും കുറിച്ചു ചരിത്രത്തിൻെറ ഏടുകളിൽനിന്ന് എടുത്തുകാണിക്കാവുന്ന തെളിവുകളെക്കാൾ കൂടുതൽ സാക്ഷ്യങ്ങൾ വിശുദ്ധ തോമാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിതവൃത്തിയെക്കുറിച്ചും അവിടുന്നു ബീജാവാപം ചെയ്ത സഭയുടെ പൗരാണികതയെക്കുറിച്ചും സംലബ്ധമാണെന്നുള്ളതു് അധികമാരും മനസ്സിലാക്കിയിട്ടില്ല.

ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരെക്കുറിച്ച്, ഏതൊരു സത്യാന്വേഷിക്കും ചരിത്രവിദ്യാത്ഥിക്കും സംതൃപ്തിനല്കുന്ന അനവധി പ്രാമാണികഗ്രന്ഥങ്ങൾ ആധാരമാക്കി വിരചിതമായിട്ടുള്ള വിഖ്യാതമായൊരു ഗ്രന്ഥത്തിൻെറ പരിഭാഷ ഈ ജൂബിലിവർഷത്തിൽ പ്രസിദ്ധീകൃതമാകുവാനിടവന്നതു് ഒരനുഗ്രഹമാണെന്നുവേണം പറയുവാൻ. ഭാരതത്തിൻെറ അപ്പസ്തോലനേയും ഭാരതത്തിലെ ക്രൈസ്തവ സഭയേയും കൂടുതൽ അറിയുവാൻ ഈ ഗ്രന്ഥം അവസരം നല്കും. വിശുദ്ധ തോമാശ്ലീഹാ

കേരളത്തിൽ കൊണ്ടുവന്നുതന്ന വിശ്വാസദീപം നമ്മുടെ പൂർവ്വികന്മാർ എന്തുമാത്രം ത്യാഗം സഹിച്ചും, യാതനകളനുഭവിച്ചുമാണ് സംരക്ഷിച്ചതെന്നും, അനന്തരതലമുറകളിലേക്കു കൈമാറിയതെന്നും പഠിക്കുമ്പോൾ നമ്മുടെ വിശ്വാസത്തിന്റെ പ്രഭയും ചൈതന്യവും വർദ്ധിക്കുമെന്നാണെന്റെ പ്രതീക്ഷ. നമ്മുടെ പൂർവ്വികന്മാരുടെ വിശ്വാസതീക്ഷ്ണതയും സഹന മനോഭാവവും നന്മ ചെയ്യാൻ കൊതിപൂണ്ടുപായുന്ന ഇന്നത്തെ ജനലക്ഷങ്ങൾക്ക് ആവേശം നല്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇത്ര മഹത്തായൊരു ഗ്രന്ഥത്തിന്റെ സുന്ദരമായൊരു പരിഭാഷ കൈരളിക്കു കാഴ്ചവച്ച പരിഭാഷകനെ ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു. പരിഭാഷ തയ്യാറാക്കിയവരേയും അനുവാചകരേയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹാ വഴി സർവ്വശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ ഗ്രന്ഥം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

† ജോസഫ് കാർഡിനൽ പാറേക്കാട്ടിൽ
എറണാകുളം മെത്രാപ്പോലീത്താ

# ഇംഗ്ലീഷ് പരിഭാഷയുടെ പ്രസ്താവന

ഇന്ത്യയിലേയും വിദൂരപൗരസ്ത്യദേശങ്ങളിലേയും ക്രൈസ്തവസമൂഹങ്ങളിൽ ഏററം പുരാതനമാണ് സീറോമലബാർസഭ. സീറോമലബാർ സഭയുടെ അംഗങ്ങൾ ഇന്ത്യയുടെ തെക്കപടിഞ്ഞാറു തീരങ്ങളിൽ താമസമുറപ്പിച്ചിട്ട് പതിനഞ്ചു നൂററാണ്ടിലധികമായിട്ടുണ്ട്. ഏഷ്യയിലെ ക്രൈസ്തവസഭയുടെ വളർച്ചയിൽ അതിപ്രധാനമായൊരു പങ്കുവഹിച്ചിട്ടുണ്ട് സീറോ മലബാർ സഭ. ഇന്നും അതവർ തുടൎന്നു നിർവ്വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. വിശ്വാസമൂല്യങ്ങളിലൊഴികെ മറെറല്ലാരംഗത്തും സീറോമലബാർ ക്രിസ്ത്യാനികൾ ഭാരതത്തിലെ മററു ജനങ്ങളെപ്പോലെ ഇവിടത്തെ സാമൂഹ്യപരിതോവസ്ഥകളോട് ഇഴുകിച്ചേൎന്നിട്ടുള്ളവരാണ്. ദേശീയതലത്തിലുള്ള ഈ യോജിപ്പ് ക്രൈസ്തവസഭയുടെ സാർവ്വത്രികസ്വഭാവത്തിനു് ഉത്തമോദാഹരണമായി നിലകൊള്ളുന്നു.

സീറോമലബാർ സഭയെക്കുറിച്ചു പരാമർശിക്കുമ്പോൾ പോൎത്തുഗീസുകാരുടെ ആഗമനത്തിനുമുമ്പ് അവർ സഭാഭരണസംബന്ധമായ പ്രശ്നങ്ങളിൽ മെസപ്പൊട്ടേമിയയിലേയും പേർഷ്യയിലേയും സഭകളോട് ബന്ധം പുലർത്തിയിരുന്നു എന്ന വസ്തുത സ്മരണീയമാണ്. കൽദായ, പൗരസ്ത്യസുറിയാനി എന്നെല്ലാം വിളിക്കപ്പെട്ടിരുന്ന സഭയിൽനിന്നാണ് അവർ ആരാധനക്രമങ്ങൾ സ്വീകരിച്ചിരുന്നതു്.

പൗരസ്ത്യസഭയോടുള്ള അതിൻെറ ബന്ധം സൂചിപ്പിച്ചുകൊണ്ടു് 'സീറോ' എന്നും, യൂറോപ്യൻസഞ്ചാരികൾ ദക്ഷിണേന്ത്യയിൽ എത്തിച്ചേൎന്നതിനുശേഷം കേരളത്തിനു നല്കിയ 'മലബാർ' എന്നും രണ്ടു വാക്കുകൾ കൂട്ടിച്ചേൎത്താണ് സീറോമലബാർ എന്ന സംജ്ഞ ഉണ്ടായതു്. സെൻറു് തോമസിൻെറ അനുയായികൾ എന്ന നിലയിൽ മാൎത്തോമ്മാക്രിസ്ത്യാനികൾ എന്ന നാമവും ഈ ഗ്രന്ഥത്തിൽ ചിലയിടത്തു് ഉപയോഗിച്ചിട്ടുണ്ടു്.

'Dictionnaire de Theologie Catholique' എന്ന നിഘണ്ടുവിനുവേണ്ടി, ഓസിയയിലെ മെത്രാനും, കൎദ്ദിനാൾസംഘ

ത്തിൻെറ ഡീനും, ഓറിയൻറൽ കോൺഗ്രിഗേഷൻെറ സെക്രട്ടറിയുമായിരുന്ന കട്ടിനാറം തിസ്സരാങ്ങ്, മലബാർസഭയെക്കുറിച്ച് ഫ്രഞ്ചുഭാഷയിൽ എഴുതിയ പണ്ഡിതോചിതമായ പഠനത്തിൻെറ പരിഭാഷയാണ് പ്രകൃതഗ്രന്ഥം.

ഗ്രന്ഥകാരൻെറ അനുവാദത്തോടെ ചില ഭാഗങ്ങറം മാററുകയും മററുചില ഭാഗങ്ങറം കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. മാർത്തോമ്മാശ്ലീഹായെക്കുറിച്ചുള്ള പഠനം, ഈശോസഭക്കാരും മലബാർസഭയുമായുള്ള ബന്ധം, ബിഷപ്പ് ലവീഞ്ഞിൻേറയും ബിഷപ്പ് മെഡലിക്കോട്ടിൻേറയും പ്രവർത്തനം മുതൽ ദേശീയ ഹയരാർക്കി സ്ഥാപനംവരെ, ഇന്ത്യയിലെ യാക്കോബായക്കാരുടെ ചരിത്രം എന്നീ ഭാഗങ്ങളിലാണ് ചില മാററങ്ങളും കൂട്ടിച്ചേർക്കലുകളും നടത്തിയിട്ടുള്ളത്. കൂടാതെ മൂന്നും നാലും അനുബന്ധങ്ങളും ബിബ്ളിയോഗ്രഫിയും കൂട്ടിച്ചേർത്തിട്ടുണ്ട്. ഇവയെല്ലാം വേണ്ടത്ര സമഗ്രമാകുവാൻ ശ്രദ്ധിച്ചിട്ടുണ്ട്.

കൽദായസഭയും മലബാർ ക്രൈസ്തവരും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോറം കട്ടിനാറം തിസ്സറാങ്ങ് മേൽപ്രസ്താവിച്ച ഡിക്ഷണറിയിൽ ചേർത്തിട്ടുള്ള 'Les etablissements nestoriens dans l'Inde' എന്ന ശീർഷകത്തിലുള്ള ലേഖനം മുഴുവൻ ഉപയോഗിച്ചിട്ടുണ്ട്.

സീറോ മലബാർ സഭയെപ്പററിയുള്ള വിശദവും വിശകലനാത്മകവുമായ ഒരു ദീർഘചരിത്രമല്ല ഈ ഗ്രന്ഥം. പ്രത്യുത, സീറോമലബാർ ക്രിസ്ത്യാനികളുടെ സമരങ്ങളും വിജയങ്ങളും പരാജയങ്ങളും ഇന്ത്യയിലെ ക്രൈസ്തവജീവിതത്തിൻെറ വികാസത്തിനും ഭാരതത്തിൻെറ സംസ്കാരികചരിത്രത്തിനും അവർ നല്കിയ സംഭാവനകളും വസ്തുനിഷ്ഠമായി പുനർവിചിന്തനം ചെയ്യുക എന്നതാണ് പ്രകൃതഗ്രന്ഥത്തിൻെറ ലക്ഷ്യം. ഇനിയും ഇതെക്കുറിച്ചു ഉപരിഗവേഷണങ്ങറം അനിവാര്യമാണ്. അവയെല്ലാം കൂടുതൽ നിഷ്കൃഷ്ടതയ്ക്കും വെളിച്ചത്തിനും ഉപകരിക്കും, തീർച്ച.

ഗ്രന്ഥപരിഭാഷയ്ക്ക് അനുവാദം നല്കിയ അത്യുന്നതകട്ടിനാറം തിസ്സരാങ്ങിനു നന്ദി. പ്രത്യേകിച്ചു കൃതജ്ഞത അർഹിക്കുന്നവരാണ് തിരുവല്ലാ മെത്രാനായിരുന്ന മാർ സവേരിയോസ്, ഫാദർ പ്ലാസിഡ് എന്നിവർ. 'Le Fonds National de

la Recherche Scientifique' എന്ന ബൽജിയൻ ശാസ്ത്രസ്ഥാപനത്തിന്റെ ധനസഹായമാണ് കേരളത്തിലെ സന്ദർശനത്തിനും ഗവേഷണത്തിനും എന്നെ സഹായിച്ചതു്. കൂടാതെ പൂനാ ഡി നോബിലി കോളേജിലെ ആർ. കൊറെയ അൽഫോൻസോ, ഡി. ഡയസ്സ്, സി. ഡിബ്രൂ എന്നീ വൈദികർക്കും കർസിയോഗ് സെന്റ് മേരീസ് കോളേജിലെ ഫാദർ എസ്സ്. മാത്യുവിനും കൃതജ്ഞതയർപ്പിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ.

ഇ. ആർ. ഹാംബി എസ്. ജെ.

# ചുരുക്കെഴുത്തുകളുടെ പൂർണ്ണരൂപം

| | |
|---|---|
| *A. A. S.* | Acta Apostolicae Sedis, Rome & Vatican City |
| *A.A.S.S.* | Acta Sanctorum, Ed. Bollandistae, Antwerp, Paris & Brussels |
| *A.B.* | Analecta Bollandiana, Brussels |
| *A.F.H.* | Archivum Franciscanum Historicum, Karachi-Rome |
| *A.F.P.* | Archivum Fratrum Praedicatorm, Rome |
| *A.H.S.I.* | Archivum Historicum Societatis Jesu, Rome |
| *A.O.C.D.* | Archivum Ordinis Carmelitarum Discalceatorum, Rome |
| *An.P.Cat.* | Annuaire Pontifical Catholique, Paris |
| *A.P.F.* | Archivum S. Congregations de Propaganda Fide, Rome |
| *A.R.S.J.* | Archivum Romanum Societatis Jesu, Rome |
| *A.V.* | Archivum Vaticanum, Vatican City |
| *B.I.C.H.S.* | Bulletin of the International Commission of Historical Sciences, London |
| *B.J.R.L.* | Bulletin of the John Ryland's Library, Manchester |
| *B.S.O.S.* | Bulletion of the School of Oriental Studies, London |
| *B.V.* | Bibliotheca Apostolica Vaticana, Vatican City |
| *C.C.O.* | Codificazione Canonica Orientale, Rome & Vatican City |
| *C.M.* | The Clergy Monthly, Kurseong-Ranchi |
| *C.O.V.* | Her Christelijk Oosten en Vereeninging, Amsterdam |
| *C.Q.R.* | The Church Quarterly Review, Madras |
| *C. R.* | The Clergy Review, London |
| *C.S.C.O.* | Corpus Scriptorum Christianorum Orientalium, Louvain & Washington |
| *D.A.C.L.* | Dictionnaire d' Archeologie Chretienne et de Liturgie, Paris |
| *D.B.* | Dictionnaire de la Bible, Paris |
| *D.B.S.* | Dictionnaire de la Bible, Supplement, Paris |
| *D.D.C.* | Dictionnaire de Droit Canonique, Paris |
| *D.H.G.E.* | Dictionnaire d'Histoire et de Georgaphie Ecclesiastique, Paris |

| | |
|---|---|
| *D.T.C.* | Dictionnaire de Theologie Catholique, Paris |
| *E.C.Q.* | Eastern Churches Quarterly, London-Ramsgate |
| *E.O.* | Les Echos d'Orient, Paris |
| *E.R.E.* | Encylopaedia of Religion and Ethics, London |
| *G.C.S.* | Griechische Christliche Schriftstellers, Berlin |
| *I.A.* | Indian Antiquary, Bombay |
| *I.H.Q.* | Indian Historical Quarterly, Calcutta |
| *J.A.* | Journal Asiatique, Paris |
| *J.A.S.B.* | Journal of the Asiatic Society of Bengal, Calcutta |
| *J.B B.R.A.S.* | Journal of the Bombay Branch of the Royal Asiatic Society, Bombay |
| *J.B.H.S.* | Journal of the Bombay Historical Society, Bombay |
| *J.B.O.R.S.* | Journal of the Bihar & Orissa Research Society, Patna |
| *J.I.H.* | Journal of Indian History |
| *J.R.A.S.* | Journal of the Royal Asiatic Society, London |
| *J.T.S.* | Journal of Theological Studies, London |
| *K.S.P.* | Kerala Society Papers, Trivandrum |
| *L.F.T.K.* | Lexicon fur Theologie und Kirche, Freiburg i.B |
| *M.G.H.* | Monumenta Germaniae Historica, Berlin |
| *M.H.S.I.* | Monumenta Historica Societatis Jesu, Rome |
| *M.M S.I.* | Monumenta Missionum Societatis Iesu, Rome |
| *N.Z.M.W.* | Neue Zeitschrift fur Missionswissenschaft, Beckenried |
| *O.C.* | Orientalia Christina, Rome |
| *O.C.A.* | Orientalia Christina Analecta, Rome |
| *O.C.P.* | Orientalia Christiana Periodica, Rome |
| *P.G.* | Migne, *Patrologiae series Graeca*, quoted by volume and column |
| *P.L.* | Migne, *Patrologiae series Latina*, quoted by volume and column |
| *P.O.C.* | Proche- Orient Chretien, Jerusalem |
| *Q.J.M.S.* | Quarterly Journal of the Mythic Society, Bangalore |
| *R.H.E.* | Revue d'Histoire Ecclesiastique, Louvain |
| *R.H.M.* | Revue d'Histoire des Missions, Paris |
| *R.O C.* | Revue de l'Orient Chretien, Paris |
| *Y.M.I.* | Young Man of India, Madras |
| *Z.D.M.G.* | Zeitschrift der deurtsche morgenlander Gesellschaft, Leipzing |
| *Z.K.T.* | Zeitschrift fur katholische Theologie, Innsbruck & Vienna |

**

# ഉപോദ്ഘാതം

ഉദയംപേരൂർ സൂനഹദോസിൽവെച്ച് 1599-ൽ സഭാസംബന്ധമായ പുരാതനരേഖകളെല്ലാം ചുട്ടെരിച്ചുകളഞ്ഞതുകൊണ്ടു് ഇൻഡ്യയുടെ തെക്കുപടിഞ്ഞാറുള്ള സഭയുടെ സമ്പൂർണ്ണചരിത്രം എഴുതുക സുകരമല്ല. എങ്കിലും ചരിത്രത്തിൻെറ പ്രധാന ഭാഗങ്ങാം മിക്കവാറും വിശദമാണു്.

ക്രിസ്ത്വബ്ദത്തിൻെറ ആരംഭഘട്ടത്തിൽ ഇൻഡ്യയും റോമാസാമ്രാജ്യവും തമ്മിലുള്ള സമ്പക്ക്ം എളുപ്പമായിരുന്നു. കച്ചവടബന്ധങ്ങാം നിലവിലിരുന്നു എന്നതിൻെറ പുതിയ തെളിവുകാം കുറച്ചുകൊല്ലങ്ങാംക്കു മുമ്പു് കിഴക്കും പടിഞ്ഞാറും തീരങ്ങളിൽനിന്നു് കണ്ടുകിട്ടിയിട്ടുണ്ടു്. വി. തോമ്മാശ്ലീഹാ ഇൻഡ്യയിൽ സുവിശേഷപ്രചാരം നിവ്വഹിച്ചു എന്ന പാരമ്പര്യം, വളരെയേറെ പ്രദേശങ്ങളിൽ പ്രബലമാണു്. മെസപ്പൊട്ടേമിയൻ രേഖകാം ഇതിനെ സ്ഥിരീകരിക്കുകയും ചെയ്യുന്നു. മലബാറിലെ ക്രൈസ്തവർ ആദ്യം എദേസായിലെ ക്രൈസ്തവകേന്ദ്രങ്ങളുമായും, പിന്നീടു് സെലൂഷ്യാ സെസിഫോണുമായും പല നൂററാണ്ടു കാലത്തേക്കു് സമ്പക്ക്ം പുലത്തിയിരുന്നു എന്നതു വ്യക്തമാണു്.

എത്തിയോപ്പിയായിലെപ്പോലെതന്നെ ഇൻഡ്യയിലും ഒരു പ്രാദേശിക ഹയരാക്കി രൂപംകൊണ്ടില്ല. നമുക്കറിയാവുന്നിടത്തോളം 1500-നോടടുത്തു് പോർത്തുഗീസുകാർ വരുന്നതിനു് മുമ്പു് ഇൻഡ്യൻസഭയ്ക്കു് ദേശീയ മെത്രാന്മാർ ഉണ്ടായിരുന്നില്ല. ഇൻഡ്യയിലെ മെത്രാസനങ്ങാംക്കുവേണ്ടി മെസപ്പൊട്ടേമിയായിലെ സന്യാസാശ്രമങ്ങളിൽനിന്നു് സ്ഥാനാത്ഥികളെ തെരഞ്ഞെടുക്കുന്നതിനു നിയുക്തമായിരുന്ന ഒരു ദൗത്യസംഘം, പോർട്ടുഗീസുകാരുടെ ആഗമനത്തിനു് ഇരുപതു വഷങ്ങാംക്കു മുമ്പു് നടത്തിയ ഒരു സന്ദശ്നത്തെക്കുറിച്ചു് ഭാഗ്യവശാൽ നമുക്കു് രേഖ ലഭിച്ചിട്ടുണ്ടു്.

എന്നാൽ, എത്തിയോപ്പിയായിലെ സാഹചര്യങ്ങളല്ല ഇൻഡ്യയിൽ നിലവിലിരുന്നതു്. ആസ്ഥം മെത്രാസനത്തിനു്

മാത്രമായി ഒരു കോപ്ററിക് സന്യാസിയെ മെത്രാൻ പട്ടംകൊടുത്തു് അലക്സാണ്ഡ്രിയായിലെ പാത്രിയാർക്കീസ് അയച്ചിരുന്നു. എന്നാൽ, ആ മെത്രാനു നാട്ടുമെത്രാന്മാരെ അഭിഷേചിക്കാൻ അധികാരം നല്കിയിരുന്നില്ല. വിദേശിയനായ ഈ മെത്രാപ്പോലിത്താസ്സു് കോപ്ററിക്ക്, അറബി എന്നീ ഭാഷകളല്ലാതെ എത്തിയോപ്പിയായിലെ തിരുക്കർമ്മഭാഷയായ ഗീസോ, അവിടത്തെ പ്രാദേശിക ഭാഷകളോ വശമില്ലാതിരുന്നതിനാൽ ജനങ്ങളുമായി ഇടപഴകാൻ കഴിഞ്ഞില്ല. ഇക്കാരണത്താൽ എത്തിയോപ്പിയായിലെ കോപ്ററിക് മെത്രാപ്പോലീത്തമാരിൽ ചുരുക്കം ചിലക്കു മാത്രമെ തങ്ങളുടെ ഭരണത്തിലുള്ള സഭയുടെ മേൽഗണ്യമായ സ്വാധീനശക്തി ഉണ്ടായിരുന്നുള്ളു. ഗീസു് ഭാഷയിലേക്കു് തജ്ജമ ചെയ്യപ്പെട്ട ഗ്രന്ഥങ്ങളിൽ ഏറിയകൂറും ഗ്രീക്കിൽനിന്നു നേരിട്ടുള്ള വിവത്തനമായിരുന്നു. ബാക്കിയുള്ളവ അറബിയിൽനിന്നു വിവത്തനം ചെയ്യപ്പെട്ടിരുന്ന ഗ്രന്ഥങ്ങളായിരുന്നു. കോപ്ററിക് പുസ്തകങ്ങളിൽനിന്നും തർജ്ജമ ചെയ്യപ്പെട്ടവ വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളൂ.

തെക്കെ ഇൻഡ്യയിലെ സ്ഥിതി തുലോം വിഭിന്നമായിരുന്നു. അന്തിയോക്യാസ്സു കിഴക്കു് സുവിശേഷപ്രസംഗത്തിനു് ഉപയോഗിച്ച ഭാഷയെന്ന നിലയിൽ തങ്ങളുടെ ആരാധനക്രമത്തിലും സംസ്കാരത്തിലും സുറിയാനിഭാഷ അലിഞ്ഞുചേരുവാൻ മാർതോമ്മാ ക്രിസ്ത്യാനികരം അനുവദിച്ചിരുന്നു. സാധാരണ ഇടവക വൈദികർപോലും സുറിയാനി പഠിക്കേണ്ടിയിരുന്നു. മെസപ്പൊട്ടേമിയായിൽനിന്നും ഇൻഡ്യയിലേക്കു വന്ന മെത്രാന്മാക്കു തങ്ങളുടെ വൈദികരുമായി ഇടപഴകാൻ ബുദ്ധിമുട്ടുണ്ടായില്ല. മാത്രമല്ല, ടിമൂർലംങ്ങിലെ കൊള്ളക്കാർ മെസപ്പൊട്ടേമിയയിലെ പള്ളികളും ആശ്രമങ്ങളും ഗ്രന്ഥാലയങ്ങളും 1401-ൽ നശിപ്പിച്ചതുവരെ പ്രശസ്തമായൊരു സംസ്കാരിക പാരമ്പര്യവും അവക്കുണ്ടായിരുന്നു.

വിശാലമായൊരു മതത്തിൻെറ അനുയായികളും തത്വചിന്തയിൽ തിഷ്ണാതരുമായ ഹൈന്ദവരുടെ മദ്ധ്യത്തിലാണു് ഇൻഡ്യയിലെ ക്രിസ്ത്യാനികരം ജീവിച്ചിരുന്നതു്. അതുകൊണ്ടു് വിശ്വാസം രക്ഷിക്കുന്നതിനുവേണ്ടി വീറോടെ യത്നിക്കുവാൻ ക്രൈസ്തവർ നിബ്ബന്ധിതരായിരുന്നു. അതിനാവശ്യമായ വാദ

മുഖങ്ങൾ സുറിയാനിസാഹിത്യത്തിൽനിന്നു് അവക്കു ലഭിച്ചിരുന്നു. നാലാം നൂററാണ്ടു മുതൽതന്നെ ക്രൈസ്തവവും ക്രൈസ്തവേതരവുമായ യവന സാഹിത്യഗ്രന്ഥങ്ങൾ സുറിയാനിയിലേക്കു ധാരാളമായി തർജ്ജമ ചെയ്യപ്പെട്ടു തുടങ്ങിയിരുന്നു. മെസപ്പൊട്ടേമിയായിൽ ആദ്യത്തെ അബ്ബാസിത് കാലിഫ്മാരുടെ കാലത്തു് സുറിയാനി പുസ്തകങ്ങൾക്കു പകരം ,അറബി നടപ്പിലാക്കിയതോടുകൂടി അന്നുവരെ ഗ്രീക്കു വിജ്ഞാനവുമായി അവക്കുണ്ടായിരുന്ന അഗാധമായ പ്രാവീണ്യം നഷ്ടപ്രായമായി. അക്കാലത്തെ അനേകം ക്രൈസ്തവ പണ്ഡിതന്മാരെ നമുക്കറിവുണ്ടു്. അക്കൂട്ടത്തിൽ ഒരാളാണു് കാതോലിക്കോസ് തിമോത്തി ഒന്നാമൻ. അദ്ദേഹം തൻെറ അധികാര സീമയിലായിരുന്ന വിദൂരമായ ഇൻഡ്യയിലെയും ടിബററിലേയും ചൈനയിലേയും മെത്രാസനങ്ങൾക്കുവേണ്ടി ഏററം യോഗ്യരായ മെത്രാപ്പോലീത്തമാരെയും മെത്രാന്മാരെയും തെരഞ്ഞെടുക്കുന്നതിനു് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മാർത്തോമ്മക്രിസ്ത്യാനികളിൽ പണ്ഡിതന്മാർ വിരളമായിരുന്നില്ല. ഹൈന്ദവരുടെ ഇടയിൽ അവക്കു സമുന്നതമായ സ്ഥാനമാണുണ്ടായിരുന്നതു്. സാമൂഹ്യമായ പല പ്രത്യേകാവകാശങ്ങളും അവക്കു ലഭിച്ചിരുന്നു. അവയിൽ പലതും ഇന്നും നിലനില്ക്കുന്നുണ്ടു്. വിജ്ഞാനം സമ്പാദിക്കുന്നതിനുവേണ്ടി സീറോമലബാർ സഭയിലെ വൈദികരും അൽമായരും ഇക്കാലത്തു പ്രകടിപ്പിക്കുന്ന അഭിനിവേശം അവരുടെ പൗരാണികപാരമ്പര്യത്തിനു യോജിച്ചതാണു്.

മലബാർ ക്രിസ്ത്യാനികൾക്കു് മെസപ്പൊട്ടേമിയൻ ക്രിസ്ത്യാനികളുമായി മാത്രമേ നേരിട്ടുള്ള ബന്ധം പുലത്തുവാൻ കഴിഞ്ഞിരുന്നുള്ളൂ. അവരാകട്ടെ ഏറെത്താമസിക്കാതെ റോമൻ സാമ്രാജ്യവും സസാനിയൻ സാമ്രാജ്യവും തമ്മിലുള്ള യുദ്ധങ്ങൾ കാരണം റോമായും പൗരസ്ത്യപാത്രിയാക്കീസുമായുണ്ടായിരുന്ന ബന്ധത്തിൽ നിന്നു വിച്ഛേദിക്കപ്പെട്ടു. കൂടാതെ കഠിനമായ പീഡനങ്ങളെ ചെറുത്തുനിന്നതിനുശേഷം പെർഷ്യൻ ഭരണസീമയിൽപ്പെട്ട ക്രിസ്ത്യാനികൾ ഒരു പ്രത്യേക വിഭാഗമായിത്തീൎന്നു. നിസിബിസിലെ പ്രസിദ്ധമായ പേർഷ്യൻ വിദ്യാലയംവഴി അവർ നെസ്തോറിയൻ സ്വാധീനവലയത്തിൽ അകപ്പെട്ടു. മാത്രമല്ല, ആ പ്രദേശങ്ങളിലെ ക്രിസ്ത്യാനികൾ പാശ്ചാത്യ സഭയിലും ബൈസെൻറിയൻ സഭയിലും പില്ക്കാല

ത്തുണ്ടായ ദൈവശാസ്ത്ര പുരോഗതിയിൽ ഭാഗഭാക്കായതുമില്ല. അതുമൂലം ഇന്ത്യൻ ക്രിസ്ത്യാനികളുടെ പ്രധാന ഗ്രന്ഥകർത്താക്കൾ മൊപ്സ്വെസ്റ്റ്യായിലെ തിയദോറും അദ്ദേഹത്തിൻെറ പൗരസ്ത്യ അനുഗാമികളും ആയിത്തീൎന്നു. അവരുടെ ഗ്രന്ഥങ്ങൾ ഉൽകൃഷ്ടവും സമ്പന്നവുമായിരുന്നു. സ്വന്തം കുററത്താലല്ല മേൽപ്പറഞ്ഞ ഗ്രന്ഥകർത്താക്കൾ നെസ്തോറിയരായിത്തീൎന്നതെന്നതും ശരിയാണ്. എങ്കിലും അതു ഇന്ത്യൻ ക്രിസ്ത്യാനികൾക്ക് അപകടകരമായിരുന്നു എന്നതാണു വസ്തുത. കാരണം, പരിശുദ്ധ സിംഹാസനവുമായുള്ള സമ്പർക്കത്തിൽ നിന്നു മററുള്ളവൎക്കു ലഭിച്ചതുപോലുള്ള സഹായം അവർക്കു ലഭിക്കാനിടയായില്ല. മംഗോളിയരുടെ ആക്രമണംമൂലം മെസപ്പൊട്ടേമിയൻ ക്രിസ്ത്യാനികൾ വളരെ വലിയ നഷ്ടം അനുഭവിച്ചതുകൊണ്ട് അതു മലബാറിലെ ക്രിസ്ത്യാനികളേയും പ്രതികൂലമായി ബാധിച്ചു. തൽഫലമായി പിന്നിട്ട് ഒരു നൂററാണ്ടിനുശേഷം പോൎത്തുഗീസുകാർ വന്നപ്പോൾ മലബാർ ക്രിസ്ത്യാനികൾ ആദ്ധ്യാത്മികമായി പിന്നോക്കം പോയിരുന്നു. ഇതു മനസ്സിലാക്കിയ മിഷനറിമാർ അവർക്കുവേണ്ടി സ്കൂളുകളും സെമ്മിനാരികളും നിൎമ്മിച്ചു. അതുവഴി കൂടുതൽ വിദ്യാസമ്പന്നരായ വൈദിക സമൂഹം ഉണ്ടായി.

നിർഭാഗ്യവശാൽ വിവിധ റീത്തുകളെക്കുറിച്ച് അറിവില്ലാതിരുന്നതിനാലും നാട്ടുകാരായ ക്രിസ്ത്യാനികളുടെ പരമ്പരാഗതമായ ആരാധനക്രമത്തെ ആദരിക്കേണ്ടതിൻെറ അവശ്യകത ഗ്രഹിക്കാതിരുന്നതിനാലും നാട്ടുമെത്രാന്മാരെ വാഴിക്കുവാൻ പോർട്ടുഗീസ് മെത്രാന്മാരും മിഷനറിമാരും തീരെ ശ്രദ്ധിച്ചില്ല. മൗണ്ട് ലബനാനിലെ മാറോനീത്താക്കാരുടെ കാര്യത്തിൽ പരിശുദ്ധസിംഹാസനം വളരെക്കാലംമുമ്പുതന്നെ അനുവർത്തിച്ച നയത്തിനനുസാരം ഇന്ത്യൻക്രിസ്ത്യാനികൾക്ക് സ്വജാതിമെത്രാന്മാരെ നല്കാൻ പോൎത്തുഗീസുകാർ തയ്യാറാകാതിരുന്നതു നിർഭാഗ്യകരമാണ്. മിഷനറിമാർ വന്നു ഒന്നര നൂററാണ്ട് കഴിഞ്ഞപ്പോൾ കത്തോലിക്കാസമുദായത്തിലെ ഒരു വിഭാഗം തികച്ചും നാടകീയമായ സാഹചര്യങ്ങളിൽ തങ്ങളിനി ഒരിക്കലും വൈദേശികമെത്രാന്മാരെ അനുസരിക്കുകയില്ലെന്നു പ്രതിജ്ഞ ചെയ്തു. അങ്ങനെയാണല്ലോ യാക്കോബായ പ്രസ്ഥാനം കേരളത്തിൽ ആരംഭിച്ചതു്.

പാശ്ചാത്യമിഷനറിമാർ ഭാരതമണ്ണിൽ കാലുകുത്തി മൂന്നു

നൂററാണ്ടു കഴിഞ്ഞപ്പോഠം മാത്രമേ പതിമൂന്നാം ലയോൺ മാപ്പാപ്പയിൽനിന്നു് ഭാരതത്തിനു സ്വന്തമായ മെത്രാസനം അനുവദിച്ചുകിട്ടിയുള്ളു. കുറെ മാസങ്ങഠംക്കുശേഷം സീറോ മലബാർകാക്കു് സ്വന്തമായ ഹയരാക്കിക്കു് ആരംഭമിട്ടു. ഓറിയന്താലിയും ദിഞ്ഞിത്താസു് എന്ന ചാക്രികലേഖനത്തിൻെറ കത്താവായ ലെയോൺ മാപ്പാപ്പ ആദ്യത്തെ രണ്ടു സീറോ മലബാർ രൂപതകഠം രൂപീകരിച്ചുകൊണ്ടു് സ്വീകരിച്ച നയം എത്ര ശരിയായിരുന്നെന്നു് ഇന്നത്തെ സ്ഥിതിവിവരകണക്കുകഠം നോക്കുമ്പോഠം മനസ്സിലാകും. യുക്തിപൂർവ്വം ചിന്തിച്ചാൽ സമ്പൂർണ്ണ സുറിയാനി ഹയരാക്കിയുടെ രൂപീകരണത്തോടുകൂടി യാക്കോബായക്കാർ കത്തോലിക്കാവിശ്വാസത്തിലേക്കു് മടങ്ങിവരേണ്ടതായിരുന്നു. കാരണം, വിദേശമെത്രാന്മാരെ അനുസരിക്കുകയില്ലായെന്നു പറഞ്ഞാണല്ലോ അവർ അകന്നുപോയതു്.

സീറോ മലബാർ സഭ അതിവേഗം വളന്നു് ഇപ്പോഠം വളരെ അധികം സന്യാസവൈദികരും, ഇടവക പട്ടക്കാരും, അനവധി അംഗങ്ങളുള്ള സന്യാസിനീസമൂഹങ്ങളും, വിവിധ രംഗങ്ങളിൽ പ്രവത്തിക്കുന്ന അനേകം പ്രശസ്ത സ്ഥാപനങ്ങളും ഉണ്ടു്. കൂടാതെ ഇൻഡ്യയിൽ അങ്ങോളമിങ്ങോളം ലത്തീൻ റീത്തിൽ സേവനമനുഷ്ഠിക്കുന്ന നൂറുകണക്കിനു സുറിയാനിക്കാരായ മിഷനറിവൈദികരും സഭയുടെ പ്രേഷിതചൈതന്യത്തെ വിളിച്ചറിയിക്കുന്നു. ഇൻഡ്യയിൽ ലത്തീൻറീത്തിൽപെട്ട സന്യാസസഭകളും സന്യാസിനീസഭകളും അവരുടെ സഭകളിലേക്കു് അംഗങ്ങളെ ചേക്കുന്നതു് അധികപങ്കും സുറിയാനി സമൂഹത്തിൽനിന്നാണു്. അനേകം വിഷമഘട്ടങ്ങഠം തരണം ചെയ്തും തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിന്ന സീറോമലബാർ ക്രിസ്ത്യാനികളെക്കുറിച്ചു് എനിക്കു് ആശ്ചര്യവും അഭിമാനവുമാണുള്ളതു്. 1953 നവമ്പർ-ഡിസമ്പർ മാസങ്ങളിൽ ഞാൻ കേരളത്തിൽ നടത്തിയ സന്ദർശനം എൻെറ മതിപ്പു് പതിന്മടങ്ങു് വദ്ധിപ്പിച്ചു. ഈ ഗ്രന്ഥം സുറിയാനി ക്രിസ്ത്യാനികഠംക്കു് തങ്ങളുടെ പൂർവ്വികന്മാരോടുള്ള നന്ദി സജീവമായി നിലനിറുത്തുന്നതിനും, അതുപോലെ നമ്മുടെ പൊതുവായ ക്രൈസ്തവ പൈതൃകം സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും പ്രചോദനം നൽകുമെന്നു് ഞാൻ പ്രത്യാശിക്കുന്നു.

എവുജിൻ കാർഡിനൽ തിസ്സരാങ്ങു്

# ചിത്രങ്ങൾ


| | | Page |
|---|---|---|
| 1. | മുട്ടചിറ പള്ളി അംത്താരയിലെ പിച്ചളകൊണ്ടുള്ള കുരിശ് (പോർത്തുഗീസുകാരുടെ ആഗമനത്തിനു മുമ്പുള്ളതു്) | 16 |
| 2. | മൈലാപ്പൂരിലെ സെൻറ് തോമസിൻെറ ശവകുടീരം | 17 |
| 3. | കടമ്പനാട്ട് പള്ളിയുടെ ഹൈന്ദവക്ഷേത്രമാതൃകയിലുള്ള മുൻഭാഗം | 32 |
| 4. | മൈലക്കൊമ്പ് പഴയ പള്ളിയിലുണ്ടായിരുന്ന വിഗ്രഹം | 33 |
| 5. | കാഞ്ഞൂർ പള്ളിയിലെ പ്രധാന ബലിപീഠം (പതിനെട്ടാംനൂററാണ്ടിലേതു്) | 80 |
| 6. | കടുത്തുരുത്തി പള്ളിയിലെ പുരാതന മാമ്മോദീസാത്തൊട്ടി (പോർത്തുഗീസുകാരുടെ ആഗമനത്തിനു മുമ്പുള്ളതു്) | 81 |
| 7. | കാഞ്ഞൂർ പള്ളിക്കു് കൊച്ചി രാജാവായ ശക്തൻ തമ്പുരാൻ സമ്മാനിച്ച നിലവിളക്കു് | 81 |
| 8. | കോട്ടയം വലിയങ്ങാടി ഓർത്തഡോക്സ് പള്ളിയിലെ രണ്ടു വശത്തെ ചെറിയ അംത്താരകളിലെ പേർഷ്യൻ കുരിശുകൾ | 96 |
| 9. | കടുത്തുരുത്തിയിലെ കരിങ്കൽ കുരിശു് (16-ാം നൂററാണ്ടു്) | 97 |
| 10. | അത്യുന്നതകർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ | 144 |
| 11. | ഉദയംപേരൂർ സൂനഹദോസ് പള്ളിമുററത്തെ കരിങ്കൽക്കുരിശു് | 145 |

ഒന്നു്

# പ്രാരംഭം

തിരുവിതാംകൂർ—കൊച്ചിസംസ്ഥാനവും അതോടു ചേൎന്നു കിടക്കുന്ന മദ്രാസ് സംസ്ഥാനത്തിൻെറ ഒരു ഭാഗവും ഉൾപ്പെടെ തെക്കെ ഇൻഡ്യയിൽ മലയാളഭാഷ സംസാരിക്കുന്ന ജനങ്ങൾ അധിവസിക്കുന്ന പ്രദേശമാണു ചരിത്രത്തിൽ മലബാർ എന്ന പേരിൽ അറിയപ്പെടുന്നതു്. ഭൂമിശാസ്ത്രപരമായി, പോർത്തുഗീസുകാരുടെ ആഗമനത്തോടുകൂടെ പശ്ചിമഘട്ടത്തിനു കിഴക്കുവശം ബോംബെ മുതൽ കന്യാകുമാരി വരെയുള്ള തീരപ്രദേശത്തിനു മലബാർ തീരം എന്നു പറഞ്ഞുവന്നിരുന്നു. ഇൻഡ്യൻ സംസ്ഥാനങ്ങളുടെ പുനഃസംവിധാനത്തിനുമുമ്പ് ഇന്നത്തെ കേരളസംസ്ഥാനത്തിൻെറ വടക്കേ അററത്തുള്ള ഡിസ്ട്രിക്ററുകളെ ഉദ്ദേശിച്ചു് ഈ പേരു് ഉപയോഗിച്ചിരുന്നു. ഇന്നു്, കേരള സംസ്ഥാനത്തിനു് ഒരു പര്യായമായും മലബാർ എന്ന പദം ഉപയോഗിക്കാറുണ്ടു്.

പതിനാറാം നൂററാണ്ടുമുതൽ പതിനെട്ടാം നൂററാണ്ടുവരെ തെക്കെ ഇൻഡ്യയിൽ പശ്ചിമഘട്ടത്തിനും പൂൎവ്വഘട്ടത്തിനും ഇടയ്ക്കുള്ള ഭാരതീയരെ യൂറോപ്യന്മാർ, മലബാർകാർ എന്നു നാമകരണം ചെയ്തിരുന്നു. എന്നാൽ കേരളീയർ തങ്ങളെ തന്നെ വിശേഷിപ്പിച്ചിരുന്നതു മലയാളികൾ എന്നാണു്. ഇപ്പോഴും അങ്ങനെ തന്നെ. ദ്രാവിഡവൎഗ്ഗത്തിൽപ്പെട്ട ഒരു ഭാഷയാണു മലയാളം.

സീറോമലബാർ സഭയിൽപ്പെട്ട ക്രിസ്ത്യാനികൾ മാർ തോമാക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെടുന്നു. അവരുടെ സഭാഭരണാധികാരവും റീത്തും മൂലം ആദ്യമിഷനറിമാർ അവരെ പൂൎവ്വസുറിയാനിക്കാർ അഥവാ കൽദായക്കാർ എന്നാണു വിളിച്ചുവന്നതു്. ഇരുപതാം നൂററാണ്ടിൻെറ ആരം

ഭംവരെ അവരെ "സിറിയൻസ്" അതായതു സുറിയാനി ക്കാർ എന്ന സഭാരേഖകളിൽ വിശേഷിപ്പിച്ചിരുന്നു. അതി നാൽ ആദ്യത്തെ ഇരുപതു നൂററാണ്ടുകളിൽ "അണുവാറിയ പൊൻറിഫിക്കൽ കത്തോലിക്കേയിൽ'[1] സിറിയൻ—സുറി യൻ എന്നുപയോഗിച്ചിരുന്നു.

## ഭാരതവും വിശുദ്ധ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനവും

ഇൻഡ്യയിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഉത്ഭവം വിശുദ്ധ തോമ്മാശ്ലീഹായുടെ ഇൻഡ്യൻ പ്രേഷിത പ്രവർത്തന വുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പുരാതനരേഖ കളും പ്രാദേശിക പാരമ്പര്യവും വി. തോമ്മാശ്ലീഹാ ഇൻഡ്യ യിൽ സുവിശേഷം പ്രസംഗിച്ചു എന്നതിനു സാക്ഷ്യം നല്കു ന്നുണ്ട്.

"യൂദാസ്—തോമസിൻെറ നടപടികൾ"[2] എന്ന ഗ്രന്ഥം രണ്ടാം നൂററാണ്ടിൻെറ അന്തിമഘട്ടത്തിലോ മൂന്നാം നൂററാണ്ടി ൻെറ ആരംഭത്തിലോ എഴുതപ്പെട്ടതാണ്. മെസപ്പൊട്ടേമിയാ യുടെ സംസ്കാരിക പശ്ചാത്തലത്തിൽ മിക്കവാറും എദേസ്സാ യിൽവച്ച് എഴുതപ്പെട്ട ഈ ഗ്രന്ഥത്തിൻെറ കർത്താവ് ഒരു സുറിയാനിക്കാരനാണ്. ഇരട്ട എന്നർത്ഥമുള്ള 'തോമോ' എന്ന പദത്തിൽ നിന്നുത്ഭവിച്ച പേരാണു തോമസ് എന്നു ഗ്രഹിച്ച ഗ്രന്ഥകാരൻ യൂദാസ് എന്ന യഥാർത്ഥ നാമം വി. അപ്പസ്തോല നെപ്പററി പ്രയോഗിച്ചിരിക്കുന്നു. സുവിശേഷങ്ങളുടെ പഴയ സുറിയാനി പരിഭാഷകൾ അനുസരിച്ചു യൂദാസ് എന്നതു ദീദി മൂസ് തോമസിൻെറ പേരായിരുന്നു. ഇതിൽനിന്ന് ഒരു നി ഗമനം സ്വീകരിക്കാം. ഈ ഗ്രന്ഥം എഴുതപ്പെട്ടകാലത്തു പ്ശീത്താ പരിഭാഷ പ്രചാരത്തിൽ വന്നിരുന്നില്ല. യൂദാസ് തോമസിൻെറ നടപടികൾ ബർദേസാനെസ് രചിച്ചതാണെന്നു മറെറാരഭിപ്രായമുണ്ട്.

നടപടിയിൽ പറയുന്നതനുസരിച്ച് വി. തോമസ് അപ്പ സ്തോലൻ ഗൊണ്ടഫെരെസിൻെറ അഥവാ ഗുണ്ടഫറസിൻെറ നാട്ടിൽ സുവിശേഷം പ്രസംഗിച്ചു. ഏ. ഡി. ഒന്നാം നൂററാ ണ്ടിൻെറ ഉത്തരാർദ്ധത്തിൽ അഫ്ഗാനിസ്ഥാനും പഞ്ചാബും ഭരിച്ചിരുന്ന ഒരു പാർത്ഥ്യൻ രാജാവായിരുന്നു ഗുണ്ടഫറസ്. പത്തൊമ്പതാം നൂററാണ്ടിലെ പണ്ഡിതന്മാർ മിക്കവരും "നട പടികൾ" എന്തെങ്കിലും ചരിത്രപരമായ വില കല്പിക്കാൻ മടി ച്ചിരുന്നു. അതിൽ വളരെയേറെ സങ്കല്പവിവരങ്ങൾ ഉണ്ടെന്ന കാര്യം ആരും നിഷേധിക്കവയ്യ.[3] എന്നാൽ ഈ രേഖയിലെ കഥ മൂന്നാം നൂററാണ്ടിലെ ഒരു ഗ്രന്ഥകാരൻ കെട്ടിച്ചമയ്ക്കുക അത്ര

സ്വാഭാവികമല്ലെന്നു് അടുത്തകാലത്തു് പലരും ചൂണ്ടിക്കാണി ക്കുന്നുണ്ടു്. ചരിത്ര പുരുഷനായ ഒരു ഭരണാധിപന്റെ നാമം വിദൂരസ്ഥങ്ങളായ ഒരു രാജ്യത്തു അവികലമായി സൂക്ഷി ക്കപ്പെടുന്നതു് പരിഗണനാർഹമാണു്. അതിലുപരി ഈ നാമം ഇൻഡ്യയിലെ ചരിത്രഗ്രന്ഥങ്ങളിലോ ഐതിഹ്യങ്ങളിലോ പ്രത്യക്ഷപ്പെടുന്നില്ല എന്നതും 19–ാംനൂററാണ്ടിൽ കണ്ടെടുത്ത ചിലനാണയങ്ങളിലും ഗാന്ധാരയിലെ ഒരു പുരാതന രേഖ യിലും അദ്ദേഹത്തിന്റെ നാമം പ്രത്യക്ഷപ്പെടുന്നു എന്നതും സ്മരണീയമാണു്.

വളരെയേറെ പ്രമാണരേഖകൾ ഉദ്ധരിച്ചുകൊണ്ടു് മോൺ. A. E. മെഡ്ലിക്കോട്ടു്[4] 1905–ൽ പ്രസിദ്ധപ്പെടുത്തിയ പുസ്ത കവും ഫാ. ദൽമാൻ S. J. യുടെ പ്രബന്ധവും[5] (1912) ജെ. എൻ. ഫർക്കാറിന്റെ ലേഖനങ്ങളും[6] (1926) വിമർശകരുടെ സംശ യം ദൂരീകരിക്കാൻ ഫലപ്രദമായി സഹായിച്ചിട്ടുണ്ടു്. സിന്ധു സമതലത്തിൽ വാണിരുന്ന ഒരു പാത്ഥ്യൻ രാജകുമാരന്റെ അരമനയിൽ വി. തോമസ് സുവിശേഷം പ്രസംഗിച്ചു എന്ന പാരമ്പര്യത്തിനു ഉപോൽബലകമായി നിരവധി പുരാണസാ ക്ഷ്യങ്ങൾ ഉള്ളതുകൊണ്ടു്, പാത്ഥ്യയാണോ ഇൻഡ്യയാണോ സെൻറു് തോമസ്സിന്റെ പ്രേഷിതമണ്ഡലം എന്നു് ഗ്രന്ഥകാ രന്മാരുടെ ഇടയിലുള്ള സംശയത്തിനു് പഴുതടയ്ക്കുന്നു. പ്രത്യ ക്ഷത്തിൽ "നടപടി"യെ (എദേസ്യൻ പാരമ്പര്യം) അവലംബ മാക്കിയുള്ള സാക്ഷ്യങ്ങളാണു് കൂടുതലുള്ളതു്[7]. മററു പുരാതന സാക്ഷ്യങ്ങൾ അലക്സാന്ത്രിയായിൽ[8] ഉത്ഭവിച്ചതായി കരു തണം. 13–ാംനൂററാണ്ടിൽ വിരചിതമായ "ദി ബുക്കു് ഓഫു് ബീ" എന്ന പുസ്തകത്തിന്റെ കർത്താവായ നെസ്തോറിയനായി രുന്ന സോളമൻ ബസ്രാ മെസപ്പൊട്ടേമിയായിലെയും ഇൻഡ്യ യിലെയും ഈ പാരമ്പര്യങ്ങളെപ്പററി അറിഞ്ഞിരുന്നു. ഈ രണ്ടു പാരമ്പര്യങ്ങളേയും അനുരഞ്ജിപ്പിച്ചുകൊണ്ടാണു് അദ്ദേഹം തോമ്മാശ്ലീഹായെപ്പററിയുള്ളകഥ പറയുന്നതു്. യൂദായുടെ ഗോത്ര ത്തിൽനിന്നുള്ള ജറൂസലേംകാരനായിരുന്നു തോമ്മാ. പാത്ഥ്യാ ക്കാരുടേയും മേദിയരുടേയും ഇൻഡ്യാക്കാരുടേയും ഇടയിൽ അദ്ദേഹം സുവിശേഷഘോഷണം നടത്തി; ഇൻഡ്യാക്കാരുടെ രാജാവിന്റെ പുത്രിയെ മാനസാന്തരപ്പെടുത്തിയതിനാൽ അദ്ദേഹം വാളാൽ വധിക്കപ്പെട്ടു. ഹാബാൻ എന്ന വ്യാപാരി അദ്ദേഹത്തിന്റെ മൃതദേഹം കൊണ്ടുവന്നു് നമ്മുടെ കർത്താവായ ഈശോയാൽ അനുഗ്രഹീതമായ എദേസാ പട്ടണത്തിൽ സ്ഥാ പിച്ചു. ചിലർ പറയുന്നു അദ്ദേഹം ഇൻഡ്യയിലെ പട്ടണമായ മാലുഫിൽ (Mahluph)[9] സംസ്ക്കരിക്കപ്പെട്ടുവെന്നു്.

ഇൻഡ്യയുടെ വടക്കു പടിഞ്ഞാറേ അതിർത്തിയിൽ തോമ്മാ ശ്ലീഹാ സുവിശേഷം പ്രസംഗിച്ചു എന്നുള്ള ഈ ലിഖിത പാരമ്പ

ര്യത്തിനു പുറമെ, തെക്കേ ഇൻഡ്യയിൽ ദ്രാവിഡന്മാരുടെ ഇടയിൽ അദ്ദേഹം പ്രേഷിതപ്രവൎത്തനം നടത്തി എന്നതിനു് പ്രബലമായ ഒരു ദേശീയ പാരമ്പര്യമുണ്ട്. നടപടിയിൽ സൂചിപ്പിക്കപ്പെടുന്നപോലെ ഉത്തരേൻഡ്യയിൽ സെൻറ് തോമസ് സുവിശേഷം പ്രസംഗിച്ചു എന്നതു തെളിയിക്കുന്ന പുരാതന ക്രൈസ്തവ ലക്ഷ്യങ്ങളൊന്നും ഇന്നുവരെ ലഭിച്ചിട്ടില്ല. നേരെ മറിച്ച്, തെക്കേഇന്ത്യയിൽ ഒരു വലിയ ക്രിസ്ത്യൻ സമൂഹം സ്ഥിതിചെയ്യുന്നു എന്ന വസ്തുതയും, പാലയൂർ, ആർത്താററ്, നിലമ്പേരൂർ എന്നിവിടങ്ങളിൽനിന്നു ലഭിച്ചിട്ടുള്ള തെളിവുകളും[10] മൈലാപ്പൂരിൽ വിശുദ്ധൻെറ രക്തസാക്ഷിത്വസ്ഥലമായി വണങ്ങപ്പെടുന്ന തീൎത്ഥാടനകേന്ദ്രവും എല്ലാം മലബാറിലെ പാരമ്പര്യം വിശ്വസനീയമാണെന്നതിൻെറ സുശക്തമായ സാക്ഷ്യങ്ങളാണ്.

റോമാക്കാക്ക് ഉത്തരേൻഡ്യയുമായി ഉണ്ടായിരുന്നിടത്തോളമോ അതിൽ കൂടുതലോ ആയ വ്യാപാരബന്ധം യഥാൎത്ഥത്തിൽ തെക്കെ ഇൻഡ്യയുമായി, പ്രത്യേകിച്ച് കുരുമുളകു വിളയുന്ന നാടുമായി ഉണ്ടായിരുന്നു. തെക്കെ ഇൻഡ്യയിൽ വിവിധ സ്ഥലങ്ങളിൽനിന്നു കണ്ടെടുത്ത റോമൻ നാണയങ്ങളും അടുത്ത കാലത്തുണ്ടായ ഇതര കണ്ടുപിടുത്തങ്ങളും ഇൻഡ്യയുടെ തെക്കേ തീരപ്രദേശങ്ങളുമായി റോമിനു വ്യാപാരബന്ധമുണ്ടായിരുന്നു എന്നതിനു ധാരാളം തെളിവു നല്കുന്നുണ്ട്. ഈ കച്ചവടബന്ധം കിഴക്കേ[11] തീരങ്ങളുമായിപോലും റോമിനുണ്ടായിരുന്നു.

ഇത്രയും തൻെറ പ്രബന്ധത്തിൽ സമ്മതിക്കുന്ന ഫാ. ദാൽമാൻ (Dhalmann) വി. തോമ്മാശ്ലീഹായുടെ മലബാർ പ്രേഷിതത്വം ഒരു ചരിത്ര വസ്തുതയായി സ്വീകരിക്കാൻ സന്നദ്ധനായിരിക്കുമെന്നേ ആരും കരുതൂ. എന്നാൽ വിശുദ്ധൻെറ പ്രേഷിതപ്രവൎത്തനം പഞ്ചാബിൻെറ അതിൎത്തിവിട്ടു തെക്കോട്ടു കടന്നില്ല എന്ന അഭിപ്രായത്തിനാണ് അദ്ദേഹം മുൻഗണന നല്കുക. സാപ്പോർ ദ്വിതീയൻെറ മതമൎദ്ദനകാലത്തു് മെസപ്പൊട്ടേമിയായിൽനിന്നു് തെക്കെ ഇൻഡ്യയിൽ കുടിയേറിയ ക്രിസ്ത്യാനികൾ "നടപടി"യെ അടിസ്ഥാനപ്പെടുത്തി എദേസായിൽ നിലവിലിരുന്ന പാരമ്പര്യം മിക്കവാറും ഇവിടെയും പ്രചരിപ്പിച്ചു എന്നു് അദ്ദേഹം വിചാരിക്കുന്നു; അതിൽനിന്നാകാം ഈ പാരമ്പര്യം ഉത്ഭവിച്ചതെന്നു് അദ്ദേഹം കരുതുന്നു.[12]

എന്നാൽ മോൺസിഞ്ഞോർ മെഡ്ലിക്കോട്ടും ഇൻഡ്യയുമായി നേരിട്ടു സമ്പൎക്കമുണ്ടായിട്ടുള്ള മിക്കവാറും എല്ലാ ഗ്രന്ഥകാരന്മാരും തെക്കേ ഇൻഡ്യയിൽ തോമ്മാശ്ലീഹാ സുവിശേഷം പ്രസംഗിച്ചു എന്ന പാരമ്പര്യത്തിൻെറ പ്രാമാണ്യം നിഷേധിക്കുവാൻ മുതിരുന്നില്ല. ഉദാഹരണമായി ജെ. എൻ. ഫർക്കാർ

'നടപടി'തന്നെ തെക്കെ ഇൻഡ്യൻ പാരമ്പര്യത്തിനു് അനുകൂലമായ ആദ്യത്തെ തെളിവായി കരുതുന്നു. ഇൻഡ്യയുടെ മറെറാരു ഭാഗത്തു സുവിശേഷം പ്രസംഗിക്കുന്നതിനുവേണ്ടി ഗുണ്ടഫറസ് രാജാവിൻെറ അരമനയിൽനിന്നും ആ രാജ്യത്തുനിന്നും തോമ്മാ ശ്ലീഹാ പുറപ്പെട്ട വിവരം 'നടപടി' രേഖപ്പെടുത്തുന്നുണ്ട്. എ. ഡി. 50 ലെ കുഷാൻ (Kushan) ആക്രമണവുമായി ബന്ധപ്പെട്ടിരിക്കണം വിശുദ്ധൻെറ ഈ യാത്രയെന്നു് ഫാർക്കാർ (Farquhar) അഭിപ്രായപ്പെടുന്നു.[13] ആക്രമണകാരികളാൽ നിഷ്ക്കാസിതരായ വ്യാപാരി ഹാബാനും അദ്ദേഹത്തിൻെറ സുഹൃത്തു തോമസും ഒരു സുരക്ഷിതസ്ഥാനമായി തെക്കേ ഇൻഡ്യയിലെ ഏതെങ്കിലും ഒരു തുറമുഖപട്ടണം തെരഞ്ഞെടുക്കുക തികച്ചും സ്വാഭാവികമായിരുന്നു. ഉദാഹരണത്തിനു്, വളരെയേറെ യഹൂദരും സുറിയാനിക്കാരും യവനന്മാരുമുണ്ടായിരുന്ന മുസിറീസ് അതിനു പററിയ ഒരു പട്ടണമായിരുന്നു. ഈ ഭാഗം വിവരിക്കവെ ഫാർക്കാർ മലബാർ പാരമ്പര്യം അംഗീകരിക്കുകയാണു ചെയ്യുന്നതു്. കാരണം, യൂദാസ് തോമ്മസിൻെറ 'നടപടി'കളിൽ വി. അപ്പസ്തോലൻെറ, രണ്ടാം യാത്രയെപ്പററിയുള്ള വിവരണങ്ങളിൽ ഉത്തരേൻഡ്യയിലെ ഏതെങ്കിലും സ്ഥലങ്ങളുടേയോ ആളുകളുടേയോ പേരു് കാണുന്നില്ലെന്നു് അദ്ദേഹം സമ്മതിക്കുന്നു.

ഈ പാരമ്പര്യമനുസരിച്ച് വി. അപ്പസ്തോലൻ സിന്ധുതലത്തിൽനിന്നു് സോക്കോത്രായിലേയ്ക്കായിരിക്കണം പുറപ്പെട്ടതു്. അവിടെനിന്നു് അദ്ദേഹം മുസിറീസ്–[14] കൊടുങ്ങല്ലൂരിൽ എത്തിയിരിക്കണം. ഗുണ്ടഫറസിൻെറ അരമനയിലെ ജീവിതത്തെപ്പററി 'നടപടി' നല്കുന്ന വിവരങ്ങൾ ഒരു പാർത്ഥ്യൻ രാജകുമാരൻെറ വസതിക്കെന്നതിനെക്കാൾ തെക്കെ ഇൻഡ്യയിലെ ഒരു മഹാരാജാവിൻെറ അരമനക്കാണു യോജിക്കുകയെന്നു് മോൺ. മെഡ്ലിക്കോട്ട്[15] വിശ്വസിക്കുന്നു. വിശദാംശങ്ങളിലേക്കു കടക്കുക ഇവിടെ വിഷമകരമാണു്. തെക്കെ ഇൻഡ്യയിലെ ഒരു രാജധാനിയിൽ സെൻറ് തോമസ് വന്നു എന്ന പാരമ്പര്യം കൂടുതൽ പുരാതനമായി കാണപ്പെടുന്നു; എന്നാൽ ആറാം നൂററാണ്ടിനു മുമ്പുള്ള ഏതെങ്കിലും ലിഖിത സാക്ഷ്യം നമുക്കില്ല; ടൂർസിലെ ഗ്രിഗരിയോടു് തെയദോർ എന്ന സന്യാസി പറഞ്ഞതു മൈലാപ്പൂരിനെ സംബന്ധിച്ചായിരിക്കണം.[16] ഈ വിവരങ്ങൾ പഞ്ചാബിനല്ല[17] തെക്കെ ഇൻഡ്യയ്ക്കാണു യോജിക്കുന്നതെന്നു് മോൺ. മെഡ്ലിക്കോട്ട് എടുത്തുപറയുന്നു.

തെക്കെ ഇൻഡ്യയിലെ ക്രിസ്ത്യാനികളിൽ നല്ലൊരു ഭാഗം സ്വദേശീയരായിരുന്നു എന്നതിനു സംശയമില്ല. കാരണം തെക്കെ ഇൻഡ്യയിലെ സ്ഥിതിഗതികൾ ശരിക്കറി

ഞ്ഞിരുന്ന മെസപ്പൊട്ടേമിയായിലെ സമകാലീനർക്കു അയാഥാർത്ഥ്യമായി തോന്നിയേക്കാവുന്ന കാര്യങ്ങൾ യൂദാസ് തോമസിൻെറ നടപടികളുടെ കർത്താവ് എഴുതിവെയ്ക്കുക സാധ്യമായിരുന്നില്ല. മാത്രമല്ല, ഹീബ്രു ഭാഷയിൽ വി. മത്തായിയുടെ സുവിശേഷം പാരായണം ചെയ്യുന്ന ക്രിസ്ത്യാനികളെ അലക്സാൻഡ്രിയായിലെ പന്തേനൂസ് തെക്കെ ഇൻഡ്യയിൽ കണ്ടുമുട്ടിയതായി എവുസേബിയസിൻെറ വിവരണങ്ങളിൽനിന്നും നാം അറിയുന്നു. അരാമായ ഭാഷയെ സാഹിത്യഭാഷയിൽ എവുസേബിയസ് ഹീബ്രു എന്നു ഉപയോഗിച്ചതായിരിക്കണം. യഥാർത്ഥത്തിൽ ആ സുവിശേഷം അരാമായ ഭാഷയിൽ (സുറിയാനിയിൽ) ആയിരിക്കണം എഴുതപ്പെട്ടിരുന്നതു്.[18]

ഇൻഡ്യയിൽ സംഘടിതമായ ക്രിസ്ത്യൻ സമൂഹങ്ങൾ ഉണ്ടായിരുന്നു എന്നതിനു് മൂന്നാം നൂററാണ്ടിൽ പ്രത്യക്ഷമായ സാക്ഷ്യമൊന്നും കാണുന്നില്ല. പേർഷ്യൻ ഉൾക്കടൽ തീരത്തേയും പ്രാന്തപ്രദേശങ്ങളിലേയും മെത്രാസനങ്ങളെപ്പററി മിഞ്ഞാന (Mingana) വളരെയേറെ ഉദ്ധരണികൾ ശേഖരിച്ചിട്ടുള്ള സ്ഥിതിക്കു് ഇൻഡ്യയെപ്പററിയുള്ള സാക്ഷ്യങ്ങളുടെ അഭാവം കൂടുതൽ വിസ്മയകരമായിരിക്കുന്നു.[19] ബസ്രയിലുള്ള തൻെറ മെത്രാസനമുപേക്ഷിച്ച മിഷൻ പ്രവർത്തനത്തിനായി ഇൻഡ്യയിലേക്കുപോയ ഒരു ദാവീദ് മെത്രാനെപ്പററിയുള്ള പരാമർശനം സീർട്ടിലെ (Seert) നാളാഗമത്തിൽ[20] എ. ഡി. 295 ൽ മാത്രമാണു കാണുന്നതു്.

പേർഷ്യയുടെയും മഹാഇൻഡ്യയുടെയും മെത്രാനായ പേർഷ്യാക്കാരൻ യോഹന്നാൻ നിഖ്യാസൂനഹദോസിൽ ഒപ്പുവച്ചവരുടെ ലിസ്റ്റിൽ ഉൾപ്പെടുന്നുവെന്നകാര്യം മററു പല ഗ്രന്ഥകാരന്മാരെയുംപോലെ മിഞ്ഞാനയും ഉദ്ധരിക്കുന്നു.[21] എന്നാൽ എച്ച്. ഗെൽസർ[22] പറയുന്നതനുസരിച്ച പേർഷ്യയിലെ അഥവാ പേർഷ്യാക്കാരൻ യോഹന്നാൻ എന്നു മാത്രമേ പ്രസ്തുത ലിസ്റ്റിലുള്ളൂ. ഗലേഷ്യസിൻെറ സാക്ഷ്യത്തിനു വലിയ പ്രാധാന്യം കല്പിക്കാനില്ല. കാരണം അദ്ദേഹം അഞ്ചാംനൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ (A. D 475) ഇൻഡ്യയിലെ ക്രിസ്ത്യാനികൾ പേർഷ്യയിൽനിന്നു തങ്ങളുടെ മെത്രാന്മാരെ സ്വീകരിച്ചിരുന്ന ഒരു കാലത്താണു് ഇപ്രകാരമെഴുതിയതു്. തൻെറ കാലത്തേ സ്ഥിതിതന്നെയായിരുന്നു നിഖ്യാസൂനഹദോസിൻെറ കാലത്തും എന്നും ഗലേഷ്യസ് വിചാരിച്ചിരിക്കാൻ സാധ്യതയുണ്ടു്.

നാലാം നൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിൽ മെസപ്പൊട്ടേമിയായുമായി ഇൻഡ്യയിലെ ക്രിസ്ത്യാനികൾക്കു സഭാഭരണം സംബന്ധിച്ച ബന്ധമുണ്ടായിരുന്നെന്നു തെളിയിക്കുക

പ്രയാസമാണ്. നേരെ മറിച്ച് ഏ. ഡി. 345-ൽ തെയോഫി ലസ് എന്ന സന്യാസി നടത്തിയ മിഷൻ യാത്ര യഥാർത്ഥ ത്തിൽ ഇങ്ങനെ ഒരു ബന്ധത്തിന് എതിരായ തെളിവാണ്. കാരണം മാലദ്വീപുകാരനായ ഈ സന്യാസിയെ ആര്യൻ തത്വോപദേശങ്ങൾ പഠിപ്പിക്കുവാൻ വേണ്ടി ആക്സിം രാജ്യ ത്തിലെ ഹിമയാർ (Himyar) എന്ന സ്ഥലത്തേക്കും അദ്ദേഹ ത്തിൻെറ സ്വദേശമായ ദ്വീപിലേക്കും ഇൻഡ്യയിലേക്കും റോ മൻ ചക്രവർത്തിയായിരുന്ന കൊൺസ്റ്റാൻസിയൂസ് അയച്ചു. പല ക്രമക്കേടുകളും അദ്ദേഹം പരിഹരിച്ചതായി ഫിലസ്റ്റോർ ഗോസ് പറയുന്നു. സുവിശേഷവായനയുടെ സമയത്ത് ഇരി ക്കുക എന്ന അന്നത്തെ ഇൻഡ്യൻ ക്രിസ്ത്യാനികളുടെ പതിവും അദ്ദേഹം നിറുത്തി.[23] അക്കാലത്ത് ഇൻഡ്യ മെസപ്പൊട്ടേ മിയായിലെ മെത്രാന്മാരുടെ കീഴിലായിരുന്നെങ്കിൽ ഇപ്രകാര മൊരിടപെടൽ സാധ്യമാകുമായിരുന്നോ എന്ന ചോദ്യം ന്യായ മായി ഉന്നയിക്കാവുന്നതാണ്.

## മലബാറും പേർഷ്യൻസഭയും

സസാനിയൻചക്രവർത്തിയായ സാപ്പോർ ദ്വിതീയൻെറ മതമർദ്ദനം നിമിത്തം പലായനം ചെയ്ത പേർഷ്യൻ ക്രിസ്ത്യാനി കൾ ഏതാണ്ട് ഇക്കാലത്ത് മലബാറിൽ എത്തിയെന്നകാര്യം അനുസ്മരിക്കേണ്ടിയിരിക്കുന്നു. സസാനിയൻകാരെ മുസ്ലീമ ങ്ങൾ കീഴ്പ്പെടുത്തിയതോടെ 18-ാംനൂററാണ്ടിൽ ഗുജറാത്തി ലെത്തി പാർസികോളനി സ്ഥാപിച്ച സൊറാവാസ്റ്റ്യൻ മതക്കാ രോട് ഈ ക്രൈസ്തവരുടെ സ്ഥിതി താരതമ്യപ്പെടുത്താവുന്ന താണ്; എങ്കിലും പേർഷ്യയിൽ നിന്നുള്ള ക്രിസ്ത്യാനികളുടെ ഈ പലായനത്തിന് സമകാലീന രേഖയൊന്നും ലഭിച്ചിട്ടില്ല. മലബാറിലെ പാരമ്പര്യമനുസരിച്ച് ഒരു സംഘം ക്രിസ്ത്യാനി കൾ ഇക്കാലത്ത് ഇവിടെ എത്തി. അവരായിരിക്കാം സുറി യാനിക്കാരുടെ ഇടയിൽ വടക്കുംഭാഗർ എന്നും തെക്കുംഭാഗർ എന്നുമുള്ള വിഭജനത്തിനു കാരണക്കാർ. ഏതാണും നാം ഇവർ വേർതിരിഞ്ഞു താമസിച്ചിട്ടുണ്ടാകണം; കൊടുങ്ങല്ലൂർ പട്ടണ ത്തിൻെറ വടക്ക് വടക്കുംഭാഗരും, തെക്ക് തെക്കുംഭാഗക്കാരും. പ്രസ്തുത പാരമ്പര്യമനുസരിച്ചുതന്നെ വടക്കുംഭാഗർ തോമ്മാശ്ലീ ഹാ മാനസാന്തരപ്പെടുത്തിയവരുടെ പിൻതലമുറക്കാരത്രെ. തെക്കുംഭാഗർ സിറിയായിൽനിന്നു കുടിയേറിപാർത്തവരുടെ പിൻഗാമികളും.

അന്തോണിയോ ഗുവേയോ ഈ പാരമ്പര്യത്തെപ്പററി വിശദമായി പ്രതിപാദിക്കുന്നുണ്ട്. അടുത്തകാലത്തെ എഴു ത്തുകാർ ഈ പാരമ്പര്യത്തിന് പ്രധാന അവലംബമായി സ്വീ കരിക്കുന്നതു് 1770-നോടടുത്ത് സുറിയാനിയിലും മലയാള

ത്തിലും എഴുതപ്പെട്ട ഒരു രേഖയാണ്. ഗബ്രിയേൽ എന്ന ഒരു യാക്കോബായ മെത്രാനാൽ സമ്പാദിക്കപ്പെട്ട പ്രസ്തുത രേഖ ഇപ്പോഠം ലെയഡണിലെ സർവ്വകലാശാലാഗ്രന്ഥാലയത്തിൽ സൂക്ഷിക്കപ്പെടുന്നു[24].

യാക്കോബായക്കാരുടെ ഈ രേഖയനുസരിച്ച് വി. തോമ്മാശ്ലീഹാ മാനസാന്തരപ്പെടുത്തിയവരുടെ പിൻതലമുറക്കാരായ 160 കുടുംബങ്ങഠംക്ക് ഏറെക്കാലത്തേയ്ക്കു വൈദികന്മാർ ഇല്ലാതിരിക്കുകയും ആകയാൽ അവരിൽ ഒരു വിഭാഗം വിഗ്രഹാരാധനക്കാരായിത്തീരുകയും ചെയ്തു. ഇവരുടെ ശോച്യാവസ്ഥയെപ്പററി എദേസായിലെ മെത്രാന് ഒരു ദർശനമുണ്ടായി. ഈ ദർശനത്തിൻെറ ഫലമായി സെലൂച്ച്യാസെസിഫോണിലെ കാതോലിക്കോസ് ജറുസലേമിലെ ഒരു വ്യാപാരിയായ തോമസിനെ ഇൻഡ്യയിലേക്കയച്ചു. അദ്ദേഹം തൻെറ പ്രഥമസന്ദർശനത്തിനുശേഷം ജറുസലേം, ബാഗ്ദാദ്, നിനിവേ എന്നിവിടങ്ങളിൽ നിന്നുള്ള ക്രിസ്ത്യാനികഠം ഉഠംക്കൊള്ളുന്ന ഒരു സംഘത്തെ ഇൻഡ്യയിലേക്കു നയിച്ചു. വൈദികന്മാരും ഡീക്കന്മാരും ദൈവികദർശനം ലഭിച്ച മെത്രാപ്പോലീത്തായും അവരോടുകൂടിയുണ്ടായിരുന്നു. മാത്രമല്ല ദീർഘദൃഷ്ടിയോടുകൂടി പിൽക്കാലത്തു കൊടുങ്ങല്ലൂർ പട്ടണം സ്ഥാപിതമായ സ്ഥലവും അനവധി ആനുകൂല്യങ്ങളും സ്ഥലത്തെ ഭരണാധികാരിയിൽനിന്ന് അദ്ദേഹം സമ്പാദിച്ചു. സ്ഥലവും ആനുകൂല്യങ്ങളും നല്കിക്കൊണ്ടുള്ള പ്രസ്തുതരേഖ ചെമ്പുതകിടുകളിൽ എഴുതപ്പെട്ടിരുന്നെങ്കിലും ഇവ പോർട്ടുഗലിലേയ്ക്കു കൊണ്ടുപോകാനുള്ള പോർട്ടുഗീസുകാരുടെ ശ്രമത്തിൽ നിർഭാഗ്യവശാൽ നഷ്ടപ്പെട്ടു.

ജെ. എസ്. അസേമാനി ഇതേപ്പററി പ്രതിപാദിക്കയിൽ, എ.ഡി. 825 നോടടുത്ത് ഇൻഡ്യയിൽ വന്ന തോമസ് കാനാ എന്ന മെത്രാനെപ്പററി പരാമർശിക്കുന്നു.

ലെയിഡൻ രേഖയും അസേമാനിയുടെ വിശദീകരണവും പഠനവിഷയമാക്കിയശേഷം എസ്. ജമീൽ (Giamil) സയുക്തികം രണ്ടു കുടിയേററങ്ങഠം ഉണ്ടായി എന്ന നിഗമനത്തിലെത്തുന്നു. ആദ്യം ജറുസലേമിൽനിന്ന് തോമസ് എന്ന പേരുള്ള ഒരു വ്യാപാരി എദേസായിലെ മെത്രാപ്പോലീത്തയായ ഒരു ജോസഫിനോടുകൂടെ വന്നു; രണ്ടാമതു് എ.ഡി. 800–ൽ തോമസ് കാനാ എന്ന മെത്രാൻ എത്തി.

എ. മിംഗാനായുടെ അഭിപ്രായത്തിൽ 345–ൽ സിറിയാക്കാർ കേരളത്തിൽ വന്നു എന്നതിനു് എന്തെങ്കിലും ചരിത്രപരമായ അടിസ്ഥാനം ഉണ്ടായിരുന്നാൽതന്നേയും തോമസ് കാനാ എന്ന മെത്രാൻെറ ആഗമനം ഇതിൽനിന്നു വ്യത്യസ്തമാണ്.

അഞ്ചാം നൂററാണ്ടിൻെറ പൂവ്വാദ്ധത്തിലെ പേർഷ്യൻ സഭാ ചരിത്രം വിശദമായി നല്കുന്ന കൽദായ രേഖകളിൽ ഇൻഡ്യയിലെ ക്രിസ്ത്യാനികളെപ്പററി യാതൊരു പരാമശ്വം കാണുന്നില്ല.

## ഒരവലോകനം

ഇൻഡ്യയിലെ, പ്രത്യേകിച്ച മലബാറിലെ ക്രിസ്തുമതത്തിൻെറ ഉത്ഭവത്തെപ്പററിയുള്ള ചരിത്രപരമായ ഗവേഷണങ്ങളുടെ ഫലം ഇപ്രകാരം സംഗ്രഹിക്കാം. ഇൻഡ്യയിൽ പ്രത്യേകിച്ച തെക്കെ ഇൻഡ്യയിൽ ആരംഭകാലത്തുതന്നെ സുവിശേഷവേല ആരംഭിച്ചു; വി. തോമ്മാശ്ലീഹാതന്നെയാണു പ്രേഷിതവേലക്കു് ആരംഭമിട്ടതു്. രണ്ടാം നൂററാണ്ടിൻെറ അന്ത്യത്തിനു മുമ്പുതന്നെ ഇൻഡ്യയിലെ ക്രിസ്ത്യാനികഠം എദേസായുമായി അടുത്തബന്ധത്തിലായിരുന്നു എന്ന വസ്തുത എദേസാ പട്ടണത്തിലോ അതിൻെറ പ്രാന്തപ്രദേശങ്ങളിലോ വച്ചു വിരചിതമായ യൂദാസ് തോമസിൻെറ നടപടികഠം എന്ന ഗ്രന്ഥത്തിൽനിന്നു വ്യക്തമാണു്. ഇൻഡ്യയിൽ പന്തേന്നൂസ് സുറിയാനി (അരമായാ) ഭാഷയിലുള്ള സുവിശേഷം കണ്ടെത്തിയതും ഇതിനു് ഒരു തെളിവാണു്. മെസപ്പൊട്ടേമിയൻ അഥവാ പേർഷ്യൻ സഭ സുശക്തവും സുസംഘടിതവുമായിതീന്നതിനുശേഷം 450നോടടുത്തു് ഇൻഡ്യയിലെ ക്രിസ്ത്യാനികഠം സെലൂച്ച്യ—സെസിഫോണിലെ മെത്രാസനവുമായി പ്രകടമായ ബന്ധത്തിലായി.

---

1. ബററാണ്ടിയർ എ. Annuaire Pontifical Catholique പാരീസ് 1898-1918

2. നടപടികളുടെ രേഖകഠംക്കു് [സുറിയാനിയിൽനിന്നു തിരുത്തപ്പെട്ട ഗ്രീക്കു പതിപ്പ്] എം. ആർ. ജെയിംസിൻെറ The Apochriphal New Testament, Oxford 1924, പേജ് 364–438 കാണുക. നടപടികളുടെ മൂല്യത്തെക്കുറിച്ചു്. ഇ. അമ്മാൻ Apocryphes du Nouveau Testament D B S. വാല്യം I (1928) കോളം 501–4; പി. പീറേറർസ്. S. J , J ഡൽഹമാൻ S.J. യെ പുനർവിചിന്തനം ചെയ്തു. A B. യിൽ 32 (1913) പേജ് 75–77; ജെ. ക്വാസ്റ്റൻ Patrology വെസ്റ്റ് മിനിസ്റ്റർ (U. S. A.) 1950–വാല്യം 1 പേജ് 139–40.

3. ഈ നടപടികഠംക്കു് വിലയില്ല എന്നു വാദിക്കുന്നവക്കു് P. Peeters S. J "Bulletin des Publications Hagiographiques" A. B. 18 (1899) പേജ് 275–9, 25 (1906), പേജ് 196–200, 32(1913) പേജ് 75–7,44 (1926) പേജ് 402–3, R ഗാർബ്ബ് "Indien und das Christentum. തുബിങ്ങാൻ 1914. എ. ഹർണാക്കു്," Die-

mission und Ausbreitung des christentums, ലൈപ്സിഗ് 1924 നാലാംപതിപ്പ് വാല്യം രണ്ട് പേജ് 698 L. de la Vallee Possin, L'Inde aux temps des Mauryas, Paris 1930; U Monneret de Villard, La Fiera di Batnae ela tralazione di S. Tommaso a Edessa, in Rendiconti della Academia Naz. dei Lincei' Classe di scienze morali..........., 6 (1951), പേജ് 77–104.

4. എ. ഇ. മെഡ്ലിക്കോട്ട് India and the Apostle Thomas An enquiry with Critical Analysis of of Acta Thomae London 1905.

5. J Dahlmann S. J. Die Thomas Legende und, die altesten Historischen Beziehungen des Christentums zum fernen Osten, Freiburg i B 1912

6. J. N. Farquhar, 'The Apostle Thomas in North India', B J. R. L. 10 (1926) പേജ് 80–111, The Apostle Thomas in South India, ibid II (1927) പേജ് 20-50.

7. ഈ പാരമ്പര്യത്തെക്കുറിച്ചുള്ള രേഖകൾ, S Ephraem, Carmina Nisibena, Ed., Bickell, Leipzig. 1866, No. 42, Text പേജ് 79 തർജ്ജമ പേജ് 163, T. J Lamy, S. Ephraemi Hymni et sermones, Mechlin, 1902, Vol. IV, Col. 694, 704, 706; 'Doctrine of Addai, Ed. Cureton, Ancient syriac documents, London, 1864, P. 32; S Gregorii Nazianzi, Sermo 33, P.G. 36, 227, S. Ambrosii, 'Enarrationes in psalmum XLV', 21, P. L. 14, 1198; S. Hieronymi, 'Epistola LIX ad Marcellam', P. L. 22, 588, St. Paulinus of Nola, P. L. 61, 514; St. Gregory of tours, 'In Gloria Martyrum' cap. 21, 22, M. G. H. Scr Rer. Merov. l. b, പേജ് 507. f.

8. Origen, 'in Genesim' bk. III, P.G. 12, 92; 'Recognitiones Clementinae' പുസ്തകം IX, 29, P. G. 1, 1415.

9. Solomon of Basrah, The Book of the Bee, എഡിററർ E. A. Wallis Budge, Ancedota Oxoniensa, Semitic Series Oxford 1886, I. b, Text P. 119. തർജ്ജമ പേജ് P. 105.

10. കേരളസ്സേററിൽപ്പെട്ട പാലയൂർ സെൻററ് തോമസിൻെറ സുവിശേഷണഘോഷണ പാരമ്പര്യത്തിനും ആനുകാലിക ഗവേഷണത്തിനും പ്രസിദ്ധമാണ്. Placid. പാലയൂരെ പള്ളി 1951 ആത്താററിൽ നിന്നും കരിങ്കൽ കുരിശിനടിയിൽ കണ്ടെത്തിയിട്ടുള്ള കല്ലിൽ ചിത്രണം ചെയ്ത ഒരു കുരിശും നിലംപേരൂരിലെ അമ്പലത്തിനു സമീപം കണ്ടുകിട്ടിയ മെത്രാൻെറ കുരിശുമാല ധരിച്ച ഒരു രാജാവിൻെറ പ്രതിമയും ഈ വസ്തുതയെ തെളിയിക്കുന്നു. T. K. Joseph, The St. Thomas Traditions of South India പേജ് 562

11. J. DAHLMANN, മേൽപ്പുസ്തകം pp. 57-76; ON THE RECENT excavation of a Roman trading - centre south of Pondicherry - R. E. M. Wheeler, A. Ghosh and Krishna Deva, Arikamedu Report an Indo-Roman Trading - Station on the east cost of India, in ancient India, No. 2 (1946), P. P. 17-124. The article contains three maps of India, The first one showing the principal places mentioned in the Arikamedu report, the second one giving the distribution of Roman coins found so far in India, the third one the distribution of semi-previous stones obtained in India for the Roman market.

12. J DAHLMANN. G. Rae, The Syrian Church in India, London, 1892, പേജ് 24-6

13. J. N. Farquhar 'The Apostle Thomas in South India പേജ് 21

14. മേൽപ്പുസ്തകം പേജ് 22-4

15. A. E. MEDLYCOTT മേൽപ്പുസ്തകം 277-89

16. താഴെപ്പറയുന്ന പുസ്തകം കാണുക. പേജ് 19

17. A. E. MEDLYCOT മേൽപ്പുസ്തകം പേജ് 71-9; വളരെ പുരാതനമായ എന്നാൽ ഉത്ഭവകാലം ഏതെന്നു് അനുമിക്കാൻ വയ്യാത്ത ''മാർത്തോമ്മാപാട്ടി''ലും ലക്ഷ്യങ്ങളുണ്ടു്. cf. P. J. Thomas "The South. Indian Tradition of Apostle St Thomas J. R. A. S. cf. T. K. Joseph മേൽപ്പുസ്തകം പേജ് 560-9 F. X. Rocca, La Leggenda di S. Thommaso Apostolo O. C. 22(1933) പേജ് 168–79 പ്ലാസിഡ്, 'The South Indian Apostolote of St. Thomas' O. C. P. 18 (1952)പേജ് 234–6

18. Eusebii Historia Ecclesiastica. പുസ്തകം അഞ്ചു്. 10 P. G. 20, 456. S. Hieronymi 'De Viribus Illustribus' 36. P. L 23, 683

19. A.Mingana. The Early Spread of Christianity in India B.J. R.L 10 (1926) പേജ് 489-95; Chonicle of Arbela യുടെ ചരിത്രമൂല്യത്തെക്കുറിച്ച് 1 Ortiz De Urbina' intorno al. Valore Storico della cronica Di Arbela O. C: P. 2 (1936) പേജ് 5-33

20. Chronique De Seert Histoire Nestorienne Inedit Ed Mar Adai, Scher P. O. പേജ് 234

21. A. Mingana. മേൽപ്പുസ്തകം പേജ് 395. Gelazii Cyzicensis, (Concilium Nicaenum) P.G. 85, 1314

22. H. Gelzer Patrum Nnicaenorum Nomina Leipzig 1898

23. Philostorgos Historia Ecclesiastica Bk. III 4-6. P. G. 65, 482-90. G.C.S. 21(1913) പേജ് 33-5. A.E.Medlycot മേൽ പുസ്തകം പേജ് 188-202

24. J. P. N. Land. Anecdota syriaca. Leydon 1862 പേജ് 7, 24-30 രേഖയും തർജ്ജമയും S. Giamil, Genuinae Relationes Rome 1902, പേജ് 552-64 ഇത്തരം ഒരു കഥ ബൊഡ്ലേലിയൻ ലൈബ്രറിയിൽ F.Nau. Deux Notices Relatives au Malabar

രണ്ട്

# എ. ഡി. 450 മുതൽ പോർട്ടുഗീസുകാരുടെ ആഗമനംവരെയുള്ള കാലഘട്ടം

## പേർഷ്യൻ സഭയും ഇൻഡ്യൻ ക്രൈസ്തവരും

കോസ്മസ് ഇൻഡിക്കോ പ്ലൂസ്റ്റസ് എന്ന സഞ്ചാരിയുടെ റിപ്പോർട്ടാണു നമുക്കു ലഭിച്ചിട്ടുള്ള ആദ്യത്തെ വിശദവും വസ്തുനിഷ്ഠവുമായ രേഖ. ആ കാലഘട്ടത്തിൻെറ ആരംഭം ഇതാണ് കോസ്മസ് 520–നും 525–നും ഇടയ്ക്ക് ഭാരതത്തിൽ നടത്തിയ യാത്രയിലെ അനുഭവങ്ങളെ സമാഹരിച്ച് എഴുതിയിട്ടുള്ള പുസ്തകമാണ് അദ്ദേഹത്തിൻെറ ടോപ്പോഗ്രാഫിയാ ക്രിസ്ത്യാനാ[1] സോക്കോട്രയിലെ (ഡിയോസ്ക്കൂറിതസ് ദ്വീപിലെ) ക്രൈസ്തവരെ കുറിച്ചു കോസ്മസ് എടുത്തു പറയുന്നുണ്ട്. ആ ദ്വീപിലെ നിവാസികൾ ടോളോമ്യൂസ് (Ptolomaews) കൊണ്ടുവന്ന കോളനിക്കാരുടെ തുടർച്ചക്കാരാണെന്നും അവർ ഗ്രീക്കു സംസാരിച്ചിരുന്നെന്നും അദ്ദേഹം പറയുന്നു. ആ ദ്വീപിൽ അദ്ദേഹം ഇറങ്ങിയില്ലെങ്കിലും യാത്രയിൽ അകലെ അതു ദൃശ്യമായിരുന്നു. സഹയാത്രികരായിരുന്ന തദ്ദേശവാസികളിൽ നിന്നാണ് ഈ വിവരങ്ങൾ അദ്ദേഹം ശേഖരിച്ചത്. ദ്വീപിൽ വളരെ അധികം ക്രിസ്ത്യാനികൾ ഉണ്ടെന്നും അവരുടെ വൈദികന്മാർ പേർഷ്യയിൽ വച്ചാണു പുരോഹിതപട്ടം സ്വീകരിക്കുന്നതെന്നും അവർ പറഞ്ഞു.

അറബി ഭൂമിശാസ്ത്രകാരന്മാരായ ആൽഹംതാനി, യാക്കോത്തു് (Al-Hamdani and yaqut)[2] എന്നിവരുടെ അഭിപ്രായത്തിൽ ബൈസെൻറിനീയയോടു പടപൊരുതി ഘോസ്റാസ് ആ രാജ്യവാസികളെ നാടുകടത്തിയിരുന്നതുകൊണ്ടു പേർഷ്യയുടെ അധീനത്തിലാകാതിരുന്ന ദ്വീപ് അലക്സാണ്ടറിയായുമായി യാതൊരു ബന്ധവുമില്ലാത്ത ടോളെമ്യൂസിൻെറ

അനന്തരഗാമികളാണെന്നു പറഞ്ഞാൽ അതു് അയഥാർത്ഥമായിരിക്കും. ആദ്യഗ്രീക്കുകുടിയേററക്കാർ പുതുതായി വന്നവരോടു ചേന്നു് ഒരു സമൂഹമായിത്തീന്നിരിക്കണം. ഏതായാലും പേർഷ്യൻ സഭയുടെ സ്വാധീനം ഈ ദ്വീപിൽ പ്രബലമായിരുന്നു. എന്നു ഗ്രഹിക്കുവാൻ വിഷമമില്ല. ബെയിത്തു് (Baith Qataraye) കട്ടാറയിലെ[3]പോലെ ഗ്രീക്കുകാരും അറബികളും, ഇൻഡ്യാക്കാരും ഉൾക്കൊള്ളുന്ന സോകട്രായിലെ ജനതയുടെ ഇടയിലും സുവിശേഷപ്രചരണം നടന്നിരുന്നു. ദീർഘകാലം സോകട്രാ നിവാസികൾ ക്രിസ്ത്യാനികളായിരുന്നു. മൂന്നാം സബ്രിഷോ കാതോലിക്കോസിൽ (1064—72)[4] നിന്നു് അക്കാലത്തു് ഒരു മെത്രാനെ അവക്കു ലഭിച്ചിരുന്നു. പതിനാലാം നൂററാണ്ടിലെ അറബി ഭൂമിശാസ്ത്രകാരന്മാർ ഈ ദ്വീപിനെ ക്രിസ്തീയദ്വീപു് എന്നാണു വിശേഷിപ്പിച്ചിരുന്നതു്. മാർക്കോപോളോ ഇപ്രകാരം രേഖപ്പെടുത്തുന്നു. "ഈ ദ്വീപിലെ നിവാസികൾ മാമ്മോദീസ സ്വീകരിച്ച ക്രിസ്ത്യാനികളാണു്. അവക്കു ഒരു മെത്രാപ്പോലീത്തായും ഉണ്ടു്. എന്നാൽ റോമിലെ മാർപ്പാപ്പയുമായി അദ്ദേഹത്തിനു യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. ബൗദാക്കിലെ (ബാഗ്ദാദ്) കത്തോലിക്ക് (കാതോലിക്കോസ്) എന്നു വിളിക്കുന്ന മെത്രാപ്പോലീത്താക്കു് അദ്ദേഹം കീഴ്പ്പെട്ടിരുന്നു. ബൗദാക്കിലെ ഈ കാതോലിക്കാണു് പ്രസ്തുത ദ്വീപിലേക്കു മെത്രാനെ അയച്ചിരുന്നതു്. റോമിലെ മാർപ്പാപ്പ ചെയ്യുന്നതുപോലെ ബാഗ്ദാദിലെ മെത്രാപ്പോലീത്തായും ലോകത്തിൻെറ വിവിധ ഭാഗങ്ങളിലേക്കു മെത്രാന്മാരെ അയയ്ക്കുന്നു. ഇന്നത്തെ എല്ലാ വൈദികരും, മെത്രാന്മാരും റോമൻ സഭയെയല്ലാ അനുസരിക്കുന്നതു്, പ്രത്യുത അവർ പോപ്പിനെപ്പോലെ കരുതിയിരുന്ന ബൗദാക്കിലെ സഭാധികാരിയെയാണു്."[5] പതിനേഴാം നൂററാണ്ടിലും, സൊക്കോട്രായിൽ കുറെ ക്രിസ്ത്യാനികൾ അവശേഷിച്ചിരുന്നു.[6]

സിലോണിലെ ക്രിസ്ത്യാനികളുടെ ഉത്ഭവം മറെറാരു വിധത്തിലായിരുന്നു എന്നാണു കരുതേണ്ടതു്. ടപ്രോബാനയെ (Taprobana) കുറിച്ചു രണ്ടു സ്ഥലങ്ങളിൽ കോസ്മസ് സൂചിപ്പിക്കുന്നുണ്ടു്. ആദ്യത്തേതിൽ വിശ്വാസികളും വൈദികരും ഉൾപ്പെട്ട ഒരു ക്രിസ്തീയ സമൂഹം ഉണ്ടെന്നു മാത്രമെ പറയുന്നുള്ളു. രണ്ടാമത്തേതിലാകട്ടെ കൂടുതൽ കൃത്യമായി, പേർഷ്യയിൽ പട്ടമേററ ഒരു വൈദികനും, ഒരു ഡീക്കനും ചെറിയ പട്ടം സ്വീകരിച്ച ഏതാനും പേരും പേർഷ്യക്കാരായ കുടിയേററക്കാരും ഉൾക്കൊള്ളുന്ന സമൂഹത്തെക്കുറിച്ചു പ്രസ്താവിക്കുന്നു. നാട്ടുകാരും രാജാവും മറെറാരു മതക്കാരായിരുന്നു. അതുകൊണ്ടു സിലോണിൽ ഒരു യഥാർത്ഥ മിഷൻകേന്ദ്രമുണ്ടായിരുന്നില്ല. ചൈനയിൽനിന്നും ഇൻഡോനേഷ്യയിൽനിന്നും ഉള്ള കച്ചവട

സാധനങ്ങാം വ്യാപാരം ചെയ്തിരുന്ന പേർഷ്യൻ കച്ചവടക്കാരുടെ ഒരു സ്ഥാപനം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്നു് മാഴ്സെയിൽസ് തുറമുഖപട്ടണത്തിൽ മെൽക്കൈക്ക്, മാറോനീത്താ, സുറിയാനി എന്നീ സമുദായങ്ങാംക്കു പ്രത്യേക ഇടവകകളുള്ളതുപോലെ പേർഷ്യക്കാക്കു സിലോണിൽ ഒരു ഇടവകയുണ്ടായിരുന്നതേയുള്ളു.

സിലോണിനപ്പുറം ക്രിസ്ത്യൻ സമൂഹങ്ങാം ഉണ്ടായിരുന്നോ എന്നു കോസ്മോസ് പറയുന്നില്ല. എന്നാൽ മാലിയിലും കല്യാണയിലും കുറെ ക്രിസ്ത്യാനികാം ഉണ്ടായിരുന്നതായി പ്രസ്താവിക്കുന്നു. മാലി ഒരു തുറമുഖമല്ല, പ്രത്യുത കുരുമുളകു വിളയുന്ന രാജ്യമാണു്. അതു മലബാർ അഥവാ കേരളം ആണെന്നു് ഇന്നു് പൊതുവെ അംഗീകരിക്കപ്പെടുന്നു.[7] കല്യാണ വടക്കേ ഗോവയ്ക്കുത്തു്, ഇന്നു ബോംബെയുടെ സമീപത്തുള്ള കല്യാൺ ആയിരിക്കുവാനാണു സാധ്യത മാലിയിലെന്നപോലെ അവിടെയും പേർഷ്യയിൽ പട്ടമേററ ഒരു മെത്രാനുണ്ടായിരുന്നു.[8] രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ച ഗ്രീക്കുരേഖ വേണ്ടത്ര വ്യക്തമല്ല.

ഇന്ത്യയിലെ ക്രൈസ്തവരെക്കുറിച്ചു വേറെയും കൽദായരേഖകളുണ്ടു്. നിർഭാഗ്യവശാൽ ക്രിസ്ത്യാനികളുടെ സംഖ്യയെക്കുറിച്ചും, എവിടെയെല്ലാം അവരുടെ സമൂഹങ്ങാം ഉണ്ടെന്നതിനെക്കുറിച്ചും അവരുടെ സംഘടനയെക്കുറിച്ചും കൃത്യമായ വിവരം നല്കുന്നില്ല.

ആറാം നൂററാണ്ടിൻെറ അവസാനഘട്ടത്തിൽ ദിയൊഡോറസിൻെറ പുസ്തകങ്ങാം തർജ്ജമ ചെയ്ത മാനാ (Mana) ഇൻഡ്യാ, ബെഹറിൻ (Bahrayn) തുടങ്ങിയ തീരപ്രദേശരാജ്യങ്ങളിലേക്കു് അവ അയച്ചുകൊടുക്കുകയുണ്ടായി.[9] സബ്രീശോ ഒന്നാമൻ (596–604) കാതോലിക്കോസിൻെറ ഭരണകാലത്തു തക്രിത്തിലെ (Takirt) മപ്രിയാനായിത്തീന്ന മറൂത്തായ്ക്കു് ഇൻഡ്യയിൽ നിന്നും ചൈനയിൽനിന്നും കൊണ്ടുവന്ന സുഗന്ധവസ്തുക്കാം തൻെറ മേലധികാരിയായ കാതോലിക്കോസു് സമ്മാനിച്ചതായി[10] പറയുന്നു. ആ പ്രദേശങ്ങളിലെ ക്രിസ്ത്യൻ കച്ചവടക്കാർ കാതോലിക്കോസിനു കാഴ്ച സമർപ്പിച്ചതാണു് അവയെന്നു തീർച്ചയാണു്.

മൂന്നാം ഈശോയാബു് (Ishoyabh III) കാതോലിക്കോസിൻെറ (647–50) എഴുത്തുകളിൽ ഇന്നത്തെ ഇറാൻെറ തെക്കുപടിഞ്ഞാറു ഭാഗത്തുള്ള റീവാർഡഷറിലെ (Revardashir) മെത്രാപ്പോലീത്താ തൻെറ മക്കടമുഷ്ടിമൂലം ഇൻഡ്യയിലെ മെത്രാന്മാരെ കാതോലിക്കോസിൽനിന്നും ഭിന്നിപ്പിക്കുന്നതിനു് ഇടയാക്കിയ ശീഘ്ര പ്രവണതയെ കുറിച്ചു പ്രസ്താവിക്കുന്നു.

ഇൻഡ്യയിൽ മാത്രമല്ല ഇൻഡ്യക്കു കിഴക്കു കാലാ (Galah) അഥവാ കിലാ (Qilah) വരെയും ക്രിസ്തുമതം വ്യാപിച്ചിരുന്നതായി ഈശോബിയ പറയുന്നുണ്ട്. കൃല്ലാഹ് എന്നതു മിക്കവാറും അറേബ്യൻ ഭൂമിശാസ്ത്രജ്ഞന്മാർ പ്രസ്താവിച്ചിട്ടുള്ള മലാക്ക ഉൾക്കടലിൽ സ്ഥിതിചെയ്യുന്ന കാലാ (Kalah) തന്നെയായിരിക്കാം.[11]

മഹാനായ കാതോലിക്കോസ് തിമോത്തി ഒന്നാമന്റെ (780–9–823) അഭിപ്രായപ്രകാരം വിവാഹത്തിനുശേഷം വേർപെട്ടു കഴിയുന്നവർക്ക് അവരിൽ ഒരാൾ മരിച്ചു എന്നു തീർച്ചയാകുന്നതുവരെ മറേറ ആൾക്കു പുനഃവിവാഹം അനുവദിച്ചിരുന്നില്ല. വേർപെട്ടു കഴിഞ്ഞിരുന്ന ആൾ ഇന്ത്യയിലോ ചൈനയിലോ ആയിരുന്നാലും ആ സ്ഥലത്തെ കാതോലിക്കോസിൽനിന്നോ മെത്രാനിൽനിന്നോ മെത്രാപ്പോലീത്തായിൽനിന്നോ മറേറ ആൾ ഒരു മരണസർട്ടിഫിക്കററു വാങ്ങേണ്ടിയിരുന്നു. ഇതിൽനിന്നു പേർഷ്യൻ കോളനികളിൽ അക്കാലത്തുപോലും ആത്മസ്ഥിതി പുസ്തകം എത്ര കൃത്യമായി സൂക്ഷിച്ചിരുന്നുവെന്നു നമുക്കു കാണാം.[12]

സമുദ്രം കടന്ന് അനേകം പേർഷ്യൻ സന്യാസികൾ ഇൻഡ്യയിലേക്കും ചൈനയിലേക്കും യാത്ര ചെയ്തിരുന്നതായും തിമോത്തി പ്രസ്താവിക്കുന്നുണ്ട്. ഈശോബിയാ മൂന്നാമനെപ്പോലെ തിമോത്തിയും തെക്കൻ പേർഷ്യയുടെ (Fars) ഭിന്നിപ്പിനുള്ള പ്രവണതക്കെതിരെ സമരം ചെയ്തു. ഈ വേർതിരിവ് ഇൻഡ്യയിലും ഒരു ശീശ്മക്കുള്ള സാഹചര്യം സൃഷ്ടിച്ചു. എന്നാൽ ബർ എബ്രേയൂസ് പറയുന്നതുപോലെ മെത്രാന്മാർ അതിനെതിരായി നിലപാടു സ്വീകരിച്ചുകൊണ്ട് ഇപ്രകാരം മറുപടി കൊടുത്തു. "ഞങ്ങൾ തോമാശ്ലീഹായുടെ ശിഷ്യന്മാരാണ്. മാറിയിലെ സഭയുമായി ഞങ്ങൾക്കു ബന്ധമൊന്നുമില്ല."[13] പില്ക്കാലത്തു സാധാരണയായിത്തീർന്ന മാർത്തോമാക്രിസ്ത്യാനികൾ എന്ന പേരു് ആദ്യമായി ഉപയോഗിച്ചുകാണുന്നതു് ഇവിടെയാണ്.

ഈശോബിയാ രണ്ടാമൻ കാതോലിക്കോസിന്റെ [628–46] കാലത്തു ഇൻഡ്യയിലേക്ക് മെത്രാന്മാരും വൈദികരും അയയ്ക്കപ്പെട്ടിരുന്നുവെങ്കിലും, ഇൻഡ്യൻ സഭയ്ക്ക് ഒരു മെത്രാപ്പോലീത്തായെ നൽകിക്കൊണ്ട് അതിനെ ഫാർസിൽ നിന്നും തികച്ചും സ്വതന്ത്രമാക്കി തിമോത്തി. സമകാലീന എഴുത്തുകാരനായ അബ്ദിശോ (714–28)യുടെ അഭിപ്രായപ്രകാരം ഇൻഡ്യയിലെ മെത്രാപ്പോലീത്തക്ക് പത്താം സ്ഥാനം ഉണ്ടായിരുന്നു. മെത്രാസനങ്ങളുടെ ലിസ്റ്റിൽ അതിന് ചൈനയ്ക്കു മുമ്പാണു സ്ഥാനം നല്കിയിരുന്നതു്.[14]





ഇതിനിടയ്ക്കു് നാട്ടിലെ പ്രാദേശിക പാരമ്പര്യമനുസരിച്ചു്, രണ്ടുസംഘം പേർഷ്യൻ കുടിയേററക്കാർകൂടി കേരളത്തിൽ എത്തിച്ചേർന്നു. ഏ. ഡി. 774 ലോ 775 ലോ തോമ്മാ മെത്രാൻെറ കൂടെ വന്നവരും, നാല്പതു കൊല്ലങ്ങൾക്കു് ശേഷം മാർ സബ്രീഷോ, മാർ പേറോസ് എന്ന രണ്ടു് മെത്രാന്മാരുടെകൂടെ വന്നവരുമാണു് ഈ രണ്ടുകൂട്ടർ. അൻപതു വർഷങ്ങൾക്ക മുമ്പു് മുസ്ലീം മതപീഡനത്തിൽനിന്നു രക്ഷപ്പെട്ടു് ഇൻഡ്യയിലെത്തിയ പാർസ്സികളോടു് ഇവരേയും താരതമ്മ്യപ്പെടുത്താവുന്നതാണു്.[15] തിമോത്തിയാൽ അഭിഷേകം ചെയ്യപ്പെട്ട ഒന്നാമൻ തോമസു് എന്ന സന്യാസിയും തോമസു് മെത്രാനും ഒരാൾതന്നെയായിരിക്കുവാൻ ഒരു പക്ഷേ സാദ്ധ്യത കാണുന്നുണ്ടു്.[16] അവർ പ്രധാനമായും പ്രധാനകച്ചവടസ്ഥലമായിരുന്ന കൊല്ലത്തുണ്ടായിരുന്ന നാട്ടുകാരോടുകൂടി ചേർന്നു് താമസിച്ചു് അവരെ ശക്തരാക്കി എന്നാണു് നമുക്കു കിട്ടുന്ന അറിവു്.

ക്രിസ്ത്യാനികൾക്കു് പ്രത്യേക പദവികൾ അനുവദിച്ച രണ്ടു് ചെമ്പേടുകൾ അന്നത്തേതാണെന്നു് ബേണ്ണനിലിനെപ്പോലുള്ള പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.[17] ഇത്തരം ആനുകൂല്യങ്ങൾ മുമ്പേതന്നെ യഹൂദന്മാക്കു ലഭിച്ചിരുന്നു. ഈ കാലഘട്ടം തന്നെയാണെന്നു പറയുകയാണെങ്കിൽ പുരാതന പദവികൾ പുതുക്കിയെന്നു് മാത്രമേ അർത്ഥമാകുന്നുള്ളു. അഥവാ ഒരുപക്ഷേ വടക്കേ ഇൻഡ്യയിൽനിന്നും പുറംതള്ളപ്പെട്ട ദ്രാവിഡജനതയിൽ നാട്ടുരാജാക്കന്മാർ ജാതിസമ്പ്രദായം വളത്തുവാൻ ശ്രമിച്ച കാലത്തു് അവയെ വിപുലമാക്കിയെന്നേ ഇതുമൂലം അർത്ഥമാക്കേണ്ടതുള്ളു. മലബാറിലെ നാലു് പേർഷ്യൻ കുരിശുകൾ ഈ കുടിയേററക്കാരുമായി ബന്ധപ്പെട്ടതായിരിക്കണം. കോട്ടയത്തു് വെള്ളിയാപ്പിള്ളി യാക്കോബായ തെക്കുംഭാഗം പള്ളിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഏററം പുരാതനമായ രണ്ടു് കുരിശുകളിൽ ഒന്നും കടമററം, മുട്ടചിറ, ആലങ്ങാട്ടു്, മൈലാപ്പൂർ എന്നീ സ്ഥലങ്ങളിൽ സൂക്ഷിച്ചിരിക്കുന്നവയുമാണു് ഈ കുരിശുകൾ.[18] എങ്ങനെയായാലും പ്രാദേശിക പാരമ്പര്യം ഈ അഭിപ്രായത്തെ ശക്തിപ്പെടുത്തുന്നുണ്ടു്. മാർ സബ്രീഷോയും മാർ പെറോസും അനേകം പേരെ മാനസാന്തരപ്പെടുത്തിയെന്നും, പുതിയ പള്ളികൾ പണിതെന്നും കുരിശടികൾ സ്ഥാപിച്ചുവെന്നും അതിൽ പറയുന്നു.[19]

ഏതായാലും രണ്ടാമത്തെയും മൂന്നാമത്തെയും കുടിയേററങ്ങൾക്കു് ഒരു പ്രത്യേക പ്രയോജനമുണ്ടായി. സെലൂച്യയിലെ പാത്രിയർക്കീസുമായുള്ള ബന്ധം അതുമൂലം ദൃഢതരമായി. സുറിയാനി, ഇൻഡ്യൻ സുറിയാനിക്കാരുടെ ഔദ്യോഗിക തിരുക്കർമ്മഭാഷയായി തുടർന്നു. എന്നാൽ പുതിയ കുടിയേററക്കാർ

നാട്ടിലുണ്ടായിരുന്ന ദ്രാവിഡക്രൈസ്തവരുടെ കൂട്ടത്തോടലിഞ്ഞു ചേർന്നു.[20]

മദ്ധ്യശതകങ്ങളിലെ ശേഷിച്ച കാലഘട്ടത്തിൽ മെസപ്പൊട്ടേമിയായും ഇൻഡ്യയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വളരെകുറച്ച് അറിവുകളേ ഉള്ളൂ. 1301 ൽ കൊടുങ്ങല്ലൂരിൽ (ശെങ്കളം) സുറിയാനിയിൽ എഴുതിയ ഒരു പകർപ്പ് എഴുത്തുകാരൻെറ സാക്ഷ്യം മാത്രമെയുള്ളു. യഹബാല്ലഹാ മൂന്നാമൻ (1281–1317) പാത്രിയർക്കീസിൻേറയും ഇൻഡ്യൻ മെത്രാപ്പോലീത്ത മാർ യാക്കോബിൻേറയും പേരുകൾ മാത്രമേ അദ്ദേഹം നൽകുന്നുള്ളു. മാർ യാക്കോബിൻെറ ശിഷ്യനായിട്ടാണു പകർപ്പെഴുത്തുകാരൻ തന്നെത്തന്നെ പരിചയപ്പെടുത്തുന്നതു്. സക്കറിയാസ് ബർ ജോസഫ് ബർ സക്കറിയാസ് എന്ന പേരിലാണു് അദ്ദേഹം ഒപ്പിട്ടിരിക്കുന്നതു്.[21]

"മലബാർസഭയും അന്തിയോക്കിയായിലെ പാത്രിയാർക്കീസ് സിംഹാസനവുമായി ആദ്യകാലത്തു് ബന്ധമുണ്ടായിരുന്നു എന്നതിനു് അനുകൂലമായി എത്രമാത്രം എഴുതിയാലും കത്തോലിക്ക, ഗ്രീക്കു്, ശീശ്മ, യാക്കോബായ എന്നീ വിഭാഗത്തിൽപ്പെട്ട അന്തിയോക്കിയായിലെ പാത്രീയർക്കീസിൻെറ കീഴിൽ ഏതെങ്കിലും ഇൻഡ്യൻ ക്രൈസ്തവവിഭാഗം എന്നെങ്കിലും ആയിരുന്നു എന്നുള്ളതിനു് യാതൊരു ചരിത്രസാദ്ധ്യതകളും ഇല്ല; മാത്രമല്ല, അല്പമായ തെളിവുപോലും ഇല്ല.[22]"

## നെസ്തോറിയനിസവും ഇൻഡ്യൻ ക്രിസ്ത്യാനികളും

ഫാദർ ഷുഹാമറിൻെറ സവിശേഷമായ അഭിപ്രായം കണക്കിലെടുത്തുകൊണ്ടു്[23] ഇൻഡ്യൻ ക്രിസ്ത്യാനികൾ ഒരിക്കലും കത്തോലിക്കരല്ലാതിരുന്നിട്ടില്ല എന്നു പ്രസ്താവിക്കപ്പെടുന്നു. ദൈവശാസ്ത്രപരമായ വാദപ്രതിവാദങ്ങളിൽ വളരെ കുറച്ചു ജ്ഞാനം മാത്രമുണ്ടായിരുന്ന ക്രിസ്ത്യാനികൾ സാക്ഷാൽ പാഷണ്ഡികൾ (formal heretics) ആയിരുന്നില്ല; അതായതു് ഒരു വിധത്തിൽ അല്ലെങ്കിൽ മററൊരുവിധത്തിൽ റോമാസഭയുടെ പരമാധികാരത്തെ അംഗീകരിച്ചിരുന്നു എന്ന അർത്ഥത്തിൽ അതു ശരിയാണു്. പ്രത്യേകിച്ചു പ്രഥമ പാത്രിയർക്കീസ് എന്ന സ്ഥാനം നെസ്തോറിയൻ എഴുത്തുകാർ മാർപ്പാപ്പയ്ക്കു നല്കിയിരുന്നതായി വേണ്ടത്ര തെളിവുകളുണ്ടു്. സാബൈ കാതോലിക്കോസിൻെറ (497–502–3) കാലംതൊട്ടു പൗരസ്ത്യസുറിയാനിക്കാർ നെസ്തോറിയൻ ശൈലികൾ സ്വീകരിച്ചിരുന്നു. തന്മൂലം, ഇൻഡ്യയിലെ ക്രൈസ്തവസമുദായങ്ങളേയും അവരുടെ വൈദികരെയും ഭരിച്ചിരുന്ന പൗരസ്ത്യസുറിയാനിക്കാരിൽപ്പെട്ട മെസപ്പൊട്ടേമിയൻ മെത്രാന്മാർ നെസ്തോറിയൻ ശൈലികൾ സ്വീകരിച്ചിരുന്നുവെന്നതു നിഷേധിക്കാനാവില്ല.

ദീർഘകാലം സെലൂഷ്യയോടല്ല ഇന്ത്യൻ ക്രൈസ്തവർ ബന്ധപ്പെട്ടിരുന്നതെന്നും, പ്രത്യുത തെക്കൻ പേർഷ്യയിലേ റിവർഡാഷീർ മെത്രാപ്പോലീത്തയോടാണു ബന്ധപ്പെട്ടിരുന്നതു് എന്ന വസ്തുത ചില ഗ്രന്ഥകാരന്മാർ ചൂണ്ടികാണിക്കുന്നുണ്ടു്. തന്മൂലം, ഇൻഡ്യൻ ക്രൈസ്തവർ നെസ്തോറിയരായിരുന്നില്ല എന്നു് അവർ വാദിക്കുന്നു. ഈ കൽദായ സഭാവിഭാഗം ഏ. ഡി. 585 മുതൽ കാതോലിക്കോസു് തിമോത്തി ഒന്നാമന്റെ (780-823) കാലം വരെ സെലൂഷ്യയിൽ നിന്നു മിക്കവാറും ഭിന്നിച്ചുനിന്നിരുന്നു എന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. എന്നാൽ ഈ ഭിന്നിപ്പു സംഭവിച്ചതു വിശ്വാസസത്യങ്ങളെ സംബന്ധിച്ചെന്നതിനെക്കാൾ രാഷ്ട്രീയ കാരണങ്ങളാലാണെന്നു കരുതുവാനാണു ന്യായം. സഭാമണ്ഡലത്തിൽ സ്വന്തമായ വ്യക്തിത്വം കാത്തുസൂക്ഷിക്കുവാൻ റിവർഡാഷീർ മെത്രാൻ ആഗ്രഹിച്ചിരുന്നതുകൊണ്ടു് സെലൂഷ്യൻ മെത്രാസനത്തിന്റെ ശക്തി വദ്ധിക്കുന്നതു് അവർ ഇഷ്ടപ്പെട്ടില്ല. തന്മൂലം, തനതായൊരു വ്യക്തിത്വം (autocephalous) കാത്തുസൂക്ഷിക്കാൻ അതു കുറെക്കാലം ശ്രമിച്ചു. ഇത്തരമൊരു രാഷ്ട്രീയവാസന ഇല്ലാതാക്കുവാൻ വേണ്ടിയാണു തിമോത്തി ഇൻഡ്യയിലെ മെത്രാപ്പോലീത്തയെ അംഗീകരിച്ചതു്. സെലൂഷ്യയുടെ ആധിപത്യത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഇൻഡ്യൻ സഭയുടെ നേതാവിനു തിമോത്തി ഒരു കത്തയച്ചതായി പറയുന്നുണ്ടു്.

എന്നാൽ, കഴിഞ്ഞകാലഘട്ടത്തിലെ ക്രിസ്തുവിന്റെ സ്വഭാവത്തെക്കുറിച്ചുള്ള വലിയ വാദപ്രതിവാദത്തിലൊന്നും ഇൻഡ്യൻ ക്രിസ്ത്യാനികൾ കാര്യമായി പങ്കെടുത്തില്ല. അവരുടെ ആരാധനക്രമപുസ്തകങ്ങളിൽ ചില സംശയാസ്പദമായ ശൈലികൾ ഉണ്ടായിരുന്നു. എങ്കിലും, പ്രയോഗത്തിൽ നെസ്തോറിയനിസം ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. ഇന്ത്യയിലെ ഭൂരിപക്ഷസമുദായമായ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും ഇടയ്ക്കു ജീവിച്ചിരുന്ന അവർ മററു ക്രൈസ്തവ സമൂഹങ്ങളിൽനിന്നു വേർപെട്ടാണു കഴിഞ്ഞതു്. പോർത്തുഗീസുകാർ വന്നെത്തിയപ്പോൾ അവരും ഏകക സാർവ്വത്രിക സഭയുടെ അംഗങ്ങളായി കരുതപ്പെട്ടിരുന്നു എന്നു വ്യക്തമായി ഗ്രഹിക്കാം. കൂടുതൽ അടുത്തതും അഗാധവുമായ സമ്പക്കം മൂലം അനേകം വർഷം കഴിഞ്ഞതിനുശേഷമേ അഭിപ്രായവ്യത്യാസങ്ങൾ വെളിച്ചത്തു വന്നുള്ളൂ.

## പാശ്ചാത്യരുമായുള്ള മധ്യകാലസമ്പക്കങ്ങൾ

ഭാരതക്രൈസ്തവരെപ്പററി അറിയുവാൻ പൗരസ്ത്യരേഖകൾ അപര്യാപ്തമായതിനാൽ അതു പരിഹരിക്കാൻ പാശ്ചാത്യരേഖകൾ പരിശോധിക്കുന്നതു സഹായമാകും.

ടൂർസിലേ വിശുദ്ധ ഗ്രിഗരി സൂചിപ്പിക്കുന്ന തെയഡോർ (മരണം A D. 593 അഥവാ 594) എന്ന ഫ്രാങ്കു സന്യാസിയിൽ നിന്നുള്ളതാണ് ആദ്യത്തെ തെളിവ്. ഈ സന്യാസി മൈലാപ്പൂർ സന്ദർശിച്ചു. വളരെ സമ്പന്നമായി അലങ്കരിച്ച വിശാലമായ പള്ളിയിൽ സന്യാസികൾ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതാണ് സന്യാസി അവിടെ കണ്ടതു്. അവിടത്തെ പ്രബലമായ ഒരു സമൂഹത്തെക്കുറിച്ചു അദ്ദേഹം സ്ഥിരീകരിക്കുകയാണ്, ''അവിടെ ചേതോഹരമായും ശ്രദ്ധയോടു കൂടി പണിതലങ്കരിച്ച ഒരു സന്യാസഭവനവും ദൈവാലയവും ഉണ്ട് എന്നു് അദ്ദേഹം പറയുന്നു.'' [24]

പിൽക്കാലത്തു് ഏ.ഡി. 883 ൽ സെൻറു് തോമസിൻെറ ശവകുടീരത്തിലേയ്ക്കു് മഹാനായ ആൽഫ്രഡ് പ്രതിനിധിയെ അയച്ചതിനെക്കുറിച്ചുള്ള സൂചനകൾ പല ഇംഗ്ലീഷ് രേഖകളിൽ കാണുന്നുണ്ട്. [25]

1122ൽ ജോൺ എന്നു പേരുള്ള ഒരു ഇന്ത്യൻ മെത്രാൻ റോമിലെത്തി. സെൻറു് തോമസിൻെറ തിരുനാൾദിനം വർഷംതോറും ഇന്ത്യയിൽ സംഭവിക്കാറുള്ള ഒരു അസാധാരണ അത്ഭുതത്തെപ്പററി അദ്ദേഹം പാശ്ചാത്യദേശത്തു വിവരിച്ചു. മെത്രാൻ എന്നു കരുതപ്പെട്ട അദ്ദേഹം തെക്കെ ഇന്ത്യയിൽനിന്നുള്ള ഒരു ക്രിസ്ത്യാനിയോ അഥവാ ഒരു വൈദികനോ ആകാൻ സാധ്യതയില്ലാതില്ല. [26]

ഇതിനുശേഷം പതിമൂന്നാം ശതാബ്ദത്തിൻെറ അവസാനകാലത്തു് ഏകദേശം ഒരേ സമയം രണ്ടു മഹായാത്രികരുടെ സന്ദർശനത്തെക്കുറിച്ചു നമുക്കു രേഖകളുണ്ട്. 1293 ൽ ചൈനയിൽനിന്നുള്ള മടക്കയാത്രയിൽ ഇവിടെ എത്തിയ മാർക്കോപോളോയും അക്കൊല്ലംതന്നെ ചൈനയിലേയ്ക്കുള്ള പര്യടനത്തിൽ ഇവിടെ എത്തിയ ജോൺ മൊൻറികോർവിനോയും.

മഹമ്മദീയരും ക്രിസ്ത്യാനികളായ തീർത്ഥകർ അപ്പസ്തോലൻെറ വിശുദ്ധ കബറിടത്തിൽ പതിവായി എത്തിച്ചേർന്നിരുന്നു എന്ന കഥ മാത്രമാണ് മാർക്കോപോളോയിൽനിന്നു് നാം അറിയുന്നതു്.[27] രോഗം സുഖപ്പെടുത്താൻ കഴിവുണ്ടെന്നു വിശ്വസിക്കപ്പെട്ടിരുന്ന കുറച്ചു ചുവന്ന മണ്ണു് തീർത്ഥകർ ഭക്തിപുരസ്സരം കൊണ്ടുപോയിരുന്നു. എന്നാൽ ജോൺ മൊൻറി കോർവിനോ തൻെറ പതിമൂന്നു മാസത്തെ താമസത്തിനിടയിൽ വളരെ സഞ്ചരിച്ചു എങ്കിലും ഇന്ത്യയിലെ ക്രിസ്ത്യാനികളെക്കുറിച്ച് രണ്ടു കത്തുകളിലും ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ല. ''ഞാൻ ഇന്ത്യയുടെ വലിയൊരു ഭാഗം സന്ദർശിച്ചു'' എന്നാണ് അദ്ദേഹം എഴുതിയതു്. മൈലാപ്പൂരിൽവെച്ച് തോമസ് അപ്പസ്തോലൻെറ ദൈവാലയത്തിനു സമീപംവെച്ചു ജോണിനു് തൻെറ സഹയാത്രികനായിരുന്ന ഡൊമിനിക്കൻ സന്യാസി പിസ്തോ

യിയിലേ നിക്കോളാസിനെ നഷ്ടപ്പെടുകകൂടി ചെയ്തു. അക്രൈസ്തവരുമായി മാത്രമേ അദമ്യനായ ഈ മിഷനറി ഇടപെട്ടതായി കാണുന്നുള്ളൂ. അവരിൽ നൂറുപേരെ അദ്ദേഹം ജ്ഞാനസ്നാനപ്പെടുത്തി.[28] എങ്കിലും ഇന്ത്യയിലെ നെസ്തോറിയരെ അവഗണിക്കാൻ സന്യാസിയായ ജോണിനു കഴിഞ്ഞില്ല. താവുരിസു മുതൽ പേർസ്യൻ ഉൾക്കടൽവരെയുള്ള നീണ്ടപര്യടനത്തിലും ചൈനയിലെ അഞ്ചുകൊല്ലത്തെ താമസത്തിനിടയിലും ജോൺ നെസ്തോറിയരെ അറിയുന്നതിനും അവരിൽനിന്നു് എതിപ്പ് അനുഭവിക്കുന്നതിനും ഇടയായിട്ടുണ്ടാകണം.[29] അതുകൊണ്ടു് മററു കത്തുകൾ നമുക്കു് ലഭ്യമല്ലെങ്കിലും ജോൺ ഇന്ത്യൻ ക്രിസ്ത്യാനികളെക്കുറിച്ച് അതിൽ പ്രകടമായി രേഖപ്പെടുത്തി എന്നു വിശ്വസിക്കാം. ഇതിൻെറ സൂചന സ്പൊളേററായിലേ മെനററീലോ എന്ന ഡൊമിനിക്കൻ സന്യാസി, സന്തോ കൊൺകോർഡിയോ വിശുദ്ധ ബർത്തലോമ്യൂയച്ച രേഖയിൽ നിന്നു ലഭിക്കുന്നുണ്ടു്.[30] തീരപ്രദേശത്തു് മുസ്ലീമുകളായിരുന്നു ഭൂരിപക്ഷം എന്നും ഉൾപ്രദേശങ്ങളിൽ കുറെ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നും അവർ അവരേക്കാൾ ന്യൂനപക്ഷമായ യഹൂദന്മാരെ മർദ്ദിക്കുന്നു എന്നുമാണു് രേഖയിൽ പറഞ്ഞിരിക്കുന്നതു്.

ഇൻഡ്യയിലേ അനുകൂലമനോഭാവം വേഗം ഫലം പുറപ്പെടുവിക്കുമെന്ന ധാരണ ജോൺ സന്യാസിക്കുണ്ടായിരുന്നു. എന്നാൽ അധികാരികൾ അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾക്കു് ഉടനെ വഴിപ്പെട്ടില്ല. പ്രഥമത ചൈനീസ് മിഷൻെറ സംരക്ഷണത്തിനു വേണ്ടത്ര ആളുകളെ നൽകേണ്ടിയിരുന്നു. അതിനാണു് പ്രഥമ പരിഗണന ലഭിച്ചതു്. ചൈനയിൽ എത്ര ബുദ്ധിമുട്ടുകളാണു് സഹിക്കേണ്ടിവന്നതു് എന്നു ദൈവത്തിനു മാത്രമേ അറിയൂ.

1320 ലെ ശരത്കാലത്തു് നാലു ഫ്രാൻസിസ്ക്കൻ മിഷനറിമാർ താവുരിസിൽ എത്തി. അവർ വിദൂരപൗരസ്ത്യദേശത്തേയ്ക്കു പോകാനുള്ളവരായിരുന്നു എന്നാൽ ഇന്ത്യയിൽ പുതിയ രൂപത സ്ഥാപിച്ചതുകൊണ്ടു് അവരുടെ യാത്രയ്ക്കു വിരാമമിടേണ്ടിവന്നു. തവുരിസിലേ ഡൊമിനിക്കൻ സന്യാസികളുടെ കൂട്ടത്തിൽ ഫ്രാൻസിലേ സെവറാക്കിൽ ജനിച്ച ജോർഡൻ കത്തലാനി എന്ന കരുത്തനായ മനുഷ്യനുണ്ടായിരുന്നു.[31] പേർസ്യയിൽവന്നു് അധികം താമസിയാതെ അദ്ദേഹം പേർസ്യൻ ഭാഷയിൽ വൈദഗ്ധ്യം നേടി. ഡൊമിനിക്കൻ സഭയിലേ ധ്യാനനിരതമായ അന്തരീക്ഷം അദ്ദേഹത്തിനു മടുപ്പായി ത്തോന്നിയതിനാൽ അദ്ദേഹം ഫ്രാൻസിസ്ക്കൻ സന്യാസസഭയിൽചേർന്നു. അവരോടുകൂടെ ചേർന്നു് 1321 ൻെറ ആരംഭത്തിൽ ഇപ്പോഴത്തെ ബോംബെയ്ക്കു് സമീപമുള്ള സാലസ് ദ്വീപിലേ

താനാ തുറമുഖത്തു കപ്പലിറങ്ങി. അവിടെ നെസ്റ്റോറിയരുടെ ഒരു ചെറിയ സമൂഹം ഉണ്ടായിരുന്നു. പ്രസ്തുത നല്ല ക്രിസ്ത്യാനികൾ ഗുജറാത്തിൻെറ തീരത്തുള്ള അനാഥരായ ഒരു ചെറിയ ക്രൈസ്തവസമൂഹത്തെപ്പററി സന്യാസികളെ അറിയിച്ചു. വൈദികരുടെ അഭാവംമൂലം മതകാര്യങ്ങളെപ്പററി അജ്ഞരായിരുന്ന ആ പാവപ്പെട്ട ക്രിസ്ത്യാനികളെ സന്ദർശിക്കവാൻ ജോർഡൻ പുറപ്പെട്ടു. ഇതിന്നിടെ താനയിലുണ്ടായിരുന്ന ജോർഡൻെറ സഹപ്രവർത്തകർ തടവിലാക്കപ്പെട്ടുകയും കൊല്ലപ്പെട്ടുകയും ചെയ്തു. (1321 ഏപ്രിൽ 9) [32]

ചൈനയിലേയ്ക്കു പുറപ്പെടുവാൻ ജോർഡനു് അനുവാദമുണ്ടായിരുന്നില്ല. അതുകൊണ്ടു് അദ്ദേഹം ഇന്ത്യയിൽതന്നെ താമസിച്ചു. താമസംവിനാ താവുരിസിൽനിന്നു മറെറാരു സഹപ്രവർത്തകൻകൂടി എത്തിച്ചേർന്നു. ജോൺ മൊൻറികൊർവീനോ മുൻകൂട്ടി ദർശിച്ചതുപോലെ ഇൻഡ്യാക്കാരുടെ ഇടയിലുള്ള പ്രേഷിതവൃത്തി സുഗമമായിരുന്നു. ജനങ്ങൾ സഹിഷ്ണുക്കളായിരുന്നു. മുസ്ലീമുകൾ ഇല്ലായിരുന്നു എങ്കിൽ വളരെ അധികം മാനസാന്തരം സാധ്യമാകുമായിരുന്നു. ഈ രാജ്യത്തു കൂടുതൽ താല്പര്യം പ്രദർശിപ്പിക്കണമെന്നു കാണിച്ചു ജോർഡൻ കതലാനി തൻെറ അധികാരികൾക്കും മാർപ്പാപ്പയ്ക്കും അനേകം കത്തുകൾ എഴുതി. അദ്ദേഹത്തെ യൂറോപ്പിലേക്കു തിരികെ വിളിച്ചു. അദ്ദേഹം അവിഞ്ഞോണിൽവച്ചു് അദ്ദേഹത്തിൻെറ Mirabilia Descripta എഴുതുകയും ചെയ്തു.[33] അവിടെനിന്നു 1330 ൽ കൊല്ലത്തെ മെത്രാനായി അഭിഷിക്തനായിപോന്നു. ക്രിസ്ത്യാനികൾ താമസിച്ചിരുന്ന ഇന്ത്യൻ പ്രദേശത്തെ ആദ്യത്തെ യൂറോപ്യൻ മെത്രാൻ അദ്ദേഹമാണു്.

രാജ്യത്തിൻെറ രാഷ്ട്രീയവും മതപരവുമായ സ്ഥിതിയെക്കുറിച്ചു ജോർഡൻ റോമൻ കൂരിയക്കു വിവരം നല്കിയിരുന്നു. അദ്ദേഹത്തിൻെറ പ്രവർത്തനം കൂടുതൽ വിജയകരമായിത്തീരാൻ പോപ്പു ജോൺ ഇരുപത്തിരണ്ടാമൻ (1316–34) അദ്ദേഹത്തെ പരിചയപ്പെടുത്തുന്ന വളരെ കത്തുകൾ നല്കുകയുണ്ടായി. ഒന്നു് ഇന്ത്യൻ കത്തോലിക്കർക്കായിരുന്നു. മറെറാന്നു ശീശ്മയിൽനിന്നും മററുമതങ്ങളിൽനിന്നും പിന്തിരിഞ്ഞിട്ടുള്ളവർക്കും, അവസാനത്തേ കത്തു് കൊല്ലത്തെ നസ്രാണി ക്രിസ്ത്യാനികൾക്കുമായിരുന്നു. [34]

പോർഡനോണിലേ ഒഡെറിക്കു് (1324–5) താനയിലേ നെസ്റ്റോറിയരെ സന്ദർശിച്ചു. ഉപദ്വീപിലെവിടെയോ ഒരു ഫ്രാൻസിസ്കൻ സന്യാസഭവനത്തിൽ അദ്ദേഹം സ്വീകരിക്കപ്പെട്ടു. പിന്നീടു മലബാറിൽ യഹൂദന്മാരും ക്രിസ്ത്യാനികളും തമ്മിൽ ശണ്ഠകൂടുന്നു എന്നറിഞ്ഞു് അദ്ദേഹം അങ്ങോട്ടു ചെന്നു. വാസ്തവത്തിൽ എല്ലാ ശണ്ഠകളിലും ക്രിസ്ത്യാനികളാണു വിജ

യിച്ചതു്.[35] ചിവേസ്സയിലേ മാർസെല്ലിനോ പ്രസാധനം ചെയ്ത ലത്തീൻ ഗ്രന്ഥത്തിൽ[36] യഹൂദരെപ്പററി പരാമശിച്ചിട്ടില്ല. ഹിന്ദുക്കളെപ്പററി മാത്രമേ അതിൽ പറയുന്നുള്ളു. മൈലാപ്പൂരിൽ തോമസ്സ് അപ്പസ്തോലൻെറ പള്ളിക്കടുത്തു കടുത്ത ശീശ്മക്കാരായിരുന്ന നെസ്തോറിയരുടെ വിഗ്രഹങ്ങൾ നിറഞ്ഞ പതിനഞ്ചു ഭവനങ്ങൾ ഉണ്ടായിരുന്നു.[37]

ഗൊലുബോവിച്ച് ഒ. എഫ്. എം, ഫ്രാൻസിസ്കനായ ജോൺ എലമോസിനാ (1336) യുടേതെന്നു് അവകാശപ്പെടുന്ന Chronicon seu Lber Historiae Plurimae എന്ന ഗ്രന്ഥത്തിൽ മധ്യഭാരതത്തിലേ ക്രിസ്ത്യാനികളെക്കുറിച്ചു പരാമശിക്കുന്നുണ്ടു്. ഈ ഭാഗത്തു് ഏഴു സാമ്രാജ്യങ്ങളെപ്പററിയും ഒരു നെസ്തോറിയൻ രാജാവിനെപ്പററിയും പറയുന്നുണ്ടു്. ചില ഡൊമിനിക്കൻ സന്യാസികളോ ഫ്രാൻസിസ്കൻ സന്യാസികളോ ആയിരിക്കണം രാജാവിനു സത്യവിശ്വാസത്തെക്കുറിച്ചു പറഞ്ഞുകൊടുത്തതു്.[38]

ഫ്ളോറൻസിലേ ഫ്രാൻസിസ്കനായ ജോൺമരിഞ്ഞോള കഠിനമായ അതിസാരംമൂലം പതിനാലുമാസം (ഏപ്രിൽ 1349– ആഗസ്റ്റ് 1349) കൊല്ലത്തു കഴിച്ചുകൂട്ടി. പിന്നീടദ്ദേഹം മൈലാപ്പൂർ, സിലോൺ, പേർഷ്യൻ ഉൾക്കടൽ എന്നിവ വഴി യൂറോപ്പിലേയ്ക്കു മടങ്ങി. മഹമ്മദീയരെക്കാൾ വളരെ കൂടുതലാണു മാർതോമ്മാക്രിസ്ത്യാനികൾ (ആദ്യമായി ഈ പദം യൂറോപ്യൻ പുസ്തകങ്ങളിൽ ഉപയോഗിക്കുന്നതു് ഇവിടെയാണു്) എന്നത്രെ ജോണിൻെറ മതം. മാർപ്പാപ്പയുടെ പ്രതിനിധി എന്നനിലയിൽ അദ്ദേഹത്തിനു വളരെയധികം സമ്മാനങ്ങൾ ക്രിസ്ത്യാനികളിൽനിന്നും ലഭിക്കുകയുണ്ടായി.[39] അന്നു കൊല്ലത്തു ജോർഡൻ കത്തലാനി പണിതലങ്കരിച്ച സെൻറ് ജോർജ്ജിൻെറ ഒരു ലത്തീൻ പള്ളി ഉണ്ടായിരുന്നു.

മലബാറിനെ സംബന്ധിച്ചിടത്തോളം രണ്ടു ക്രിസ്ത്യൻ സമുദായങ്ങൾ നിലവിലിരുന്നു. ഒന്നു് ഹിന്ദുക്കളിൽനിന്നു പുതുതായി പരിവത്തനം ചെയ്യപ്പെട്ടവർ, മററൊന്നു് നെസ്തോറിയർ എന്നു് കരുതപ്പെട്ടിരുന്ന സുറിയാനി ക്രിസ്ത്യാനികൾ. അവർ തമ്മിലുള്ള ബന്ധത്തിൻെറ സ്വഭാവം നമുക്കു് അറിഞ്ഞുകൂടാ. എന്നാൽ പുരാതന ക്രിസ്ത്യാനികൾ ലെഗേററിനു മാസംതോറും ഒരു വിഹിതം കൊടുത്തിരുന്നതിൽനിന്നു പാശ്ചാത്യ മിഷനറിമാരും തദ്ദേശ ക്രിസ്ത്യൻ സമുദായങ്ങളും തമ്മിൽ നല്ല ബന്ധമുണ്ടായിരുന്നു എന്നു് അനുമാനിക്കാം.[40]

1415നും 1438നും ഇടയ്ക്കു് നിക്കോളാസ്സ് ഡികോൻറി പലപ്രാവശ്യം ഇന്ത്യ സന്ദശിച്ചു. സെൻറ് തോമസിൻെറ

കബറിടത്തിനു സമീപവും മററു പലയിടത്തും നെസ്തോറിയർ താമസിക്കുന്നതു് അദ്ദേഹം കണ്ടു. മൈലാപ്പൂരിൽ തന്നെ ആയിരം നെസ്തോറിയർ ഉണ്ടായിരുന്നു എന്നും എന്നാൽ മററു ക്രിസ്ത്യാനികൾ യൂറോപ്പിലെ യഹൂദന്മാരെപ്പോലെ ഇന്ത്യ മുഴുവൻ ചിന്നിച്ചിതറി കിടക്കുകയാണെന്നും അദ്ദേഹം പറയുന്നു.[41] പോർത്തുഗീസുകാരുടെ ആഗമനത്തിനു മുമ്പു് ഇന്ത്യയിലേ ക്രൈസ്തവരെക്കുറിച്ചു സൂചിപ്പിക്കുന്ന അവസാനത്തെ സന്ദർശകൻ കോണ്ടിയാണു്.

## മെസപ്പൊട്ടേമിയായും കേരളവും ഒററനോട്ടത്തിൽ

ഈ അധ്യായത്തിന്റെ ആരംഭത്തിൽ പറഞ്ഞിട്ടുള്ള സുറിയാനി രേഖകളിൽ ഇന്ത്യയെക്കുറിച്ചുള്ള പരാമർശമില്ലാത്തതു് ആശ്ചര്യമായി തോന്നാം. പക്ഷേ, പൂർവ്വസുറിയാനിക്കാരുടെ ചരിത്രം പഠിക്കുമ്പോളറിയാം 1263 ൽ മംഗോളിയൻ സൈന്യം മെസപ്പൊട്ടേമിയയെ നാമാവശേഷമാക്കി എന്നു്. അതിനുശേഷം നെസ്തോറിയൻ സമുദായം ദയനീയമായി അധഃപതിച്ചുകൊണ്ടിരുന്നു. ചരിത്രത്തിൽ പിന്തലമുറയെ നല്കാൻ പോലും ആളുകൾ കഷ്ടിയായിരുന്നു.[42] ഇന്ത്യയിൽ ഉദയംപേരൂരെ 'ഓട്ടോ ഡെഫേ' (auto-da-fe) കല്പനമൂലം വളരെയധികം കൈയെഴുത്തുരേഖകൾ നഷ്ടപ്പെട്ടു. അല്ലെങ്കിൽ ഇതിന്റെ പേജുകൾ മലബാർ ക്രിസ്ത്യാനികളുടെ ചരിത്രം വെളിപ്പെടുത്തുമായിരുന്നു.[43]

എന്നാൽ വത്തിക്കാൻ ഗ്രന്ഥാലയത്തിൽ (Vartic. Syr.204) സൂക്ഷിച്ചിട്ടുള്ള ഒരു കൈയെഴുത്തുരേഖയാണു് പതിനഞ്ചാം നൂററാണ്ടിന്റെ അന്ത്യഘട്ടത്തിൽ ഇന്ത്യയിലെ ക്രിസ്ത്യൻ സമുദായ പരിതസ്ഥിതിയെ വെളിപ്പെടുത്തുന്നതു്. കൽദായ ലിപിയിൽ എഴുതിയതെങ്കിലും അറബി, സുറിയാനി പാഠഭേദങ്ങൾ ഉൾക്കൊള്ളുന്ന അസാധാരണ രചനയാണതിന്റേതു്. ആൻഡ്രൂ സ്സാണ്ടർ 1718 മുതൽ 21വരെ സേവനം ചെയ്തശേഷം പൗരസ്ത്യദേശത്തുനിന്നും കൊണ്ടുവന്ന രേഖയാണിതു്.[44] ഈ രേഖയുടെ ചുരുക്കമിതാണു്. വളരെക്കാലം മെത്രാന്മാരുടെ അഭാവം മൂലം മലബാർ ക്രിസ്ത്യാനികൾ അവരിൽനിന്നു തന്നെ മൂന്നു പേരെ തിരഞ്ഞെടുത്തു; തങ്ങളുടെ ഹയരാർക്കി പുനഃസ്ഥാപിക്കണമെന്ന ആവശ്യം ഉണ്ടായി. അവരെ സെലൂചിയ സെസിഫോണിലേ പാത്രിയർക്കീസിന്റെ പക്കലേക്കയച്ചു. മൂന്നു് ആളുകളിൽ ഒരാൾ വഴിയിൽവച്ചു മരിച്ചു. മററു രണ്ടുപേർ സുരക്ഷിതരായി അവിടെ എത്തി. ഗാസിറയിൽ വച്ചു പാത്രിയർക്കീസു് അവർക്കു പുരോഹിതപട്ടം നല്കി. അതിനുശേഷം അവരെ തങ്ങളുടെ ഭാവി ഇടയന്മാരെ തിരഞ്ഞെടുക്കാൻ മാർ എവുഗിന്റെ ആശ്രമത്തിലേക്കയച്ചു. മാർ തോമസ്, മാർ ജോൺ എന്ന പേരുകളിൽ രണ്ടു സന്യാസിക

ളെ തിരഞ്ഞെടുത്തു് അഭിഷേചിച്ചു. അവർ പ്രതിനിധിക ളോടൊപ്പം ഇന്ത്യയിലേയ്ക്കു തിരിച്ചു. അവക്കു ഹാർദ്ദവമായ സ്വാഗതം നല്കപ്പെട്ടു. അവർ പുരോഹിതന്മാക്കും പട്ടം നല്കു വാനും അംത്താര കുദാശ ചെയ്യുവാനും ബദ്ധശ്രദ്ധരായി. അതു് ജനങ്ങാംക്കു് അത്യാവശ്യമായിരുന്നുതാനും.

അധികം താമസിയാതെ വീതാംശവും വിശ്വാസികാം നല്കിയ സൗജന്യദാനങ്ങളുംകൊണ്ടു് മാർ തോമസ് മെസപ്പൊട്ടേ മിയായിലെ കാതോലിക്കോസിൻെറ പക്കലേയ്ക്കു മടങ്ങി. ഇവ രുടെകൂടെ ഒരു നീഗ്രോ സേവകനുമുണ്ടായിരുന്നു. മുൻ കാതോലി ക്ക സൈമൺ അഞ്ചാമൻ മരിച്ചു; അദ്ദേഹത്തിൻെറ പിൻഗാമി ഏലിയാസ് അഞ്ചാമൻ (1502–3) വീണ്ടും മാർ എവുളിലേ സ ന്യാസികളുടെ സഹായം ആവശ്യപ്പെട്ടു. യഹബല്ലഹ എന്ന പേ രിൽ ഒരു മെത്രാപ്പോലീത്തായും അദ്ദേഹത്തിൻെറ സഹായിക ളായി മാർ ഡൻഹയും 4 (ഇദ്ദേഹത്തിൻെറ പേരു് ജമീൻ വിട്ടു കളഞ്ഞു) മാർ യാക്കോബും സന്യാസികളിൽനിന്നു് അഭിഷി ക്തരായി. മാർ ജോൺ മലബാറിലേ മെത്രാന്മാരിലൊരാളായി രുന്നു. പോർത്തുഗീസുകാർ വന്നപ്പോരം നിലവിലിരുന്ന ഹയ രാക്കി അതായിരുന്നു. മാർ ജേക്കബിനാൽ 1504ൽ പകർത്ത പ്പെട്ട സങ്കീർത്തനത്തിൻെറ ഒരു കോപ്പി എഫ്. നാവു പ്രസി ദ്ധീകരിച്ചിട്ടുണ്ടു്.[45]

കൽദായരുമായി ബന്ധപ്പെട്ട മലബാർ സഭയുടെ പൗരോ ഹിത്യത്തിൻേറയും ഹയരാക്കിയുടേയും പ്രശ്നങ്ങളുടെ ഒരു വ്യക്ത മായ ചിത്രം ഒരു വത്തിക്കാൻ രേഖയിൽ (Vatic Syr. 204) നിന്നു ലഭിക്കുന്നുണ്ടു്. സീറോ മലബാർ സഭയും എത്തിയോപ്പി യൻ സഭയുമായി തമ്മിൽ വളരെയേറെ സാമ്യമുണ്ടു്. ഈ രണ്ടു രാജ്യത്തും അലക്സാണ്ടറിയായിലേ പാത്രിയക്കീസിനോ സെലൂ ചിയ സെസിഫോൺ പാത്രിയക്കീസിനോ മെത്രാന്മാരെ അഭി ഷേകം ചെയ്യാനുള്ള അധികാരം ഉണ്ടായിരുന്നു. എന്നാൽ ഒരു തദ്ദേശ ഹയരാക്കി സ്ഥാപിക്കുന്നതിനുപകരം തങ്ങളുടെ സമീപ ത്തുള്ള സന്യാസികളേയാണു് രണ്ടു പാത്രിയക്കീസുമാരും തിര ഞ്ഞെടുത്തതു്.

മേൽപ്പറഞ്ഞ ഏകരേഖയിൽ പ്രസ്താവിച്ച മെത്രാന്മാരെ കുറിച്ചുള്ള വിവരങ്ങളെ പോർത്തുഗീസ് കുറിപ്പുകരം സ്ഥിരീക രിക്കുകയാണു് ചെയ്യുന്നതു്. മെസപ്പൊട്ടേമിയായിൽനിന്നുള്ള ആദ്യദൗത്യസംഘത്തിലെ ഒരു പ്രതിനിധിയായിരുന്ന ഫാദർ ജോസഫ് പിന്നീടു് 1501ൽ ഡോൺ പെഡ്രോകബ്രാളിനെ ലിസ്ബണിലേക്കു് അനുഗമിച്ചു. ഇൻഡ്യയിലേക്കു മടങ്ങുന്ന തിനുമുമ്പു് അദ്ദേഹം റോമയും വെനീസും സന്ദർശിച്ചു. 1518ൽ അദ്ദേഹം കൊടുങ്ങല്ലൂർ ഇടവകയുടെ വികാരിയായിരുന്നു.[46]

---

1. P. G. 88, 169, 445, E. O. WINDSTEDT, The, Christian Topography of Cosmas Indicopleustes, Cambridge 1909, പേജ്, 119, 321, കുറിപ്പുകൾ പേജ് 332, 344, 346; J. W. Mc Crindle, the christian Topography of Cosmas, ലണ്ടൻ, 1897 പേജ് 118-9, കോസ്മസിനെക്കുറിച്ച്, എച്ച്. ലക്ലേർക്ക് "Kosmas Indicopleustes" എന്നു കൃതിയിൽ പരാമർശിക്കുന്നു. D. A. C. L. വാല്യം VIII (1) 820-49. വി. ബർത്തോൾഡ്, la DECOUVERTE de l'ASIE, പാരീസ്, 1947 പേജ് 68

2. J. TKATSCH, 'SOKOTRA' ENCYCLOPAEDIA of ISLAM' എന്ന ഗ്രന്ഥത്തിൽ ലെയ്ഡൻ. 1934 വാല്യം IV പേജ് 478

3. അർബേലയുടെ നാളാഗമപ്രകാരം പേർസ്യൻ ഉൾക്കടലിന്റെ അറേബ്യൻതീരത്തിന്റെ വടക്കുഭാഗത്തുള്ള ബെയ്ത്ത് കുററായിൽ എ. ഡി. 225 ൽ ഒരു മെത്രാസനമോ അഥവാ അവിടെ ഒരു മെത്രാന്റെ താമസമെങ്കിലുമോ ഉണ്ടായിരിക്കാം. നിറയെ വ്യക്തിപരാമർശനങ്ങളായതുകൊണ്ട് ഈ നാളാഗമം വളരെ ശ്രദ്ധിച്ചു കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. A. Mingana, 'La Chronique d'Arbeles', Sources Syriaques, Mosul, 1907, vol. I, രേഖ പേജ് 1-75, തർജ്ജമ പേജ് 76-108; M. E. Sachau, 'Die Chronik von Arbela, Ein Beitrag zur Kenntnis der altesten Christentums im orient, in Abhandlungen der kgl. preuss. Akademie der Wissenschaften phil. hist. Klasse, Berlin, 1906, n. 6; A. von Harnack, Mission und Ausbreitung des Christentums, vol. II, pp. 683-91 P. Peeters S. J., Le passionnaire d'Adiabene', A. B. 43 (1925), pp. 261-304; F. Zorell S. J., 'Chronica Ecclesiae Arbelensis', O. C. 8(1927), n. 31 പേജ് 141-204.

4. H. Gismondi S. J.., Maris Amri et Slibae de Partiarchis Nestorianorum Commentaria, Rome, 1896-9, പേജ് 125, തർജ്ജമ p. II.

5. The Travels of Marco Polo, (എ. റിച്ചിയുടെ തർജ്ജമ) London 1931, പേജ് 338, 340. വീണ്ടും H. Yule, H. Cordier, The Book of Ser Marco Polo, London, 1921 vol. II, pp. 406-7. മൂലരേഖ താഴെ ചേർക്കുന്നു: Et sachies que celz de cest ysle sunt cristienz bateces et ont arcevesque.. Ceste arcevesque ne a que fer con le apostoille de Rome: mes vos di qu'el est sotpost a un arcevesque que demeure a Baudac (Bagdad). Et cestui arcevesque de Baudac mande ceste arcevesque de ceste ysle; et encore mande en plosors parties dou monde aussi com fait l 'apostoille de Rome. E tui cesti clereges et prelais ne sunt obeisant a le yglise de Rome, mes sunt tuit obeisant a celz grant Prelais de Baudac, qu'il

ont por leur pape', Il milione, Ed. L. Foscole Benedetto, Florence, 1928, പേജ് 203-5. മാക്കോപോളോ യാത്രയുടെ അവസാനത്തെപതിപ്പുകൂടി കാണുക. A. C. Moule and P. Pelliot, Marco Polo: The Description of the World, ലണ്ടൻ 1938, vol. I പേജ് 425-7.

6. J. Tkatsh മേൽപുസ്തകം

7. ഇ. ആർ. ഹാംബി എസ്. ജെ. "The Syrian Church in India" C. M. 16 (1952) പേജ് 368 നമ്പർ 6 എ. സി. പെരുമാലിൽ എസ്. ജെ." The Apostles of Kalyana (Bombay) J. 1. H. 22 (1943) പേജ് 76.

8. E. O. Windstedt മേൽപുസ്തകം പേജ് 354

9. Chronique de Seert, P. O. C. 7, പേജ് 117

10. മേൽരേഖ 13, പേജ് 497

11. എ. മിഞ്ഞാന മടി കാണിക്കുന്നുണ്ടെങ്കിലും മററു സാക്ഷ്യങ്ങളും ഉണ്ട്. ഉദാ. M. Streck. 'Kalah' Encyclopaedia of Islam, ലെയഡൻ, 1927, വാല്യം 11, പേജ് 669—70" ഈശോബീയ മൂന്നാമൻെറ Liber Epistolarum' ആർ. ഡുവൽ പ്രസാധനം ചെയ്തു. C. S. C. O. Script Syri Ser. 2, 64 പേജ് 252

12. ജെ. ലബോർട്ട്, De Timotheo I . . —et Christianorum Orientalium Condicione sub Chalifs Abbasidis, പാരീസ്, 1904 Quest XXXI, പേജ് 63. തിമോത്തി ഒന്നാമൻ കാതോലിക്കോസിനെപ്പററി E. ടിസ്സറാങ്ങ് Timothee I, D. T.C. വാല്യം XV, 1121-39

13. Gregorii Barhebraei Chronicon Ecclesiasticum, ജെ. ബി. അബെലൂസും, ടി. ജെ. ലാമിയുംകൂടെ പ്രസാധനം ചെയ്തു. പാരീസ് ലുവൈൻ 1877, വാല്യം III, പേജ് 171

14. ജെ. എസ്സ്. അസ്സമാനി, മേൽപുസ്തകം വാല്യം മൂന്ന എ പേജ് 346; എ. മായി Scriptorum Veterum Nova Collectio, റോം 1838, വാല്യം Xa മൂലരേഖ പേജ് 304 തർജ്ജമ. പേജ് 142 ജെ, ഡുവാലിയറുടെ അഭിപ്രായം ആദരിച്ചാൽ പതിമൂന്നാം സ്ഥാനമാണുള്ളതു്. സെലിബാ പറയുന്നതനുസരിച്ച് പതിനഞ്ചാം സ്ഥാനവും. ചൈനക്ക് ശേഷമാണ് അതിൻെറ സ്ഥാനം എന്ന J. DAUVILLIER, Les provinces chaldeennes de l'exterieur, in melan ges, F. CAVALLERA, ടൂളൂസ്, 1948, പേജ് 313

15. D. J. KARKA, History of Paris, ലണ്ടൻ 1884 വാല്യം 1, പേജ് 26-35

16. ജെ. എസ്സ്. അസ്സമാനി. മേൽപുസ്തകം വാല്യം III b പേജ് CCCCXLIV-V

17. G. M. RAE The Syrian Church in India, ലണ്ടൻ, എഡിൻബേറാ, 1892 പേജ് 155-65 ഷ്ഹാമറിൻെറ ഊഹം മാർ ജേക്കബിൻെറ നഷ്ടപ്പെട്ട രണ്ടു ചെമ്പേടുകൾ തന്നെയാണു പിന്നീട് തേവലക്കരയിൽ കണ്ടെത്തിയതെന്നാണ്. ജീ. ഷ്ഹാമർ. "The Malabar Church and Rome, തൃശ്ശിനാപ്പിള്ളി, 1934 പേജ് 23, നമ്പർ 69.

ചെമ്പേടുകളിൽ ഒന്നായ ''ഇരവികോർട്ട''ത്തിൻെറ കാലം എ.ഡി. 230 മാർച്ച് 6–ാം തീയതിയാണെന്നു കെ. എൻ. ദാനിയൽ പറയുന്നു. പക്ഷേ, ഇതു പണ്ഡിതന്മാർക്കു സ്വീകാര്യമല്ല. മേൽപ്പറഞ്ഞ കൊല്ലം ചെമ്പേടുകൾ രണ്ടാം കുടിയേററക്കാലത്തേതാണെന്നു തീർച്ചയാണ്. അതിൽ കാണുന്ന കൂഫി സ്ക്രിപ്ററ് (CUFI SCRIPT)ഇതിനു ഉപോൽബലകമാണ്. കെ. എൻ. ദാനിയൽ' Kottayam Plate and VIRA. RAGHAVA CHAKRA VARTHI' I. A. 53. (1924) പേജ് 185–96, 219–29, 244–51, T. K. Joseph, The Malabar christians and their Ancienl Documents, തിരുവനന്തപുരം 1929, പേജ് 32.

18. കോട്ടയം കുരിശിനെപ്പററി എ. ഈ. ബർണൽ. Some Pahlavi Inscriptions in South India 1·A. 3 (1874) പേജ് 308—16.

മുട്ടചിറ കുരിശിനെപ്പററി. എ. മിഞ്ഞാന ''The Early Spread of Christianity in India: B. J. R. L.10 (1926) പേജ് 506 കടമററം കുരിശിനെപ്പററി. എ. എസ് ആർ. അയ്യർ 'A New persian Cross from Travancore' The Ceylon Antiquary and Literary Register എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം 9 (1924) പേജ് 188–96. T. K Joseph, Malabar Miscellany I. Another persian Cross in Travancore, I. A. 52 (1923) പേജ് 355–59. (A pahalvi Inscription round a persian Cross at Katamaram, Travancore 53 (1924) പേജ്123; എ. മോഡി. A Christian Cross with a pahlavi Inscription recently discovered in Travancore J. B. B. R. A. S. (New series) 2(1926) പേജ് 1—18. കുരിശുകളിൽ ഉപയോഗിച്ചിരിക്കുന്ന ലിപികൾ ആറും എട്ടും ശതാബ്ദത്തെ കുറിക്കുന്നു. കോട്ടയത്തു കണ്ടെത്തിയ രണ്ടാമത്തെ കുരിശിൽ മാത്രമേ എസ്ത്രാംഗലയിലുള്ള സുറിയാനി ലിപികൾ കാണുന്നുള്ളൂ. അതു പത്താം ശതാബ്ദത്തിലേതാണ്. G. M. RAE മേൽ പുസ്തകം പേജ്. 120, 124. E. W. WEST. 'Inscriptions around crosses in South India EPIGRAPHIA INDICA. 4(1896–7) പേജ് 174–6. C.P.T. Winck Worth New Interpretatious of the pahlvi cross Inscriptions of southern India J. T. S. 30 (1939) പേജ് 237–44

19. എ. മിഞ്ഞാന മേൽപുസ്തകം പേജ് 508

20. G. M. RAE. മേൽപുസ്തകം പേജ് 166

21. ഇ തിസ്സരാങ്ങ് 'Specimina Codicum Orientalium, റോം, ബോൺ, 1914: ill, 34 a J. S. അസ്സമാനിയും E E അസ്സമാനിയും കൂടി രചിച്ച." Bibliothecae Apostolicae. Vaticanae Codicum Mss Catalogus, റോം; 1758, വാല്യം II പേജ് 187 G Levi della Vida, Ricerche sulla formazione del piu antico fondo di manoscritti orientali della bibliotheca Vaticani Citta del Vaticano. 1979 പേജ് 176, 187-9

22. C. Karalevskij. 'Antoche' D. H. G. E. വാല്യം III 602.12

23. ജി. ഷ ഹാമർ. മേൽപുസ്തകം പേജ് 25–42

24. സെൻറ് ഗ്രിഗരി ഓഫ് ടൂർസ്. In Gloria martyrum. C. C. 31, 32. M. G. H Ser. Rer. Merov I b പേജ് 507 മുതൽ

25. എ. ഈ. മെഡ്ലിക്കോട്ട്. മേൽപുസ്തകം പേജ്. 80–4

26. P. Devos S. J Le Miracle Posthume de S. Thomas l' Apotre, A.B 66 (1948) പേജ് 231-75

27. മാർക്കോപ്പോളോ. Il Millione, ഫളോറൻസ് 1928. പേജ് 187 എച്ച്. യൂളം. എച്ച്. കോർഡിയറും. മേൽപുസ്തകം പേജ് 353-9

28. A. Van den Wyngaert, Sinica Franciscana, കറാച്ചി, 1929, വാല്യം I പേജ് 345

29. 1305 ജൂൺ 8-ാം തീയതിയിലേ കത്ത്. G Golubovich, Bibiite ca Bio-Bibilois grafica della Terra Santa കറാച്ചി, 1919 വാല്യം III പേജ് 87. 1306 ഫെബ്രുവരി 13–ാം തീയതിയിലേ കത്ത്. മേൽരേഖ പേജ് 92

30. മേൽപുസ്തകം വാല്യം I പേജ് 307

31. F. Balme. Un Missionaire Dominicain en Orient au Quatorzieme Siecle Le Bx Jourdain de severac Iveque de Coulam, sur la Cote de Malabar, ause, Indes Orientales 1318-1336 L' Annee Dominicaine 1886, പേജ് 4-10, 58-70, 217-25, 255-60, 297-305

32. താനയിൽ 1320 മുതൽ 1390 വരെ നിലനിന്നിരുന്ന ഒരു ഫ്രാൻസിക്കൻ ആശ്രമം ഉണ്ടായിരുന്നതായി ജീ. ഗോലുബോവിഷ് രേഖപ്പെടുത്തിയിട്ടുണ്ട് വാല്യം II പേജ് 166. താനായിലെ രക്തസാക്ഷികളെക്കുറിച്ച് ഫ്രയർ ജോർഡൻെറ രണ്ടു കത്തുകൾ ലഭിച്ചിട്ടുണ്ട് 1321 ഒക്ടോബർ 12, 1342 ജനുവരി 20. താനയിലേ ആശ്രമശ്രേഷ്ഠനായിരുന്ന ഫ്രയർ ബർത്തുലോമ്യവിൻെറ കത്ത്. 21 (29?) മേയ് 1321. എച്ച് കോർഡിയർ പ്രസാധനം ചെയ്തു. MIRABILA DESCRIPTA, Les Merveilles del Asie de Jourdain Catalani de. Severac, പാരീസ് 1925 പേജ് 19–20, 22–5, 25–8

33. എച്ച് കോർഡിയർ. മേൽപുസ്തകം. പേജ് 125, XIX, ഇന്ത്യയെപ്പററിയുള്ള രേഖ പേജ് III മുതൽ തർജ്ജമ പേജ് 60 മുതൽ

34. എ. മെർക്കാത്തി. Monumenta Vaticana Veterem Diocesim Columben sem (കൊല്ലം) Respicientia (റോം) 1923, പേജ് 13 മുതൽ 28 മുതൽ

35. L. de. Baker, L'Extreme Orient an Moyen Age പാരീസ് 1877, പേജ് 95–102

36. M. da Civezza, storia Universale delle Missioni Francescane, റോം 1859, വാല്യം III പേജ് 753

37. മേൽപുസ്തകം പേജ് 754

38. G. Golubovich മേൽപുസ്തകം വാല്യം II പേജ് 127, നിർഭാഗ്യവശാൽ അധ്യായത്തിൻെറ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. R. Streit, Biblio theca Missionum, Aachen, 1928, വാല്യം IV പേജ് 73 നമ്പർ. 287

39. ജി. ഷ്ഹാമർ മേൽപുസ്തകം 25

40. അദ്ദേഹത്തിൻെറ നാളാഗമം ജെ. എമലർ പ്രസിദ്ധീകരിച്ചു. Fontes Rerum Bohe micarum, പ്രേഗ്, 1882, വാല്യം III പേജ് 496–507

41. Poggio Bracciolini, Historiae de Varietate Fortunae, പാരീസ് 1723, പേജ് 129. M. Longhena, Viaggi in Perisa, India l Gvia di Nicolo de conti, മിലാൻ, 1929 പേജ് 130

42. ഇ തിസ്സരാങ്ങ് L' Eglise Nestorinne D. T. C. വാല്യം XI, 213-8

43. ജെ. സി. ചാബോട്ട്. 'L' antodafe des livres Syriaques au Malabar, Florilegium····Melchior de Vogue, പാരീസ് 1909 പേജ് 613-213. Vatic. Syr. 22 മാത്രമാണ് 1500 ന് മുമ്പുള്ളതായി സീറോ മലബാർ സഭയുടേതായി ലഭിച്ചിട്ടുള്ള കയ്യെഴുത്തു പ്രതി

44. ജെ. എസ്. അസ്സമാനി മേൽപുസ്തകം വാല്യം IIa പേജ് 590–9 എസ്സ് ജമീൽ മേൽപുസ്തകം പേജ് 586—600

45. പാരീസ്. Biblio theque Nationale Mss. Syr. 25 F. Naw Deux Notices relatives au Malabar R. O. C. 17 (1912) പേജ് 83 മുതൽ

46. ഫാദർ ഷ്ഹാമർ ജോസഫ് വൈദികൻെറ പ്രസ്താവന പുനപ്രസിദ്ധം ചെയ്തു. പേജ് 26–41. M. Fra Canzono da Montalbo ddo, Paesi Novamente retrovati et novo mondo da Alberico Vesputio Florentino, വെനീസ് 1507

മൂന്നു്

# മാർത്തോമ്മാക്രിസ്ത്യാനികളും ഉദയംപേരൂർ സൂനഹദോസും

## പോർട്ടുഗീസുകാരുടെ ആഗമനവും പാദ്രുവാദോയും

ആദ്യം ഇൻഡ്യയിലെത്തിയ പോർട്ടുഗീസുകാർ പതിവുള്ള മാർഗ്ഗത്തിലേക്കുതന്നെയാണു് വന്നതു്. പ്രെസ്റ്റർ ജോണിന്റെ സാമ്രാജ്യത്തെക്കുറിച്ചു അന്വേഷിക്കുവാൻ ജോൺ രണ്ടാമൻ ചക്രവർത്തി അൽഫോൻസോ ഡി പാവിയായോടൊപ്പം ജോവോ പേറെസു ഡി കോവിൽഹാമിനെ നിയോഗിച്ചു. അദ്ദേഹം 1487 മേയ് ഏഴാം തീയതി സന്താരത്തുനിന്നു യാത്രപുറപ്പെട്ടു് അലക്സാന്ദ്രിയ കടന്നു് ഏഡനിൽ എത്തി. അറബിനാവികർ സഞ്ചരിച്ച സാധാരണവഴിയിലൂടെ ഏകനായി യാത്രചെയ്തു. ഇതിനിടയിൽ അയാളുടെ കൂട്ടുകാരൻ എത്തിയോപ്പിയയിൽ എത്തിച്ചേർന്നിരുന്നു. പെറസ് ഡി കൊവിൽഹാം മലബാർതീരം സന്ദർശിച്ചു. പിന്നീടു് ആഫ്രിക്കയിലെത്തി സൈലാ മുതൽ സൊഫാലവരെയുള്ള തീരങ്ങൾ സന്ദർശിച്ചു. ഒടുവിൽ എത്തിയോപ്പിയായിൽ എത്തിച്ചേർന്നു.

ഒരിക്കൽ എത്തിയോപ്പിയയിൽ ചെന്നെത്തിയവരെ അവിടെനിന്നും പുറത്തുപോകുവാൻ അന്നാട്ടുകാർ അനുവദിച്ചിരുന്നില്ല. 1520–ൽ റോഡ്രിഗസ്സ് ഡിലീമ പോർട്ടുഗീസുരാജാവിന്റെ അംബാസിഡറായി. അവിടെ എത്തിയപ്പോഴും ജോവോ പെരസ്സ് ഡികോവിൽ ഹാം അവിടെത്തന്നെ ഉണ്ടായിരുന്നു. എന്നാൽ യാത്രാമാർഗ്ഗത്തെപ്പററി രാജാവിനെ ധരിപ്പിക്കുവാൻ അതിനിടെ അദ്ദേഹത്തിനു് എങ്ങനെയോ സാധിച്ചിരുന്നു. ആഫ്രിക്കയുടെ ഏററം തെക്കേ അററംചുററി ഇൻഡീസിലേയ്ക്കു വരിക എന്നതായിരുന്നു അദ്ദേഹം രാജാവിനെ അറിയിച്ച മാർഗ്ഗം.[1]

വാസ്കോഡിഗാമ 1497 ജൂൺ ഏഴാം തീയതി ലിസ്ബണിൽനിന്നു പുറപ്പെട്ടു 1498 മേയ് 14–ാം തീയതി കോഴിക്കോട്ടു എത്തിച്ചേർന്നു. മജീദ് എന്നു പേരായ അറബി ആയിരുന്നു അദ്ദേഹത്തിൻെറ കപ്പിത്താൻ. അതിനുശേഷം എല്ലാ ക്കൊല്ലവും ഓരോ നാവികസംഘം പോർട്ടുഗലിൽനിന്നു ഈസ്റ്റ്ഇൻഡീസിലേയ്ക്കു പുറപ്പെട്ടിരുന്നു. എന്നാൽ 1500ലെ പെഡ്രോകബ്രാളിൻെറ നേതൃത്വത്തിലുള്ള സംഘം, അറബികളുടെ തന്ത്രംമൂലം ആപത്തിലകപ്പെട്ടു. ഫ്രാങ്കുകളുടെ ആഗമനം, മുസ്ലീമുകളുടെ ശത്രുതവഴി ഉണ്ടായ അപകടം, 1502–ൽ വാസ്ക്കോഡിഗാമ നടത്തിയ പ്രതികാരം എന്നിവയെക്കുറിച്ചു മാർയഹ്ബാല്ലഹ, മാർ ഡെൻഹ, മാർ യാക്കോബ് എന്നീ മെത്രാന്മാർ 1504 ൻെറ അവസാനത്തിൽ കാതോലിക്കോസിനെഴുതിയ കത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യായത്തിൻെറ അവസാനത്തിൽ ഈ മെത്രാന്മാരെക്കുറിച്ചു സൂചിപ്പിച്ചിട്ടുണ്ടല്ലോ.[2]

പോർട്ടുഗീസുകാരെ സഹോദരന്മാർ എന്നാണു മെത്രാന്മാർ വിളിച്ചിരുന്നതു്. അവരുടെ യാത്രാസംഘത്തിൻെറ കൂടെ വൈദികരും ഉള്ളതിൽ മെത്രാന്മാർ അവരെ പ്രശംസിച്ചു. 1520–ൽ എത്തിയോപ്പിയ പുതിയ സായുധക്രിസ്ത്യാനികളെ സ്വാഗതം ചെയ്തതുപോലെ, മുസ്ലീംമർദ്ദനത്തിനു വിധേയരായ ന്യൂനപക്ഷമായ ഇൻഡ്യൻ ക്രിസ്ത്യാനികൾ, മുസ്ലീംകളെ ഭയപ്പെടുത്തത്തക്കവിധം സൈനികശക്തിയുള്ള പോർട്ടുഗീസുകാർ തങ്ങളോടുകൂടി ചേർന്നതിൽ ഉത്സാഹഭരിതരായിട്ടുണ്ടായിരിക്കും.

പോർട്ടുഗീസ് നാവികർ ഇൻഡ്യയിലെത്തിയ ആദ്യകാലത്തു്, ഇൻഡ്യൻ ക്രൈസ്തവർ റോമൻ കത്തോലിക്കാസഭയുടെ അംഗമാണോ എന്നൊന്നും ചിന്തിക്കാൻ മെനക്കെട്ടിരിക്കില്ല. ഈ ക്രിസ്ത്യാനികൾ റോമയുമായി സമ്പർക്കമില്ലാതെ ജീവിച്ചിരുന്നു എന്നതിൽ വിസ്മയമില്ലല്ലോ. യൂറോപ്പുമായി വേണ്ടത്ര സമ്പർക്കം ഇല്ലാത്ത നാട്ടിലേയ്ക്കാണു് തങ്ങൾ വന്നിരിക്കുന്നതെന്നു് പോർട്ടുഗൽ രാജാവിൻെറ പ്രതിനിധികൾക്കറിയാമായിരുന്നു. രണ്ടു ശതാബ്ദങ്ങളായി യൂറോപ്പിൻെറ ഏററം അറിയപ്പെട്ടിരുന്ന പ്രെസ്റ്റർ ജോണിൻെറ പ്രജകളായിരുന്നു ക്രിസ്ത്യാനികൾ. പോർട്ടുഗീസുകാർക്കുണ്ടായിരുന്ന അനുകൂലമായ ഈ മുൻവിധി ക്രിസ്ത്യാനികൾക്കു് ഉപകാരം ചെയ്തു. അതുകൊണ്ടുതന്നെയാണു് രണ്ടരമാസം പോർട്ടുഗീസുകാരുടെ കൂട്ടത്തിൽ താമസിച്ചിരുന്ന കൽദായമെത്രാന്മാർക്കു് ലത്തീൻ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാനും പുത്തനായി എത്തിയ ലത്തീൻവൈദികർ പണികഴിപ്പിച്ച ചാപ്പലുകളിൽ ദിവ്യപൂജയപ്പിക്കുവാനും അനുവദിച്ചിരുന്നതു്.[3]

മലബാറിലേയോ, എത്തിയോപ്പിയയിലേയോ നാട്ടുക്രിസ്ത്യാനികളെപ്പററി മാറിമാറിക്കൊണ്ടിരുന്ന പോർട്ടുഗീസുകാ





രുടെ മനോഭാവത്തിൻെറ കാരണം മനസ്സിലാക്കണമെങ്കിൽ അ
വരുടെ പര്യടനങ്ങളുടെ പ്രത്യേകസ്വഭാവം മനസ്സിലാക്കിയിരി
ക്കണം. പിന്നീടുവന്ന ഡച്ചുകാരുടേയും ഇംഗ്ലീഷുകാരുടേയും സം
രംഭത്തിൽനിന്നും തികച്ചും വിഭിന്നമായിരുന്നു പോർട്ടുഗീസു
കാരുടേതു്. ഗ്രേററുബ്രിട്ടനിലേയും ഹോളണ്ടു് മുതലായ രാജ്യങ്ങ
ളിലേയും നാവികർ സ്വകാര്യവ്യക്തികളോ വ്യവസായ കമ്പ
നികളോ ആയിരുന്നു. എന്നാൽ, പോർട്ടുഗീസു് കുടിയേററക്കാർ
പോർട്ടുഗീസ് രാജകീയസേനയിലെ ഉദ്യോഗസ്ഥന്മാരായിരു
ന്നു. കച്ചവടത്തിനുവേണ്ടി യാത്രചെയ്തിരുന്നപ്പോഴും രാജകീയ
നാവികപടയെ അവർ കൂടെകൊണ്ടുപോയിരുന്നു. കൂടാതെ
ഗ്രാൻറ് മാസ്റ്റർ ഓഫ് ഓർഡർ ഓഫ് ക്രൈസ്റ്റ് എന്ന സ്ഥാന
പദവി ലഭിച്ചവരുടെ പിൻഗാമികളാണെന്ന വസ്തുതയും
പോർട്ടുഗീസുകാർ ഒരിക്കലും വിസ്മരിച്ചില്ല. മൂർവർഗ്ഗത്തിനെ
തിരെയുള്ള ആക്രമണങ്ങൾക്കു് സൈനികവും മതപരവുമായ
രണ്ടു ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. കൂടാതെ, നാവികനായ ഇൻ
ഫാൻെറ ഹെൻറി ഗ്രാൻറ് മാസ്റ്ററുടെ ഉദ്യോഗം ഏറെറടുത്ത
പ്പോഴും സമുദ്രാന്തരയാത്രയ്ക്കു് മുൻപറഞ്ഞ രണ്ടു ലക്ഷ്യങ്ങൾ
തന്നെ ഉണ്ടായിരുന്നു. സുവിശേഷപ്രചരണവിഷയത്തിൽ
പോർട്ടുഗലിനുള്ള കഴിവു് സുപ്രധാനമായ അനേകം രേഖകൾ
വഴി മാർപ്പാപ്പമാർ അംഗീകരിച്ചിട്ടുമുണ്ടു്.[4]

വിദേശത്തുള്ള പോർട്ടുഗീസു് രൂപതകളുടെ രക്ഷാധികാരി
എന്ന നിലയിൽ പ്രത്യേക അവകാശങ്ങൾ പോർട്ടുഗൽ ചക്ര
വർത്തിക്കു മാർപ്പാപ്പമാർ നൽകിയിരുന്നു. ഈ രൂപതകളുടെ
ചെലവു വഹിച്ചിരുന്നതു് ഓർഡർ ഓഫ് ക്രൈസ്റ്റിൽ എന്ന
സംഘടനയിൽനിന്നാണു്. ഇതാണു് പാദ്രുവാദോയുടെ
ഉത്ഭവം. ഇതു് മിഷനുകൾക്കു് ചിലപ്പോഴെല്ലാം സഹായകര
മായിരുന്നു. എങ്കിലും പലപ്പോഴും അതിൻെറ നിലപാടു്
ചോദ്യം ചെയ്യപ്പെടേണ്ടതുതന്നെയായിരുന്നു.

'ക്രിസ്തുവിൻെറ തീർത്ഥകർ' എന്നു വിളിക്കപ്പെടുന്ന
ഇററലി, ഫ്രാൻസു്, ജർമ്മനി എന്നിവിടങ്ങളിൽനിന്നുള്ള
ഡോമിനിക്കൻ, ഫ്രാൻസിസ്ക്കൻ സന്യാസികൾ ഉൾപ്പെട്ട
മിഷനറിമാർക്കു് ആദ്യമെല്ലാം വിദൂരപൗരസ്ത്യരാജ്യങ്ങളിലെ,
ശീശ്മക്കാരുമായി കൂടുതൽ സ്നേഹബന്ധം സ്ഥാപിക്കാൻ കഴി
ഞ്ഞിരുന്നു. കുരിശുയുദ്ധകാലത്തു് സംഘടിപ്പിക്കപ്പെട്ടിരുന്ന
തദ്ദേശകത്തോലിക്കാ സമൂഹങ്ങൾ അതിനവരെ സഹായിച്ചി
രുന്നു.

പാദ്രുവാദോയുടെ സംരക്ഷണയിലുണ്ടായിരുന്ന മിഷനറി
മാർക്കു നേരിടേണ്ടിയിരുന്ന സാഹചര്യങ്ങൾ തികച്ചും വ്യത്യസ്ത
മായിരുന്നു. അവർ മലബാറിലേയും പിന്നീടു് എത്തിയോപ്പി
യയിലേയും ക്രൈസ്തവസമൂഹത്തിൻെറ ഇടയിലെത്തിയപ്പോൾ

ആ സമൂഹത്തിൻെറ ഭാഷയും, ആരാധനക്രമവും, ചരിത്രവും അവക്ക് അജ്ഞാതമായിരുന്നു. കൂടാതെ, ശീശ്മയിൽ പെട്ടിട്ടുള്ള മററൊരു ക്രൈസ്തവസമുദായം എത്തിയോപ്പിയയിലേയും മലബാറിലേയും ക്രിസ്ത്യാനികളുടെ സമീപം ഉണ്ടായിരുന്നില്ലതാനും. മലബാറിൽ സുറിയാനി ക്രിസ്ത്യാനികളും എത്തിയോപ്പിയയിൽ 'ഏകപുരുഷവാദി'കളും (Monophysites) മാത്രമേ ക്രൈസ്തവസഭയെ പ്രതിനിധാനം ചെയ്യാൻ ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് ആദ്യകാലത്ത് ഇൻഡ്യൻക്രിസ്ത്യാനികളും പോർട്ടുഗീസുകാരുമായി നല്ല ബന്ധം നിലവിലിരുന്നു. ഹിന്ദുക്കളുടേയും മുസ്ലീമുകളുടേയും മധ്യത്തിൽ ക്രിസ്ത്യാനികളെ കണ്ടെത്തിയതു് പോർട്ടുഗീസുകാർക്ക് ചാരിതാർത്ഥ്യജനകമായിരുന്നു.

## ആദ്യകാലത്തെ അസ്വസ്ഥതകളും സംഘട്ടനങ്ങളും

ആദ്യകാലത്ത് നല്ല ബന്ധങ്ങൾ നിലനിന്നിരുന്നുവെങ്കിലും പിന്നീട് പാദ്രുവാദോമിഷനറിമാർ നാട്ടുകാരിൽ സിദ്ധാന്തപരമായ വ്യത്യാസങ്ങൾ അതിവേഗം കണ്ടുപിടിച്ചു.

അനാഗതരെ മാനസാന്തരപ്പെടുത്തുവാനുള്ള ധൃതിപിടിച്ച പരിശ്രമങ്ങളിൽ മുഴുകിയിരുന്ന മിഷനറിമാർക്ക്, നാട്ടുകാരായ ക്രിസ്ത്യാനികളിൽ വിശ്വാസസംബന്ധമായി തെററുകൾ ഉണ്ടെന്നു് തോന്നുകയും, റീത്തുസംബന്ധമായ വ്യത്യാസങ്ങൾ പാഷണ്ഡതയായിരുന്നില്ലെങ്കിലും അപരിചിതമായ ഒരു ആരാധനക്രമം അവർ പുലർത്തിപോന്നതു് സംശയത്തിനു് കാരണമാകുകയും ചെയ്തു. ഇത്തരം വ്യത്യാസങ്ങൾ മിഷനറിമാർക്ക് ഇടർച്ചയ്ക്കു കാരണമാകുകയും അതു് അക്ഷന്തവ്യമാണെന്നു് വിധിയെഴുതുകയും ചെയ്തു. ദൈവരാജ്യത്തിൽ ഐക്യം വേണമെന്ന ആവശ്യമാണു് മിഷനറിമാർ ഉയർത്തിപ്പിടിച്ചതു്.

എന്നാൽ, വാസ്ക്കോഡിഗാമയുടെ നേതൃത്വത്തിൽ പോർട്ടുഗീസുകാർ ഇൻഡ്യയിൽ എത്തി തങ്ങളുടെ നിലയുറപ്പിച്ചതിനുതൊട്ടുമുമ്പ് മലബാർസഭ പുനസംഘടിതമായിട്ടേ ഉണ്ടായിരുന്നുള്ളൂ. അന്നു് മലബാർസഭയുടെ ഹയരാർക്കി മാർ യാബാല്ലഹാ (Yahballaha) എന്നൊരു മെത്രാപ്പോലീത്തായും മാർ ദെനഹാ, മാർ യാക്കോബ്, മാർ യോഹന്നാൻ എന്നീ മൂന്നു സാമന്തമെത്രാന്മാരും കൂടിയതായിരുന്നു. ഇവരിൽ മാർ യോഹന്നാൻ മററുള്ളവരെക്കാൾ രണ്ടുവർഷംമുമ്പ് മെസപ്പൊട്ടേമിയായിൽനിന്നു അയക്കപ്പെട്ടതാണു്. അദ്ദേഹം പോർട്ടുഗീസുകാരുടെ ആഗമനകാലത്തു് ജീവിച്ചിരിപ്പുണ്ടായിരുന്നു. മെസപ്പൊട്ടേമിയായിൽ നിന്നുള്ള ഈ നാലു വൈദികമേലദ്ധ്യക്ഷന്മാർ സെല്യൂഷ്യാ–സെസിഫോണിലെ കാതോലിക്കാസിംഹാസനത്തോട് ഗാഢ

മായി ബന്ധപ്പെട്ടിരുന്നു. എങ്കിലും നെസ്തോറിയനിസത്തിൻെറ അന്ധരായ പ്രണയിതാക്കളായി അവർ അറിയപ്പെട്ടുന്നില്ല. മുകളിൽ ഉദ്ധരിച്ച രേഖയനുസരിച്ച് അവരുടെ കീഴിലുണ്ടായിരുന്ന ക്രൈസ്തവസമൂഹം 30000 കുടുംബക്കാരുൾപ്പെട്ടതാണ്. ഏകദേശം ഇരുപതു പട്ടണങ്ങളിലും നിരവധി ഗ്രാമങ്ങളിലുമാണ് ഇവർ വസിച്ചിരുന്നത്. കണ്ണൂരിൽനിന്നു എട്ടു ദിവസം യാത്രചെയ്ത് എത്താവുന്ന പശ്ചിമഘട്ടത്തിൻെറ തെക്കേ ഭാഗത്തുള്ള കുന്നുകളിലായിരുന്നു ഈ ഗ്രാമങ്ങളും പട്ടണങ്ങളും. ഇററാലിയൻ രേഖകളിൽ അതിനെ 'സേറാ' എന്നാണു വിശേഷിപ്പിച്ചിരിക്കുന്നത്. വിദൂരസ്ഥമായ മൈലാപ്പൂരും ഇതിൽ പെട്ടിരുന്നു എന്നു സ്മരിക്കണം.[5]

മുസ്ലിമുകളുടെ മതപീഡനങ്ങളിൽനിന്നു രക്ഷപ്പെടുന്നതിനു വേണ്ടി ക്രിസ്ത്യാനികൾ 1503 ൽ തങ്ങളെത്തന്നെ വാസ്കോഡിഗാമയ്ക്കു് ഭരമേല്പിക്കുകയും അദ്ദേഹത്തിൻെറ സംരക്ഷണം അഭ്യർത്ഥിക്കുകയും ചെയ്തു. ഈ പ്രവൃത്തിയ്ക്കു് തങ്ങളുടെ മതപരമായ ജീവിതവുമായി ഏതെങ്കിലും ബന്ധമുണ്ടായിരിക്കുമെന്നു് അവർ അന്നു ചിന്തിച്ചില്ല. ഇപ്രകാരം ക്രിസ്ത്യാനികൾ തങ്ങളെത്തന്നെ പോർട്ടുഗീസുകാർക്കു ഭരമേല്പിച്ചുവെങ്കിലും പോർട്ടുഗീസുകാരുടെ സൈന്യങ്ങൾ മലബാർ ക്രിസ്ത്യാനികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ താല്പര്യം പ്രദർശിപ്പിച്ചില്ല. ഈജിപ്ററും ഇൻഡ്യയും തമ്മിലുള്ള ഗതാഗതബന്ധം അവസാനിപ്പിക്കുന്ന ശ്രമങ്ങളിലായിരുന്നു അവരുടെ ശ്രദ്ധ. ഇക്കാലത്തു് ഈജിപ്ററും വെനീസിലേക്കു് സുഗന്ധദ്രവ്യങ്ങൾ കയററുമതി ചെയ്തിരുന്നു. കൂടാതെ കടൽവഴിയുള്ള അറബികളുടെ എല്ലാകച്ചവടബന്ധവും അവസാനിപ്പിച്ച് തുക്കി സൈന്യത്തിൻെറ പുരോഗതിയെ തടയുക പോർട്ടുഗീസുകാരുടെ ലക്ഷ്യമായിരുന്നു. പേർഷ്യൻ ഉൾക്കടൽത്തീരത്തുള്ള വ്യാപാരം പരിമിതപ്പെടുത്തുകയും കൂടുതൽ കർശനമായി കച്ചവടനിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തതു് ഇൻഡ്യൻ ഹൈരാക്കിയും മദ്ധ്യപൂർവ്വേഷ്യയും തമ്മിലുള്ള ബന്ധങ്ങൾ വിച്ഛേദിക്കുവാൻ കാരണമായി. ആകയാൽ പതിനാറാം നൂററാണ്ടിൻെറ പൂർവ്വാർദ്ധത്തിൽ ഏതെങ്കിലും മെത്രാൻ ഇവിടെ വന്നതായി രേഖകളിൽ കാണാത്തതിൽ വിസ്മയത്തിനവകാശമില്ല.

അറിയപ്പെടുന്ന അഞ്ചു വൈദികമേലദ്ധ്യക്ഷന്മാരിൽ മാർ യോഹന്നാൻ 1503-ൽ ജീവിച്ചിരിപ്പുണ്ടായിരുന്നു. അധികം താമസിയാതെ അദ്ദേഹം മൃതിയടഞ്ഞതായി കാണുന്നു. മാർ ദെനഹായേയും മാർ യാബാല്ലഹായേയും സംബന്ധിച്ച് സുനിശ്ചിതമായി ഒന്നുംതന്നെ അറിവില്ല. ഇൻഡ്യയിൽ വന്നു് അധികകാലം കഴിയുന്നതിനുമുൻപു് അവരും മൃതിയടഞ്ഞിരിക്കണം. മലബാറിൽവന്നു താമസമുറപ്പിച്ച മാർ തോമ്മാ

മെത്രാൻ ഇൻഡ്യയുടെ ഏററം തെക്കുഭാഗത്തുള്ളവരുടെ കാര്യങ്ങൾ അന്വേഷിച്ചു പോന്നു. അദ്ദേഹം പാഷണ്ഡിയെന്നു സംശയിക്കപ്പെട്ടെങ്കിലും, 1536-നു കുറച്ചുനാളുകൾക്കുശേഷം ഒരു കത്തോലിക്കനായിത്തന്നെയാണ് മൃതിയടഞ്ഞതു്. മാർ യാക്കോബു ചില കാര്യങ്ങളിൽ ലത്തീൻ ആചാരങ്ങൾക്കു വഴങ്ങിക്കൊടുത്തു. കുറെ ബുദ്ധിമുട്ടിയിട്ടെങ്കിലും അൾവാരോ പെൻട്യാദോ (Alvaro Penteado)[6] തുടങ്ങിയ നിസ്തുലരായ മിഷനറിമാരുടെ സംരംഭങ്ങൾക്കിടയിലും തൻെറ പദവി നിലനിറുത്താൻ അദ്ദേഹത്തിനുകഴിഞ്ഞു.

കുറേക്കഴിഞ്ഞു് അദ്ദേഹം കൊച്ചിയിലെ ഫ്രാൻസിസ്കൻ ആശ്രമത്തിലേയ്ക്കു പിൻവാങ്ങി. ഈ പിൻവാങ്ങൽ നിർബന്ധപൂർവ്വകമായ ഒന്നായിരുന്നു. 1549-ൽ വി. ഫ്രാൻസിസ് സേവ്യർ അദ്ദേഹത്തെ അവിടെ വെച്ചുകണ്ടു.[7] 'ദൈവത്തേയും രാജാവിനേയും ഈ രാജ്യത്തിൽ നാല്പത്തിയഞ്ചുവർഷം സ്തുത്യർഹമായി സേവിച്ച ഭക്തനും വിശുദ്ധനുമായ ഈ വൃദ്ധമെത്രാൻെറ' കാര്യം വിശുദ്ധൻ ജോൺമൂന്നാമൻ രാജാവിനു് എഴുതി. മാർ യാക്കോബിൻെറ അനുരഞ്ജനമനഃസ്ഥിതി തീർച്ചയായും ഈ വിധത്തിലുള്ള പ്രശംസയ്ക്കു് അർഹമായിരുന്നു. ഈ അനുരഞ്ജനമനഃസ്ഥിതി പോർട്ടുഗീസുകാർക്കു തീർച്ചയായും ഇഷ്ടപ്രദമായിരുന്നു. 1541-ൽ കൊടുങ്ങല്ലൂരിൽ ഒരു സ്കൂൾ തുടങ്ങുന്നതിനു ഫ്രാൻസിസ്കൻസിനെ സഹായിച്ചതിലാണ് ഇദ്ദേഹത്തിൻെറ സ്വഭാവവൈശിഷ്ട്യം തെളിഞ്ഞു കാണുന്നതു്. പിന്നീടു് ഉത്തമ സുറിയാനി കുടുംബങ്ങളിൽനിന്നു് ഈ സ്കൂളിൽ കുട്ടികളെ പഠനത്തിനു സ്വീകരിച്ചിരുന്നു. വി. ഫ്രാൻസിസ് സേവ്യറിൻെറ സന്ദർശനസമയത്തു് അവിടെ നൂറിലധികം കുട്ടികളുണ്ടായിരുന്നു.[8]

അൽഫോൻസോ ഡി അൽബുക്കർക്ക് കൊല്ലത്തെ ക്രിസ്ത്യാനികളുടെ ആത്മീയകാര്യങ്ങൾ അന്വേഷിക്കാൻ റൊഡ്രിഗസ് എന്ന ഡൊമിനിക്കൻ സന്യാസിയെ നിയോഗിച്ചിരുന്നു. മെസപ്പൊട്ടേമിയായിൽ നിന്നുള്ള വൈദികമേലദ്ധ്യക്ഷന്മാരുടെ അവകാശങ്ങളെ റൊഡ്രിഗസ് ഒട്ടുംതന്നെ പരിഗണിച്ചിരുന്നില്ല. 1515-ൽ 1200 'നെസ്റ്റോറിയന്മാർ മാനസാന്തരപ്പെട്ടു.' 1516-ൽ മൈലാപ്പൂരിൽ മററു ചിലരും 'മാനസാന്തരപ്പെട്ടു'.

പോർട്ടുഗീസുവൈദികന്മാർ എത്രമാത്രം വിവേകശൂന്യമായിട്ടാണു തങ്ങളുടെ ആചാരങ്ങൾ സുറിയാനിക്കാരുടെമേൽ അടിച്ചേല്പിക്കാൻ ശ്രമിച്ചതെന്നു കാണിക്കുന്ന പല രേഖകളും ഫാ. ഷൂർഹാമർ ശേഖരിച്ചിട്ടുണ്ടു്.[9]

വി. ഫ്രാൻസിസ് സേവ്യർ കൂടുതൽ നയശാലിയായിരുന്നു. തീരപ്രദേശങ്ങളിലെ പാവപ്പെട്ട ക്രിസ്ത്യാനികളുടെ ഇടയിലാണ് അദ്ദേഹം ആദ്യം സേവനം തുടങ്ങിയതെങ്കിലും

കൽദായ റീത്തുകാരായ സുപ്രധാന ക്രിസ്തീയസമൂഹത്തിൽ അദ്ദേഹം അപരിചിതനായിരുന്നില്ല. കൊല്ലം, കൊച്ചി, കൊടുങ്ങല്ലൂർ, തിരുവിതാംകൂർ (തിരുവാങ്കോട്) എന്നിങ്ങനെയുള്ള അവരുടെ പ്രമുഖകേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരം പലപ്പോഴും അദ്ദേഹത്തിനുണ്ടായിട്ടുണ്ട്". അവരോടു നേരിട്ടു സുവിശേഷം പ്രസംഗിച്ചില്ലെങ്കിലും അവരുടെ രാജ്യത്തു സുവിശേഷമറിയിച്ചതുകൊണ്ട് അദ്ദേഹം പരിശുദ്ധ കന്യകയുടെ സ്തുതിക്കായി ഉണ്ടാക്കിയ പ്രാർത്ഥനയിൽ "ദൈവപുത്രനായ മിശിഹായുടെ മാതാവായ മറിയമേ" എന്ന സംബോധന ചെയ്തതു കൽദായ ക്രിസ്ത്യാനികളെ സ്മരിച്ചുകൊണ്ടായിരിക്കണം. സഹപ്രവർത്തകർക്കെഴുതുമ്പോൾ ഈ പ്രയോഗംതന്നെ വേണമെന്ന അദ്ദേഹം നിർബന്ധം പിടിച്ചിരുന്നു. പുതുതായി മാനസാന്തരപ്പെട്ട പഴയ 'നെസ്തോറിയന്മാരുടെ' വികാരങ്ങളെ വ്രണപ്പെടുത്താതിരിക്കാൻ ശ്രദ്ധിച്ചിരുന്നതുപോലെ തോന്നും വിശുദ്ധ സേവ്യറിൻെറ ഈ നിർബന്ധം കണ്ടാൽ.[10]

ഈ നൂററാണ്ടിൻെറ പൂർവ്വാർദ്ധത്തിൽ പോർട്ടുഗീസുകാരും സുറിയാനിക്രിസ്ത്യാനികളും തമ്മിൽ മതപരമായ എന്തെങ്കിലും വാദപ്രതിവാദം ഉണ്ടായതിൻെറ യാതൊരു സൂചനയും ലഭിക്കുന്നില്ല. പുതുതായി വന്ന പോർട്ടുഗീസുകാർക്ക് മലയാളം അറിഞ്ഞുകൂടായിരുന്നെന്നും സാധാരണമായി മുസ്ലീമുകളുടെ സഹായത്തോടെയാണ് അവർ കാര്യങ്ങൾ നടത്തിയിരുന്നതെന്നും ഓർമ്മിക്കേണ്ടതാണ്. ആകയാൽ മതപരമായ കാര്യങ്ങളെപ്പററി ചർച്ചകൾ നടത്താനുള്ള അവസരം അവർക്ക് ഉണ്ടായിരുന്നില്ല. എന്നാൽ വേദോപദേശം മാതൃഭാഷയിൽ പ്രസിദ്ധപ്പെടുത്തപ്പെടുകയും ഗോവയിൽ ഒരു പരിശോധകസംഘം ഏർപ്പെടുത്തുകയും ചെയ്തതോടെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസസംബന്ധമായ ശൈലികൾ (Dogmatic formulas) കൂടുതൽ നിഷ്കൃഷ്ടമായ പരിശോധനയ്ക്കു വിഷയകമായി.

ഭരണപരമായ കാര്യങ്ങളിലാണ് അസ്വാസ്ഥതകൾ ആദ്യമായി പ്രതീക്ഷിക്കേണ്ടിയിരുന്നത്. മുൻപ്രസ്താവിച്ചതുപോലെ യൂറോപ്പും ഇൻഡ്യയുമായുള്ള വാണിജ്യബന്ധങ്ങളുടെ കുത്തക നേടിയെടുക്കുകയെന്നതായിരുന്നു പോർട്ടുഗീസുകാരുടെ ഉദ്ദേശ്യം. ടാഗ്ഗസ് (Tagus) തീരത്തുനിന്ന് അവരോടുകൂടെ പുറപ്പെട്ട വൈദികന്മാരും ഏകാധിപത്യമനോഭാവക്കാരായിരുന്നു. മൂന്നാം കലിസ്റ്റസ് മാർപ്പാപ്പ 1455 മാർച്ച് 13-ാം തീയതി 'ഇൻറർ ചേത്തര' (Inter Cetera) എന്ന ബൂള[11] വഴി ക്രിസ്തുസൈന്യത്തിൻെറ (Militia Christi) ഗ്രാൻറ് മാസ്റ്റർക്ക് കേപ് ബജാദോർ (Cape Bojador) മുതൽ ആഫ്രിക്ക മുഴവനിലും ഏഷ്യയുടെ തെക്കുഭാഗങ്ങളിലും അധികാരം നല്കി. നാല്പത്തിയാറു വർഷത്തേക്ക് ഈ ആനുകൂല്യം ഏഷ്യയെ സംബന്ധിച്ചെ

ങ്കിലും കടലാസിൽമാത്രമായിരുന്നു. എങ്കിലും ഈ അവകാശങ്ങൾ വിസ്മരിക്കപ്പെട്ടിരുന്നില്ല. മറുനാട്ടുകളിൽ തങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലെ സഭകളെ സംബന്ധിച്ച അവകാശങ്ങൾ ഓരോ മാർപ്പാപ്പയുടെ കാലത്തും നവീകരിച്ചുകൊണ്ടാണിരുന്നതു്. അതുകൊണ്ടാണു് 1503 ൽത്തന്നെ ഡോമിനിക്കു് ഡിസൂസാ എന്നൊരു ഡോമിനിക്കൻ സഭാവൈദികൻ ഗ്രാൻഡ്മാസ്റ്ററുടെ ഇൻഡീസിലേ വികാരിജനറാളായി പ്രത്യക്ഷപ്പെടുന്നതു്.[12]

സ്പെയിൻകാർ കീഴടക്കിയ എല്ലാ സ്ഥലങ്ങളിലും അതിവേഗം ഹയരാർക്കി രൂപീകരിക്കപ്പെട്ടിരുന്നെന്നു് സൂചിപ്പിച്ചല്ലോ. എന്നാൽ പോർട്ടുഗീസുകാരുടെ സ്ഥലങ്ങളിൽ ഇക്കാര്യത്തിൽ മന്ദഗതിയായിരുന്നു. ഉദാഹരണമായി ആഫ്രിക്കയുടെ കിഴക്കേ തീരത്തിനും ഇൻഡ്യയ്ക്കുംവേണ്ടി 1500 ൽ കൊമിസറിയേററ് സ്ഥാപിതമായി. 1514 നും 1534 നും ഇടയ്ക്കു് നിയമിക്കപ്പെട്ട നാലു കമ്മിസറിമാർ വളരെ ഹ്രസ്വമായ ചില സന്ദർശനങ്ങൾ മാത്രമേ നടത്തിയുള്ളു. ഗോവാമെത്രാസനത്തിൻെറ സ്ഥാപനം തത്വത്തിൽ 1533–ൽ തന്നെ നിശ്ചയിച്ചതാണെങ്കിലും യഥാർത്ഥത്തിൽ അതു് സ്ഥാപിതമായതു് 1539–ൽ മാത്രമാണു്; അതും വളരെ വിദൂരസ്ഥമായ ഫുങ്കാളിൻെറ (Funchal) സാമന്തരൂപതയായി.[13] ഇൻഡ്യയുടെ പശ്ചിമതീരംമുതൽ ചൈനയുംപ്പെടെയുള്ള കിഴക്കൻ പ്രദേശങ്ങളുടെ അതിരൂപതയായി 1558–ൽ ഗോവാ ഉയർത്തപ്പെട്ടു.[14]

ഗോവാമെത്രാൻ സ്ഥാനാരോഹണം ചെയ്തതുമുതൽ സീറോമലബാർ ഹയരാർക്കിയുമായി അസ്വാരസ്യം ആരംഭിച്ചു. മുൻപ്രസ്താവിച്ചതുപോലെ മാർ യാക്കോബ് തൻെറ അജഗണത്തിൽനിന്നു് വളരെ വിദൂരത്തിൽ കൊച്ചിയിൽവച്ചു് നിര്യാതനായി. എന്തെങ്കിലും കുററം അദ്ദേഹത്തിനുണ്ടായതായി നമുക്കറിവില്ല. തന്നെ നിഷ്ക്കാസനം ചെയ്യുന്നതിനുള്ള മിഷനറിമാരുടെ ശ്രമങ്ങളെ ചെറുത്തുനിന്ന അദ്ദേഹത്തിൻെറ ബുദ്ധിമുട്ടുകൾ 1523 ലും 1530 ലും എഴുതിയ കത്തുകളിൽനിന്നു് വെളിപ്പെടുന്നുണ്ടു്.[15]

1552–ൽ മെസപ്പൊട്ടേമിയൻ സഭ, റോമയുമായി യഥാർത്ഥമായ ഐക്യത്തിനു ശ്രമിച്ചപ്പോൾ മലബാറിലെ സുറിയാനിക്കാരുടെ ഇടയിലും ഇപ്രകാരമുള്ള മനോഭാവം ഉണ്ടായതായി ചിലർ വിചാരിച്ചേക്കാം. കൽദായക്കാരുടെ നിയുക്ത കാതോലിക്കാ, സുലാക്കാ (Sulaqa) റോമിൽചെന്നു് മാർപ്പാപ്പയുടെ സന്നിധിയിൽ വിശ്വാസപ്രഖ്യാപനം ചെയ്യുകയും അഭിഷിക്തനാകയും ചെയ്തു. ഈ സന്ദർഭത്തിൽ തൻെറ അജഗണത്തിൽപ്പെട്ടവരും വിദൂരസ്ഥരുമായ മലബാറിലെ സുറിയാനിക്കാരെ

അദ്ദേഹം വിസ്മരിച്ചില്ല. പൗരസ്ത്യറീത്തുകാരായ ഈ ക്രൈസ്ത വരുടെ ആവശ്യങ്ങളെപ്രതി ലിസ്ബണിൽ ചെന്നു് രാജാ വിനെ സന്ദർശിക്കുന്നതിനുപോലും അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ സമയക്കുറവുമൂലം അദ്ദേഹത്തിനു് അതു സാധിച്ചില്ല. എങ്കിലും പരിശുദ്ധസിംഹാസനത്തിലേക്കുള്ള പോർട്ടുഗീസ് അംബാസിഡറിൽനിന്നും, ചില സാക്ഷ്യപത്രങ്ങൾ ഇൻഡ്യ യിലെ വൈസ്രോയിക്കു കൊടുക്കുവാനായി അദ്ദേഹം താത് പര്യപൂർവ്വം ചോദിച്ചു വാങ്ങി.[16]

നിർഭാഗ്യവശാൽ മാർ സൈമൺ സുലാക്കായുടെ ഭരണം അധികനാൾ ദീർഘിച്ചില്ല. 1555 ജനുവരിയിൽ അദ്ദേഹം രക്തസാക്ഷിമകുടം ചൂടി. അദ്ദേഹത്തിൻെറ ഒരു പ്രതിയോ ഗിയുടെ വിദ്വേഷമായിരുന്നു ഇതിനു കാരണം.[17]

സുലാക്ക പല മെത്രാന്മാരേയും അഭിഷേകം ചെയ്തിരുന്ന തിനാൽ റോമായുമായുള്ള ഐക്യം തുടർന്നുപോന്നു. കൂടാതെ, ഇൻഡ്യയിലെ ക്രൈസ്തവസമൂഹം ഈ ഐക്യത്തിൽനിന്നു വേർപെടാതിരിക്കാൻ മാർ അംബ്രോസ് ബുട്ടീഗും ഫാദർ അൻേറാണിയസ് സഹാറായും വേണ്ടവിധം ശ്രദ്ധിച്ചിരുന്നു. ഇവർ മാർ സുലാക്കായെ മെസപ്പൊട്ടേമിയായിലേക്കുള്ള മടക്ക യാത്രയിൽ അനുഗമിച്ച മാൾട്ടാസ്വദേശികളായ ഡോമിനി ക്കൻ സന്യാസികളത്രേ. മാർ അബ്ദീശോയെ പുതിയ കാതോലിക്കായായി പ്രസ്തുത റീത്തിലെ റോമുമായി ഐക്യം സ്ഥാപിച്ച മെത്രാന്മാർ തിരഞ്ഞെടുത്തു. ഇദ്ദേഹം ഉടനെതന്നെ മാർ ഏലിയാസ് എന്നൊരു മെത്രാപ്പോലീത്തായെ ഇൻഡ്യയി ലേയ്ക്കയക്കാൻ ഏർപ്പാടു ചെയ്തു. നിര്യാതനായ പാത്രിയാർക്കീ സിൻെറ സഹോദരൻ മാർ ജോസഫിനെ ഇൻഡ്യയുടെ മെത്രാ പ്പോലീത്തയായി അവരോധിക്കാൻ മാർ ഏലിയാസിനു നിർദ്ദേ ശങ്ങൾ നൽകപ്പെട്ടിരുന്നു. ഈ വൈദിക മേലധ്യക്ഷന്മാരെ രണ്ടു് ഡോമിനിക്കൻ സന്യാസികൾ അനുധാവനം ചെയ്തു. സുലാക്കാ റോമിൽനിന്നു് ഇൻഡീസിലെ വൈസ്രോയിക്കു കൊടുക്കാനായി സമ്പാദിച്ച കത്തുകൾ പ്രസ്തുത ഡോമിനിക്കൻ സന്യാസികളുടെ കൈവശം ഉണ്ടായിരുന്നു. മാർ ജോസ ഫിൻെറ സ്ഥാനാരോഹണത്തെത്തുടർന്നു പ്രസ്തുത സന്യാസി കൾക്കു് ലിസ്ബൺവഴി റോമിലേക്കു തിരിച്ചുപോകേണ്ടി വന്നു. മാർ ഏലിയാസ്, മാർ ജോസഫ്, മാർ അംബ്രോ സ് ബുട്ടീഗ് (Ambrose Buttigeg O. P.) ഫാ. അൻേറാണി യസ് സഹാറാ എന്നിവരുൾപ്പെടുന്ന സംഘം ഓർമൂസിൽ നിന്നു് മൊസാംബിക്കിലേക്കും അവിടെനിന്നു ഗോവാ യിലേക്കും യാത്ര ചെയ്തെന്നു് മോൺ. ബെൽട്രാമി വിചാരി ക്കുന്നു. ഫാ. വിക്കി (Wicki) ഈ അഭിപ്രായം സ്ഥിരീകരി ക്കുന്നു. യാത്രയ്ക്കു തിരഞ്ഞെടുത്ത ഈ മാർഗ്ഗം വളരെ വളഞ്ഞ

തായി തോന്നും. മാത്രമല്ല പ്രത്യക്ഷത്തിൽ അയഥാർത്ഥമാണെന്നും തോന്നാം. എന്നാൽ വത്തിക്കാനിലെ കയ്യെഴുത്തു കൃതിയിൽ (Vatican syr. 27) കാണുന്നപോലെ 1556 ജൂലൈ 8–ാം തീയതി (ഗ്രീക്കുകാലമനുസരിച്ച 1867) മോസാംബിക്കു് നഗരത്തിൽവച്ചു് പ്രസ്തുത കൃതി എഴുതി പൂർത്തിയാക്കി. മാർ ജോസഫ് ഒപ്പിട്ടതിനു മററു വിശദീകരണം നല്കാൻ കഴിയില്ല. പ്രസ്തുത വർഷത്തിന്റെ അവസാനത്തോടെ നവംബർ അവസാനത്തിൽ, അവർ ഗോവായിൽ എത്തിയതായി പരിഗണിക്കാം.[18]

## മാർ ജോസഫ് സഹിച്ച പീഡനങ്ങൾ

സ്ഥലത്തെ പോർട്ടുഗീസ് അധികാരികളുടെ ഭാഗത്തുനിന്നു എതിർപ്പുണ്ടാകുമെന്നു് സുലാക്കാ,–മുൻകാതോലിക്കാ– മുൻകൂട്ടി ഗ്രഹിച്ചതു് ശരിയായിരുന്നു. പശ്ചിമഘട്ടത്തിന്റെ തെക്കുഭാഗത്തുള്ള ക്രൈസ്തവസമൂഹങ്ങൾ പാശ്ചാത്യവൈദികന്മാരുടെ സ്വാധീനതക്കു് ഒട്ടുംതന്നെ വഴങ്ങിയിരുന്നില്ല. മെസപ്പൊട്ടേമിയായിൽനിന്നു് ഏതെങ്കിലും ഒരു മെത്രാൻ സുറിയാനിക്കാരെ സന്ദർശിക്കുന്നതിനോ അവരുടെയിടയിൽ വസിക്കുന്നതിനോ പാശ്ചാത്യവൈദികന്മാർ അനുവദിച്ചുമില്ല.

റോമിൽനിന്നുള്ള എഴുത്തുകളോ വിശ്വസ്തരായ ഡോമിനിക്കൻ സന്ന്യാസികളുടെ സാന്നിധ്യമോ ഒന്നും ഗോവായിലെ പരിശോധകസംഘത്തിന്റെ പ്രവർത്തനം സ്തംഭിപ്പിക്കുവാൻ പര്യാപ്തമായില്ല. മാറംട്ടായിൽനിന്നുള്ള സന്ന്യാസികൾക്കു് ഗോവായിൽ താമസിക്കാൻ അനുവാദം നല്കി. എന്നാൽ കൽദായമെത്രാന്മാരായ മാർ ഏലിയാസിനെയും മാർ ജോസഫിനേയും സമ്മർദ്ദമുപയോഗിച്ചു് ബസേനിലെ ഒരു ഫ്രാൻസിസ്കൻ ആശ്രമത്തിലേക്കു് അയച്ചു. 18 മാസം അവിടെ താമസിച്ചതിനുശേഷമേ തെക്കോട്ടുള്ള തങ്ങളുടെ യാത്ര തുടരുവാൻ അവർക്കു് അനുവാദം നല്കിയുള്ളൂ. ഗവർണ്ണർ ഫ്രാൻസിസ് ബരേറേറാ ഭരമേല്പിച്ച ജോലിയുടെ പ്രാധാന്യം ആശ്രമസൂക്ഷിപ്പുകാരനായ ഫ്രയർ അന്റോണിയോ ഡി പോർട്ടോയ്ക്കു നന്നായി അറിയാമായിരുന്നു. ആകയാൽ തന്റെ സൂക്ഷത്തിലുള്ള മെത്രാന്മാരുടെ പെരുമാററത്തെപ്പററി പോർട്ടുഗൽ രാജാവിനെ അറിയിക്കുക ആവശ്യകമെന്നു് അദ്ദേഹം കരുതി. അദ്ദേഹത്തിന്റെ കത്തു പൗരസ്ത്യവൈദികന്മാരോടുള്ള പദ്രൊവാദോ അധികാരികളുടെ മനോഭാവം വ്യക്തമാക്കുന്നു എന്നതുകൊണ്ടു് പ്രാധാന്യമേറിയതാണു്.[19]

പാശ്ചാത്യവൈദികന്മാരെ അപേക്ഷിച്ചു് ഈ വൈദികമേലധ്യക്ഷന്മാർക്കു് സന്മാർഗ്ഗശാസ്ത്രം സംബന്ധിച്ച വിജ്ഞാനം

കുറവായിരുന്നെങ്കിലും അവർ യഥാർത്ഥത്തിൽ കത്തോലിക്കാ വിശ്വാസമുള്ളവരും ആഭിജാത്യമുള്ളവരും ആയിരുന്നു എന്ന് ആ നല്ല ഫ്രാൻസിസ്കൻ സന്യാസി സമ്മതിക്കുന്നു. അത്യാവശ്യമുള്ള ശിക്ഷണം അവർക്കുണ്ടായിരുന്നു. ഏതാണ്ടു സഭാപിതാക്കന്മാരുടെ പഠനങ്ങളോട് അനുയോജ്യമായവിധം പൗരസ്ത്യ പണ്ഡിതന്മാരുടെ സിദ്ധാന്തങ്ങൾ ഇവർ പഠിച്ചിരുന്നു എന്ന് അവർ സമ്മതിക്കുന്നു. ഈ കൽദായ മേലധ്യക്ഷന്മാരുടെ ഭക്തി, ഇൻഡ്യയിലുണ്ടായിരുന്ന പോർട്ടുഗീസുകാർക്കു മാതൃകയായിരുന്നുതാനും. സന്യാസസഭാംഗങ്ങളായിരുന്നതിനാൽ അവർ ആത്മനിഗ്രഹം അഭ്യസിച്ചു. ഒരിക്കലും മാംസം ഭക്ഷിച്ചില്ല. ആഗമനകാലത്തിലും വലിയ നോമ്പിലും വീഞ്ഞ് ഉപേക്ഷിച്ചിരുന്നു. പ്രാർത്ഥനയിലും ധ്യാനത്തിലും വളരെ സമയം ചെലവഴിച്ചു. വേദപുസ്തകവും സഭാപിതാക്കന്മാരുടേയും മററു ഗ്രന്ഥകാരന്മാരുടേയും ഗ്രന്ഥങ്ങളും പഠിക്കുവാൻ അവർ ഉത്സാഹിച്ചു.

ഈ വൈദികമേലധ്യക്ഷന്മാർ സുറിയാനിയിൽ ഭക്തിപൂർവ്വം ദിവ്യബലി അർപ്പിച്ചതായി ഫ്രേ. അൻേറാണിയോ ഡി പോർട്ടോ കണ്ടു. അദ്ദേഹം അവരെ ലത്തീൻ ഭാഷയും ലത്തീൻ കുർബാനക്രമവും അഭ്യസിപ്പിച്ചു. ഒരുപക്ഷേ, ഇതു് അധികാരികളുടെ സമ്മർദ്ദംമൂലമായിരിക്കണം.

തൻെറ പരിശ്രമങ്ങളുടെ ഫലം 1557-ലെ ഉയിർപ്പു ഞായറാഴ്ച അദ്ദേഹം ദർശിച്ചു. അന്ന് ഈ മെത്രാന്മാർ ലത്തീനിൽ തീരുക്കർമ്മങ്ങൾ അനുഷ്ഠിച്ചു. പോർട്ടുഗീസു രേഖകൾ വിശ്വസനീയമെങ്കിൽ ഇവർ തുടർന്നും ലത്തീനിൽതന്നെ തിരുക്കർമ്മം നിർവ്വഹിച്ചിരുന്നു. കഠിനാദ്ധ്വാനം കൂടാതെയല്ല ഈ ഫലം സിദ്ധിച്ചതു്. ഭക്തനായ ഈ സന്യാസി വളരെ ശ്രദ്ധാപൂർവ്വം അവരെ ലത്തീൻ കുർബാനചൊല്ലാൻ പരിശീലിപ്പിച്ചു. അവരുടെ ഉച്ചാരണം പോർട്ടുഗീസുകാരുടേതിൽനിന്നു മിക്കവാറും വ്യത്യസ്തമായിരുന്നു. എങ്കിലും ഫ്രഞ്ചുകാരുടേതിലും ഇററലിക്കാരുടേതിലുംനിന്ന് ഒട്ടും മോശമായിരുന്നിരിക്കയില്ല.

തൻെറ അതിഥികളെ ലത്തീൻ ആചാരങ്ങൾ സ്വീകരിപ്പിച്ചതിനു ശേഷം അവർക്കു മലബാറിൽ ഒന്നും ചെയ്യാനില്ലെന്നും, മാത്രമല്ല അങ്ങോട്ടു പോകാൻ സഭാധികാരികൾ ന്യായമായും തടഞ്ഞേക്കുമെന്നുംമററും ബെസേനിലെ ആശ്രമ സൂക്ഷിപ്പുകാരൻ അവരോടു വിവരിച്ചു പറയാൻ തുടങ്ങി. പോർട്ടുഗീസുകാരുടെ അധീനതയിലുള്ള പൗരസ്ത്യദേശങ്ങളുടേയും ഇൻഡ്യമുഴവൻേറയും മെത്രാനായിരിക്കെ, ഗോവായിലെ വൈദികമേലധ്യക്ഷൻ മലബാറിലേയും ന്യായമായ ഭരണാധികാരിയാണെന്നു ആ നല്ല സന്യാസി തീരുമാനിച്ചു. അതു

കൊണ്ടു് ഗോവാമെത്രാൻെറ അനുവാദംകൂടാതെ മലബാറിൽ വന്നു് പൗരസ്ത്യക്രൈസ്തവർക്കു കൂദാശകൾ നൽകുന്നതുവഴി, അവർ വാതിലിലൂടെയല്ലാതെ ആലയിൽ പ്രവേശിക്കുന്ന വഞ്ചകരായിത്തീരും എന്നും സന്യാസി മെത്രാന്മാരോടു പറഞ്ഞു. വിസിററായ മാർ ഏലിയാസ് ഉടൻതന്നെ തിരിച്ചുപോകണമെന്നും മലബാറിൻെറ മെത്രാനായി അഭിഷിക്തനായിരിക്കുന്ന മാർ ജോസഫ് ലിസ്ബണിൽ ചെന്നശേഷം റോമിലേയ്ക്കും അനന്തരം മെസപ്പോട്ടേമിയായിലേയ്ക്കും പോകണമെന്നുള്ള തൻെറ ആഗ്രഹം ഫ്രെ അൻേറാണിയോ പ്രകടിപ്പിച്ചു. എന്നാൽ ഈ സമയംകൊണ്ടു് ഒരു യഥാർത്ഥ നെസ്തോറിയൻ മെത്രാൻ ഗോവൻ അധികാരികളിൽനിന്നു തന്ത്രപൂർവ്വം രക്ഷപ്പെട്ടു മലബാറിൽ എത്തിച്ചേർന്നിരുന്നു. ഈ സാഹചര്യത്തിൽ ഫ്രെ ആൻേറാണിയോയുടെ നിർദ്ദേശം ഇതായിരുന്നു. അനധികൃതമായി കയറിപ്പററിയ മെത്രാനെ നേരിടാൻ മാർ ജോസഫിനെ കരുവാക്കുക. ഒരു പോർട്ടുഗീസു് ഫ്രാൻസിസ്കൻ സന്യാസി അദ്ദേഹത്തെ അനുഗമിക്കണമെന്നും പൊന്തിഫിക്കൽ ക്രമങ്ങളെല്ലാം ലത്തീനിൽ അനുഷ്ഠിക്കണമെന്നുള്ള വ്യവസ്ഥയിൽ അനധികൃതമെത്രാനെ എതിർക്കാൻ മാർ ജോസഫിനെ കരുവാക്കണം എന്നു ഈ സാഹചര്യത്തിൽ ഫ്രെ അൻേറാണിയോ നിർദ്ദേശിച്ചു.

ബെസേനിലെ ആശ്രമശ്രേഷ്ഠൻെറ ഈ കത്തു് പ്രത്യക്ഷത്തിൽ ഏറെക്കുറെ നിർദ്ദോഷമെന്നു തോന്നാമെങ്കിലും ഇരുപതാം നൂററാണ്ടിൽ സീറോ മലബാർ ഹൈരാർക്കി സ്ഥാപിതമാകുന്നതുവരെ ഇൻഡ്യയിൽ ജോലി ചെയ്തിരുന്ന ലത്തീൻ മിഷനറിമാർ വച്ചുപുലർത്തിയ മനോഭാവം വ്യക്തമാക്കുന്നുണ്ടു്. ഈ മനോഭാവത്തിനു ചില അപവാദങ്ങൾ ഉണ്ടെങ്കിലും അവ പൊതുനിയമത്തെ സ്ഥിരീകരിക്കുകയാണു ചെയ്യുക. സ്മരണാർഹമായ ഒരിയന്താലിയും ദിഞ്ഞിത്താസ് (Orientalium Digntas)[20] എന്ന വിശ്വലേഖനത്തിനു ശേഷവും ഈ അടുത്തകാലംവരേയും ഇത്തരം മനോഭാവം പൗരസ്ത്യദേശങ്ങളിൽ ജോലി ചെയ്യുന്ന ലത്തീൻ വൈദികന്മാർ വച്ചുപുലർത്തിപ്പോന്നു. ലത്തീൻ റീത്തു് ഏതൊരു പൗരസ്ത്യറീത്തിനേക്കാളും ശ്രേഷ്ഠമാണെന്ന അഭിപ്രായം കുറഞ്ഞപക്ഷം പ്രവൃത്തിയിലെങ്കിലും അവർ പ്രകടിപ്പിച്ചുകൊണ്ടാണിരുന്നതു്. ഈ അഭിപ്രായം റോം ഒരിക്കലും അംഗീകരിച്ചിട്ടില്ല.

ഈ കൽദായ മേലധ്യക്ഷന്മാർ 1558-ൻെറ ഉത്തരാർദ്ധത്തിൽ ബെസേനിൽനിന്നു സ്വതന്ത്രരാക്കപ്പെട്ടു. ലിസ്ബണിൽ പോയി തൻെറ നിലപാടു വിശദീകരിക്കണമെന്ന മാർ ജോസഫിൻെറ നിശ്ചയവും ബിഷപ്പ് ബുട്ടീംഗി (Bittigeg) ൻെറ അഭ്യർത്ഥനകളും ഒരുപക്ഷേ പോർട്ടുഗല്ലിൽനിന്നുള്ള ചില നിർദ്ദേശ

ങ്ങളും ആയിരിയ്ക്കാം ഇതിനു പ്രേരകം. അങ്ങനെ മാർ ഏലിയാസും മാർ ജോസഫും തങ്ങളുടെ മാർഗ്ഗദർശകരായ ഉപദേശകരോടുകൂടെ തെക്കെ ഇൻഡ്യയിലേയ്ക്കു യാത്ര തിരിച്ചു. അവർ ആദ്യം കൊച്ചിയിലെത്തി. തുടർന്നു സുറിയാനി ക്രിസ്ത്യാനികളെ സന്ദർശിക്കാൻ തുടങ്ങി. ബിഷപ്പ് ബുട്ടീംഗ് അവിടെവച്ചു മരിച്ചു. അങ്ങനെ, വൈദികമേലദ്ധ്യക്ഷന്മാരുടെ ഇടവക സന്ദർശനത്തിന്റെ മേൽനോട്ടം വഹിക്കാൻ ഫാ. അന്റോണിയസ് സഹാറാമാത്രം അവശേഷിച്ചു. രണ്ടുവർഷം മുഴുവൻ വേണ്ടിവന്നു ഈ സന്ദർശനപരിപാടിക്ക്. സുറിയാനിക്കാരിൽ ആരും കൽദായമെത്രാന്മാരെ എതിർത്തതായി തോന്നുന്നില്ല. മാർപ്പാപ്പയുമായി അവർക്കുള്ള ബന്ധം ഇക്കാലത്തു വളരെ വ്യക്തമായിരുന്നല്ലോ. ഇതുമൂലം മലബാർ സുറിയാനിക്കാരുടെ ഇടയിലെ നെസ്റ്റോറിയനിസം കഴിഞ്ഞ കാലത്തെ ഒരു സങ്കല്പംമാത്രമാണെന്നു കൂടുതൽ വ്യക്തമാകുകയും ചെയ്യുന്നു. ഈ സന്ദർശനത്തിനിടയിൽ വളരെ അക്രൈസ്തവർക്കു ജ്ഞാനസ്നാനം നല്കപ്പെട്ടുവെന്നകാര്യവും അനുസ്മരിക്കേണ്ടിയിരിക്കുന്നു. അക്കാലത്തുപോലും ഇൻഡ്യയിലെ സുറിയാനിക്കാർ യഥാർത്ഥമായ പ്രേഷിതചൈതന്യമുള്ളവരായിരുന്നു. ഈ സ്വാഭാവിക വാസന വളരെ പ്രാബല്യമേറിയതുമാണ്. യഥാർത്ഥത്തിൽ എക്കാലവും കൂട്ടത്തിൽ ജീവിച്ചിരുന്ന അക്രൈസ്തവരിൽ നിന്നുള്ള മതപരിവർത്തനങ്ങൾ അവരുടെ ഇടയിൽ ഉണ്ടായിരുന്നു. ആകയാൽ പ്രസ്തുത രണ്ടുവർഷത്തെ പ്രസംഗഫലമായി കൂടുതൽ മാനസാന്തരങ്ങൾ ഉണ്ടായതിൽ അത്ഭുതപ്പെടാനില്ല.[21] നിർഭാഗ്യവശാൽ പിന്നീടുള്ള നൂററാണ്ടുകളിൽ ഈ ചൈതന്യം പാടെ ഉപേക്ഷിക്കപ്പെട്ടില്ലെങ്കിലും വളരെ കുറഞ്ഞുപോയി. അവർക്കു സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടതിനാൽ അവരുടെ പ്രേഷിതചൈതന്യവും തണുത്തുപോയി.

1561-ൽ ജനുവരി 24-ാം തീയതിയിലെ ഒരു കല്പനവഴി നാലാം പീയൂസ് മാർപ്പാപ്പ (1559-65) ഫാ. അന്റോണിയൂസ് സഹാറായെ തിരിച്ചുവിളിച്ചു. അദ്ദേഹത്തെ ഈജിപ്തിലേയ്ക്ക് അയയ്ക്കാനായിരുന്നു മാർപ്പാപ്പയുടെ ഉദ്ദേശ്യം. ബിഷപ്പ് ബുട്ടീംഗിനോടു[22] കൂടെ അദ്ദേഹം 1555-ൽ ഈജിപ്തിൽ ആയിരുന്നതുകൊണ്ട് അവിടെ അദ്ദേഹം പ്രയോജനപ്പെട്ടുമെന്നായിരുന്നു ചിന്ത. തങ്ങളുടെ ഉദ്യോഗത്തെക്കുറിച്ചുള്ള അമിതമായ ആവേശത്താൽ ഇൻഡീസിലെ പരിശോധന സംഘം മാർ ജോസഫിനെ ലിസ്ബണിലെ പരിശോധകസംഘത്തിലേയ്ക്ക് അയച്ചു.[23] മലബാർ മെത്രാനും രക്തസാക്ഷിമകുടം ചൂടിയ സുലാക്കാ കാതോലിക്കയുടെ സഹോദരനുമായ മാർ ജോസഫ് തികഞ്ഞ പ്രതീക്ഷയോടെയാണ് യാത്ര തിരിച്ചത്. പരിശുദ്ധ സിംഹാസനത്തെപ്പോലെതന്നെ പോർട്ടുഗീസ് രാജാവ് അങ്കമാലി സുറിയാനി മെത്രാസനത്തിന്റെ

അവകാശങ്ങൾ തനിക്കു് അനുവദിച്ചുതരുമെന്നായിരുന്നു അദ്ദേഹത്തിന്റെ ബോധ്യം. പക്ഷെ റോമിലേയ്ക്കു പോകാൻ അദ്ദേഹത്തിനു് അനുവാദം നിഷേധിക്കപ്പെട്ടു.

ഒരു വർഷത്തിലധികം (1564–5) അദ്ദേഹത്തെ ലിസ്ബണിൽ പാർപ്പിച്ചു. അദ്ദേഹത്തിന്റെ സത്യവിശ്വാസം അവിടെ അവർക്കു ബോധ്യമായി. അന്നത്തെ റീജൻറായിരുന്ന കാർഡിനൽ ഹെൻട്രികൊസിൽനിന്നു് ഇൻഡ്യൻ വൈസ്രോയിക്കെതിരെ തനിക്കനുകൂലമായ വിധി അദ്ദേഹം നേടി. എന്നാൽ റോമിൽപോയി പരിശുദ്ധ പിതാവിനെ സന്ദർശിക്കുന്നതു് അവസരോചിതമായിരിക്കയില്ലെന്നാണു തീരുമാനമുണ്ടായതു്. 1564 ജൂൺ 27-ാം തീയതി നാലാം പീയൂസ് ഒരു തീട്ടൂരവും ആശീർവാദലേഖനവും അദ്ദേഹത്തിനു അയച്ചുകൊടുത്തു. അതുകൊണ്ടു് അദ്ദേഹം തൃപ്തിപ്പെടേണ്ടി വന്നു. റീജൻറിന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടു നേരിട്ടു മലബാറിലേയ്ക്കു തിരിക്കുവാൻ പരിശുദ്ധ പിതാവിന്റെ കത്തിൽ ആവശ്യപ്പെട്ടിരുന്നു. പാത്രിയാർക്കീസും കാതോലിക്കോസുമായ മാർ അബ്ദീശോയുടെ സന്നിധിയിൽ രണ്ടുവർഷംമുൻപു് വിശ്വാസപ്രഖ്യാപനം ചെയ്തകാര്യം അനുസ്മരിച്ചുകൊണ്ടു സത്യവിശ്വാസത്തിൽ നിലനില്ക്കാൻ പരിശുദ്ധ പിതാവു് അദ്ദേഹത്തെ ഉപദേശിച്ചു. ഇൻഡ്യയിലെ മെത്രാസനങ്ങളുടേയും അതിമെത്രാസനങ്ങളുടേയും മേലധികാരം കിഴക്കിന്റെ കാതോലിക്കോസിനുണ്ടെന്നു അബ്ദീശോ പാത്രിയർക്കീസു് അവകാശപ്പെട്ടതിൽ ട്രൻറു സൂനഹദോസിന്റെ ആറാം സമ്മേളനത്തിൽ പോർട്ടുഗീസ് അംബാസിഡർ പ്രതിഷേധം പ്രകടിപ്പിച്ചു. പ്രതിഷേധവും മാർ ജോസഫിനു റോമൻ ക്കൂരിയ സന്ദർശിക്കാൻ അനുവാദം നിഷേധിക്കപ്പെട്ടതും തമ്മിൽ ബന്ധമുണ്ടു്.[24]

ഇൻഡീസിൽ എന്തുതന്നെ സംഭവിച്ചാലും എല്ലാം തങ്ങളുടെ നിയന്ത്രണത്തിലായിരിക്കണമെന്നു പോർട്ടുഗലിനു വലിയ നിർബന്ധമുണ്ടായിരുന്നു. അതേ സമയം കൗൺസിലിന്റെ വിജയത്തിനു പോർട്ടുഗല്ലിന്റെ സഹായം മാർപ്പാപ്പയ്ക്കു് അപരിത്യാജ്യവുമായിരുന്നു. അതുകൊണ്ടു പോർട്ടുഗലുമായി യാതൊരു അഭിപ്രായവ്യത്യാസവും ഉണ്ടാകാതിരിക്കാൻ മാർപ്പാപ്പ അഭിലഷിച്ചു.

മാർ ജോസഫിന്റെ പ്രയാസങ്ങൾക്കു് ഇതുകൊണ്ടൊന്നും അറുതി വന്നിരുന്നില്ല. പരിശോധകസംഘത്തിന്റെ ആജ്ഞാനുസരണം മാർ ജോസഫ് യൂറോപ്പിലേയ്ക്കു പോയതിനെത്തുടർന്നു മലബാർ സുറിയാനിക്കാർ വിവരം പാത്രിയർക്കീസിനെ അറിയിച്ചു് ഒരു പുതിയ മെത്രാനെ നല്കാൻ അഭ്യർത്ഥിച്ചു. മെസപ്പൊട്ടേമിയായിൽ മടങ്ങിയെത്തിയിരുന്ന മാർ ഏലിയാസ്

മെത്രാപ്പോലീത്താ അവരുടെ അഭ്യർത്ഥനയെ പിൻതാങ്ങിയിട്ടുണ്ടാകണം. മാർ ജോസഫിനോടുകൂടെ ബേസേനിലെ ആശ്രമത്തിൽ അദ്ദേഹവും ഉണ്ടായിരുന്നല്ലോ. മലബാറിലെ ക്രിസ്ത്യാനികളുടെ സഭാസംബന്ധമായ സഹായം നൽകേണ്ടതിനെപ്പററി ദൃക്സാക്ഷിവിവരണം നല്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. അവക്ക് ഒന്നോ രണ്ടോ മെത്രാന്മാരിൽ കൂടുതൽ അവശ്യമായിരുന്നു. അബ്ദീശോ പാത്രിയാക്കീസ് ഒരു സന്യാസിയെ ഒരു മെത്രാനായി നിയമിച്ചു. അദ്ദേഹം മാർ അബ്രാഹം എന്ന പേരു സ്വീകരിച്ചു. തൻെറ മുൻഗാമിയുടെ വിധിയോർത്തു് ഗോവൻ അധികാരികളുടെ കൈയിൽപ്പെടാതിരിക്കാൻ പുതിയ മെത്രാൻ വളരെ ശ്രദ്ധ ചെലുത്തി. മാർ ജോസഫ് തിരിച്ചെത്തിയപ്പോൾ മാർ അബ്രാഹം ദക്ഷിണകേരളത്തിൽ ഒച്ചപ്പാടൊന്നുംകൂടാതെ അവരോധിക്കപ്പെട്ടു കഴിഞ്ഞിരുന്നു. പോർട്ടുഗീസു് അധികാരികളുടെ സഹായം ലഭിക്കത്തക്കവിധം മാർ ജോസഫ് കത്തുകളുംകൊണ്ടാണു് വന്നിരുന്നതു്. പുളിപ്പില്ലാത്ത അപ്പവും ലത്തീൻതിരുവസ്ത്രങ്ങളും ഉപയോഗിച്ചുകൊള്ളാമെന്നു സമ്മതിച്ചിരുന്നതിനാൽ അദ്ദേഹത്തിനു് ഈ സഹായം കൂടുതൽ സുനിശ്ചിതമായിരുന്നു. വിവേകിയായ മാർ ജോസഫ് എല്ലാം ലത്തീൻ മയം ആക്കുന്ന നയം സ്വീകരിച്ചു എന്നു് അനുമാനിക്കേണ്ടതില്ല. തുല്യാധികാരമുള്ള രണ്ടു വൈദികമേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യം ജനങ്ങളുടെ ഇടയിൽ വേർതിരിവുണ്ടാക്കാതിരിക്കുക അസാദ്ധ്യമായിരുന്നു. ചിലർ മാർ ജോസഫിൻെറ പക്ഷത്തും ശേഷം പേർ മാർ അബ്രാഹത്തിൻെറ പക്ഷത്തും നിന്നു. ഉടൻതന്നെ പോർട്ടുഗീസു് അധികാരികൾ അബ്രാഹത്തെ അറസ്റ്റ് ചെയ്തു് ലിസ്ബണിലേക്കു് അയച്ചു മാർ ജോസഫിനേക്കാൾ ചാതുര്യം മാർ അബ്രാഹത്തിനുണ്ടായിരുന്നു. അദ്ദേഹം കാവൽക്കാരിൽനിന്നു കൗശലപൂർവ്വം മൊസാംബിക്കിലെത്തി അവിടെനിന്നും മെസപ്പൊട്ടേമിയായിലെത്തിച്ചേർന്നു. പോർട്ടുഗീസ് അധികാരികളുടെ ഈ പരുഷമായ പെരുമാററം അവരും അദ്ദേഹവും തമ്മിലുള്ള പിൽക്കാലബന്ധങ്ങളിൽ സ്വാധീനത ചെലുത്തിയിട്ടുണ്ടു്.

തികഞ്ഞ ആത്മാർത്ഥതയോടെ പരിശുദ്ധ സിംഹാസനത്തോടു് അനുസരണം വാഗ്ദാനം ചെയ്ത അബ്ദീശോ പാത്രിയാക്കീസ് ഈ തക്കം അവസാനിപ്പിക്കാൻ തനിക്കു കഴിയുമെന്നു കരുതിയില്ല. അദ്ദേഹം മാർ അബ്രാഹത്തെ റോമിലേക്കു് അയച്ചു (1565). ഇപ്പോൾ രണ്ടു മെത്രാന്മാരും വളരെയേറെ വിശ്വാസികളുമുള്ളതിനാൽ രൂപത രണ്ടായി വിഭജിച്ചു് ഓരോരുത്തർക്കും കൊടുക്കണമെന്ന കാര്യത്തിൽ പീയൂസ് നാലാമൻ സംശയിച്ചില്ല. മെത്രാസനകേന്ദ്രങ്ങൾ പാത്രിയാക്കീസ് നിശ്ചയിക്കേണ്ടിയിരുന്നു. ഗോവൻ ഹൈരാർക്കി വളരെ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുമെന്നു മാർപ്പാപ്പയ്ക്കുറിയാമായിരുന്ന

തിനാൽ ഗോവാമെത്രാപ്പോലീത്തായേയും കൊച്ചിയിലെ പോർട്ടുഗീസ് മെത്രാനേയും 1565 ഫെബ്രുവരി 28–ാം തീയതിയിലെ കല്പനകൾവഴി തിരുമേനി വിവരമറിയിച്ചു.[25]

ഈ സമയത്തു് മാർ ജോസഫിനു് എതിരെയുള്ള പീഡനങ്ങൾ വീണ്ടും വദ്ധിച്ചു. ഗോവായിലെയും ലിസ്ബണിലേയും പരിശോധകസംഘങ്ങൾക്കു് അദ്ദേഹം ഏല്പിക്കപ്പെടുകപോലും ചെയ്തു. അന്വേഷണത്തിനു് അനുവാദം നല്കുന്ന ഒരു ബ്രീഫ് ലിസ്ബണിലെ പരിശോധകർ അഞ്ചാം പീയൂസ് മാർപ്പാപ്പ (1566–72) യിൽനിന്നു സമ്പാദിച്ചിരുന്നു. രക്തസാക്ഷിത്വമനുഭവിച്ച മാർ സുലാക്കായുടെ സഹോദരനായിരുന്നിട്ടും മാർ ജോസഫ് അറസ്റ്റ്ചെയ്യപ്പെട്ടു. അദ്ദേഹത്തെ വിശ്വസ്തരായ അംഗരക്ഷകന്മാരോടുകൂടെ പോർട്ടുഗൽവഴി റോമിലേക്കു് അയച്ചു.[26] റോമിലെ പോർട്ടുഗീസു് അംബാസിഡർ നിർഭാഗ്യവാനായ ഈ കാൽദായ മേലദ്ധ്യക്ഷനെതിരായ ചാർജ്ജുകൾ തയ്യാറാക്കിക്കൊടുക്കാമെന്നു് രാജാവിനോടു വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ നേരത്തെ ബസൈയിനിലേ ആശ്രമാധിപൻെറ അനുഭവം തന്നെയാണു റോമിലെ ന്യായാധിപന്മാർക്കും ഉണ്ടായതു്. മാർ ജോസഫിൻെറ ഭക്തിയും സത്യവിശ്വാസവും അംഗീകരിക്കാതിരിക്കാൻ അവർക്കു കഴിഞ്ഞില്ല. എന്നുവരികിലും അദ്ദേഹത്തിൻെറ സഹനത്തിൻെറ പാനപാത്രം നിറഞ്ഞു തുളുമ്പിയിരുന്നു. അപ്പസ്തോലന്മാരുടെ കഴിമാടങ്ങൾക്കു സമീപം അദ്ദേഹം നീണ്ട സഹനത്തിലൂടെ രക്തസാക്ഷിത്വത്തിൻെറ കിരീടം പ്രാപിച്ചു. ഈ രക്തസാക്ഷിത്വം അദ്ദേഹത്തിൻെറ ധീരസഹോദരൻേറതിനെക്കാൾ ഒരുപക്ഷേ കൂടുതൽ വേദനാജനകമായിരുന്നു. അദ്ദേഹം തൻെറകൂടെ കൊണ്ടുപോയിരുന്ന സുറിയാനിഭാഷയിലുള്ള 18 കൈയെഴുത്തുപ്രതികളും അറബിയിലെ ഒരു പ്രതിയും പേർഷ്യൻ ഭാഷയിലെ ഒരുപ്രതിയുംകൂടി 20 കൈയെഴുത്തു ഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടുപോകാതിരിക്കാൻ വത്തിക്കാനിലെ അപ്പസ്തോലിക് ലൈബ്രേറിയിൽ ചേർക്കപ്പെട്ടു.[27]

നാലാം പീയൂസ് മാർപ്പാപ്പയുടെ നിർദ്ദേശം അനുസരിച്ചു് അബ്ദീശോ കാതോലിക്കാ ഇൻഡ്യയിലെ സുറിയാനിരൂപതയെ രണ്ടായി വിഭജിച്ചു. അങ്കമാലി മെത്രാസനം മാർ അബ്രാഹത്തിനായി നിർദ്ദേശിക്കപ്പെട്ടു. രൂപതയുടെ പകുതിയും റോമിലേക്കു ദീർഘയാത്ര കഴിച്ചതിനു പ്രതിഫലമെന്നോണം കുറച്ചുകൂടെയും അദ്ദേഹത്തിനു നല്കി. ഈ വിഭജനം താല്ക്കാലികം മാത്രമായിരുന്നു. ഏതെങ്കിലും ഒരു മെത്രാൻ നിര്യാതനാകുമ്പോൾ ഇതരൻ രൂപത മുഴുവൻേറയും ഭരണം വീണ്ടും ഏറ്റെടുക്കേണ്ടിയിരുന്നു.

## മാർ അബ്രാഹവും പാദ്രുവാദോയും ഈശോസഭക്കാരും

ഇൻഡ്യയിലുള്ള തൻെറരൂപതയെ വിഭജിച്ചിരിക്കുന്ന വിവരം അറിയിച്ചുകൊണ്ടു് അമ്പ്രീശോ പാത്രിയാക്കീസ് 1567 ആഗസ്റ്റ് 24-ാം തീയതി ഗോവാ മെത്രാപ്പോലീത്തായ്ക്കു് എഴുതി. ഈ സമയം മാർ ജോസഫ് തൻെറ അജഗണത്തിൽ നിന്നു് മിക്കവാറും വേർപെടുത്തപ്പെട്ടു കഴിഞ്ഞിരുന്നു.[26]

പോർട്ടുഗീസുകാരുടെ എതിർപ്പ് അവസാനിച്ചിരുന്നില്ല. റോമിൽനിന്നു മാർ അബ്രാഹം ഇൻഡ്യയിലെത്തി. അദ്ദേഹം കൂടെകൊണ്ടുവന്ന സാക്ഷിപത്രമൊന്നും ഇവിടെ ഉപകാരപ്രദമായില്ല. ഗോവാ മെത്രാപ്പോലീത്ത ജോർജ്ജ് തെമൂദോ ഒ. പി. പണ്ഡിതന്മാരോടുകൂടെ അവ പരിശോധിച്ചിട്ട് പ്രഖ്യാപിച്ചു, "ഒന്നുകിൽ വ്യാജരേഖകളാണ് അല്ലെങ്കിൽ തന്ത്രപൂർവ്വം നേടിയതാണ്" എന്നു് ഗോവായിലെ ഡോമിനിക്കൻ ആശ്രമത്തിലേക്കു് മാർ അബ്രാഹം മാററപ്പെട്ടു. റോമിൽനിന്നു പുതിയ കല്പനകൾ നേരിട്ടു വരുവാൻ അദ്ദേഹം കാത്തിരിക്കണം; അതായിരുന്നു തീരുമാനം. എന്നാൽ സമർത്ഥനായ ഈ മെത്രാൻ രക്ഷപ്പെടാൻ കഴിഞ്ഞേക്കുമെന്ന കാര്യം പോർട്ടുഗീസുകാർ വിസ്മരിച്ചു. മെലിൻഡാ (Melinda) യിൽ ചെയ്തതുപോലെ ആശ്രമവളപ്പിൽനിന്നും അദ്ദേഹം ഒരുതരത്തിൽ രക്ഷപെട്ടു് പശ്ചിമഘട്ടത്തിൻെറ തെക്കുഭാഗത്തുള്ള കുന്നിൻപ്രദേശത്തെത്തി. അവിടെ സുറിയാനിക്കാർ അദ്ദേഹത്തിനു് ഉജ്ജ്വലമായൊരു സ്വീകരണമാണു നല്കിയതു്. ഭാഗ്യശാലിയായ ഈ മെത്രാനു് പോർട്ടുഗീസുകാരോടുള്ള മനോഭാവം കൂടുതൽ കയ്പുള്ളതായിത്തീരുകയായിരുന്നെന്ന വസ്തുത ആരും ഗൗനിച്ചില്ല. പോർട്ടുഗീസ് പട്ടാളക്കാർ ഉൾനാട്ടിലേക്കു കയറാൻ അത്ര ധൈര്യപ്പെടാത്തതുകൊണ്ടു് ഏതാനും വർഷം മാർ അബ്രാഹത്തിനു് അവിടെ സമാധാനത്തിൽ കഴിയാൻ സാധിച്ചു.

തന്ത്രപൂർവ്വം ഒഴിഞ്ഞുമാറുന്ന ഈ കൽദായ മെത്രാൻെറ അടുക്കൽ സമ്മർദ്ദംകൊണ്ടു ഫലമില്ലെന്നുകണ്ടു് ഗോവാ മെത്രാപ്പോലീത്താ മറെറാരു മാർഗ്ഗം സ്വീകരിച്ചു. മാർ അബ്രാഹത്തെ അദ്ദേഹത്തിൻെറ സുരക്ഷിതസ്ഥാനത്തുനിന്നു് പുറത്തുകൊണ്ടുവരുവാനുള്ള ഉദ്ദേശത്തോടെ, ഗോവായിലെ ദ്വിതീയ സൂനഹദോസിനു മെത്രാപ്പോലീത്താ അദ്ദേഹത്തെ ക്ഷണിച്ചു. പക്ഷെ, സൂത്രം മനസ്സിലാക്കിയ മാർ അബ്രാഹം ക്ഷണം നിരസിച്ചു. ഈ ശ്രമം വിഫലമായതിൽ ഏതാണ്ടു് ഇതികർത്തവ്യതാമൂഢരായ സൂനഹദോസ് അംഗങ്ങൾ ഒരു ഡിക്രി പാസ്സാക്കി (മൂന്നാം സമ്മേളനത്തിലെ ഒന്നാംഡിക്രി.) മാർത്തോമ്മ ക്രിസ്ത്യാനികളുടെ സമൂഹത്തിൻെറ നന്മയ്ക്കുവേണ്ടി അവരുടെ മെത്രാന്മാർ കൽദായ പാത്രിയാ

ക്കീസിനാലല്ല, പോർച്ചുഗൽ രാജാവിനാൽ നിയന്ത്രിക്കപ്പെട ണമെന്നു് ഈ ഡിക്രികളിൽ അവർ മാർപ്പാപ്പയോടു് അഭ്യ ത്ഥിച്ചു. ഇതു സാദ്ധ്യമല്ലെങ്കിൽ, സുറിയാനി ക്രൈസ്തവസമൂഹ ത്തിൻെറ തലവനായ അങ്കമാലി മെത്രാപ്പോലീത്തയെ ഗോവ പ്രോവിൻസിൽ ഉൾപ്പെടുത്തുകയെങ്കിലും ചെയ്യണമെന്നു് അവർ ആവശ്യപ്പെട്ടിരുന്നു. അങ്കമാലി മെത്രാനു് സാമന്ത മെത്രന്മാരില്ലെന്നും മെസപ്പൊട്ടേമിയായിൽ പോകുക അത്ര എളുപ്പമല്ലെന്നും ആയിരുന്നു ഈ രണ്ടാമത്തെ അഭ്യത്ഥനയ്ക്കു ന്യായം ചൂണ്ടികാണിക്കപ്പെട്ടതു്.[29]

റോമൻ കൂരിയായിൽ എങ്ങനെ കടന്നുചെല്ലാമെന്നു് മാർ അബ്രാഹത്തിനു് അറിയാമായിരുന്നു. ഡിക്രിയുടെ ഉള്ളടക്കം ഗ്രഹിച്ച ഉടനെ അദ്ദേഹം തൻെറ പ്രവത്തനം ആരംഭിച്ചു. കൊച്ചിരാജാവുവഴി അദ്ദേഹം മാർപ്പാപ്പക്കെഴുതി. രണ്ടു പ്രാവ ശ്യം കാരാഗൃഹത്തിലടക്കപ്പെട്ട സ്ഥിതിക്കു് പരിശുദ്ധ പിതാ വിൽനിന്നു് ഒരു ഉറപ്പു് ലഭിക്കാത്ത പോർട്ടുഗീസുകാരുടെ അഭ്യത്ഥനകൾക്കു് വഴങ്ങുകയില്ലെന്നു് അദ്ദേഹം കത്തിൽ വിശ ദീകരിച്ചു.[30] മാപ്പാപ്പ 1576 ഡിസംബർ 21–ാം തീയതി വിവേ കപൂർവ്വം മറുപടി നല്കി. അങ്കമാലി മെത്രാപ്പോലീത്താ അനുഭ വിച്ചെന്നു പറയപ്പെടുന്ന ഏതെങ്കിലും പീഡനത്തെപ്പററി അറിഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു് ഡിക്രി അംഗീകരിക്കുന്ന കാര്യത്തിൽ ഒന്നും ചെയ്യുവാൻ സാധ്യമല്ലെന്നായിരുന്നു മറുപടി യുടെ സാരം.[31] തനിക്കുവേണ്ടി കൊച്ചിരാജാവു് എഴുതിയതു കൊണ്ടുമാത്രം മാർ അബ്രാഹം സംതൃപ്തനായില്ല. അടുത്ത വർഷം ഒരു വിശ്വാസപ്രഖ്യാപനം അദ്ദേഹം പരിശുദ്ധ പിതാവു് ഗ്രിഗരി പതിമൂന്നാമനു (1572–85) സമർപ്പിച്ചു. 1578 ജനുവരി മൂന്നാം തീയതി കൊച്ചിയിലെ ജെസ്വിററു സ്കൂളിൽനിന്നു് അദ്ദേഹം മാപ്പാപ്പയ്ക്കു് വീണ്ടും എഴുതി. മേലിൽ പോർട്ടുഗീസുകാരും താനുമായി യാതൊരു ശത്രുതയും ഉണ്ടായി രിക്കയില്ലെന്നും തൻെറ രൂപതയിൽ ഈശോസഭാവൈദികക്കു പൂണ്ണമായ പ്രവത്തനസ്വാതന്ത്ര്യം അനുവദിക്കുമെന്നും ഈ കത്തിൽ അദ്ദേഹം പ്രഖ്യാപിച്ചിരുന്നു[32].

1577 ആയപ്പോഴേയ്ക്കും മാർ അബ്രാഹം റോമുമായി കൂടു തൽ അടുത്ത ബന്ധം അഭിലഷിക്കുകയും വിസമ്മതംവിനാ ഈശോസഭാവൈദികന്മാരെ സ്വീകരിക്കുകയും ചെയ്തതു് തൻെറ അധികാരം ഭീഷണിക്കു് വിധേയമായതുകൊണ്ടാ യിരിക്കാം. അക്കാലത്തെ നെസ്റ്റോറിയൻ പാത്രിയാർക്കീ സായിരുന്ന ഏലിയാസു് ഏഴാമൻ (1576–91) മാർ സൈമൺ എന്നൊരു മെത്രാനെ ഇൻഡീസിലേക്കു് അയച്ചു. അതോടു കൂടി സുറിയാനിസമൂഹം ഭിന്നിപ്പിലേക്കു് നീങ്ങിക്കൊ ണ്ടിരുന്നു. റോം ദൂരെയാണെങ്കിലും ഭിന്നിച്ചുനില്ക്കുന്നവരുടെ

ശ്രമങ്ങളെ വിഫലമാക്കാൻ റോമിനെത്തന്നെ ആശ്രയിക്കേണ്ടിയിരുന്നു. പരിശുദ്ധ സിംഹാസനത്തെ സമീപിക്കാൻ ഏറെക്കുറെ ഈശോസഭക്കാർ അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുണ്ട്. പരിശുദ്ധ സിംഹാസനത്തെ സമീപിക്കുന്ന കാര്യം മിക്കവാറും പോർട്ടുഗീസുകാർക്കു സംതൃപ്തിജനകമാണ്. മാർ അബ്രാഹത്തെയും അദ്ദേഹത്തിന്റെ അക്ക്ദിയാക്കോൻ ജോർജ്ജിനേയും ശുപാർശ ചെയ്തുകൊണ്ട് അവർ പ. സിംഹാസനത്തിലേക്കു് എഴുതി. 1578 ഒക്ടോബർ മുതൽ 1580 മേയ് 5വരെയുള്ള കാലയളവിലെഴുതിയ പല കത്തുകൾവഴി മാർപ്പാപ്പ മറുപടി നല്കിക്കൊണ്ടിരുന്നു. ഗോവാമെത്രാപ്പോലീത്താ, അക്ക്ദിയാക്കോൻ ജോർജ്ജ്, പറൂരിലെ നിയുക്തമെത്രാൻ. അങ്കമാലിയിലെ വിശ്വാസികൾ, വൈദികന്മാർ തുടങ്ങിയവർക്കെല്ലാം മാർപ്പാപ്പ എഴുതി. മതപരമായ കാര്യങ്ങളിൽ സൈനികശക്തി ഉപയോഗിക്കുന്നതു് കൊച്ചിയിലെ രാജാവിനു് ഇഷ്ടമായിരുന്നില്ല. അദ്ദേഹത്തിന്റെ ശ്രമങ്ങളെ ഗണ്യമാക്കാതെ, പോർട്ടുഗീസുകാർ അനധികൃതമായി കയറിപ്പററിയ മാർ സൈമണെ അറസ്റ്റു ചെയ്ത് ഗോവായിലേക്കും അവിടെനിന്നു ലിസ്ബണിലേയ്ക്കും അവിടെനിന്നു റോമിലേക്കും അയച്ചു. 1585–ൽ റോമൻ ക്യൂരിയാ നടത്തിയ അന്വേഷണങ്ങളുടെ ഫലമായി മാർ സൈമൺ ഒരു മെത്രാനോ, വൈദികൻ പോലുമോ അല്ലെന്നു തെളിഞ്ഞു. ലിസ്ബണിലെ ഫ്രാൻസിസ്കൻ ആശ്രമത്തിലേക്കു മാർപ്പാപ്പ അദ്ദേഹത്തെ അയച്ചു. 1599 ൽ അവിടെവച്ച് അദ്ദേഹം മൃതിയടഞ്ഞു.[33] യാക്കോബ് എന്നൊരു തദ്ദേശവൈദികനെ തന്റെ വികാരിജനറാളായി നിയമിച്ചിട്ടാണ് മാർ സൈമൺ ഇന്ത്യയിൽനിന്നു പോയതു്. ആകയാൽ ഒരു പത്തു വർഷത്തേക്കുകൂടി കുഴപ്പങ്ങൾ നീണ്ടുനിന്നു.

മൂന്നാമത്തെ ഗോവാസൂനഹദോസ് 1579–ൽ നടത്തണമെന്നു തീരുമാനിച്ചു.[34] മാർ അബ്രാഹം മെത്രാപ്പോലിത്താക്കു് ഈ സൂനഹദോസിൽ സംബന്ധിക്കാൻ സാധിക്കുന്നതിനു വേണ്ട ഒത്താശകൾ മാർപ്പാപ്പ ചെയ്തു. മാർ അബ്രാഹത്തിന്റെ ആശങ്ക ദൂരീകരിക്കുന്നതിന് അദ്ദേഹത്തെപ്പററി ശുപാർശ ചെയ്തുകൊണ്ട് ഗോവാമെത്രാപ്പോലീത്താക്കും പോർട്ടുഗീസ് രാജാവിനും (1578 നവംബർ 20, ഡിസംബർ 3) മാർപ്പാപ്പ കത്തുകളെഴുതി.[35] ഗോവാസൂനഹദോസിലേക്കുള്ള ക്ഷണം വരാൻ താമസിച്ചതിനാൽ ആ സമയംകൊണ്ട് ഒരു രൂപതാസൂനഹദോസ് വിളിച്ചുകൂട്ടാൻ ഈശോസഭക്കാർ മാർ അബ്രാഹത്തെ ഉപദേശിച്ചു. 1583 ഒക്ടോബറിൽ അദ്ദേഹം അപ്രകാരം ചെയ്തു. ഇതിന്റെ സത്ഫലങ്ങളെപ്പററി 1584 ജനുവരി 13–ാം തീയതിയിലെ ഒരു കത്തുവഴി അദ്ദേഹം പരിശുദ്ധ പിതാവിനെ അറിയിച്ചു. അവസാനം, 1584 ജൂൺ 5–ാം

തീയതി ഗോവായിലെ പ്രൊവിൻഷ്യൽസൂനഹദോസ് സമ്മേളിച്ചു. സംശയത്തോടെയാണ് മാർ അബ്രാഹം അതിൽ സംബന്ധിച്ചത്. എങ്കിലും ഇൻഡീസിലെ ജെസ്വീററ് മിഷൻെറ വിസിററായിരുന്ന ഫാ. അലക്സാണ്ടർ വലിഞ്ഞാനോ[36] അദ്ദേഹത്തെ ധൈര്യപ്പെടുത്തിയിരുന്നു. സൂനഹദോസിൻെറ മൂന്നാം സമ്മേളനം മുഴുവൻ അങ്കമാലി അതിരൂപതയെപ്പററിയുള്ള ചർച്ചയ്ക്കുവേണ്ടിയാണു വിനിയോഗിച്ചത്.[37]

മലബാറിൽ ഒരു സെമിനാരി സ്ഥാപിക്കപ്പെടണമെന്നു കൗൺസിൽപിതാക്കന്മാർ ആവശ്യപ്പെട്ടു. ഈ അഭ്യർത്ഥന വിചിത്രതരമായിട്ടാണു തോന്നുക. കാരണം തലേക്കൊല്ലം വൈപ്പിക്കോട്ടയിൽ ഒരു സെമിനാരി ഈശോസഭക്കാർക്കു് ഏല്പിച്ചുകൊടുത്തതേയുള്ളു. വൈദികവിദ്യാർത്ഥികളെയും ഇതരരൂപതകളിൽനിന്നുള്ള വൈദികന്മാരെയും സ്വീകരിക്കുന്നതിനു നിയമങ്ങളുണ്ടാക്കി. സൈമണി അവസാനിപ്പിക്കണമെന്ന നിർദ്ദേശംപോലെതന്നെ ബുദ്ധിപൂർവ്വകമാണ് ഈ തീരുമാനങ്ങൾ. എങ്കിലും ഇതിലേറെ കൂടുതൽ ചോദ്യംചെയ്യപ്പെടാവുന്ന തീരുമാനങ്ങൾ ആരാധനക്രമത്തെ സംബന്ധിച്ചിടത്തോളം സ്വീകരിക്കപ്പെട്ടു. കർമ്മാനുഷ്ഠാനവിധിയുടേയും പൊന്തിഫിക്കാളിൻേറയും പ്രധാന ഭാഗങ്ങളോടുകൂടെ ലത്തീൻ കാനോനനമസ്കാരപുസ്തകവും തക്സായും സുറിയാനിയിലേയ്ക്കു വിവർത്തനം ചെയ്യണമെന്നു് സൂനഹദോസ് നിശ്ചയിച്ചു. മാർ അബ്രാഹം നടപടികളിൽ ഒപ്പുവച്ചശേഷം (അവയുടെ പ്രത്യാഘാതങ്ങൾ അദ്ദേഹം മനസ്സിലാക്കിയിരിക്കയില്ല.) ഫ്രാൻസീസ്റോസ് എന്ന ഈശോസഭാവൈദികനോടുകൂടെ മടങ്ങിപ്പോയി. ഫാ. റോസിനെ മാർ അബ്രാഹത്തിൻെറ ഉപദേഷ്ടാവും സഹായമെത്രാനുമായി നിയമിക്കാൻ സൂനഹദോസ് തീരുമാനിച്ചിരുന്നു.

ഫാ. റോസിനു് സുറിയാനി അറിയാമായിരുന്നു. അതുകൊണ്ടു് മലബാറിൽ ഉപയോഗത്തിലിരുന്ന ആരാധനക്രമം സംബന്ധമായ കൈയെഴുത്തുപ്രതികളിൽ മോപ്സുവെസ്റ്റിയായിലെ തിയോഡോർ, താർസൂസിലെ ദിയോദോറസ്, നെസ്റ്റോറിയൂസ് എന്ന മൂന്നു ഗ്രീക്കുമല്പാന്മാരുടെ പേരുകളുണ്ടെന്നും മാർ അബ്രാഹം മെത്രാനെന്ന നിലയിലാണു് അവയിൽ കാണപ്പെടുന്നതെന്നും മനസ്സിലാക്കുന്നതിനു് അധികകാലം വേണ്ടിവന്നില്ല. ദൈവാലയസന്ദർശനത്തിനിടയിൽ അദ്ദേഹം ഈ പുസ്തകങ്ങൾ രഹസ്യമായി പരിശോധിച്ചിരുന്നു. കാരണം, അദ്ദേഹത്തിനു് അവ ഔദ്യോഗികമായി ലഭിക്കുക സാധ്യമല്ലായിരുന്നു.[38]

മെത്രാപ്പോലീത്തായുടെ വ്യക്തമായ അംഗീകാരം ലഭിച്ചിരുന്ന ഇത്തരം വസ്തുതകൾ ഫാദർ റോസിൽ സംശയങ്ങൾ ഉള

വാക്കി. അതിന്നു കാരണമുണ്ട്. ആരാധനക്രമസംബന്ധമായ ഗ്രന്ഥങ്ങൾ തിരുത്താമെന്നു മാർ അബ്രാഹം ഗോവായിൽ വച്ചു വാഗ്ദാനം ചെയ്തിരുന്നതാണ്. ഈ സമയത്ത് അദ്ദേഹം അക്കാര്യം മറന്നുകളഞ്ഞതുപോലെ കാണപ്പെട്ടു. കൂടാതെ 1590 ൽ വൈപ്പിക്കോട്ടയിലെ സെമിനാരിക്കാർക്കു ലത്തീൻ പൊന്തിഫിക്കാൾ അനുസരിച്ചു പട്ടം നല്കുന്നതിന് അദ്ദേഹം തീർത്തും വിസമ്മതിച്ചു. മാർ അബ്രാഹം വളരെ ജാഗ്രതയോടെയാണു പോർട്ടുഗീസുകാരുമായി ബന്ധപ്പെട്ടിരുന്നത്.

തൃശ്ശിനാപ്പിള്ളിയിലെ ഒരു മിഷനറിയായ ഫാ. കാസ്റ്റെറസ് എസ്. ജെ. കണ്ടെടുത്ത ''ദെ എറോരബൂസ് നെസ്തോറിയനോരും'' (നെസ്തോറിയരുടെ അബദ്ധങ്ങൾ) എന്ന കൈയെഴുത്തുപ്രതി ഫാ. ഹോഷർ എസ്. ജെ. പ്രസിദ്ധീകരിച്ചിരുന്നതെങ്കിലും അതു് ആരെ ഉദ്ദേശിച്ചാണെന്ന് അദ്ദേഹം പറയുന്നില്ല. എങ്കിലും മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ നിലപാടിനെയാണ് ഉന്നം വച്ചിരിക്കുന്നതെന്നു നമുക്ക് അനുമാനിക്കാം. ഇതു വിരചിതമായതു് 1586 ൻെറ അവസാനത്തിലോ 1587 ൻെറ ആരംഭത്തിലോ ആണു്.[39] ഈ സാഹചര്യങ്ങളിൽ മെത്രാപ്പോലീത്തായും അദ്ദേഹത്തിൻെറ ഉപദേഷ്ടാവും സഹായിയുമായ റോസുമായി സഹകരിച്ചു പ്രവർത്തിക്കുവാൻ സാധ്യമായിരുന്നില്ലല്ലോ. മാത്രമല്ല മാർ അബ്രാഹമിനോടു തനിക്കു് ഒട്ടും ബഹുമാനമില്ലെന്നു ഫാ. റോസ് സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

മാറോനീത്തക്കാരനായ അബ്രാഹം ജോർജ്ജ് എസ്. ജെ. വൈപ്പിക്കോട്ടയിൽനിന്നു 1593 ഒക്ടോബർ 13 നും ഡിസംബർ 15 നും ഈശോസഭാ ജനറൽ ക്ലാവുഡിയോ അകാവീവാസ്സു് അയച്ച കത്തുകളിൽനിന്നു മനസ്സിലാക്കാം മാർത്തോമ്മാക്രിസ്ത്യാനികളുടെ കാര്യങ്ങൾ എത്ര വഷളായിട്ടുണ്ടെന്നു്. താൻ നെസ്തോറിയനാണെന്നും, മെത്രാപ്പോലീത്ത സ്വയം കൂദാശകൾ പണത്തിനുവേണ്ടി നല്കിയെന്നു പ്രഖ്യാപിച്ചെന്നും ഈ കത്തുകളിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഏതാനും മാസങ്ങൾക്കുശേഷം മാസാവാ (എത്തിയോപ്യ)യിൽവച്ചു രക്തസാക്ഷിമകുടം ചൂടിയ തീക്ഷ്ണമതിയായ അബ്രാഹം ജോർജ്ജ് ഈ ആരോപണങ്ങളോടുകൂടി അബദ്ധങ്ങളുടെ ഒരു പട്ടിക കൂട്ടിച്ചേർക്കുകയും ചെയ്തു. ആരോപണങ്ങളുടെ കർത്താവായ അബ്രാഹം ജോർജ്ജ് അവയുടെ തെളിവു കൃത്രിമമായി കൈവശപ്പെടുത്തിയ ഒരെഴുത്തിൽ കണ്ടെന്നു പ്രസ്താവിക്കുന്നതല്ലാതെ അബ്രാഹം മെത്രാപ്പോലീത്താ ഈ അബദ്ധങ്ങളിൽ വിശ്വസിച്ചിരുന്നെന്നു വിശ്വസിക്കുക പ്രയാസമാണ്.[40] ഈ വിവരമറിഞ്ഞ റോം അസ്വസ്ഥമായി. 1595 ജനുവരി 27-ാം തീയതി ക്ലെമൻറ് എട്ടാമൻ (1592-1605) മാർ അബ്രാഹത്തിൻെറ വിശ്വാസത്തേയും ജീവിത

ത്തെയും പററി അന്വേഷിക്കുന്നതിനു ഗോവാമെത്രാപ്പോലീത്തായെ നിയമിച്ചു [41] ഈ എഴുത്തു് ഇന്ത്യയിലെത്തുന്നതിനു മുൻപു മരണാസന്നനായ മാർ അബ്രാഹം ഈശോസഭക്കാരിൽ നിന്നു് അന്ത്യകൂദാശകൾ സ്വീകരിച്ചു.[42] എന്നാൽ രോഗവിമുക്തനായ അദ്ദേഹം അതിരൂപതാഭരണം പുനരാരംഭിച്ചു. ഗോവായിലെ പുതിയ മെത്രാപ്പോലീത്ത അലക്സിസ് സി. മെനേസിസ് D. E. S A. രൂപതാഭരണം ഏറെറടുത്തശേഷം പരിശുദ്ധസിംഹാസനത്തിൻെറ ആജ്ഞാനുസരണം ഉടനെ നടത്തേണ്ടിയിരുന്ന അന്വേഷണത്തിൻെറ ഫലങ്ങൾ നമുക്കു് അജ്ഞാതമാണു്. ഇതിന്നിടെ സ്ഥാനഭ്രഷ്ടനാക്കപ്പെടാതെതന്നെ മാർ അബ്രാഹം 1597 ഫെബ്രുവരിയിൽ ദിവംഗതനായി. ഈ സമയത്തു് അലക്സിസ് ഡി. മെനേസീസ് മലബാറിലെ ലത്തിൻ ക്രിസ്ത്യൻസമൂഹങ്ങളെ സന്ദർശിക്കുകയായിരുന്നു.[43]

## മാർ അബ്രാഹമിൻെറ അനുഗാമികളും മെനേസീസിൻെറ സന്ദർശനവും

മാർ അബ്രാഹത്തിൻെറ പിന്തുടച്ച് പ്രയാസമേറിയതായിരിക്കുമെന്നു് പ്രതീക്ഷിക്കാം. റോമിനു് കൽദായ പാത്രിയാക്കീസിനേയും പോർട്ടുഗീസ് ഗവണ്മെൻറിനേയും അവഗണിക്കാൻ കഴിയുമായിരുന്നില്ല; നാട്ടിലെ കിടമത്സരം ഒഴിവാക്കുന്നതിലേക്കു ഗ്രിഗരി പതിമൂന്നാമൻ തീരുമാനിച്ചു. പരിശുദ്ധസിംഹാസനത്തിൽനിന്നു പുതിയ മെത്രാനെ നിയമിക്കുന്നതുവരെ ആർച്ചുഡീക്കൻ ജോർജ്ജ് ദെ ക്രസ്റ്റോ ഒഴിവുവന്ന രൂപതയുടെ ഭരണം ഏറെറടുക്കണമെന്നു് 1597 ജനുവരി 3–ാം തീയതി ഒരു കല്പനവഴി [44] ആർച്ചുഡീക്കനെ അറിയിച്ചു. മരണത്തിനു് ഏതാനും ദിവസങ്ങൾക്കുമുൻപു് തൻെറ വൈദികന്മാർ ആർച്ചുഡീക്കനു വിധേയമാകണമെന്നു് മാർ അബ്രാഹം ശുപാർശ ചെയ്തിരുന്നു. കൂടാതെ പറവൂരിൽ പുതുതായി സ്ഥാപിച്ച ഇൻഡ്യൻ രൂപതയിലേക്കു് ആർച്ചുഡീക്കനെയാണു് തെരഞ്ഞെടുത്തതു്. ഇതു് 1850 മാർച്ചു് 4–ാം തീയതിയിലെ നിയമനപത്രംവഴി ഗ്രിഗരി പതിമൂന്നാമൻ മാർപ്പാപ്പ അംഗീകരിച്ചു. ഈ തെരഞ്ഞെടുപ്പിനു പിന്നിൽ പ്രവർത്തിച്ചതു് കാതോലിക്കോസ് മാർ അബ്ദീശോയാണു്. അഭിഷിക്തനാകുന്നതിനുമുൻപു് ആർച്ചുഡീക്കൻ ജോർജ്ജ് ചരമമടഞ്ഞു. അദ്ദേഹത്തിൻെറ പിൻഗാമിയാണു് അദ്ദേഹത്തിൻെറ ബന്ധുവായ ജോർജ്ജ് ഡിക്രൂസ്. രണ്ടുപേരേയും ഒരാളായി തെററിദ്ധരിക്കരുതു്.[45] ദേശീയഹയരാക്കി സ്ഥാപിക്കുന്നതിനുണ്ടായ സുവർണ്ണാവസരം പൗരസ്ത്യറീത്തിനു നഷ്ടപ്പെട്ടു. ഈശോസഭക്കാരും പരിശുദ്ധസിംഹാസനവും മാർ അബ്രാഹത്തെ പൂർണ്ണമായി വിശ്വസിക്കുകയും നിയമവിരുദ്ധമായി പ്രവേശിച്ച മാർ സൈമൺ എന്ന നെസ്റ്റോറിയൻ മെത്രാനുമായുണ്ടായ മത്സരം

മൂദ്ധന്യാവസ്ഥയിലെത്തുകയും ചെയ്തപ്പോഴാണ് ഈ ക്രമീകരണങ്ങളുണ്ടായതു്. ഫാദർ റോസിൻേറയും ഫാദർ അബ്രാഹം ജോജ്ജിൻേറയും കുററാരോപണങ്ങൾക്കുശേഷം 1595 ജനുവരി 17 നും 1597 ജനുവരി 21 നുമുള്ള കല്പനവഴി ആ ഒഴിവിൽ ഒരു വികാരി അപ്പസ്തോലിക്കായെ നിയമിക്കാൻ ക്ലെമൻറു് എട്ടാമൻ ഗോവാമെത്രാപ്പോലീത്തായ്ക്കു് കല്പന കൊടുത്തു. ഗ്രിഗരി എട്ടാമൻെറ കല്പനകൾ അതോടൊപ്പം റദ്ദാക്കപ്പെട്ടിരുന്നതായി മാർ അബ്രാഹത്തെ അറിയിച്ചില്ല. മെനേസീസ് തെരഞ്ഞെടുക്കുന്ന വികാരിയപ്പസ്തോലിക്കയ്ക്കു് ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളിൽ പൂൎണ്ണാധികാരമുണ്ടായിരിക്കണം. അതു സുറിയാനി അതിരൂപതയ്ക്കു് പരി. പിതാവു് വ്യക്തമായ രൂപം നല്കുന്നതുവരെ തുടരുകയും വേണം. രണ്ടാമത്തെ പ്രമാണപത്രത്തിൽ രണ്ടു കാര്യങ്ങൾ ഊന്നിപ്പറഞ്ഞിരുന്നു. ഒന്നാമതായി ഈ പുതിയ ചുററുപാടിൽ നേരത്തെയുള്ള നടപടികൾ, ആചാരങ്ങൾ, നിബന്ധനകൾ മുതലായവയ്ക്കു് കോട്ടം തട്ടരുതു്. രണ്ടാമതായി പഴയ ആചാരത്തിൽനിന്നു വ്യത്യസ്തമായി ഇപ്പോഴുള്ള നിയമനം ഇപ്രാവശ്യത്തേയ്ക്കു മാത്രമുള്ളതായി പരി. പിതാവു് ഉദ്ദേശിക്കുന്നു.[46]

മെനേസീസ് അല്പം വിഷമഘട്ടത്തിലെത്തി. ലത്തീൻ ഇടവകകൾ സന്ദശിക്കുന്നതിനിടയിൽ അദ്ദേഹം ഫ്രാൻസീസ് റോസിനെ അങ്കമാലി വികാരി അപ്പസ്തോലിക്കയായി നിയമിച്ചു. പന്ത്രണ്ടുവഷം റോസ് മാർ അബ്രാഹത്തിൻെറ സഹപ്രവത്തകനായിരുന്നു. അതുകൊണ്ടു് അങ്കമാലി അതിരൂപതയുടെ കാര്യങ്ങൾ അദ്ദേഹത്തിനാണു് മററാരേയുംകാൾ സുപരിചിതമായിരുന്നതു്. അതിരൂപതയുടെ ഭരണം ആർച്ചുഡീക്കൻ ജോജ്ജ് ഡിക്രൂസ് വഹിക്കുന്നതുകൊണ്ടു് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുന്നതു ഉചിതമല്ലെന്നു് മെത്രാപ്പോലീത്ത ഗോവായ്ക്കു് തിരിച്ചപ്പോൾ ആലോചനക്കാർ അദ്ദേഹത്തെ അറിയിച്ചു. മെനേസീസ് അതു സമ്മതിച്ചു. ആർച്ചുഡീക്കനെ അഡ്മിനിസ്ട്രേററായി അംഗീകരിച്ചുറപ്പിച്ചു. എങ്കിലും ഫാ. റോസിനേയും വൈപ്പിക്കോട്ട സെമിനാരിയുടെ ശ്രേഷ്ഠനേയും ഉപദേശകന്മാരായി നിയമിച്ചു.[47] ഈ നടപടികൾ മാർത്തോമ്മാക്രിസ്ത്യാനികളെ സംതൃപ്തരാക്കുമെന്നാണവർ കരുതിയതു്. എന്നാൽ തനിക്കു് നിബ്ബന്ധപൂർവ്വം ഉപദേശകന്മാരെ നല്കിയതു് ആർച്ചുഡീക്കനു് ഇഷ്ടമായില്ല. അതുകൊണ്ടു് ഭരണഭാരമേറെറടുക്കുന്നതിനു പ്രാരംഭമായ വിശ്വാസപ്രഖ്യാപനം മാററിവച്ചു. ഇതിനിടയിൽ മെസപ്പൊട്ടേമിയായിൽനിന്നു് ഒരു മെത്രാൻ വരുമെന്ന പ്രതീക്ഷയോടെയാണോ അദ്ദേഹം ഇപ്രകാരം പ്രവത്തിച്ചതു് എന്നറിഞ്ഞുകൂടാ.

അദ്ദേഹം വൈദികന്മാരുടേയും ജനങ്ങളുടേയും ഒരു യോഗം

വിളിച്ചുകൂട്ടി. അതിൽവച്ച് ഏതുവിധവും സീറോമലബാർ റീത്തും ആചാരങ്ങളും 'വി. തോമ്മായുടെ നിയമവും' സംരക്ഷി ക്കുന്നതാണെന്നും പരിശുദ്ധ സിംഹാസനവുമായി ഐക്യ ത്തിൽ കഴിഞ്ഞിരുന്ന കൽദായപാത്രിയാക്കീസ് സൈമൺ IX ഡെൻഹ അംഗീകരിക്കാത്ത മെത്രാനെ സ്വീകരിക്കയി ല്ലെന്നും തീരുമാനിച്ചു.

ആസന്നമായ ശീശ്മയുടെ വ്യക്തമായ അടയാളങ്ങളാണ് ഈ നീക്കമെന്നു കണ്ട ഗോവാമെത്രാപ്പോലീത്താ മലബാറിലെ സുറിയാനി സമൂഹങ്ങളെ സന്ദർശിക്കാൻ നിശ്ചയിച്ചു. കടുത്ത സംഘർഷാവസ്ഥ നിലവിലിരുന്നെങ്കിലും 1598 ഡിസംബർ 27–ാം തീയതി മുതൽ അദ്ദേഹം ഈ കൃത്യം നിർവ്വഹിച്ചു. സന്ദ ർശനം പല മാസങ്ങൾ തന്നെ ദീർഘിച്ചു. ഇതിൻെറ വിശ ദാംശങ്ങൾ പിന്നീട് സെറീനിലെ സ്ഥാനികമെത്രാനായ അഗസ്റ്റീനിയൻസന്യാസി അൻേറാണിയോ ദി ഗുവിയായുടെ വിവരണത്തിൽനിന്നാണ് നാം മനസ്സിലാക്കുന്നത്.[48]

അന്ന് 70,000 സീറോ മലബാർ ക്രിസ്ത്യാനികളുണ്ടായി രുന്നെന്നു ഗുവിയാ കണക്കാക്കുന്നു. സുറിയാനിക്കാരോടുള്ള പോർട്ടുഗീസ് മിഷനറിമാരുടെ സമീപനം അദ്ദേഹം സമർത്ഥ മായി വിവരിക്കുന്നു. ക്രിസ്ത്യാനികളെപ്പററി ആശ്ചര്യ മാണ് ആദ്യം തോന്നുക. അസംഖ്യം അക്രൈസ്തവരുടെ മധ്യ ത്തിൽ വസിക്കുന്ന ദരിദ്രരായിരുന്നു അവർ. പലപ്പോഴും നാട്ടുരാജാക്കന്മാർ അവരെ ഞെരുക്കിയിരുന്നു. ഹിന്ദുക്കളുടെ സമ്പന്നമായ ക്ഷേത്രങ്ങളോടു താരതമ്യപ്പെടുത്തിയാൽ അവ രുടെ ആരാധനസ്ഥലങ്ങൾ ദരിദ്രമായിരുന്നു. എന്നിരുന്നാലും, ക്രിസ്തുമതത്തിൻെറ ഉറച്ച അടിസ്ഥാനതത്വമായ ത്രിത്വത്തി ലുള്ള വിശ്വാസം അവർ പരിപൂർണ്ണമായി സംരക്ഷിച്ചതു വലി യൊരു നേട്ടമാണ്. സ്വന്തം കുററംകൂടാതെ നിർഭാഗ്യ വശാൽ മതബോധനം ശരിക്കു ലഭിക്കാത്ത ഈ ക്രിസ്ത്യാനി കൾ തങ്ങളുടെ വൈദികാധികാരികൾ മൂലം പാഷണ്ഡത യിൽപ്പെട്ടു. മെസപ്പൊട്ടേമിയായിൽനിന്നുള്ള മെത്രാന്മാർ നെസ്റ്റോറിയൻ പാഷണ്ഡതയോടു ബന്ധപ്പെട്ടിരുന്നു. അതു കൊണ്ടു പരിതാപകരമായ ഈ പരിതഃസ്ഥിതിയിൽ അലഞ്ഞു തിരിയുന്ന ദരിദ്രരായ ആടുകളെ ഏതു ത്യാഗം സഹിച്ച് സഹായിക്കുവാനും പത്രോസിൻെറ പിൻഗാമിയുടെ ഏകവും സത്യവുമായ സംഘത്തിനു വിധേയമായ ആലയിലേക്കു നയി ക്കാനും ഗോവ മെത്രാപ്പോലീത്തായും അദ്ദേഹത്തിൻെറ സ്നേഹി തൻ ഫാദർ ബ്രാസ് ഓഫ് സെൻറ് മേരിയും ആഗ്രഹിച്ചു. ആ ലക്ഷ്യം പ്രാപിക്കാൻ അവർ വളരെ ശ്രമിച്ചു. ദക്ഷിണേ ന്ത്യയിലെ അനാരോഗ്യകരമായ കാലാവസ്ഥയിൽ ത്രപതാടി സ്ഥാനത്തിലുള്ള സിനഡിനു മുൻപും പിൻപുമായി ചെറു

സമൂഹങ്ങളെ സന്ദർശിക്കാൻ മെനേസീസ് നിശ്ചയിച്ചു. പരിവാരങ്ങളോടെ ഒരുസ്ഥലത്തുനിന്നു മറെറാരിടത്തേക്കു ബോട്ടിൽ യാത്രചെയ്ത് ഒരു വർഷം മുഴുവൻ സന്ദർശനത്തിനായി അദ്ദേഹം ചെലവഴിച്ചു. ഗോവാമെത്രാപ്പോലീത്ത ക്രിസ്ത്യാനികളെ പോർട്ടുഗീസുകാർക്ക് പൂർണ്ണമായി വിധേയരാക്കാനുദ്ദേശിക്കുന്നെന്നും അപ്രകാരം പരി. പിതാവിനു കീഴ്പ്പെടുത്തുവാനെന്ന ഭാവേന തങ്ങളുടെ നേതാക്കന്മാരുടെ അധികാരത്തിൽനിന്നു് അവരെ അകററുന്നെന്നു് വിശ്വസിച്ച നാട്ടുരാജാക്കന്മാരിൽ നിന്നു്, ക്രിസ്ത്യാനികളിൽനിന്നുമുണ്ടായ സകലവിധ പ്രതിബന്ധങ്ങളേയും അദ്ദേഹം സുധീരം നേരിട്ടു.

1599 ഫെബ്രുവരി ആരംഭത്തിൽ മെത്രാപ്പോലീത്താ കൊച്ചിയിൽനിന്നും യാത്ര തിരിച്ചു. ആദ്യം വൈപ്പിക്കോട്ട (ചേന്ദമംഗലം) യിലിറങ്ങി. അവിടെ ഈശോസഭാവൈദികന്മാരുടെ സംരക്ഷണത്തിൽ കഴിഞ്ഞു. കോളേജു സെമിനാരിയിൽ ശെമ്മാശ്ശന്മാരുടെ കൂട്ടത്തിൽ കുലീനരായ മൂന്നു കുട്ടികാം പഠിച്ചിരുന്നു. അവസരോചിതമാംനടന്ന മീററിംഗിൽ അവർ ലത്തീനിലും സുറിയാനിയിലും മലയാളത്തിലും പ്രസംഗിച്ചു. ഈ പ്രസംഗങ്ങളിൽ മലബാറിലേയ്ക്കു സത്യവിശ്വാസം വീണ്ടും കൊണ്ടുവരുവാനും നെസ്തോറിയൻ പാഷണ്ഡത എന്നേക്കുമായി പിഴുതെറിയാനും അവർ മെത്രാപ്പോലീത്തായോടഭ്യർത്ഥിച്ചു. വൈപ്പിക്കോട്ട ദൈവാലയത്തിലെ ഒരു ഉൽഘാടനകർമ്മത്തിൽവച്ചു ചെയ്ത മറുപടിപ്രസംഗത്തിൽ മെത്രാപ്പോലീത്താ മെസപ്പൊട്ടേമിയയിൽ നിന്നുള്ള മെത്രാന്മാർക്കെതിരെ, എന്നാൽ കത്തോലിക്കരും നെസ്തോറിയരുമായ മെത്രാന്മാർ തമ്മിലുള്ള പ്രധാന വ്യത്യാസം ചൂണ്ടിക്കാട്ടാതെ, പൊതുവിൽ ഒരു പരാമർശം നടത്തി രഹസ്യമായി മലബാറിലേക്കു വന്നതുകൊണ്ടു് അവരെല്ലാം വാതിലിലൂടെ ആലയിലേയ്ക്കു കടക്കാത്ത കള്ളന്മാരായി പരാമർശിക്കപ്പെട്ടു. അതിനാൽ അവർ വിശ്വാസികളെ നരകത്തിലേക്കു നയിക്കുന്നവരെപ്പോലുള്ള മനുഷ്യരായും ചിത്രീകരിക്കപ്പെട്ടു.

സെലൂച്ചിയ കാത്തോലിക്കോസ് അയച്ച മെത്രാൻെറ ആഗമനത്തിനെതിരെ വൈദികന്മാരേയും വിശ്വാസികളേയും അണിനിരത്തത്തക്കവിധം ഈ ആശയം വിശദീകരിച്ചു വിപുലീകരിച്ചു. ഈ പ്രസംഗം കാരണം ഓർമൂസിലും ഗോവയിലും പോർട്ടുഗീസുകാർ കാവൽനിറുത്തിയിരുന്നുവെങ്കിലും അവിടെനിന്നു മെത്രാന്മാർക്കു വരാൻ സാധ്യതയുണ്ടായിരുന്നു. പതിവനുസരിച്ചു സെലൂച്ചിയായിൽനിന്നു മെത്രാനെ ലഭിക്കുവാനാവശ്യകമായ നടപടികളെടുത്തിട്ടുണ്ടെന്ന വസ്തുതയെപ്പററി ഒരുപക്ഷെ മെനേസീസ് ബോധവാനായിരുന്നിരിക്കണം. ശുദ്ധീകരണസ്ഥലത്തെപ്പററിയുള്ള കത്തോലിക്കാ

തത്വബോധനത്തോടെ മെത്രാപ്പോലീത്ത തൻെറ ഉപദേശം ഉപസംഹരിച്ചു. അനന്തരം മെനേസീസ് സ്ഥൈര്യലേപനം നല്കി.

വാസ്തവത്തിൽ സ്ഥൈര്യലേപനത്തിൻെറ പ്രശ്നം ഇവിടെ വളരെ സങ്കീർണ്ണമായിരുന്നു. മററു സ്ഥലങ്ങളിലെന്നപോലെ മലബാറിലും, വൈദികന്മാർ മാമ്മോദീസായോടുകൂടെ ലേപനവും സ്ഥൈര്യലേപനത്തിൻെറ അവശ്യകമ്മമായ ഒരു കൈവെപ്പും നല്കിയിരുന്നു. എന്നാൽ കിഴക്കൻ സഭകളിൽ വൈദികന്മാർ മാമ്മോദീസായുടെ കമ്മങ്ങളോടുകൂടെ സ്ഥൈര്യലേപനവുംനല്കിയിരുന്നു. വിദ്യാഭ്യാസം കുറവായതുകൊണ്ടു് വൈദികന്മാർക്കും വിശ്വാസികാംക്കും ഈ രണ്ടു കൂദാശകാം തമ്മിലുള്ള വ്യത്യാസം സ്പഷ്ടമായിരുന്നില്ല. പാരമ്പര്യമനുസരിച്ചുള്ള കർമ്മാനുഷ്ഠാനവിധിപ്രകാരം ശരിയായ മാമ്മോദീസാ സ്വീകരിച്ചു വേർപെട്ടു നില്ക്കുന്ന പൗരസ്ത്യർ തിരിച്ചുവരുമ്പോാം, സ്ഥൈര്യലേപനം നല്കുന്നതു പരിശുദ്ധ സിംഹാസനം നിരോധിച്ചിട്ടുണ്ടെങ്കിലും, ഈ നിരോധനത്തെപ്പററി സംശയിക്കുന്ന ലത്തീൻ വൈദികന്മാരെ കണ്ടേക്കാം. അതുകൊണ്ടു ലത്തീൻ റീത്തിൽ സ്ഥൈര്യലേപനം നല്കണമെന്നു പോർട്ടുഗീസ് വൈദികന്മാർ നിർബന്ധിച്ചതു ക്ഷന്തവ്യമാണു്.

മലബാറിലെ സുറിയാനിക്കാർ ശരിയായ സ്ഥൈര്യലേപനം സ്വീകരിച്ചിട്ടില്ലെന്ന അഭിപ്രായത്തിനു വ്യക്തമായ മറെറാരു കാരണവും അവക്കുണ്ടായിരുന്നു. കത്തനാരന്മാർ നല്കിയ മാമ്മാദീസായോടുകൂടെയുള്ള ലേപനങ്ങാംക്കു സ്ഥൈര്യലേപനത്തിൻെറ ആവശ്യഘടകമായ വിശുദ്ധ തൈലമല്ല ഉപയോഗിച്ചതു്. പ്രത്യുത, വെഞ്ചരിക്കാത്ത വെളിച്ചെണ്ണയോ, പന എണ്ണയോ ആണു്. കൂടാതെ, അന്നു് കൽദായറീത്തിൽ കൈവെയ്പു മാത്രമല്ലാതെ സ്ഥിരീകരണത്തിനു വിശുദ്ധതൈലം ഒരിക്കലും ഉപയോഗിച്ചിരുന്നില്ലെന്ന കാര്യം അധികം അറിയപ്പെട്ടിരുന്നില്ല. വൈപ്പിക്കോട്ടയിൽ ഈശോസഭക്കാരുടെ സ്വാധീനതാശക്തി നിമിത്തം വിശ്വാസികാം കൂട്ടംകൂട്ടമായി സ്ഥൈര്യലേപനം സ്വീകരിക്കാൻ മുന്നോട്ടുവന്നു. മററുസ്ഥലങ്ങളിൽ മെത്രാപ്പോലീത്തായുടെ ക്ഷണം അവഗണിക്കപ്പെട്ടു. വൈദികന്മാരിൽ ഒരു വിഭാഗം ദുശ്ശാഠ്യപൂർവ്വം ക്രിസ്തു സ്ഥൈര്യലേപനം സ്ഥാപിച്ചിട്ടില്ലെന്നു വാദിച്ചു. ഇതു കടുത്ത വിവാദത്തിനു വിഷയമായി.[49]

വൈപ്പിക്കോട്ടയിലെത്തിയതിൻെറ പിറേറദിവസം കൽദായ ശുശ്രൂഷയിൽ സന്നിഹിതനായ മെനേസീസ് ബാബിലോണിയൻ പാത്രിയാക്കീസിനെ ക്രൈസ്തവസഭയുടെ സാർവ്വത്രിക അജപാലൻ എന്ന അഭിധാനം നല്കി പ്രാത്ഥിക്കുന്നതു

കേട്ടു. ഇതു റോമിലെ മാർപ്പാപ്പമാത്രം അർഹിക്കുന്ന അഭിധാനത്തിന്മേലുള്ള സ്പഷ്ടമായ കൈയേററമാണു്. മാത്രമല്ല, പാത്രിയാർക്കീസ് നെസ്തോറിയനാണെന്നു് മെനേസീസ് ധരിച്ചിരുന്നു. എന്നാൽ കത്തോലിക്കാ സഭയുമായി പ്രഥമത ഐക്യപ്പെട്ട സുലാക്കായ്ക്കു ശേഷമുള്ള മൂന്നാമത്തെ പാത്രിയാർക്കീസ് സൈമൺ IX ദെൻഹാ കത്തോലിക്കനായിരുന്നു എന്നതിൽ സംശയമില്ല. 1581 ജൂൺ 16–നു് റോം അദ്ദേഹത്തിൻെറ സ്ഥാനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു.[50] ഈ വസ്തുത ഇന്ത്യയിലറിയപ്പെട്ടിരുന്നില്ലെന്നോ, അല്ലെങ്കിൽ മെസപ്പൊട്ടേമിയായിൽനിന്നു വരുന്നവരെല്ലാം നെസ്തോറിയരാണെന്ന രീതിയിൽ സ്വീകരിച്ചെന്നു ഭാവിക്കുകയായിരുന്നെന്നോ വരാം. എങ്ങനെയാണെങ്കിലും ഒരു പാഷണ്ഡിയുടെ പേരു പറയുന്ന ശുശ്രൂഷകളിൽ സംബന്ധിച്ചതു് റോമിനെ പിന്താങ്ങുന്നവരെ വേദനിപ്പിച്ചേക്കുമോ എന്നു മെനേസീസ് ഭയപ്പെട്ടു. അതുകൊണ്ടു് രണ്ടു പ്രാവശ്യം കൽദായ ശുശ്രൂഷയിൽ സംബന്ധിച്ചപ്പോൾ ഏതെങ്കിലും ദൈവാലയ ശുശ്രൂഷയിൽ ബാബിലോണിയൻ പാത്രിയാർക്കീസിൻെറ നാമം ഉച്ചരിക്കാൻ മുതിരുന്നവരെ മഹറോൻ ശിക്ഷയിൽ ഉൾപ്പെടുത്തുമെന്നു് അദ്ദേഹം ഭീഷണിപ്പെടുത്തി. തൽസ്ഥാനത്തു പോപ്പിൻെറ പേരാണു പറയേണ്ടതു് എന്നു പറഞ്ഞു. ഈ പ്രസ്താവന വലിയ ഒച്ചപ്പാടുളവാക്കി. വിവാദത്തിനു പുതിയൊരു വിഷയവും ലഭിച്ചു. അതു പുനഃപരിശോധിക്കേണ്ടിവന്നു. പരസ്പരവിരുദ്ധമായ പല നിയമങ്ങൾ, പ്രത്യേകിച്ച് വി. പത്രോസിൻെറയും വി. തോമ്മായുടെയും നിയമങ്ങൾ സഭയിലുണ്ടോ? എല്ലാ അപ്പസ്തോലന്മാരും സ്വീകരിച്ച ക്രിസ്തുവിൻെറ ഒരു നിയമമല്ലേയുള്ളു.

മെനേസീസ് മെത്രാപ്പോലീത്ത വൈപ്പിക്കോട്ടയിൽ നിന്നു പറൂർ, മങ്ങാട്ടു (ആലങ്ങാട്ടു്), ചെകേറി (ചൊവ്വര), കാഞ്ഞൂർ എന്നീ സ്ഥലങ്ങളിലേയ്ക്കു നീങ്ങി. ആർച്ചു ഡീക്കൻ ജോർജ്ജ് ഡിക്രൂസ് മെത്രാപ്പോലീത്തായെ അനുധാവനം ചെയ്യേണ്ടിയിരുന്നു. എന്നാൽ, അദ്ദേഹം അങ്കമാലിയിലെ വസതിയിൽ തങ്ങി. ആ സ്ഥലങ്ങളിലൂടെ കടന്നുപോകുന്ന വിദേശിയനായ മെത്രാൻ എന്ന നിലയിൽ മാത്രമുള്ള ബഹുമാനത്തോടെ മെനേസീസിനെ സ്വീകരിക്കാൻ അദ്ദേഹം വൈദികന്മാരെ ഉപദേശിച്ചിട്ടുണ്ടായിരുന്നു. സുറിയാനി മെത്രാപ്പോലീത്തായുടെ സിംഹാസനം രണ്ടു വർഷത്തേയ്ക്കു് ഒഴിഞ്ഞാണു കിടന്നതു്. പ്രതീക്ഷിച്ചപോലെ നിയമനം റോമിൽനിന്നുണ്ടായതുമില്ല. അതുകൊണ്ടു് ഒരു പട്ടം കൊടുക്കലിനു സമയമായെന്നു മെനേസീസ് തീരുമാനിച്ചു. ആ വർഷം (1599)വിശുദ്ധവാരത്തിലെ ശനിയാഴ്ച വൈദികന്മാരാകാനുള്ളവരെ ഉദയംപേരൂരു വിളിച്ചുകൂട്ടി. ശുശ്രൂഷയുടെ അഡ്മിനിസ്ട്രേററായി ആർച്ചു ഡീക്കനെയും ക്ഷണിച്ചു. എന്നാൽ ആർച്ചു

ഡീക്കൻ എട്ടാം ക്ലെമൻറ് പാപ്പായുടെ തീട്ടൂരത്തിൻെറ വെളിച്ചത്തിൽ മെനേസീസ് നിർവ്വഹിക്കാനുദ്ദേശിച്ച ഔദ്യോഗികകർമ്മത്തെ എതിർത്തു. ലത്തീൻകാരുടെ മേലല്ലാതെ സുറിയാനിക്കാരുടെമേൽ യാതൊരുവിധ അധികാരവും മെത്രാപ്പോലീത്താസ്ഥ് മാപ്പാപ്പ നല്കിയിട്ടില്ലെന്ന നിലപാടും അദ്ദേഹം സ്വീകരിച്ചു. സ്വന്തമായ അധികാരാവകാശങ്ങളെ നിലനിർത്താൻ ദൃഢചിത്തനായ ജോർജ്ജ് ഡിക്രൂസ് ഗോവാ മെത്രാപ്പോലീത്തയിൽനിന്നു് പട്ടം സ്വീകരിക്കുന്നവർക്കു് മഹറോൻശിക്ഷയുണ്ടാകുമെന്നു പ്രഖ്യാപിച്ചു. അങ്കമാലി രൂപതയിലെ വൈദികസമൂഹത്തിലെ അംഗങ്ങളായി അവരെ കണക്കാക്കുകയില്ലെന്നും അദ്ദേഹം വ്യക്തമാക്കി; അവരുടെ കുടുംബങ്ങൾക്കെതിരെ കർശനനടപടികളെടുക്കുന്നതാണെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇവയെയൊക്കെ അവഗണിച്ചുകൊണ്ടു് മുപ്പത്തിയെട്ടു പേർക്കു് പട്ടം കൊടുക്കാൻ മെത്രാപ്പോലീത്ത തീരുമാനിച്ചു. സുറിയാനിഭാഷയിൽ അവർക്കുള്ള വ്യുൽപത്തി മെനേസീസ് പരിശോധിച്ചു. അനന്തരം വൈദികാർത്ഥികൾ നാലാം പീയൂസിനാൽ നിർദ്ദിഷ്ടമായ വിശ്വാസപ്രഖ്യാപനം നടത്തി. മാപ്പാപ്പയോടു് അനുസരണം വാഗ്ദാനം ചെയ്തു. ബാബിലോൺ പാത്രിയാർക്കീസിനോടുള്ള വിധേയത്വവും നെസ്തോറിയൻ അബദ്ധങ്ങളും ഉപേക്ഷിക്കുന്നതാണെന്നു് പ്രതിജ്ഞയെടുത്തു.

ഓശാന ഞായറിനുമുൻപുള്ള വെള്ളിയാഴ്ച, മെത്രാപ്പോലീത്ത വളരെയധികം ക്രൈസ്തവരുള്ള കടുത്തുരുത്തി (കാത്തുരുത്ത്) യിലെത്തി. വിശുദ്ധ വാരത്തിലെ തിരുക്കർമ്മങ്ങൾ അവിടെ വച്ചു നടത്തുക എന്നതായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. പൊന്തിഫിക്കൽ തിരുക്കർമ്മങ്ങൾ നടത്താനും വ്യക്തിപരമായി കൂദാശകൾ നല്കാനും മെനേസീസ് ഉദ്ദേശിക്കുന്നുവെന്നു മനസ്സിലാക്കിയ കടുത്തുരുത്തിയിലെ പുരോഹിതന്മാർ വിഷമാവസ്ഥയിലായി. ഉയിർപ്പുതിരുനാളിലെ ദിവ്യകാരുണ്യസ്വീകരണത്തിൽനിന്നു് നല്ലൊരാദായമുണ്ടാക്കാമെന്നു് അവർ മുൻകൂട്ടി കണ്ടിരുന്നു. കാരണം ദിവ്യകാരുണ്യസ്വീകരണത്തിനണയുന്ന വിശ്വാസികൾ ഒരു പണം (അരക്കാൽ രൂപാ) കാർമ്മികനു് നല്കേണ്ടിയിരുന്നു. വൈദികന്മാർ പിമെൻേറാ (വടക്കുംകൂർ) രാജ്ഞിയുടെ മുൻപിൽ നിവേദനം സമർപ്പിച്ചു. മൂന്നു ദിവസത്തിനുള്ളിൽ സ്ഥലം വിട്ടുകൊള്ളണമെന്നു് രാജ്ഞി മെനേസീസിനു് കല്പന കൊടുത്തു. ക്രിസ്ത്യാനികളായ രാജ്ഞിയുടെ പ്രജകളെ മെത്രാപ്പോലീത്ത അവളിൽനിന്നകററുമെന്നാണു് രാജ്ഞിയെ ധരിപ്പിച്ചതു്. ശരിയായ അധികാരിക്കു് ക്രിസ്ത്യാനികൾ വിധേയരാകണമെന്നു് താൻ എല്ലാവരേയും ഉപദേശിക്കയാണു് ചെയ്തതെന്നു് മെത്രാപ്പോലീത്ത രാജ്ഞിയെ അറിയിച്ചു. മാത്രമല്ല 1500 വർഷംമുൻപു് രാജ്യഭരണാധികാരികളിൽനിന്നു ലഭിച്ച ആനുകൂല്യങ്ങളുടെ വെളിച്ചത്തിൽ തിരു

കർമ്മങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം തനിക്കു നല്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മാർത്തോമ്മാക്രിസ്ത്യാനികൾക്കു വിദേശീയ മതാദ്ധ്യക്ഷന്മാരെ ലഭിക്കാനവകാശം നല്കുകയായിരുന്നല്ലോ ആനുകൂല്യങ്ങളിൽ പ്രധാനമായത്. മെത്രാപ്പോലീത്താ ഇപ്രകാരമാണ് മറുപടി പറഞ്ഞതെങ്കിൽ ആനുകൂല്യങ്ങളെ തന്ത്രപൂർവ്വം വ്യാഖ്യാനിക്കുകയായിരിക്കും. വാസ്തവത്തിൽ മെനേസീസ് ന്യായാനുസൃതമുള്ള വിദേശാധികാരിയാണെന്നു പറയാൻ സാധിക്കുകയില്ലല്ലോ.

ലത്തീൻ തിരുക്കർമ്മങ്ങൾ മനോജ്ഞമായ കടുത്തുരുത്തിയിലെ ആളുകളുടെ മനസ്സിൽ ആഴമായി പതിയുന്നതിനും, അവർ അതാസ്വദിക്കുന്നതിനുമായി മെനേസീസ് കൊച്ചിയിൽനിന്നു ഗായകസംഘത്തെ വരുത്തി. വിശുദ്ധവാരത്തിലെ ബുധനാഴ്ച മുതൽ പ്രധാന പള്ളിയിൽ തിരുക്കർമ്മങ്ങൾ ആദ്യം ലത്തീനിലും അനന്തരം സുറിയാനിയിലും നടന്നു. തനിക്കു സുറിയാനിക്കാരുടെമേലും ലത്തീൻകാരുടെമേലും അധികാരമുണ്ടെന്നു കാണിക്കുന്നതിന് മെത്രാപ്പോലീത്ത രണ്ടു തിരുക്കർമ്മങ്ങളിലും സംബന്ധിച്ചു. ബുധനാഴ്ച സായംകാല ശുശ്രൂഷ കഴിഞ്ഞ് മെത്രാപ്പോലീത്ത വൈദികന്മാരെ വിളിച്ചുകൂട്ടി. വിശുദ്ധതൈലവെഞ്ചരിപ്പിന്റെ അർത്ഥം വ്യാഖ്യാനിച്ചുകൊടുത്തു. പെസഹാവ്യാഴാഴ്ച എല്ലാ പള്ളികളിലേക്കും കൊടുക്കാനാവശ്യമായത്ര സൈത്തു വെഞ്ചരിച്ചു. പൊന്തിഫിക്കൽ കുർബാനക്കുശേഷം പ്രത്യേകം മനോഹരമായി അലങ്കരിച്ച അൾത്താരയിൽ വിശുദ്ധ കുർബാന സ്ഥാപിച്ചു. ഇത് വിശ്വാസികൾക്കു ഭക്തിജനകമായി. കാരണം, ദിവ്യകാരുണ്യത്തിന് ഇത്തരം ആദരം നല്കുന്നത് അവർ മുമ്പൊരിക്കലും ദർശിച്ചിട്ടില്ല. ഉച്ചകഴിഞ്ഞ് കാൽകഴുകൽശുശ്രൂഷ നടന്നു. മെനേസീസ് വൈദികന്മാരുടെ പാദങ്ങൾ കഴുകി. പൊന്തിഫിക്കൽ വേഷമെല്ലാം അണിഞ്ഞ മെത്രാപ്പോലീത്ത ഓരോ കത്തനാരുടെയും മുമ്പിൽ മാറിമാറി മുട്ടുകുത്തി പാദങ്ങൾ കഴുകി ചുംബിച്ചു. ഇതു കണ്ടു ജനങ്ങൾ രോമാഞ്ചമണിഞ്ഞു. എളിമയുടെ ഈ മാതൃക അവരുടെ ഹൃദയത്തെ ചലിപ്പിച്ചു. വൈദികന്മാർ പലരും കരഞ്ഞുപോയി. സ്ലീവായുടെ ആരാധനയോടുകൂടിയ ദുഃഖവെള്ളിയാഴ്ചതിരുക്കർമ്മം കുരിശിന്റെ ഭക്തരായ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മനസ്സിൽ ഭക്തിസന്തോഷങ്ങളുളവാക്കി. വൈകുന്നേരം സായംകാലപ്രാർത്ഥനകൾ പാടി. പ്രാർത്ഥന രണ്ടാംയാമത്തിലെത്തിയപ്പോൾ വിരുദ്ധസംഘം രൂപീകരിച്ചിരുന്ന ഒരു വൈദികൻ ആയുധധാരികളായ അനുയായികളോടുകൂടെ പള്ളിയിൽ പ്രത്യക്ഷപ്പെട്ടു. ഈ നിന്ദ്യമായ പെരുമാററം വൈദികരും ആളുകളും അംഗീകരിച്ചില്ല. മാത്രമല്ല, അവർ അച്ചനെ പിടിച്ച് മെത്രാപ്പോലീത്തായുടെ മുമ്പിൽ കൊണ്ടുവന്നു. ക്ഷമ ചോദിക്കാൻ അവർ വൈദി

കനെ വേണ്ടത്ര പ്രേരിപ്പിച്ചു. എന്നാൽ, ഹതഭാഗ്യനായ ആ വൈദികൻ ക്ഷമ ചോദിക്കാൻ കൂട്ടാക്കിയില്ല. അദ്ദേഹത്തിൻെറ പ്രവൃത്തി മറെറാരു പ്രതികരണമുളവാക്കി. തിരുക്കർമ്മം അവസാനിച്ചപ്പോൾ ജനനേതാക്കളും വൈദികസമൂഹവും ഏകയോഗമായി മെനേസീസിനു മുമ്പിൽ സന്നിഹിതരായി തങ്ങളുടെ പൂർണ്ണവിധേയത്വം പ്രഖ്യാപിച്ചു. ഇപ്രകാരം അദ്ദേഹം നേടിയെടുത്ത പ്രഥമ ഇടവകയാണ് കടുത്തുരുത്തി.

തുടന്നു വന്ന ആഴ്ചകളിൽ ഉദയംപേരൂർ, മുളന്തുരുത്തി മുതലായ പ്രധാനപ്പെട്ട വേറെ ചില ഇടവകകളും മെനേസീസിൻെറ പക്ഷം ചേർന്നു. ഇങ്ങനെ താൻ വിജയിക്കുമെന്നു വ്യക്തമായപ്പോൾ മെനേസീസ് തനിക്കു സമ്പൂർണ്ണവിശ്വാസമുള്ള ഒരു വൈദികൻെറ മദ്ധ്യസ്ഥംവഴി ആർച്ചുഡീക്കൻ ജോർജ്ജ് ഡിക്രൂസിനോടടുക്കാൻ ശ്രമിച്ചു. അതിനു ജോർജ്ജ് ഡിക്രൂസ് അനുകൂലമായ മറുപടി നല്കി. ആർച്ചു ഡീക്കൻ പാലിക്കേണ്ട വ്യവസ്ഥകൾ മെത്രാപ്പോലീത്താ വേഗം എഴുതിയറിയിച്ചു. നെസ്റ്റോറിയസ്, ദിയോദോറസ്, തിയോഡോർ എന്നിവരുടെ അബദ്ധങ്ങളെ പരിത്യജിക്കുക, ക്രിസ്തുവിൻെറ ഏകനിയമമല്ലാതെ വ്യത്യസ്തമായ കൃത്രിമനിയമങ്ങൾ, ഉദാഹരണമായി, വിശുദ്ധ തോമ്മായുടെ, വിശുദ്ധ പത്രോസിൻെറ മുതലായവ ഇല്ലെന്നു് അംഗീകരിക്കുക, അങ്കമാലി അതിരൂപതാ അഡ്മിനിസ്ട്രേററായി നിയമിതനായപ്പോൾ ലഭിച്ച ഫോർമുല അനുസരിച്ചു വിശ്വാസപ്രഖ്യാപനം ചെയ്യുക, തിരുക്കർമ്മ ഗ്രന്ഥങ്ങൾ തിരുത്താനാരംഭിക്കുക പരിശുദ്ധ പിതാവിനോട് അനുസരണം വാഗ്ദാനം ചെയ്യുക, ബാബിലോൺ പാത്രിയാക്കീസിനെ ശപിക്കുക, മാർപ്പാപ്പ നിയമിക്കാത്തതും പോർട്ടുഗീസ് അധികാരികൾ അംഗീകരിക്കാത്തതുമായ മെത്രാനെ സ്വീകരിക്കാതിരിക്കുക, ഗോവാമെത്രാപ്പോലീത്തായുടെ അധികാരം അംഗീകരിക്കുക, ഒരു സിനഡ് വിളിച്ചു കൂട്ടാൻ തയ്യാറാവുക, സന്ദർശനാവസരത്തിൽ മെത്രാപ്പോലീത്തായെ പിന്തുടരുക, എന്നിവയായിരുന്നു മെത്രാപ്പോലീത്തായുടെ വ്യവസ്ഥകൾ.

വൈപ്പിക്കോട്ടയിൽവെച്ച് മെനേസീസും ആർച്ചു ഡീക്കനും കണ്ടുമുട്ടി. വിധേയത്വത്തിൻെറ പരസ്യപ്രകരണം ചെയ്യാൻ തന്നെ നിർബന്ധിക്കരുതെന്നു പ്രത്യേകാനുകൂല്യമായി ജോർജ്ജ് ഡിക്രൂസ് അഭ്യർത്ഥിച്ചു. അനന്തരം ആവശ്യമായ വാഗ്ദാനങ്ങൾ ചെയ്തു. മെനേസീസു നിർദ്ദേശിച്ച വ്യവസ്ഥകൾ അദ്ദേഹം അംഗീകരിച്ചു. പ്രമാണരേഖയിൽ ഒപ്പു വയ്ക്കുകയും ചെയ്തു. തദവസരത്തിൽ മെത്രാപ്പോലീത്തായും ഫാദർ റോസും മാത്രമേ സന്നിഹിതരായിരുന്നുള്ളു. ജൂൺ 20–ാംതീയതി പന്തക്കുസ്താ കഴിഞ്ഞുവരുന്ന മൂന്നാം ഞായറാഴ്ച ഉദയംപേരൂർ സൂനഹദോസ് നടത്തണമെന്നാണ് നിശ്ചയിച്ചത്.[51]

## ഉദയംപേരൂർ സൂനഹദോസ്[52]

ഉദയംപേരൂരിൽ സൂനഹദോസ് ആരംഭിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുൻപ് അതിന്റെ ഒരുക്കങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിന് മെനേസീസ് ഉദയംപേരൂരെത്തി. പിന്നീട് അതിന്റെ അംഗങ്ങളെ സ്വീകരിച്ച് ലത്തീൻ പൊന്തിഫിക്കൽക്രമമനുസരിച്ചുള്ള പ്രാരംഭച്ചടങ്ങുകൾ ആരംഭിച്ചു. വിശുദ്ധരുടെ ലുത്തിനിയ ആദ്യം ലത്തീനിലും പിന്നീട് സുറിയാനിയിലും പാടാൻ നിഷ്കർഷിച്ചു. ജൂൺ 21-ാം തീയതി വൈദികസമൂഹവും ഓരോ ഇടവകയിൽനിന്നുള്ള നാലു അല്മായ പ്രതിനിധികളും ഉൾപ്പെടെ എല്ലാവരും വിശ്വാസപ്രഖ്യാപനം നടത്തി. ത്രെന്തോസ് സൂനഹദോസ് നിർദ്ദേശിച്ച വിശ്വാസപ്രമാണം സുവിശേഷത്തിൽ കൈവെച്ചുകൊണ്ടു വായിക്കുവാൻ മെത്രാപ്പോലീത്ത ആദ്യം ആരംഭിച്ചു. എന്നാൽ അനേകം സുറിയാനിക്കാർ അതിനെ എതിർത്തു കാരണം തങ്ങൾ എന്നും ക്രിസ്ത്യാനികളായിരുന്നതുകൊണ്ട് പരസ്യമായി വിശ്വാസപ്രമാണം വായിക്കാൻ ആവശ്യപ്പെട്ടതു് അവഹേളനമായി കരുതി—എതിർത്തു. മെനേസീസിന്റെ ലഘുപ്രസംഗത്തിൽ, സഭ ഈ പ്രഖ്യാപനം ആവശ്യപ്പെട്ടതിന്റെ കാരണങ്ങൾ വിശദമാക്കി. പിന്നീട്, ആർച്ചുഡീക്കന്റെ നേതൃത്വത്തിൽ ത്രെന്തോസ് വിശ്വാസപ്രമാണം അനുസരിച്ച് എല്ലാവരും വിശ്വാസപ്രഖ്യാപനം വായിച്ചു. അതവസാനിപ്പിച്ചതു് നെസ്റ്റോറിയൻ അബദ്ധങ്ങളെ ശപിച്ചുകൊണ്ടാണ്. സമ്മേളനം ഏഴു മണിക്കൂർ ദീർഘിച്ചു. വൈദികന്മാർ സുറിയാനിയിലും അല്മായപ്രതിനിധികൾ മലയാളത്തിലും സംസാരിച്ചു.

വിശ്വാസത്തിന്റെ മൗലികപ്രശ്നങ്ങൾ ചർച്ച് ചെയ്യാൻ അടുത്ത സമ്മേളനം വിനിയോഗിക്കണമെന്ന് സിനഡിന്റെ അജണ്ടായിൽ പറഞ്ഞിരുന്നു. എന്നാൽ ഈ വിഷയങ്ങളുടെ ചർച്ചയിൽ കൊച്ചിയിലെ സന്യാസികളോ മററു പോർട്ടുഗീസ് വൈദികരോ ഇടപെടരുതെന്നു കത്തനാരന്മാർ ആവശ്യപ്പെട്ടു. കാരണം, അപരിചിതരുടെ സാന്നിധ്യത്തിൽ തങ്ങളുടെ വിശ്വാസത്തെക്കുറിച്ചു ചർച്ച് ചെയ്യാൻ അവർ ആഗ്രഹിച്ചില്ല. പുരാതനമായ തങ്ങളുടെ വിശ്വാസങ്ങളിൽ തെററുകൾ കണ്ടുപിടിക്കുക അവർക്കു വിഷമകരമായിരുന്നു. മെത്രാപ്പോലീത്ത തൽക്ഷണം അതു സമ്മതിച്ചു. സമ്മേളനത്തിന്റെ ക്രമം അദ്ദേഹം പരിഷ്ക്കരിച്ചു. നാലാം സമ്മേളനത്തിലേയ്ക്കു നീക്കിവച്ചിരുന്നതു് മാമ്മോദീസായും സ്ഥൈര്യലേപനവും സംബന്ധിച്ച ക്രമങ്ങളുടേയും പഠനങ്ങളുടേയും പ്രശ്നങ്ങളുടേയും ചർച്ചയായിരുന്നു. ദിവസവും രാവിലെ 7 മണി മുതൽ 11 മണിവരേയും ഉച്ചതിരിഞ്ഞു് 2 മണി മുതൽ 6 മണി വരേയുമായിരുന്നു സമ്മേളനം.

ഡിക്രികളുടെ രൂപരേഖ സംബന്ധിച്ചോ വിശ്വാസവിഷയങ്ങളെ സംബന്ധിച്ചോ അഭിപ്രായം പറയുവാൻ ആക്കും അനുവാദമുണ്ടായിരുന്നു. മെത്രാപ്പോലീത്ത തന്നെ അതിനു മറുപടി പറഞ്ഞു.

കുർബാന, കൂദാശയും ദിവ്യബലിയും എന്ന വിഷയത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ ജൂൺ 23-ാം തീയതി ചർച്ചയ്ക്കു വിഷയകമായി. 24-ാം തീയതി വിശുദ്ധ ജോൺ ബാപ്റ്റിസ്റ്റിൻെറ തിരുനാളാഘോഷിക്കാൻ പോർട്ടുഗീസുകാർ വിദൂരസ്ഥിതമായ ഒരു ദൈവാലയത്തിലേക്കു പോയി. ആ സമയത്ത് മെനേസീസ് വിശ്വാസസത്യത്തിൻെറ പൊതുവായ വിശദീകരണത്തോടെ സമ്മേളനം ആരംഭിച്ചു. വളരെ രാത്രിയാകുന്നതുവരെ നീണ്ട ചർച്ചകൾ നടന്നു. അദ്ദേഹം എല്ലാം വ്യക്തമാക്കിക്കൊടുത്തു. വലിയ വിസമ്മതംകൂടാതെ മെനേസീസ് പ്രസ്താവിച്ച ഫോർമൂലകൾ വൈദികന്മാർ സ്വീകരിച്ചു. ഒരു കാര്യത്തിൽമാത്രം എതിർപ്പുണ്ടായി. മിക്കവാറും എല്ലാ പേജുകളിലും നെസ്തോറിയൻപാഷണ്ഡത ഉണ്ടെന്ന തെററിദ്ധാരണയുടെപേരിൽ വൈദികന്മാർ കൽദായനമസ്കാരക്രമം ഉപേക്ഷിക്കണമെന്നദ്ദേഹം ആഗ്രഹിച്ചു. അതിനുപകരം സുറിയാനിയിലേയ്ക്കു വിവർത്തനം ചെയ്ത റോമൻ കാനോനനമസ്ക്കാരപ്പുസ്തകം നടപ്പിലാക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. കത്തനാരന്മാർക്കു പരമ്പരാഗതമായിചൊല്ലിയിരുന്ന പ്രാർത്ഥനകളോട് അത്യധികമായ പ്രതിപത്തിയാണ് ഉണ്ടായിരുന്നത്. അവസാനം ഒത്തുതീപ്പിലെത്തി. തിരുത്തലുകൾമാത്രം നടത്തിയാൽമതിയെന്നതായിരുന്നു ഒത്തുതീപ്പുവ്യവസ്ഥ. പതിന്നാലു് അദ്ധ്യായങ്ങളിലായി വിശ്വാസം സംബന്ധിച്ച ഡിക്രി അന്നു് സിനഡ് അംഗീകരിച്ചു. കുറേക്കൂടി വിശദമായ വേദോപദേശഗ്രന്ഥം മലയാളത്തിലുണ്ടാകുന്നതുവരെ ഈ ഡിക്രിയാണ് പഠനങ്ങളുടെ സംഗ്രഹമായി ഉപയോഗിക്കേണ്ടിയിരുന്നത്. ഈ അധ്യായങ്ങളിലെ പ്രധാന വിഷയങ്ങൾ ത്രിത്വം, മനുഷ്യാവതാരം, മറിയത്തിൻെറ ദൈവമാതൃത്വം, ഉത്ഭവപാപം, കാവൽമാലാഖമാർ, സഭയും സഭയുടെ ഘടനയും, വിശുദ്ധഗ്രന്ഥങ്ങളുടെ കാനോൻ ഇവയാണ്.

അടുത്തതു് മലബാറിൻെറ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഇരുപത്തിരണ്ടു ഡിക്രികളാണ്. വി. ഗ്രന്ഥം സംബന്ധിച്ച രണ്ടും മൂന്നും ഡിക്രികളായിരുന്നു ആദ്യത്തേതു്. കാരണം സീറോ മലബാർ സഭയിലെ കാനോൻ അപൂർണ്ണമായിരുന്നു. എസ്തേർ, തോബിയാസ്, വിജ്ഞാനത്തിൻെറ പുസ്തകം, പത്രോസിൻെറ രണ്ടാം ലേഖനം, യോഹന്നാൻെറ രണ്ടും മൂന്നും ലേഖനങ്ങൾ, വിശുദ്ധ യൂദായുടെ ലേഖനം, വെളിപാട് ഇവയെല്ലാം വിട്ടുകളഞ്ഞിരുന്നു. പാപിനിയായ സ്ത്രീയെ സംബ

ന്ധിച്ച ഭാഗവും, മൂന്നു സ്വർഗ്ഗീയ സാക്ഷികരം എന്ന വാക്കുകളട ങ്ങിയ വാക്യവും, മററുചിലവാക്കുകളും വേദപുസ്തകത്തിൽ ഇല്ലാ യിരുന്നു. യഥാർത്ഥത്തിൽ ഈ ന്യൂനതകരം മലബാറിൽ മാത്ര മായിരുന്നില്ല. സുറിയാനിയിലുള്ള ബൈബിളിൻെറ മൂല ഗ്രന്ഥങ്ങരം നെസ്റ്റോറിയൻ സിദ്ധാന്തത്തിനു മുൻപുതന്നെ എവിടെയും ഒന്നുപോലെയായിരുന്നു. അതുകൊണ്ടു നെസ്റ്റോ റിയർ വിശുദ്ധ ഗ്രന്ഥങ്ങരം വ്യാജമായി നിർമ്മിക്കുന്നെന്നു പറഞ്ഞു കുററപ്പെടുത്തുന്നതു ശരിയല്ല. ഉദാഹരണമായി, നട പടി ഇരുപതാം അധ്യായം ഇരുപത്തിയൊന്നാം വാക്യം, യോ ഹന്നാൻ ഒന്നാംലേഖനം മൂന്നാം അധ്യായം പതിനാറാം വാക്യം പോലെയുള്ള ചില ഭാഗങ്ങളിൽ ദൈവത്തിനു പകരം ക്രിസ്തു വെന്നു ചേർത്ത് അവർ തൃപ്തിയടഞ്ഞു. സുറിയാനി ബൈ ബിരം വുരംഗാത്തയോട് അനുരൂപമാണോ എന്നറിയാനുള്ള ജോലി വിശുദ്ധ ഗ്രന്ഥത്തിലും സുറിയാനി ഭാഷയിലും പാണ്ഡിത്യമുള്ള ഫാദർ റോസിനെ ഏല്പിച്ചു.

മഹാഭൂരിപക്ഷം വരുന്ന അക്രൈസ്തവരുടെ അപകടകരമായ സ്വാധീനശക്തിക്കെതിരായിരുന്നു അടുത്ത മൂന്നു ഡിക്രികരം. അക്രൈസ്തവർ ധനികരായിരുന്നു. വിദ്യാഭ്യാസം അവരുടെ നിയന്ത്രണത്തിലുമായിരുന്നു. നാലാമത്തെ ഡിക്രി പുനർജ്ജ ന്മസിദ്ധാന്തത്തേയും കർമ്മവിധിയേയും ശപിച്ചു. ഈ സിദ്ധാ ന്തങ്ങളുടെ സ്വാധീനതാശക്തിയിൽ ഓരോരുത്തൻേറയും ഭാവി ഭാഗധേയങ്ങരം ജന്മനാ നിർണ്ണയിക്കപ്പെട്ടുകഴിഞ്ഞെന്നു പല ക്രിസ്ത്യാനികളും വിചാരിക്കുന്നതായി കരുതപ്പെട്ടിരുന്നു. മത നിഷ്പക്ഷതക്കെതിരെയും ഈ ഡിക്രി താക്കീതുചെയ്തു. വിവിധ മതാചാരങ്ങരം നിലവിലുള്ള രാജ്യങ്ങളിൽ എല്ലാമത ങ്ങളും ഒന്നുപോലെ നല്ലതാണെന്നു വിചാരിക്കാൻ ഒരുവൻ പ്രലോഭിക്കപ്പെട്ടേക്കാം. പന്ത്രണ്ടും പതിമൂന്നും ഡിക്രികരം സ്കൂളിലെ അധ്യയനം സംബന്ധിച്ചായിരുന്നു. ക്രിസ്ത്യൻ സമൂ ഹത്തിനു കഴിവതും ക്രിസ്തീയ അദ്ധ്യാപകൻതന്നെവേണം. ഇതു സാധ്യമല്ലെങ്കിൽ, ക്രിസ്തീയമാതാപിതാക്കളുടെ കുട്ടി കരംക്ക് അക്രൈസ്തവകർമ്മങ്ങളിൽ ഭാഗഭാഗിത്വം ഉണ്ടാവുകയി ല്ലെന്ന് ഉറപ്പുലഭിക്കുകയെങ്കിലും വേണം. അക്രൈസ്തവരായ കുട്ടികളെ ക്രൈസ്തവാദ്ധ്യാപകന്മാർക്കു സ്വീകരിക്കാം. എന്നാൽ സ്കൂളിൽ അക്രൈസ്തവ കർമ്മങ്ങരം അനുവദിക്കരുത്.

ആരാധനക്രമസംബന്ധമായ ഫോർമുലകളിലും സഭാഘട നയിലും വിശ്വാസവിഷയങ്ങളിലും നെസ്റ്റോറിയരുടേയും, മെ സപ്പൊട്ടേമിയരുടേയും സമസ്ത സ്വാധീനതാശക്തിയും ഇല്ലാ താക്കുക എന്നതായിരുന്നു ഗോവാമെത്രാപ്പോലീത്തായുടെ സർവ്വ പ്രധാനമായ ലക്ഷ്യം. വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു ചുവടു വെയ്പായിരുന്നു ഇത്. കാരണം അപൂർണ്ണത ഉണ്ടെന്നു സമ്മതി

ച്ചാൽപ്പോലും മലബാറിലെ ക്രൈസ്തവജനത നൂററാണ്ടുകളായി പടുത്തുയർത്തിയ ക്രൈസ്തവസൗധത്തെ അതു് അപകടത്തിലാക്കുകയായിരുന്നു. മാത്രമല്ല; കേരളക്രൈസ്തവരുടെ അജ്ഞതയും ശുദ്ധഗതിയും വാസ്തവത്തിൽ അനുകമ്പയാണു് അർഹിക്കുന്നതു്. എന്നാൽ, യൂറോപ്പിലെ നവീകരണത്തിൻെറ ഘട്ടത്തിൽ ജനിച്ചുവളന്ന മെനേസീസ്, തൻെറ കടമയിൽനിന്നു തെല്ലും വ്യതിചലിക്കുന്ന വ്യക്തിയായിരുന്നില്ല.

അഞ്ചാമത്തെ ഡിക്രിയുടെ ചച്ചാവേളയിൽ ക്രിസ്തുവിൻെറ പീഡാനുഭവവും കുരിശുമരണവും സംബന്ധിച്ച പ്രശ്നമുദിച്ചു. ക്രിസ്തുവിനു കൂടുതൽ ബഹുമാനം നല്ലാനെന്ന ഭാവേന 'നെസ്തോറിയർ' ഈ ഭാഗം മുഴുവൻ വിട്ടുകളയാൻ ആഗ്രഹിച്ചു. തന്മൂലം, യഥാൎത്ഥ ഭക്തിയുടെ ഉറവിടം അവക്കു നഷ്ടപ്പെട്ടു. ആറാമത്തെ ഡിക്രി മറിയത്തിൻെറ ശുദ്ധതയും കന്യാത്വവും മാതൃത്വവും സംബന്ധിച്ചായിരുന്നു. ഏഴും എട്ടും ഡിക്രികൾ സഭയുടെ ഘടനയെ വിശദീകരിച്ചുകൊണ്ടുള്ളതായിരുന്നു. ക്രിസ്തുവിൻെറ ഏക നിയമമേയുള്ളു. ചിലർ ചിന്തിച്ചതുപോലെ, പത്രോസിൻേറയും തോമ്മായുടേയും രണ്ടു വ്യത്യസ്തനിയമങ്ങളില്ല. ഒരു നിയമമേയുള്ളവെങ്കിൽ ക്രിസ്തുവിൻെറ വികാരിയും ഒരാളേയുണ്ടാകൂ. അതിനാൽ സാവ്വത്രിക അജപാലൻ എന്ന അഭിധേയം ബാബിലോൺ പാത്രിയാക്കീസിനു നല്ലവാൻ പാടില്ല. ഈ പ്രസ്താവന പത്തൊമ്പതാം ഡിക്രി പറഞ്ഞിട്ടുള്ളവയ്ക്കു പ്രയോഗിത നല്ലുന്നു. അതായതു മാർ അബ്രാഹത്തിൻെറ മരണത്തിനുശേഷം നടന്ന രഹസ്യസമ്മേളനത്തിൽ കൈക്കൊണ്ട പ്രതിജ്ഞ നിരാകരിക്കപ്പെടുകയും സിനഡിലെ അംഗങ്ങൾ പരിശുദ്ധ പിതാവിനെ അനുസരിക്കുന്നതാണെന്നും, മാർപ്പാപ്പ നിയമിക്കാത്ത മെത്രാനെ സ്വീകരിക്കുന്നതല്ലെന്നും പ്രതിജ്ഞ ചെയ്യുകയും ചെയ്തു.

മെസപ്പൊട്ടേമിയായിലെ സുറിയാനിക്രിസ്ത്യാനികൾക്കും അതുപോലെതന്നെ മലബാറിലെ സുറിയാനിക്കാക്കും എഫേസൂസ് മുതലുള്ള എക്യുമെനിക്കൽ സൂനഹദോസുകളുടെ നിശ്ചയങ്ങളെപ്പററി പ്രായോഗികമോ സിദ്ധാന്തപരമോ ആയ വേണ്ടത്ര പരിജ്ഞാനമുണ്ടായിരുന്നില്ല. പന്ത്രണ്ടാമത്തെ ഡിക്രിയിൽ മലബാർ സഭ അവയെല്ലാം പ്രത്യേകിച്ചു നെസ്തോറിയസിനെ ശപിച്ച എഫേസൂസ് സൂനഹദോസിൻെറ തീരുമാനങ്ങളെല്ലാം ഔദ്യോഗികമായി സ്വീകരിക്കുന്നെന്നു പ്രഖ്യാപിച്ചു. പേപ്പൽ പ്രതിനിധിയായ സെൻറ് അലക്സാണ്ട്റിയായിലേ സിറിലിൻെറ ജീവിതവിശുദ്ധി ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. സഭ മുഴുവൻ പ്രയോഗത്തിലാക്കിക്കൊണ്ടിരുന്ന കഴിഞ്ഞ ട്രെൻറ് സൂനഹദോസിൻെറ തീരുമാനങ്ങൾ ഇരുപത്തിയൊന്നാം ഡിക്രിവഴി സ്വീകരിക്കപ്പെട്ടു. സഭയി

ലാകമാനം, പ്രത്യേകിച്ച്, ഗോവാ ഹയരാക്കിയിൽപ്പെട്ട രൂപതകളിൽ നിലവിലിരുന്ന ട്രെൻറ് സൂനഹദോസിന്റെ ശിക്ഷണവ്യവസ്ഥകൾ, സീറോ മലബാർ ക്രിസ്ത്യാനികളുടെ ഇടയിലും നടപ്പിൽ വരുത്താൻ തീരുമാനിച്ചു. ലത്തീൻ സമ്പ്രദായങ്ങൾ സാർവ്വലൗകികസഭയുടെ ആചാരങ്ങളുമായി അനാരോഗ്യപരമായി കൂടിക്കുഴഞ്ഞതുകൊണ്ടു പിൽക്കാലത്തു സുറിയാനിക്കാർ ലത്തീൻകാരെ അനുകരിക്കാൻ ഇടയായി.

സുവിശേഷപ്രസംഗങ്ങൾവഴി വേണ്ടിയിരുന്നു ഓരോ ക്രിസ്തീയസമൂഹത്തിലും വിശ്വാസനവീകരണം സാധിക്കാൻ. അതിനുവേണ്ട പ്രസംഗകരെ അംഗീകരിക്കുന്നതിനുള്ള നിബന്ധനകൾ വ്യവസ്ഥചെയ്തുകൊണ്ടുള്ളതായിരുന്നു പതിനേഴാം ഡിക്രി. പതിനെട്ടാമത്തേതു തെററായ വിശ്വാസതത്വങ്ങൾ ഉപേക്ഷിക്കേണ്ടതിനെക്കുറിച്ചായിരുന്നു. തെററായ പാഠങ്ങൾ വച്ചുപുലർത്തിയിരുന്നവർ തങ്ങളുടെ സമൂഹത്തിന്റെ സാന്നിദ്ധ്യത്തിൽ അവയെ പിൻവലിക്കേണ്ടിയിരുന്നു. അവസാനമായി, ഇവയെല്ലാം ജലരേഖയായിത്തീരാതിരിക്കാൻ സന്നിഹിതരായവരെല്ലാവരും ഗോവായിലെ വിശുദ്ധ ഇൻക്വിസിഷന്റെ തീരുമാനങ്ങളെ അനുസരിച്ചുകൊള്ളാമെന്നു സത്യപ്രതിജ്ഞ ചെയ്തു. (22-ാം ഡിക്രി) ഇതിനുപരി, അങ്കമാലി, ഗോവായിൽനിന്നു വളരെ അകലെയായതിനാൽ ഇൻക്വിസിഷൻ സംഘത്തിലെ രണ്ടംഗങ്ങളെ അങ്കമാലിയിൽ നിയമിക്കുന്നതിന് അഭ്യർത്ഥിക്കപ്പെട്ടു. പാഷണ്ഡികളെ ചൂണ്ടിക്കാണിച്ചു കൊടുക്കേണ്ടതു് ഓരോരുത്തരുടേയും കടമയായിരുന്നു. അതിനാൽ വിശ്വാസത്തിൽനിന്നു വ്യതിചലിക്കുന്നവരെ കണ്ടെത്താൻ ഹയരാക്കിയിൽപ്പെട്ടവർക്കു കൂടുതൽ കടമയുണ്ടായിരുന്നു. (ഇരുപത്തിമൂന്നാം ഡിക്രി) വാസ്തവത്തിൽ മെനേസീസ് പാഷണ്ഡികളെ വേട്ടയാടുകയായിരുന്നു എന്നു പറയാം.

വിശ്വാസസംരക്ഷണത്തിനു പ്രസംഗംമാത്രം പോരായിരുന്നു. ദൂഷിച്ച ഗ്രന്ഥപാരായണമാണ് വിശ്വാസത്തെ അധഃപതിപ്പിക്കുന്ന മറെറാരു ഘടകം. ആരാധനക്രമത്തിലുള്ള തെററായ പ്രയോഗങ്ങളും വിശ്വാസത്തെ അപകടത്തിലാക്കാം. പതിന്നാലാം ഡിക്രിയിൽ അപകടകരങ്ങളെന്നു മുദ്ര കുത്തപ്പെട്ട പുസ്തകങ്ങളെല്ലാം പേരു പറഞ്ഞു ശപിച്ചു. നിഷിദ്ധമായ മിക്കപുസ്തകങ്ങളേയും പേരു പറഞ്ഞ് എടുത്തു കാണിച്ചിട്ടുമുണ്ട്. ചില ഉദാഹരണങ്ങൾ; ക്രിസ്തുവിന്റെ ബാല്യകാലത്തെപ്പററിയുള്ള യാക്കോബിന്റെ സുവിശേഷം (Protoevangelium Jacobi) എന്നറിയപ്പെടുന്ന സുവിശേഷാനുകരണം (Apocryphal), ഞായറാഴ്ചയാചരണത്തെപ്പററിയുള്ള അപ്രാമാണിക Apocryphal) ലേഖനം, പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ (Procession of Holy Ghost) പ്പററിയുള്ള (ഗ്രന്ഥം ഇതുവരെ കണ്ടുകിട്ടിയിട്ടില്ല.)

പിതാക്കന്മാരുടെ ഗ്രന്ഥം, അതായതു് വിശ്വാസസത്യങ്ങളെ സംബന്ധിച്ചുള്ള സാക്ഷ്യങ്ങളുടെ സമാഹാരം (Collection of dogmatic testmonies) രണ്ടാം തിമാത്തേയോസ് പാത്രിയാക്കീസിന്റെ കൂദാശകളെ സംബന്ധിച്ചുള്ള ഗ്രന്ഥം; നിസിബിസ് മെത്രാപ്പോലീത്തയായ മാർ അബ്ദീശോയുടെ ദൈവശാസ്ത്രവിജ്ഞാനകോശം, അദ്ദേഹത്തിന്റെതന്നെ 'ഏദേൻ എന്ന പറുദീസ', ചില പ്രസംഗശേഖരങ്ങൾ, മോപ്സുവെസ്റ്റിയായിലെ തിയഡോറിനെ അനുഗമിച്ചെഴുതിയിട്ടുള്ള സുവിശേഷവ്യാഖ്യാനങ്ങൾ, നെസ്റ്റോറിയർ വിശുദ്ധർ എന്നു പരിഗണിച്ചിരുന്ന ജോസഫ് ബൂസ്നായ സന്യാസി, ആബട്ട് ഇസയാസ്, ഹോർമിസ്ദ്റമ്പാൻ തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ, സന്യാസാശ്രമങ്ങളിലെ ജീവിതചരിത്രങ്ങളുടെ ശേഖരം, ബസ്രായിലെ മെത്രാനായിരുന്ന 'ഈശോദെന്നായുടെ ശുദ്ധതയുടെ ഗ്രന്ഥം' എന്നു കരുതപ്പെടുന്ന 'വിശുദ്ധരുടെ പുഷ്പം', തിരുപ്പട്ടക്രമം, ഗീവർഗീസ് വാർദ്ദയുടേയും ഖാമിസ് ബർ കാർദാഹെയുടേയും കീർത്തനങ്ങൾ, ലിബർ കാനോനം എന്ന മെസപ്പൊട്ടേമിയായുടെ കാനൻനിയമസംഗ്രഹം, ഭംഗികളുടെ പുസ്തകം, (Book of charms) സോളമന്റെ മുദ്രമോതിരം, പേർഷ്യൻ മരുന്നുകൾ എന്ന മൂന്നു അന്ധവിശ്വാസങ്ങളുടങ്ങിയ മന്ത്രഗ്രന്ഥങ്ങൾ എന്നിവയാണ്.[53]

ആരാധനക്രമത്തിലെ പദപ്രയോഗങ്ങളെ സംബന്ധിച്ചുള്ള പ്രശ്നം കൂടുതൽ ദുർഘടമുള്ളതായിരുന്നു. ശപിച്ചു തള്ളുകയായിരുന്നില്ല, തെററു തിരുത്തുകയായിരുന്നു വേണ്ടിയിരുന്നതു്. ചില പദപ്രയോഗങ്ങൾ മനുഷ്യാവതാരരഹസ്യത്തിലുള്ള വിശ്വാസത്തെ അപകടപ്പെടുത്തിയതായി കരുതപ്പെട്ടിരുന്നു. പാഷണ്ഡികളോ പാഷണ്ഡികളെന്നു സംശയിക്കപ്പെട്ടിരുന്നവരോ ആയ പലരുടെയും പേരുകൾ ആരാധനക്രമപുസ്തകത്തിൽനിന്നു് നീക്കിക്കളയേണ്ടിയിരുന്നു. ഏതാനും തിരുനാളുകൾ നിറുത്തലാക്കപ്പെടേണ്ടിയിരുന്നു. (ഒമ്പതും പതിനഞ്ചും ഡിക്രികൾ). എല്ലാ ആരാധനക്രമഗ്രന്ഥങ്ങളും തിരുത്തപ്പെടുവാനായി, സന്ദർശനവേളയിൽ മെത്രാപ്പോലീത്തായുടെ പക്കലോ ഫാദർ റോസിന്റെ പക്കലോ അല്ലെങ്കിൽ വൈപ്പിക്കോട്ടയിലെ ഈശോസഭക്കാരുടെ പക്കലോ എത്തിക്കേണ്ടിയിരുന്നു. പാഷണ്ഡഗ്രന്ഥങ്ങൾ ഉടനടി നശിപ്പിക്കേണ്ടിയിരുന്നു. ഇതിനായി രണ്ടു മാസത്തെ അവധിയും അനുവദിച്ചു. മാർ അബ്രാഹം[54] പണിയിച്ച അങ്കമാലി കത്തീഡ്രലിന്റെ നാമഹേതുക വിശുദ്ധനെ മാററി വേറൊരു വിശുദ്ധനെ സ്വീകരിച്ചുകൊണ്ടാണു് ഈ ഭാഗം അവസാനിപ്പിച്ചതു്. അന്നുവരെ വണങ്ങപ്പെട്ടിരുന്ന സന്യാസിയായ ഹോർമിദസ് അഥവാ ഹോർമിദാസിനു പകരം രക്തസാക്ഷിയായ ഹോർമിസ്ദസിനെ അങ്കമാലി കത്തീഡ്രലിന്റെ മധ്യസ്ഥനായി സ്വീകരിച്ചു (പത്താം ഡിക്രി)[55].

വിവാഹം, പട്ടം എന്നീ കൂദാശകളെപ്പററിയുള്ള ചർച്ച ജൂൺ ഇരുപത്തിയഞ്ചാം തീയതി നടന്ന ഏഴാം സമ്മേളനത്തിലും, രൂപതയുടെ ഭരണത്തെപ്പററിയുള്ള ചർച്ച ജൂൺ ഇരുപത്തിയാറാം തീയതിയിലെ എട്ടാം സമ്മേളനത്തിലും നടന്നു. ഇരുപത്തിയേഴാം തീയതിയിലെ ഒമ്പതാം സെഷനിൽ ധാർമ്മികനിയമത്തിലെ നവീകരണം ചർച്ച ചെയ്യപ്പെട്ടു. ഈ അവസാനസമ്മേളനത്തിൽ, സാമൂഹ്യജീവിതത്തിൻെറ സുപ്രധാനവശങ്ങളെക്കുറിച്ചുള്ള ഇരുപത്തിനാലു ഡിക്രികൾ പ്രഖ്യാപിക്കപ്പെട്ടു. പിന്തുടർച്ചാവകാശം, ഒത്തു് എന്നിവയെ സംബന്ധിക്കുന്ന നിബന്ധനകൾ, അക്രൈസ്തവരോടുള്ള സമ്പർക്കം; മതവുമായി ബന്ധമില്ലാത്തതോ, മതത്തിനു വളരെ കുറച്ചു മാത്രം പ്രസക്തിയുള്ളതോ ആയ യോഗങ്ങളിൽ ക്രൈസ്തവർ പങ്കെടുക്കുന്നതിനെപ്പററിയുള്ള നിബന്ധന, നമ്പൂതിരി, ബ്രാഹ്മണർ, നായർ തുടങ്ങിയ ക്രൈസ്തവസവർണ്ണരുടെ തീണ്ടൽജാതികളായ പറയരോടുമുള്ള പെരുമാററം, എന്നിവയെല്ലാം ചർച്ച ചെയ്യപ്പെട്ടു. സുറിയാനിക്കാർ ഉന്നതകുലജാതരെന്നും, ആഭിജാത്യമുള്ളവരെന്നുമുള്ള നിലയിൽ പരമ്പരാഗതമായി നിലനിന്ന ആചാരങ്ങൾ ക്രിസ്തീയസമത്വത്തിനു് കടകവിരുദ്ധമാണെന്നു് മെനേസീസ് മനസ്സിലാക്കിയിരുന്നു. ഇതുമൂലം താഴ്ന്ന ജാതിക്കാർക്കു് ക്രിസ്ത്യാനികളാകുന്നതിൽ പ്രായോഗികമായി തടസ്സം നേരിട്ടിരുന്നു. എന്നാൽ മററു നായന്മാരോടും ബ്രാഹ്മണന്മാരോടും ഒത്തുനിന്നു് പ്രവർത്തിക്കുന്നതിനു് ക്രിസ്ത്യാനികൾക്കു് യോഗ്യത നല്കിയിരുന്ന പ്രത്യേകാവകാശങ്ങളെ ഉപേക്ഷിക്കുക എന്നതു് ഏററം വലിയ അവിവേകമാകുമായിരുന്നു. എങ്ങനെയായാലും കൗൺസിലിൽ സന്നിഹിതരായിരുന്ന സുറിയാനിക്കാർ തങ്ങളുടെ സാമുദായികമേന്മ ഉപേക്ഷിക്കുവാൻ വിസമ്മതിച്ചു.

മേൽ പ്രസ്താവിച്ച ഒമ്പതാം സെഷനിലെ ഇരുപത്തിയഞ്ചാം ഡിക്രിയോടുകൂടി സൂനഹദോസ് സമാപിച്ചു. സൂനഹദോസിൻെറ നടപടികൾ ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കുവാൻ എല്ലാ പള്ളിവികാരിമാരോടും ആവശ്യപ്പെട്ടു. അർക്കദിയാക്കോൻ ജോർജ്ജ് ഡിക്രൂസും വൈപ്പിക്കോട്ട കോളേജ് സുപ്പീരിയറും ഒപ്പിട്ട ഔദ്യോഗിക പ്രതിയായിരിക്കണം ഈ മലയാളവിവർത്തനം എന്നു നിശ്ചയിക്കപ്പെട്ടു. വിശ്വാസികൾ സൂനഹദോസിൻെറ അനുശാസനങ്ങൾ പഠിക്കുന്നതിനായി, പ്രസംഗങ്ങളില്ലാത്ത ഞായറാഴ്ചകളിലും തിരുനാളുകളിലും തിരുക്കർമ്മങ്ങളുടെ സമയത്തു സൂനഹദോസിൻെറ നടപടികളുടെ[56] ഒരു ഭാഗം വായിക്കപ്പെടേണ്ടിയിരുന്നു. മെത്രാപ്പോലീത്താ ഒപ്പിട്ട രണ്ടൗദ്യോഗിക പ്രതികൾ വൈപ്പിക്കോട്ടയിലും അങ്കമാലിയിലും സൂക്ഷിക്കപ്പെടേണ്ടിയിരുന്നു.

ഈ അവസാന ഡിക്രിയനുസരിച്ച സുറിയാനി അതിരൂ

പതയിലെ എഴുപത്തിയഞ്ചു് ഇടവകകളുടെ ലിസ്റ്റു് അവയുടെ വികാരിമാരുടേയും അസ്റ്റേന്തിമാരുടേയും പേരുകളോടുകൂടി പ്രഖ്യാപിക്കുകയുണ്ടായി. ഇടവകകൾ രൂപീകരിക്കാൻ വേണ്ടത്ര വിശ്വാസികളില്ലാതിരുന്ന കുരിശുപള്ളികളുടെ മേൽനോട്ടം വഹിക്കുന്നതിനായി ചില വൈദികരും നിയമിതരായി. ഓരോ വൈദികരുടേയും പേരു വിളിച്ചപ്പോൾ അവർ മുന്നോട്ടു വന്നു് മെത്രാപ്പോലീത്തായുടെ കരം ചുംബിച്ചു. അദ്ദേഹം അവർക്കു് ഉജ്ജ്വലത്തായ ഒരുപദേശം നല്കി. ഭാവിവൈദികർക്കായി പൊന്തിഫിക്കലിൽ കൊടുത്തിട്ടുള്ള ഉപദേശങ്ങളെ ആസ്പദമാക്കിയാണു് ഉപദേശം നല്കിയതു്.

ചടങ്ങുകളുടെ സമാപനത്തിൽ എല്ലാവരും (153 വൈദികരും 660 അത്മായരും) നടപടികളിൽ ഒപ്പുവെച്ചു. അനന്തരം മെത്രാപ്പോലീത്ത സ്തോത്രഗീതം (Te Deum) ആരംഭിച്ചു. ഈ സ്തോത്രഗീതം, പോർട്ടുഗീസുകാർ ലത്തീനിലും തദ്ദേശ വൈദികർ സുറിയാനിയിലും, വിശ്വാസികൾ മലയാളത്തിലും, പ്രദക്ഷിണ സമയത്തു് ആലപിച്ചു.

ഇടവകവൈദികർ വീട്ടിലേക്കു തിരിക്കുന്നതിനുമുൻപു് താഴെപ്പറയുന്നവ മെത്രാപ്പോലീത്തായിൽനിന്നും സ്വീകരിച്ചു. മെത്രാപ്പോലീത്താതന്നെ വെഞ്ചരിച്ച കർബാനക്കല്ലു്, വിശുദ്ധ തൈലം സൂക്ഷിക്കുന്നതിനുള്ള പാത്രങ്ങൾ, ലത്തീനിൽ നിന്നു് സുറിയാനിയിലേക്കു വിവർത്തനം ചെയ്ത വിവിധ കൂദാശകളുടെ ക്രമങ്ങൾ അടങ്ങിയ ഗ്രന്ഥം, മലയാളത്തിലുള്ള ഒരു വേദോപദേശപുസ്തകം, കൂദാശകൾ നടത്തുന്നതിനു് ഒരു സൂർപ്ലേസ്, എല്ലാ പള്ളികൾക്കും കപ്പേളകൾക്കും ഓരോ അൾത്താരവിരി, തിരുവസ്ത്രങ്ങൾ തുടങ്ങിയവ നല്കപ്പെട്ടു. ഇതിൻെറ ശേഷം താൻ എല്ലാവരാലും സ്വാഗതം ചെയ്യപ്പെട്ടു മെന്ന ബോധ്യത്തോടെ അലക്സിസ് ഡി മെനേസീസ് തൻെറ രൂപതാസന്ദർശനം പുനരാരംഭിച്ചു.

ഈ രണ്ടാം സന്ദർശനത്തിൻെറ വിവരം ഗോവയുടെ മൂലപതിപ്പിൽ 73 മുതൽ 114 വരെ പേജുകളിൽ കാണാം. വളരെ ഭാരിച്ച ഒന്നായിരുന്നു മെത്രാപ്പോലീത്തായുടെ പ്രതിദിന പരിപാടി. താൻ സന്ദർശിച്ച ഇടവകകളിലെല്ലാം അദ്ദേഹം തിരുക്കർമ്മാനുഷ്ഠാനങ്ങളിൽ പങ്കുകൊണ്ടു. സ്ഥൈര്യലേപനം സ്വീകരിക്കാത്തവർക്കു് അതു നല്കി. മിക്കപ്പോഴും പല ജ്ഞാനസ്നാന ശുശ്രൂഷകളും നടത്തപ്പെട്ടു. എല്ലായ്പ്പോഴും സൂനഹദോസിൻെറ പ്രധാന ഡിക്രികൾ വായിച്ചു് അവ അനുസരിക്കുവാൻ ഉപദേശിച്ചുകൊണ്ടുള്ള ഒരു പ്രബോധനമെങ്കിലും മെനേസീസു നല്കിയിരുന്നു. തിരുക്കർമ്മസംബന്ധമായ ഗ്രന്ഥങ്ങളും മററുള്ള എല്ലാ സുറിയാനി ഗ്രന്ഥങ്ങളും കൊണ്ടുവരപ്പെട്ടു.

നിരോധിക്കപ്പെട്ടവയെല്ലാം ഉടനെ തന്നെ അഗ്നിക്കിരയാക്കി. അല്ലാത്തവ ആവശ്യമുള്ളത്ര തിരുത്തുകയും ചെയ്തു. ഇടവക ഖജാൻജിമാരെ നിയമിച്ചു. കുമ്പസാരക്കാരെ അംഗീകരിച്ചു. മാത്രമല്ല അക്രൈസ്തവരാരെങ്കിലും കമ്മാനുഷ്ഠാനങ്ങളുടെ ബാഹ്യഭംഗിയിൽ ആകൃഷ്ടരായി പള്ളിയിൽ കാലുകുത്തിയാൽ, ആ അവസരം മതബോധനത്തിനായി വിനിയോഗിക്കയും ചെയ്തു. ദൈവാനുഗ്രഹത്താൽ ഏതാനും ആഴ്ചകാംക്ഷ ശേഷം ഇതു് ഒരു യഥാർത്ഥ മാനസാന്തരത്തിൽ ചെന്നവസാനിച്ചെന്നും വരാമല്ലോ. രോഗികളെപ്പററി വിവരം കിട്ടിയാൽ അദ്ദേഹം സന്തോഷത്തോടെ അവരെ സന്ദർശിക്കുകയും സുവിശേഷത്തിൽനിന്നു് ഏതാനും ഭാഗങ്ങൾ വായിച്ചുകേൾപ്പിക്കുകയും ചെയ്തിരുന്നു.

ഇപ്രകാരം ജൂലായ് ആരംഭം മുതൽ ഗോവായിൽ തിരിച്ചെത്തിയ നവംബർ പതിനാറാം തീയതിവരെ മെത്രാപ്പോലീത്തായുടെ സന്ദർശനം നീണ്ടുനിന്നു. അതോടൊപ്പം എട്ടാം ക്ലെമൻറ് പാപ്പായുടെ പ്രോത്സാഹജനകമായ ഒരു ബൂളാ[57] മെത്രാപ്പോലീത്താക്കു ലഭിച്ചു. തൻെറ യാത്രയുടെ അന്ത്യത്തിൽ തനിക്കു ലഭിച്ച ഈ ബൂളാ തൻെറ പ്രവൃത്തി ശരിവച്ചുകൊണ്ടുള്ള ദൈവപരിപാലനയുടെ ഒരു സാക്ഷ്യമായി അദ്ദേഹത്തിനു തോന്നി. അതു് മഹാപ്രയാസത്തോടെ നടപ്പിലാക്കിയ നവീകരണങ്ങളുടെ വിജയത്തിൻെറ നാന്ദിയായും അദ്ദേഹം സ്വീകരിച്ചു.

## ഉദയംപേരൂർ സൂനഹദോസ്: ഒരു വിലയിരുത്തൽ

ശിക്ഷണവ്യവസ്ഥകളം സംബന്ധിച്ചു് സൂനഹദോസ് സ്വീകരിച്ച നടപടികളെപ്പററി ഒന്നാം അനുബന്ധത്തിൽ കാണാം. അവ പലപ്പോഴും നിശിതമായ വിമർശനത്തിനു പാത്രമായി.[58] സർവ്വത്ര റോമിൻേറയും പോർട്ടുഗീസിൻേറയും ആചാരങ്ങൾക്കനുസൃതമാക്കുന്നതിനുള്ള മെനേസീസിൻെറ വ്യഗ്രത പലരേയും ഇന്നു് ഞെട്ടിപ്പിക്കുന്നുണ്ടു്. ഈ പ്രവണതയാണു് മെനേസീസിനേയും തൻെറ സഹപ്രവർത്തകരേയും നയിച്ചിരുന്നതു് എന്നു തോന്നുന്നുണ്ടു്. പരിശുദ്ധസിംഹാസനം മററു പ്രദേശങ്ങളിൽ പ്രത്യേകിച്ചു് സമീപപൂർവ്വദേശത്തും ഇററലിയിൽപോലും അനുവർത്തിച്ച നയത്തിനു് വിരുദ്ധമായിരുന്നു ഇതെന്നതു സംശയരഹിതമാണു്. ബൈസൻൈറൻ റീത്തോ, മാറോനീത്താറീത്തോ മെസപ്പൊട്ടേമിയായിലെ കല്ദായറീത്തുതന്നെയോ ലത്തീൻ റീത്താക്കുന്ന ഒരു നയമായിരുന്നില്ല ഒരിക്കലും റോമിൻേറതു്. തന്നെയുമല്ല, ഉദയംപേരൂർസൂനഹദോസ് നടപടികൾ ഒരിക്കലും ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിട്ടുമില്ല.

യഥാൎത്ഥത്തിൽ അവയ്ക്കംഗീകാരം ആവശ്യമായിരുന്നില്ല താനും. കാരണം, കേവലം രൂപതാസൂനഹദോസുകൾക്ക് റോമിൻെറ പരിശോധന ആവശ്യമാണ് എന്ന നിയമമില്ല.[59]

റോമിൻെറ പ്രകടമായ അംഗീകാരം ലഭിക്കുന്നതിനു ഗോവായിൽനിന്നു പ്രത്യക്ഷത്തിൽ ശ്രമം നടന്നുവെങ്കിലും അതു് അംഗീകരിക്കാതിരിപ്പിക്കുന്നതിൽ സുറിയാനിക്കാരുടെ ആദ്യലത്തീൻമെത്രാനായ ഫാദർ റോസ് വിജയിച്ചു എന്നു് വിശ്വസിക്കുന്നതിനു് പല കാരണങ്ങളുമുണ്ടു്. പ്രസിദ്ധം ചെയ്യിട്ടില്ലാത്ത മെനേസീസിൻെറ ചില എഴുത്തുകളിൽനിന്നു റോസിനു മനസ്സിലായി, സൂനഹദോസിൽ ഒപ്പിട്ടംഗീകരിച്ച വയോടു് അദ്ദേഹം പലതും കൂട്ടിച്ചേൎത്തെന്നു്. ഇതു് പൊതു സമ്മതപ്രകാരം എഴുതി ഉണ്ടാക്കിയ കൗൺസിൽതീരുമാന ങ്ങളെ അസാധുവാക്കുമായിരുന്നു. മാത്രമല്ല സുറിയാനിക്കാർ ഇതു ഗ്രഹിച്ചെങ്കിൽ നീരസപ്പെട്ടുമായിരുന്നു. ഈശോസഭക്കാരുടെ റോമൻ അൎക്കൈവ്സിൻ[60] ക്ലെമൻറു് എട്ടാമൻെറ മുദ്രയോടുകൂടിയ, സൂനഹദോസ് നടപടികളുടെ ലത്തീനിലുള്ള ഒരു പ്രതി ഇന്നും സൂക്ഷിക്കപ്പെടുന്നുണ്ടെന്നുള്ളതു ശരിയാണു്. റോമിലേക്കംഗീകാരത്തിനായയച്ച പ്രതി തന്നെയായിരിക്കണം ഇതു്. എന്നാൽ റോസിൻെറ പരിശ്രമഫലമായി അതു് റോമൻ കൂരിയയിൽ എത്തിയിട്ടില്ല. എന്നത്തേതുപോലെ അന്നും ലത്തീൻറീത്തു പക്ഷപാതികൾ ഉണ്ടായിരുന്നു. ഇവരിൽ ഏററം കുററം കുറഞ്ഞവരായിരുന്നു പതിനാറാം നൂററാണ്ടിൻെറ ഉത്തരഭാഗത്തുവന്ന കത്തോലിക്കാമിഷനറിമാർ. പാഷണ്ഡികളായി കരുതിയ ജനതയെയാണു് അവൎക്കു നേരിടേണ്ടിവന്നതു്. അവർ വാസ്തവത്തിൽ പാഷണ്ഡികളാണോ എന്ന കാര്യം ഇവിടെ പ്രശ്നമല്ല. പരിതഃസ്ഥിതികൾ ഇപ്രകാരമായിരിക്കെ ത്രെന്തോസ് സൂനഹദോസ് വിഭാവനം ചെയ്ത നവീകരണം നടപ്പിലാക്കുവാൻ അവൎക്കു തോന്നിയതിൽ അത്ഭുതമില്ല. അവർ ആരാധനക്രമപുസ്തകത്തിൽ തെററായ പദപ്രയോഗം കണ്ടു. അനധികൃതമായ പല ആരാധനക്രമപുസ്തകങ്ങളും അവർ കണ്ടെത്തി. സഭാഭരണത്തിൽ വളരെ പോരായ്മകളുണ്ടായിരുന്നു. സാന്മാൎഗ്ഗികനിലവാരവും കുററമററതായിരുന്നില്ല. ചാൾസ് ബൊറോമിയോ മിലാൻ അതിരൂപതയിൽ ചെയ്തതു പോലുള്ള ദൗത്യമാണു് തനിക്കു് അങ്കമാലി അതിരൂപതയിൽ നിൎവ്വഹിക്കാനുള്ളതു് എന്നു് മെനേസീസ് കരുതി. എന്നാൽ അതേവിജയം മെനേസീസിനു് ലഭിക്കാത്തതിനു കാരണം ഭാഷയിലും റീത്തിലുമുള്ള വ്യത്യാസങ്ങളായിരുന്നു. യഥാൎത്ഥ ഭക്തിയും തീക്ഷ്ണതയും മെനേസീസ് പ്രദൎശിപ്പിക്കുകയുണ്ടായി.

ഇതിലുമുപരി, നല്ലപ്പെട്ടന്ന കൂദാശകളുടെ സാധുതയെപ്പററി ഉറപ്പു് ഉണ്ടായിരിക്കുവാൻ മെനേസീസ് പ്രത്യേക

ശ്രദ്ധ ചെലുത്തി. സീറോ മലബാർ ആരാധനക്രമത്തെ ലത്തീൻമയമാക്കുവാനുള്ള അദ്ദേഹത്തിൻെറ പരിശ്രമങ്ങൾ ഈ താല്പര്യത്തിൽ നിന്നാണുത്ഭവിച്ചതു്.

നിലവിലിരുന്ന സുറിയാനി ഗ്രന്ഥങ്ങൾ നശിപ്പിക്കാതെ അവ അദ്ദേഹത്തിനു തിരുത്താമായിരുന്നു. എന്നാൽ കൂടുതൽ അസന്നിദ്ധമായ മാർഗ്ഗമാണു് അദ്ദേഹം തിരഞ്ഞെടുത്തതു്. അതുമൂലം ഭാവിയിലെങ്കിലും പാഷണ്ഡതയെ എളുപ്പം ഒഴിവാക്കാൻ കഴിഞ്ഞു. വിവേകത്തിൽനിന്നും ഉയിരെടുത്ത ഇത്തരം പ്രവർത്തനങ്ങളുടെ അടിയിൽ പൗരസ്ത്യ റീത്തുകളുടെ കാര്യത്തിലുള്ള യഥാർത്ഥ അജ്ഞതയുമുണ്ടായിരുന്നു. പോർട്ടുഗീസ് വൈദികരേയും വിശ്വാസികളേയും സംബന്ധിച്ചിടത്തോളം ഈ അജ്ഞത ഒട്ടൊക്കെ പോർച്ചുഗലിൻെറ ഭൂമിശാസ്ത്രപരമായ കിടപ്പുകൊണ്ടായിരുന്നിരിക്കണം. പടിഞ്ഞാറോട്ടഭിമുഖമായി സ്ഥിതിചെയ്തിരുന്നതിനാൽ, മെഡിററനേനിയൻെറ കിഴക്കേ തീരങ്ങളുമായി സമ്പർക്കം പുലർത്തുവാൻ പോർട്ടുഗീസ് നാവികർക്കും മിഷനറിമാർക്കും അവസരം ലഭിച്ചിരുന്നില്ലെന്നുതന്നെ പറയാം. അവരുടെ ചെറിയ കപ്പലുകൾ അററ്ലാൻറിക് തരണം ചെയ്തു വടക്കോട്ടും പടിഞ്ഞാട്ടും യാത്രചെയ്തു. പൗരസ്ത്യക്രിസ്ത്യാനികളുമായുള്ള സമ്പർക്കത്തിനു യൂറോപ്പിലെ മററു രാജ്യങ്ങളെ അപേക്ഷിച്ച് അനുകൂലമല്ലാത്ത ഒരു സ്ഥിതിയായിരുന്നു പോർച്ചുഗലിൻേറതു്. സ്പെയിൻകാരോ ഫ്രഞ്ചുകാരോ ഇററലിക്കാരോ ആയിരുന്നെങ്കിൽ അവരുടെ പെരുമാററം തികച്ചും ഭിന്നമാകുമായിരുന്നു.

---

1. എഫ്. അൾവാരസ്. Viaggio della Ethiopia, ജെ. ബി. റമൂസിയോ, Della Navigazioni e Viaggi, വെനീസ്, 1563, വാല്യം 1, പേജ് 223.

2. ജെ. എസ്. അസ്സമാനി, Bibliotheca Orientalis, വാല്യം. III a, പേജ് 595–9; എസ്സ്. ജമീൽ, Genuinae Relationes.... പേജ് 592—600

3. ജെ. എസ്. അസ്സമാനി, മേൽപുസ്തകം പേജ്. 594

4. സി. എം. ഡിവിററ് ഒ. എസ്. ബി. 'Les bulles pontificales et l'expansion protugaise, au XVe siecle, R. H. E. 48 (1953) പേജ് 683-718, 49 (1954) പേജ് 438-61, 51 (1956) പേജ് 413-53

5. ജെ. എസ്. അസ്സമാനി മേൽപുസ്തകം പേജ് 594

6. പെൻടാദോയുടെ രണ്ടുകത്തുകൾ ഫാദർ. എ. ഡിസൽവ റേഗോ അടുത്തകാലത്തു് പ്രസാധനം ചെയ്തതു് Documentacao para a

Historia das Missoes do Padroado Portugues do Oriente. India, ലിസ്ബൺ 1949 വാല്യം 2 പേജ് 357-60, 1950 വാല്യം 3 പേജ് 543-53

7. ജി. ഷുഹാമർ എസ്. ജെ. The Malabar Church and Rome, തൃശ്ശിനാപ്പിള്ളി 1934 പേജ് 1-24

8. സെൻറ് ഫ്രാൻസിസ് സേവ്യർ, ജോൺ മൂന്നാമൻ രാജാവിനു അയച്ചകത്ത്, കൊച്ചി, 1549 ജനുവരി 26, Epistolae, S. Francisci Xaverii aliaqew ejus Scripta, Nova Editio. ജി. ഷുഹാമർ. എസ്. ജെ. യും ജെ. വിക്കി എസ്. ജെ. യും കൂടെ പ്രസാധനം ചെയ്തത്. റോം 1945. വാല്യം II, 2 പേജ് 14-15.

9. എ. ബി. ഡിബ്രഗാൻസ പെരയിര Historia Religiosa de Goa, Or Portugues. ലിസ്ബൺ, 1932 പേജ് 34 (ബസ്സോറയിൽ പുനഃപ്രസിദ്ധീകരിച്ച പതിപ്പിൽ, s a I (1) ജി. ഷുഹാമർ മേൽ പേജ് 19-21

10. ഫ്രാൻസീസ് സേവ്യർ റോമയിലെ ഈശോ സഭക്കാർക്ക എഴുതിയത്, കൊച്ചി, 1544 ജനുവരി 15- Epistolae വാല്യം 1, പേജ് 164

11. Bullarium Patronatus Portugalliae വാല്യം. 1, പേജ് 36

12. എ. ജാൻ O. M. Cap, Die katholishe Missionem in Indien, China, and Japan, പാഡർബോൺ, 1915, പേജ് 61. ന. 1

13. മേൽപുസ്തകം പേജ് 55-63, 83-7.

14. മേൽപുസ്തകം പേജ് 100-13.

15. ജി. ഷുഹാമർ മേൽപുസ്തകം പേജ് 10-19

16. ജി. ബെൽട്ടാമി La Chiesa Caldea nel Secolo dell Unione, O. C. 29 (1933) Fasc 83, പേജ് 16.

17. മേൽപുസ്തകം പേജ് 24.

18. സലൂക്യയിലെ പാത്രിയക്കീസ് പരിശീലനം സിദ്ധിച്ച രണ്ടു മിഷനറിമാരെ അയക്കുവാൻ മൂന്നാം ജൂലിയൻ മാർപ്പാപ്പയോട് അപേക്ഷിച്ചിരുന്നു. സെമിററിക്ക് ഭാഷയിലുണ്ടായിരുന്ന വ്യുല്പത്തിയാണ് മാറാട്ടക്കാരായ ഈ സന്യാസികളെ തിരഞ്ഞെടുക്കാൻ അദ്ദേഹം ത്ത പ്രേരിപ്പിച്ചത്. ഇ. തിസ്സരാങ്ങ് L'Eglise Nestorienne, D.T.C II (1) 228-9. സന്യാസികളുടെ യാത്രയെപ്പററി—ജെ. വിക്കി. എസ്. ജെ. 'Zur Orientreise des papstlichen Nuntius Ambrosiws Buttigeg. o. p (1553-6) o. c. p (1953) പേജ് 350-71. ഗോവായിലേക്കുള്ള യാത്രയെപ്പററി ജി. ബെൽട്ടാമിയുടെ മേൽപുസ്തകം പേജ് 38 നമ്പർ 6

19. ജി. ബെൽട്രാമി, മേൽ. പോർട്ടുഗീസുരേഖ, പേജ് 40–3 നമ്പർ 9.

20. പൗരസ്ത്യ സഭകളുടെ റീത്തും ശിക്ഷണക്രമങ്ങളും നിലനിർത്തുവാനും വളർത്തുവാനും ഉദ്ദേശിച്ചുകൊണ്ടുള്ള പതിമൂന്നാം ലെയോ പാപ്പായുടെ തിരുവെഴുത്ത് S D N. Leonis Papae XIII. Acta. ബ്രൂഗസ് 1898, വാല്യം 5 പേജ് 303-11

21. ജി. ബെൽട്രാമി, മേൽപുസ്തകം പേജ് 51

22. മേൽപുസ്തകം പേജ് 34-7

23. മേൽപുസ്തകം പേജ് 86....

24. S Ehses 'Concilii Tridentini Actorum Pars V' Concilium Tridentinum Diariorum, Actorum.... Nova collectio ഫ്രീബർഗ് (i) B. 1919 വാല്യം viii പേജ് 959

25. എസ്. ജമീൽ. Genuinae Relationes പേജ് 69–73

26. ജി. ബൽട്രാമി. മേൽപുസ്തകം പേജ് 92

27. G. Levi della Vida, Ricerche sulla formazione del piu antico fondo dei manuscritti orientali della Biblioteca Vaticana, റോം, 1939, പേജ് 179–97,441 മുതൽ

28 എ. റബ്ബാത്ത്, Documents inedits. പാരീസിലും ലിപ്സിഗിലും പ്രസിദ്ധീകരിച്ചത് 1910 വാല്യം II പേജ് 432–4

29. Bullarium Patronatus Portugalliae, ലിസ്ബൺ 1872 അനുബന്ധം ഒന്ന് പേജ് 51

30. ജി. ബൽട്രാമി. മേൽപുസ്തകം പേജ് 55

31. ജി. ബൽട്രാമി. മേൽപുസ്തകം പേജ് 56

32. ജി. ബൽട്രാമി. മേൽപുസ്തകം പേജ് 98

33. മേൽപുസ്തകം പേജ് 103–7

34. Bullarium Patronatus. അനുബന്ധം I പേജ് 54

35. ജി. ബൽട്രാമി. മേൽപുസ്തകം പേജ് 99

36. അലസ്സാന്ത്രോ വലിഞ്ഞാനോ S. J. (1539–1606) 1573 ആഗസ്റ്റിൽ ഏഷ്യൻ മിഷൻ സൊസൈറ്റിയുടെ വിസിററായി നിയമിക്കപ്പെട്ടു. ഗോവായും മററു ഇൻഡ്യൻ മിഷനുകളും സന്ദർശിച്ചശേഷം വിദൂര പൗരസ്ത്യദേശങ്ങളിലേയ്ക്കു യാത്ര പുറപ്പെട്ടു. മക്കോവ സന്ദർശിച്ചു. 1579 ജൂലൈയിൽ ജപ്പാനിൽ എത്തി. ജപ്പാൻ അദ്ദേഹത്തിൻെറ പ്രത്യേക ശ്രദ്ധയ്ക്കു വിഷയമായിരുന്നു. (പിന്നീട് 1590–2, 1598–1603 ലും അദ്ദേഹം ജപ്പാൻ സന്ദർശിച്ചു.) എന്നാൽ 1583-ൽ താൻ സന്ദർശിച്ച ഇൻഡ്യയി

ലെ പ്രശ്നങ്ങളെക്കുറിച്ചും മാർത്തോമ്മാക്രിസ്ത്യാനികളെക്കുറിച്ചും അദ്ദേഹത്തിന് നല്ല അവഗാഹമുണ്ടായിരുന്നു. എ. വലിഞ്ഞാനോ എസ്സ്. ജെ. Historia del Principio y Progresso de la Compania de Jesus en las Indias Orientales (1542–64) ജെ. വിക്കി പ്രസാധനം ചെയ്തതു്. റോം 1944 പേജ് 45–8. പേജ് 336–41

37. Bullarium Patronatus ....... പേജ് 73–6

38. Aliorum enim librorum copiam nec achiepiscopus nec archidiaconus, nec alii facere mihi volunt.' എഫ്. റോസി De Erroribus Nestorianorum ൻെറ ജെ. ഹോഷർ പ്രസാധനം ചെയ്തതു്. O. C. II (1928) fase I പേജ് 15 നമ്പർ 3

39. ഫാദർ റോസിൻെറ രേഖ ഈശോസഭാഗ്രന്ഥശേഖരത്തിൽ കാണാം. മേലുദ്ധരിച്ച രേഖ പേജ് 35

40. എ. റബാത്ത്. മേൽപുസ്തകം വാല്യം ഒന്നു് പേജ് 321–30 അദ്ദേഹം ഫാദർ എബ്രാഹം ജോജ്ജിൻെറ മൂന്നു കത്തുകരം പ്രസിദ്ധപ്പെടുത്തി. ഇതിൻെറ മൂലപ്രതി റോമിലേ ഈശോസഭക്കാരുടെ ഗ്രന്ഥശേഖരത്തിൽ ഉണ്ടു്. ഗോവ 13 fo. 165–7; 14 fo 34–5

41. ജി. ബൽട്രാമി മേൽപുസ്തകത്തിൽ (പേജ് 248–50) രേഖ നല്കുന്നുണ്ടു്.

42. ഫാദർ ജെ. കാസ്റ്റേറസ് ഫാദർ റോസിനെപ്പററിയുള്ള തൻെറ ഗ്രന്ഥത്തിൻെറ മുഖവുരയിൽ പേജ് 8

43. Fr. du Jaric, Thesurus Rerum Indicarum എന്ന ഗ്രന്ഥത്തിൽ (കൊളോൺ 1635 പേജ് 614.) റോമയുമായി ഐക്യപ്പെട്ടാണു് മാർ അബ്രാഹം മരിച്ചതു് എന്നു് രേഖപ്പെടുത്തിയിട്ടുണ്ടു്. പോർട്ടുഗീസ് ഗ്രന്ഥകർത്താക്കളും ഫാദർ കാസ്റ്റേററസും പറയുന്നതു് അദ്ദേഹം ഒരു ശീശ്മക്കാരനായി മരിച്ചു എന്നാണു്. ജി. ബൽട്രാമി, മേൽപുസ്തകം പേജ് 118, ഫാദർ റോസ്, മേൽപുസ്തകം പേജ് 8. മുൻ പ്രസ്താവിച്ച രേഖകരംക്കു് മോൺസിഞ്ഞോർ ബെൽട്രാമി നല്കിയ വ്യാഖ്യാനം അതായിരുന്നു. 1595 ലെ മാർ അബ്രാഹമിൻെറ രോഗത്തെക്കുറിച്ചു് ഫാദർ ഡു ജാരിക്കിൽ നിന്നു കിട്ടിയതല്ലാതെ മറേറതെങ്കിലും അറിവു് ഫാദർ കാസ്റ്റേററസിനു ലഭിച്ചിട്ടുണ്ടോ എന്നതു് സംശയാസ്പദമാണു്. ഈ സംഭവത്തെക്കുറിച്ചു് ഫാദർ ഡു ജാരിക്കു് വ്യക്തമായി പറയുന്നുണ്ടു്. കാരണം, ഈ രോഗത്തിൽ മാർ അബ്രാഹം മരിച്ചുപോയതായി ഫാദർ ഡു ജാരിക്കു് ചിന്തിച്ചിട്ടുണ്ടായിരിക്കണം. എന്താണു് സംഭവിച്ചതെന്നു് അദ്ദേഹം വ്യക്തമായി രേഖയിൽ പറയുന്നില്ലെങ്കിലും "Archiepiscopus moritur" എന്നു് മാർജിനിൽ എഴുതിയിരിക്കുന്നതായി കാണുന്നുണ്ടു്. "Angamalano igitur episcopo Abraham............demortuo" എന്നാണു് താഴെയുള്ള ഖണ്ഡിക തുടങ്ങുന്നതു്. ഫാദർ ഡു ജാരിക്കു് മേൽപുസ്തകം പേജ് 617

44. ജി. ബൽട്രാമി മേൽപുസ്തകം 185 പേജിൽ രേഖ നല്കിയിട്ടുണ്ടു്.

45. മേൽപുസ്തകം പേജ് 196–8 ജി. എം. അൻറാവോ De Synodi, Dimperianae Natura atque Decretis. ഗോവ, 1952, പേജ്, 55, നമ്പർ 87

46. ജി. ബൽട്രാമി മേൽപുസ്തകത്തിൽ (പേജ് 252) രേഖ നല്കുന്നുണ്ട്.

47. മേൽപേജ് 120

48. ഗുവെയ പുസ്തകം എഴുതിയതു തൻെറ അധികാരികളുടെ നിർബന്ധം മൂലമാണ്. അതുകൊണ്ട് അഗുസ്റ്റീനിയൻ സന്യാസികളുടെ രേഖയിൽ മെനേസിസിൻെറ നടപടി നന്നായി ചിത്രിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ മുഖവുരയുടെ കർത്താവ് 1603 സെപ്റ്റംബർ 27 ലെ മെനേസീസിൻെറ സന്ദർശനത്തിൽ വ്യക്തിപരമായി പങ്കെടുത്ത വ്യക്തിയാണ്. ഗോവായിലെ മെത്രാപ്പോലീത്തായോടും പ്രത്യേകിച്ച് അദ്ദേഹത്തിൻെറ കുമ്പസാരക്കാരനോടും അദ്ദേഹത്തിൻെറ സഹപ്രവർത്തകനായ മറിയത്തിൻെറഫാദർ ബ്രാസിനോടും വിവരം അന്വേഷിച്ചിട്ടുണ്ട് എന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. എന്നാൽ ഫാദർ റോസിൽനിന്നാണ് കാര്യമായ വിവരം ലഭിക്കുന്നതു്. എ. ഡി. ഗുവെയ Iornaba do Arcebispo de Goa, Dom Frey Aleixo de Menezes,.. quando foy as Serras de Malauar കോയിമ്പ്ര 1606 പേജ് 6 fo. 152

49. എ. റാസ്. എസ്. ജെ. Ou se trouve la confirmation dans le rite Syro-Oriental, O. S. I (1956) പേജ് 239–54

50. ഇ. തിസ്സരാങ്ങ് L'Eglise Nestorienne, D. T. C. വാല്യം 11, 230,263

51. മെനേസീസിൻെറ സന്ദർശനത്തെപ്പററി ഗുവെയ എഴുതിയ കഥ മററു രേഖകളും സ്ഥിരീകരിക്കുന്നുണ്ട്. അത്തരം രേഖകളിൽ പ്രധാനം ഈശോസഭാഗ്രന്ഥശേഖരം തന്നെയാണ്. പക്ഷേ, ഇതിൽ മെത്രാപ്പോലീത്തയെ ഗുവെയ ധാരാളം പ്രശംസിക്കുന്നുണ്ട്. അതുകൊണ്ട് പണ്ഡിതനെന്ന നിലയിലല്ല ഏറിയകൂറും ഗുവെയ ഇതിൽ പ്രത്യക്ഷപ്പെടുന്നതു്. ആർച്ചുഡീക്കൻെറ വിവരണംകൂടി കണ്ടുകിട്ടിയിരുന്നുവെങ്കിൽ അതു് ഗുവെയയുടെ വിവരണം ഒന്നിച്ചുവെച്ചു വായിച്ചിരുന്നുവെങ്കിൽ അതു രസപ്രദമാകമായിരുന്നു.

52. Synodo diocesano da Igregia e bispado de Angamale dos antigos christaos de Sam Thome das Serras do Malavar das partes da India oriental, celebrado pello Reverendissimo Senhor Dom Fray Aleixo de Menezes.... no terceyro domingo depois de Pentecoste aos 20 dias do mes de iunho da era de 1599 Na igreja de todos os santos, no lugar et Reyno do Diamper എന്ന തലക്കെട്ടിൽ ഉദയംപേരൂർ സൂനഹദോസിൻെറ നടപടികൾ ആദ്യമായി 1606–ൽ കോയിമ്പ്രയിൽനിന്നു പ്രസിദ്ധീകരിച്ചു. അതേ വർഷംതന്നെ പ്രസിദ്ധപ്പെടുത്തിയ Iornada do arcebispo de Goa എന്ന പുസ്തകത്തോടുകൂട്ടിച്ചേർത്താണു

62 ഭാഗങ്ങരം ഉരംക്കൊള്ളുന്ന ഈ രേഖ കാണപ്പെടുന്നതു്. സെൻറു് അഗസ്റ്റ്യൻെറ സന്യാസീസമൂഹത്തിൻെറ മുൻ ജനറാളായ ജെ. എഫ്. റവുളി സൂനഹദോസിൻെറ നടപടികരം പോർട്ടുഗീസു ഭാഷയിൽനിന്നു ലത്തീനിലേയ്ക്കു തർജ്ജമചെയ്തു. അതിനു് ഒരു മുഖവുരയെന്ന നിലയിൽ Iornada യുടെ ഒരു സംഗ്രഹവും Historia Ecclesiae Malabaricae cum Diamperitana Synodo റോം, 1745 ഭാഗം 18 പേജ് 529 എന്ന പേരിൽ ഇൻഡ്യൻസഭയുടെ സംക്ഷിപ്തചരിത്രവും എഴുതിച്ചേർത്തു. കൊളേത്തിയുടെ കൗൺസിലുകളെപ്പററിയുള്ള Sanctorum conciliorum Suppementum എന്ന അനുബന്ധത്തിൽ ജെ.ഡി. മാൻസി കൗൺസിലിൻെറ 59 മുതൽ 282 വരെയുള്ള പേജുകരം പ്രസിദ്ധപ്പെടുത്തി. ലൂക്യസ് 1772 വാല്യം 6 ഭാഗം 1—208. ന്യമാൻസിയുടെ Sacrorum Conciliorum nova et amplissima colletio പാരീസ്, 1902 വാല്യം XXXV, ഭാഗം 1161-368. എന്ന സമാഹാരത്തിൽ പുനഃപ്രസിദ്ധീകരിച്ചതും ഇതുതന്നെയാണു്. Bulliarium Patronatus Portugaliae Regum, ലിസ്ബൺ 1872 അനുബന്ധം ഒന്നിൽ. 147 മുതൽ 368 വരെയുള്ള പേജുകളിൽ ലത്തീനിലും പോർട്ടുഗീസ് ഭാഷയിലുമുള്ളകൗൺസിൽ നടപടികരം റൗളിൻെറ കുറിപ്പുകളോടുകൂടെ കണ്ടെത്തുന്നുണ്ടു്. അലെക്സിസ് മെനേസീസിൻെറ അങ്കമാലിരൂപതാസന്ദർശനത്തെപ്പററിയും ഉദയംപേരൂർ സൂനഹദോസിനെപ്പററിയും മത്തുറിൻവ്യാസ്സുരെലാക്രോസ്സ് തൻെറ Histoire du Christianisme aux Indes (ലാഹായേ; 1724) എന്ന പുസ്തകത്തിലെ 77 മുതൽ 328 വരെയുള്ള പേജുകളിൽ പ്രതിപാദിക്കുന്നു. മുൻവിധികളൊന്നും ഈ കൃതിയിലില്ല. പ്രഷ്യൻ രാജാവിൻെറ ലൈബ്രേറിയനു്, പ്രോട്ടസ്റ്റൻറു സഭയോടു് അടുക്കാനുള്ള മലബാർസഭയുടെ അവസരം നഷ്ടപ്പെടുത്തിയ മെനേസീസിനു് മെത്രാപ്പോലിത്തായോടു വൈരാഗ്യമുണ്ടായിരുന്നു. Die Kirche des Thomaschristen, ഗുട്ടൻ സ്ളോഷ് 1877, പേജ് 380-94; 414-28 (ഡബ്ളിയു. ജർമ്മൻ) എന്ന ഗ്രന്ഥത്തിൽ സൂനഹദോസിനുമുമ്പും പിമ്പും മെനേസീസ് നടത്തിയ രണ്ടു സന്ദർശനങ്ങളെക്കുറിച്ചു വിശദമായി പറയുന്നു. സി. ഡി. ക്ലാർക്ക പ്രസിദ്ധപ്പെടുത്തിയ 'Conciles des Orientaux Catholiques Histoire des Conciles പാരീസ്, 1949 വാല്യം XI ഭാഗം ഒന്നു് പേജ് 33-67 ഉദയംപേരൂർ സൂനഹദോസിൻെറ നടപടികളും വ്യാഖ്യാനവും ഉരംക്കൊള്ളുന്ന മേൽപുസ്തകം ഫ്രഞ്ചുഭാഷയിൽ ആണു്. 1952 ൽ De Synodi Diamperitanae Natura at que Decretis—എന്ന പേരിൽ ഉദയംപേരൂർ സൂനഹദോസിനെപ്പററി ലത്തീനിലുള്ള ഒരു പഠനം ഫാദർ ജി. എം. അൻറാവോ ഗോവയിൽ പ്രസിദ്ധീകരിച്ചു. സൂനഹദോസിനെപ്പററിയുള്ള ഒരു വിശദമായ വിശകലനം. ഫാദർ ജോനാസ് തളിയത്ത് സി. എം. ഐയുടെ The synod of Diamper, (റോം, 1958) എന്ന പുസ്തകത്തിൽ കാണാം.

53. ജെ. ബി. കാബട്ടു്, തൻെറ L'autodafe des livres syriaques du Malabar (Florilegium····de Voue, പാരീസ്, 1909, പേജ് 615-23) എന്ന ലേഖനത്തിൽ വിവിധങ്ങളായ ഈ കൃതികളെ എടുത്തുപറഞ്ഞിട്ടുണ്ടു്.

54. അങ്കമാലിയിൽ ഇപ്പോൾ മൂന്നു പള്ളികൾ ഉണ്ട്. കിഴക്കേപ്പള്ളിയോടനുബന്ധിച്ച് ഇപ്പോൾ സുറിയാനി ക്ലാരമഠം സ്ഥിതിചെയ്യുന്നു. ഈ പള്ളിയുടെ മദ്ബഹായിലാണു മാർ അബ്രാഹത്തെ അടക്കം ചെയ്തിരിക്കുന്നതു്.

55. പതിനേഴാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഹോർമിസ്ദ് റമ്പാൻ തന്നെയാണു് ഹോർമിസ്ദസ് സന്യാസി. ഇ. എ. ഡബ്ളിയു. ബഡ്ജ്, The Book of Governors, ലണ്ടൻ, 1893, വാല്യം ഒന്നു്. പേജ് CLXVII മുതൽ. മെനേസീസും അദ്ദേഹത്തിൻെറ ഉപദേശകന്മാരും കൂടെ തെരഞ്ഞെടുത്ത വിശുദ്ധൻ റോമൻ വിശുദ്ധനാമപ്പട്ടികയിൽ (Roman Martyrology) ആഗസ്റ്റ് എട്ടാംതീയതി പേരു കാണുന്ന പേർസ്യക്കാരനായ വിശുദ്ധ ഹോർമിസ്ദാസ് ആയിരിക്കണം. AA SS പാരീസ്, 1863, ആഗസ്റ്റ്, വാല്യം 2 പേജ് 341

56. സൂനഹദോസ് നടപടികളുടെ മൂന്നു മലയാളം പ്രതികൾ അടുത്തകാലത്തു വത്തിക്കാൻ ലൈബ്രറിയിൽനിന്നു കണ്ടെത്തിയിട്ടുണ്ട്. ഫാദർ ജോനാസു തളിയത്തു്. മേൽഗ്രന്ഥം പേജ് 177–91

57. 1599 ഏപ്രിൽ ഒന്നാം തീയതിയിലെ ബ്രീഫ്. Bullarium Patronatus, വാല്യം 1, പേജ് 335

58. സൂനഹദോസിനെക്കുറിച്ച് അടുത്തകാലത്തു പ്രസിദ്ധീകരിക്കപ്പെട്ട ഗ്രന്ഥത്തിൽ ഫാദർ സി.ഡി. ക്ലാർക്ക് പറയുന്ന 'ആവശ്യത്തിലധികമായ നവീകരണങ്ങൾ നടപ്പിലാക്കിക്കൊണ്ടും, റീത്തിലേ ഹയരാർക്കിയെ ഇല്ലാതാക്കിക്കൊണ്ടുമുള്ള മെനേസീസിൻെറ പ്രവർത്തനങ്ങളാണു്............ പിന്നീടുള്ള സകല ഭിന്നതകളുടേയും മൂലകാരണം.'' മേൽപുസ്തകം പേജ് 67. കുറെക്കൂടെ സമ്പൂർണ്ണപഠനം ഫാദർ ജോനാസ് തളിയത്തു് സി. എം. ഐ. യുടെ മേലുദ്ധരിച്ച ഗ്രന്ഥത്തിൽ (പേജ് 169–74) കാണാം.

59 റവുളിൻ, മരംബാവർ, ജാൻ എന്നിവരെ പിന്തുടർന്ന് ജി. ബെൽട്രാമി ഇക്കാര്യം പരാമർശിക്കുന്നുണ്ട്. മേലുദ്ധരിച്ച കൃതി പേജ് 124 മുതൽ, നമ്പർ 84.

Corpo Diplomatico Portuguez (വാല്യം XII പേജ് 99–102)ൽ പ്രസിദ്ധീകരിച്ച ക്ലെമൻറ് എട്ടാമൻെറ Divinam Dei Omnipotentis (1601മേയ് 19) കല്പനവഴി സൂനഹദോസ് അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നു് ജി. എം. അൻറാവോ തെളിയിക്കാൻ ശ്രമിക്കുന്നു. മേലുദ്ധരിച്ച കൃതി പേജ് 79–82, 91, 112–8, അനുബന്ധത്തിലെ പതിനൊന്നും പതിനാലും രേഖകൾ കാണുക. ഇത്തരമൊരു വീക്ഷണത്തെ വളരെ തെളിവുകളുദ്ധരിച്ച്. ഫാദർ ജോനാസ് തളിയത്തു് സി. എം. ഐ. മേലുദ്ധരിച്ച ഗ്രന്ഥത്തിൽ ചോദ്യം ചെയ്യുന്നുണ്ട്. എന്തെല്ലാം വാദിച്ചാലും പരോക്ഷമായി പോലും മെനേസീസിൻെറ പ്രവൃത്തിക്കു റോമിൽനിന്നു കാനോനികമായ അംഗീകാരം ലഭിച്ചിട്ടില്ലെന്നതു തീർച്ചയാണ്.

1603 ഡിസംബർ മൂന്നാം തിയതി ബിഷപ്പ് റോസ് അങ്കമാലിയിൽ ഒരു പുതിയ സൂനഹദോസു വിളിച്ചുകൂട്ടി. ഒരു രൂപതാ സൂഹ

ദോസ്സ് എന്നനിലയിൽ അതു് സാധുവായിരിക്കുവാൻ വേണ്ടത്ര മുൻകരുതലുകൾ അദ്ദേഹം കൈക്കൊണ്ടു. ഉദയംപേരൂർ സിനഡിൽ കൈക്കൊണ്ട പല തീരുമാനങ്ങളും വേണ്ടെന്നുവച്ചു, പലതും തിരുത്തി, പുതിയവ കൂട്ടിച്ചേർക്കുകയുംചെയ്തു. ഉദയംപേരൂർ സൂനഹദോസു സാധുവല്ല എന്നു മെത്രാനും അദ്ദേഹത്തിൻെറ ഉപദേശകന്മാരും കരുതിയതുകൊണ്ടാണു് പുതിയ സമ്മേളനം കൂടുവാൻ ഇടയായതു്. സിനഡിൻെറ നൈയാമിക വ്യവസ്ഥകൾ പൂർത്തിയല്ലായിരുന്നു. ഇന്ത്യക്കാരായ സമ്മേളനാംഗങ്ങളോടു പലതും ആലോചിച്ചിരുന്നില്ല, കുറഞ്ഞതു്, യോഗനടപടികളുടെ, അർത്ഥം അവർക്കു മനസ്സിലായിരുന്നില്ല. അന്നു വൈദികനായിരുന്ന ഫാദർ റോസ്സ് ആവശ്യപ്പെട്ടതനുസരിച്ചാണു് അവർ അതിൽ ഒപ്പു വെച്ചതു്. പുതിയ ഡിക്രികൾ എഴുതിച്ചേർത്തുകൊണ്ടും പഴയവ തിരുത്തിക്കൊണ്ടും മെനേസീസു ചെയ്ത മാററങ്ങളായിരുന്നു കൂടുതൽ ഗൗരവമായിരുന്നതു്. കൂടാതെ, പ്രാദേശികാചാരങ്ങളെക്കുറിച്ചുള്ളതുപോലെയുള്ള പല തീരുമാനങ്ങളും ദുർഗ്രഹമായിരുന്നു. ഉദയംപേരൂർ സൂനഹദോസിൻേറതിനു പകരം സീറോ മലബാർ സഭയ്ക്കു് കാനൻനിയമം നിർമ്മിക്കുകയായിരുന്നു അങ്കമാലിയിലെ പുതിയ സിനഡിൻെറ ലക്ഷ്യം. ഉദയംപേരൂർ സൂനഹദോസിൻെറ തീരുമാനങ്ങൾ സ്വീകരിക്കരുതെന്നു ബിഷപ്പ് റോസും സുഹൃത്തുക്കളും ആവശ്യപ്പെട്ടു. അതിനു പകരം അങ്കമാലിരേഖ അംഗീകരിക്കണമെന്നും പറഞ്ഞു. ഉദയംപേരൂർ സൂനഹദോസിലെ നടപടികൾ അംഗീകരിക്കരുതെന്ന അവരുടെ ആദ്യത്തെ ലക്ഷ്യം അവർ നേടി എന്നു നമുക്കു തീർച്ചയായും അറിയാം. എന്നാൽ അങ്കമാലിസിനഡിൻെറ തീരുമാനങ്ങൾ അംഗീകരിപ്പിക്കുവാൻ അവരെക്കൊണ്ടു കഴിഞ്ഞില്ല.

ജസ്യൂട്ട് സഭയുടെ ജനറാളായിരുന്ന ഫാദർ ക്ലാഡ്യു് അക്വാവീവയ്ക്കു് അയച്ച രണ്ടു കത്തുകൾ (1603 നവമ്പർ, 20, ഡിസംബർ 26) ,1603 ഡിസംബർ ഇരുപത്തിയേഴാം തീയതിയിലും 1605-ലും പോർത്തുഗലിലെ അസിസ്റ്റണ്ടായിരുന്ന ഫാദർ ജോൺ അൾവാരസിനു് അദ്ദേഹം തന്നെ അയച്ച മൂന്നു കത്തുകൾ. 1604 ജനുവരി ഒമ്പതാം തീയതി ഫാദർ ജെ. എം. കമ്പോരി എസ്. ജെ. ഫാദർ അക്വാവീവയ്ക്കു അയച്ച കത്തു്, 1604 ജനുവരി രണ്ടാം തീയതി ഫാദർ ജോൺ അൾവാരസിനു് അയച്ച കത്തു് വൈസ്സ് പ്രൊവിൻഷ്യാളായിരുന്ന എ. ലേർസിയോ ഫാദർ അക്വാവീവക്കു് 1604 ജനുവരി പതിനഞ്ചാം തീയതി അയച്ച കത്തു് ഇവ കാണുക.

A. R. S. J. ഗോവ, 15, പേജ് 155—6; 176-7, 178-9, 182-3, 196-200, 242-3, 246

60. മേൽ രേഖ 62 പേജ് 1-92. അങ്കമാലി സൂനഹദോസിൻെറ രേഖ ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. 1606 ൽ റോസ്സ് പ്രസിദ്ധീകരിച്ച കൊടുങ്ങല്ലൂർ രൂപതയുടെ നിയമാവലിയിൽ സൂനഹദോസിൻെറ തീരുമാനങ്ങൾ കണ്ടെത്താവുന്നതാണ്. അതിൻെറ ഒരു മലയാളം പ്രതി വത്തിക്കാൻ ലൈബ്രറിയിൽനിന്നു ഫാദർ ജോനാസ്സ് തളിയത്തു് സി. എം. ഐ. കണ്ടെടുത്തിട്ടുണ്ടു്. പ്രൊപ്പഗാന്താ തിരുസ്സംഘത്തിൻെറ 1792 ൽ ഉണ്ടായിരുന്ന ലൈബ്രറിയിലെ ഇന്ത്യൻ കൈയെഴുത്തുരേഖകളിൽ ഈ രേഖയുടെ പേർ കാണാനുണ്ടു്. ബർത്ത്യൂലോമ്യൂയുടെ പൗളിൻ, Examen Historico-Criticum Indicarum, റോം, 1792, പേജ് 71-72

നാല്

# ഈശോസഭക്കാരും കർമ്മലീത്താ സഭക്കാരും ഭാരതത്തിൽ

ഇഗ്നേഷ്യസ് ലയോളയും സഹപ്രവർത്തകരുംകൂടെ പാരീസിനടുത്തുള്ള മോണ്ട്മാർട്രേയിൽ ഈശോസഭ സമാരംഭിച്ച് ഏകദേശം ആറുവർഷത്തോളം കഴിഞ്ഞുമാത്രമേ അംഗീകരിച്ച പുതിയ സഭയുടെ പ്രഥമ ഭരണഘടന പരസ്യപ്പെടുത്തിയുള്ളൂ. അതിനു മുമ്പുതന്നെ, 1540–ൻെറ ആരംഭത്തിൽ സൈമൺ റൊഡ്രീഗസിനേയും ഫ്രാൻസീസ് സേവ്യറേയും ഈസ്റ്റ് ഇൻഡീസിലെ മിഷൻപ്രവർത്തനത്തിനായി മൂന്നാം പൗലോസ് പാപ്പാ നിയോഗിച്ചു. സൈമൺ, ലിസ്ബൺവരെ മാത്രമേ എത്തിയുള്ളൂ. പുതുതായി നിയമിതരായ സേവ്യറിൻെറ മററു രണ്ടു സഹപ്രവർത്തകർക്കു രോഗികളായി ഒരു വർഷക്കാലം മൊസാംബിക്കിൽ താമസിക്കേണ്ടിവന്നു. മററാരും കൂട്ടില്ലാതെ തനിച്ചു പോരേണ്ടിവന്ന ഫ്രാൻസീസ് സേവ്യർ 1542 മേയ് ആറാം തീയതി ഗോവായിൽ കപ്പലിറങ്ങി. ബുദ്ധിശാലിയും തീക്ഷ്ണമതിയും ഭരണനിപുണനുമായിരുന്ന സേവ്യർ, സർവ്വോപരി പരിശുദ്ധ ജീവിതം നയിച്ചിരുന്ന വ്യക്തിയായിരുന്നു. തന്മൂലം പതിനാറാം നൂററാണ്ടിൻെറ അന്ത്യത്തിനു മുമ്പുതന്നെ ഇന്ത്യയിലെ ഈശോസഭാമിഷൻ വളരെയേറെ അഭിവൃദ്ധിപ്പെട്ടു കഴിഞ്ഞിരുന്നു. എന്നാൽ, ഈശോസഭക്കാർ മാത്രമായിരുന്നില്ല ഇന്നാട്ടിൽ അന്നുണ്ടായിരുന്ന മിഷനറിമാർ. പോർട്ടുഗീസുകാർ ഇന്ത്യയിൽ കാലുകുത്തിയതോടുകൂടെത്തന്നെ വളരെയധികം ഇടവകവൈദികരും പരിശുദ്ധ ത്രിത്വത്തിൻെറ സംഘത്തിൽപ്പെട്ടവരും, ഡൊമിനിക്കൻ സഭാംഗങ്ങളും അവരെക്കാരം കൂടുതലായി ഫ്രാൻസിസ്കൻ സന്യാസികളും ഇന്ത്യയിൽ വന്നുകൊണ്ടിരുന്നു. മലബാർ സുറിയാനിക്കാരുടെ കാര്യത്തിൽ ആദ്യം

ഇടപെട്ടതു് ഈശോസഭക്കാരായിരുന്നില്ല. എന്തെന്നാൽ, ഗോവായിലെ ഒരു ഫ്രാൻസിസ്കൻ മെത്രാനായിരുന്ന ജോൺ ഡി. ആൽബുക്കർക്കു് (1537–53) 1541ൽ സ്ഥാപിച്ച കൊടുങ്ങല്ലൂർ കോളേജ്, മാർ യാക്കോബുമായുള്ള ഉടമ്പടിയനുസരിച്ച് ഫ്രാൻസിസ്കൻ സഭക്കാർക്കു് ഏല്പിച്ചുകൊടുത്തു. മാർ യാക്കോബ് തന്റെ അന്ത്യം സമീപിച്ചപ്പോൾ കൊച്ചിയിലുള്ള ഫ്രാൻസിസ്കൻ കൊവേന്തയിൽ താമസിച്ചിരുന്നു എന്നു മുൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ.[1]

## ഫാദർ റോസ്—സുറിയാനിക്കാരുടെ പ്രഥമ ലത്തീൻ മെത്രാൻ

മാർ അബ്രാഹം മരണം പ്രാപിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തു് പാശ്ചാത്യനായ മെത്രാനെ നിയമിക്കുവാൻ പരിശുദ്ധ സിംഹാസനം നിശ്ചയിച്ചു. ഒരു ഈശോസഭാ വൈദികനെ മാത്രമേ തൽസ്ഥാനത്തു നിയമിക്കാൻ സാധ്യതയുണ്ടായിരുന്നുള്ളു. 1552 ന്റെ ആരംഭത്തിൽത്തന്നെ ഫ്രാൻസിസ്കൻ സഭക്കാർ കൊടുങ്ങല്ലൂരിലേ കോളേജ് വിട്ടൊഴിഞ്ഞുപോയി. ആറുകൊല്ലംകൊണ്ടു പതിന്നാലു സുറിയാനിവൈദികരെ പരിശീലിപ്പിച്ചെടുക്കുവാൻ അവക്കു സാധിച്ചു.

സുറിയാനി ഒട്ടുംതന്നെ അറിവില്ലാത്തവരായിരുന്നു ഫ്രാൻസിസ്കൻ സഭാംഗങ്ങൾ. അദ്ധ്യാപനവൃത്തിയിൽ പ്രത്യേകമായൊരു പരിശീലനം അവർക്കു സിദ്ധിച്ചിട്ടുമില്ലായിരുന്നു. പ്രത്യുത വിശുദ്ധ ഇഗ്നേഷ്യസ് ലയോളായുടെ ആദ്യശിഷ്യന്മാർ പലരും സർവ്വകലാശാലാവിദ്യാഭ്യാസം നിർവ്വഹിച്ചവരായിരുന്നു. ഈശോസഭക്കാർ ഇവിടെയെത്തി അധികം കഴിയുന്നതിനു മുമ്പുതന്നെ ഗോവായിലെ സെൻറ് പോൾ കോളേജിന്റെ ഭരണം അവർ ഏറ്റെടുത്തു. അവർ മലബാർ വൈദികരെ പരിശീലിപ്പിക്കുന്നതിനു് ഏററം യോഗ്യരായിരുന്നു. 1552–ൽ അവർ കൊച്ചിയിൽ ഒരു കോളേജ് ആരംഭിച്ചു. 1581–ൽ വൈപ്പിക്കോട്ടയിലെ തങ്ങളുടെ വസതിയോടനുബന്ധിച്ച് സുറിയാനി വൈദികാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി ഈശോസഭക്കാർ ഒരു സെമിനാരി പണികഴിപ്പിച്ചു. അതേസമയം, സുറിയാനി വിദ്യാർത്ഥികൾക്കുവേണ്ടി കൊടുങ്ങല്ലൂരിൽ ഒരു വിദ്യാലയവും അവർ നടത്തിപ്പോന്നു. ഇപ്രകാരം പ്രത്യേകാവകാശങ്ങളൊന്നും കൂടാതെയാണു് ഈശോസഭക്കാർ സീറോ മലബാർ സഭയുമായി ഉററ ബന്ധം പുലർത്തിയതു്. 1595-ൽ സെമിനാരിയിൽ 45 പഠിതാക്കൾ ഉണ്ടായിരുന്നു. അവരിൽ പന്ത്രണ്ടുപേർ വൈദികന്മാരും മൂന്നുപേർ ഡീക്കന്മാരും പതിനെട്ടുപേർ പ്രാഥമിക പട്ടങ്ങൾമാത്രം സ്വീകരിച്ചവരുമായിരുന്നു.[2]







മാർ അബ്രാഹത്തിൻെറ മരണവിവരം അറിഞ്ഞ ഉടനെ അലക്സിസ് ഡി. മെനേസീസ് സെമിനാരിയിലെ സുറിയാനിമല്പാനായിരുന്ന ഫാദർ റോസിനെ അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്ട്രേററായി നിയമിച്ചതിൻെറ പശ്ചാത്തലം മേൽവിവരിച്ച വസ്തുതകൾ വ്യക്തമാക്കുന്നുണ്ട്. താല്ക്കാലികമായൊരു നടപടി മാത്രമായിരുന്നു ഇത്. മെത്രാപ്പോലീത്തായിൽ ഗോവയിലുള്ള അദ്ദേഹത്തിൻെറ ആലോചനക്കാർ ചെലുത്തിയ സമ്മർദ്ദംമൂലം ഈ നടപടി റദ്ദാക്കപ്പെട്ടു. എങ്കിലും മെനേസീസിനു് അവസാനമായി ഈ സ്ഥാനത്തേയ്ക്കു് ഒരാളുടെപേർ അന്തിമമായി നിർദ്ദേശിക്കേണ്ടിയിരുന്നു. മെത്രാപ്പോലീത്തായുടെ ഒരു എഴുത്തിൽനിന്നു് അദ്ദേഹത്തിൻെറ വീക്ഷണഗതി നമുക്കു മനസ്സിലാകുന്നുണ്ട്. 1597 ഡിസംബർ പത്തൊമ്പതാം തീയതി പോർട്ടുഗലിൻെറ അപ്പസ്തോലികകളക്ടറും ജറുസല (ലത്തീൻ) ത്തിൻെറ സ്ഥാനികപാത്രിയാർക്കീസുമായ മോൺസിഞ്ഞോർ ഫാബിയോബയോൺഡിക്കു് മെനേസീസ് അയച്ച കത്തുകളിൽ ഒന്നിൽനിന്നാണു് അതു വിശദമാകുന്നതു്.[3] റോമാസിംഹാസനത്തിൻെറ വളരെക്കാലമായി നിലനിന്നുവന്ന പാരമ്പര്യത്തെ മറികടന്നു മെനേസീസ് തൻെറ തീരുമാനത്തിൽ ഉറച്ചുനിന്നു. തങ്ങളുടേതായ ഒരാളെ നിയമിക്കുന്നതിൽനിന്നു് അലക്സാണ്ഡ്രിയായിലേയും ബാബിലോണിലേയും പാത്രിയാക്കിസുമാരെ തടയുന്നതിനുവേണ്ടി മാർപ്പാപ്പാ ഒരു ലത്തീൻകാരനെ തെരഞ്ഞെടുക്കണം. ലത്തീൻകാരിൽ ഈശോസഭക്കാർക്കു മുൻഗണന നല്കണം. എന്തെന്നാൽ, അലക്സാണ്ഡ്രിയായിലെ പാത്രിയാർക്കീസിനെ, ഒരു ശീശ്മക്കാരനായും, മാർ എബ്രാഹത്തേപ്പോലെ ഒരു നെസ്തോറിയൻ എന്ന നിലയിലുമാണു് മെനേസീസ് പരിഗണിച്ചിരുന്നതു്. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന മെത്രാൻ അടുത്ത രൂപതയായ കൊച്ചിയുടെ മെത്രാനേപ്പോലെ ഗോവായുടെ സാമന്തമെത്രാനായിരിക്കണം. ഇങ്ങനെയുള്ള ഒരു നിർദ്ദേശം തികച്ചും വിസ്മയകരമായിരുന്നു. നെസ്തോറിയൻ ശീശ്മ ഇൻഡ്യയിൽ പടന്നു കയറുന്നതുകണ്ടു റോമാ യഥാർത്ഥത്തിൽ പകച്ചുപോയിട്ടുണ്ടാവണം. പോരെങ്കിൽ, സുലാക്കാ, മാർ ഏലിയാസ്, മാർ ജോസഫ് മുതലായ മെത്രാന്മാരുടെ അനുപമമായ യാഥാസ്ഥിതികത്വം നേരിൽ കാണുന്നതിനുള്ള അവസരം റോമിനു സിദ്ധിച്ചിട്ടുണ്ടായിരുന്നുവല്ലോ.

ഇപ്രകാരമുള്ള ആശയങ്ങൾ കേവലം പുതുമയുള്ളവയല്ലായിരുന്നു. കാരണം, മെനേസീസ് ഈ അഭിപ്രായം പ്രകടിപ്പിക്കുന്നതിനുമുൻപുതന്നെ മാറോനീത്താക്കാരനായ വെനറബിൾ എബ്രാഹം ജോർജ്ജ് എന്ന ഈശോസഭാംഗം, മാർത്തോമ്മാക്രിസ്ത്യാനികൾക്കു് ഒരു യഥാർത്ഥ കത്തോലിക്കനായ ഇടയനെ കൊടുക്കണമെന്നു കാണിച്ചു് 1593 ഡിസംബർ പതിനഞ്ചാം തീയതി അവരുടെ സഭാശ്രേഷ്ഠനു് എഴുതിയിട്ടുണ്ടായി

രുന്നു. കൽദായറീത്തുകാരനെ മെത്രാനായി തെരഞ്ഞെടുക്കരുതു്; കഴിയുമെങ്കിൽ സിറിയായിൽനിന്നുള്ള ഒരു വൈദികനായിരിക്കുകയും വേണം എന്നാണു് അദ്ദേഹം കത്തിൽ കാണിച്ചതു്. തനിയ്ക്കു് വ്യക്തിപരമായ അറിവുണ്ടായിരുന്ന ആളും തന്നെപ്പോലെതന്നെ മാറോനീത്താക്കാരനുമായ ഒരു മോസ്സസിനെ എബ്രാഹം ജോർജ്ജ് നിർദ്ദേശിക്കപോലും ഉണ്ടായി. ഈശോസഭക്കാരനോ പോർട്ടുഗീസുകാരനോ ആയ ആരും സുറിയാനി മെത്രാനായി നിയമിക്കപ്പെടാൻ പാടില്ല എന്നു് എബ്രാഹം ജോർജ്ജ് പറഞ്ഞപ്പോൾ അദ്ദേഹം തികഞ്ഞ ക്രാന്തദർശിത്വമാണു് പ്രദർശിപ്പിച്ചതു്.[4] എന്നാൽ ഒരു പോർട്ടുഗീസുകാരനെ മെത്രാനായി തെരഞ്ഞെടുക്കാതെ പാദ്രുവാദോയോടുള്ള കടമകൾ നിറവേററാൻ കഴിയുമായിരുന്നില്ല.

ഫാദർ റോസിനു് അനുകൂലമായി അനേകം വസ്തുതകളുണ്ടായിരുന്നു. അദ്ദേഹം മാർത്തോമ്മാക്രിസ്ത്യാനികൾക്കു് സുപരിചിതനും അവരുടെ കാര്യങ്ങളിൽ വളരെയധികം തഴക്കം സിദ്ധിച്ചിട്ടുള്ളവനുമായിരുന്നുവല്ലോ. അദ്ദേഹം സുറിയാനിയും മലയാളവും ഒരുപോലെ അയത്നലളിതമായി കൈകാര്യം ചെയ്തിരുന്നു. അദ്ദേഹത്തിനു മറെറാരു സവിശേഷതകൂടിയുണ്ടായിരുന്നു. കാററലോണിയായിൽ ജനിച്ചതുകൊണ്ടു് അദ്ദേഹം ഫിലിപ്പ മൂന്നാമൻ രാജാവിൻെറ അധികാരസീമയിൽപ്പെട്ട വ്യക്തിയായിരുന്നു. ഈ രാജാവാണു് അന്നു് സ്പെയിനും പോർട്ടുഗലും ഭരിച്ചിരുന്നതു്. തൽഫലമായി 1599 ഡിസംബർ 20–ാം തീയതി കൂടിയ കോൺസിസ്റ്ററിയിൽവച്ചു് കർദ്ദിനാൾ ജെസുവാൾദോയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഫ്രാൻസീസ് റോസ് നാമനിർദ്ദേശം ചെയ്യപ്പെട്ടു. ഇതുവരെ അതിരൂപതയായിരുന്ന അങ്കമാലി, ഗോവായുടെ കീഴിലുള്ള ഒരു വെറും മെത്രാസനമാക്കി തരംതാഴ്ത്തപ്പെട്ടു എന്നുള്ള വസ്തുത പ്രസ്താവ്യമാണു്.[5]

ഇൻഡ്യയിൽ ലത്തീൻ രൂപതകൾ നിർമ്മിക്കുന്നതിൽ ഉപയോഗപ്പെടുത്തിയിരുന്ന നടപടിക്രമങ്ങളെ അടിസ്ഥാനമാക്കി ഈ രൂപതയുടെ നിയമങ്ങൾ പുനഃസംവിധാനം ചെയ്തു. 1600 ഓഗസ്റ്റ് 4–ാം തീയതിയിലെ "ഇൻ സുപ്രേമോമിലിത്താന്തിസ്" (In Supremo Militantis) എന്ന ബൂളയുടെ വിഷയം ഇതായിരുന്നു.[6] 375 ഡക്കററ്സിനു തുല്യമായ 500 ക്രൂസാദോസ് വാർഷികവേതനമായി പുതിയ മെത്രാനു കൊടുക്കാമെന്നു് പോർട്ടുഗീസ് രാജാവു് വാഗ്ദാനം ചെയ്യേണ്ടിയിരുന്നു. ഇതിനുപകരമായി മെത്രാൻെറ പേരു സമർപ്പിക്കാനുള്ള അവകാശം (Right of presentation) രാജാവിനു ലഭിച്ചു. ഫാദർ റോസിൻെറ തെരഞ്ഞെടുപ്പിനെപ്പററിയുള്ള എഴുത്തുകൾ ഇൻഡ്യയിൽ എത്തിയ ഉടൻതന്നെ 1601 ജനുവരി 25–ാം തീയതി ഗോവായിൽവച്ചു് അദ്ദേഹം മെത്രാൻപട്ടം സ്വീകരിച്ചു.[7]

## ബിഷപ്പ് ഫ്രാൻസീസ് റോസും അദ്ദേഹത്തിൻെറ പിൻഗാമികളും

ഇതുവരെ എല്ലാക്കാലത്തും ഒരു മെത്രാപ്പോലീത്ത ആയിരുന്നു മാർത്തോമ്മാക്രിസ്ത്യാനികളുടെ നേതൃത്വം വഹിച്ചിരുന്നത്. അതിനാൽ. തങ്ങളുടെ പുതിയ ഇടയൻ ഒരു വെറും മെത്രാനായിരിക്കുന്നതിൽ അലക്ഷ്യമായിരിക്കുക അവർക്കു സാദ്ധ്യമായിരുന്നില്ല. ഗോവാസ്സു നല്കിയ ഈ മേധാവിത്വം പോർട്ടുഗീസുകാരെ അനുസരിക്കണമെന്ന വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത് എന്നു മനസ്സിലാക്കുക സുകരമായിരുന്നു. പരമ്പരാഗതമായി തങ്ങൾ അനുഭവിച്ചുവന്ന സ്വാതന്ത്ര്യം ചവുട്ടി മെതിക്കപ്പെടുന്നതു കണ്ടപ്പോൾ മെനേസീസിൻെറ സന്ദർശനാവസരത്തിൽ ചെയ്തതുപോലെ മാർത്തോമ്മാക്രിസ്ത്യാനികൾ നാട്ടുരാജാക്കന്മാരെ അഭയം പ്രാപിച്ചു. 1599 മുതൽതന്നെ ഈശോസഭക്കാർക്കു അങ്കമാലിയിൽ ഒരു ചെറിയ ഭവനം ഉണ്ടായിരുന്നെങ്കിലും കൊടുങ്ങല്ലൂരിൽ സ്ഥിരതാമസമാക്കുന്നതാണ് കൂടുതൽ വിവേകപൂർവ്വകമെന്നു പുതിയ മെത്രാൻ തീരുമാനിച്ചു. അവിടെ പോർട്ടുഗീസുകാരുടെ വക ഒരു സൈന്യവ്യൂഹം താവളമടിച്ചിട്ടുണ്ടായിരുന്നു. പക്ഷെ ഈ പട്ടണം കൊച്ചിയിലെ ലത്തീൻ മെത്രാൻെറ അധികാരസീമയിൽപെട്ടതായിരുന്നതുകൊണ്ടു് അദ്ദേഹം പ്രതിഷേധിച്ചു. കൂടുതൽ വിഷമതകൾക്കു അവസരം കൊടുക്കാതെ ഫ്രാൻസിസ് റോസിൻെറ ഭരണത്തെ നേരിട്ട രണ്ടു ദുർഘടങ്ങൾ ഇല്ലായ്മ ചെയ്തതു് അഞ്ചാം പൗലോസ് മാപ്പാപ്പയുടെ യുക്തമായ ഇടപെടൽ മൂലമാണ്. റോസ് മെത്രാൻെറ ആവർത്തിച്ചുള്ള അപേക്ഷകളുടെ ഫലമായി[8] മാപ്പാപ്പ 1608 ഡിസംബർ 22–ാം തീയതി അങ്കമാലിയെ വീണ്ടും അതിമെത്രാസനസ്ഥാനത്തേയ്ക്കുയർത്തി. രണ്ടു വർഷങ്ങൾക്കു ശേഷം കൊച്ചിരൂപതയെ കൊടുങ്ങല്ലൂർ, കൊച്ചി എന്നീ രണ്ടു രൂപതകളാക്കി വിഭജിച്ചു. കൊടുങ്ങല്ലൂർ രൂപതയുടെ ഭരണഭാരം അങ്കമാലി മെത്രാപ്പോലീത്തായ്ക്കു നല്കുകയും ചെയ്തു.[9] അങ്കമാലി മെത്രാപ്പോലീത്തായ്ക്കു് ഗോവായിലെ പ്രാദേശിക സൂനഹദോസുകളിൽ പങ്കെടുക്കേണ്ടിയിരുന്നു. പക്ഷെ, മേലാൽ ഗോവായുടെ നിയന്ത്രണങ്ങൾക്കു് അദ്ദേഹം വിധേയമാകേണ്ടിയിരുന്നില്ല.

ഈ നടപടികൾ വിശ്വാസികളെ തെല്ലൊന്നു തൃപ്തിപ്പെടുത്തിയെങ്കിലും അർക്കദിയാക്കോന് ഇവയൊന്നും അത്ര രസിച്ചില്ല. പഴയകാലം മുതൽ അന്നുവരെ പൗരസ്ത്യസുറിയാനിക്കാരുടെ അഥവാ കൽദായരുടെ ഇടയിൽ മററാർക്കും നേടാൻ കഴിയാത്ത ഉന്നതനില അർക്കദിയാക്കോനുണ്ടായിരുന്നു. ഇൻഡ്യയിലെ മെത്രാപ്പോലീത്താ എപ്പോഴും വിദേശിയനായിരുന്നതിനാൽ തദ്ദേശീയനായ ഒരാളുടെ സഹായം കൂടാതെ ഭരണം

നടത്തുക അദ്ദേഹത്തിനു് അസാദ്ധ്യമായിരുന്നു. മെത്രാപ്പോലീത്താ തൻെറ വിശ്വാസം മുഴുവൻ നിക്ഷേപിച്ചിരുന്ന ഈ വ്യക്തിവഴിയായിട്ടായിരുന്നു എല്ലാ ഇടപാടുകളും നടക്കേണ്ടിയിരുന്നതു്. അക്കദിയാക്കോന്മാർക്കു് അത്യന്തം അനുകൂലമായിരുന്ന ഈ സാഹചര്യങ്ങൾ ഈ അവസരത്തിൽ തികച്ചും വ്യത്യാസപ്പെട്ടു. റോസ് മെത്രാൻ സുറിയാനിയും മലയാളവും വളരെ നന്നായി സംസാരിച്ചിരുന്നതിനു പുറമെ അതിരൂപതയുടെ കാര്യങ്ങളിൽ വളരെക്കൊല്ലത്തെ പഴക്കം സിദ്ധിച്ചിട്ടുള്ള വ്യക്തിയായിരുന്നു. തന്മൂലം ജോർജ്ജ് ഡി. ക്രൂസിൻെറ വിശ്വാസത്തെക്കുറിച്ചു സംശയിച്ചിരുന്ന ഫാ. റോസ് അദ്ദേഹത്തെ ഭരണകാര്യങ്ങളിൽ അധികം ഇടപെടാൻ അനുവദിച്ചില്ല. താൻ അവഗണിക്കപ്പെട്ടതായി തോന്നിയ അക്കദിയാക്കോൻ താദൃശപ്രവൃത്തിയിൽ അമർഷം പ്രകടിപ്പിക്കാൻ നിർബ്ബന്ധിതനായിത്തീർന്നു. ഏതായാലും 1618 വരെ പ്രത്യേകമായൊന്നും സംഭവിച്ചില്ല. അക്കൊല്ലമാണു് ശീശ്മക്കാരൻ എന്നാരോപിക്കപ്പെട്ട അർക്കദിയാക്കോൻ തൻെറ ഭാഗത്തെ ന്യായം തെളിയിക്കുന്നതിനായി ഗോവായിലുള്ള പരിശോധകസംഘത്തിലെ (Inquisition) കമ്മിസറിമാരുടെ മുമ്പാകെ വിളിക്കപ്പെട്ടതു്.[10] ഇക്കാര്യത്തിനായി ആർച്ചുഡീക്കൻ ഫാദർ ഡി. നോബിലിയെ സഹഗമിച്ചു് ഗോവായിലേയ്ക്കു പോയി. അർക്കദിയാക്കോൻ ജോർജ്ജിനെ അറിയാതെ മെത്രാപ്പോലീത്ത വൈപ്പിക്കോട്ടയിലെ സെമിനാരിയുടെ സുപ്പീരിയറെ ആർച്ചുഡീക്കൻ സ്ഥാനത്തു നിയമിച്ചു. സുറിയാനിക്കാരൻെറ സ്ഥാനം യൂറോപ്യനായ ഒരാൾക്കു് നല്കിയ ഈ പ്രവൃത്തിമൂലം മാർത്തോമ്മാക്രിസ്ത്യാനികളുടെമേൽ വിദേശീയർക്കു പിടി ഒന്നുകൂടെ മുറുകുകയായിരുന്നു. തൻെറ അറിവുകൂടാതെ പ്രസിദ്ധപ്പെടുത്തിയ ഈ നിയമനത്തെ അംഗീകരിക്കുവാൻ അക്കദിയാക്കോൻ വിസമ്മതിച്ചു. റോസ്മെത്രാൻെറ സഹായിയും അനന്തരാവകാശിയുമായ ഫാ. സ്റ്റീഫൻ ബ്രിട്ടോ അക്കദിയാക്കോനെ അനുകൂലിക്കാമെന്നു പ്രസ്താവിച്ചുവെങ്കിലും അതു് അക്കദിയാക്കോനെ തൃപ്തിപ്പെടുത്താൻ പര്യാപ്തമായില്ല. മാത്രമല്ല, വയോധികനായ മെത്രാപ്പോലീത്ത നിർബന്ധബുദ്ധി ഉപേക്ഷിച്ചില്ല. ഈ അഭിപ്രായവ്യത്യാസം നാലു കൊല്ലത്തോളു് നീണ്ടുനിന്നു. തൻെറ മരണത്തിനു തൊട്ടുമുമ്പുമാത്രമാണു് മെത്രാപ്പോലീത്ത അക്കദിയാക്കോനുമായി ഒത്തുതീർപ്പിലെത്തിയതു്. പക്ഷെ ഈ ഒത്തുതീർപ്പു് ആത്മാർത്ഥമായിരുന്നു. എന്തെന്നാൽ 1624 ഫെബ്രുവരി 18-ാം തീയതി[11] മെത്രാസനത്തിൽ മെത്രാൻ ഇല്ലാതായപ്പോൾ അർക്കദിയാക്കോൻ ശാന്തമായി രൂപത ഭരിച്ചുപോന്നു. ഈ ഭരണം ഫാ. ബ്രിട്ടോയ്ക്കു് അയച്ചിരുന്ന ബൂളാകളുടെ രണ്ടാമത്തെപ്രതി വന്നുചേരുന്നതുവരെ നീണ്ടുനിന്നു. ഈ ബൂളാകളുടെ ആദ്യത്തെ പ്രതി കപ്പലപകടത്തിൽ നഷ്ടപ്പെട്ടുപോയിരുന്നു.[12]

## ആദ്യത്തെ അസ്വാസ്ഥ്യങ്ങൾ

ഫാദർ സ്റ്റീഫൻ ബ്രിട്ടോ അങ്കമാലിയുടെ മെത്രാപ്പോലീത്തായായി ഗോവായിൽവച്ച് അഭിഷേചിക്കപ്പെട്ടു. അർക്കദിയാക്കോൻ പുതിയ മെത്രാനു വളരെ ഹൃദ്യമായ ഒരു സ്വീകരണംതന്നെ തയ്യാർ ചെയ്തു. റോസ് മെത്രാന് തൻെറ പേരിലുണ്ടായിരുന്ന നല്ല അഭിപ്രായം പുനഃസൃഷ്ടിക്കാൻ സഹായിച്ച വ്യക്തിയോട്ട് കൃതഘ്നനാകുവാൻ അർക്കദിയാക്കോനു കഴിഞ്ഞില്ല. പിന്നീടുള്ള കാലഘട്ടം സമാധാനപൂർണ്ണമായിരിക്കുമെന്നു പ്രത്യാശിച്ചിരുന്നു.

1628–ൽ അർക്കദിയാക്കോൻ ലിസ്ബണിലെ അപ്പസ്റ്റോലിക് കളക്ടർക്ക് ഒരു റിപ്പോർട്ടയക്കുന്നതായി കാണുന്നു. മെത്രാപ്പോലീത്തായുടേയും ഈശോസഭക്കാരുടേയും മേലുള്ള ഒരു കടന്നാക്രമണമായിരുന്നു ഈ കത്തു്.[13]. ഫ്രാൻസീസ് ഡൊണാററി എന്നു പേരായ ഒരു റോമൻ ഡാമിനിക്കൻെറ വരവ് ഈ വഴക്കു പുനരാരംഭിക്കുന്നതിനവസരമായിത്തീൻ. 1634 ഏപ്രിൽ മാസത്തിൽ വേദസാക്ഷിയായി മരിച്ച ഉൽകൃഷ്ടനായ ഈ മിഷനറിവര്യൻ അനവധി അപകടങ്ങളെ തരണംചെയ്ത് ഗോവായിലും അതിനുശേഷം കൊച്ചിയിലും എത്തിച്ചേർന്നു.[14] തനിക്കു വേദപ്രചാരസംഘത്തിൻെറ തിരുസ്സംഘത്തിൽനിന്നു (The sacred congregation de propaganda Fide) ലഭിച്ചിരുന്ന 'അപ്പസ്റ്റോലിക് മിഷനറി' എന്ന ബഹുമതി, സുറിയാനി വൈദികാത്ഥികളെ പരിശീലിപ്പിക്കുന്നതിനുള്ള വിദ്യാലയം ആരംഭിക്കുന്നതിൽ അദ്ദേഹം ഉപയോഗപ്പെടുത്തി.[15] ഈ സംരംഭത്തിൽ അദ്ദേഹം വളരെയധികം വിജയിയായി. ഇതിൻെറ പ്രധാന കാരണം മെത്രാപ്പോലീത്തായ്ക്കു നിശ്ചയമില്ലാതിരുന്ന സുറിയാനിഭാഷ പഠിപ്പിച്ചിരുന്നതു് അദ്ദേഹമാണ് എന്നുള്ളതായിരുന്നു. ഇതു തൻെറ കീഴിലുള്ള വൈദികരുടെ തിരുക്കർമ്മസംബന്ധമായ ചടങ്ങുകാം നിർവ്വഹിക്കുന്നതിനു മെത്രാപ്പോലീത്താക്കു തടസ്സമായിത്തീൻ. ഈശോസഭ അവരുടെ അവകാശങ്ങളെ സംരക്ഷിക്കേണ്ടതാണെന്ന് അദ്ദേഹം വിചാരിച്ചു. മെത്രാപ്പോലിത്തായുടെ വീക്ഷണത്തിൽ ഫാദർ ഡൊണാത്തി ഒരു കുഴപ്പക്കാരനും അദ്ദേഹത്തിൻെറ വിദ്യാലയം വൈപ്പിക്കോട്ടയിലെ സെമിനാരിയുമായി മത്സരിക്കാൻ മാത്രമായ ഒരു സ്ഥാപനവും ആയിരുന്നു. നേരേമറിച്ച്, ഫാദർ ഡൊണാത്തി തങ്ങളുടെ ആരാധനക്രമത്തിനടുത്ത ഭാഷ ഉപയോഗിച്ചിരുന്നതിനാൽ തങ്ങാം ബഹുമാനിതരായതായി സുറിയാനിക്കാർക്കു തോന്നി. തന്നെയുമല്ല, മെത്രാപ്പോലീത്ത അദ്ദേഹത്തിൻെറ മുൻഗാമിയെപ്പോലെ തങ്ങളുമായി അത്ര അടുത്തു പെരുമാറാത്തതിനാൽ സുറിയാനിക്കാർ അല്പം അതൃപ്തിയിൽ കഴിയുകയുമായിരുന്നു. പെട്ടെന്ന് എതി

രാളികൾ മററൊരു തന്ത്രത്തിനു രൂപം നല്കി. മററു സന്യാസ സഭകൾ കേരളക്രിസ്ത്യാനികളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനെ ഈശോസഭക്കാർ തടസ്സപ്പെടുത്തുന്നു എന്നായി അർക്കദിയാക്കോൻെറ പരാതി. ഫാദർ ഡൊണാത്തിയുടേയും ഈശോസഭക്കാരുടേയും പ്രവർത്തനങ്ങളെ താരതമ്യപഠനം നടത്തിയതിനു ശേഷം, ഭാവിയിൽ യാതോരു ഈശോസഭക്കാരനും സുറിയാനിക്കാരുടെ മെത്രാപ്പോലിത്തായായി നിയമിക്കപ്പെട്ടുകൂടെന്നും ഫാദർ ഡൊണാത്തി ആയിരിക്കണം സ്റ്റീഫൻ ഡിബ്രിട്ടോയുടെ സഹായമെത്രാനും പിൻഗാമിയും എന്നും ആർച്ചു ഡീക്കൻ തീരുമാനിച്ചു.[16]

കളക്ടർ റോമിലേയ്ക്കു പോയി. 1630 സെപ്റ്റംബർ 16–ാം തീയതിയിലെ പ്രോപ്പഗാൻറയുടെ സമ്പൂർണ്ണസമ്മേളനം ആർച്ചുഡീക്കൻെറ റിപ്പോർട്ട പരിശോധിച്ചു. ഫാദർ ഡൊണാത്തി ഇററാലിയൻ ആയിരുന്നതുകൊണ്ട് പോർട്ടുഗീസ് രാജാവ് അദ്ദേഹത്തിൻെറ പേരു നിർദ്ദേശിക്കുമെന്നു പ്രതീക്ഷയുണ്ടായിരുന്നില്ല. അതുകൊണ്ട് ജനങ്ങളുടെ ഭാഗത്തുനിന്നു ഒരു മെത്രാനായി തെരഞ്ഞെടുക്കാൻ അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്യണമെന്ന് ഒരു പ്രമേയം വഴിയായി അവർ ആവശ്യപ്പെട്ടു. ഈശോസഭക്കാർ കേരളത്തിൽ മററുസന്യാസസഭകൾ സ്ഥാപിക്കുന്നതിനെ എതിർക്കരുതെന്നും ആവശ്യപ്പെട്ടു. അന്നത്തെ പ്രോപ്പഗാന്താതിരുസംഘത്തിൻെറ ചൈതന്യം ഈ തീരുമാനങ്ങളിൽ വ്യക്തമായി കാണാം. കുത്തകാവകാശത്തിൻെറ സ്പർശലേശംപോലും ഉണ്ടായിരുന്നില്ല. ഈ തീരുമാനങ്ങൾ ഒന്നും നടപ്പായില്ല. ഫാദർ ഡൊണോത്തി ഒരിക്കലും മെത്രാനായില്ല. 1646–ൽ കൊച്ചിയിലെ മെത്രാനായ മൈക്കിൾ ഡാക്രൂസ് റങ്കൽ ഈശോസഭക്കാരല്ലാതെ മററു യാതൊരു സന്യാസികളും സീറോമലബാർ സഭയുടെ കാര്യത്തിൽ ഇടപെടരുതെന്ന പോർട്ടുഗീസ് രാജാവിൻെറ ഉത്തരവിനെ അപലപിച്ചുകൊണ്ടു പ്രോപ്പഗാന്തതിരുസംഘത്തിനു കത്തയക്കാൻ തയ്യാറായി.[17]

അതിനുശേഷം ആർച്ചു ഡീക്കൻ നിരന്തരമായ ഒരു സംഘട്ടനത്തിൽ ഏർപ്പെട്ടു. 1632 അവസാനത്തിൽ അദ്ദേഹം പോർട്ടുഗീസു രാജാവിനു കത്തുകൾ എഴുതി. പിന്നീട് 1633 ഡിസംബറിലും 1634 ജനുവരിയിലും ഈശോസഭക്കാർക്ക് എതിരായിട്ടും ഫാദർ ഡൊണാത്തിയെപ്പററിയും അദ്ദേഹത്തിൻെറ പ്രവർത്തനത്തെ പ്രശംസിച്ചും പരിശുദ്ധ സിംഹാസനത്തിനെഴുതി. കേരളത്തിലെ സ്ഥിതി ദയനീയമായിരുന്നു. നാട്ടുകാരായ വൈദികരുടെ ജോലി പരിമിതപ്പെടുത്തി. വളരെ കുറച്ചു പേർക്കുമാത്രമേ വൈദികപട്ടം നല്കിയുള്ളൂ. അതുകൊണ്ടു പല ഇടവകകളിലും വൈദികന്മാർ ഇല്ലാതായി, മാത്രമല്ല കത്തനാരന്മാരെ പ്രസംഗിക്കാൻ അനുവദിച്ചിരുന്നില്ല. ഉദയംപേരൂർ സൂനഹദോസ് നിർദ്ദേശിച്ചതുപോലെ

മുമ്മൂന്നുവഷം കൂട്ടമ്പോഠ കൂടേണ്ടിയിരുന്ന സിനഡു നടന്നതുമി ല്ല. ഈശോസഭക്കാരല്ലാത്തവരെ പ്രവത്തിക്കാൻ അനുവദിച്ചതു മില്ല.[18] 1634 ഫെബ്രുവരി 16–ാം തീയതി ഫാദർ ഡൊണ്ണോ ത്തി പ്രൊപ്പഗാന്തായിലേക്കെഴുതി. അദ്ദേഹത്തിൻെറ പ്രസ്താവ നയുടെ സാരാംശം ആർച്ചുഡീക്കൻെറ അപേക്ഷയുടേതുതന്നെയാ യിരുന്നു.[19] ഈ പരാതികഠ കിട്ടിയപ്പോഠ ഈശോസഭക്കാര ല്ലാത്ത സന്യാസികഠ മലബാറിൽ ജോലി ചെയ്യുന്നതിനു തടസ്സം നില്ക്കുന്നവക്ക്[20] തിരുസംഘം മഹറോൻശിക്ഷ നിശ്ച യിച്ചു. ഈ തീരുമാനം ഇന്ത്യയിൽ അറിയുന്നതിനുമുൻപു ഫാദർ ഡൊണ്ണോത്തി മരിച്ചു. 1637 നോടടുത്തു് ആർച്ചുഡീ ക്കനും മരിച്ചു. തോമസു് ഡി ക്യാംപോ (പറമ്പിൽ തുമി) ആർ ച്ചുഡീക്കൻെറ സ്ഥാനം ഏറെറടുത്തു. സ്റ്റീഫൻ ഡിബ്രിട്ടോ മരിച്ചപ്പോഠ അദ്ദേഹത്തിൻെറ കോഅഡ്ജൂത്തോർ ആയി രുന്ന ഫ്രാൻസീസ് ഗാർസീയാ എസ്. ജെ സമാധാനപര മായി അതിരൂപതയുടെ ഭരണസാരഥ്യമേററു വീണ്ടും ഭാവി സുരക്ഷിതമായതുപോലെ തോന്നി. വൈപ്പിക്കോട്ടു് സെമി നാരി അഭിവൃദ്ധിപ്പെട്ടിരുന്നു. നാട്ടിൽ മിഷനറിമാർ സ്വാ ഗതം ചെയ്യപ്പെട്ടു. എന്നാൽ, മെസെപ്പോട്ടേമിയായിലെ ഒരു മെത്രാൻെറ ആഗമനത്തോടുകൂടെ പഴയപ്രശ്നങ്ങഠ വീണ്ടും തല പൊക്കി.

## കൂനൻകുരിശുസത്യം

1653 ലെ വസന്തകാലത്തു് ഒരു പൗരസ്ത്യസന്യാസി ഭിക്ഷയാചിച്ചു് സൂറത്തിലുള്ള കപ്പൂച്ചിൻ ആശ്രമത്തിൽ എത്തി ച്ചേൻ. അദ്ദേഹം അവിടെ സ്വാഗതം ചെയ്യപ്പെട്ടു. മാത്തോ മ്മാ ക്രിസ്ത്യാനികളുടെ പക്കലേക്കുപോകുന്ന ഒരു പാത്രിയാക്കീ സാണു താനെന്നു് അദ്ദേഹം വെളിപ്പെടുത്തി. ഗോവായിൽ നിന്നും നിരോധനകല്പന ഉണ്ടായിരുന്നുവെങ്കിലും ആഗസ്റ്റ് 3–ാം തീയതി അദ്ദേഹം മൈലാപ്പൂരിലെ പള്ളി സന്ദർശി ക്കുന്ന അവസരത്തിൽ മാത്രമെ അദ്ദേഹത്തെ അറസ്റ്റു് ചെയ്യു വാൻ കഴിഞ്ഞുള്ളൂ. തൽക്കാലത്തേയ്ക്കു് അദ്ദേഹത്തെ ഈശോ സഭാകോളേജിൽ താമസിപ്പിച്ചു. താൻ മാപ്പാപ്പയാൽ മല ബാർ സുറിയാനികളുടെ പാത്രിയാക്കീസായി നിയമിക്കപ്പെ ട്ടിട്ടുള്ളവനാണെന്നും തന്നെ കൊണ്ടുപോകുവാൻ കുറെ പട്ടാള ക്കാരെ അയയ്ക്കണമെന്നും അപേക്ഷിച്ചുകൊണ്ടു് ആർച്ചുഡീ ക്കനു് സുറിയാനിയിൽ ഒരു കത്തെഴുതുവാൻ മൈലാപ്പൂരിൽവച്ചു് അദ്ദേഹത്തിനു കഴിഞ്ഞു.[21] അദ്ദേഹം ആരാണെന്നും അദ്ദേഹ ത്തിൻെറ ദൗത്യമെന്തെന്നും ക്രൈസ്തവസമുദായത്തിനു് മനസ്സി ലായപ്പോഠ അദ്ദേഹത്തിനു് അനുകൂലമായി അതിവേഗം പ്രവ ത്തിക്കുവാൻ അവർ ആരംഭിച്ചു. അവർ ഗാർസീയ മെത്രാ പ്പോലീത്തായോടു് അപേക്ഷിച്ചു. എന്നാൽ മാർപ്പാപ്പ അത്ത

ല്ലഹ സന്യാസിയെ തന്നെ അയച്ചാലും അദ്ദേഹത്തിനു് മെത്രാസനത്തിൻെറ അധികാരമേറെറടുക്കാൻ കഴിയുമായിരുന്നില്ല. എന്നും ഓരോ നിയമനവും പോർട്ടുഗീസു് രാജാവിൻെറ പക്കൽ സമർപ്പിച്ചു് മുൻകൂട്ടി അൻവാദം വാങ്ങിക്കണമെന്നും മെത്രാപ്പോലീത്ത കട്ടായമായി പറഞ്ഞു. ഈ മറുപടി ന്യായയുക്തമായിരുന്നു എന്നതിൽ സംശയമില്ല. പക്ഷെ സുറിയാനിക്കാർക്കു് അതൊരാഘാതമായിരുന്നു. അതിനാൽ കപ്പൽ വഴി കുറച്ചുദിവസം കഴിഞ്ഞപ്പോൾ അത്തല്ലഹ കൊച്ചിയിൽ എത്തിയെന്നു കേട്ടപ്പോൾ അവർ പട്ടണത്തിൻെറ കവാടത്തിൽ തിങ്ങിക്കൂടി. ഒന്നുകിൽ തടവുകാരനെ മോചിപ്പിക്കണമെന്നും അല്ലെങ്കിൽ ചുരുങ്ങിയപക്ഷം അദ്ദേഹവുമായി സംസാരിക്കുവാനും അദ്ദേഹത്തിൻെറ അവകാശവാദങ്ങൾ പരിശോധിക്കുവാനും ഉള്ള അവസരം നല്കണമെന്നും അവർ ഒററക്കെട്ടായി ആവശ്യപ്പെട്ടു. അധികാരികൾ തന്ത്രപരമായ ഒഴിഞ്ഞുമാറലിനു ശ്രമിക്കാതെ പാത്രിയാർക്കീസെന്നു് കരുതപ്പെട്ടിരുന്ന ആളെ രാത്രിതന്നെ ഗോവായിലേക്കു പറഞ്ഞയച്ചു. ജനങ്ങൾ പട്ടണം ആക്രമിക്കാതിരിക്കാൻ മെത്രാൻ ദൗർഭാഗ്യവശാൽ അവിചാരിതമായി കടലിൽ മുങ്ങിപ്പോയിയെന്ന അരുചികരമായ ഒരു കഥ പറഞ്ഞു പരത്തുകയും ചെയ്തു.

ക്രിസ്ത്യാനികൾ സ്വാഭാവികമായി രോഷാകുലരായി. പ്രകടമായ ഈ വഞ്ചനയിൽ അവർ തികച്ചും നിരാശരായി. എല്ലാവരും അതിവേഗം മട്ടാഞ്ചേരിപള്ളിയുടെമുമ്പിൽ തിങ്ങിക്കൂടി അവിടത്തെ പ്രസിദ്ധമായ കൂനൻകുരിശിൽ വലിയ ഒരു ആലാത്തു് കെട്ടി പൗളിസ്ത്യരേയും അതായതു് ഈശോസഭക്കാരേയും ഗാർസിയാ മെത്രാപ്പോലീത്തായേയും, അനുസരിക്കയില്ലെന്നു് പ്രതിജ്ഞ ചെയ്തു. അതിനുശേഷം തങ്ങൾക്കുവേണ്ടി ഒരു മെത്രാനെ തെരഞ്ഞെടുക്കണമെന്നും സീറോമലബാർസഭയ്ക്കു് അധികാരം നൽകിക്കൊണ്ടുള്ള അത്തല്ലഹയിൽനിന്നുള്ള ഒരു യഥാർത്ഥമോ സാങ്കല്പികമോ ആയ കത്തു് ആർച്ചുഡീക്കൻ, തോമസ് ഡികാമ്പോ പ്രദർശിപ്പിച്ചു. അസംതൃപ്തരായവർ 1653 മേയ് 22-ാം തീയതി ആലങ്ങാട്ടു് സമ്മേളിച്ചു. പന്ത്രണ്ടു് വൈദികന്മാർ ചേർന്നു് ആർച്ചുഡീക്കൻെറമേൽ കൈവച്ചു് അദ്ദേഹത്തെ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ മെത്രാപ്പോലീത്തയായി പ്രഖ്യാപിച്ചു. തൽസമയം വ്യാജമായ അധികാരപത്രം അദ്ദേഹത്തിൻെറ തലയിൽവച്ചു. അതിനുശേഷം മാർത്തോമ്മാ മെത്രാനടുത്ത കർമ്മങ്ങൾ നിർവ്വഹിച്ചു. ശെമ്മാശന്മാർക്കു് പട്ടം കൊടുത്തു. വിവാഹതടസ്സം തീർക്കാനുള്ള കല്പന പുറപ്പെടുവിച്ചു. മലബാർസഭയിൽ ആകമാനം ഈ ഭിന്നത നിഴൽവിരിച്ചു. അതിനിടയിൽ ഗോവായിൽ നിന്നുള്ള ഒരു നിരോധന കല്പനപ്രകാരം അത്തല്ലഹ ഒരു പാഷണ്ഡനായി മുദ്ര കുത്തപ്പെട്ടു. 1654-ൽ അദ്ദേഹം മരിച്ചു.[22]

1655 ന്റെ അന്ത്യഘട്ടത്തിൽ മാത്രമേ സീറോമലബാർ സഭയിലുണ്ടായ ഭിന്നിപ്പിനെക്കുറിച്ച് റോമിൽ വിവരം ലഭിച്ചുള്ളൂ. ഗാർസിയാ മെത്രാപ്പോലീത്ത കഴിയുന്നത്ര വേഗത്തിൽ തന്റെ പഴയ സഹപ്രവർത്തകനായ ഫാദർ ഹിയാസിന്ത് ഡി മജിസ്ട്രീസ് എന്ന ഈശോസഭാവൈദികനെ റോമൻകൂരിയായിലേക്ക് പറഞ്ഞയച്ചിരുന്നു. അതേസമയം വിശ്വസ്തരായിരുന്ന നാന്നൂറു സുറിയാനിക്കാർ വസ്തുതകളെ പരിശുദ്ധസിംഹാസനത്തെ അറിയിക്കുവാൻ കർമ്മലീത്താസന്യാസികളോടഭ്യർത്ഥിച്ചു. കഴിഞ്ഞുപോയ കഴപ്പങ്ങളെക്കുറിച്ച് ഗ്രഹിച്ചിരുന്ന പ്രൊപ്പഗാന്താതിരുസംഘം പരിതോവസ്ഥയുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് വളരെ വേഗം മനസ്സിലാക്കി. മാർത്തോമ്മാ ക്രിസ്ത്യാനികളുമായി ഇൻഡ്യയിലെ കർമ്മലീത്താസഭ സൗഹൃദബന്ധം സ്ഥാപിച്ചിരുന്നു എന്നു മനസ്സിലാക്കിക്കൊണ്ട് ഫാദർ ഹിയാസിന്ത് ഓഫ് സെന്റ് വിൻസെന്റിനെ അപ്പസ്തോലിക് കമ്മിസറിയായി അയയ്ക്കുവാൻ തീരുമാനിച്ചു. അദ്ദേഹത്തെപ്പോലെ ഇററലിക്കാരായിരുന്ന ഫാദർ ജോസഫ് ഓഫ് സെയിൻറ് മേരി (സെബസ്ത്യാനി) ഫാദർ മാത്യു ഓഫ് സെയിൻറ് ജോസഫ് എന്നിവരെ സഹപ്രവർത്തകരായി കൂടെ കൊണ്ടുവന്നു. പോർട്ടുഗലിന്റെ ഭാഗത്തുനിന്നു അസുഖകരങ്ങളായ പ്രതികരണങ്ങൾ ഒഴിവാക്കുവാൻ ഈ പേപ്പൽ ദൗത്യസംഘം ലിബ്സണിൽക്കൂടി പോരുവാൻ തീരുമാനിച്ചു. സമുദ്രംവഴിയുള്ള യാത്ര വളരെ ദീർഘമായിരുന്നതിനാൽ ഫാദർ ഹിയാസിന്തും ഫാദർ മാത്യുവും സമുദ്രംവഴി പോകാനും ഫാദർ ജോസഫ് സിറിയായിലും മെസപ്പൊട്ടേമിയായിലും കൂടി എളുപ്പമാർഗ്ഗവും മാർസൽ ഓഫ് സെൻറ് ഐവോ, വിൻസെൻറ് മേരി ഓഫ് സെൻറ് കാതറൈൻ എന്നീ രണ്ടു ജർമ്മൻ കർമ്മലീത്തരോടുകൂടെ ഫാദർ ജോസഫും യാത്രതിരിച്ചു. ഫാദർ ജോസഫ് 1657 ജനുവരി മദ്ധ്യത്തിൽ ഒരു ഡച്ച് കപ്പലിൽ ഗോവായുടെ സമീപം എത്തിയപ്പോൾ പോർട്ടുഗീസ് അധികാരികൾ തന്റെ ദൗത്യത്തിനു് എതിർപ്പുള്ളവരാണെന്നും അവർ തന്നെ നിരോധിക്കുമെന്നും ഗോവായിലുള്ള തന്റെ സഹപ്രവർത്തകരിൽനിന്നു് സന്ദേശം ലഭിച്ചു. പട്ടണത്തിന്റെ മുഖത്തുതന്നെ ഡച്ചുയുദ്ധകപ്പൽ നങ്കൂരം ഉറപ്പിക്കുമെന്നു് മനസ്സിലാക്കിയ അദ്ദേഹം തുറമുഖത്തു് ഇറങ്ങിയില്ല. തന്റെ ദൗത്യത്തെക്കുറിച്ച് പോർട്ടുഗീസ് അന്വേഷണസംഘത്തിനു് ഒരു കുറിപ്പ് അയച്ചശേഷം വിപ്ലവകാരിയായ ആർച്ചുഡീക്കൻ താമസിച്ചിരുന്ന ഇടപ്പള്ളിയിലേയ്ക്കു് പോയി. സുറിയാനിക്കാർക്കുവേണ്ടിയുള്ള തന്റെ ദൗത്യം കണക്കിലെടുത്തുകൊണ്ടു് ഈശോസഭക്കാരായോ, പോർട്ടുഗീസുകാരുമായോ ഒരു വിധത്തിലും ഇടപെടാതിരിക്കാൻ ഫാദർ ജോസഫ് അതീവശ്രദ്ധാലുവായി. എന്നാൽ അദ്ദേഹത്തിന്റെ മുൻകരുതൽ എതിരാളികളുടെ വിശ്വാസം സമ്പാദിക്കാൻ പര്യാപ്തമായില്ല. കൂടി

യാലോചനയിൽ യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ലാ യെന്നു മനസ്സിലാക്കി അദ്ദേഹം ഫാദർ വിൻസൻറ് മേരിയെ ലൗകികാധികാരികൾക്കും ഗാർസിയാ മെത്രാപ്പോലീത്തായ്ക്കും ഉള്ള പേപ്പൽതീട്ടൂരങ്ങളോടുകൂടെ കൊച്ചിക്കും കൊടുങ്ങല്ലൂർക്കും പറഞ്ഞയച്ചു. ഇതിനിടയിൽ ഡച്ചുകാരുടെ ഭീഷണിയെ പ്പററി ബോധവാന്മാരായി മലബാർ ക്രിസ്ത്യാനികളുടെ സഹായം സമ്പാദിക്കാൻവേണ്ടി ഗവണ്ണർമാരായ ഫ്രാൻസി സ്കോ ഡിമെല്ലോ, അന്തോണിയോ ഡിസൂസ കട്ടീ ഞ്ഞോ എന്നിവർ ഇടപ്പള്ളിയിൽ എത്തി. ഫാദർ ജോസ ഫിനെ സന്ദർശിച്ച് അദ്ദേഹത്തിൻെറ സമാധാനശ്രമങ്ങൾ ത്വരിതപ്പെടുത്തുവാൻ പ്രോത്സാഹിപ്പിച്ചു. പോർട്ടുഗീസുകാരു ടേയും പരിശുദ്ധസിംഹാസനത്തിൻെറയും കല്പനയെ തികഞ്ഞ ആത്മാർത്ഥതയോടെ സ്വീകരിച്ച് എല്ലാ കത്തോലിക്കരോടും കമ്മിസറിയെ അംഗീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്ത ഗാർസിയാ മെത്രാപ്പോലീത്തായുടെ പ്രത്യക്ഷമായ സഹായം ലഭിച്ചതിനാൽ, ആ കർമ്മലീത്താ സന്യാസിക്ക് പ്രവർത്തി ക്കാൻ എളുപ്പമായി. മനം മടുപ്പിക്കുന്ന പരിയത്നങ്ങൾക്കിട യിൽ കുറവിലങ്ങാട്ടും, സമീപ ഇടവകകളിലും ഉള്ള സുറിയാ നിക്കാരിൽ സുസജ്ജമായ ഒരു സമൂഹത്തെ കണ്ടെത്തിയതു് അദ്ദേഹത്തിനു് ആശ്വാസകരമായി.

1657ൻെറ അന്തിമഘട്ടത്തിൽ കുറവിലങ്ങാട്, കടുത്തു രുത്തി, മട്ടുചിറ, മുട്ടം എന്നീ തെക്കൻ പള്ളിക്കാരും, പറൂർ, അങ്കമാലി, കാഞ്ഞൂർ എന്നീ വടക്കൻ പള്ളിക്കാരിൽ ബഹു ഭൂരിപക്ഷവും ഫാദർ ജോസഫിൻെറ പിന്നിൽ അണിനിരന്നി രുന്നു. ചർച്ചകൾ അനേകം മാസങ്ങൾ തുടർന്നുകൊണ്ടിരുന്നു. ആർച്ചുഡീക്കന്റെ നല്ലപ്പെട്ട മെത്രാൻപട്ടവും അദ്ദേഹത്തിൻെറ വ്യാജമായ മെത്രാനടുത്ത പ്രവൃത്തികളും ചർച്ചചെയ്യപ്പെട്ടു. വ്യക്തിപരമായി തൻെറ മെത്രാൻപട്ടം വ്യാജമാണെന്നു മിക്ക വാറും തോമസ്ഡീക്യാംപോലും അറിയാമായിരുന്നു. എങ്കി ലും, അദ്ദേഹം രാജിവെയ്ക്കാൻ വിസമ്മതിച്ചു. മാത്രമല്ല, സ്വയം നിലനില്ക്കാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരുന്നു. എങ്കിലും. ക്രിസ്ത്യാനികളുടെ ഇടയിലെ ഭിന്നിപ്പിൻേറയും കുഴപ്പങ്ങളു ടേയും ഇടയിൽ വൈദികരേയും സമൂഹങ്ങളേയും തൻെറ പക്ഷത്തു ചേർക്കുവാൻ ഫാദർ ജോസഫിനു കഴിഞ്ഞു. എന്നാൽ ഒരുകാര്യത്തിൽമാത്രം അദ്ദേഹം പരാജയപ്പെട്ടു. യാ തൊരു സാഹചര്യത്തിലും മെത്രാപ്പോലീത്തായ്ക്കു കീഴ്‌വഴങ്ങു വാൻ ആരും തയ്യാറായില്ല.[23]

1657 അവസാനഘട്ടത്തിൽ ലിസ്ബണിൽ പോയി രുന്ന ഫാദർ ഹിയാസിന്തു് ഓഫ് സെൻറ് വിൻസെൻറ് ഔദ്യോഗികശുപാർശകളോടുകൂടെ ഗോവായിൽ എത്തിയ

തായി മലബാറിൽ വിവരം ലഭിച്ചു. തൽസമയം ഫാദർ ജോസഫ് വസ്തുസ്ഥിതികൾ റോമിൽ ഗ്രഹിപ്പിക്കുവാനും പുതിയ നിർദ്ദേശങ്ങൾ സ്വീകരിക്കുവാനായി റോമിലേയ്ക്കു പോയിരുന്നതുകൊണ്ട് അദ്ദേഹം കേരളത്തിലുണ്ടായിരുന്നില്ല. ഡിസംബർ 15-ാം തീയതി ഇരുപത്തെട്ടു സമൂഹങ്ങളെ പ്രതിനിധാനം ചെയ്യുന്ന നാല്പത്തിനാലു വൈദികർകൂടിയ യാത്രയയപ്പുയോഗത്തിൽ അദ്ദേഹം ആദ്ധ്യക്ഷ്യം വഹിച്ചു. ഫാദർ ഹിയാസിന്തു വരുന്നതുവരെ താൽക്കാലികമായി ഭരണകാര്യങ്ങൾ ഫാദർ മാത്യുവിനെ ഏല്പിച്ചു. അദ്ദേഹത്തിനു വേണ്ടത്ര നിർദ്ദേശങ്ങളും നല്കി. 1658 ജനുവരി 17-ാം തീയതി ഫാദർ ജോസഫ് മലബാറിൽനിന്നു യാത്രപുറപ്പെട്ടു. അദ്ദേഹം യൂറോപ്പിൽനിന്നു മടങ്ങിയെത്തിയ ഫാദർ ഹിയാസിന്ത് ഡിമജിസ്ത്രീസ് എസ്. ജെ. യോടുകൂടെ ഗോവയിൽ തന്റെ സഹപ്രവർത്തകനെ സന്ദർശിച്ചു. പിന്നീടു മെസപ്പൊട്ടേമിയ, മദ്ധ്യതരണ്യാഴിവഴി 1659 ഫെബ്രുവരി ഇരുപത്തിരണ്ടാം തീയതി റോമിൽ എത്തി.

അദ്ദേഹത്തിന്റെ അഭാവത്തിൽ ഐക്യശ്രമത്തിൽ ഒട്ടും പുരോഗതിയുണ്ടായില്ല. പോർട്ടുഗീസ് അധികാരികൾ നടത്തിയ ചർച്ചകളും, താക്കീതുകളും ബലപ്രയോഗങ്ങളും ഒന്നും തന്നെ ആർച്ചുഡീക്കൻ പാർട്ടിയുടെ എതിർപ്പിന്റെ ശക്തി കുറയ്ക്കാൻ പര്യാപ്തമായില്ല. പുതിയ കമ്മിസാറിയുടെ പ്രവർത്തനങ്ങൾ ആർച്ചുബിഷപ്പ് ഗാർസിയ അനുഭാവപൂർവ്വം വീക്ഷിച്ചില്ല. അദ്ദേഹം തന്റെ അന്ത്യമടുത്തപ്പോൾ കൊടുങ്ങല്ലൂരിന്റെ അഡ്മിനിസ്ട്രേറ്ററായി മലബാറിലെ പ്രൊവിൻഷ്യൽ ഫാദർ ന്യൂനസ് ബരേറോ എസ്. ജെ. യെ നിയമിച്ചു. പിന്നീടു 1659 സെപ്റ്റംബർ ഇരുപത്തിഒന്നാം തീയതി മെത്രാപ്പോലീത്ത മരിച്ചപ്പോൾ ഫാദർ ബരേറോ സ്വയം പിന്മാറിയതു ബുദ്ധിപൂർവ്വകമായി.[24] 1661 ഫെബ്രുവരി 10-ാം തീയതി ഫാദർ ഹിയാസിന്ത് ഓഫ് സെൻറ് വിൻസെൻറ് കഠിനയത്നവും, കാലാവസ്ഥയും രണ്ടുവർഷത്തോളം നടത്തിയ പ്രയത്നത്തിന്റെ പരാജയവും നിമിത്തം ക്ഷീണിതനായി പരലോകപ്രാപ്തനായി.[25]

മലബാറിലെ യഥാർത്ഥസംഭവഗതികൾ ഫാദർ ജോസഫ് ഓഫ് സെൻറ് മേരി (സെബസ്ത്യാനി) വഴി പ്രൊപ്പഗാന്ത തിരുസംഘം ഗ്രഹിച്ചപ്പോൾ ഉടൻതന്നെ ഒരാളെ മെത്രാപ്പോലീത്തയായി തെരഞ്ഞെടുക്കാമായിരുന്നു. പക്ഷേ, പോർട്ടുഗീസ് കോടതി യോഗ്യനായ ഒരാളെ തെരഞ്ഞെടുക്കുമോ എന്നു കാത്തിരിക്കേണ്ടിയിരുന്നു. പോർട്ടുഗീസുകാരനല്ലാത്ത സെബസ്ത്യാനിയെ തെരഞ്ഞെടുത്താൽ പദ്രുവാദോ അധികാരികൾക്ക് അമർഷം ഉണ്ടാകുമായിരുന്നു. അല്ലെങ്കിൽ ഭാരതീയ

നായ തോമസ് ഡികൃാംപോയെതന്നെ തെരഞ്ഞെടുക്കാൻ സാധ്യതയുണ്ടായിരുന്നു. ഇതു ധീരമായ കാൽവെപ്പാകുമായിരുന്നു. അങ്ങനെയെങ്കിൽ ആർച്ചുഡീക്കന്റെ ആഗ്രഹങ്ങൾ സഫലമാക്കപ്പെടുകയും ശീശ്മ പാടെ ഇല്ലാതാകുകയും ചെയ്യുമായിരുന്നു. ഇന്ത്യയിലെ പോർട്ടുഗീസ് ശക്തിയുടെ നിർണ്ണായകമായ ആ നിമിഷത്തിൽ പോർട്ടുഗീസുകാരനല്ലാത്ത ഒരാളെ മെത്രാനാക്കുവാൻ സാധ്യമായിരുന്നില്ല.

കർദ്ദിനാളന്മാർ സംശയിച്ചപ്പോൾ അലക്സാണ്ടർ ഏഴാമൻ പാപ്പാ സെബസ്ത്യാനിയെ കൊടുങ്ങല്ലൂർ രൂപതയുടെ വികാരി അപ്പസ്തോലിക്കയും അഡ്മിനിസ്ട്രേറ്ററുമായി ഇന്ത്യയിലേക്കയക്കുവാൻ തീരുമാനിച്ചു. അദ്ദേഹം വളരെ രഹസ്യമായി റോമിൽവച്ചു മെത്രാൻ പട്ടം സ്വീകരിച്ചു. 1659 ഡിസംബർ പതിനഞ്ചാം തീയതി ഹീറോപ്പോലീസിലെ സ്ഥാനിക മെത്രാനായി സെബസ്ത്യാനി അഭിഷിക്തനായി. ഇക്കാര്യം രഹസ്യമായിത്തന്നെ സൂക്ഷിച്ചു. 1660 ഫെബ്രുവരി ഏഴാം തീയതി സെബസ്ത്യാനി രണ്ടാമതു യാത്ര തിരിച്ചപ്പോൾ അദ്ദേഹത്തിന്റെ മൂന്നു കൂട്ടാളികൾക്ക് ഈ വസ്തുത അജ്ഞാതമായിരുന്നു. പുതിയ വികാരി അപ്പസ്തോലിക്കു പ്രൊപ്പഗാന്ത സുവക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ശീശ്മയെ ഇല്ലാതാക്കുക എന്നതായിരുന്നു ലക്ഷ്യം. ഇതു സാധിക്കാൻ ഏതു മാർഗ്ഗം സ്വീകരിക്കാനും വേണ്ടത്ര അധികാരമെല്ലാം അദ്ദേഹത്തിനു നല്കപ്പെട്ടിരുന്നു. ഗാർസിയ മെത്രാപ്പോലീത്തായുടെ പ്രവർത്തനങ്ങളും മരണവും, മെത്രാപ്പോലീത്തായിൽനിന്നുള്ള സഹകരണവും നിസ്സഹകരണവും, ഈശോസഭക്കാർ തദ്ദേശ നേതാക്കന്മാരുടെ എതിർപ്പ് എന്നീ പ്രശ്നങ്ങൾ എന്തുചെയ്യുന്നതിലും കണക്കിലെടുക്കേണ്ടിയിരുന്നല്ലോ. ഉചിതമെന്നു തോന്നിയാൽ ഒരു ഇന്ത്യാക്കാരനെ മെത്രാനായി വാഴിക്കുന്നതിനും അങ്കമാലിയേയും കൊടുങ്ങല്ലൂരിനേയും രണ്ടു തെക്കുവടക്കു മേഖലകളാക്കി തിരിക്കാനുമുള്ള അധികാരം വികാരി അപ്പസ്തോലിക്കു ലഭിച്ചിരുന്നു. തനിക്കു് ഒരു പിൻഗാമിയെ തെരഞ്ഞെടുത്തു മെത്രാൻ പട്ടം കൊടുക്കുവാനും സെബസ്ത്യാനിക്കു് അധികാരം നല്കിയിരുന്നു.[26]

യുവവൈദികർക്കു ലത്തീൻഭാഷാപരിജ്ഞാനം നല്കി. തന്മൂലം സുറിയാനി ഉപേക്ഷിക്കാൻ അവരെ പ്രേരിപ്പിക്കണമെന്നുള്ള പ്രൊപ്പഗാന്തയുടെ ഒരു നിർദ്ദേശം ജനങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതായിരുന്നു.[27] തിരുക്കർമ്മാനുഷ്ഠാനങ്ങളിൽ ശീശ്മ പദപ്രയോഗങ്ങൾ കടന്നുകൂടിയിട്ടുണ്ടെന്നുള്ള വിചാരത്തിൽനിന്നു് അവർ വിമുക്തരായിരുന്നില്ല. സുറിയാനിയിൽ വിജ്ഞന്മാരാണെന്ന കാരണത്താൽ രണ്ടു മാറോനീത്തകാരെ ദൗത്യസംഘത്തോടൊപ്പം അയച്ച പരിശുദ്ധ സിംഹാ

സനം അനുവർത്തിച്ച നയത്തിനു വിപരീതമായിരുന്നു ഈ പ്രവൃത്തി.

## പറമ്പിൽ ചാണ്ടിമെത്രാനും അനുഗാമികളും

സെബസ്ത്യാനി റോമിൽനിന്നു പുറപ്പെട്ട് ആലെപ്പോയിൽ എത്തി. സന്ദേശങ്ങളും പണവും പ്രൊപ്പഗാന്ത തിരുസംഘത്തിന് അയച്ചുകൊടുത്തിരുന്ന അവിടത്തെ നല്ലവനായ ഫ്രഞ്ചു കൗൺസൽ ഫ്രാൻസീസ് പികാറുമായി സമ്പക്കം പുലർത്തി. ഗാർസിയാ മെത്രാപ്പോലീത്ത മരിച്ചു എന്ന വാർത്ത അല്ലെപ്പോയിൽവച്ച് അദ്ദേഹത്തിനു ലഭിച്ചു. അതുമൂലം സെബസ്ത്യാനിയുടെ ദൗത്യം സുകരമായി. പോർട്ടുഗലിനെതിരായ ഡച്ചുകാരുടെ യുദ്ധം വിജയിച്ചുവരികയാണെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. ഏറെ താമസിയാതെ അവർ മലബാറിനു പ്രത്യക്ഷമായ ഒരു വെല്ലുവിളിയായിത്തീർന്നു.

ഉത്തരലിസ്ബണിൽനിന്നു സുഗന്ധവസ്തുക്കൾ സാധാരണ നിലയിൽ ഒരുനൂററാണ്ടുകാലം വ്യാപാരം ചെയ്തിരുന്നവരായിരുന്നു ഡച്ചുകാർ. 1581 ലെ സ്പെയിനുമായുള്ള യുദ്ധത്തിനുശേഷം ഡച്ചുകാർ ലിസ്ബൺ തുറമുഖത്തുനിന്നു പുറത്താക്കപ്പെട്ടു. പോർട്ടുഗീസുകാർ അറബി–വെനീസ്യൻ വ്യാപാരകുത്തക തകർത്തതുപോലെ പോർട്ടുഗീസുകാരെ അവരുടെ വ്യാപാരസ്ഥലത്തുനിന്നു തുരത്തുമെന്നു ഡച്ചുകാർ പ്രതിജ്ഞചെയ്തു. പതിനഞ്ചാം നൂററാണ്ടിൻെറ അന്ത്യത്തിൽ പോർട്ടുഗീസുകാർ ചെയ്തതുപോലെ പ്രവർത്തിക്കുകയായിരുന്നു ഡച്ചുകാരുടെ ഉന്നം. വെറും കച്ചവടംകൊണ്ടുമാത്രം ഡച്ചുകാർ തൃപ്തരായില്ല. അതിൽ കുത്തകാവകാശം തന്നെ സ്ഥാപിക്കണമെന്ന് അവർ തീരുമാനിച്ചു. ഉൽപാദകരും കച്ചവടക്കാരും തമ്മിൽ കച്ചവടം നടക്കുന്നതു സിലോണിൽ വെച്ചായിരുന്നു. സിലോണിൻെറ കൈവശാവകാശം സ്ഥാപിച്ചതുകൊണ്ടുമാത്രം തൃപ്തരല്ലായിരുന്നു ഡച്ചുകാർ. മലബാർകൂടി തങ്ങളുടെ കീഴിലാക്കുവാൻ അവർ തീരുമാനിച്ചു.

ഡച്ചുകാരുടെ കത്തോലിക്കാവിരുദ്ധമായ മനോഭാവം ഗ്രഹിച്ചുകൊണ്ട്, ആർച്ചുഡീക്കൻ കുറെ വിട്ടുവീഴ്ച ചെയ്യുമെന്നു മോൺസിഞ്ഞോർ സെബസ്ത്യാനി പ്രതീക്ഷിച്ചു. അതുകൊണ്ടു തനിക്കു ലഭിച്ച ഒരു നിർദ്ദേശം പ്രാവർത്തികമാക്കി. സൂറത്തിൽനിന്ന് അദ്ദേഹം ഗോവായിൽപോയി മലബാറിൻെറ അപ്പസ്തോലിക് ഡലഗേററ് എന്ന സ്ഥാനം പാദ്രുവാദോയെക്കൊണ്ട് അംഗീകരിപ്പിച്ചു. അധികാരികളിൽ ഉൽക്കണ്ഠയുളവാക്കാതിരിക്കാൻ താൻ ഒരു അഭിഷിക്ത മെത്രാനാണെന്നു വെളിപ്പെടുത്താതിരിക്കാൻ സെബസ്ത്യാനി പ്രത്യേകം മനസ്സുവച്ചു. 1661 മേയ് പതിനാലാം തീയതി കൊച്ചി

യിൽ കപ്പലിറങ്ങിയപ്പോഠം രാഷ്ട്രീയാധികാരികളിൽനിന്നും ഗോവായിലേ അന്വേഷണകോടതിയിൽനിന്നും അനുകൂല ശുപാശ്ശ നേടിയിരുന്ന അദ്ദേഹം അപ്പസ്തോലിക് ഡലഗേററ് എന്ന നിലയിലാണു പ്രത്യക്ഷപ്പെട്ടതു്. കൊച്ചിയിലേ കത്തീഡ്രൽ ചാപ്'ററും ഗവണ്ണറും പാദ്രവാദോയുടെ അധികാരത്തെക്കുറിച്ചു തികഞ്ഞ ബോധവാന്മാരായതുകൊണ്ടു ലിസ്ബണിൽ നിന്നല്ലാത്ത ഒരു മെത്രാനേയും സ്വീകരിക്കാൻ തയ്യാറായില്ല. നഗരത്തിനു വെളിയിലുള്ള മെത്രാസനമന്ദിരത്തിൽ താമസിച്ചു. അധികം താമസിയാതെ അദ്ദേഹത്തിൻെറ നീക്കത്തിൽ സെബസ്ത്യാനി വിജയിക്കുകയും ചെയ്തു.

സെബസ്ത്യാനിയുടെ ആദ്യത്തെ ചിന്ത ആർച്ചുഡീക്കനെക്കുറിച്ചായിരുന്നു. കാരണം, ഡച്ചുകാർ ഇന്ത്യ കൈവശപ്പെടുത്തിക്കൊണ്ടിരുന്നതുമൂലം ശീഘ്രം എത്രയും വേഗം അവസാനിപ്പിക്കുക അനിവാര്യമായിത്തീന്നു. പോർട്ടുഗീസുകാർ ഈ വസ്തുത മനസ്സിലാക്കി അദ്ദേഹത്തിൻെറ പ്രവൃത്തിയെ അനുകൂലിച്ചു. അനേകം സമൂഹങ്ങഠം തിരിച്ചു ചേന്നു. മററുള്ളവർ ഭിന്നിപ്പിൽതന്നെ കൂടുതൽ ഉറച്ചുനിന്നു. തന്നെ തടവുകാരനാക്കാൻ ശ്രമിച്ച സിവിൽ അധികാരികളുടെ എല്ലാശ്രമവും തോമസു് ഡികൃാംപോ പരാജയപ്പെടുത്തി. പവ്വതപ്രദേശത്തു് അഭയംതേടി, അവിടെ താമസിച്ചുകൊണ്ടുതന്നെ അദ്ദേഹം തൻെറ സ്വാധീനതാശക്തി നിലനിത്തി.[28]

ഇതിനിടയിൽ ചെറിയൊരു സംഘട്ടനത്തിനുശേഷം കൊച്ചി ഡച്ചുകാരുടെ പിടിയിലമന്നു. (1663 ജനുവരി 6) തൻെറ ജോലി മതപരം മാത്രമായിരുന്നു എന്നു സെബസ്ത്യാനി ഡച്ചുകമാൻറർ ജനറൽ റിക്കു്ലോഫിനോടു ബോധിപ്പിച്ചു. എങ്കിലും, സെബസ്ത്യാനി ഉടനെ സ്ഥലം വിട്ടുകൊള്ളണമെന്നുതന്നെ കല്പന പുറപ്പെടുത്തി. എന്നാൽ എട്ടു ദിവസത്തെ സാവകാശം വാങ്ങി കടുത്തുരുത്തിയിൽ അദ്ദേഹം ഒരു സുനഹദോസു വിളിച്ചുകൂട്ടി. റോമിൻെറ അധികാരത്തിനു കീഴ്പ്പെട്ടിരുന്ന എല്ലാ വൈദികരും കുറെ അൽമായരും അതിൽ പങ്കെടുത്തു. കാര്യങ്ങളുടെ ഗതി എങ്ങോട്ടാണെന്നു സെബസ്ത്യാനി വിശദീകരിച്ചു. അവക്കു് ഒരു മെത്രാനെ നല്ലവാൻ തനിക്കു് അധികാരമുണ്ടെന്നും പറഞ്ഞു ആർച്ചുഡീക്കൻെറ പിതൃസഹോദരപുത്രൻ കുറവിലങ്ങാട്ടുപള്ളി വികാരി അലക്സാണ്ടർ ഡികൃാംപോ ഏകകണ്ഠമായി നിദ്ദേശിക്കപ്പെട്ടു. സെബസ്ത്യാനിയുടെ സ്ഥാനാത്ഥിയും അദ്ദേഹം തന്നെയായിരുന്നു. 1663 ഫെബ്രുവരി ഒന്നാംതീയതി പുതിയ മെത്രാൻ പട്ടം ഏററു. മാർപ്പാപ്പയുടെ നാമത്തിൽ വരുന്നവരെ സ്വീകരിക്കുമെന്നും റോമായുടെ പ്രത്യക്ഷമായ അനുവാദം കൂടാതെ സഹോദരൻ തോമസിനു പട്ടം കൊടുക്കുകയില്ലെന്നും പ്രതിജ്ഞചെയ്തു

ശേഷമാണ പട്ടം നല്കിയതു്. യോഗ്യരായ അഞ്ചു വൈദികരെ തെരഞ്ഞെടുത്തു പുതിയ മെത്രാനു് ഉപദേശകസമിതി നല്കി. എതിർപ്പുകാരനായ ആർച്ചുഡീക്കനെ മഹാമഹറോനിൽപ്പെടുന്നതായി സെബസ്ത്യാനി പ്രഖ്യാപിച്ചു. ഫെബ്രുവരി നാലാം തീയതി കൊച്ചിയിലേക്കപോന്നു. ജനറൽ റിക്‌ലോഫ് അദ്ദേഹത്തെ ഉപചാരപൂർവ്വം സ്വീകരിച്ചു. കത്തോലിക്കാസമുദായത്തേയും അവരുടെ പുതിയ മെത്രാനേയും ജനറലിനു് അദ്ദേഹം ശുപാശ ചെയ്തു: അതേ സമയം, ആർച്ചുഡീക്കനെ ഡച്ചു് അധികാരികൾ മെത്രാനായി അംഗീകരിക്കരുതെന്നു ശഠിക്കുകയും ചെയ്തു. തോമസു് ഡികാംപോയെക്കുറിച്ചു തനിക്കു മതിപ്പില്ലെന്നും തൻെറ പട്ടാളക്കാർ അദ്ദേഹത്തെ കൊടിയചെകുത്താൻ (Arch devil) എന്നാണ സംബോധന ചെയ്യുന്നതെന്നും ജനറൽ മറുപടി നല്കി. ആർച്ചുഡീക്കനെ കാണാൻ റിക്‌ലോഫ് അവസരം നൽകിയില്ല. എന്നാൽ പുതിയ ഇന്ത്യൻ മെത്രാനെ കാണാൻ അദ്ദേഹം എപ്പോഴും തയ്യാറായിരുന്നു.[29]

സെബസ്ത്യാനി മാർച്ചു് അഞ്ചാം തീയതി വടക്കൻ ഗോവായിലെ വെൻഗുർല എന്ന ഡച്ചുകോട്ടയിലൂടെ യാത്ര ചെയ്യുമ്പോൾ, തന്നെ പൗരസ്ത്യദേശത്തെ റോമ എന്ന പരാഭിധാനമുള്ള ഗോവായിലേയ്ക്കു് അയച്ചിരിക്കുന്നതായി റോമിലുള്ള തൻെറ സഹപ്രവത്തകരിൽനിന്നു് അദ്ദേഹത്തിനു് അറിവു ലഭിച്ചു. ഇതിനുമുമ്പുതന്നെ വികാർ അപ്പസ്തോലിക്കയേയും ഫാദർ ഹിയാസിന്തിനേയും (അദ്ദേഹം മരിച്ചുപോയ വസ്തുത യൂറോപ്പിൽ അറിഞ്ഞിരുന്നില്ല.) പുറത്താക്കാൻ ലിസ്‌ബണിൽ നിന്നുള്ള കല്പന വൈസ്രോയി അൻേറാണിയോ ഡി മെല്ലോ കാസ്‌ട്രോയിക്കു ലഭിച്ചിരുന്നു. പിന്നീടു്, ഗോവായിലെ വൈദികർ തമ്മിലുള്ള വഴക്കു് അവസാനിപ്പിക്കാൻ ആ കർമ്മലീത്താ മെത്രാൻ ക്ഷണിക്കപ്പെട്ടു. അദ്ദേഹം ഗോവായിലേക്കു പോയി. മലബാറിലെ പുതിയ മെത്രാൻ ഒരു വിജയമാണെന്ന വാർത്ത അദ്ദേഹത്തിനു സന്തോഷപ്രദമായിരുന്നു. പോർട്ടുഗീസുകാരും ലന്തക്കാരും ഉടമ്പടിയിൽ ഒപ്പുവെച്ചപ്പോൾ താൻ മലബാറിൽ പോകാൻ അനുവദിക്കപ്പെട്ടേക്കുമെന്ന പ്രതീക്ഷ കുറച്ചുകാലത്തേയ്ക്കുണ്ടായിരുന്നു. എന്നാൽ 'അലക്സാണ്ടർ ഡി ക്യാംപോ'യുടെ ഉപദേശകനായി ഫാദർ മാത്യു ഓഫ് സെൻറ് ജോസഫിനെ നിയമിച്ചുകൊണ്ടു് മടങ്ങേണ്ടിവന്നു. ബസ്രാ, ബാഗ്ദാദ്, മൊസൂൾ, അലെപ്പോ, അലക്സാണ്ട്രിയ എന്നിവിടങ്ങളിലൂടെയുള്ള സംഭവബഹുലമായ ദീർഘടയാത്രയ്ക്കുശേഷം ഇൻഡ്യൻക്രൈസ്തവരുടെ സ്ഥിതിയെക്കുറിച്ചു വിലപ്പെട്ട വിവരങ്ങൾ ശേഖരിച്ചുകൊണ്ടു് സെബസ്ത്യാനി 1655 മേയ് ആറാം തീയതി റോമിൽ എത്തി.[30]

ഉപദേശകരായ ഫാദർ മാത്യു ഓഫ് സെൻറ് ജോസഫ്,

ഫാദർ കൊർണേലിയൂസ് ഓഫ് ജീസസ് ഓഫ് നസ്രത്ത് എന്നിവരുടെ സഹായത്തോടെ മലബാറിലെ സുറിയാനസമൂഹത്തെ അലക്സാണ്ടർ മെത്രാൻ നന്നായി ഭരിച്ചു.[31] 40 ഇടവകകം ഉണ്ടായിരുന്ന അദ്ദേഹത്തിൻെറ കീഴിൽ. തൻെറ പിതൃസഹോദരനായ തോമസും ലത്തീൻ മിഷനറിമാരും അദ്ദേഹത്തോടു നിരന്തരം എതിർത്തുകൊണ്ടേയിരുന്നു. എങ്കിലും കുറേപ്പേരെ മാനസാന്തരപ്പെടുത്താൻ മെത്രാനു കഴിഞ്ഞു. മക്കടെ മൂപ്പിയായിരുന്ന തോമസ് ആദ്യം ശീശ്മയിലും അവസാനം താൻ എത്തിച്ചേർന്ന യാക്കോബായ സമ്പർക്കത്തിൽ എത്തിച്ചേർന്നു. പിന്നീട് അതിൽ ഉറച്ചു.

എന്നാൽ, 1674–ൽ വാർദ്ധക്യത്തിലെത്തിയെന്നു തോന്നിയപ്പോഠം അലക്സാണ്ഡർ ഒരു സഹായിയെ കിട്ടാൻ റോമിലേക്കു എഴുതി. ഈ പ്രവൃത്തി വിവേകപൂർണ്ണമായിരുന്നു. ഇതു പ്രൊപ്പഗാന്ത സ്വീകരിച്ചു. 1675 മാർച്ചു മുപ്പത്തിയൊന്നാം തീയതി നാലു കർമ്മലീത്താസന്ന്യാസികഠം റോമിൽനിന്നു പുറപ്പെട്ടു. യൂറോപ്യനല്ലാത്ത ഒരു നാട്ടുകാരനെ, സന്ന്യാസിയോ ഇടവകപ്പട്ടക്കാരനോ ആരായിരുന്നാലും യോഗ്യനെന്നു തോന്നുന്ന പുരോഹിതനെ, അലക്സാണ്ടറുടെ സഹായമെത്രാനായും, ഹെഡ്രുമാത്തയിലെ മെത്രാനായും നിയമിക്കുവാനുള്ള നിർദ്ദേശങ്ങഠം അവക്കു നല്കപ്പെട്ടിരുന്നു.[32]

അയയ്ക്കപ്പെട്ടവരിൽ പരിശുദ്ധാത്രുപിയുടെ ഫാദർ ബെത്തലോമ്യയും[33] സെൻറ് തെരിസയുടെ ആഞ്ചലോ ഫ്രാൻസീസും മാത്രമേ മലബാറിൽ എത്തിയുള്ളൂ. 1679 മാർച്ചു മൂന്നാം തീയതി അവർ തെരഞ്ഞെടുത്തതു് ഒരു സീറോമലബാർ സമുദായക്കാരനെയല്ല പ്രത്യുത, കൊച്ചിരൂപതയുടെ വികാരി ജനറാഠം പോർട്ടുഗീസ് വംശജനായ റാഫേൽ ഡിഫ്രഗുറേദോ സൽഗാദോയെയാണ്. തികച്ചും നിർഭാഗ്യകരമായ തെരഞ്ഞെടുപ്പായിരുന്നു ഇതു്. മെത്രാൻെറ അനന്തിരവനായ മാത്യൂഡികാംപോയെ മെത്രാനായി തെരഞ്ഞെടുക്കാതിരിക്കാൻ മതിയായ ന്യായങ്ങളുണ്ടു്. എന്നാൽ, റോമിൻെറ നിർദ്ദേശങ്ങളിലെ ചൈതന്യം അനുസരിച്ചോ എന്ന ചോദ്യം അവശേഷിക്കുന്നു. തന്നെ അടിച്ചേൽപ്പിച്ച സഹായമെത്രാനു പട്ടം കൊടുക്കാൻ അലക്സാണ്ഡർ മെത്രാൻ ആദ്യം വിസമ്മതിച്ചു. എന്നാൽ അവസാനം അദ്ദേഹം അതിനു സമ്മതിക്കേണ്ടിവന്നു. ഇടപ്പള്ളിയിൽവെച്ചു 1683–ൽ സഹായമെത്രാൻ അഭിഷേചിക്കപ്പെട്ടു. അലക്സാണ്ടർ ഡികാംപോവിൻെറ അവകാശങ്ങളെ ധിക്കരിച്ചുകൊണ്ടു സൽഗോദോയുടെ തന്നിഷ്ടപ്രകാരം ഭരിച്ചതു് അതു വീണ്ടും കുഴപ്പങ്ങഠംക്കു കാരണമായി. അലക്സാണ്ടറുടെ മരണത്തോടുകൂടി അതു മൂർച്ഛിച്ചു. മറെറാരു മെത്രാനെ നിയമിച്ചു കിട്ടാൻ കർമ്മലീത്താക്കാർ ഫാദർ ലോറൻസ് ഓഫ് സെൻറ്





മേരിയെ റോമിലേക്കു് അയച്ച 1684 ജനുവരിയിൽ ഫ്രിഗ്ഗ റേഡോ സസ്പെൻറു ചെയ്യപ്പെട്ടപ്പോഠം ഓറട്ടോറിയൽ സഭാംഗവും ബ്രാഹ്മണനും ബിജാപ്പൂർ, ഗൊൽക്കണ്ട എന്നീ സ്ഥലങ്ങളിലെ വികാരി അപ്പസ്തോലിക്കയുമായ കുസ്റ്റോഡിയൊ ഡി പിൻഹോ മലബാറിലെ വികാരി അപ്പസ്തോലിക്കയായി നിയമിതനായി. പക്ഷേ രണ്ടുപേരും അധികം താമസിയാതെ മരിച്ചു. മരിയ ഫ്രിഗ്ഗറേഡോ 1695 ഒക്ടോബർ 12–ാം തീയതി മരിച്ചു. പിൻഹോ തൻെറ ദൗത്യം നിർവ്വഹിക്കാനാവാതെ 1697–ൽ മരിച്ചു.[34]

## കർമ്മലീത്താസഭയുടെ കേരളത്തിലെ പ്രവർത്തനം

വളരെ ദുർഘടമായ പരിതഃസ്ഥിതിയാണു് പരിശുദ്ധ സിംഹാസനം തരണം ചെയ്യേണ്ടിയിരുന്നതു്. തോമസു് ഡി ക്യാംപോ, അലക്സാണ്ടർ ഡി ക്യാംപോ, ഫ്രിഗ്ഗറേഡോ എന്നിവരുടെ നേതൃത്വത്തിൽ മൂന്നു അവാന്തരവിഭാഗങ്ങളുണ്ടായി സമുദായത്തിൽ. ആ ഭിന്നത അവരുടെ കാലശേഷവും നിലനിന്നു. കൂടാതെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിലുള്ള പാദ്രുവാദോയുടെ കീഴിലായിരുന്ന കൊച്ചിൻ, കൊടുങ്ങല്ലൂർ എന്ന ലത്തീൻ രൂപതകളിൽ പലപ്പോഴും മെത്രാന്മാർ ഉണ്ടായിരുന്നുമില്ല.[35]

ഡച്ചുകാർ നിയന്ത്രണം ചെലുത്തിയിരുന്ന പ്രദേശങ്ങളിൽ ഗോവക്കാർക്കു സഭാധികാരം പ്രയോഗിക്കുവാൻ അവർ സമ്മതിച്ചിരുന്നില്ല. മാത്രമല്ല, തങ്ങളുടെ അതൃത്തിയിൽ യൂറോപ്യൻമിഷനറിമാർക്കു പ്രവേശനം അനുവദിച്ചിരുന്നില്ല. എങ്ങനെയെങ്കിലും ഒരു പരിഹാരം വേണമെന്നാഗ്രഹിച്ച ഇന്നസെൻറ് പന്ത്രണ്ടാമൻപാപ്പ നെതർലാൻറിനോടു മാധ്യസ്ഥ്യം പറയുവാൻ ജർമ്മൻ രാജാവായ ലിയോപ്പാൽഡു് ഒന്നാമനോടു് ആവശ്യപ്പെട്ടു. ബൽജിയൻ, ജർമ്മൻ, ഇത്താലിയൻ എന്നീ പ്രദേശങ്ങളിൽനിന്നുള്ള കർമ്മലീത്തക്കു മലബാറിൽ താമസിക്കുവാനും അവിടെ പ്രേഷിതവേല ചെയ്യുവാനും[36] അനുവദിക്കുന്നതിനു പകരമായി ഹങ്കറിയിൽ കാൽവിൻ മതക്കാർക്കു സ്വാതന്ത്ര്യം അനുവദിക്കുന്ന ഉടമ്പടി 1698 ഏപ്രിൽ ഒന്നാം തീയതി നിലവിൽവന്നു.

ഈ ഉടമ്പടിയ്ക്കുശേഷം കൊടുങ്ങല്ലൂരിൻേറയും കൊച്ചിയുടേയും മെത്രാന്മാർ അതാതു രൂപതയിൽവന്നു ചാർജ്ജു് എടുക്കുന്നതുവരെ എന്ന ആപല്ക്കരമായ വ്യവസ്ഥയോടെ ലത്തീൻകാർക്കും സുറിയാനിക്കാർക്കുംവേണ്ടി[37] 1682–ൽ വരാപ്പുഴയിൽ കർമ്മലീത്തർ സ്ഥാപിച്ച സെമിനാരിയുടെ സുപ്പീരിയറായിരുന്ന ആഞ്ചലോ ഫ്രാൻസീസു് ഓഫ് സെൻറ് തെരേസായെ മലബാർ പ്രദേശത്തെ വികാർ അപ്പസ്തോലിക്കയായി 1700 ഫെബ്രുവരി ഇരുപതാംതീയതിയിലെ കല്പനവഴി നിയമിച്ചു.[38] നിയമനവാർത്ത ഇന്ത്യയിലറിഞ്ഞപ്പോഠം ഫാദർ ആഞ്ചലോ

ഫെർണാണ്ടസ് റോമിനോടു യോജിച്ചുനില്ക്കുന്ന സീറോ മലബാർ സമൂഹങ്ങളുടെ ഒരു യോഗം 1700 ഡിസംബർ 6–ാം തീയതി വിളിച്ചുകൂട്ടി. അവരെല്ലാംകൂടി 1701 ഫെബ്രുവരി 13–ാംതീയതി അദ്ദേഹത്തിനു് ആവേശഭരിതമായ സ്വീകരണം നല്കുകയും ചെയ്തു. എന്നാൽ തൻെറ രൂപതയിൽ താമസമില്ലാതിരുന്ന കൊച്ചിമെത്രാൻ പീററർ പച്ചിക്കോ ഒ. പി. യിൽനിന്നോ ഗോവായിലെ മെത്രാപ്പോലീത്തായിൽനിന്നോ മെത്രാൻപട്ടം സ്വീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ലിസബൺെറ അംഗീകാരം കൂടാതെ ഇന്ത്യയിൽ ഒരു മെത്രാനെ നിയമിക്കാനുള്ള പരിശുദ്ധസിംഹാസനത്തിൻെറ അവകാശം സമ്മതിച്ചുകൊടുക്കാൻ വാസ്തവത്തിൽ പാദ്രുവാദോ മെത്രാന്മാർ തയ്യാറായില്ല എന്നതാണു വസ്തുത. ഭാഗ്യവശാൽ മെസപ്പൊട്ടേമിയക്കാരനായ മാർ സൈമൺ[39] എന്ന മെത്രാൻ മലബാറിലുണ്ടായിരുന്നു. അദ്ദേഹം 1701 മേയ് 22–ാംതീയതി ആലേങ്ങാട്ടു പള്ളിയിൽവച്ചു പുതിയ മെത്രാനെ വാഴിച്ചു. സമുദായത്തിൽ വഴക്കുകൾക്കും കുഴപ്പങ്ങൾക്കും കാരണക്കാരനായിരുന്ന ആർച്ചുഡീക്കൻ തോമസിൻെറ വ്യാജമായ പട്ടാഭിഷേകത്തിനു കൃത്യം 48 വർഷങ്ങൾക്കുശേഷമാണു് ഇതു സംഭവിച്ചതു്.[40]

പരിശുദ്ധസിംഹാസനം ഒരു വികാരി അപ്പസ്തോലിക്കയെ നേരിട്ടു നിയമിച്ചു എന്നു കേട്ടപ്പോൾ പോർട്ടുഗീസു ഗവൺമെൻറു് ഈശോസഭക്കാരനായ ജോൺ ബയിരയെ (1701–16) 1701 ഡിസംബർ അഞ്ചാംതീയതി കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി നിയമിച്ചു.[41] 1704–ൽ ഡച്ചുകാരും കുറെ വൈദികരും എതിർപ്പു പ്രകടിപ്പിച്ചു എങ്കിലും അദ്ദേഹം അതിരൂപതയിൽ സ്ഥാനം ഏറെറടുത്തു. ഈശോസഭാമെത്രാനെ അനുസരിക്കാൻ സുറിയാനിക്കാർ തയ്യാറായിരുന്നില്ല. അതിനാൽ കുറെ വൈദികർ 1704 ജൂൺ ഇരുപതാം തീയതി കടുത്തുരുത്തിയിൽ കമ്മലീത്താ മെത്രാനെ അനുസരിക്കാനുള്ള തീരുമാനം ചെയ്തു. പോർട്ടുഗീസുവൈദികർ തന്നെ പിൻതുണയ്ക്കുമെന്നും ലന്തക്കാരുടെ സഹായം തനിക്കുണ്ടാകുമെന്നും കമ്മലീത്താമെത്രാനു് അറിയാമായിരുന്നുവെങ്കിലും "കൊടുങ്ങല്ലൂരിൽ മെത്രാൻചാർജ്ജെടുക്കുന്നതുവരെ സുറിയാനിക്കാരെ ഭരിക്കുക" എന്ന കല്പനയെ അദ്ദേഹം മാനിച്ചു. 1704 ജൂൺ 29–ാംതീയതി തന്നെ അനുസരിച്ചിരുന്ന സമൂഹങ്ങളോടു തനിക്കുള്ള നയം വിവരിച്ചുകൊണ്ടു് അദ്ദേഹം പള്ളികളിലേക്കു സർക്കുലർ അയച്ചു. അതിനുശേഷം സ്ഥാനം ഒഴിഞ്ഞു് വരാപ്പുഴ കൊവേന്തയിൽ താമസിച്ചു.[42]

ഇത്തരം ഭിന്നതകൾ തോമസ് ഡിക്യാംപോയുടെ പാർട്ടിയെ ശക്തിപ്പെടുത്താൻമാത്രമേ പ്രയോജനപ്പെട്ടുള്ളൂ. ഇതിനകം അദ്ദേഹത്തിൻെറ പിൻഗാമി ഒരു യാക്കോബായക്കാരനായിത്തീർന്നിരുന്നു. പ്രൊപ്പഗാന്ത തിരുസംഘം ഇക്കാര്യ

മെല്ലാം കണക്കിലെടുത്തുകൊണ്ട് വികാരി അപ്പസ്തോലിക്കയുടെ അധികാരം നിലനിർത്തേണ്ടതാണെന്നു 1706 സെപ്റ്റംബർ ഇരുപത്തിയാറാം തീയതി തീരുമാനിച്ചു. ഈ തീരുമാനം പെട്ടെന്നു പ്രാവർത്തികമാക്കിയില്ല. കോൺഗ്രിഗേഷൻെറ സമ്പൂർണ്ണസമ്മേളനത്തിൽ ഒരു വോട്ടിൻെറ എങ്കിലും ഭൂരിപക്ഷം ഇതിന് ലഭിക്കേണ്ടിയിരുന്നു. എങ്കിലും 1709 മാർച്ചു പതിമൂന്നാം തീയതിയിലേയും മേയ് നാലാം തീയതിയിലേയും അപ്പസ്തോലിക ലേഖനങ്ങൾ പോർട്ടുഗീസു മെത്രാന്മാരുടെ അധികാരങ്ങളേയും, ശീശ്മക്കാരെ പിന്തിരിക്കുവാൻ വികാരി അപ്പസ്തോലിക്കയ്ക്കുള്ള കടമയേയുംകുറിച്ചു പ്രതിപാദിക്കുന്നു. മാർത്തോമ്മാക്രിസ്ത്യാനികളുടേയും ഡച്ചിന്ത്യാകമ്പനിയുടേയും മനോഭാവംമൂലം ഇതു അപ്രായോഗികമായിരുന്നു. എങ്കിലും 1712 ജനുവരിയിൽ ആഞ്ചലോ ഫ്രാൻസിസുമെത്രാൻ ക്രിസ്തീയ സമൂഹങ്ങളുടെ സന്ദർശനാർത്ഥം പുറപ്പെട്ടു. അക്കൊല്ലം സെപ്റ്റംബർമാസംവരെ സന്ദർശനം തുടർന്നു. കഠിനയത്നം ശരീരത്തിനു താങ്ങാനാവാതെ അക്കൊല്ലം ഒക്ടോബർ 17–ന് അദ്ദേഹം മരണം പ്രാപിച്ചു.[43]

ഫാദർ ജോൺ ബാപ്റ്റിസ്റ്റ് മേരി ഓഫ് സെൻറ് തെരീസയെ അദ്ദേഹത്തിൻെറ പിൻഗാമിയാക്കിക്കൊണ്ടുള്ള അപ്പസ്തോലിക ലേഖനത്തിൽ കൊടുങ്ങല്ലൂരേയും കൊച്ചിയിലേയും മെത്രാന്മാർക്ക് അധികാരം പ്രയോഗിക്കാൻ അസാധ്യമായ പള്ളികൾക്കും പ്രദേശങ്ങൾക്കുംവേണ്ടി എന്ന വ്യവസ്ഥയുണ്ടായിരുന്നു. പോർട്ടുഗീസ് ഈശോസഭക്കാരായ അൻേറാണിയോ പിമൻറലിയെ (1721–51) കൊടുങ്ങല്ലൂർ മെത്രാനായും ഫ്രാൻസിസ്ക്കോ ഡി വാസ്കോൺ സെല്ലോസി (1722–42)നെ കൊച്ചി മെത്രാനായും ഇന്നസെൻറ് പതിമൂന്നാമൻ അംഗീകരിച്ചപ്പോൾ സംഭവിച്ചതുപോലെ പാദ്രുവാദോ അവസാനിപ്പിക്കുവാൻ പ്രൊപ്പഗാന്തതിരുസംഘത്തിനു കഴിയുമായിരുന്നില്ല.[44] കാരണം അതു കലഹത്തിനു മാത്രമേ വഴിവയ്ക്കുമായിരുന്നുള്ളൂ. സീറോ മലബാർ സമുദായത്തിൽ കുഴപ്പങ്ങൾ തുടർന്നു. കുഴപ്പം വർദ്ധിക്കുവാൻ അസെർബായിജാനിൽനിന്നുവന്ന ഗബ്രിയേൽ എന്നു പേരുള്ള നെസ്തോറിയൻ മെത്രാൻ മലബാറിൽ എത്തുകയും ചെയ്തു. കത്തോലിക്കസഭയിലേയ്ക്കു ചേർന്നയാളാണു താനെന്നു് അദ്ദേഹം പ്രഖ്യാപിച്ചു.[45] ഏതായാലും 1724 ലെ പ്രൊപ്പഗാന്തയുടെ പുതിയ നിർദ്ദേശത്തിനുശേഷം കുഴപ്പങ്ങൾ ക്രമേണ കുറയാൻ തുടങ്ങി. ക്രിസ്ത്യൻസമൂഹങ്ങൾ എണ്ണത്തിൽ ഏറെയുണ്ടായിരുന്നു. അവ അതേസമയം ശക്തമായിരുന്നുതാനും. എന്നാൽ യൂറോപ്യന്മാരുടെയിടയിലുണ്ടായിരുന്ന പിളർപ്പുകളും ഭിന്നതകളും ഒരുന്നത ക്രിസ്തീയ ജീവിതനിലവാരം പുലർത്തുന്നതിൽ പ്രതിബന്ധങ്ങളായിരുന്നു. കൂടാതെ മിഷനിലേയ്ക്കു് ഒരു സമയത്തു പന്ത്രണ്ടിൽ കൂടുതൽ കർമ്മ

ലീത്താ മിഷനറിമാരെ ലന്തക്കാർ അനുവദിച്ചിരുന്നില്ല. മിക്കപ്പോഴും പ്രവർത്തിക്കാൻ അനുവാദം ലഭിച്ചിരുന്നവരിൽ വളരെ കുറച്ചുപേർ മാത്രമേ യഥാർത്ഥത്തിൽ ജോലി ചെയ്തിരുന്നുള്ളു എന്നതാണു വസ്തുത.[46]

ജോൺ ബാപ്റ്റിസ്റ്റ് മൊത്തേയോ (John-Baptist Morteo) 1750 ഏപ്രിൽ ആറാം തീയതി മരിച്ചപ്പോൾ, പിൻതുടർച്ചാവകാശത്തോടുകൂടി അദ്ദേഹത്തിന്റെ സഹായി (coadjutor) യായി ഫാദർ ഫ്ളൊരെൻസിയൂസ് ഡി ജീസസ് നാസറത്ത് (Fr. Florentius of Jesus Nazareth) പോളം നിക്കോളാസ് സൊസ്താക്ക് (Pole Nicholas szostak) എന്ന പേരിൽ അദ്ദേഹത്തെ പിൻതുടന്നു. 1745 ഡിസംബർ ആറാംതീയതിയിലെ ഒരു കല്പനയാൽ അദ്ദേഹം നിയുക്തനായെങ്കിലും അതുവരെ അഭിഷേകം ചെയ്യപ്പെട്ടിരുന്നില്ല. അതുകൊണ്ട് തൽസമയം ഇൻഡ്യക്കെതിരായി നടന്നുകൊണ്ടിരുന്ന യുദ്ധങ്ങൾക്കു മദ്ധ്യേ തന്റെ മെത്രാൻ പട്ടാഭിഷേകത്തിനായി ഫാദർ ഫ്ളൊരെൻസിയൂസ് ദുർഘടവും അപകടപൂർണ്ണവുമായ ഒരു യാത്ര കഴിക്കുകയും അവസാനം 1751 ഏപ്രിൽ ഇരുപത്തിരണ്ടാം തീയതി പട്ടം സ്വീകരിക്കുകയും ചെയ്തു. പ്രൊപ്പഗാന്താ തിരുസ്സംഘത്തിന്റെ അംഗീകാരത്തോടുകൂടി 1764-ൽ പുതുക്കിപ്പണിത വരാപ്പുഴ സെമിനാരിക്കു നവജീവൻ പ്രദാനം ചെയ്യുന്നതിൽ അദ്ദേഹം വിജയിച്ചു. ആദായമാർഗ്ഗങ്ങളുടെ കുറവു നിമിത്തം പ്രസ്തുത സെമിനാരി 1682 നു ശേഷം അധികകാലം നിലനിന്നില്ല. റോമിൽ അച്ചടിച്ച സീറോ മലബാർ കുർബാനക്രമത്തിന്റെ പ്രഥമ മുദ്രണവും അദ്ദേഹത്തിന്റെ പരിശ്രമഫലമായിരുന്നു ദീർഘകാലത്തെ ആലസ്യത്തിനുശേഷം 1773 ജൂലൈ ഇരുപത്തിയാറാം തീയതി അദ്ദേഹം മരണം പ്രാപിച്ചു. ലത്തീൻകാരും സുറിയാനിക്കാരുമായ തദ്ദേശവൈദികരും മിഷനറിമാരും തമ്മിൽ കലാപമുണ്ടാകുവാൻ അദ്ദേഹത്തിന്റെ മരണം നിദാനമായി. അതു് ഏറെക്കുറെ ഒരു ശീശ്മയിൽ ചെന്നവസാനിക്കുകയും ചെയ്തു.[47] കല്ലറയിലേയ്ക്കു തിരുമേനിയുടെ ശവമഞ്ചം വഹിക്കേണ്ടതാരാണ്? ഇതായിരുന്നു ഇരുകക്ഷികൾ തമ്മിലുണ്ടായ മത്സരത്തിനു കാരണം. ആൻകേററിൽ ഡുപെറോൺ (Anquetil du perron) പ്രസിദ്ധീകരിച്ച മലബാർ ക്രിസ്ത്യൻ സമുദായങ്ങളുടെ കണക്കു്, ഫ്ളൊരെൻസിയൂസ് മെത്രാന്റെ കാലത്തുള്ള, കൃത്യമായി പറഞ്ഞാൽ 1758 ലെ കണക്കാണ്. അദ്ദേഹത്തിന്റെ കണക്കു് താഴെ നല്കുന്നു.

| | |
|---|---|
| ലത്തീൻകാർ | 50,00 |
| സീറോ മലബാർ കത്തോലിക്കർ | 100,000 |
| ശീശ്മക്കാർ | 50,000 |

ഥ1337



| | |
|---|---|
| ലത്തീൻ പള്ളികഠം | 12 |
| ശീശ്മക്കാരുടെ പള്ളികഠം | 20[48] |
| സുറിയാനിക്കാരുടെ പള്ളികഠം | 84 |

കമ്മലീത്തരുടെ പ്രേഷിതപ്രവത്തനം വളരെ പ്രയാസമുള്ളതായിരുന്നു. എന്നാൽ അമ്മാതിരി സന്ദർഭങ്ങളിലെല്ലാം സുറിയാനിക്കാക്കനുയോജ്യമായവിധം തുടച്ച്യായ ഇടവകസന്ദശ്നങ്ങഠം മുതലായി വേണ്ടത്ര മാഗ്ഗങ്ങഠം അവർ സ്വീകരിച്ചിരുന്നു. ദൈവശാസ്ത്രത്തിലും ആരാധനക്രമങ്ങളുടെ ജ്ഞാനത്തിലും വൈദികർക്കുണ്ടായിരുന്ന പോരായ്മകഠം പരിഹരിക്കുന്നതിനായി കമ്മലീത്താക്കാർ അവരെ പഠിപ്പിക്കുകയും തിരുത്തുകയും ചെയ്യുവന്നു.

മിഷനറിമാരുടെ എണ്ണം കുറവായിരുന്നു എന്നതാണ് ഏററം വലിയ പ്രശ്നം. കൂടാതെ അവരെ ക്ഷീണിതരാക്കുന്ന കാലാവസ്ഥയും പലപ്പോഴുമുള്ള സ്ഥലംമാററങ്ങളും അവരുടെ പ്രയാസം വദ്ധിപ്പിച്ചു.

മലബാറിലെ മിഷൻപ്രവത്തനത്തിനുള്ള കാലാവധി 10 കൊല്ലം മാത്രമായി പ്രൊപ്പഗാന്ത ബുദ്ധിപൂവ്വം നിജപ്പെടുത്തിയിരുന്നു. എങ്കിലും യൂറോപ്പിൽനിന്നും വളരെ കുറച്ചുപേരെമാത്രമേ അയച്ചിരുന്നുള്ളൂ. 1770-ൽ സുറിയാനി ഇടവകകഠം സന്ദർശിക്കുവാൻ ഉണ്ടായിരുന്നത് ഒരു വൈദികൻ മാത്രമാണ്.[49] അദ്ദേഹം ബവേറിയക്കാരനായ എവുസ്റ്റാക്കിയൂസ് ഫെഡറൽ എന്നറിയപ്പെടുന്ന വ്യാകുലമാതാവിൻെറ ഫ്രാൻസിസ് ദിസാലെസച്ചനാണ് (Eustachius Federl, Fr. Francis de sales of the Mother of Dolours). 1772--ൽ അദ്ദേഹത്തിൻെറ കാലാവധി തീരുമായിരുന്നു. അതു നീട്ടിക്കിട്ടുന്നതിനു അദ്ദേഹം ആവശ്യപ്പെട്ടില്ലെന്നു മാത്രമല്ല, അനേകം തെററായ ജീവിതചര്യകഠം കണ്ട് മനംമടുത്തു ക്ഷീണിച്ചിരുന്നതിനാൽ സ്വന്തം പ്രോവിൻസിലേയ്ക്കു തന്നെ തിരിയെ അയയ്ക്കണമെന്നു നിർബന്ധിക്കുകയും ചെയ്തു. അദ്ദേഹം മക്കാവോ, ലിസ്ബൺ, ജനീവ മുതലായ സ്ഥലങ്ങഠം ചുററി പതിനെട്ടുമാസം ദീഘിച്ച യാത്രകഴിച്ച് 1773 നവംബർ നാലാം തീയതി റോമിൽ എത്തുകയും, മലബാറിൽ ചെയ്യാവുന്ന പരിഷ്ക്കാരങ്ങളെപ്പററി ചില കുറിപ്പുകഠം കൂട്ടിച്ചേത്തുകൊണ്ടു മിഷൻെറ സ്ഥിതിഗതികളെ പരാമശിച്ചുള്ള ഒരു മെമ്മോറാണ്ടം പ്രൊപ്പഗാന്ത തിരുസ്സംഘത്തിൻെറ പ്രീഫെക്ടായ കറ്റിനാഠം കാസ്റ്റെലിയെ ഏല്പിക്കുകയും ചെയ്തു. സ്ഥിതിവിവരക്കണക്കുകഠം തിരുസംഘത്തിനു വളരെ പ്രോത്സാഹജനകമായിരുന്നതു നിമിത്തം 1774 മാച്ച് ഇരുപത്തിയൊന്നാം തീയതി അദ്ദേഹത്തെ ഒരിക്കൽക്കൂടി ഒരു മിഷനറിയായി വി. ബത്തലോമ്മയുടെ പൌളിനൂസച്ചൻെറകൂടെ അയയ്ക്കുവാൻ തീരുമാനിച്ചു. അക്കൊല്ലം ജൂലൈ എട്ടാംതീയതി

S. LIBRA Serial No. 844 ROME
DHARMARAM COLLEGE LIBRARY
BANGALORE-29

ഫ്രാൻസിസ് ദി സാലെസച്ചൻ മലബാറിൻെറ വികാരി അപ്പസ്തോലിക്കയായി തെരഞ്ഞെടുക്കപ്പെട്ടു. കാരണം സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ ഉണ്ടാക്കിയ ആ പദ്ധതി പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ തീർച്ചയായും അദ്ദേഹത്തെപ്പോലെ വേറെ ആക്കും സാധിക്കുകയില്ലെന്നു തിരുസംഘത്തിനു തോന്നി. വികാരി പ്രൊവിൻഷ്യാൾ നിർദ്ദേശിച്ച മൂന്നു സ്ഥാനാർത്ഥികളുടെ പേരടങ്ങിയ അപേക്ഷപത്രം (Terna) ഈ നിയമനത്തിൽ തിരുസംഘം സ്വീകരിച്ചില്ല. പ്രസ്തുത പത്രത്തിൽ തൻെറ തന്നെ പേരു നിർദ്ദേശിക്കുവാൻ പ്രൊവിൻഷ്യൽ മടിച്ചിരുന്നില്ല.

പുതിയ മെത്രാൻ 1775 ഒക്ടോബർ പതിമൂന്നാം തീയതി വരാപ്പുഴ എത്തി. അധികം താമസിയാതെ തൻെറ സഭയിലെ മേലധികാരികളുടെ ഉപദേശമനുസരിച്ച് ഒരു സാഹസപ്രവൃത്തിചെയ്തു. ഇരുപത്തഞ്ചുകൊല്ലത്തിലധികംനാൾ ഉദ്യോഗം വഹിച്ചിരുന്ന വികാർ പ്രൊവിൻഷ്യാളിനെ ആ സ്ഥാനത്തുനിന്നു നീക്കംചെയ്തു. ഇററലിക്കാരും ജർമ്മൻകാരും തമ്മിൽ കലാപമുണ്ടാകുവാനതു കാരണമായി. യൂറോപ്യൻ മിഷനറിമാർ തമ്മിലുണ്ടായ ആ പിളർപ്പ് സുറിയാനിക്കാരുടെ ഇടയിൽ പെട്ടെന്നൊരു മത്സരത്തിനു വഴിതെളിച്ചു. 1776 ഫെബ്രുവരി പതിനഞ്ചാം തീയതി 35 വിഭാഗങ്ങളുടെ അഥവാ ഇടവകകളുടെ പ്രതിനിധികൾകൂടി വികാരി അപ്പസ്തോലിക്കയുടെ വസതി ആലങ്ങാട്ടേയ്ക്കു മാററണമെന്നും, തങ്ങളുടെ പള്ളികളിൽ മിഷനറിമാരെ ഇനി പ്രവേശിപ്പിക്കുകയില്ലെന്നും തീരുമാനിച്ചു. 1777 ഫെബ്രുവരി മദ്ധ്യത്തോടുകൂടി പ്രൊപ്പഗാന്ത തിരുസ്സംഘം മലബാറിലെ കുഴപ്പങ്ങളെപ്പററി അറിയുകയും ആ മാസം 25-ാം തീയതി പുതിയ മെത്രാനെ നിർബന്ധിച്ച് രാജിവെപ്പിക്കുകയും ചെയ്തു.[50] റോമിൽനിന്ന് അത്ര പെട്ടെന്നൊരു തീരുമാനമുണ്ടായപ്പോൾ മാർത്തോമ്മാക്രിസ്ത്യാനികൾ പരിശുദ്ധ സിംഹാസനത്തിൽചെന്നു വിവരം ധരിപ്പിക്കുവാൻ ഒരു കമ്മററി രൂപീകരിച്ചു. മിഷനറിമാരിൽനിന്നും തങ്ങൾക്കുണ്ടാകുന്ന തിക്താനുഭവങ്ങളെപ്പററി ഒരു റിപ്പോർട്ടു സമപ്പിക്കുകയെന്നുള്ളതായിരുന്നു പ്രസ്തുത കമ്മററിയുടെ ദൗത്യം. അപ്രതീക്ഷിതമായ ഒരു ആരോപണം അതിൽ ചേർത്തിരുന്നു. അതായതു് യാക്കോബായക്കാരുടെ ഒരു പ്രാദേശികനേതാവായ ആറാം മാർ തോമ്മായുടെ (ലായിക്കുസ് മിത്രാത്തുസ് പോലുള്ള രേഖകളിൽ പരാമർശിക്കപ്പെടുന്ന വ്യക്തി) മാനസാന്തരത്തിനു വികാരി അപ്പസ്തോലിക്ക വിഘാതമായിനിന്നു എന്നതാണ് ആരോപണം.[51] 1779-ൽ റോമിലെത്തിയ ഈ കമ്മററിക്ക് തിരുസ്സംഘത്തിൽനിന്നു നല്ലൊരു അഭിപ്രായം സമ്പാദിക്കുവാൻ കഴിഞ്ഞതായി കാണുന്നില്ല. ഈ കമ്മീഷനെ നയിച്ചതു പ്രൊപ്പഗാന്തായിലെ ഒരു പൂർവ്വവിദ്യാർത്ഥിയും

സീറോമലബാർ റീത്തിലെ ഒരു പുരോഹിതനുമായ ജോസഫ് കരിയാററി എന്നദേഹമായിരുന്നു. അവർ ലിസ്ബണിലെത്തിയപ്പോൾ പോർട്ടുഗലിലെ രാജ്ഞി അദ്ദേഹത്തെ കൊടുങ്ങല്ലൂരിൻെറ മെത്രാപ്പോലീത്തയായി നിയോഗിക്കുകയും ആറാം പീയൂസ് മാർപ്പാപ്പ 1782 ഡിസംബർ 16-ാം തീയതി അനുഗീകരിക്കുകയും ചെയ്തു.[52]

മഹാമുഗൾസാമ്രാജ്യത്തിൻെറ (Vicar Apostolic of the great Mogul) വികാരി അപ്പസ്തോലിക്കയായ, വിശുദ്ധ കൊൺറാടിൻെറ ചാൾസച്ച (Fr. Charles of St. Conrad) ൻെറ ഭരണത്തിൻകീഴ് കർമ്മലീത്തരുടെ മലബാറിലെ മിഷൻ എങ്ങനെ പ്രവർത്തിച്ചുവെന്നു വിവരിക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. സ്വന്തം ജീവിതംമൂലം മാതൃക നല്കുവാനുള്ള കർത്തവ്യത്തിൽ മിഷനറിമാർ ഏററിയക്കുറം പരാജയപ്പെട്ടപ്പോൾ തൽസ്ഥാനത്തു വിലപ്പെട്ട സേവനമൊന്നും നല്കാൻ തദ്ദേശവൈദികർക്കു സാധിച്ചതുമില്ല എന്നതു വ്യക്തമാണ്. അതുകൊണ്ടു പുതിയൊരു വിഷമസന്ധിയുണ്ടായതിൽ ആശ്ചര്യപ്പെടേണ്ട. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ 1780 മെയ് 1-ാം തീയതി ബോംബയിലെത്തിയെന്നു മലബാറിൽ അറിവുകിട്ടിയപ്പോൾ മിഷനറിമാർ ആക്രമിക്കപ്പെടുവാൻതുടങ്ങി. മാർത്തോമ്മാക്രിസ്ത്യാനികൾ എപ്പോഴും യൂറോപ്പിൽനിന്നുള്ള കർമ്മലീത്താക്കാർക്കു കീഴ്പ്പെട്ടിരിക്കേണ്ടതായിരുന്നോ, അഥവാ, അവർക്കു തദ്ദേശമെത്രാന്മാരെ ഒരിക്കൽക്കൂടി കിട്ടാൻ അവകാശമുണ്ടായിരുന്നോ? എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. കമ്മീഷനെ തക്ക കാരണംകൂടാതെ കുറേ നാളത്തേയ്ക്കു യൂറോപ്പിൽവച്ചു താമസിപ്പിച്ചുവെന്നു് മാർ ജോസഫ് കരിയാററിയെ റോമിലേയ്ക്കു് അനുധാവനം ചെയ്തിരുന്ന സീറോ മലബാർ റീത്തുകാരനായ വൈദികൻ തൻെറ ജനങ്ങളെ അറിയിച്ചു. പുതിയ തിരുമേനിയോടു് അപമര്യാദയായി പെരുമാറിയോ എന്നതിനെപ്പററി അറിയുന്നതിനായി ഗോവായ്ക്കു പോകുവാൻ ക്ഷുഭിതരായ ചിലർ ഒരുങ്ങിയപ്പോഴാണ് അദ്ദേഹം സെപ്ററംബർ 9-ാം തീയതി അന്തരിച്ചുവെന്ന വാർത്ത പ്രസിദ്ധമായതു്. കഠിന ജ്വരബാധയാലാണ് അദ്ദേഹം മരിച്ചതു്. എങ്കിലും യൂറോപ്യൻ സന്യാസികളാണ് അദ്ദേഹത്തിൻെറ അകാലമൃത്യുവിനു കാരണമെന്നു് ജനങ്ങൾ വിശ്വസിച്ചു. ഗോവാമെത്രാപ്പോലീത്തായെ വല്ലാതെ ഭയപ്പെടുത്തത്തക്കവണ്ണം അത്ര ഗുരുതരമായ പ്രക്ഷോഭണമുണ്ടായി. ഈ വിഷമസന്ധിയിൽ നിരാശനാകാതെ അദ്ദേഹം സംഗതികൾ ശാന്തമാക്കുന്നതിനായി അപ്രതീക്ഷിതമായ ഒരുനടപടി സ്വീകരിച്ചു. അന്തരിച്ച മെത്രാപ്പോലീത്തായുടെ സഹചാരിയും സീറോമലബാർ റീത്തുകാരനുമായ പാറേമ്മാക്കൽ തോമ്മാച്ചനെ രൂപതയുടെ അഡ്മിനിസ്ട്രേററർ ആയി അദ്ദേഹം നിയമിച്ചു. സുറിയാനിക്കാർ ഇതിൽ ആനന്ദതുന്ദിലരായിത്തീർന്നു. തങ്ങളുടെ ചിരപ്രതീക്ഷിതങ്ങളായ

ആഗ്രഹങ്ങളിലൊന്നു ഫലമണിയുവാൻ പോകുകയാണെന്നവർ കരുതി. തോമസച്ചൻ തീർച്ചയായും സ്വന്തം ജനത്തിന്റെ ഒരു മെത്രാപ്പോലീത്തയായി പ്രശോഭിക്കുമെന്നായിരുന്നു വിശ്വാസം. കൊടുങ്ങല്ലൂരിന്റെ അഡ്മിനിസ്ട്രേറ്റർ അവരുടെ പ്രതീക്ഷകൾ സഫലമാക്കാൻ സ്വന്തം കഴിവിന്റെ പരമാവധി ഉപയോഗിക്കുന്നതായി കാണപ്പെട്ടു. വികാരി അപ്പസ്തോലിക്കയായി ഒരു കർമ്മലീത്താക്കാരൻ നിയമിതനാകുക ദുസ്സാധമാകുവാൻ കരിയാററി കൊല്ലപ്പെട്ടുവെന്ന വിശ്വാസത്തെ ജനങ്ങളുടെ മുമ്പിൽ അദ്ദേഹം പിന്താങ്ങി. എന്നാൽ അതേ സമയം പോർട്ടുഗീസ് അധികാരികളുടെ മുമ്പിൽ നേരേ വിപരീതമായാണ് ആദ്ദേഹം സംസാരിച്ചതു്. യഥാർത്ഥത്തിൽ തോമസിന്റെ പേരു് തിരുസംഘത്തിലേയ്ക്കു് നിർദ്ദേശിക്കുവാൻ സുറിയാനിക്കാർ പോർട്ടുഗീസുകാരോടാവശ്യപ്പെടുകയുണ്ടായി.[53] വികാരി അപ്പസ്തോലിക്കയായ ലൂയീസ് മേരി ഓഫ് ജീസസി (പിയാനിസ്സി)ന്റേയും അദ്ദേഹത്തിന്റെ നാലു സഹവർത്തികളുടേയും പ്രൊപ്പഗാന്തായിലേയ്ക്കുള്ള 1787 മേയ് ഏഴാം തീയതിയിലെ എഴുത്തിൽനിന്നും നാം മനസ്സിലാക്കുന്നതുപോലെ, മിഷനറിമാരും സീറോമലബാർ സമുദായങ്ങളും തമ്മിലുണ്ടായ മത്സരം തിരുവിതാംകൂർ മഹാരാജാവു് അവസാനിപ്പിച്ചു. ഈ നാലു മിഷനറിമാരിൽ ഒരാൾ പ്രസിദ്ധനായ പൗരസ്ത്യപണ്ഡിതനും മുൻപു പരാമർശിക്കപ്പെട്ടിട്ടുള്ളവനും ഓസ്ട്രിയാക്കാരനുമായ പൗളിനൂസ് ഓഫ് സെൻറു് ബർത്തലോമ്യു (ഫിലിപ്പ് വെസ്ഡിൻ)[54] ആയിരുന്നു. ഇദ്ദേഹം 1775 മുതൽ 1789വരെ മലബാറിൽ താമസിച്ചിട്ടുണ്ടു്. സുറിയാനി സമുദായത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കണക്കു് ഈ കാലഘട്ടത്തിലേതാണു്. അതുപ്രകാരം അന്നു 84 സുറിയാനികത്തോലിക്കാഇടവകകളും സഭൈക്യത്തിൽനിന്നകന്നിരിക്കുന്നവരുടെ 32 ഇടവകകളും ഉണ്ടായിരുന്നു. സുറിയാനി കത്തോലിക്കർ പിന്നെയും വിഭജിക്കപ്പെട്ടു്, 20 ഇടവകകൾ കൊടുങ്ങല്ലൂരിന്റെ കീഴിലും 64 ഇടവകകൾ വരാപ്പുഴയുടെ കീഴിലും എന്ന വിധം രണ്ടധികാരങ്ങൾക്കു വിധേയരായിരുന്നു.[55]

## മലബാറിലെ സുറിയാനി സഭയുടെ പുരോഗതി പത്തൊമ്പതാം നൂററാണ്ടിൽ

1787-ൽ നാലു മിഷനറിമാരും വികാരി അപ്പസ്തോലിക്കയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീടു് ഒരു മിഷനറിമാത്രം ശേഷിച്ചു. യോഗ്യരായിട്ടുള്ളവരുടെ അഭാവംനിമിത്തം കാര്യശേഷി കുറഞ്ഞവനും പരിമിതവിഭവനുമായ ഫാദർ റൈമണ്ടു് ഓഫ് സെൻറ് ജോസഫ് (റോവീഗ്ഗീയ) 1803-ൽ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. ആദ്യത്തെ എഴുത്തുകുത്തുകൾ നഷ്ടപ്പെട്ടതുമൂലം അദ്ദേഹത്തിന്റെ മെത്രാഭിഷേക

ത്തിനു് ആവശ്യമായ തിരുവെഴുത്തു് 1807–ൽ മാത്രമാണു് കിട്ടിയതു്. ഭാഗ്യവശാൽ 1795 ലെ കൊച്ചിയുടെ പരാജയത്തിനുശേഷം ബ്രിട്ടീഷ്ഭരണകാലത്തു് രാജ്യത്തു് കൂടുതൽ സമാധാനമുണ്ടായി. അപ്പോഠം മുമ്പിലത്തേതുപോലെ മിഷനറിമാർ ഡച്ചുഗവണ്ണർമാരുടെ താളത്തിനൊത്തു തുള്ളേണ്ട ആവശ്യമില്ല എന്ന നിലവന്നു. എങ്കിലും നെപ്പോളിയന്റെ കാലം മുഴുവനും യൂറോപ്പുമായി ബന്ധം പുലത്തുക യാതൊരു വിധത്തിലും സുകരമായിരുന്നില്ല. ഈ കാലഘട്ടം മുഴുവൻ കർമ്മലീത്താക്കാരും, കൊച്ചിയും, കൊടുങ്ങല്ലൂരും ചേന്ന പാദ്രവാദോ ഹയരാക്കിയും തമ്മിൽ ദൗർഭാഗ്യകരമായ തർക്കങ്ങഠം ഉണ്ടായിക്കൊണ്ടിരുന്നു. 1838 ഏപ്രിൽ ഇരുപത്തിനാലാം തീയതിയിലെ മുഠംത്താ പ്രേക്ലാരാ (Multa praeclara) എന്ന തിരുവെഴുത്തുമൂലം പ്രസ്തുത മത്സരങ്ങഠം ഏതാണ്ടവസാനിച്ചു. അപ്പോഠം മാത്രമാണു് വരാപ്പുഴ അപ്പസ്തോലിക വികാരിയാത്തു് ഔദ്യോഗികമായി സംസ്ഥാപിതമായതു്.[56]

പൗരസ്ത്യറീത്തിലുള്ള കർമ്മലീത്താ മൂന്നാംസഭയുടെ സ്ഥാപനമല്ലാതെ ഈ കാലഘട്ടത്തിൽ വേറെ പ്രധാന സംഭവമൊന്നും സീറോമലബാർ സഭയുടെ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടതായിട്ടില്ല. ഫാദർ മാവുരീലിയേ സ്റ്റബെല്ലീനിയാൽ ഭരിക്കപ്പെട്ട അപ്പസ്തോലിക വികാരിയാത്തിന്റെ താല്ക്കാലിക ഭരണകാലത്തു്, സന്യാസജീവിതം കഴിക്കുന്നതിനായി കുറെ വൈദികന്മാർ പാലയ്ക്കൽ തോമ്മാച്ചന്റേയും പോരൂക്കര തോമ്മാച്ചന്റേയും പക്കൽ വന്നുകൂടി. എങ്കിലും സഭ വാസ്തവത്തിൽ സ്ഥാപിതമായതു് 1855 ഡിസംബർ എട്ടാം തീയതി മാത്രമാണു്. അപ്പോഠം അവർ അക്കാലത്തെ വികാരി അപ്പസ്തോലിക്കയായ ബർണാർദീനൂസ് ഓഫ് സെന്റ് തെരേസാ (ജോസഫ് ബാച്ചിനെല്ലി) എന്ന തീക്ഷ്ണമതിയായ വൈദികന്റെ നിയന്ത്രണത്തിൻകിഴ് ആദ്യവ്രതങ്ങഠം എടുത്തു. അന്നു് ആ സഭയിൽ 11 അംഗങ്ങഠം ഉണ്ടായിരുന്നു. അവർ കർമ്മലമാതാവായ അമലോത്ഭവമറിയത്തിന്റെ ദാസന്മാരെന്ന നാമം സ്വീകരിച്ചു. 1860 ഒക്ടോബർ ഒന്നാംതീയതി ആയപ്പോഴേയ്ക്കും കർമ്മലീത്താക്കാരുടെ മൂന്നാം സഭയായിത്തീരത്തക്കവണ്ണം അത്ര തൃപ്തികരമായിരുന്നു അതിന്റെ വളച്ച്. 1885 ജനുവരി ഒന്നാം തീയതി ആറു കൊല്ലത്തേയ്ക്കു് അവരുടെ ന്യായപ്രമാണങ്ങഠംക്കു തിരുസ്സംഘം അംഗീകാരം കൊടുത്തു. പിന്നീടു് 1906 മാർച്ചു്[57] പന്ത്രണ്ടാം തീയതി നിയമപ്രമാണം അന്തിമമായി അംഗീകരിച്ചു. കഴിഞ്ഞ 50 കൊല്ലത്തിനിടയിൽ സുറിയാനി കർമ്മലീത്താക്കാർ അവരുടെ മിഷൻ പ്രവത്തനമണ്ഡലം മലബാർ മുഴുവൻ വ്യാപിപ്പിച്ചിട്ടുണ്ടു്. തെക്കോട്ടു തിരുവനന്തപുരം വരെ അതു നീണ്ടുകിടക്കുന്നു. അവിടെ അവർ സീറോ മലങ്കര അതിരൂപതയ്ക്കുവേണ്ടി വേലചെയ്യുന്നു. വടക്കോട്ടു പോയാൽ

തലശ്ശേരി രൂപതയാണതിൻെറ പരിധി. അവിടെ അവർ കുടിയേറിപ്പാർത്ത സീറോ മലബാർകാരായ ആയിരങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുവരുന്നു. അടുത്ത നാളിൽ സഭ മൂന്നു പ്രോവിൻസുകളായി വിഭജിക്കപ്പെട്ടു.

തദ്ദേശിയ വൈദികന്മാരെ പരിശീലിപ്പിക്കുക വളരെ ഉൽകൃഷ്ടമായ പ്രസ്ഥാനമായിരുന്നു. സീറോമലബാർസമുദായത്തിൽനിന്നു തെരഞ്ഞെടുക്കപ്പെട്ടവരുടെ പരിശീലനത്തിനു് അതു സ്വാഭാവികമായി സഹായിച്ചു. അതിൻെറ ഫലമായി അവരുടെ കത്തോലിക്കാജീവിതവും പ്രവർത്തനങ്ങളും ശക്തിപ്പെടുകയും വർദ്ധമാനമാകുകയും ചെയ്തു. എങ്കിലും മോൺ. ബാച്ചിനെല്ലി വിചാരിച്ചു, വാസ്തവവും അങ്ങനെയായിരുന്നു, ഇടവകപ്പട്ടക്കാരുടെ പരിശീലനം എല്ലാ വിധത്തിലും തൃപ്തികരമാകുന്നതുവരെ സീറോ മലബാർ സമുദായത്തിൻെറ ഭാവി ശോഭനമാക്കുക സാധ്യമല്ലെന്നു്. ഇമ്മാതിരി പ്രവർത്തനങ്ങളിൽ ധീരപരിശ്രമങ്ങൾ ചെയ്യുകയും കരുത്തുററ കാല്പാടുകൾ വയ്ക്കുകയും ചെയ്തിട്ടുള്ള തങ്ങളുടെ മുൻഗാമികളായ ഫ്രാൻസിസ്കരേയും ഈശോസഭക്കാരെയും, കർമ്മലീത്താക്കാർ ഇക്കാര്യത്തിൽ അനുകരിച്ചു. കഴിഞ്ഞ കാലങ്ങളിൽ കൊടുങ്ങല്ലൂർ, വയ്പിക്കോട്ട, അമ്പഴക്കാട്ട് മുതലായ സെമിനാരികൾ നല്ല വൈദികന്മാരെ പരിശീലിപ്പിച്ചിട്ടുണ്ടു്. പിന്നീടു് വരാപ്പുഴയും അതുതന്നെ ചെയ്തിട്ടുണ്ടു്. എങ്കിലും വൈദികന്മാരിൽ ചെറിയൊരു ഭാഗത്തെ പഠിപ്പിക്കുന്നതിനു മാത്രമേ ഈ സെമിനാരികൾക്കു് കഴിഞ്ഞിട്ടുള്ളു. മല്പാൻ എന്നു വിളിക്കപ്പെട്ടുന്നവനും ജ്ഞാനത്തിൽ പ്രശസ്തിയാർജ്ജിച്ചിട്ടുള്ളവനുമായ ഒരു വൈദികൻെറ കീഴിൽ ത്യാഗോന്മുഖവും പ്രാഥമികവുമായ ഒരു പരിശീലനം നടത്തിയശേഷമാണു വൈദികരെല്ലാം പട്ടങ്ങൾ സ്വീകരിച്ചിരുന്നതു്. (സുറിയാനിയിലെ 'മൽപ്പാനാ' എന്ന പദത്തിൽ നിന്നാണു് 'മല്പാൻ' എന്ന പേരുണ്ടായതു്. അതിനു് അദ്ധ്യാപകൻ, പ്രൊഫസർ എന്നൊക്കെയാണർത്ഥം) മല്പാൻ അവരെ ദൈവശാസ്ത്രവും സന്മാർഗ്ഗശാസ്ത്രവും പഠിപ്പിക്കുന്നതോടുകൂടെ സുറിയാനി വായിക്കാൻ പഠിപ്പിക്കുകയും ആരാധന ക്രമങ്ങളെക്കുറിച്ചു കുറെ പ്രായോഗിക ജ്ഞാനം നല്കുകയും ചെയ്തിരുന്നു. ഇപ്രകാരമുള്ള ഒരഭ്യസനം വളരെ അത്യന്താപേക്ഷിതമായിരുന്നു. കാരണം, ആ കാലത്തു സുറിയാനയിലോ മലയാളത്തിലോ ഉള്ള അച്ചടിച്ച പ്രതികൾ കിട്ടാനില്ലായിരുന്നു. തൽഫലമായി, കർമ്മലീത്താക്കാരുടേയും അവരുടെ സ്വദേശിസഹായികളുടേയും പ്രസംഗങ്ങളിൽനിന്നു കിട്ടിയ ജ്ഞാനത്തേക്കാൾ കൂടുതലായ അറിവൊന്നും വിശ്വാസികൾക്കില്ലായിരുന്നു. കൂടാതെ ഭൂരിഭാഗം വൈദികന്മാർക്കും ഡീക്കന്മാർക്കും വ്യക്തിപരമായ അവബോധം ഉളവാക്കുന്ന ഒരു അടിസ്ഥാനാദർശം വിശ്വാസമണ്ഡലത്തിൽ അവർക്കു ലഭിച്ചില്ല.

അതുകൊണ്ടു വളരെ എളുപ്പത്തിൽ ചില സാഹചര്യങ്ങളും പ്രലോഭനങ്ങളും അവരെ വഴിതെററിച്ചു. മോൺ. ബാച്ചിനെല്ലി ധൈര്യസമേതം ഏതാണ്ട് 20 പ്രാദേശിക സെമിനാരികൾ പൂട്ടിച്ചു. അന്നുവരെ സീറോ മലബാർ വൈദികാർത്ഥികൾ പൗരോഹിത്യപഠനം നടത്തിയിരുന്നത് ആ സെമിനാരികളിലാണ്. ആ സെമിനാരികളുടെ സ്ഥാനത്ത് അദ്ദേഹം 5 സെമിനാരികൾ മാത്രമാക്കി. വരാപ്പുഴ ലത്തീൻകാർക്കും സുറിയാനിക്കാർക്കുമായും, എൽത്തുരുത്ത്, വാഴക്കുളം, മാന്നാനം, പുളിങ്കുന്ന് എന്നിവിടങ്ങളിലേത് സുറിയാനിക്കാർക്കു മാത്രമായും ആയിരുന്നു സ്ഥാപിക്കപ്പെട്ടത്. ആ കാലം മുതൽ ഈ സ്ഥാപനങ്ങളിലൊന്നിൽ മുഴുവൻ കോഴ്സ് പൂർത്തിയാകാത്തവർക്ക് വൈദികപട്ടം നല്കിയിരുന്നില്ല. വരാപ്പുഴ സെമിനാരി വിവിധ റീത്തുകളുടേതായിരുന്നു. അവിടെ ആദ്യത്തേ മൂന്നു ലത്തീൻകാരായ വിദ്യാർത്ഥികളെ കൂടാതെ മാന്നാനത്തുനിന്ന് അഞ്ചു സുറിയാനിക്കാരായ വിദ്യാർത്ഥികളേയും സ്വീകരിച്ചു. പ്രസ്തുത സെമിനാരി താമസിയാതെ പുത്തൻപള്ളിയിലേയ്ക്കു മാററി. പിന്നാലെ വിവരിക്കുന്നതുപോലെ മാർ റോക്കോസിൻെറ ശീശ്മയ്ക്കു ഭാഗികമായ കാരണം സെമിനാരിയുടെ നടത്തിപ്പിൻെറ സമൂലമായ മാററം ആയിരുന്നു. എങ്കിലും അടിസ്ഥാനപരമായ ഈ പരിഷ്ക്കാരംമൂലം സീറോ മലബാർസഭ കൃത്യമായി സംസ്ഥാപിതമായി എന്നു പറയാം. അതിൻെറ ഇന്നത്തെ വളർച്ചയുടെ നിദാനം മോൺ. ബച്ചിനെല്ലിയുടെ തെളിവാർന്ന കാഴ്ചപ്പാടും ധൈര്യവുമാണ്. 1886-ൽ പുത്തൻപള്ളിസെമിനാരി സുറിയാനീക്കത്തോലിക്കരുടെ കേന്ദ്രസെമിനാരിയായിത്തീർന്നു. അതു് വരാപ്പുഴ, കൊല്ലം, മംഗലാപുരം എന്നീ രൂപതകളിലെ സ്വദേശികളായ ലത്തീൻ വൈദികരുടെ പരിശീലനകേന്ദ്രം അതുതന്നെയാണ്. 1922-ൽ അതിൽ 120-ൽപ്പരം വിദ്യാർത്ഥികളുണ്ടായിരുന്നു. 1933-ൽ ആലുവായിലേയ്ക്കു മാററിയ പ്രസ്തുത സെമിനാരി 500 ലധികം സെമിനാരിക്കാർക്കു താമസിക്കുവാൻ കഴിയുംവിധം അത്ര വലുതാണ്. ഇപ്പോൾ അവിടെ പഠിക്കുന്നവരിൽ ഭൂരിഭാഗവും പൗരസ്ത്യ റീത്തിൽപ്പെട്ടവരാണ്. ഇപ്പോൾ ദൈവശാസ്ത്രവിദ്യാർത്ഥികൾക്കും തത്വശാസ്ത്രപഠിതാക്കൾക്കും പ്രത്യേകം പ്രത്യേകം കെട്ടിടങ്ങളുണ്ട്. അതു പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള തിരുസംഘത്തിൻെറ ഭരണാധികാരത്തിനു വിധേയവുമാണ്. പ്രധാനപ്പെട്ട ഒരു സീറോമലബാർ രൂപതയായ തൃശ്ശൂരിലെ വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി 1927-ൽ തൃശ്ശൂരിൽ ഒരു സെമിനാരി തുടങ്ങി. എന്നാൽ ചില കാരണങ്ങൾ നിമിത്തം, മിക്കവാറും യോഗ്യമായ ഒരു സ്റ്റാഫിൻേറയും ഭക്ഷ്യത്തിൻേറയും പ്രശ്നങ്ങൾ നിമിത്തം, പ്രസ്തുത സംരംഭം രണ്ടാം ലോകമഹായുദ്ധത്തിനല്പംമുമ്പ് ഉപേക്ഷിച്ചു കളയുകയാണുണ്ടായത്.[58] 1960-ൽ സുറിയാനിക്കാരെ ഉദ്ദേശിച്ച് വടവാതൂരിൽ (കോ

ട്ടയം) സെൻറ് തോമസിൻെറ നാമധേയത്തിൽ ഒരു മേജർ സെമിനാരി ആരംഭിച്ചു. അതു് രൂപതാവൈദികരാണു് നടത്തുന്നതു്. എല്ലാ സീറോമലബാർ രൂപതകാംക്കും ഓരോ പെററിസെമ്മിനാരിയുണ്ടെന്നുള്ളതു് എടുത്തു പറയേണ്ടിയിരിക്കുന്നു. യുവവൈദിക വിദ്യാർത്ഥികളെ ഭൗതികശാസ്ത്രം, ലത്തീൻ, സാമൂഹ്യശാസ്ത്രം, സുറിയാനി മുതലായവ പഠിപ്പിച്ചുകൊണ്ടു തത്വശാസ്ത്രപഠനത്തിനൊരുക്കുകയെന്നുള്ളതാണു് ഈ പെററിസെമിനാരികളുടെ ലക്ഷ്യം.

മോൺ. ജോസഫ് അൻേറാണിയോ മെല്ലാനോ (ലെയനാർഡു് ഓഫ് സെൻറു് ലൂയി) വൈദികരുടെ ഉപയോഗത്തിനായി മലയാളത്തിൽ വളരെ ഗ്രന്ഥങ്ങാം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അവയെല്ലാം മൂന്നാം സഭക്കാരുടെ പ്രസ്സിൽ നിന്നാണു പുറത്തുവന്നതു്. അതു് 1869–ൽ കൂനമ്മാവിൽ സ്ഥാപിതമായി. പ്രസ്തുത പ്രസ്സ് 1880–ൽ വരാപ്പുഴയ്ക്കും അവിടെനിന്നു് 1897–ൽ എറണാകുളത്തേയ്ക്കും മാററി. അദ്ദേഹത്തിൻെറ ഭരണകാലത്തു് സീറോമലബാർ വൈദികക്കായി ഒരു നമസ്കാരപ്പുസ്തകം അച്ചടിച്ചു. സീറോ മലബാർ കത്തോലിക്കരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നതിനായി 1877–ൽ മോൺ. മെല്ലാനോയ്ക്കു് ഒരു സഹായിയെ നല്കിയപ്പോാം ആകുറി വീണതു പുത്തൻ പള്ളിസെമിനാരി സുപ്പീരിയറായ ഫാദർ മാർസെല്ലിനൂസ് ഓഫ് സെൻറ് തെരേസാ (ആൻറണി ബെരാർഡി) എന്നദേഹത്തിനാണു്. അദ്ദേഹം വളരെയധികം ആദ്ധ്യാത്മികഗ്രന്ഥങ്ങളുടെ കർത്താവായിരുന്നു. ഇൻഡ്യൻ ഹയരാക്കിയുടെ സ്ഥാപനത്തോടുകൂടി സീറോമലബാർ കത്തോലിക്കരെ വരാപ്പുഴ മെത്രാപ്പോലീത്തായുടെ അധികാരത്തിൽനിന്നു മോചിപ്പിച്ചപ്പോാം, അതായതു് 1887–ൽ അദ്ദേഹത്തിൻെറ ആവശ്യമില്ലാതായി.

1. മേൽപേജ് 31

2. പി. ഡുജാരിക്കു് Thesaurus Rerum Indicarum കോളോൺ 1615. പേജ് 365–70

3. Subsidium ad Bullarium Patronatus Portugalliae, അലാപ്പെ 1903 പേജ് 12. നികുതി പിരിക്കുവാൻ, പ്രത്യേകിച്ചു പത്രോസിൻെറ പണം പിരിക്കുവാൻ നിയുക്തനായ ഒരാളായിരുന്നു അപ്പസ്തോലിക് കലക്ററർ. കുരിശുയുദ്ധകാലത്തു് ചുമത്തിയിരുന്ന നികുതിയാണതിൻെറ ആരംഭം. എ. മിക്വാഡ് Chambre Apostolique D.D.C. വാല്യം മൂന്നു് പേജ് 405–7 കാണുക.

4. എ. റബ്ബാത്തു് Deux, Lettres du Venerable Pere Abraham di Giorgio Documents inedits pour servir a l'histoire du Christianisme en Orient, പാരീസ് 1905 വാല്യം രണ്ടു് പേജ് 326

5. [4]'Referente cardinale Gesualdo providit (Summus Pontifex) Ecclesiae Angamalensi vacanti per obitum Mar Abraham, de persona Francisci (റോസ് എന്നുകൂടി കൂട്ടിച്ചേർത്തു വായിക്കണം.) fuitque dicta Ecclesia ex metropolitana reducta in episcopatum, et constituta suffranganea metropolitanae Ecclesiae Goanae', A. V., Acta Consistorialia, Acta Camer. വാല്യം 13 fo 133, v. അനേകം വത്തിക്കാൻ രേഖകളുടെ ഒരു ശേഖരത്തിൽനിന്നാണ് ഈ താൾ കാർഡിനൽ സന്തോറെ കണ്ടെടുത്തത്. അത് വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിട്ടുണ്ട്. കർദ്ദിനാൾ ജസ്വാൾദോയുടെ നിർദ്ദേശങ്ങൾ അതിൽ കാണാം. ഈ രേഖയിൽ ത്രൂപതയെക്കുറിച്ച് ഇങ്ങനെ വിവരിക്കുന്നു. 'Angamalensis civitas est in Indiis orientalibus in regno Coccini, cuius rex est gentilis, amicus tamen et tributarius regis Portugalliae, qui civitatem regiam Coccini possidet. In dicta civitate Angamalensi est ecclesia archiepiscopalis, quae habet archidiaconatum, et per archidiaconum exerceri consuevit jurisdictio archiepiscopalis. Adest seminarium, quod regitur a patribus societatis Jesu, et in eo aluntur quinquaginta vel sexaginta ex christianis descendentibus ab eis, qui a S. Thoma apostolo ad veram fidem conversi fuerant, et instruuntur in litteris humanioribus, ac latina et caldea (sic) lingua, necnon in casibus conscientiae, in fidei catholicae rudimentis, et in ritibus ecclesiasticis, jamque e dicto seminario plures exierunt satis bene instructi, et ad sacros et presbyteratus ordines promoti. Prope civitatem sunt duae residentiae seu loca, alterum fratrum praedicatorum, alterum fransciscanorum; et tam seminarium, quam haec duo loca regularium sumptibus regis Portugalliae sustenantur. Ipsa Angamalensis ecclesia hactenus habuit praelatos caldaeos (sic) schismaticos, qui various errores praesertim nestorianos sequuti sunt: hos autem ei praeficere consuevit patriarcha Syriae. In ea cultus divinus lingua et ritu caldaeo (sic) persolvitur. Sub dicta ecclesia tantus est numerus christianorum, qui juxta antiquam traditionem descedunt, sicuti dictum est, ab eis qui ad Christi fidem a sancto Thoma apostolo conversi fuerunt ut sint plus quam ducenti mille, et fere ad 300 mille ascendunt. Inter quos praelatorum et malorum ministrorum culpa nonnulli et errores (non tamen gentilitatis) vigent, quibus expellendis opera datur, et jam illis purgati reperiuntur libri eorum, qua in re promovendus praecipue elaboravit. Ampla est eius dioecesis, et magnam regni Coccini partem complectiur.

Nihil aliud de statu ecclesiae ad praesens haberi potuit; in libris Camerae non reperitur taxata, quia non est solita provideri per hanc sanctam Sedem', A. V., Archiv, Consist, Acta Miscellanea വാല്യം 53, fo. 227

6. Corpo Diplomatico Portuguez, ലിസ്ബൺ, 1902 വാല്യം 12 പേജ് 80–82

7. എ. ജാൻ, Die Katholischen Missionen in Indien, China, Japan പാഡർബോൺ 1915, പേജ് 169

8. 1601 നും 1605 നമിടയ്ക്ക് റോസിനെപ്പററി മാപ്പാപ്പയ്ക്കും കർദ്ദിനാളിനും പോർട്ടുഗൽ രാജാവിനും എഴുതി. മുൻപ്രസ്താവിച്ച ഫാദർ അകവീവയും ഫാദർ ജോൺ ആൽവാരസിനും എഴുതി. A. R. S. J. Goa. 15 ഉം 16 ഉം ആർച്ചുഡീക്കനും പതിനൊന്നു സീറോ മലബാർ വൈദികരും കർദ്ദിനാൾമാർക്ക് എഴുതി. 1602 ഡിസംബർ 13, മേൽ 15, fo. 109, വൈസ്പ്രോവിൻഷ്യാളായ ലേർസിയോ 1604–ലും ഫാദർ സ്റ്റീഫൻ ഡീ ബ്രിട്ടോ 1603–ലും ഫാദർ അകാവീവയെ ഇക്കാര്യത്തെപ്പററി നിർബന്ധിച്ചു. പേജ് 1–2, 133–4, 209–10

9. Bullarium Patronatus...... വാല്യം രണ്ട് പേജ് 8–17

10. ഇ. അമാൻ, Rites Malabares, D. T. C. വാല്യം 9, 1713; വി. ക്രോണിൻ, A pearl to India, ഡി നോബിലിയുടെ ജീവചരിത്രം, ഡോൺ, 1950, പേജ് 210–220

11. ബിഷപ്പ് റോസിൻെറ ഒരു സ്മാരകശില വടക്കൻ പറവൂർ പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ കത്താലിയക്കാരൻ മെത്രാനെപ്പററിയുള്ള ഒരു അപര്യാപ്തമായ ഗ്രന്ഥം അടുത്തകാലത്തു് പ്രസിദ്ധം ചെയ്തിട്ടുണ്ട്. എ. സാൻതോസ് എസ്. ജെ. Frascisco Ros S. J. Arzobispo de Cranganor, Primer Obispo Jesuita, de la India (1557-1624) മാഡ്രിഡ്, 1948

12. കെ. വത്ത്, Das Schisma der. Thomas-Christen unter Erzbischof Franz Garzia. ലിംബർഗ് a. L. 1937 പേജ് 25

13. മുൻകൊല്ലം ഈശോസഭക്കാരെ ഒഴിവാക്കാൻ ആർച്ചുഡീക്കൻ അഗസ്റ്റീനിയൻ സന്യാസികളുമായി രഹസ്യചർച്ചകൾ നടത്തിയിരുന്നു. Relatone Informatoria. A. P. F. scritt Refer (ant) വാല്യം 191. പേജ് 508-32

14. എ. എം. അലോറി II P. Fransesco Donato. O. P. Missionario e Martire nelle Inde Missioni Domenicane 13 (1940) പേജ് 30-1, 34-6.

15. കടുത്തുരുത്തിയിലാണ് ഡൊണാത്തി താമസിച്ചതു്. അദ്ദേഹത്തിൻെറ സ്കൂളും പള്ളിയും ഉണ്ടായിരുന്ന സ്ഥലം ഇപ്പോഴും കാണാം. അതിപ്പോൾ സിമിത്തേരിയായി ഉപയോഗിക്കുന്നു.

16. കെ. വത്തു്, മേൽപേജ് 27 ആർച്ചുഡീക്കന്റെ ചില കത്തു കൾ പ്രകാരം 120 പള്ളികളിലായി 250,000 വിശ്വാസികളും നൂറു വൈദികരും വൈദികവിദ്യാർത്ഥികളും ഉണ്ടായിരുന്നു. 1629 ജനുവരി ഒന്നാം തീയതിയിലെ കത്തു്. A. P. F. Scritt Origin (Lettere Antiche). വാല്യം 98 fol 81 1534 ജനുവരി 4 ലെ കത്തു്. മേൽ Scritt. Refer (ant) വാല്യം 194 fo. 42

17. K. Worth മുൻപറഞ്ഞിരിക്കുന്ന പേജ് 128

18. മുൻഗ്രന്ഥം പേജ് 31. സുറിയാനിക്കാരുടെ പതിവനുസരിച്ചു വികാരിമാരെ നിയമിക്കുന്നതിനുമുൻപു് ആർച്ചുഡീക്കനോട്ടു് അഭിപ്രായം ആരായുന്നില്ല, വൈദികർ പള്ളിവിഹിതത്തിൽ പങ്കു നല്കുന്നില്ല എന്നീ ആരോപണങ്ങൾകൂടി ഉണ്ടായിരുന്നു. പോർട്ടുഗലിലെ കളക്ടർക്കു ആർച്ചുഡീക്കൻ എഴുതിയ കത്തുകാണുക. A. P. F. Scritt Refer (ant) വാല്യം 194 fo. 142–45. ഇടപ്പള്ളിയിൽ വൈദികസമൂഹം രൂപീക രിക്കുകയും എന്നാൽ അതിലെ വൈദികർ ആർച്ചുഡീക്കനെ പിന്താങ്ങി എന്ന കാരണത്താൽ ആ സമൂഹം 1634–ൽ പിരിച്ചുവിടുകയും ചെയ്തു ഈശോസഭക്കാർക്കു് എതിരേയും ആരോപണങ്ങൾ ഉണ്ടായിരുന്നു. ഇ. ആർ. ഹാംബി എസ്. ജെ. The Syrians and t the Jesuits ദീപിക വിശേഷാൽ പതിപ്പു് 1952 പേജ് 245

19. കെ. വത്തു. മുൻഗ്രന്ഥം പേജ് 33

20. കെ. വത്തു. മുൻഗ്രന്ഥം പേജ് 38

21. പ്രൊപ്പഗാന്തരേഖശേഖരത്തിലെ കത്തിന്റെ ലത്തീൻ തർജ്ജമ താഴെ ചേർക്കുന്നു 'In nomine essentiae eternae omnipotentis, Patriarcha D. Thomae Apostoli; Pax Dei Patris, et benedictio Domini nostri Jesu Christi et incubatio Spiritus Sancti. Ecce ego Ignatius Patriarcha Totius Indiae, et Sinarum, mitto vobis Epistolam per manus Diaconorum, qui huc venerunt ex vestra regione. Cum autem legeritis Epistolam, diligenter, mittite ad me duos Sacerdotes, et quadraginta viros. Quos quidem si mittere volueritis, coute mittite illos, atque cito et quamprimum Etenim videntes isti vos, dimittent sine impedimento. Venite, Filii; audite me, et discite a me; quia data est mihi omnis potestas a Domino Papa, scilicet Ignatium omni potestate praeditum esse. Nunc, itaque, ne timeatis, quia veni habens in manibus thesauros multos, et alias magnas divitias, iuxta vestram necessitatem. Quamobrem plurimum satagite, me ad vos adducere; in nomine tamen Dei Genetricis Mariae, tam sacerdotes et diaconi sancti gregis, quam omnes magnates. Et sciatis me ad hanc adventasse urbem Mailpur, quia didici, huc advenire solere plures viros, et sacerdotes, qui me adducere possunt ad vestram regionem Indiarum. Anno

1652, appuli Mailpur mense augusto die 2a. Ad monasterium Jesuitarum, id est····in eodem monasterio dicessor, et ipsi valde mihi favent, eorum merces augeatur hicatque ibi. Pax sit ad illos, et vobiscum, et nobiscum, semper AMEN. (s) Ignatius, Partiarcha totius Indiae et Sinarum, A.R.P. Scritt. Refer. (മൂലപ്രതി) വാല്യം 232, fo, 2, 1 മലബാറിലെ സമുദായനേതാക്കന്മാരുടെ ആവശ്യപ്രകാരം കോപ്റ്റിക്ക് പാത്രിയാക്കീസ് ഇൻഡ്യയിലേയ്ക്കയച്ച ഡമാസ്കസിലെ മുൻയാക്കോബായമെത്രാനാണ ലീൻയകപ അത്തല്ലാൽ അഥവാ അഹത്തല്ല. മൈലാപ്പൂരിലേക്കം കേരളത്തിലേക്കം വരുന്നതിനുമുമ്പ അഹത്തല്ല മൊസൂർ സന്ദശിച്ചു. നെസ്റ്റോറിയൻ പാത്രിയാക്കീസിനേയും കണ്ടു. എം. ലി. കചയൻ Oriens Christan Ws പാരീസ്, 1740, II 1281-2

22. കെ. വത്തു് 43–50

23. മേൽപേജ്. 79–89 കമ്മലീത്തസഭക്കാരുടെ മിഷനെക്കറിച്ച നല്ലൊരു പഠനമാണിതു്.

24. കെ. വത്തു്. പേജ് 129, നമ്പർ 47. ആർച്ചുബിഷപ്പ് ഗാർസിയയുടെ അന്തിമനാളുകളെപ്പററിയും പ്രവത്തനങ്ങളേയുംകറിച്ചും ഡി. ഫെറോളി എസ്. ജെ, Jesuits in Malabar, ബാംഗ്ളൂർ 1957 വാല്യം രണ്ടു് പേജ് 45.

25. ഡി. ഫെറോളി എസ്. ജെ, പേജ് 100-3

26. കെ. വത്തു് മേൽപേജ് 134–50

27. റീത്തിനെ പരാമശിക്കുന്ന ഭാഗം താഴെചേക്കുന്നു. 'Benche non piacira alla Sacra Congregatione divertire i Popoli da proprii riti, come siano lodevoli, et approvati dalla Chiesa: perche non dimeno l 'ignoranza di quei della Serra li rende molto esposti al pericolo d'imbeversi dell' errori de Libri Soriani, che si vanno in volta con l 'accettazione di quel rito, che da loro si osserva, e e quest' istesso da edito (come si e veduto) a Vescovi Scismastici di Babilonia d'insinuarsi per farli ricadere nel Nestorianismo: Percio valendosi dell' instanta che fanno esto medesimi di Maestri che insegnino la lingua latina, procuri onninomente, o comme Vescovo o come Commissario Apostolico, d'introducerla, e stabilircela, e con questa divertirli insensibilimente da quel rito, et indurli al latino. A. P. F. Scritt. Refer. (മൂലരേഖ) വാല്യം 233, fo. 29

28. കെ. വത്തു് മേൽ. 151–63

29. Eustachio di s. maria Istoria della vita. del ven. Mgr. Fr. GIVSEPPE di s. maria de Sebastiani. റോം 1719. പേജ് 277–83

30. കെ. വത്തു്. മേൽപുസ്തകം പേജ് 294–330 Hierarchia Carmelitana. Ser. IV De praesulibus missionis Malabaricae A. O C. D. II (1936) പേജ് 188–98

31. സമസ്ത ഇൻഡ്യയുടെ മെത്രാപ്പോലീത്ത എന്ന പേരിലും പുരാതനകൽദായ മെത്രാന്മാരുടെ പാരമ്പര്യം അനുസരിച്ച ഇൻഡ്യയുടെ കവാടം എന്ന പേരിലും അദ്ദേഹം ഒപ്പിട്ടിരുന്നു. ഡി. ഫെറോളി എസ്. ജെ. മേൽപുസ്തകം പേജ് 123

32. Hierarchia Carmelitana മേൽ 12 (1937) പേജ് 13

33. പരിശുദ്ധാരൂപിയുടെ ബത്തുലോമ്യ അലെപ്പോക്കാരനായ ഒരു മാറോനീത്തക്കാരനായിരുന്നു. അദ്ദേഹം ഹന്നാ എന്നറിയപ്പെട്ടിരുന്നു. സുറിയാനി നന്നായി അറിയാമായിരുന്നതുകൊണ്ടു് വൈദികപരിശീലനത്തിലും ശീശ്മകളുടെ തിരിച്ചുവരവിനും സഹായിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. അമ്പഴക്കാട്ടെ ഈശോസഭക്കാരുമായി അദ്ദേഹം സ്നേഹബന്ധം പുലർത്തിയിരുന്നു.

34. ഡി. ഫെറോളി എസ്. ജെ. മേൽപുസ്തകം പേജ് 183

35. Hierarchia Carmelitana. പേജ് 13–16, Anquetil du Perron, Zend-Avesta പാരീസ് 1772 വാല്യം 1 പേജ് CLXXX–CLXXXII എം. മൽബാവർ Geschichte der katholische missionem in Ostindien. ഫ്രീബർഗ് i B 1852 പേജ് 307-10. പാരീസ് നാഷണൽ ലൈബ്രറിയിലെ കൈയെഴുത്തുഗ്രന്ഥശേഖരത്തിലേ 25–ാം വിഭാഗത്തിൽ 72–ാം അനുബന്ധത്തിലുള്ള മാർ ജേക്കബ് പകർത്തിയ സങ്കീർത്തനം കുറെക്കാലം അലക്സാണ്ടർ ഡിക്യാംപോയുടെ പക്കൽ ഉണ്ടായിരുന്നു. അതിൽ 1660–70 വരെ അദ്ദേഹത്തെക്കുറിച്ചു് അദ്ദേഹംതന്നെ എഴുതിയ വിവരങ്ങളും ഉണ്ടു്. എച്ച്. സോട്ടൻബർഗ്, Catalogues des manuscrits et syiraques et sabeens (mandaites) de la Biblo the que Nationale, പാരീസ് 1874 പേജ് 10

36. 1701 വരെ കൊടുങ്ങല്ലൂരും 1693 വരെ കൊച്ചിയും ഭരിച്ചിരുന്നതു് എക്ലിസിയാസ്റ്റിക്കൽ ഗവണ്ണർമാരാണു്. ഡി. ഫെറോളി എസ്. ജെ. മേൽ, പേജ് 72-87, 97–109

37. Hierarchia Carmelitana പേജ് 17

38. വരാപ്പുഴ സെമിനാരിയുടെ ആദ്യവ്യാഴവട്ടക്കാലത്തെ പ്രവർത്തനം പ്രധാനമായും ലത്തീൻസമുദായത്തിനാണു് പ്രയോജനപ്പെട്ടിരുന്നതു്. സുറിയാനിവൈദികരെ പരിശീലിപ്പിച്ചതു് മിക്കവാറും ഈശോസഭക്കാരാണു്. 1662–ൽ കൊച്ചിയും പരിസരങ്ങളും ലന്തക്കാർ കീഴടക്കിയപ്പോൾ വൈപ്പിക്കോട്ട സെമിനാരി അമ്പഴക്കാട്ടേയ്ക്കു മാററി. പുതിയ ഭവനം 1790–ൽ ടിപ്പുസുൽത്താൻ നശിപ്പിച്ചതുവരെ മൂന്നുനാലു കൊല്ലം കൂടുമ്പോൾ ശരാശരി നാല്പതു വൈദികരെ അവിടെ പരിശീലിപ്പിച്ചിരുന്നു. അമ്പഴക്കാട്ട് മലബാർ പ്രോവിൻസിൻെറ വൈദികാത്ഥിവിദ്യാലയം 1667–ൽ സ്ഥാപിക്കപ്പെട്ടു. ഡി. ഫെറോളി എസ്. ജെ. മേൽ.

286-97, 550-1. ഈശോസഭാകോളേജിൻെറ അവശിഷ്ടങ്ങരം അമ്പഴക്കാട്ട് അടുത്തുള്ള സമ്പാളൂരിൽ (സെൻറ് പോരംസ്) കാണാം.

39. മാർ സൈമണെപ്പററിയുള്ള വിവരം പല കഥകരം നിറഞ്ഞ ഒന്നാണ്. എങ്കിലും പ്രസിദ്ധീകരിക്കാത്ത രേഖകളിൽനിന്ന് താഴെ പറയുന്ന കാര്യങ്ങരം വ്യക്തമാകും. (1) റോമിൻെറ ഐക്യത്തിലുള്ള കൽദായയിലേ കത്തോലിക്കാമെത്രാനായിരുന്നു അദ്ദേഹം 2) ഡിയർബെക്കിർ ആയിരുന്നു സ്വദേശം. ഏഷ്യാമൈനറിലേ അഡാണയിലേ സ്ഥാനികമെത്രാനോ യഥാത്ഥമെത്രാനോ ആയിരുന്നു അദ്ദേഹം. 3) ഒരു പുതിയ കത്തോലിക്കാ പാത്രിയാക്ക്സ്ഥാപനം സ്ഥാപിച്ച ഡിയർ ബെക്കിറിലേ കൽദായരുടെ പുനരൈക്യം പ്രമാണിച്ചായിരിക്കണം അദ്ദേഹം മലബാറിനു വന്നതു്. 4) ഇൻഡ്യയിലേയ്ക്കു യാത്ര പുറപ്പെടുന്നതിനുമുമ്പ് അദ്ദേഹം ലിസ്ബണിലും റോമിലും ചെന്നിട്ടുണ്ട്. 5) മലബാറിലെ യാക്കോബായക്കാരുടെ പുനരൈക്യം ത്വരിതപ്പെടുത്തുവാൻ മലബാറിലേയ്ക്കു പോരാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തി. അഞ്ചലോ ഫ്രാൻസിസ് സി. ഡി.യെ വാഴിച്ചശേഷം അദ്ദേഹം ബലപ്രയോഗത്താൽ പോണ്ടിച്ചേരിയിലേയ്ക്ക് അയയ്ക്കപ്പെട്ടു. 1720 ആഗസ്റ്റ് 16-ാം തീയതി മരിക്കുന്നതുവരെ അദ്ദേഹം അവിടെ ജീവിച്ചു. ബർത്തലോമ്യയുടെ പൗളീനൂസ് India orientalis Christiana. റോം 1794 പേജ് 250–54 ഇ. തിസ്സരാങ്ങ് Eglise Nestorienne D. T. C. വാല്യം XI 238-40

40. Hierarchia carmelitana പേജ് 22–7

41. 1659 സെപ്ററംബർ മൂന്നാംതീയതി ഗാർസീയാ മെത്രാപ്പോലീത്ത മരിച്ചതിനുശേഷം മലബാറിൽ താമസിക്കുന്ന ആദ്യത്തെ ഈശോസഭാ മെത്രാനാണ് ജോൺ റബയിരാ. പോർട്ടുഗൽ, മെത്രാപ്പോലീത്തയായി നിയമിച്ച വൈദികർ തൽസ്ഥാനം നിരസിക്കുകയോ അവക്ക് മലബാറിലെത്തിച്ചേരാൻ കഴിയാതെ വരികയോ ചെയ്തു. ഡി. ഫെറോളി എസ്. ജെ. പേജ് 45–87 മോൺസിഞ്ഞോർ റബയിരയുടെ കാലംമുതൽ പുത്തൻചിറയിലാണ് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തമാർ താമസിച്ചിരുന്നതു്. ആ പള്ളിയിൽ നാലു മെത്രാൻമാർ കബറടങ്ങിയിട്ടുണ്ട്. അവരുടെ സ്മാരകശില ഇപ്പോഴും അവിടെ കാണാം. വെസ്റ്റഫാലിയിൽനിന്നുള്ള ജമ്മൻകാരനായ ഫാദർ ഏണസ്റ്റ് ഹാൻക്സ്ലേഡൻ എസ്. ജെ. ആയിരുന്നു റബയിരയുടെ സഹപ്രവത്തകരിൽ ഒരാരം (1681—1732). അദ്ദേഹം മലയാളത്തിലും സംസ്കൃതത്തിലും പണ്ഡിതനായിരുന്നു. മുപ്പതു വഷക്കാലം കേരളത്തിൽ പ്രവത്തനം നടത്തി. മലയാളഭാഷയിൽ അദ്ദേഹം രചിച്ച മതഗീതങ്ങരം അടുത്തകാലംവരെ വലിയ നോമ്പുകാലത്തു് കേരളകത്തോലിക്കർ പരായണം ചെയ്യുമായിരുന്നു. മേൽ (പേജ് 315–32)

42. Hierarchia Carmelitana പേജ് 22–7

43. Hierarchia Carmelitana പേജ് 27-32

44. ഡോം മനവെൽ കാർവാൽഹോ പിമെൻറൽ എസ്. ജെ. യെപ്പററി ഡി. ഫെറോളി എസ്. ജെ. മേൽപേജ് 91. ഡോം ഫ്രാൻ

സിസ്ക്കോ ഡി വാസകോൺസേലോസ് എസ്. ജെ. യെപ്പററി അതേ പുസ്തകത്തിൽ (മേൽപേജ് 110) പ്രതിപാദിക്കുന്നു.

45. നെസ്തോറിയൻ കാതോലിക്കോസ് എലയാസ് പതിനൊന്നാമൻ (1700–22) ആണ് ഗബ്രിയേലിനെ അയച്ചതു്. മൊസൂളിനടുത്ത ഹോർമിസ്ദ് റബ്ബാൻ എന്ന സ്ഥലത്തു താമസിച്ചിരുന്ന കൽദായ പാത്രിയാക്കീസിൻെറ താഴ്വഴിയിൽപ്പെട്ട ആളായിരുന്നു ഗബ്രിയേൽ, ഡി. ഫെറോളി എസ്. ജെ. മേൽപേജ് 330, ഇ. തിസ്സരാങ്ങ് Eglise Nestorienne, D. T. C. വാല്യം പതിനൊന്ന് പേജ് 238-9, 263.

46. Hierarchia Carmelitana പേജ് 217–26.

47. Hierarchia Carmelitana (1938) പേജ് 17–37

48. അൻകേററിൽ ഡു പെറോൺ മേൽപുസ്തകം വാല്യം Ia പേജ് CLXXXIII, CLXXXIX, CLVII

49. Hierarchia Carmelitana· പേജ് 145

50. മേൽപേജ് 153

51. മാർത്തോമ്മ ആറാമൻ യഥാർത്ഥത്തിൽ മെത്രാൻപട്ടം സ്വീകരിക്കുകയും മാർ ഡയനീഷ്യസ് ഒന്നാമൻ എന്ന പേരു സ്വീകരിക്കുകയും ചെയ്തു. വേർപെട്ടുപോയ മെത്രാനെ പുനരൈക്യപ്പെടുത്താൻ വേണ്ട നയങ്ങളെ നും കർമ്മലീത്താമിഷനറിമാർ സ്വീകരിച്ചിരുന്നില്ല എന്നാണ് തോന്നുന്നതു്. പ്ലാസിഡ്. The efforts for reunion in Malankara. South India. Unitas. 5(1953) പേജ് 12–15

52. C. de Nazareth, Mitras Lusitanas no Oriente. ഗോവ 1924 വാല്യം II, പേജ് 50

53. മേൽപേജ് 56

54. Hierarchia Carmelitana പേജ് 214–19.

55. ഈ പണ്ഡിതൻെറ പ്രവർത്തനത്തെപ്പററി ഡി. ഫെറോളി എസ്. ജെ. മേൽഗ്രന്ഥം പേജ് 118–20

56. ബർത്തിലോമ്യയുടെ പൗളീനൂസ്. മേൽപേജ് 86. Notitia···· Missionis Malabaricae ഡി. ഫെറോളി ഉദ്ധരിച്ചതു് പേജ് 128.

57. Bullarium Pon titicum S. C. de Propaganda Fide, റോം 1841, വാല്യം V പേജ് 164-8

58. Hierarchia Carmelitana പേജ് 14 (1939) പേജ് 30 The Carmelete Congregation of Malabar തൃശ്ശിനാപ്പിള്ളി, 1932 പേജ് 1-47

59. Catholic Directory of India മദ്രാസ്, 1932 പേജ് 354

അഞ്ച്

# മെസപ്പൊട്ടേമിയായുമായുള്ള ബന്ധങ്ങൾ

പതിനഞ്ചാം നൂററാണ്ടിൻെറ അന്തിമഘട്ടത്തിൽ പോർട്ടു ഗീസുകാർ ഇവിടെ വരുന്നതുവരെ, ഇൻഡ്യയിലെ ക്രിസ്തീയ സമൂഹങ്ങൾക്ക സാധാരണയുണ്ടായിരുന്ന സഭാബന്ധ ങ്ങൾ സെലൂച്ചിയ-സെസിഫോൺ കാതോലിക്കോസിനോടു മാത്രമായിരുന്നു. മെസപ്പൊട്ടേമിയൻ നദീമുഖവും ഭാരത ത്തിൻെറ ദക്ഷിണദേശവും തമ്മിൽ സമ്പർക്കം പുലത്തുക താര തമ്യേന സുകരമായിരുന്നു. മഹാസമുദ്രങ്ങളിൽക്കൂടിയുള്ള കപ്പൽ യാത്രമാത്രമായിരുന്നു അപകടകരം. പേർഷ്യൻ ഉൾക്കട ലിൻെറ തീരത്തിലൂടെയുള്ള സഞ്ചാരത്തിനു രാഷ്ട്രീയപ്രതി യോഗികൾ ചിലപ്പോൾ പ്രതിബന്ധം സൃഷ്ടിച്ചിരുന്നു. എന്നാൽ, സുഗന്ധവസ്തുക്കളുടെ വ്യാപാരം സുഗമമായി നടത്തേ ണ്ടതു് എല്ലാവരുടേയും ആവശ്യമായിരുന്നതുകൊണ്ടു് പ്രസ്തുത പ്രയാസങ്ങൾ ദീർഘനാൾ നീണ്ടുനിന്നില്ല. ഇതിൽനിന്നു ആദ്യനൂററാണ്ടുകളിൽ ഇൻഡ്യയിലെ സഭ സെലൂച്ചിയായിലെ കാതോലിക്കോസിൻെറ സംരക്ഷണയിൽ കഴിഞ്ഞിരുന്നു വെന്നും ഇൻഡ്യയിലെ സഭക്കു നിരന്തരം മെത്രാന്മാരേയും വൈ ദികന്മാരേയും ലഭിച്ചിരുന്നു എന്നതും ഏറെക്കുറെ തീർച്ചയുള്ള വസ്തുതയാണ്. എന്നാൽ ഇക്കാര്യത്തിനു് തെളിവായി പ്രത്യ ക്ഷമായ ചരിത്രരേഖകളൊന്നും ലഭ്യമല്ല. അതിനു കാരണവു മുണ്ടു്. മുമ്പു് സൂചിപ്പിച്ചിട്ടുള്ളതുപോലെ മെസപ്പൊട്ടേമി യൻ പള്ളികളിലെ കൈയെഴുത്തു ഗ്രന്ഥങ്ങളിൽ ഏറിയകൂറും പതിമൂന്നാംനൂററാണ്ടിൽ നശിപ്പിക്കപ്പെട്ടു. ഉദയംപേരൂരിലെ സൂനഹദോസിൽവെച്ചു് ഇൻഡ്യൻസഭയുടെ എല്ലാ രേഖകളും നശിപ്പിക്കപ്പെട്ടുവല്ലോ. നമുക്കു ലഭിച്ചിട്ടുള്ള മദ്ധ്യശതകങ്ങ ളിലേ ഒരേയൊരു സീറോ-മലബാർ കൈയെഴുത്തു ഗ്രന്ഥ ത്തിൻെറ കൈയെഴുത്തു പ്രതിയിൽ കാതോലിക്കോസ് യാബ

ല്പാഹമൂന്നാമൻെറ സമകാലീനനായ മെത്രാപ്പോലീത്തായുടെ പേരു കാണുന്നുണ്ട് എന്നതു സ്മരണീയമാണ്.[1] ആരാധനക്രമങ്ങളുടെ കൈയെഴുത്തു ഗ്രന്ഥങ്ങൾ നശിപ്പിച്ചു കളയുവാൻ ഫ്രാൻസിസ് റോസ് നിർബന്ധിക്കപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ ഹയരാക്കിയെ സംബന്ധിച്ച ഏറെ വസ്തുതകൾ അവയിൽനിന്നു ലഭിക്കുമായിരുന്നു എന്നതു് ഒരു വസ്തുതയാണ്.

## പൗരസ്ത്യകാതോലിക്കോസിനോടുള്ള വിശ്വസ്തത

വത്തിക്കാൻ ഗ്രന്ഥപ്പുരയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന രേഖയിൽനിന്നു (Vatic Syr. 204)[2] ഇൻഡ്യയിലെ ക്രിസ്ത്യാനികൾക്കു മെത്രാപ്പോലീത്താമാരേയും മെത്രാന്മാരേയും എങ്ങനെ ലഭിച്ചിരുന്നെന്നു നമുക്കറിയാൻ കഴിയുന്നുണ്ട്. ഇതിനായി മാത്രം കാതോലിക്കാമാർ മെസപ്പൊട്ടേമിയൻ സന്യാസികളെ അഭിഷേകം ചെയ്തിരുന്നു; എന്നാൽ തദ്ദേശീയവൈദികരിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്ന മെത്രാനെ അഭിഷേകം ചെയ്യാൻ അവരെ അനുവദിച്ചിരുന്നില്ല.

പോർട്ടുഗീസുകാർ ഇൻഡ്യയിൽവന്നെത്തി അധികം താമസിയാതെ ഓർമൂസിൽനിന്നു ബസ്റായിലേയ്ക്കുള്ള സമുദ്രമാർഗ്ഗത്തിൽ നടത്തുന്ന സുഗന്ധവ്യാപാരം നിരോധിക്കാൻ എന്ന വ്യാജേന മലബാർ ഹയരാക്കിക്കു പുതിയ മെത്രാന്മാരെ ലഭിക്കാനുള്ള സാധ്യത ഇല്ലാതാക്കി. സഭാഭരണത്തിൻെറ കുത്തക ഗോവാമെത്രാപ്പോലീത്തായ്ക്കു മാത്രമായിത്തീർന്നു. ലത്തീൻ റീത്തിനും പുതുതായി മാമ്മോദീസസ്വീകരിച്ച ലത്തീൻ ക്രിസ്ത്യാനികൾക്കുമായി നൽകിയ ഗോവ അതിമെത്രാസനത്തിൻെറ അധികാരപരിധിയിൽ സീറോമലബാർ റീത്തിനെക്കൂടി ഉൾപ്പെടുത്തി തെററായ അവകാശം സ്ഥാപിക്കുകയാണുണ്ടായതു്. പത്രോസിൻെറ സിംഹാസനത്തോടു ഗാഢമായി ബന്ധപ്പെട്ടിരുന്നവരും റോമിൽനിന്നു പതിവായി അയയ്ക്കപ്പെട്ടിരുന്നവരുമായ മെസപ്പൊട്ടേമിയൻ മെത്രാന്മാർ മലബാറിൽ പ്രവർത്തിക്കാതിരിക്കാൻ രാഷ്ട്രീയാധികാരികളുടെ സഹായത്തോടെ സഭാനിയമത്തിനു വിരുദ്ധമായി പ്രസ്തുത അധികാരം ദുരുപയോഗിക്കപ്പെട്ടു. മാർ ജോസഫ് സഹിച്ച കഷ്ടപ്പാടുകൾ ഇത്തരം ഏകാധിപത്യമനഃസ്ഥിതിക്കു് ഉത്തമോദാഹരണമാണ്.

ഒരു ജനതയുടെ പാരമ്പര്യങ്ങൾ പെട്ടെന്നു മാററുക എളുപ്പമല്ല; മതസംബന്ധമായ പാരമ്പര്യമാകുമ്പോൾ പ്രത്യേകിച്ചും. അതുകൊണ്ട് മെസപ്പൊട്ടേമിയയിൽനിന്നു വരുന്ന ഒരു മെത്രാൻെറ ആഗമനത്തിൽ, അദ്ദേഹം മെത്രാൻപട്ടം യഥാർത്ഥത്തിൽ സ്വീകരിച്ചിരുന്നവനായാലും മെത്രാൻപട്ടം ഉണ്ടെന്നു വ്യാജ

മായി നടിക്കുന്നവനാലും, കത്തോലിക്കനോ, നെസ്തോറിയനോ, യാക്കോബായനോ ആയിരുന്നാലും, മാർത്തോമ്മാ ക്രിസ്ത്യാനികൾ പൊതുവെ ആവേശഭരിതരായിരുന്നുവെന്നും മനസ്സിലാക്കുവാൻ പ്രയാസമില്ല. ഇതിനു വേണ്ടത്ര ഉദാഹരണങ്ങൾ മുമ്പു വിവരിച്ചിട്ടുണ്ട്. റോമിൽനിന്നു് പാത്രിയാക്കീസായി നിയമിതനായിട്ടുള്ളതാണെന്ന വ്യാജഭാവത്തിൽ വന്ന അഹത്തല്ല എന്ന സന്യാസിയുടെ സാന്നിദ്ധ്യംകൊണ്ടുണ്ടായ കുഴപ്പങ്ങളാണ് ഏററം ദുർഭഗമായതു്. ആ യാക്കോബായമെത്രാൻ എത്രമാത്രം വിജയം വരിച്ചുവെന്നു് പിന്നീട് മനസ്സിലാക്കാം. തോമസ് ഡി ക്യാംപോയുടെ വിഘടിതവിഭാഗത്തിൽ നിലവിലിരുന്ന ദൈവശാസ്ത്രസിദ്ധാന്തങ്ങൾ വ്യത്യാസപ്പെടുത്തുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. കൂടാതെ യാക്കോബായ പഠനങ്ങൾ അവരുടെമേൽ വേണ്ടവണ്ണം കുത്തിച്ചെലുത്തുകയും ചെയ്തു. പൗരസ്ത്യകാതോലിക്കാമാരെന്ന പേരിൽ വന്ന മററനേകം വ്യക്തികൾ തദ്ദേശീയ ഹയരാർക്കിയിൽ കുഴപ്പമുണ്ടാക്കുന്നതിനു് മാത്രമേ കാരണമായുള്ളൂ. ആശ്ചര്യാവഹങ്ങളായ രണ്ടു സംഭവങ്ങൾകൂടി ഇവിടെ എടുത്തുപറയേണ്ടതുണ്ട്. കൽദായയിൽനിന്നുള്ള കത്തോലിക്കാമെത്രാന്മാരായ മാർ റോക്കോസും മാർ മേലൂസും റോമിൽനിന്നുള്ള എതിർപ്പിനെ അവഗണിച്ചുകൊണ്ടു് സീറോമലബാർ കത്തോലിക്കരെ വീണ്ടും ബാബിലോൺ പാത്രിയാക്കീസിന്റെ ഭരണത്തിൻ കീഴിലാക്കുന്നതിനു് ചെയ്ത പ്രയത്നങ്ങളാണവ.

## നൂതനസമീപനങ്ങൾ

മുൻസൂചിപ്പിച്ച അവസാനത്തെ രണ്ടു യത്നങ്ങൾക്കുമുമ്പുതന്നെ സീറോമലബാർ ക്രിസ്ത്യാനികൾ ലത്തീൻമിഷനറിമാരെ നിയന്ത്രിക്കുന്നതിനായി മെസപ്പൊട്ടേമിയായിലേയ്ക്കു് അപേക്ഷിക്കണമെന്നു് പല പ്രാവശ്യം തീരുമാനിച്ചിരുന്നതാണ്. കൊടുങ്ങല്ലൂരിന്റെ അഡ്മിനിസ്ട്രേററർ ആയ പാറേമ്മാക്കൽ തോമ്മാച്ചനെ തങ്ങളുടെ മെത്രാപ്പോലീത്തയായി നിയമിച്ചു കിട്ടുന്നതിനു് 1787-ൽ ഒരപേക്ഷയയയ്ക്കണമെന്നവർ തീരുമാനിച്ചതിനു പ്രാരംഭമായി ഒരു കത്തു് സമുദായാംഗങ്ങളുടെയിടയിൽ വിതരണം ചെയ്തിരുന്നു. പോർട്ടുഗലിലെ രാജ്ഞി അവരുടെ സ്ഥാനാർത്ഥിയെ നിയമിക്കുവാൻ വിസമ്മതിക്കുകയാണെങ്കിൽ കൽദായ പാത്രിയാക്കീസായ ജോസഫ് നാലാമനോട് (ഭരണകാലം 1757-81, മരണം 1791) ആവശ്യപ്പെടുന്നതിനുള്ള സാധ്യത അതിൽ പ്രസ്താവിച്ചിരുന്നു. വാസ്തവത്തിൽ, മലബാറിലെ ക്രിസ്ത്യാനികളുടെ അപേക്ഷ പ്രൊപ്പഗാന്താ തിരുസംഘം സ്വീകരിച്ചില്ലെന്നു വന്നപ്പോൾ അവർ ജോസഫ് നാലാമനു് ഒരു കത്തെഴുതി. ആ എഴുത്തു കിട്ടിയതു് മൊസൂളിന്റെ മെത്രാപ്പോലീത്തായായ ജോൺ

ഹോർമെസിനാണ്.[3] അദ്ദേഹം നെസ്തോറിയനിസത്തിൽ നിന്നു പുതുതായി മാനസാന്തരപ്പെട്ടയാളായിരുന്നു. ജോസഫ് നാലാമൻ റോമിൽ ആയിരുന്നപ്പോൾ കാതോലിക്കാസിംഹാസനത്തിലേ താല്ക്കാലിക അഡ്മിനിസ്ട്രേറ്റർ ആയിരുന്നതും അദ്ദേഹം തന്നെയാണ്. പ്രസ്തുത എഴുത്തു കിട്ടിയ ഉടനെ നിർദ്ദേശങ്ങൾ ആരാഞ്ഞുകൊണ്ട് അദ്ദേഹം റോമിലേക്കെഴുതി. പതിനാറു മാസത്തെ കാത്തിരുപ്പിനുശേഷം പുത്തൻചിറയിൽനിന്നുള്ള അപ്രശസ്തനായ ഒരു പോൾ പണ്ടാരിയെ (Paul Pandari) അഭിഷേകം ചെയ്യുന്നതു് യുക്തമായിരിക്കുമെന്നദ്ദേഹം വിചാരിച്ചു.[4] ജോസഫ് നാലാമനെ അറിയിച്ചതുപോലെ വളരെയേറെ അസ്വസ്ഥത നിറഞ്ഞ മലബാർ രൂപതയ്ക്കുവേണ്ടി അദ്ദേഹം പോൾ പണ്ടാരിയെ അഭിഷേകം ചെയ്തു. ഈ പ്രവൃത്തി റോമിനു് ഇഷ്ടമായില്ല. എങ്കിലും ഉത്തമവിശ്വാസത്തോടെയാണ് ഹോർമെസ് അങ്ങനെ ചെയ്തതെന്നു ബോധ്യമായപ്പോൾ ഒരൊത്തുതീർപ്പിലെത്തുവാൻ റോം സന്നദ്ധമായി. 1801-സെപ്റ്റംബർ ഇരുപത്തിയേഴാം തീയതി പ്രൊപ്പഗാന്താതിരുസംഘം മുഴുവനായി കൂടിയപ്പോൾ പ്രൊപ്പഗാന്താകോളേജിലെ ഒരു പൂർവ്വവിദ്യാർത്ഥിയും സാൽമസിന്റെ മെത്രാനുമായ മാർ ജോൺ ഗുരിയേലിനെ (Mare John Guriel) മലബാറിലേയ്ക്കയയ്ക്കാൻ നിശ്ചയിച്ചു. ഈ തീരുമാനം നവമ്പർ എട്ടാം തീയതി മാപ്പാപ്പ അംഗീകരിച്ചു. എന്നാൽ ആദ്യം തയ്യാറാക്കിയ നിയമനത്തിലെ വാചകത്തെക്കുറിച്ചു തിരുസംഘത്തിനു് സംശയമുണ്ടായി. അതുകൊണ്ട് 'കൽദായപാത്രിയാക്കേറ്ററിന്റെ അഡ്മിനിസ്ട്രേറ്ററുടെ നാമത്തിലുള്ള സന്ദർശകൻ' (Visitor in the name of the Administrator of the Chaldean Patriarchate) എന്ന സംജ്ഞയ്ക്കുപകരം 1802 ആഗസ്റ്റ് ഇരുപത്തിയെട്ടാം തീയതിയിലെ കല്പനയിൽ 'തിരുസിംഹാസനത്തിന്റെ മനോഗുണത്താലുള്ള അപ്പസ്തോലികസന്ദർശകൻ' (Apostolic Visitor ad beneplacitum sanctae Sedis) എന്ന സംജ്ഞയാണ് ഗുരിയേലിനു നല്കിയതു്. സുറിയാനി സമുദായങ്ങളെ യോജിപ്പിക്കുന്നതിനു് മാർ ഗുരിയേലുമായി സഹകരിക്കുവാനായി കർമ്മലീത്താമിഷനറിമാർ ക്ഷണിക്കപ്പെട്ടു എങ്കിലും ഏതോ അജ്ഞാതമായ കാരണത്താൽ ഈ സന്ദർശനം നടന്നില്ല.

മലബാറിലെ കാര്യങ്ങളിലുള്ള മെസപ്പൊട്ടേമിയായുടെ ഈ ഇടപെടൽ പരാജയപ്പെട്ടതു് ഇരുരാജ്യങ്ങളിലും മോഹഭംഗങ്ങൾക്കു് ഇടയാക്കിയെന്നതിനു സംശയമില്ല; എന്നാൽ ജോൺ ഹോർമെസിനെപ്പററിയുള്ള സംശയങ്ങൾ അദ്ദേഹത്തിന്റെ എതിർപാർട്ടി ഉന്നയിച്ചതാണെങ്കിലും അവ തള്ളിക്കളയുവാൻ പ്രൊപ്പഗാന്തായ്ക്കു കഴിഞ്ഞില്ല. അതുകൊണ്ട് ഗുരുതരമായ പ്രതിസന്ധിയെ സ്വയം അഭിമുഖീകരിക്കുന്ന ഒരു സഭ

യിലെ മെത്രാന്മാരുടെ സഹായം തേടിക്കൊണ്ടു്, മലബാറിൽ സമാധാനം സ്ഥാപിക്കുവാൻ പ്രൊപ്പഗാന്താ മടി കാണിച്ചതെന്തുകൊണ്ടാണെന്നു് വ്യക്തമാണു്. പ്രസ്തുത കാരണംകൊണ്ടു തന്നെയാണു് മലബാറിലെ അപ്പസ്തോലിക വികാരിയാത്തിന്റെ അഡ്മിനിസ്ട്രേറ്റർ മൗരീലിയോ-സ്റ്റബെല്ലീനി 1830-ൽ സീറോ മലബാറിയൻ ആരാധനക്രമങ്ങൾ പുനഃപരിശോധന നടത്തുവാൻ പ്രാപ്തനായ ഒരു വൈദികനെ ആവശ്യപ്പെട്ടപ്പോൾ പ്രൊപ്പഗാന്താതിരുസംഘം ആദ്യം അന്ത്യോക്യൻ റീത്തിലെ സുറിയാനിക്കത്തോലിക്കരുടെ പാത്രിയാക്കീസായ മൈക്കൾ ജാർവെയെ (Michael Gjarweh) സമീപിച്ചതു്.[5] 1831 ജനുവരി രണ്ടാംതീയതി മെസപ്പൊട്ടേമിയായിലേയ്ക്കൊരു കത്തയച്ചെങ്കിലും അതു കിട്ടിയതു് ബാഗ്ദാദിലെ ലത്തീൻ മെത്രാപ്പോലീത്തായ്ക്കാണു്. സീറോമലബാർ സഭയുടെമേൽ അധികാരത്തിനായുള്ള കൽദായ പാത്രിയാർക്കീസിന്റെ അവകാശവാദങ്ങളൊന്നും പ്രൊപ്പഗാന്താതിരുസ്സംഘം സ്വീകരിച്ചില്ല എന്നതു് സ്പഷ്ടമായിരുന്നു.

## നേരിട്ടുള്ള അപേക്ഷ

പുതുതായി നിയമിതനായ കൽദായ പാത്രിയാക്കീസ് ജോസഫ് നാലാമൻ 1849 ഡിസംബർ ഇരുപത്തിനാലാം തീയതി എഴുതിയ ഒരു കത്തു് 1850-ൽ റോമിൽ കിട്ടിയപ്പോൾ അവർ വളരെ വിസ്മയിച്ചു. കൊച്ചിയിലെ യാക്കോബായ മെത്രാൻവഴി നല്ലപ്പെട്ട രണ്ടു് അപേക്ഷകൾ അതിലുണ്ടായിരുന്നു. മെസപ്പൊട്ടേമിയരായ വൈദികരിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട ഒരു മെത്രാനെ മലബാറിനായി കിട്ടണമെന്നുള്ളതായിരുന്നു കത്തുകളുടെ ലക്ഷ്യം. വരാപ്പുഴ വികാരി അപ്പസ്തോലിക്കയായ ലൂയിസ് ഓഫ് സെൻറ് തെരേസാ വ്യക്തമാക്കുന്നതുപോലെ, മൂറുംത്താപ്രെക്കാര എന്ന തിരുവെഴുത്തിനു വഴങ്ങുവാൻ വിസമ്മതിക്കുകയും പാദ്രുവാദോയോടു ചേർന്നുനില്ക്കുകയും ചെയ്ത കുറെ സുറിയാനിക്കാരിൽനിന്നായിരുന്നു പ്രസ്തുത സംരംഭത്തിന്റെ ആരംഭം. കൊടുങ്ങല്ലൂർ, കൊച്ചിരൂപതകളുടെ അഡ്മിനിസ്ട്രേറ്റർ അഥവാ മെത്രാൻ സ്ഥാനപതിയായ മാനുവേൽ ഡി സാൻ യോവാക്കിം ദെസ് നേവെസ്[6] ആണു് അവർക്കു് നേതൃത്വം നൽകിയതു്. തികച്ചും അഗണ്യരായ ഇക്കൂട്ടർ വളരെ പ്രാധാന്യം നേടാൻ കാരണമായി. എന്തുകൊണ്ടെന്നാൽ യഥാർത്ഥമായ ഒപ്പുകളോടുകൂടെ വളരെയേറെ കള്ളയൊപ്പുകളും ചേർത്താണു് കത്തുകൾ റോമിലേയ്ക്കയച്ചതു്. പക്ഷെ, അവിടെനിന്നു് പെട്ടെന്നു മറുപടിയൊന്നും കിട്ടിയില്ല. 1852 ജനുവരി ഇരുപത്തിയെട്ടാം തീയതി സീറോമലബാർ ക്രിസ്ത്യാനികൾ മത്സരത്തിനു തയ്യാറായി. മാർപ്പാപ്പ ഒരു മെത്രാനെ അയയ്ക്കാൻ തയ്യാറില്ലെങ്കിൽ ഒരു മെത്രാപ്പോലീത്താ

യേയും സുറിയാനി പഠിപ്പിക്കുന്നതിനു് രണ്ടു മല്പാന്മാരേയും നല്ലണമെന്നും അവർ പാത്രിയാക്കീസിനോടു് അപേക്ഷിച്ചു. ആദ്യത്തെ അപേക്ഷയിൽ ഒപ്പുവെച്ച വൈദികന്മാരെ വികാരി യപ്പസ്തോലിക്ക സസ്പെൻറു ചെയ്തെന്നും അവർ ആരോപണം ഉന്നയിച്ചു. തങ്ങൾ യാക്കോബായക്കാരാകുമെന്നവർ ഭീഷണി പ്പെടുത്തുകയും അവരുടെ കൂട്ടത്തിൻെറ പ്രമാണികളായ മൂന്നു വൈദികന്മാരുടെ മേൽവിലാസം നൽകുകയും ചെയ്തു. മുപ്പ ത്തിയൊമ്പതു വൈദികന്മാർ ഒപ്പുവച്ചു; എന്നാൽ അതു് അവ രുടെ കുടുംബപ്പേരുവച്ചു മാത്രമാണു്. വൈദികന്മാരും ഡീക്ക ന്മാരുമായി ആകെയുണ്ടായിരുന്ന അറുന്നൂററിനാല്പത്തിയെട്ടു പേരിൽ അതത്ര ഗണ്യമായ ഒരു സംഖ്യയല്ലായിരുന്നു.

## കൽദായസഭ, മലബാർ പ്രശ്നത്തിൽ

മുൻപ്രസ്താവിച്ചവിധം മലബാറിൽ അബദ്ധങ്ങൾ ചെയ്തു എന്നതു് വളരെയേറെ വാസ്തവംതന്നെയാണു്. യാതൊരുവിധ മതബോധനവും സമുദായാംഗങ്ങൾക്കു് ലഭിച്ചിരുന്നില്ല. വൈദികരുടെ തീക്ഷ്ണത നഷ്ടപ്പെട്ടു. വളരെയധികം ധാർമ്മി കശൈഥില്യം ദൃശ്യമായി. അല്പം മെച്ചപ്പെട്ട മദ്ധ്യസ്ഥന്മാ രായി വളരെ കുറച്ചു കർമ്മലീത്താമിഷനറിമാർ മാത്രമേയുണ്ടാ യിരുന്നുള്ളൂ. മലബാർ കൽദായാധികാരത്തിനു് കീഴിലാ യിരുന്നെങ്കിൽ ഇതിനെക്കാൾ കൂടുതൽ ആധ്യാത്മികാഭിവൃദ്ധി ഉണ്ടാകുമായിരുന്നുവോ എന്നതും ചിന്തനീയമാണു്. എന്തു കൊണ്ടെന്നാൽ, കൽദായസഭയ്ക്കു് ഒരിക്കലും നല്ല വൈദിക ന്മാരോ യോഗ്യരായ മെത്രാൻ സ്ഥാനാർത്ഥികളോ ഇല്ലായിരുന്നു എന്നതു് ഓർക്കണം. ഈവിധ കാര്യങ്ങളെപ്പററി ആലോചന നടക്കുകയും ഉചിതപ്രതിവിധികൾ ആരായുകയും ചെയ്യുന്നതി നിടയിൽ മുപ്പതു വൈദികന്മാരുടെ ഒപ്പോടുകൂടിയ നേരിട്ടുള്ള ഒരപേക്ഷ 1853 ജൂൺ ഒന്നാം തീയതി പ്രൊപ്പഗാന്താ തിരു സ്സംഘത്തിനു ലഭിച്ചു. അതിൽ എഴുതിയിരുന്ന അഭിപ്രായ ങ്ങൾ അധികപങ്കും സത്യമായിരുന്നു. ഉദാഹരണമായി പ്രസ്തുത റീത്തിൽ 200,000-ൽ അധികം വിശ്വാസികൾ ഉണ്ടാ യിരുന്നിട്ടും സീറോമലബാർ റീത്തിൽനിന്നു് ഒരു മെത്രാനു മില്ല എന്നു് അതിൽ ചൂണ്ടിക്കാണിച്ചിരുന്നു. അതേസമയം, സംഖ്യാബലത്തിൽ കുറവായ ലത്തീൻ ക്രിസ്ത്യാനികളുടെ സേവനാർത്ഥം വരാപ്പുഴയിലും, കൊല്ലത്തും, മംഗലാപുരത്തു മായി മൂന്നു വികാരി അപ്പസ്തോലിക്കമാർ ഉണ്ടായിരുന്നുതാനും. കൂടാതെ ഭരിച്ചുകൊണ്ടിരുന്ന മെത്രാന്മാർക്കു് തങ്ങളുടെ തിരു ക്കർമ്മഭാഷ അറിഞ്ഞുകൂടെന്നുള്ള വസ്തുതയിലേയ്ക്കും അവർ പ്രൊപ്പഗാന്തായുടെ ശ്രദ്ധയെ ക്ഷണിച്ചു.

ഈ അപേക്ഷ റോമിലേയ്ക്കയയ്ക്കുന്നതിനടുത്ത ആറുമാസ ക്കാലം മെസപ്പൊട്ടേമിയർ മലബാറിൽ ഊർജ്ജിതമായി ഇട

പെട്ടിരുന്നു. ദെനഹാ ബർ്യോനാ എന്ന വൈദികൻ മലബാറിലെ സമുദായങ്ങളെ സന്ദർശിക്കുകയായിരുന്നു. അക്കൂട്ടത്തിൽ അദ്ദേഹം സ്വന്തം റീത്തിൽനിന്നൊരു മേലധികാരിയെ—ഒരു മെസപ്പൊട്ടേമിയനായാൽ കൂടുതൽ നന്നെന്ന ഭാവത്തിൽ—കിട്ടുവാനുള്ള അവരുടെ ആഗ്രഹത്തെ ഉത്തേജിപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ബോധ്യമുണ്ടായിരുന്ന മല്പാന്മാരായ രണ്ടു വൈദികർ ബർയോനായെ സഹായിച്ചു. രണ്ടുപേരുടേയും പേരു് അന്തോണി എന്നായിരുന്നു. ലത്തീൻമിഷനിൽനിന്നു ലഭിച്ച രേഖകൾ അവരെ സ്ഥാപകൻ അന്തോനിയെന്നും, തൊണ്ടനാട്ടു് അന്തോനിയെന്നും നാമകരണം ചെയ്യുന്നു. സ്ഥാപകനായ അന്തോനി സുറിയാനി അറിയാവുന്ന ഒരു സന്ദർശകനെ നിയമിക്കുന്നതിനു് റോമിനെ സ്വാധീനിക്കുവാൻ പരിശ്രമിച്ചു. ഈ അപേക്ഷയെ പാത്രിയാക്കീസായ ജോസഫ് നാലാമൻ ഔദോ 1855-ാം വർഷത്തിൻെറ ആരംഭത്തിൽത്തന്നെ സർവ്വാത്മനാ പിൻതാങ്ങി. അദ്ദേഹം പൗരസ്ത്യറീത്തുകളോടു ബഹുമാനം കാണിച്ചുകൊണ്ടുള്ള 'എത്ത്സി പാസ്റ്റൊരാലിസ്' എന്ന തിരുവെഴുത്തിലെ വാക്കുകൾ പ്രൊപ്പഗാന്താ തിരുസ്സംഘത്തെ അനുസ്മരിപ്പിച്ചു.[7] മലബാറിനായി ഒരു മെത്രാനെ അഭിഷേകം ചെയ്യുമെന്നു് അത്ര പ്രതീക്ഷയില്ലായിരുന്നതുകൊണ്ടു് 1856 നവംബർ ഏഴാം തീയതി ഔദോ വേറൊരു മാർഗ്ഗം നിർദ്ദേശിച്ചു, അതായതു് പ്രൊപ്പഗാന്താ കമ്മലീത്താക്കാരല്ലാത്ത രണ്ടു് സന്ദർശകരേയും ഔദോ വേറെ രണ്ടു പേരേയും തെരഞ്ഞെടുക്കും; അവരിൽ ഒരാൾ പ്രൊപ്പഗാന്താ കോളേജിലെ ഒരു പൂർവ്വവിദ്യാർത്ഥിയുമായിരിക്കണം. അവർ നാലുപേരും മലബാറിലെ പരിതഃസ്ഥിതികൾ പരിശോധിക്കണം.

ഈ കാലയളവിനിടയിൽ മുകളിൽ സൂചിപ്പിച്ച സംഭവവികാസങ്ങൾ മലബാറിൽ രൂപംകൊണ്ടു.[8] വികാരി അപ്പസ്തോലിക്ക രൂപതാസെമിനാരികൾ സ്ഥാപിക്കുകയും മല്പാന്മാരുടെ കഴിവിൽമാത്രം പരിശീലനം നടത്തിയിട്ടുള്ള ശെമ്മാശന്മാർക്കു് ഇനിമേൽ പട്ടം കൊടുക്കുകയില്ലെന്നു് പ്രസ്താവിക്കുകയും ചെയ്തു. 1858-ൽ തൊണ്ടനാട്ടു് അന്തോനിയച്ചൻ കൊണ്ടുചെന്ന പതിനഞ്ചു് വൈദികാർത്ഥികൾക്കു് പട്ടം കൊടുക്കുവാൻ മോൺ. ബാച്ചിനെല്ലി വിസമ്മതിച്ചു. അപ്പോൾ അദ്ദേഹം രണ്ടു വൈദികന്മാരോടും തൻെറ ശിഷ്യന്മാരിൽ പന്ത്രണ്ടുപേരുമൊത്തു് മെസപ്പൊട്ടേമിയായ്ക്കുപോയി; കുറെ മാസം അദ്ദേഹം അവിടെ ചെലവഴിച്ചു. അദ്ദേഹത്തിൻെറ ശിഷ്യന്മാരിൽ അധികം പേരും അവിടെവെച്ചു് മരണമടഞ്ഞു. പാത്രിയാക്കീസായ ജോസഫ് ആറാമൻ ഔദോ ഇക്കാര്യത്തിൽ ഒന്നും ചെയ്യുവാൻ ശ്രദ്ധിച്ചില്ല. ഫാദർ അന്തോനി ഇൻഡ്യയിലേയ്ക്കു മടങ്ങിവന്നപ്പോൾ അദ്ദേഹത്തിനു അംശമുടക്കു കല്പിച്ചു. എങ്കിലും മലബാർസഭയും കൽദായ പാത്രിയാക്കീസോ അദ്ദേഹത്തിൻെറ

സഹായികളോ തമ്മിലും കൂടെക്കൂടെ കത്തിടപാടുകരം നടന്നു കൊണ്ടിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനത്തിനുമുമ്പ് തങ്ങളുടെ കാര്യങ്ങളന്വേഷിച്ചിരുന്ന സഭാസിംഹാസനത്തോട് ഒരിക്കൽക്കൂടി മാർത്തോമ്മാക്രിസ്ത്യാനികരം യോജിക്കുന്നതിനായി അപേക്ഷിച്ചുകൊണ്ട് റോമിലേയ്ക്ക് അസംഖ്യം അപേക്ഷകരം അയയ്ക്കുവാൻ മലബാർക്കാരെ ഉപദേശിച്ചുകൊണ്ടുള്ളവയായിരുന്നു പ്രസ്തുത കത്തുകരം. മലബാറിൻെറ വികാരങ്ങരം തിളച്ചുയന്നുകൊണ്ടിരുന്നു. 1859 ഡിസംബർ പന്ത്രണ്ടാംതീയതി പ്രൊപ്പഗാന്താക്കെഴുതിയപ്പോരം മലബാറിലേയ്ക്കൊരു മെത്രാനെ അഭിഷേകം ചെയ്യാൻ തന്നെ തിരുസിംഹാസനം അനുവദിച്ചില്ലെങ്കിൽ താൻ രാജിവയ്ക്കുമെന്ന് ജോസഫ് ആറാമൻഭീഷണിപ്പെടുത്തി. അപ്രകാരം അനുവാദം നല്കാതിരിക്കുന്നത് തൻെറ സഭയുടെ അവകാശങ്ങളിലുള്ള അക്ഷന്തവ്യമായ കയ്യേററമായി അദ്ദേഹം കണക്കാക്കി.

## മാർ റോക്കോസിൻെറ പ്രവത്തനം

1860–ാം വർഷാരംഭത്തിൽ പ്രധാന പ്രശ്നങ്ങളെ കണക്കിലെടുത്തുകൊണ്ട് മലബാറിൻെറ കാര്യങ്ങളിൽ ഇടപെടരുതെന്ന് പാത്രിയാക്കീസിനോടും കൽദായമെത്രാന്മാരോടും ആവശ്യപ്പെട്ടുകൊണ്ട് റോം മറുപടി നൽകി. അപ്പസ്തോലിക് ഡലഗേററായ മോൺസിഞ്ഞോർ അമാൻറൻ സമർപ്പിച്ച വ്യക്തമായ രേഖകരം നിരസിച്ചുകൊണ്ട്, മാർ റോക്കോസ് എന്ന പേരിലും പെറാത് ഡി മൈസാൻ (Perath d'Maisan) (ബസ്രാ) എന്ന സ്ഥാനികനാമത്തിലും ഒരു മെത്രാനെ മലബാറിനുവേണ്ടി പാത്രിയാക്കീസ് 1860 സെപ്ററംബർ പന്ത്രണ്ടാംതീയതി തെരഞ്ഞെടുത്തു. അതേമാസം മുപ്പതാം തീയതി അദ്ദേഹം അഭിഷേകം ചെയ്യപ്പെട്ടു. അങ്ങനെ മൊസൂരം ഒരു ഉറച്ച നിലപാടു സ്വീകരിച്ചു. റോക്കോസ് പാത്രിയാക്കേററിലെ ഒരു പഴയ ജോലിക്കാരനും വേണ്ടത്ര പരിശീലനമൊന്നുംകൂടാതെ പൗരോഹിത്യത്തിലേയ്ക്കുയർത്തപ്പെട്ട ആളുമായിരുന്നു. അദ്ദേഹത്തിനു വേറൊരു മെത്രാസനം നൽകുന്നതിനേപ്പററി രണ്ടുകൊല്ലംമുമ്പ് പാത്രിയാക്കീസ് ആലോചിച്ചപ്പോരംത്തന്നെ പ്രൊപ്പഗാന്താ തിരുസ്സംഘം അദ്ദേഹത്തിൻെറ യോഗ്യതയെപ്പററി ഗൗരവമായ സംശയങ്ങരം ഉന്നയിച്ചിരുന്നു.[9] മെത്രാനടുത്ത അധികാരങ്ങളൊന്നും പ്രയോഗിക്കരുതെന്ന് നവാഭിഷിക്തമെത്രാനോട് മോൺസിഞ്ഞോർ അമാൻറൺ കല്പിച്ചു. അതേവഷം ഒക്ടോബർ നാലാംതീയതി മഹാ മഹറോൻ (Latae Sententia) ശിക്ഷയിൻകീഴ് മൊസൂരം.വിടരുതെന്ന് റോക്കോസിനോടാവശ്യപ്പെട്ടു. അതിൻെറ തലേദിവസം വീണ്ടും മെസപ്പൊട്ടേമിയായ്ക്കു വന്നിരുന്ന തൊണ്ടനാട്ട് ഫാദർ അന്തോനി മാർ റോക്കോസ് ഉടനെ വരുമെന്നും

അതീവ ആദരവോടെ അദ്ദേഹത്തെ സ്വീകരിക്കണമെന്ന നിർദ്ദേശിച്ചുകൊണ്ടും അതിൻെറ തലേദിവസം സ്വന്തം നാട്ടുകാർക്കെഴുതി. എന്നാൽ ഡെലഗേററിൻെറ മുടക്കുകല്പന കൽദായ ഹയരാർക്കിയുടേയും മെസപ്പൊട്ടേമിയായിലെ ജനങ്ങളുടേയും ഉത്സാഹം മന്ദീഭവിപ്പിച്ചു; അവർ ആരും ആഗ്രഹിക്കാതെ തന്നെ ശീശ്മയിലേയ്ക്കുവർ പെട്ടുകൊണ്ടിരുന്നു. കൂടാതെ, മാർ റോക്കോസ് ഇൻഡ്യയിലേയ്ക്കു കപ്പൽ കയറുന്നതിനെ തടയുന്നതിനു് ബാഗ്ദാദിലെ ബ്രിട്ടീഷ് കോൺസൂളിനെ അതു പ്രേരിപ്പിക്കുകയും ചെയ്തു. 1861 ജനുവരി പതിനേഴാംതീയതി വരെ യാത്ര പുറപ്പെടുന്നതിനു് അദ്ദേഹത്തിനു സാദ്ധ്യമായില്ല. തന്നെ റോമിലേയ്ക്കു വിളിച്ചുകൊണ്ടു് പാത്രിയാർക്കീസിനു കിട്ടിയ കത്തു് തൻെറ നയത്തിനുള്ള അംഗീകരണമാണെന്നു അദ്ദേഹം വ്യാഖ്യാനിച്ചു. മധ്യസ്ഥന്മാർ കൂടാതെ സംഗതികൾ എളുപ്പത്തിൽ ക്രമപ്പെടുത്തുന്നതിനുവേണ്ടി തന്നേയും മററു രണ്ടു മെത്രാന്മാരേയും റോമിലേയ്ക്കു ക്ഷണിച്ചിട്ടുണ്ടെന്നും അവർക്കു് ഇപ്പോഴുള്ള സംശയങ്ങൾ നീങ്ങി അവരുടെ ആഗ്രഹങ്ങൾ സാധിക്കുമെന്നും കാണിച്ചുകൊണ്ടു് പാത്രിയാർക്കീസ് ബാഗ്ദാദിലുള്ള തൻെറ വൈദികർക്കു് എഴുതി. ഈ കത്തുമൂലം ഉത്തമവിശ്വാസത്തിലാണു് മാർ റോക്കോസ് ഇൻഡ്യയിലേക്കു കപ്പൽ കയറിയതു്. എന്നാൽ സ്വർഗ്ഗാരോഹണതിരുനാളിൽ കൊച്ചിയിൽ കപ്പലിറങ്ങിയപ്പോൾ അന്തോനി കത്തനാർ അദ്ദേഹത്തെ യാക്കോബായ മെത്രാൻ താമസിച്ചിരുന്ന സ്ഥലത്തേയ്ക്കാണു് കൂട്ടിക്കൊണ്ടുപോയതു്.

മാർ റോക്കോസ് ബ്രിട്ടീഷ് അധികാരികളുടെ സഹായം ലഭിക്കുമെന്നു പ്രതീക്ഷിച്ചു. മേയ് പതിമൂന്നാം തീയതി ഈസ്റ്റ് ഇൻഡ്യാക്കമ്പെനിയുടെ ഗവൺമെൻറിനു് എഴുതിയ ഒരു കത്തിൽ "മാർ തോമസ്സ്"[10] മലബാറിലെ റോമൻ കൽദായ സുറിയാനിക്കാരുടെ മെത്രാപ്പോലീത്തയും കമ്മിസറിയും എന്നെഴുതിയാണു് അദ്ദേഹം ഒപ്പുവെച്ചതു്. തൻെറ ദൗത്യം വാസ്തവമാണെന്നു കത്തോലിക്കരെ ബോദ്ധ്യപ്പെടുത്തുന്നതിനു സകല കഴിവുകളും അദ്ദേഹം പ്രയോഗിച്ചു. അതിനായി പരിശുദ്ധസിംഹാസനം തന്നെ മലബാറിൻെറ സുറിയാനിക്കാർക്കുവേണ്ടി മെത്രാനായി അഭിഷേകം ചെയ്യുന്നതിനു പാത്രിയാർക്കീസിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു് എന്നു പ്രഖ്യാപിച്ചു. ഏതെല്ലാം ഇടവകകളാണു് തന്നെ സ്വീകരിക്കുവാൻ സന്നദ്ധമായിരിക്കുന്നതു് എന്നതു് റോക്കോസിനു തീർച്ചയില്ലായിരുന്നു. അതുകൊണ്ടു് കുറെനാൾ അദ്ദേഹം കൊച്ചിയിൽതന്നെ താമസിക്കാൻ നിർബ്ബന്ധിതനായി. ഈ കാലവിളംബത്തിൽ നിന്നും മുതലെടുക്കുവാൻ വികാരി അപ്പസ്തോലിക്ക തീർച്ചയാക്കി. അദ്ദേഹം കർമ്മലീത്താ മൂന്നാംസഭയിൽനിന്നു നല്ല വൈദികരെ തെരഞ്ഞെടുത്തു് എല്ലാ സ്ഥലത്തേയ്ക്കും അയച്ചു.

വൈദികരും അൽമായരുമായ എല്ലാവരോടും മാർ റോക്കോസി നെപ്പററി ശ്രദ്ധാലുക്കളാകുവാനും പരിശുദ്ധസിംഹാസനത്തോടു വിധേയത്വമുള്ളവരാണെന്നു സത്യപ്രതിജ്ഞയിൽ ഒപ്പുവെയ്ക്കു വാനും ആവശ്യപ്പെട്ടു. ആഗസ്റ്റു പതിമൂന്നാം തീയതി സമസ്ത സീറോമലബാർ കത്തോലിക്കരുമായി റോക്കോസ് എഴുതിയ ഇടയലേഖനം വെച്ചുനോക്കുമ്പോൾ ഈ പുതിയ മെത്രാന് കാര്യമായ നേട്ടം ഉണ്ടായിരുന്നില്ലെന്നാണ് അനുമിക്കേണ്ടതു്. അതിൽ അദ്ദേഹം മൂന്നാംസഭക്കാർക്ക് എതിരായി ശക്തിയുക്തം പരാതിപ്പെടുകയും തൻെറ മെത്രാൻപട്ടാഭിഷേകം മാർപ്പാപ്പയുടെ ബൂള അനുസരിച്ചാണ് നിർവ്വഹിക്കപ്പെട്ടതു് എന്ന തൻെറ അവകാശവാദം ആവർത്തിക്കുകയും ചെയ്തിരുന്നു. അവുദോ അദ്ദേഹത്തിനു കൊടുത്ത സാക്ഷിപത്രങ്ങൾ അഥവാ മാർ റോക്കോസ് കത്തോലിക്കരുടെ ഇടയിൽ പ്രചരിപ്പിച്ച സാക്ഷിപത്രത്തിൻെറ പകർപ്പുകളെങ്കിലും പരിശുദ്ധസിംഹാസനത്തിൻെറ അധികാരത്തെ വെളിവാക്കുന്നുണ്ട്. ഇതു വിശ്വാസികളെ അമ്പരപ്പിക്കുന്നതിനു വേണ്ടത്ര കാരണമായിരുന്നു. ഭാഗ്യവശാൽ മൂന്നാംസഭക്കാർ ഒററക്കെട്ടായി അവരെ നേരിട്ടു. വളരെയേറെയൊന്നും അവർക്കു ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും ചെയ്തിടത്തോളം സുരക്ഷിതവും വിശ്വസനീയവുമായിരുന്നു. മൂന്നാംസഭക്കാരുടെ സുപ്പീരിയറായ ചാവറകുര്യാക്കോസ് ഏലിയാസച്ചനെ മെത്രാനാക്കാം എന്നു പറഞ്ഞു സ്വാധീനിക്കാൻ മാർ റോക്കോസ് പരിശ്രമിച്ചു. എന്നാൽ വിനീതനായ ആ സന്യാസിവര്യൻ ആ പ്രലോഭനത്തിൽ നിന്നും ഒഴിഞ്ഞുമാറുകയാണുണ്ടായതു്. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ വികാരിജനറാൾ സ്ഥാനം സ്വീകരിക്കുന്നതിനുമുമ്പ് വികാരി അപ്പസ്തോലിക്കയായിരുന്ന മോൺ. ബർണദിനൂസിൻെറ ഒരു കല്പന വേണ്ടിയിരുന്നു. മാത്രമല്ല, വികാരി അപ്പസ്തോലിക്ക അദ്ദേഹത്തെ സന്തോഷപൂർവ്വം മെത്രാൻസ്ഥാനത്തേയ്ക്കു് ഉയർത്തുകയും ചെയ്യുമായിരുന്നു.

ഇതിനിടയിൽ മൂന്നാംസഭയുടെ സുപ്പീരിയർ ഒമ്പതാം പീയൂസ് മാർപ്പാപ്പയ്ക്കു് ഒരു അപേക്ഷ അയയ്ക്കുവാനുള്ള ചുമതല ഏറെറടുത്തിരുന്നു. അതിൽ മലബാറിലെ സുറിയാനികത്തോലിക്കർക്ക് മാർഗ്ഗനിർദ്ദേശം നല്കാവുന്ന ഒരു രേഖയും ആവശ്യപ്പെട്ടിരുന്നു. ഇതിനു മറുപടിയായി 1891[11] സെപ്ററംബർ 5–ാം തീയതി ഒരു കല്പന അയച്ചു. ഈ അപേക്ഷയിൽ ഒപ്പുവച്ചവർ എല്ലാവരുംതന്നെ ആ അനധികൃതമെത്രാനെ കരുതലോടെ വീക്ഷിച്ചിരുന്നു. മാർ റോക്കോസ് ഉടൻതന്നെ മലബാർ വിട്ടുപോകാത്തപക്ഷം അദ്ദേഹത്തെ മഹറോൻ ചൊല്ലുവാൻ കല്പിച്ചുകൊണ്ടു് വികാരി അപ്പസ്തോലിക്കക്ക് രണ്ടാമതൊരു കല്പന അന്നേദിവസംതന്നെ കിട്ടി. ഏതാനും ആഴ്ചകൾക്കു മുമ്പ് റോമിൽ എത്തിയിരുന്ന പാത്രിയാക്കീസ് അവുദോ

മാർ റോക്കോസിനോടു മൊസൂളിലേക്കു മടങ്ങിപ്പോകുവാൻ കല്പിച്ച് ഒരു കത്തു് എഴുതി. അതു് ഈ കല്പനകൾ ലഭിച്ചു രണ്ടു ദിവസത്തിനുശേഷമാണു് കിട്ടിയതു്. ഇപ്രകാരം മാർ റോക്കോസിനു് ഒരു കത്തയയ്ക്കാമെന്നു വ്യവസ്ഥ ചെയ്തതിനു ശേഷമാണു് മാപ്പാപ്പയുമായി കൂടികാണുന്നതിനു് അവുദോയ്ക്കു് അനുവാദം ലഭിച്ചതു്. പതിവായി നൽകാറുള്ള താക്കീതുകൾക്കുശേഷം മാർ റോക്കോസിനു് നവംബർ 30–ാം തീയതി മഹറോൻശിക്ഷ നൽകപ്പെട്ടു.

എന്നാൽ അദ്ദേഹം[12] 1862 മാർച്ചുവരെ മലബാർ വിട്ടു പോയില്ല. അനന്തരം അദ്ദേഹം അന്തോനി കത്തനാരെക്കൂടെ കൊണ്ടുപോയി. അന്തോനി കത്തനാർ ഒരു കൂട്ടം കലഹപ്രിയർ എഴുതിയ ഒരു കത്തുംകൂടെ കൊണ്ടുപോയിരുന്നു. അതിൽ പാത്രിയാക്കീസു് അവുദോയോ, സ്ഥാനം രാജിവെച്ച അദ്ദേഹത്തിൻെറ മുൻഗാമി നിക്കോളാസു് ഐസയാസോ ഇതുമല്ലെങ്കിൽ നെസ്തോറിയൻ പാത്രിയാക്കീസായ സൈമൺ ഇരുപത്തെട്ടാമൻ അബ്രാഹം തന്നെയുമോ അന്തോനികത്തനാരെ മെത്രാനായി അഭിഷേകം ചെയ്യണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. മൊസൂളിൽ ചെന്നുചേന്നിട്ടു് ആദ്യത്തെ ഏതാനും മാസങ്ങളിൽ ഹതഭാഗ്യനായ മാർ റോക്കോസു് പാത്രിയാക്കീസിൻെറ അനുവാദത്തോടെ യാതൊരുവിധ മഹറോനും ഇല്ലാത്ത വിധം വത്തിച്ചിരുന്നു. അവസാനം മാർ റോക്കോസു് മഹറോനിൽ പെട്ടിരിക്കുന്നു എന്ന വസ്തുത പാത്രിയാക്കീസിനു മനസ്സിലാകുവാൻ 1862 സെപ്റ്റംബർ ഇരുപത്തിയാറാം തീയതി എഴുതിയ 'ന്യൂപ്പർ നോബിസു്' (Nuper nobis) എന്ന തിരുവെഴുത്തുതന്നെ വേണ്ടിവന്നു. അതുകൊണ്ടാണു് വ്യാജമായി മെത്രാൻപട്ടം നല്കപ്പെട്ട പഴയ ജോലിക്കാരനെ അദ്ദേഹത്തിൻെറ കുററത്തിൽനിന്നും വിമോചിപ്പിക്കുന്നതിനു് 1863 ഏപ്രിൽ ഇരുപത്തിരണ്ടാം തീയതിവരെ മോൺസിഞ്ഞോർ അമാൻറാണു് കാത്തുനില്ക്കേണ്ടിവന്നതു്. താൻ പരിശുദ്ധസിംഹാസനത്തിൻെറ കല്പനകൾക്കു വിരുദ്ധമായി യാതൊന്നും പ്രവത്തിച്ചിട്ടില്ലെന്നു് അപ്പോഴും മാർ റോക്കോസു് ശഠിച്ചിരുന്നു.

മാർ റോക്കോസിൻെറ ചുരുങ്ങിയ മലബാർ താമസം അവിടെ വളരെ അനാശാസ്യപ്രത്യാഘാതങ്ങൾക്കു് വഴിതെളിച്ചു. സമുദായത്തിൽ വളരെ കുഴപ്പമുണ്ടായി. പൗരോഹിത്യപരിശീലനം നേടിയിട്ടില്ലാത്തവരും വൈദികജീവിതത്തിനു വേണ്ട ഗുണങ്ങളില്ലാത്തവരുമായ കുറെപ്പേക്കു് അദ്ദേഹം പുരോഹിതപട്ടം നൽകി. നെസ്തോറിയൻ കാതോലിക്കോസായ സൈമണിൽനിന്നും മെത്രാൻപട്ടം സ്വീകരിച്ചശേഷം ഫാദർ അന്തോണി തൊണ്ടനാട്ടു് മലബാറിലേയ്ക്കു മടങ്ങി. ഇക്കാലഘട്ടത്തിൽ പരിശുദ്ധ സിംഹാസനവും പോർട്ടുഗലും തമ്മിൽ ഒരു പുതിയ ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു.

(21 ഫെബ്രുവരി 1857) ഈ ഉടമ്പടിവഴി ഇൻഡ്യയിൽ പാദ്രുവാദോയോട്ട് ബന്ധപ്പെട്ട വൈദികരും പ്രൊപ്പഗാന്താ തിരുസംഘത്തോടു ബന്ധപ്പെട്ടവരായ വൈദികരും തമ്മിലുണ്ടായ നീണ്ട മത്സരം തീൎന്നുകിട്ടി. സമാധാനപരമായ ഈ അന്തരീക്ഷംമൂലം അന്തോനി മെത്രാന്റ് തന്നെ മുമ്പു സഹായിച്ചിരുന്നവരും തന്മൂലം അനുസരണമില്ലാത്ത നടപടി സ്വീകരിക്കുന്നതിനു കാരണഭൂതരുമായ ജനങ്ങളുടെ സ്വാധീനംപോലും നഷ്ടപ്പെട്ടു. വഴക്കാളികളായ ഒരു ചെറിയ ഗണത്തിൽ കുറെക്കാലം നിഷ്ക്രിയനായി ജീവിച്ചശേഷം അദ്ദേഹം തന്റെ തെറ്റുകഠംക്കു മോചനം ആവശ്യപ്പെട്ടു. 1865–ാം വർഷം അദ്ദേഹത്തിനു മഹറോൻ പോക്കിക്കിട്ടി. അനന്തരം, അദ്ദേഹം മാന്നാനത്തുള്ള സുറിയാനിക്കാരുടെ ആശ്രമത്തിലേക്കു പിൻവാങ്ങി, അവിടെ ഒരു സാധാരണ വൈദികനെപ്പോലെ ജീവിച്ചു. അദ്ദേഹത്തിന്റെ മാനസാന്തരം ആത്മാർത്ഥമായിരുന്നോ അഥവാ തന്ത്രപരമായിരുന്നോ എന്നു് ആൎക്കും മനസ്സിലായില്ല. എന്നാൽ അധികം കഴിയുന്നതിനുമുമ്പു് വീണ്ടും അദ്ദേഹം സഭാകാര്യങ്ങളിൽ ഇടപെടുവാൻ തുടങ്ങി. ഈ പ്രാവശ്യം കൂടുതൽ വിനാശകരമായ ഒരു പ്രസ്ഥാനത്തിലാണു് അദ്ദേഹം കൈവെച്ചതു്.

## ശീശ്മയുടെ മുന്നോടികൾ

മെസപ്പൊട്ടേമിയായുടെ ഇടപെടൽ എന്നന്നേയ്ക്കുമായി അവസാനിച്ചു എന്നു ചിലർ വിചാരിച്ചുകാണും. എന്നാൽ ഇതു് ഒരു താല്ക്കാലിക ദശാസന്ധി മാത്രമായിരുന്നു. വത്തിക്കാൻ സൂനഹദോസിൽ പങ്കെടുക്കുന്നതിനായി ലോകത്തിലെ എല്ലാ മെത്രാന്മാരേയും ക്ഷണിച്ചപ്പോഠം, മെസപ്പൊട്ടേമിയായിലെ പാത്രിയാക്കീസായിരുന്ന അവുദോ, തനിക്കു മലബാർ സഭയുടെ ഭരണാധികാരം ഉഠംപ്പെടെ തന്റെ പാത്രിയാക്കീസു് സ്ഥാനത്തിന്റെ പുരാതന അധികാരം വീണ്ടും ലഭിക്കണം എന്ന ദൃഢനിശ്ചയത്തോടുകൂടിയാണു് സൂനഹദോസിൽ സംബന്ധിക്കുന്നതിനു പോയതു്.[13] അദ്ദേഹം തന്റെ പരിശ്രമത്തിൽ വിജയം കൈവരിച്ചില്ല. അതിനു കാരണം മാർപ്പാപ്പയുടെ പരമാധികാരത്തെ ചോദ്യംചെയ്ത ന്യൂനപക്ഷത്തു് അദ്ദേഹം ചേൎന്നതായിരിക്കണം. ഒരു പാത്രിയാക്കീസ് തങ്ങളുടെ പക്ഷത്തു് ഉണ്ടെന്നു കണ്ടപ്പോഠം ആ ന്യൂനപക്ഷക്കാർ ആവേശഭരിതരായി. മാർപ്പാപ്പയുടെ പരമാധികാരത്തെ എതിർത്തിരുന്ന ജോസഫ് അവുദോ തന്റെ പാത്രിയാക്കീസിനടുത്ത അവകാശങ്ങളും ആനുകൂല്യങ്ങളും വിട്ടുപേക്ഷിക്കുവാൻ വിമുഖനാണെന്നു വ്യക്തമാക്കുന്നു. അദ്ദേഹം 1872 ജൂലൈ ഇരുപത്തിഒമ്പതാം തീയതി വിശ്വാസസത്യപ്രഖ്യാപനത്തിൽ വളരെ വൈകിയാണു് ഒപ്പുവെച്ചതു്.

മനസ്സില്ലാമനസ്സോടെ കീഴ്വഴങ്ങിയപ്പോഴുംകൂടിയും മലബാർസഭയിൽ പുതിയ നീക്കങ്ങൾക്കായി രഹസ്യത്തിൽ ഏജൻറന്മാരെ അദ്ദേഹം ഒരുക്കിക്കൊണ്ടിരുന്നു. അവുദോയുടെ അനന്തരനടപടികളെ സസൂക്ഷ്മനിരീക്ഷണം ചെയ്താൽ നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. പാരമ്പര്യത്തെ പുനഃസ്ഥാപിക്കുന്നതിനോ ആത്മാക്കളെ രക്ഷിക്കുന്നതിനോവേണ്ടി മാത്രമല്ലായിരുന്നു അദ്ദേഹം മലബാറിൽ ഇടപെട്ടതു് എന്നു വിശ്വസിക്കാൻ സാധ്യമല്ല. പ്രധാനമായി സാമ്പത്തികലക്ഷ്യമായിരുന്നു പാത്രിയാർക്കീസിനും അദ്ദേഹത്തിൻെറ ഉപദേഷ്ടാക്കളായ സൂത്രശാലിയായ മാർ എലയാസ് മെലൂസിനും അൽകോഷിലെ[14] സന്യാസികളുടെ സുപ്പീരിയറായ എലിസേവൂസ് ഡഹോക്കിനും മലബാറിനെ സംബന്ധിച്ചുണ്ടായിരുന്നതു്. മെസപ്പൊട്ടേമിയായിലെ കൽദായ സുറിയാനിക്കാർ ഏതാണ്ടു് 35000 പേരോളമുണ്ടായിരുന്നു. അവരിൽ ഭൂരിഭാഗവും കുർഡിസ്റ്റാനിലെ (Kurdistun) വരണ്ട മലകളിൽ താമസിച്ചിരുന്നു. മലബാറിൽനിന്നും ലഭിച്ചിരുന്ന വീതാംശം സാധുക്കളായ കൽദായരിൽനിന്നും ലഭിച്ചിരുന്നതിൻെറ പത്തിരട്ടിയിൽ കൂടുതലായിരുന്നു. അൽകോഷിലെ (Alkosh) രണ്ടു സന്യാസികൾ ധനശേഖരാർത്ഥം ഇൻഡ്യയിൽ വന്നതു മുതല്ക്കാണു് അവർ മലബാറിനെ കൈയ്യടക്കുവാൻ തുടങ്ങിയതു്. അവരിൽ ഒരാൾ ഫാദർ ഫിലിപ്പ് ആസിസ് ആയിരുന്നു. അദ്ദേഹം പ്രൊപ്പഗാന്താ കോളേജിലെ ഒരു മുൻ വിദ്യാർത്ഥി ആയിരുന്നു. തങ്ങളുടെ മുൻസന്ദർശനങ്ങളിൽ പാദ്രുവാദോയിലെ വൈദികരുമായി ഉണ്ടായിരുന്ന ചിരപരിചയം കൽദായക്കു് ഉപകാരപ്രദമായില്ല. തന്മൂലം ഫാ. ആസിസ് തൻെറ പ്രവർത്തനങ്ങളുടെ മുഖ്യ ആസ്ഥാനമായി തെരഞ്ഞെടുത്തതു് തൃശ്ശൂരിലുള്ള പാദ്രുവാദോയുടെ കീഴിലുള്ള പള്ളിമേടയാണു്.

മുൻപു് മാർ റോക്കോസിൻെറ കാര്യത്തിലെന്നപോലെ ഇപ്പോഴും മലബാർസഭയും മെസപ്പൊട്ടേമിയായും തമ്മിൽ ഗണ്യമായ കത്തിടപാടുകൾ നടക്കുന്നുണ്ടായിരുന്നു. ഈ പ്രവർത്തനങ്ങളുടെയെല്ലാം നേതൃസ്ഥാനം മൊസൂളി (Mosul) നാണു്. കൂടാതെ സംഭാവന ശേഖരിക്കുന്ന സന്യാസികൾ ആ കൂട്ടത്തിൽ മലബാറിലുള്ളവരുടെ ഒപ്പുകളുംകൂടി ശേഖരിച്ചിരുന്നു. വളരെയധികം ഒപ്പുകൾ ശേഖരിച്ചു കഴിഞ്ഞ ഉടനെ പാത്രിയാർക്കീസായ അവുദോ 1873–ലെ വസന്തത്തിൽ മലബാറിലെ സഭയ്ക്കുവേണ്ടി ഒന്നു രണ്ടു മെത്രാന്മാരെ അഭിഷേകം ചെയ്യുന്നതിനു് അനുവാദം ലഭിക്കുന്നതിനായി റോമിലെ പ്രൊപ്പഗാന്താ തിരുസംഘത്തിനു് രണ്ടു കത്തുകൾ എഴുതി. തൽസമയം തന്നെ യൂറോപ്പിൽ ധനം ശേഖരിക്കുന്നതിനുള്ള അംഗീകാരം ലഭിക്കണമെന്നു് നിർബന്ധിച്ചു. പ്രസ്തുത രണ്ടു് അപേക്ഷകൾക്കു് മറുപടിയായി 1873 സെപ്റ്റംബർ മുപ്പതാംതീയതി

കേരളസഭാകാര്യങ്ങളെക്കുറിച്ചുള്ള കൂടുതൽ ചർച്ച നിഷ്പ്രയോജനമാണെന്നു് തിരുസംഘം സംശയാതീതമായി പ്രഖ്യാപിച്ചു. സെപ്റ്റംബർ ഏഴാംതീയതി മെസപ്പൊട്ടേമിയായിലെ പേപ്പൽപ്രതിനിധിയായിരുന്ന മോൺ. കാസ്റ്റൽസ് മരിച്ചു. അതിനുശേഷമാണു് ഈ കത്തു് മെസപ്പൊട്ടേമിയായിൽ എത്തിച്ചേർന്നതു്. പേപ്പൽപ്രതിനിധി ഇല്ലാതിരുന്നതുകൊണ്ടു് തിരുസംഘത്തിന്റെ കത്തു് കിട്ടിയയുടനെ പാത്രിയാക്കീസ് അൽകോഷിലെ സന്യാസാശ്രമത്തിലേക്കു പിൻവാങ്ങി. അവിടെ അദ്ദേഹം വളരെ സ്വതന്ത്രനായിരുന്നു. എന്തുകൊണ്ടെന്നാൽ ഈ സ്ഥലം ഡൊമിനിക്കൻ മിഷനറിമാരുടെ അധികാരത്തിലും ഭരണത്തിലും ഉൾപ്പെട്ടതായിരുന്നില്ല. കുറേക്കാലം താൻ റോമയുടെ അഭീഷ്ടത്തിനു് അഹിതമായ ഒന്നുംതന്നെ പ്രവർത്തിക്കാതെ കഴിച്ചുകൂട്ടി. പുതിയ അമ്മേനിയൻ ശീശ്മയെ തടഞ്ഞുകൊണ്ടുള്ള 'സുബ്ളിമേപോത്തേ' എന്ന പ്രഖ്യാപനംവഴി പരിശുദ്ധ സിംഹാസനത്തിന്റേയും കോൺസ്റ്റാൻറിനോപ്പോളിലുള്ള ഫ്രഞ്ച് എംബസിയുടേയും സംയുക്തശ്രമങ്ങൾ പരാജയപ്പെട്ടു എന്നു തീർച്ചയായപ്പോൾ പാത്രിയാക്കീസ് തന്റെ ശക്തി മുഴുവൻ പുതിയ അർജീനിയൻ ശീശ്മയ്ക്കു് അനുകൂലമായി പ്രയോഗിച്ചു [15]

അക്റാ കൃപതകൊണ്ടു് അഭിഷിക്തനായ എലയാസ് മേലൂസ് തൃപ്തിപ്പെട്ടില്ല. എന്തുകൊണ്ടെന്നാൽ അവിടെ നിന്നും ലഭിച്ചിരുന്ന ആദായം അദ്ദേഹത്തിനു പോരായിരുന്നു. റോമിന്റെ അനുശാസനകൾക്കു ചെവികൊടുക്കരുതെന്ന പാത്രിയാർക്കീസിന്റെ തീരുമാനത്തിനു് സന്യാസികളുടെ സുപ്പീരിയർ അദ്ദേഹത്തെ സദാ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. 1874 മേയ് ഇരുപത്തിനാലാംതീയതി പാത്രിയാക്കീസ് രണ്ടു പുതിയ മെത്രാന്മാരെ അഭിഷേകം ചെയ്ത കർമ്മത്തിൽ സഹായികളായിരുന്നതു് മാർ എലിയാസും സന്യാസികളുടെ സുപ്പീരിയറുമാണു്. അക്കാര്യം റോമിൽ അറിയിച്ചിരുന്നില്ല. തന്റെ വിധേയമനോഭാവത്തിനു പ്രതിസമ്മാനമെന്നോണം മലബാർ മേലൂസിനു ലഭിച്ചു. ജൂലൈ രണ്ടാം തീയതി മലബാറിലെ ക്രൈസ്തവരെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഒരു കത്തു് പാത്രിയാക്കീസ് അദ്ദേഹത്തെ ഏല്പിച്ചു. നാലാംതീയതി ഇൻഡ്യയിലെ ബ്രിട്ടീഷ് അധികാരികൾക്കു് മേലൂസിനെ പരിചയപ്പെടുത്താൻ ബാഗ്ദാദിലെ ബ്രിട്ടീഷ് കോൺസുളിനു് പാത്രിയാക്കീസ് വേറൊരു കത്തു് എഴുതി. അതേസമയം തന്നെ മെസപ്പൊട്ടേമിയൻ മെത്രാന്മാർ ഇൻഡ്യയിൽ വരുന്നതിനെ തടയണമെന്നു വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആഗ്രഹിക്കുന്നു എങ്കിൽ വരാപ്പുഴയുടെ ഭരണത്തിൽപ്പെട്ട ക്രിസ്തീയ സമൂഹത്തിൽനിന്നും ധനം ശേഖരിക്കുന്നതിനുള്ള അനുവാദം

വീണ്ടും ലഭിക്കണം എന്നു കാണിച്ചുകൊണ്ടു സന്യാസിയായ അസിസ് വരാപ്പുഴ വികാരി അപ്പസ്തോലിസ്കുക്കാക്കു് ഒരു കത്തു് എഴുതി.

## മാർ മേലൂസും മലബാർസഭയും

മാർ മേലൂസിനെ നിരോധിച്ചുകൊണ്ടുള്ള റോമിൻെറ കല്പന ഇൻഡ്യയിൽ വന്നുചേർന്നിട്ടുണ്ടായിരുന്നു എങ്കിലും അതിനുമുമ്പുതന്നെ ഒക്ടോബർമാസത്തിൽ അദ്ദേഹം തൃശ്ശൂരിൽ താമസമുറപ്പിച്ചിരുന്നു. ഒമ്പതാംപീയൂസ്, പാത്രിയാർക്കീസായ ജോസഫ് അവുദോയോടു് വളരെ ദയാപുരസ്സരം വർത്തിച്ചിരുന്നു. കൂടാതെ ഒട്ടോമൻ ഗവൺമെൻറു് പുതിയ അർമേനിയൻ ശീശ്മക്കാർക്കു വളരെ വിവേകത്തോടും നയത്തോടും കൂടിയാണു് സഹായം നൽകിയിരുന്നതു്. കാരണം, എന്തെങ്കിലും ഭിന്നിപ്പു് ഉണ്ടാകുന്നപക്ഷം ഗവൺമെൻറുദ്യോഗസ്ഥന്മാർ എല്ലായ്പ്പോഴും അതിനു് അനുകൂലമായിരിക്കും എന്നതിനു് യാതൊരു സംശയവുമില്ല. കേന്ദ്രത്തിൻെറ ശക്തിയിൽനിന്നും വളരെ അകന്നുകിടക്കുന്ന പ്രദേശങ്ങളായ ബാഗ്ദാദ്, മൊസൂൾ എന്നിവിടങ്ങളിൽ ഇത്തരത്തിലുള്ള മനോഭാവത്തിൻെറ അനന്തരഫലങ്ങൾ പ്രത്യേകിച്ചു ഭരണകാര്യങ്ങളിൽ വളരെയധികം കുഴപ്പം സൃഷ്ടിക്കുന്ന ഒന്നാണു്. ചില ഗുരുതരമായ കാരണങ്ങൾ നിമിത്തം പരിശുദ്ധസിംഹാസനം പാത്രിയാർക്കീസിനെ ഔപചാരികമായി ശിക്ഷിച്ചില്ല. എങ്കിലും[16] 1874 ആഗസ്റ്റ് ഒന്നാം തീയതി പുറപ്പെടുവിച്ച സ്പെക്കുലാത്തോരസ് സൂപ്പർ (Speculatores super) എന്ന കല്പനവഴി പണ്ടു മെസ്സപ്പൊട്ടേമിയായിൽ മുടക്കപ്പെട്ടവരായ മെത്രാന്മാരേയും കുട്ടാളികളേയും സാധാരണയായി നൽകാറുള്ള അനുശാസനങ്ങൾക്കുശേഷം, ഉടനെ ഇൻഡ്യ വിട്ടുപേക്ഷിക്കുവാൻ വിസമ്മതിക്കുന്നപക്ഷം, വലിയ മഹറോൻവഴി ശിക്ഷിക്കുന്നതാണെന്നു് അറിയിച്ചു.

1874 ജൂലൈ 2–ാംതീയതിയും 4–ാംതീയതിയും എഴുതിയ കത്തുകളിൽ പാത്രിയാർക്കീസ്മാർ മേലൂസിൻെറ ദൗത്യലക്ഷ്യം കമ്മലീത്തക്കാരുടെ ഭരണത്തെ അടിച്ചമർത്തുകയാണു് എന്നു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. ഒക്ടോബർ 30–ാം തീയതി തൃശ്ശൂരിൽവച്ചു മാർ മേലൂസ് പുറപ്പെടുവിച്ച ഇടയലേഖനത്തിൽ അദ്ദേഹം എല്ലാ മലബാർസുറിയാനിക്കാരോടും ലത്തീൻ ഹയരാർക്കിയുടെ ഭരണത്തിൽനിന്നും പിന്മാറി പാത്രിയാർക്കീസിനെ അനുസരിക്കണമെന്നു് ഉപദേശിച്ചിരുന്നു. കൂടാതെ കൽദായ പാത്രിയാർക്കീസിനു മലബാർസഭയുടെ മേലുള്ള അധികാരം ഒമ്പതാം പീയൂസ് മാർപ്പാപ്പ അംഗീകരിച്ചതായ ഒരു അധികാരപത്രവുമുണ്ടെന്നതിനു് അദ്ദേഹം സാക്ഷ്യം നല്കി. അതുകൊണ്ടു്, അദ്ദേഹം 1875 ഫെബ്രുവരി 7–ാം തീയതി പുതി

യൊരിടയലേഖനം പുറപ്പെടുവിച്ചു. അതിൽ യാഥാൎത്ഥ്യമെന്നു തോന്നിക്കുന്ന ഈ കല്പനയുടെ ഒരു മലയാളതജ്ജമ ചേൎത്തിരുന്നു. എന്നാൽ ഈ തജ്ജമയിൽ കാണിച്ചിരിക്കുന്ന തീയതി 1872 ആഗസ്റ്റ് 20 എന്നാണു്. 1652–ൽ അഹത്തള്ള പ്രയോഗിച്ച തന്ത്രങ്ങൾ സൂത്രശാലിയായ ഈ മെത്രാനും പ്രചോദനം നല്കിയിരിക്കണം. കുറെ ക്രൈസ്തവർ മേലൂസിൻെറ പക്ഷത്തു് ചേൎന്നു. അവരിൽ ഭൂരിഭാഗവും പാദ്രുവാദോയുടെ ഭരണത്തിലുള്ള സമുദായത്തിൽപ്പെട്ടവരായിരുന്നു. ആവശ്യം നേരിട്ടപ്പോഴെല്ലാം ബലം പ്രയോഗിച്ചും പള്ളികൾ കൈക്കലാക്കുന്നതിനു് ആസിസ് മടിച്ചില്ല. വരാപ്പുഴയുടെ ഭരണത്തിൻകീഴ് ആയിരുന്ന ക്രിസ്ത്യാനികൾ അചഞ്ചലരായിത്തന്നെ നിന്നു. പിന്നത്തെ വേനൽക്കാലത്തു് മൂന്നാലു സമൂഹങ്ങൾ ശീശ്മയിലേക്കു് ഏതാണ്ടു് പരിപൂൎണ്ണമായി ചേൎന്നു. എന്നാൽ, ഈ ആവേശം എല്ലായിടത്തും ഒന്നുപോലെ ഉണ്ടായിരുന്നില്ല. തൃശ്ശൂരിൽപോലും കമ്മലീത്തക്കാരുടെ മേൽനോട്ടത്തിൽപ്പെട്ട ഒരു പള്ളി കത്തോലിക്കക്കുണ്ടായിരുന്നു. പുരോഹിതവൃത്തിക്കു് അയോഗ്യരായ അനേകൎക്കു മാർ മേലൂസ് തൻെറ അധികാരം ദുരുപയോഗിച്ചുകൊണ്ടു് പട്ടം കൊടുത്തു എന്നതായിരുന്നു സകല കുഴപ്പങ്ങളുടേയും മുഖ്യകാരണം. മാൎച്ചു മാസത്തിൽ അദ്ദേഹം വടക്കൻപ്രദേശങ്ങളിൽ 20 പേൎക്കു വലിയ പട്ടങ്ങൾ കൊടുത്തു. ജൂൺമാസത്തിൽ തെക്കൻപ്രദേശങ്ങളിൽ 30 പേൎക്കും പട്ടം കൊടുത്തു. തൻെറ പ്രതീക്ഷകൾ സാക്ഷാൽക്കരിക്കപ്പെടുന്നു എന്നു തോന്നിയ മേലൂസ് 1875–ൽ മലബാറിനു രണ്ടാമതൊരു മെത്രാനെക്കൂടിയും അഭിഷേചിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഒരു കത്തു് പാത്രിയാൎക്കീസിനു് എഴുതി. അബ്രാഹം എന്ന പേരോടുകൂടിയ ഒരു സന്യാസിയെ ജൂലൈ ഇരുപത്തിയഞ്ചാം തീയതി മാർ ഫിലിപ്പോസ് യാക്കോബു് ഉറാഹ (Mar Philipos Jacob Uraha) എന്ന നാമത്തിൽ മെത്രാനായി അഭിഷേകം ചെയ്തു. അടുത്ത ഡിസംബർ മാസത്തിൽ മോൺസിഞ്ഞോർ മെല്ലാനോ ഇദ്ദേഹത്തെ മഹറോൻ ചൊല്ലി.

പരിശുദ്ധസിംഹാസനവും പോൎട്ടുഗലും തമ്മിലുണ്ടായ ഉടമ്പടി അനുസരിച്ചു് ആ രണ്ടു ഭരണകൂടങ്ങളും മെസപ്പൊട്ടേമിയായെ സഹായിച്ചിരുന്നു. ഇതേവരേയും ആ സഹായം പിൻവലിക്കപ്പെട്ടിരുന്നില്ല. ചില സുറിയാനിക്കാർ കൊടുങ്ങല്ലൂർ അതിരൂപതയ്ക്കു് വിധേയമായാണു് വൎത്തിച്ചതു്. കൊടുങ്ങല്ലൂർ ഭരിച്ചിരുന്നതു് എപ്പിസ്കോപ്പൽ ഗവൎണ്ണർ ബനഡിക്റ്റ് ഡി. റോസാരിയോ ഗോമസ് (Benedict de Rosario Gomez) ആണു്. മേലൂസിനെതിരെ അദ്ദേഹം വേണ്ടത്ര ശുഷ്ക്കാന്തിയോടെ നടപടികൾ എടുത്തില്ല. കൂടാതെ പാദ്രുവാദോയിൽപ്പെട്ട വൈദികസമൂഹം സുറിയാനിക്രിസ്ത്യാനികളുടെമേൽ

തങ്ങളുടെ ഭരണാധികാരം വ്യാപിപ്പിക്കുന്നതിനു് അവസരം കാത്തുകൊണ്ടാണിരുന്നതു്. ഗോവയിലെ പുതിയ മെത്രാപ്പോലീത്തയായ മോൺസിഞ്ഞോർ അയിരസ്സ് ഡി. ഒർനേല്ലാസ്സ് ഡി. വാസ്കോൺസേലോസ്സ് (Mgr. Ayres d' Ornellas de Vasconcellos) റോമിൽനിന്നും പ്രത്യേക അനുവാദം വാങ്ങിയശേഷം മലബാർ സന്ദർശിക്കുവാനും അവിടെ സമാധാനം പുനഃസ്ഥാപിക്കുവാനും ശ്രമിച്ചതിൽ നിന്നും ഈ വസ്തുത വ്യക്തമാണല്ലൊ. ബോംബെ വികാരി അപ്പസ്തോലിക്കയായ മോൺ. ലെയോ മെവുറിൻ എസ്. ജെ. മലബാറിൽ ഒന്നുംതന്നെ പ്രവർത്തിക്കരുതെന്നു് അദ്ദേഹത്തോടു് അപേക്ഷിച്ചു. അത്തരം ഒരു പ്രവൃത്തിയിൽനിന്നും ഉളവാകുന്ന കുഴപ്പങ്ങൾ എത്രയെന്നു മനസ്സിലാക്കാൻ വിഷമമില്ലല്ലോ. മേലൂസിൻെറ പാർട്ടിയിൽപ്പെട്ട എതാനും ചില വൈദികർ ചില വ്യവസ്ഥകളിൽ ഗോവ ഭരണത്തെ ആശ്രയിച്ചുകൊണ്ടു് റോമയ്ക്കു കിഴ്വഴങ്ങാൻ സന്നദ്ധരായിരുന്നുവെങ്കിൽ അതു മലബാറിൽ ഒരു മൂന്നാംചേരി സൃഷ്ടിക്കുവാൻ കാരണമാകുമായിരുന്നു. മലബാർപ്രദേശത്തെ ക്രിസ്ത്യാനികൾ തന്നെ കമ്മലീത്തക്കാരുടെ കീഴിൽ കുറെപ്പേരും പാദ്രുവാദോയുടെ കീഴിൽ മററുചിലരും മേലൂസിൻെറ പാർട്ടിയിൽ വേറെ ചിലരും അങ്ങനെ മൂന്നു വിഭാഗത്തിൽ ആകുമായിരുന്നു.

എന്നാൽ ഈ പരിതഃസ്ഥിതിയിൽ റോം വെറുതെയിരുന്നില്ല. 1875 ജനുവരി ഇരുപത്തിയേഴാം തീയതി ഒമ്പതാം പീയൂസ് മാപ്പാപ്പ പെർലേജെന്തസ്സ് (Perlegentes) എന്ന തിരുവെഴുത്തുവഴി വിശ്വാസസംരക്ഷണത്തെപ്രതി മലബാർ ക്രിസ്ത്യാനികളെ അനുമോദിക്കുകയുണ്ടായി.[17] അനധികൃതനായ മെത്രാൻെറ പ്രവർത്തനങ്ങളെ തടയുന്നതിനുവേണ്ട മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യപ്പെട്ടു. അതേസമയം കമ്മലീത്തക്കാരെപ്പററി വളരെയധികം ആരോപണങ്ങളും ഉണ്ടായിരുന്നു. ഇവയിൽ ചിലതു് അടിസ്ഥാനമുള്ളതായിരുന്നു. വഴക്കുകളിൽ ഇടപെട്ടിട്ടില്ലാത്ത വ്യക്തികളിൽനിന്നു് കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടതു് അനിർവാര്യമാണെന്ന നില വന്നു. അപ്പസ്തോലികസന്ദർശനം നടത്തുന്നതിനു തീരുമാനിക്കുകയും അതിലേക്കു ബോംബെ വികാരി അപ്പസ്തോലിക്കയായ മോൺസിഞ്ഞോർ മൌരീൻ വിസിററായി നിയോഗിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ 1876 മാർച്ച് ഇരുപത്തിനാലാം തീയതി പുറപ്പെടുവിച്ച ഒപ്പോർത്തെത്തു് (Oportet) എന്ന കല്പനവഴി നല്കി.[18] ഗോവ മെത്രാപ്പോലീത്തയേയും വരാപ്പുഴ വികാരി അപ്പസ്തോലിക്കായേയും സന്ദർശിച്ചുകൊണ്ടാണു് അദ്ദേഹം തൻെറ ദൗത്യം മേയ് എട്ടാം തീയതി സുറിയാനി ഇടവകകളെ അറിയിച്ചതു്. മേയ് ഒമ്പതാം തീയതി അദ്ദേഹം മാർ മേലൂസിനു് എതിരായ ഒരു പ്രസ്താവന പുറപ്പെ

ടുവിച്ചു. അതേമാസംതന്നെ ഇരുപത്തിമൂന്നാം തീയതിതന്നെ മാന്നാനത്തുവച്ച് ഒരു യോഗം കൂടുന്നതിനുവേണ്ടി എല്ലാ ഇടവകകളിലേയും എല്ലാ വൈദികക്കും ഏതാനും അൽമായക്കും ക്ഷണം അയച്ചു. ഈ യോഗത്തിൽ സുറിയാനിക്കാരുടെ പ്രയാസങ്ങളും അഭിലാഷങ്ങളും പ്രകാശിപ്പിക്കപ്പെട്ടു. എല്ലാ പുരോഹിതന്മാരേയും യോഗത്തിനു ക്ഷണിച്ചിരുന്നു. അവരിൽ വിശ്വാസത്തിൽ ഉറച്ചുനിന്നവരും, ശീശ്മയിൽപ്പെട്ടവരും അനധികൃതനായ മെത്രാനിൽനിന്നു നിയമവിരുദ്ധമായി പട്ടം സ്വീകരിച്ചവരും ഉൾപ്പെട്ടിരുന്നു. സുറിയാനിക്കാരുടെ അഭിലാഷങ്ങൾ കുറെയെങ്കിലും സാധിച്ചുകൊടുക്കണമെന്നതായിരുന്നു മോൺസിഞ്ഞോർ മൗരിൻെറ അഭിപ്രായം. വരാപ്പുഴ വികാരിയാത്തിനെ രണ്ടായി (ഒന്നു ലത്തീൻകാക്കും മററൊന്നു സുറിയാനിക്കാർക്കുമായി) വിഭജിക്കണമെന്ന അഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നു. സുറിയാനിക്കാക്കു പ്രത്യേകം ഒരു യൂറോപ്യൻ മെത്രാൻ ഉണ്ടാകണം. അദ്ദേഹത്തിനു് സുറിയാനിയിൽ കർബാന ചൊല്ലുന്നതിനു് അധികാരമുണ്ടായിരിക്കണം. കമ്മലീത്തക്കാക്കു് ഇതിനു വേണ്ടത്ര ആളുകൾ ഇല്ലെങ്കിൽ, ലബോനോനിലെ ഗസീരാ കോളേജ് സ്വന്തമായുള്ള ലയൺസിലെ ഈശോസഭ പ്രോവിൻസ് മലയാളവും സുറിയാനിയും പഠിപ്പിക്കാവുന്ന ഒരു പുതിയ വികാരി അപ്പസ്തോലിക്കായേയും പത്തു വൈദികരേയും മലബാർ സഭയ്ക്കു് പ്രദാനം ചെയ്യണം. കത്തനാരന്മാരിൽ യോഗ്യതയുള്ളവക്കു് മെത്രാൻ പട്ടം നല്കുന്നതിൽ യാതൊരു തടസ്സവും ഉണ്ടായിരിക്കരുതു്. എന്നാൽ മെത്രാന്മാരെന്ന നിലയിൽ അവക്കു് യാതൊരു അധികാരാവകാശങ്ങളും ഉണ്ടായിരിക്കാൻ പാടില്ല. മാർത്തോമ്മാക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷം ഉൾപ്പെട്ടിരുന്ന സുറിയാനികത്തോലിക്കർക്കു് അവരുടെ സ്വന്തം റീത്തിൽ പൊന്തിഫിക്കൽ ശുശ്രൂഷ ഒരിക്കലും ഉണ്ടായിരുന്നില്ല എന്ന വസ്തുത വിസിററർ എടുത്തുപറഞ്ഞിരുന്നു. നേരെമറിച്ചു് യാക്കോബായക്കാക്കു് അനേകം മെത്രാന്മാർ ഉണ്ടായിരുന്നുതാനും. ഇതു് വളരെ വിഷമകരമായിരുന്നു. ലത്തീൻകാക്കു വേണ്ടിമാത്രം സഭ പ്രയത്നിച്ചുകൊണ്ടിരിക്കയും അതേസമയം സുറിയാനിക്കാരോടു് അല്പംപോലും സഹതാപം കാണിക്കാതിരിക്കുകയും ചെയ്യാതിരുന്ന മോൺസിഞ്ഞോർ മെല്ലാനോ, വിസിററുടെ അഭിപ്രായങ്ങളെ എതിർത്തു. മാർ മേലൂസ് ഈ സംഗതി ഗ്രഹിക്കുകയും ഇതിനെപ്പററി വളരെ അവജ്ഞാപൂർവ്വം സംസാരിക്കുകയും ചെയ്തു. കമ്മലീത്താക്കാരും വിസിററും തമ്മിലുണ്ടായ അഭിപ്രായഭിന്നതമൂലം സന്ദർശനത്തിൽനിന്നും ഉളവായേക്കാവുന്ന നല്ല ഫലങ്ങൾ ഉണ്ടായില്ല.

ഈ കുഴഞ്ഞ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടുപിടിക്കുന്നതിനായും, കാര്യങ്ങൾ കുറെക്കൂടി വിശദമായി അന്വേഷിച്ചു

റിയുന്നതിനുവേണ്ടിയും പ്രൊപ്പഗാന്താതിരുസംഘം 1877–ൽ മാർ ഇഗ്നേഷ്യസ് പെർസിക്കോ ഒ. എം. ക്യാപ്പിനെ മലബാറിലേക്ക് അയച്ചു. അക്കാലത്തു് മേലൂസിനു് കേരളത്തിൽ 24000 അനുയായികരം ഉണ്ടായിരുന്നു. ഇവരുടെ കൂട്ടത്തിൽ ഗോവായുടെ കീഴുണ്ടായിരുന്ന എല്ലാ കത്തനാരന്മാരും വരാപ്പുഴയുടെ കീഴിലുള്ള നാലോ, അഞ്ചോ കത്തനാരന്മാരും ഉൾപ്പെട്ടിട്ടുണ്ടു്. മറുഭാഗത്തു് വിശ്വസ്തരായ 170000 കത്തോലിക്കരുണ്ടായിരുന്നു. മോൺ. പെർസിക്കോ ഇൻഡ്യയിലേക്കു പോന്നപ്പോൾ 1876 നവംബർ പതിനാറാം തീയതി ക്വേ ഇൻ പാത്രിയാക്കാത്തു് (Quae in Patiarchata) എന്ന ചാക്രികലേഖനത്തിൻെറ ഒരു കോപ്പി അദ്ദേഹത്തിൻെറ കൈവശത്തിലുണ്ടായിരുന്നു[19]. ഈ ചാക്രികലേഖനത്തിൽ പരിശുദ്ധപിതാവു് ഒമ്പതാം പീയൂസ് തിരുമനസ്സുകൊണ്ടു് മലബാറിലും മെസപ്പൊട്ടേമിയായിലും കൽദായ പാത്രിയാക്കീസിൻെറ പ്രവർത്തനങ്ങളെ തടയുന്നതിനു ഹേതുഭൂതമായ സംഭവങ്ങളുടെ ഒരു ചരിത്രം വിവരിക്കുന്നുണ്ടു്. പ്രസ്തുത സുപ്രധാനരേഖയുടെ ഒരു ശരിയായ മലയാള തർജ്ജമയുണ്ടാക്കി എല്ലായിടത്തും പ്രസിദ്ധം ചെയ്തു. ഇതോടുകൂടി മലബാർ സുറിയാനി കത്തോലിക്കരുടെ ഇടയിൽ സമാധാനം സംജാതമായി. മൂടക്കപ്പെട്ടവനാണു് പാത്രിയാക്കീസെന്നറിഞ്ഞപ്പോൾ എല്ലാവരും അതിയായി സന്തോഷിച്ചു. ചിലർ അദ്ദേഹത്തെ മഹറോൻ ചൊല്ലുവാൻ കൂടി ആവശ്യപ്പെട്ടു. ഈ അവസരത്തിൽ മേലൂസും കൂട്ടാളികളും നിശ്ശബ്ദരായിരുന്നില്ല. ജോസഫ് ആറാമൻ[20] 1877 മാർച്ചു് ഒന്നാം തീയതി പരിശുദ്ധ സിംഹാസനത്തിനു കീഴ്വഴങ്ങി എന്ന വിവരം അതേവർഷത്തിലെ വേനൽക്കാലത്താണു് ഇൻഡ്യയിൽ കിട്ടിയതു്. പഴയ പാത്രിയാക്കീസിൻെറ കല്പനകരം കിട്ടിയിട്ടുപോലും മാർ മേലൂസും, മാർ ഫീലിപ്പോസും, യാക്കോബു് എബ്രാഹവും ഇൻഡ്യ വിടുവാൻ സന്നദ്ധരായില്ല.

## മാർ മേലൂസിൻെറ അന്ത്യത്തിനുശേഷം

അടുത്ത വർഷത്തിൽത്തന്നെ മാർ യാക്കോബ് എബ്രാഹം മലബാർ വിട്ടു ബോംബെയിലേക്കു പിന്മാറി. അതിനു മുമ്പുള്ള ഏതാനും മാസങ്ങളിൽ ശീശ്മക്കാർ സ്തംഭനാവസ്ഥയിലായിരുന്നു. ശീശ്മക്കാർക്കുണ്ടായിരുന്ന ശുഭപ്രതീക്ഷകരം അസ്തമിച്ചുകൊണ്ടിരുന്നു. 1882 ഫെബ്രുവരി 2–ാംതീയതി തൻെറ സ്നേഹിതനായ മാർ എബ്രാഹം ഗസീരാ ഇബൻ ഒമാറിലെ (Gazirah Ibn Omar) മെത്രാനായി എന്നു് അറിയുന്നതുവരെ മാർ മേലൂസിനു് ഇൻഡ്യവിട്ടു പോകണമെന്നുള്ള തീരുമാനമോ ആഗ്രഹമോ ഉണ്ടായിരുന്നില്ല. വിവരങ്ങരം ഗ്രഹിച്ചിട്ടുപോലും അയാരം ആത്മാർത്ഥമായി പരിശുദ്ധസിംഹാസന

ത്തിനു കീഴ്‌വഴങ്ങുവാൻ സന്നദ്ധനായില്ല. അയാരം ഇൻഡ്യ വിട്ടു പോകുന്നതിനു മുമ്പുപോലും വളരെ പണം വാങ്ങി പതിനെട്ടിനും ഇരുപതിനും ഇടയ്ക്കു പ്രായമുള്ള അനേകരെ പുരോഹിതസ്ഥാനത്തേക്കു് ഉയർത്തി. കൂടാതെ, മാർച്ച് അഞ്ചാം തീയതി കപ്പൽ കയറുന്നതിനുമുമ്പുപോലും വിശുദ്ധ തൈലങ്ങരം വെഞ്ചരിക്കുന്നതിനും ചെറിയ പട്ടങ്ങരം കൊടുക്കുന്നതിനുമായി രണ്ടു വികാരിമാരെ നിയമിച്ചു. അവരിൽ ഒരാരം 1872–ൽ ഇൻഡ്യയിൽ സംഭാവന ശേഖരിക്കുവാൻ വന്നവരുടെ കൂട്ടത്തിൽപ്പെട്ട അൽകോഷിലെ അഗസ്റ്റിൻ എന്നു പേരായ ഒരു സന്യാസിയായിരുന്നു. മററെയാരം ഹതഭാഗ്യനായ തോണ്ടനാട്ടു് അന്തോനിയായിരുന്നു. ഇദ്ദേഹം നെസ്റ്റോറിയൻ കാതോലിക്കോസിൽനിന്നാണു് മെത്രാൻപട്ടം സ്വീകരിച്ചതു്. കത്തോലിക്കാപാത്രിയാർക്കീസന്മാർ ഇദ്ദേഹത്തിനു മെത്രാൻ പട്ടം കൊടുക്കുവാൻ സന്നദ്ധരായില്ലെന്നതാണതിനു കാരണം. കത്തോലിക്കാസഭയുമായി ഐക്യപ്പെട്ടതിനുശേഷവും കുറെ വർഷങ്ങരം അദ്ദേഹം ഒരു സാധാരണപുരോഹിതനെപ്പോലെ ജീവിച്ചു. അങ്ങനെയിരിക്കുമ്പോരം മുമ്പുണ്ടായിരുന്ന പരീക്ഷ വീണ്ടും പ്രബലപ്പെട്ടു. അങ്ങനെ അയാരം ശീശ്മക്കാരുടെ പക്ഷത്തു വീണ്ടും ചേന്നു.

മെസപ്പൊട്ടേമിയായിൽ മാർ മേലൂസിന്റെ വരവിനെ ആകാംക്ഷയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടു നില്ക്കുമ്പോരം അദ്ദേഹം ഏപ്രിൽ പതിമൂന്നാംതീയതി ബസ്രായിൽ കപ്പലിറങ്ങി. മൊസ്സൂളിലുള്ള ഏതാനും ജനങ്ങരം പരിശുദ്ധസിംഹാസനത്തിനു കീഴ്‌വഴങ്ങിയ പാത്രിയാർക്കീസായ അവുദോയെ അംഗീകരിച്ചില്ല. അവർ അദ്ദേഹത്തിന്റെ അനന്തരഗാമിയായ എലിയാസ് അബുരംയോനാനെ (Elias Abul Yonan) എതിർത്തു. അവർ തങ്ങളുടെ നേതാവായി പ്രതിവിപ്ലവകാരിയായ ഒരു മെത്രാനെ തെരഞ്ഞെടുത്തു. ഈ മെത്രാൻ അവസാനം പരിശുദ്ധസിംഹാസനത്തിനു കീഴ്വഴങ്ങുന്നതിനു സന്നദ്ധനായി. 1883 ഡിസംബർ മാസത്തിൽ മലബാറിൽനിന്നു് ഒരു കൂട്ടം ശെമ്മാശന്മാർ അദ്ദേഹത്തിൽനിന്നും ആറാം പട്ടവും പുരോഹിതപട്ടവും സ്വീകരിക്കുന്നതിനായി മൊസ്സൂളിൽ എത്തിയപ്പോരം അദ്ദേഹം അവക്കു പട്ടംകൊടുത്തില്ല. സംഗതികരം ഇപ്രകാരമായിരുന്നിട്ടും അദ്ദേഹം തന്റെ ആനുകൂലികളുമായി കത്തിടപാടുകരം നടത്തുകയും തോണ്ടനാട്ടു മെത്രാനോടും അഗസ്റ്റിൻ കോർ എപ്പിസ്കോപ്പായോടും വിശ്വസ്തരായിരിക്കണമെന്നു് അവരോടു് ഉപദേശിക്കുകയും ചെയ്തിരുന്നു. ഒന്നുകിൽ താൻതന്നെ ഇൻഡ്യയിലേക്കു മടങ്ങിവരുമെന്നും അല്ലെങ്കിൽ താൻതന്നെ മെത്രാൻപട്ടം കൊടുത്ത ഒരാളെ ഇൻഡ്യയിലേക്കു് അയയ്ക്കുണമെന്നു വാഗ്ദാനം ചെയ്യുകയുണ്ടായി. 1889 വരെ അദ്ദേഹം പരിശുദ്ധ സിംഹാസനത്തിനു കീഴ്‌പ്പെ

ട്ടിരുന്നില്ല. 1893–ൽ അദ്ദേഹം മാർഡിൻ രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടു. അവിടെവച്ച് 1908 ഫെബ്രുവരി പതിനാറാം തീയതി അദ്ദേഹം മരണം പ്രാപിച്ചു.

മേലൂസിൻേറയും കൂട്ടാളികളുടേയും കേന്ദ്രം എല്ലായ്പ്പോഴും തൃശ്ശൂരിലുള്ള വ്യാകുലമാതാവിൻെറ[21] ദേവാലയമായിരുന്നു. അവരുടെ സംഖ്യ വെറും 8000 ആയപ്പോഴാണ് 1907 ലോ 1908 ലോ അവർ സിമയോൺ ബനിയ പത്തൊമ്പതാമൻ എന്ന നെസ്റ്റോറിയൻ പാത്രിയാക്കീസിനു കീഴ്പ്പെട്ടതു്. ഈ നെസ്റ്റോറിയൻ പാത്രിയാക്കീസ് ഇവക്കു മാർ തിമോത്തി അബിമെലക്ക് (1878–1945) എന്ന പേരോടു കൂടിയ ഒരു മെസപ്പൊട്ടേമിയൻ മെത്രാനെ നൽകി. ഈ മെത്രാനാണ് അവരുടെ ഇടയിൽ നെസ്റ്റോറിയനിസം പ്രചരിപ്പിച്ചതു്. കൂടാതെ ഇദ്ദേഹം പുരോഹിതന്മാരുടെ വിവാഹവും ലത്തീൻമയമായിരുന്ന സുറിയാനിയുടെ സ്ഥാനത്തു് പുരാണ പൗരസ്ത്യസുറിയാനിയും പ്രാബല്യത്തിൽ വരുത്തി. ഇത്തരത്തിലുള്ള മാററങ്ങാംനിമിത്തം ശീശ്മക്കാരുടെ ഇടയിൽ വലിയ അഭിപ്രായവ്യത്യാസം ഉളവായി. ''സ്വതന്ത്രകക്ഷി'' യിൽ പെട്ടിരുന്നവരിൽ അധികപേരും കത്തോലിക്കാസഭയിലേക്കു പിൻതിരിഞ്ഞു. ഇന്നു നെസ്റ്റോറിയൻസമുദായക്കാർ (സൂറായികാം) ഏഴായിരത്തിനും എണ്ണായിരത്തിനും ഇടക്കേ ഉണ്ടാകൂ. (1957 ൽ 1695 കുടുംബങ്ങാം) അവക്ക് ഒരു മെത്രാനും പതിനൊന്നു പുരോഹിതന്മാരും[22] പതിമൂന്നു ഡീക്കന്മാരും പന്ത്രണ്ടു പള്ളികളുമുണ്ട്.

1895 ൽ പോലും കൽദായ കാതോലിക്കോസായിരുന്ന അബ്ദീശോ അഞ്ചാമൻ ഖയ്യാത്തിനു് (Abdisho V Khayyath) സീറോമലബാർ സമൂഹത്തെ ബാബിലോൺ പാത്രിയാക്കാസിംഹാസനത്തോടു യോജിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അനേകം അപേക്ഷകാം പലരും ബാഹ്യപ്രേരണ കൂടാതെ അയച്ചു. ഈ വസ്തുതകാം പരിശുദ്ധസിംഹാസനത്തിൻെറ ശ്രദ്ധയിൽപ്പെട്ടു. പക്ഷേ, മാർത്തോമ്മാശ്ലീഹാക്രിസ്ത്യാനികാം പരിശുദ്ധസിംഹാസനത്തിൻെറ നേരിട്ടു ഭരണത്തിലായിരിക്കണമെന്ന തീരുമാനമാണ് റോം സ്വീകരിച്ചതു്. ഇതുമുതൽ സീറോമലബാർ സഭ വളരെ അഭിവൃദ്ധി പ്രാപിക്കുവാൻ തുടങ്ങി. അതിനു സ്വന്തമായ ഒരു ഹയരാക്കിയും ലഭിച്ചു പിന്നീട് മെസപ്പൊട്ടേമിയായിൽനിന്നു യാതൊരു സഹായവും ആവശ്യമായിരുന്നില്ല. നേരെമറിച്ചു മദ്ധ്യസഭ കിഴക്കൻ പ്രദേശങ്ങളിലെ പള്ളികാം ഉദ്ധരിക്കുവാൻ മലബാറിൻെറ സഹായം ആവശ്യമായി വന്നു. 1876–ൻെറ ആരംഭത്തിൽ ഒട്ടോമൻ സാമ്രാജ്യത്തിൻെറ കിഴക്കൻ പ്രവശ്യകളിൽ താമസിച്ചുകൊണ്ടിരിക്കുന്ന കത്തോലിക്കരുടെ ദുർഘടങ്ങാം

ഗ്രഹിച്ച ഇൻഡ്യയിലെ ഏതാനും ഉദ്ദേശശുദ്ധിയുള്ള പുരോഹിതന്മാരായ സന്യാസികളും അവരെ സഹായിക്കുന്നതിനു് അവിടേക്കു പോകുവാൻ സന്നദ്ധരായി. കൂടാതെ പൗരസ്ത്യ തിരുസ്സംഘം സീറോമലബാർ സഭയിൽപ്പെട്ട പുരോഹിതന്മാരെ ഇറാക്കിലേക്കും പേർഷ്യയിലേക്കും അയയ്ക്കുവാൻ സാധിക്കുമോ എന്നതിനെപ്പററി ആരാഞ്ഞിട്ടുമുണ്ടു്. ഇന്നു സീറോമലബാർ സുറിയാനിക്കാർക്കു കൽദായരെ സഹായിക്കുന്നതിനും, നെസ്റ്റോറിയൻകാരുടെ സമൂഹത്തിൽ അവശേഷിച്ചിരിക്കുന്ന കുറച്ചുപേരുടെ പുനരൈക്യം ത്വരിതപ്പെടുത്തുന്നതിനും കഴിയും.

---

1. Catholic Directory of India, മദ്രാസ്, 1932 പേജ് 17

2. മേൽഗ്രന്ഥം പേജ് 24–5

3. 1728 മുതൽതന്നെ റോമയുമായുള്ള പുനരൈക്യശ്രമങ്ങൾ മൊസൂൾ പട്ടണത്തിലും തൽപ്രദേശത്തും ആരംഭിച്ചിരുന്നു 1750 നു ശേഷം ഡൊമിനിക്കൻ സഭക്കാർ മൊസൂളിൽ താമസിച്ചു് ഐക്യശ്രമത്തെ ശക്തിപ്പെടുത്തിയിരുന്നു. 1778 ൽ ജോൺ ഹോർമസ്സ് പുനരൈക്യപ്പെട്ടു. എന്നാൽ നിസ്സാരമായ കിടമത്സരങ്ങൾമൂലം 1830 ൽ മാത്രമേ അദ്ദേഹം പാത്രിയാക്കീസായുള്ളൂ. 1838, ആഗസ്റ്റ് പതിനാറാം തീയതി അദ്ദേഹം മരിച്ചു. തിസ്സുരാങ്ങ് Eglise Nestorienne DTC വാല്യം XI 243–4

4. പന്തരി ഒരു സുറിയാനി പുരോഹിതനായിരുന്നു. മാർ അബ്രാഹം എന്ന പേരിലാണു് സ്വദേശത്തദ്ദേഹം എത്തിച്ചേർന്നതു്. പാത്രിയാക്കീസിൻെറ പ്രതിനിധിയായ ഹോർമിസ്ദസ് പന്തരിയെ അനുഗമിച്ചതായി കാണുന്നു. ഇതു രണ്ടും 1799 മേയ് ഇരുപതാം തീയതി മാർ ഡയനീഷ്യസ് ഒന്നാമൻ (മാർത്തോമ ആറാമൻ) സ്വീകരിച്ച ഐക്യപത്രികയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഫാദർ തോമസ് പാറേമാക്കലിൻെറ മരണത്തിനുമുമ്പു് മാർ അബ്രാഹത്തിനു് മെത്രാനടുത്ത കർമ്മങ്ങൾ ചെയ്യുവാൻ അധികാരം ഉണ്ടായിരുന്നില്ല. ഫാദർ പ്ലാസിഡ് Unitas 5 (1953). The efforts for reunion in Malankara, South India പേജ് 91. നോട്ട് 2

5. റോമുമായി ഐക്യം സ്ഥാപിച്ച സുറിയാനികളുടെ പ്രഥമ പാത്രിയാക്കീസാണു് മൈക്കൾ ജാർവെ. 1731–ൽ ജനിച്ചു. 1760–ൽ കത്തോലിക്കനായി. 1783-ൽ പാത്രിയാർക്കീസായി അംഗീകരിക്കപ്പെട്ടു. 1800–ൽ മരിച്ചു. ജി. ഗ്രാഫ് 'Garweh' L. F. T. K. വാല്യം നാലു്, 290-1

6. സി. ഡിനസറത്ത് Mitras Lusitanas no Oriente Nova-Goa. വാല്യം II പേജ് 58, 119–29

7. Etsi Pastoralis എന്നതു ബനഡിക്ട് പതിനാലാമൻ മാർപ്പാപ്പ 1742 മേയ് ഇരുപത്തിയാറാം തീയതി പ്രസിദ്ധം ചെയ്ത ബൂളയുടെ ആദ്യ

വാക്കുകളാണ്. ബൈസൻറിനിയൻ റീത്തിലേ ഇററാലോ ഗ്രീക്ക കത്തോലിക്കരുടെ തത്വസംഹിത, റീത്തുകാം, ആചാരങ്ങാം എന്നിവയെ സംരക്ഷിക്കുവാനം, പരിപോഷിപ്പിക്കുവാനുമുള്ള മാർഗ്ഗങ്ങളാണ് അതിൽ വിവരിക്കുക. എല്ലാ പൗരസ്ത്യറീത്തുകാംക്കും അതു മാർഗ്ഗദർശകമായിത്തീന്നു. Acta et Decreta. S. Concilinrum Recentiorum ഫ്രീബർഗ് i. B. 1876, വാല്യം II പേജ് 5൦7–22 എന്ന ഗ്രന്ഥത്തിലെ രേഖ.

8. മേൽരേഖ പേജ് 99–100

9. സി. കൊറോലേവിസ്ക്കി 'Joseph Audo' D. H. G. E, വാല്യം 5, 326–32

10. Hierarchia Carmelitana, A. O. C. D. 14 (1939) പേജ് 32

11. ആർ. ഡെമർത്തീനിസ് Jus Pontificiun de Propaganda Fide, റോം, 1894 വാല്യം VI a പേജ് 335 മുതൽ

12. എം. ഡിസാ, History of Catholic Church in India, ബോംബെ 1922 വാല്യം 2 പേജ് 179–87, എന്ന ഗ്രന്ഥത്തിൽ ഇതിൻെറ ഇംഗ്ലീഷ് തർജ്ജമയുണ്ട്.

13. വത്തിക്കാൻ കൗൺസിലിൻെറ ആധികാരികതയെക്കുറിച്ച ഫാദർ എ. ഔബേർട്ടിൻെറ Pie IX പാരീസ് 1952 പേജ് 327–9 എന്ന പുസ്തകം കാണുക.

14. അൽകോഷിലെ വിത്തുകളുടെ മാതാവിൻെറ ആശ്രമം മൊസൂളിനു നാല്പതു മൈൽ വടക്കു സ്ഥിതിചെയ്യുന്നു. കത്തോലിക്കാസ്ഥാപനത്തിൻെറ അവിടത്തെ ആരംഭത്തെക്കുറിച്ച് എസ്സ്. ബെല്ലോ, 2a Congregation deS Hormisdas et L'Eglise Chaldeenne dans la Premiere moitie du XIX esiecle O. C. A. നമ്പർ 122 റോം 1939 കൽദായരുടെ സന്യാസജീവിതത്തിൻെറ സമകാലികപരിത:സ്ഥിതിയെക്കുറിച്ച കെ. ജെ. മെർട്ടീമിയർ "The Monks of St Hormisdas" E. C. Q. 7 (1948) പേജ് 477–82

15. അർമിനിയൻ പാത്രിയാക്കീസിൻെറ തെരഞ്ഞെടുപ്പ വ്യവസ്ഥകാം, പ്രത്യേകിച്ച് തെരഞ്ഞെടുപ്പിൽ അൽമായരുടെ ഇടപെടൽ ഒഴിവാക്കിക്കൊണ്ടു് ഒമ്പതാം പീയൂസ് പുറപ്പെടുവിച്ച 'Reversus' എന്ന ബൂളാക്കുശേഷം അർമീനിയൻ ശീശ്മ ആരംഭിച്ചു. അതു് 1869 മുതൽ അർമേനിയൻ കത്തോലിക്കരെ രണ്ടു ചേരിയാക്കാൻ ആവേശം നല്കി. ഈ പരിത:സ്ഥിതി ഒന്നാം ലോകമഹായുദ്ധത്തിനുശേഷംവരെ തുടന്നു. എഫ്. ടോർണബീസ് Armenie, D. G. H. E. വാല്യം 4 പേജ് 338–42

16. ആർ. ഡി. മത്തിനിസ് വാല്യം VI B പേജ് 243–7

17. മേൽപുസ്തകം 256

18. മേൽപുസ്തകം 292–94

19. മേൽപുസ്തകം 306–10

20. ജോസഫ് ആറാമൻെറ സംഘർഷം നിറഞ്ഞ ഭരണകാലമെല്ലാം അദ്ദേഹം പരിശുദ്ധ സിംഹാസനത്തോടു വിശ്വസ്തനായിരുന്നു എന്നതിൽ സംശയമില്ല. 1879 ഫെബ്രുവരി 28–ാം തീയതി ലെയോ പതിമൂന്നാമൻ മാപ്പാപ്പ തൻെറ കൺസിസ്റ്ററി പ്രസംഗത്തിൽ അദ്ദേഹത്തെപ്പററി പറഞ്ഞതു് അസാധാരണ ഭക്തിയുള്ള മെത്രാൻ എന്നാണ്. അതു് വെറും ഭംഗിവാക്കായിരുന്നില്ല, യാഥാത്ഥ്യമായിരുന്നു. അദ്ദേഹത്തിൻെറ തെററുകരം, റോമയുമായുള്ള എതിർപ്പുപോലും, ഒരു വിധം ദേശീയബോധം മൂലവും ചരിത്രപരമായ അവകാശബോധം മൂലവും (അതിൽ അദ്ദേഹം എപ്പോഴും തെററായിരുന്നില്ല) റോമിൻെറാ ഉദ്ദേശ്യങ്ങളെക്കുറിച്ചു് വഞ്ചനാപരമായ അദ്ദേഹത്തിൻെറ ഉപദേഷ്ടാക്കളുടെ ഉപദേശം മൂലമാണ് സംഭവിച്ചതു് എന്നു സമത്ഥിക്കാം. അദ്ദേഹത്തിൻെറ സുകൃതങ്ങരംമാത്രം ഓക്കാൻ ആഗ്രഹിക്കുന്ന കൽദായക്കാർ അദ്ദേഹത്തെ സ്മരിക്കുന്നു. അതുതന്നെയാണ് ലെയോ പതിമൂന്നാമനും ചെയ്തതു്. സി. കൊറോലേവിസ്ക്കി 'Joseph Audo' D. H. G. E. വാല്യം V 350

21. 18–ാം നൂററാംണ്ടിൽ പണിത ഈ പള്ളി കാതോലിക്കോസിൻെറ ഭദ്രാസനമായിരുന്നു. തെററായ രേഖകരം കോർട്ടിൽ ഹാജരാക്കുകയും അതു മുഖവിലക്കു കോടതി സ്വീകരിക്കുകയും ശീശ്മക്കാക്കു് അനുകൂലമായി വിധിക്കുകയും ചെയ്തതിൻെറ ഫലമായിട്ടാണ് കാതോലിക്കോസിൽനിന്നും ഈ പള്ളി വേർപെടുത്തപ്പെട്ടതു്. അവിടെയുണ്ടായിരുന്ന വ്യാകുലമാതാവിൻെറ രൂപം അടുത്തകാലത്തു് നശിപ്പിക്കപ്പെട്ടു.

22. Caritas (ആലുവാ 1957 പേജ് 50–51) 1945–ൽ മാർ തിമോത്തിയുടെ മരണത്തിൻശേഷം 1952 ജൂൺ രണ്ടാം തീയതിവരെ തുടന്നു. അന്നു് 'മലബാറിൻേറയും ഇൻഡ്യയുടേയും മെത്രാപ്പോലീത്ത' എന്ന പേരിൽ മാർത്തോമ്മ എന്ന പുതിയ മെത്രാൻ നിയമിക്കപ്പെട്ടു. ഇപ്പോരം അമേരിക്കയിൽ താമസിക്കുന്ന മാർ സൈമൺ ഇരുപത്തിയൊന്നാമൻ എന്ന നെസ്റ്റോറിയൻ മെത്രാനാണ് അദ്ദേഹത്തെ അയച്ചതു്. കഴിഞ്ഞ കാലത്തിൻെറ കുറെ ലത്തീൻ അവശിഷ്ടങ്ങളോടുകൂടി നെസ്റ്റോറിയൻ റീത്താണ് തൃശ്ശൂരിലെ നെസ്റ്റോറിയർ ആചരിക്കുന്നതു്. അവരുടെ പാനങ്ങരം പ്രോട്ടസ്റ്റൻറു സ്വാധീനത്തിനു മുക്തമല്ല. ആരാധനക്രമത്തിലെ വായനസ്സു മാത്രമെ മലയാളം ഉപയോഗിക്കുന്നുള്ളു. അൽമായക്കാണ് കൂടുതൽ സ്വാധീനം. കുറച്ചുപേരേ അംഗങ്ങളായുള്ള എങ്കിലും അവക്കു സാമ്പത്തികമായി ഉന്നതനിലയാണുള്ളതു്. ഈ നില തുടരുന്നതു് ഏറെക്കുറെ സാമൂഹികമായ കാരണങ്ങളാലാണ്. സുറിയാനി കത്തോലിക്കരുമായുള്ള മിശ്രവിവാഹംമൂലം അവരുടെ സംഖ്യ കുറയുകയാണ്. ജെ.സി. പഞ്ഞിക്കാരൻ 'Christianity in Malabar' O. C. 6 (1926) നമ്പർ 23 പേജ് 11, 3 മുതൽ

ആറ്

# ഇൻഡ്യയിലെ കത്തോലിക്കാഹൈറാർക്കി

എല്ലാ കത്തോലിക്ക രാജ്യങ്ങളേയും തദ്ദേശീയ വൈദിക മേലദ്ധ്യക്ഷന്മാർ ഭരിക്കണമെന്ന സംശയാതീതമായ തത്വത്തെ സ്വീകരിച്ചുകൊണ്ട് പതിനൊന്നാം പീയൂസ് മാർപ്പാപ്പ തിരുവെഴുത്തുകൾവഴി ആഫ്രിക്കയിലും മററു കിഴക്കൻരാജ്യങ്ങളിലും ഏതദ്ദേശിയഹൈറാർക്കികൾ സ്ഥാപിച്ചു.

ഇൻഡ്യാക്കാരും, ചൈനാക്കാരും, ജപ്പാൻകാരുമായ മെത്രാന്മാരുടെ അഭാവത്തിനു കാരണം ലത്തീൻ മിഷനറിമാരുടെ പക്ഷത്തുനിന്നുണ്ടായ നടപടിപിശകാണെന്നു പലർക്കും തോന്നി. അതിനാൽ കഴിഞ്ഞകാലത്തെപ്പററി അവർക്ക് വലിയ അസംതൃപ്തി ഉളവായി. പോർട്ടുഗീസുകാരുടെ ആഗമനത്തിനുമുമ്പ് ഇൻഡ്യക്കാരായ യാതൊരു മെത്രാനും മലബാറിൽ ഉണ്ടായിരുന്നില്ല. 1929-നു് മുമ്പ് എത്തിയോപ്യായിൽ യാതൊരു ഏതദ്ദേശിയ വൈദികാദ്ധ്യക്ഷനും ഉണ്ടായിട്ടില്ല. ഇപ്പോഴും കിഴക്കൻ രാജ്യങ്ങളിലുള്ള, സഭയിൽനിന്നു ഭിന്നിച്ചു നില്ക്കുന്ന ചില ത്രുപതകളെ ഭരിക്കുന്നതു് ഗ്രീക്കുഹൈറാർക്കിയാണു്. ഇവർ എല്ലാവരുംതന്നെ അറബി സംസാരിക്കുന്നവരാണു്. റോമിൻെറ സ്വാധീനത്തിൽനിന്നും സ്വതന്ത്രമായി അലക്സാണ്ഡ്രിയായിലെ പാത്രിയാർക്കീസും സെലൂഷ്യയിലെ കതോലിക്കോസും ഇൻഡ്യയിലും എത്തിയോപ്പിയായിലും തങ്ങളുടെ റീത്തിൽപ്പെട്ട ത്രുപതകളെ ഭരിക്കുന്നതിനു വ്യക്തികളെ ക്രമമായി നിയമിച്ചിരുന്നു. എന്നാൽ അവർക്ക് ഏതദ്ദേശിയ വൈദികമേലദ്ധ്യക്ഷന്മാരെ അഭിഷേകം ചെയ്യുന്നതിനുള്ള അനുവാദം നിഷേധിക്കപ്പെട്ടിരുന്നു.

ഡച്ചുകാർ കൊച്ചികീഴടക്കുകയും അപ്പസ്തോലിക് വിസിററായിരുന്ന പരിശുദ്ധ മറിയത്തിൻെറ ജോസഫ് സെബസ്ത്യാ

നിയെ ഒരു രാത്രിയിൽ നാടുകടത്തുകയും ചെയ്തപ്പോഴാണ് ആദ്യത്തെ സീറോമലബാർ മെത്രാനെ നിയമിക്കുകയും അഭിഷേചിക്കുകയും ചെയ്തതു്. സെബസ്ത്യാനി റോമിൽനിന്നും പുറപ്പെടുന്നതിനു മുമ്പായി ആവശ്യമെന്നു തോന്നുന്ന പക്ഷം ഏതദ്ദേശീയ വൈദികരിൽനിന്നും രണ്ടോ മൂന്നോ പേരെ മെത്രാന്മാരായി അഭിഷേകം ചെയ്യുന്നതിനുള്ള അനുവാദം അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടായിരുന്നു. ഇതു് പ്രൊപ്പഗാന്ത തിരുസംഘത്തിൻെറ വിശാലമനോഭാവത്തെ സ്പഷ്ടമാക്കുന്നു. റോമ ഈ തത്വം അംഗീകരിച്ചു എന്നതിനു കഴിഞ്ഞ മുപ്പതു വർഷങ്ങൾ സാക്ഷ്യം നൽകുന്നുണ്ടു്. കൂടാതെ ഈ പരീക്ഷണം വളരെ വിജയകരമായ ഒന്നായിരുന്നു. പറമ്പിൽചാണ്ടിമെത്രാൻ (അലക്സാണ്ടർദേകാംബോ)അധികാര മോഹിയായിരുന്ന തൻെറ സഹോദരനായ തോമസ്ദേകാംബോയുടെ ചതിയിൽനിന്നും വിശ്വാസികളെ സംരക്ഷിച്ചുഎന്നുമാത്രമല്ല അനേകം മാനസാന്തരങ്ങളും നടത്തി, അദ്ദേഹം തൻെറ വാർദ്ധക്യത്തിൽ ഒരു സഹായമെത്രാനെ ആവശ്യപ്പെട്ടു. പ്രൊപ്പഗാന്ത തിരുസ്സംഘം ഇതിലേക്കു നാലു കർമ്മലീത്തകമ്മിസറിമാരെ അയച്ചു, ഒരു സുറിയാനിക്കാരനെ തെരഞ്ഞെടുക്കുവാനുള്ള അനുവാദം അവർക്കു ലഭിച്ചിട്ടുണ്ടായിരുന്നു.

ആരാണു് യഥാർത്ഥ സ്ഥാനാർത്ഥി എന്നതിനെപ്പററി വയോവൃദ്ധനായ മെത്രാനും കമ്മിസറിമാരും തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസം മൂലം അലക്സാണ്ടർ ഡി ക്യാംപോയുടെ പിൻഗാമിയായി നാട്ടുകാരനായ മെത്രാൻ നിയമിതനാകാനുള്ള അവസരം ഇല്ലാതായി. ഈ അഭിപ്രായവ്യത്യാസം എന്തായിരുന്നു എന്നു കണ്ടുപിടിക്കുക അത്ര എളുപ്പമല്ല. ഇതു മനസ്സിലാക്കിയിരുന്നെങ്കിൽ അനേകം വഴക്കുകളും ശീശ്മകളും തടയാമായിരുന്നു. മെസപ്പൊട്ടേമിയായിൽനിന്നും തങ്ങളുടെ മെത്രാന്മാരെ സ്വീകരിക്കുക സ്ഥായിയായ പതിവാക്കിയിരുന്ന മലബാറിലെ സുറിയാനിക്കാർ പിന്നീടുള്ള നാളുകളിൽ അവർക്കു ലത്തീൻ മിഷനറിമാരെ അനുസരിക്കുന്നതിൽ പ്രയാസം നേരിട്ടിരുന്നപ്പോഴെല്ലാം മെസപ്പൊട്ടേമിയായെ ആശ്രയിക്കാൻ ശ്രമിച്ചിരുന്നു. കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാനായി പോർത്തുഗീസ് രാജ്ഞി നിയമിച്ച മാർ ജോസഫ് കരിയാട്ടിയുടെ പെട്ടെന്നുണ്ടായ മരണത്തിനുശേഷം മാത്രമാണു് അവർ സീറോ മലബാർ റീത്തിലെ ഒരു പുരോഹിതനും കൊടുങ്ങല്ലൂർ പോലെയുള്ള പാദ്രവാദോ രൂപതയുടെ അഡ്മിനിസ്ട്രേറററുമായ തോമസു് പാറേമാക്കലിനെ കൽദായ പാത്രിയർക്കീസിനാൽ അഭിഷേകം ചെയ്യപ്പെടുന്നതിനോ ലിസ്ബനിൽനിന്നും മെത്രാനായി നിയമനം ലഭിക്കുന്നതിനോവേണ്ടി പരിശ്രമിച്ചതു്. എന്നാൽ മാർ റോക്കോസിൻേറയും മാർ എലിയാസ് മേലൂസിൻേറയും പ്രവർത്തനങ്ങൾ മെസപ്പൊട്ടേമിയൻ പാരമ്പ

ര്യത്തിന്റെ അഭിനിവേശത്തെ ചൂണ്ടിക്കാണിക്കുന്നു. ഇതു് മലബാർ സഭയ്ക്കു് അപകർഷം ഉളവാക്കിയ ഒന്നാണെന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല.

## സുവർണ്ണദശയുടെ ഉദയം

പത്തൊമ്പതാം നൂററാണ്ടിന്റെ ആരംഭം മുതൽ ഒരു ഇൻഡ്യക്കാരനായ മെത്രാനെ ലഭിക്കണമെന്ന വലിയ ആഗ്രഹം നിലവിലിരുന്നു. 1865ൽ സീറോമലബാർ സമുദായത്തിൽ പ്രസിദ്ധം ചെയ്തിരുന്ന മെത്രാനാകുമെന്നു വിചാരിച്ചിരുന്ന തോമസ് പാറേമാക്കലിന്റെ ചില പുസ്തകങ്ങൾ ശപിക്കുവാൻ കമ്മലീത്തക്കാർ റോമിനോടു് ആവശ്യപ്പെട്ടു. 1786–ൽ കരിയാട്ടി മെത്രാപ്പോലീത്തയുടെ തിരിച്ചുവരവോടെ ഉണർന്ന പ്രതീക്ഷകൾ സജീവമായിത്തന്നെ നിലനിന്നിരുന്നു.

കൂടാതെ ഈശോസഭക്കാരുടെ മധുരമിഷൻ വളരെ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു എന്നതു പ്രസ്താവയോഗ്യമായ ഒന്നാണു്. സുറിയാനിക്കാരുടെ റീത്തിൽ പൊന്തിഫിക്കൽ ശുശ്രൂഷ നടത്തുന്നതിനും അതേസമയംതന്നെ പിൻതുടച്ച്വാവകാശമില്ലാത്തതുമായ ഒരു സഹായമെത്രാനെ സുറിയാനിക്കാക്കുവേണ്ടി വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്കു നല്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഫാദർ പുച്ചിനേല്ലി എഴുതി. ഈ സഹായമെത്രാനു് അവരുടെ പുരോഹിതന്മാക്കു പട്ടം കൊടുക്കുന്നതിനു് അധികാരമുണ്ടായിരിക്കണം. ഇദ്ദേഹത്തിനു സുറിയാനിക്കാരുടെ മേൽ ഒരു വികാരി ജനറാളിന്റെ സകല അവകാശങ്ങളുമുണ്ടായിരിക്കണം.

മാർ റോക്കോസിന്റെ സാഹസയത്നങ്ങൾക്കും നെസ്തോറിയൻ പാത്രിയക്കീസിനാൽ അഭിഷിക്തനായ തൊങ്ങനാട്ടു് അന്തോണി കത്തനാരുടെ സാഹസത്തിനും ശേഷമാണു പ്രൊപ്പഗാന്ത തിരുസ്സംഘം ഇതിനുവേണ്ടി ആദ്യമായി നടപടി എടുത്തതു്. വിവിധഭാഷകളിലും റീത്തുകളിലും ഉൾപ്പെട്ടിരിക്കുന്ന വിശ്വാസികളുള്ള രൂപതയുടെ നന്മക്കായി നാലാം ലാററൻ സൂനഹദോസിന്റെ ഒമ്പതാം കാനോന മലബാറിൽ പ്രയോഗിക്കുന്നതിനു പററിയ അവസരം ഇതുതന്നെയാണെന്നു പ്രൊപ്പഗാന്തതിരുസ്സംഘം തീച്ചയാക്കി. കാനോനയുടെ നിർദ്ദേശം ഇതാണു്; അവധാനപൂർവ്വമായ പരിഗണനക്കുശേഷം സ്ഥലത്തെ മെത്രാൻ അവിടത്തെ പതിവനുസരിച്ചു് ഒരു വൈദികനെ തന്റെ വികാരി ജനറാളായി നിയമിക്കണം. അദ്ദേഹം എല്ലാ കാര്യങ്ങളിലും മെത്രാനെ അനുസരിക്കണം. അതുകൊണ്ടു ഫാ. പുച്ചിനെല്ലിയുടെ ഉപദേശമനുസരിച്ചു വികാരി ജനറാളിനെ അഭിഷേകം ചെയ്യണമെന്നു തിരുസംഘം തീരു

മാനിച്ചു. എന്നാൽ ഈ നടപടിയുടെ യുക്തിയുക്തതയെപ്പററി വികാരി അപ്പസ്തോലിക്കയായിരുന്ന മോൺസിഞ്ഞോർ ബാച്ചിനേല്ലിയുമായി ചച്ച്ചെയ്യു. അദ്ദേഹം തൻെറ മിഷനറിമാരുമായി ആലോചിച്ചുകൊണ്ടു്, ഏതദ്ദേശിയരായ വൈദികരുടേയോ സന്യാസികളുടെപോലുമോ നിയമനത്തെ ശക്തിയുക്തം എതിർക്കുകയാണു് ഉണ്ടായതു്. സീറോ മലബാർക്കാരനായ ഒരു വികാരി ജനറാളെ നിയമിക്കുന്നതു് —അദ്ദേഹം യഥാൎത്ഥത്തിൽ മെത്രാനല്ലെങ്കിൽപ്പോലും—സുറിയാനിക്കാരുടെ യഥാൎത്ഥഭരണാധിപനും കൽദായമെത്രാപ്പോലീത്തായുടെ സന്തതസഹായിയായിരുന്ന ആർച്ചുഡീക്കൻ പ്രവൎത്തിച്ചിരുന്നതുപോലെ അങ്കമാലി മെത്രാപ്പോലീത്തൻ രൂപതയുടെ പഴയ പാരമ്പര്യത്തിലേക്കുള്ള ഒരു തിരിച്ചുപോക്കായിരിക്കും അതു് എന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. തങ്ങൾ സംരക്ഷിക്കേണ്ട സമൂഹങ്ങളുടെ സംഖ്യയോടു തുലനം ചെയ്യുമ്പോൾ തങ്ങളെ ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരുടെ സംഖ്യ കുറവായിരുന്നെങ്കിലും കമ്മലീത്തക്കാർ പൂൎണ്ണാധികാരം തന്നെ നിലനിൎത്താൻ തീച്ച്പ്പെടുത്തി. ഇത്തരത്തിലുള്ള നടപടി പ്രബലപ്പെട്ടിരുന്ന പ്രത്യുതാന്തരീക്ഷത്തെ ശാന്തമാക്കുവാൻ സാധിക്കുമായിരുന്നു. എന്നാൽ മോൺ. മെല്ലാനോ തൻെറ സഭയിൽപ്പെട്ട ഒരാളെ സുറിയാനിക്കാൎക്കുവേണ്ടി വികാരി ജനറാളായി നിയമിക്കുവാൻ സന്നദ്ധനായില്ല. ഈ വിധത്തിലുള്ള സംഘട്ടനമുണ്ടായതു് അദ്ദേഹത്തിൻെറ വ്യക്തിപരമായ കൎക്കശസ്വഭാവം മൂലമാണു്.

## തെററായ കാൽവെപ്പുകൾ

മാർ എലിയാസ് മേലൂസിൻെറ ആഗമനത്തോടുകൂടി പ്രശ്നങ്ങൾ വീണ്ടും തലപൊക്കി. ഒരു നാട്ടുമെത്രാനെ അഭിഷേകം ചെയ്തിരുന്നു എങ്കിൽ മെസപ്പൊട്ടേമിയായുടെ ഇടപെടൽ അവസാനിപ്പിക്കാമായിരുന്നു. മുൻവിധി കൂടാതെ ചിന്തിക്കുന്നവൎക്കു് ഇക്കാൎയ്യം വ്യക്തമായിരുന്നു. എന്നാൽ സ്ഥാപിത താല്പര്യക്കാർ പലപ്പോഴും പ്രശ്നം സങ്കീൎണ്ണമാക്കുവാൻ ശ്രമിച്ചിരുന്നു. ചച്ച്കൾ പലപ്പോഴും നടന്നിരുന്നു. അതിൻെറ വിശദാംശങ്ങൾക്കു പ്രാധാന്യം നല്കേണ്ട കാര്യമില്ല. സുറിയാനിക്കാൎക്കുവേണ്ടി ഒരു മെത്രാനേയും ലത്തീൻകാൎക്കുവേണ്ടി മറെറാരു മെത്രാനേയും നല്കിക്കൊണ്ടു് വരാപ്പുഴ വികാരിയാത്തിനെ രണ്ടു വിഭാഗങ്ങളായി തിരിക്കുക എന്നതു് വളരെ ആവശ്യമായ തീരുമാനമായിരുന്നു. ഈ രണ്ടു വിഭാഗങ്ങൾ പരസ്പരം കൂടിതാമസിക്കുന്നതുകൊണ്ടു് അധികാരവും പരസ്പരം വ്യാപിപ്പിക്കണം. കുറെക്കൂടി മയമുള്ള തീരുമാനം വികാരിയാത്തിനെ അതേനിലയിൽ നിലനിൎത്തിക്കൊണ്ടു് സുറിയാനിക്കാൎക്കു് ഒരു മെത്രാനെ നല്കുക എന്നതാണു്. ഈ പുതിയ മെത്രാൻ വികാ

രിജനറാളോ അല്ലെങ്കിൽ പട്ടം നല്കുകയും സ്വന്തം റീത്തിലെ തിരുക്കർമ്മങ്ങൾ നടത്തുവാൻമാത്രം അധികാരമുള്ള ഒരു മെത്രാനോ ആകണം. ഇത്തരം ഒരു മെത്രാനെ നിയമിക്കുന്നതിനെ എതിർക്കാൻ പ്രത്യേക കാരണമൊന്നും ഉണ്ടായിരുന്നില്ല. ഈ രണ്ടു നിർദ്ദേശങ്ങൾക്കും ശക്തരായ പിന്തുണക്കാരുണ്ടായിരുന്നു. റോമിൽ ഈ വിവിധ നിർദ്ദേശങ്ങൾ പരിശോധിച്ചു. 1877 വരെ മറുപടി ഒന്നും ഉണ്ടായില്ല. ആഗസ്റ്റ് 17-ന് രണ്ടു റീത്തുകളുടേയും പൊതുസ്ഥാപനമായ പുത്തൻപള്ളി സെമിനാരിയുടെ സുപ്പീരിയർ മാർ സെല്ലീനൂസ് ഓഫ് സെൻറ് തെരേസ (ആൻറണി ബരാർഡി) യെ പിന്തുടർച്ചാവകാശമുള്ള കോഅഡ്ജുത്തോരായും സുറിയാനിക്കാരുടെ പ്രത്യേക സംരക്ഷകനായും തെരഞ്ഞെടുത്തു.[1] ആ തെരഞ്ഞെടുപ്പു തീർത്തും ഉചിതമായതായിരുന്നു എന്നു പറയാൻ വയ്യ. നിയുക്തമെത്രാൻ വികാരി അപ്പസ്തോലിക്കയോടു ബന്ധപ്പെട്ട വ്യക്തിയായിരുന്നു. അധികം താമസിയാതെ താൻ ലത്തീൻകാരുടെ വികാരി അപ്പസ്തോലിക്കയാകും എന്നു ചിന്തിച്ചിരുന്ന അദ്ദേഹം തന്റെ പ്രത്യേക സംരക്ഷണത്തിന് ഏല്പിക്കപ്പെട്ടിരുന്ന സുറിയാനിക്കാരുടെ സ്നേഹം സമ്പാദിക്കാൻ യത്നിച്ചില്ല. മാത്രമല്ല തന്റെ നിയമനാവസരത്തിൽ പ്രൊപ്പഗാന്താ മുന്നോട്ടുവെച്ച ഒരു വ്യവസ്ഥ പാലിക്കാൻ നിയുക്തമെത്രാൻ ഒട്ടും ശ്രമിച്ചതുമില്ല. തന്നെ സഹായിക്കാൻ ഒരു വികാരിജനറാളിനേയും നാലു സീറോ മലബാർ വൈദികന്മാരെ ഉപദേശകസമിതിയായും അദ്ദേഹം നിശ്ചയിച്ചില്ല. പരിശുദ്ധസിംഹാസനത്തിന്റെ ലക്ഷ്യങ്ങളെല്ലാം തന്മൂലം ഒരിക്കൽക്കൂടി വിഫലമായി.

## നല്ല ദിനങ്ങളുടെ ഉദയത്തിനുമുമ്പ്

1886 ജൂൺ 23-ാം തീയതിയിലെ പോർട്ടുഗലുമായുള്ള ഉടമ്പടിക്കും "ഹുമാനെ സളൂത്തിസ് ഔക്ടറോർ"[2] എന്ന ബൂളവഴി അക്കൊല്ലം സെപ്റ്റംബർ ഒന്നിനു് ഇൻഡ്യൻ ഹയരാർക്കി സ്ഥാപനത്തിനുശേഷം മലബാറിലെ സുറിയാനിക്കാരുടെ പ്രശ്നം ഒരിക്കൽക്കൂടി കൈകാര്യം ചെയ്യേണ്ടിയിരുന്നു. പാദ്രുവാദോയുടെ അധികാരത്തിൽനിന്നു് സീറോ മലബാറുകാരെ വിമുക്തമാക്കുവാൻ പരിശുദ്ധസിംഹാസനം ശ്രമിച്ചിരുന്നു. ഈ അധികാരത്തിൽനിന്നു് കർമ്മലീത്തക്കാരുടെ അധികാരത്തിലേയ്ക്കു വരുവാനുള്ള സാധ്യത കുറവായിരുന്നു. വളരെ ശക്തമായ കാരണങ്ങൾ ഇതിനെതിരെ പറയാം. 1845 നവംബർ 23-ാം തീയതി പ്രൊപ്പഗാന്താ പുറപ്പെടുവിച്ച നിർദ്ദേശം ഉൾപ്പെടെയുള്ള റോമായുടെ അനേകം തീരുമാനങ്ങൾക്കു പുറമെ ഇന്നസൻറു് പതിനൊന്നാമന്റെ (1680 ഏപ്രിൽ ഒന്നു്) ഓണരോസപാസ്റ്റോരാലിസ്[3] എന്ന രേഖയിൽ തദ്ദേശീയ വൈദികവിദ്യാർത്ഥികളുടെ





പരിശീലനത്തെക്കുറിച്ച പ്രസ്താവമുണ്ട്. അവശ്യാവശ്യകമായ വിജ്ഞാനവും ദൈവഭക്തിയും നല്കിക്കൊണ്ടായിരിക്കണം വൈദികരെ അഭ്യസിപ്പിക്കേണ്ടതു്. ദൈവശുശ്രൂഷ നടത്താൻ അവരെ ശ്രദ്ധാപൂർവ്വം പരിശീലിപ്പിക്കണം. അപ്രകാരം, അപ്പസ്തോലികസിംഹാസനത്തിൻെറ ആവർത്തിച്ചുള്ള ആഗ്രഹപ്രകാരം മിഷനെ നിയന്ത്രിക്കുക എന്നതുൾപ്പെടെ എല്ലാ സഭാകാര്യവും നടത്തുവാനും മെത്രാൻസ്ഥാനസ്വീകരണത്തിനും അവർ യോഗ്യരായിരിക്കുകയും വേണം'' എന്നാണു് മുൻപ്രസ്താവിച്ച രേഖയിൽ പറയുന്നതു്.[4]

അക്കാലത്തു് സുറിയാനിസമൂഹത്തിൽ കുറഞ്ഞതു് 200,000 അൽമായരും 360 വൈദികരുമാണുണ്ടായിരുന്നതു്. 59 സന്യാസവൈദികരുൾക്കൊള്ളുന്ന സുറിയാനി കമ്മലീത്താസഭയ്ക്കു് നാലു സെമിനാരികൾ ഉണ്ടായിരുന്നു. പക്ഷേ അവക്കു് തങ്ങളുടേതായ മെത്രാനുണ്ടായിരുന്നില്ല. 80,000 കത്തോലിക്കർ മാത്രമേയുള്ളു, എങ്കിലും ഒരു പാത്രിയാക്കീസും പതിനെട്ടു മെത്രാന്മാരും മററനേകം സ്ഥാനികമെത്രാന്മാരും ഉള്ള അർമീനിയൻ കത്തോലിക്കരോടു് താരതമ്യപ്പെടുത്തുമ്പോൾ കേരളസഭയുടെ സ്ഥിതി പരിതാപകരമായിരുന്നു. എണ്ണത്തിൽ കുറവാണെങ്കിലും കൽദായക്കു് ഒരു പാത്രിയാക്കീസും പന്ത്രണ്ടു മെത്രാന്മാരുമുണ്ടായിരുന്നു. പതിനായിരം ആളുകളിൽ കുറവുള്ള രൂപതകൾക്കുകൂടി ഹയരാർക്കി സൃഷ്ടിച്ചു എന്ന വസ്തുതയും സീറോ മലബാർ ക്രൈസ്തവക്കു് വേദനയുളവാക്കിയിരുന്നു. എന്നാൽ വരാപ്പുഴരൂപത കമ്മലീത്തക്കാരുടേതുതന്നെ ആയിരുന്നു; ഭാവിയിലും അങ്ങനെതന്നെ ആയിരിക്കണം എന്നു് അവർ ശഠിച്ചു. കൂടാതെ, സുറിയാനിക്കാക്കു മെത്രാനെ ലഭിച്ചാൽ തങ്ങളുടെതന്നെ മിഷനിലുള്ള ക്രിസ്ത്യാനികളും സ്വജാതിയിൽപ്പെട്ട മെത്രാന്മാരെ ആവശ്യപ്പെടുമെന്നും ഇൻഡ്യയുടെ വിവിധഭാഗങ്ങളിലുള്ള യൂറോപ്യൻ മിഷനറിമാർ ഭയപ്പെട്ടിരുന്നു. പകവതയുള്ള വ്യക്തികൾ ഇതു തെററാണെന്നു ചൂണ്ടിക്കാണിച്ചു. ഇൻഡ്യയിലെ ഏതു ഭാഗത്തുള്ളവക്കും സ്വന്തം മെത്രാന്മാരെ ലഭിക്കാൻ അവകാശമുണ്ടെന്നു് അവർ സമ്മതിച്ചിട്ടുണ്ടു്.

എന്നാൽ, 1877-ലെ പരീക്ഷണം ആശാവഹമായ ഫലങ്ങൾ പുറപ്പെടുവിക്കാതിരുന്നതിനാൽ പുതിയൊരു പരിഹാരത്തിനു ശ്രമിക്കേണ്ടിയിരുന്നു. വരാപ്പുഴ അതിരൂപതയിലെ സുറിയാനിക്കാരെ അതിൽനിന്നു വിടർത്തി തൃശ്ശൂർ, കോട്ടയം എന്നീ വികാരിയാത്തുകളിലായി സംഘടിപ്പിച്ചു. എങ്കിലും സീറോമലബാർ റീത്തിൽപ്പെട്ടവരെ സംബന്ധിച്ചു കടുത്ത മുൻവിധിയുണ്ടായിരുന്നതുകൊണ്ടു് അവരിൽ ആരേയും ഉടനെ നിയമിക്കാൻ ധൈര്യമുണ്ടായില്ല. 1887 മേയ് 10-ാം തീയതിയാണു് നാമനിർദ്ദേശം ചെയ്യപ്പെട്ടതു്. തൃശ്ശൂർക്കുവേണ്ടി മോൺസിഞ്ഞോർ അഡോൾഫ് ഇ. മെഡലിക്കോട്ടും കോട്ടയത്തിനു

വേണ്ടി ഫ്രഞ്ചു് ഈശോസഭക്കാരനായ ചാർസ്സ് ലവീഞ്ഞു മാണു് നിയമിക്കപ്പെട്ടതു്.

## ലവീഞ്ഞുമെത്രാൻെറയും മെഡലിക്കോട്ട മെത്രാൻെറയും[5] പ്രവത്തനങ്ങൾ

മോൺസിഞ്ഞോർ ലവീഞ്ഞു് (1840–1913) ട്ടളൂസ്സ് പ്രവിശ്യയിൽപ്പെട്ട ഒരു് ഈശോസഭാ വൈദികനായിരുന്നു. നാമനിർദ്ദേശത്തിനുമുമ്പുള്ള നാലുകൊല്ലം 1887 മാർച്ച് 4–ാംതീയതി മരിച്ച ഈശോസഭാജനറൽ സെക്രട്ടറി വെരി. റവ ഫാദർ പി. ബെക്സിൻെറ പ്രൈവററു സെക്രട്ടറിയായിരുന്നു. 1887 നവംബർ 13-ാംതീയതി മെൽവീസിലേ സ്ഥാനികമെത്രാനായും കോട്ടയത്തിൻെറ വികാരിഅപ്പസ്തോലിക്കായായും മാർ വെയോൽസിൽവെച്ചു മെത്രാൻപട്ടം സ്വീകരിച്ചു.

1887 ഏപ്രിൽ 31-ാംതീയതി അദ്ദേഹം കേരളത്തിലെ മതകേന്ദ്രമായ മാന്നാനത്തു് എത്തിച്ചേർന്നു. അവിടെ ജനങ്ങളും വൈദികരും അദ്ദേഹത്തെ ഔദ്യോഗികമായി സ്വീകരിച്ചു. 30,000 പേർ സ്വീകരണത്തിൽ പങ്കെടുത്തു. മേയ് പത്തിനു് സ്വർഗ്ഗാരോഹണദിനത്തിൽ അദ്ദേഹംതന്നെ മെത്രാൻ പട്ടണമായ കോട്ടയത്തു് എത്തി.

പുതിയ വികാരിയാത്തിൽ 107,066 കത്തോലിക്കരും 271 വൈദികരും 152 പള്ളികളും ഉണ്ടായിരുന്നു. 90,000 അംഗസംഖ്യയുള്ള വടക്കുംഭാഗരും 10,000 അംഗസംഖ്യയുള്ള തെക്കുംഭാഗരും ഉൾപ്പെട്ട സമുദായമായിരുന്നു അതു്. വളരെ വേഗം പുതിയ മെത്രാൻ പരിശുദ്ധ സിംഹാസനത്തിൻെറ നിർദ്ദേശങ്ങൾ നടപ്പിൽവരുത്തി. നാലു വൈദികരെ ഉപദേശകസമിതിയായി നിശ്ചയിച്ചു. അവരിൽ ഒരാളായ ഫാദർ ഇമ്മാനുവൽ നിധീരിയെ സ്ഥൈര്യലേപനം നല്കുവാനും പൊന്തിഫിക്കൽ കർബാന പാടുവാനുമുള്ള അധികാരത്തോടെ വികാരിജനറാളായി നിയമിച്ചു. 1892–ൽ അതേ അധികാരങ്ങളോടെ ഫാദർ മാത്യു മാക്കീൽ തെക്കുംഭാഗരുടെ വികാരിജനറാളായി നിയമിതനായി. ഫാദർ ജോസഫ് തയ്യിൽ തന്നെ അനുഗമിക്കുന്നതുവരെ നിധീരിയച്ചൻ വടക്കുംഭാഗരുടെ വികാരിജനറാളായിരുന്നു.

മോൺസിഞ്ഞോർ ലവീഞ്ഞു തൻെറ അജഗണങ്ങളുടെ പരിതഃസ്ഥിതി ഗ്രഹിച്ചപ്പോൾ തനിക്കു നേരിടേണ്ടിയിരുന്ന ബുദ്ധിമുട്ടുകൾ ശരിക്കും മനസ്സിലാക്കി. മലയാളം പഠിക്കുക വളരെ ആവശ്യമായിരുന്നു. അദ്ദേഹത്തിൻെറ രണ്ടു സഹപ്രവത്തകരായ ഈശോസഭാവൈദികക്കു് മലയാളത്തിൽ കുറെ സ്വാധീനമുണ്ടായിരുന്നു. പക്ഷെ മെത്രാനു് ഒരിക്കലും മലയാളം പഠിക്കാൻ കഴിഞ്ഞില്ല. മററുള്ളവരുടെ പ്രശ്നങ്ങൾ അദ്ദേഹത്തിനു പരിഹരിക്കാനുണ്ടായിരുന്നപ്പോഴെല്ലാം ദ്വിഭാഷികൾ വഴി കാര്യം സാധിക്കേണ്ടിയിരുന്നു.

മോൺസിഞ്ഞോർ ലവീഞ്ഞിൻെറ പ്രധാനപ്പെട്ട നേട്ടങ്ങങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം. വൈദികരുടെ വിശ്വാസം അദ്ദേഹം സമ്പാദിച്ചു. മേലൂസ് ശീശ്മയുടെ താഴ്വേരുകൂടി നശിപ്പിച്ചു 1888-ൽ ചങ്ങനാശ്ശേരിയിൽ ഒരു സെമിനാരി സ്ഥാപിച്ചുകൊണ്ട് വൈദികസമൂഹത്തിൻെറ കൂടുതൽ മെച്ചപ്പെട്ട പരിശീലനത്തിനു കളമൊരുക്കി. പുത്തൻപള്ളിസെമിനാരിയുടെ പുന:സംവിധാനത്തിന് അദ്ദേഹം സഹായിച്ചു. അതു മലബാറിലെ ലത്തീൻകാർക്കും സുറിയാനിക്കാർക്കുമുള്ള കേന്ദ്രസെമിനാരി ആയിത്തീർന്നു. തൻെറ രൂപതയിൽ കർമ്മലീത്താ മൂന്നാംസഭക്കാർ അനുഷ്ഠിക്കാവുന്ന പ്രവർത്തനങ്ങളെ കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. അവർ നടത്തുന്ന സ്കൂളുകൾക്കും താഴ്ന്ന ജാതിക്കാരുടെ ഇടയിലെ പ്രേഷിത പ്രവർത്തനങ്ങൾക്കും മുത്തോലി, മാന്നാനം എന്നീ സെമിനാരികൾക്കും മോൺ. ലവീഞ്ഞു വേണ്ടത്ര സഹായം നല്കി. 1890-ൽ ആദ്യത്തെ കർമ്മലീത്താ വൈദികാർത്ഥികളെ മംഗലാപുരം സെമിനാരിയിലേക്ക് അയച്ചു.

മലബാറിലെ തൻെറ ഭരണകാലത്ത് സന്യാസിനീജീവിതത്തിൻെറ വളർച്ചയ്ക്കുവേണ്ടി ഏറെ ചെയ്യുവാൻ ലവീഞ്ഞു മെത്രാന് അവസരം ലഭിച്ചിട്ടുണ്ട്. മുത്തോലി, ചങ്ങനാശ്ശേരി, ആരക്കുഴ, വൈക്കം എന്നിവിടങ്ങളിൽ കർമ്മലീത്താമഠം സ്ഥാപിക്കാൻ അനുവദിച്ചു. ആദ്യം പാലായിലും പിന്നീട് ചങ്ങനാശ്ശേരിയിലും ഫ്രാൻസിസ് അസ്സീസി സിസ്റ്റേഴ്സിൻെറ സഭ ആരംഭിച്ചു. ചങ്ങനാശ്ശേരി മഠത്തോടു കൂടി ഒരനാഥാലയവും സ്ഥാപിച്ചു. അതിൻെറ സ്ഥാപനത്തിൽ അതീവശ്രദ്ധാലുവായിരുന്നതുകൊണ്ട് നവസന്യാസിനികളെ തയ്യൽ പഠിപ്പിക്കാൻപോലും അദ്ദേഹം ശ്രമിച്ചു. തെക്കുഭാഗക്കുവേണ്ടി കൈപ്പുഴയിൽ ഒരു വിസിറേറഷൻ കന്യകാമഠം പണിതീർത്തു. തൻെറ ഉപദേശകന്മാരിൽ ഒരാളും ഭാവിയിൽ എറണാകുളം വികാരിയാത്തിൻെറ അപ്പസ്തോലിക്കയുമായിത്തീർന്ന ഫാദർ ലൂയിസ് പഴേപറമ്പിലിനെ കന്യാസ്ത്രീകളുടെ സുപ്പീരിയർ ജനറൽ ആക്കി. ഇതിനിടെ തലസ്ഥാനം കോട്ടയത്തുനിന്നു ചങ്ങനാശ്ശേരിയിലേക്കു മാററി. കോട്ടയം ഒരു കത്തോലിക്കാകേന്ദ്രമായിരുന്നില്ല. വളരെ ശക്തമായ ഒരു കത്തോലിക്കാസമുദായമുള്ള ചങ്ങനാശ്ശേരിയായിരുന്നു മെത്രാസനമന്ദിരത്തിനുയോജിച്ച സ്ഥലം. ചങ്ങനാശ്ശേരി കത്തീഡ്രലിനടുത്ത് സെൻറ് ജോൺ ബർക്കുമാൻസ് എന്ന പേരിൽ ഇംഗ്ലീഷ് സ്കൂളും പണിതു. ഫാദർ എൽ. റിക്കാർഡ് സ്കൂളും ഹെഡ്മാസ്റ്ററും രൂപതാവിദ്യാലയങ്ങളുടെ ഡയറക്ടറുമായും നിയമിതനായി. 1894-ൽപണിതീർത്ത മെത്രാസനമന്ദിരവും മോൺസിഞ്ഞോർ ലവീഞ്ഞിൻെറ ശ്രമഫലമാണ്. പിന്നീട് ഇംഗ്ലീഷ് സ്കൂളും ഒരു സമ്പൂർണ്ണ ഹൈസ്കൂളും ആക്കി. ഭരമംഗലത്ത്

തെക്കുംഭാഗക്കാക്കു് ഒരു ഹൈസ്കൂറം പണിതു. എല്ലാ ഇടവക കളിലും സ്കൂറം പണിയണമെന്നു് അദ്ദേഹം വികാരിമാരെ ഉദ്ബോധിപ്പിച്ചു.

ഭരിക്കാൻവേണ്ടി മാത്രമായിരുന്നില്ല അദ്ദേഹം വന്നതു്. ഹരിജനങ്ങളുടേയും യാക്കോബായക്കാരുടെ ഇടയിലും പരിവ ത്തനത്തിനുള്ള ഒരു മഹാപ്രസ്ഥാനം മുന്നിൽ കണ്ടിരുന്നു. ഹരി ജനങ്ങളുടെ ഇടയിലുള്ള പ്രവത്തനത്തിൽ ഫാദർ റിക്കാർഡു് അദ്ദേഹത്തെ സഹായിച്ചു. പല സ്ഥലങ്ങളിലും പ്രത്യേകിച്ചു രൂപതയുടെ കുന്നിൻപ്രദേശങ്ങളിലും അവക്കുവേണ്ടി വേദപാഠ ക്ലാസ്സുകറം സ്ഥാപിച്ചു. 1888 മുതൽ 1894 വരെ അത്തരം 20 കേന്ദ്രങ്ങറം സ്ഥാപിച്ചിരുന്നു. മാന്നാനത്തും മുത്തോലി യിലും ചെത്തിപ്പുഴയിലും പ്രവത്തിച്ചിരുന്ന കമ്മലീത്താ വൈദികരെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. പല മിഷനറി വൈദികക്കും മുന്നോട്ടുപോകുവാൻ പ്രേരണ നല്കി.

യാക്കോബായക്കാരുടെ പുനരൈക്യം മോൺസിഞ്ഞോർ ലവീഞ്ഞിൻെറ സുപ്രധാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. 1890 മുതൽ 1891 വരെയുള്ള കാലത്തു വളരെയധികം പുത്തൻ കൂറുകാർ മാനസാന്തരപ്പെടുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. നിധീരിക്കൽ മാണി അച്ചൻേറയും പഴേപറമ്പിൽ ലൂയിസ ച്ചൻേറയും പ്രവത്തനത്തെ ലവീഞ്ഞു ശ്ലാഘിച്ചു. യാക്കോ ബായക്കാരുമായുള്ള ലവീഞ്ഞിൻെറ വ്യക്തിപരമായ സമ്പക്ക ത്തിൽ നയത്തിൻേറയും യോജിപ്പിൻേറയും നല്ല അരൂപി പ്രദർശിപ്പിച്ചു. അഞ്ചു യാക്കോബായ വൈദികരും ഓത്ത ഡോക്സു് മെത്രാപ്പോലീത്ത മാർ ദിവന്യാസോസു് തിരുമേനി യും മരുമകനും പുനരൈക്യപ്പെട്ടു. ഏതാനും കുടുംബങ്ങളും അവരെ അനുഗമിച്ചു. 6000 ക്രിസ്ത്യാനികളും പത്തു വൈദി കരുമുള്ള തെക്കുംഭാഗരും പുനരൈക്യത്തിനു പരിശ്രമിക്കുകയാ യിരുന്നു. മോൺസിഞ്ഞോർ ലവീഞ്ഞിൻെറ പിൻഗാമി യായ മാക്കീൽ മത്തായി അച്ചൻ യാക്കോബായ നേതാക്കന്മാ രുമായി 1891 ജൂൺ 19-ാംതീയതി കൂടിയാലോചന നടത്തി. ദൗർഭാഗ്യവശാൽ പുനരൈക്യപ്പെട്ട പല വൈദികരും തങ്ങളുടെ പ്രതിജ്ഞയിൽ ഉറച്ചുനിന്നില്ല. തെക്കുംഭാഗക്കാക്കുവേണ്ടി യുള്ള പരിശ്രമങ്ങറം നിത്തി. അന്ത്യോക്യൻ റീത്തു പാലിക്കു വാൻ പുനരൈക്യപ്പെട്ട വൈദികർ അനുവദിക്കപ്പെട്ടു.

ഇന്ത്യയിൽ എത്തിയപ്പോറംത്തന്നെ ലവീഞ്ഞു് പ്രായംചെ ന്നിയ വ്യക്തിയായിരുന്നു. വളരെ വിദൂരസ്ഥമായ സ്ഥലങ്ങളി ലേക്കുള്ള ഇടവക സന്ദശനം അദ്ദേഹത്തിൻെറ ആരോഗ്യം നശി പ്പിച്ചു. എങ്കിലും വിഷമകരമായ കാലവസ്ഥക്കിടയിലും അദ്ദേഹം ഇടവകസന്ദർശനം നടത്തിയിരുന്നു. അദ്ദേഹത്തിനു

ണ്ടായ ഉൽക്കണ്ഠകളും ഉത്തരവാദിത്വങ്ങളും സ്വയം അനുഷ്ഠിച്ചിരുന്ന ദാരിദ്ര്യജീവിതവും ബലിഷ്ഠമായിരുന്ന അദ്ദേഹത്തിൻെറ ആരോഗ്യം തകർത്തു. 1893 ആഗസ്റ്റിൽതന്നെ അദ്ദേഹം രോഗബാധിതനായി. അടുത്തകൊല്ലം അസുഖം കാരണം ആറുമാസം തണുപ്പേറിയ കാലാവസ്ഥയിൽ താമസിക്കാൻ നിർബന്ധിതനായി. 1895-ൽ ആഡ് ലിമിനാ സന്ദർശനത്തിനും ആരോഗ്യം വീണ്ടെടുക്കുന്നതിനും ചങ്ങനാശ്ശേരി ഹൈസ്കൂളിനുവേണ്ടി ഫണ്ടുശേഖരിക്കുന്നതിനും യൂറോപ്പിലേയ്ക്കു പോയി. ഒരു സമ്പൂർണ്ണ കലാലയം അദ്ദേഹത്തിൻെറ ഭാവനയിലുണ്ടായിരുന്നു. അതു് അദ്ദേഹത്തിൻെറ പിൻഗാമികൾ സാക്ഷാൽക്കരിക്കുകയും ചെയ്തു. ഇതിനിടയിൽ നാട്ടുമെത്രാന്മാരെ ലഭിക്കാൻ അപേക്ഷകൾ റോമിലേക്കു് അയച്ചിരുന്നു. മെത്രാൻെറ അഭാവത്തിൽ അഡ്മിനിസ്ട്രേററായിരുന്ന ഫാദർ എൽ. റിക്കാർഡു് യൂറോപ്പിലേക്കു വിളിക്കപ്പെട്ടു. അദ്ദേഹം സർലാത്തിൽവെച്ചു മരിച്ചു. മോൺസിഞ്ഞോർ ലവീഞ്ഞു് പിന്നീടു മലബാറിലേക്കു മടങ്ങിയില്ല. അദ്ദേഹം ഉത്തരമാഡഗാസ്ക്കറിലെ മോൺസിഞ്ഞോർ കാസററു് എസ്. ജെ. യുടെ സഹായമെത്രാനായി നിയമിക്കപ്പെട്ടു. പിന്നീടു് അവിടെനിന്നു് 1898 ആഗസ്റ്റ് 27-ാം തീയതി സിലോണിലെ ട്രങ്കുമാലി മെത്രാനായി നിയമിക്കപ്പെട്ടു.

വടക്കൻപ്രദേശങ്ങളിൽ മോൺസിഞ്ഞോർ മെഡലിക്കോട്ടു് മോൺസിഞ്ഞോർ ലവീഞ്ഞുചെയ്ത പ്രവർത്തനംതന്നെ ചെയ്തു. 1835-ൽ ചിററഗോംഗിൽ ജനിച്ച കൽക്കട്ട രൂപതയിലെ ഒരു പുരോഹിതനായിരുന്ന മോൺസിഞ്ഞോർ മെഡലിക്കോട്ടു്. പ്രൊപ്പഗാന്ത കോളേജിലെ പഠനം പൂർത്തിയാക്കിയശേഷം കുറെനാൾ അദ്ദേഹം അവിടെ ലൈബ്രേറിയനായി നിയമിക്കപ്പെട്ടു. പിന്നിടു് ഇൻഡ്യയിലെത്തി കൽക്കട്ടയ്ക്കു് അകത്തും പുറത്തും പ്രയത്നിച്ചു. 1887 സെപ്റ്റംബർ 13-ാം തീയതി ഹൈദരാബാദിൽ മിലിറററിചാപ്ലയിൻ ആയിരിക്കുമ്പോഴാണു് ട്രിക്കോമിയയിലെ സ്ഥാനികമെത്രാനും തൃശ്ശൂർ രൂപതയുടെ വികാരി അപ്പസ്റ്റോലിക്കയുമായി തെരഞ്ഞെടുക്കപ്പെട്ടതു്. അപ്പസ്റ്റോലിക് ഡലഗററു് മോൺസിഞ്ഞോർ അയൂത്തി അദ്ദേഹത്തെ അഭിഷേകം ചെയ്തു. (1887 ഡിസംബർ 11) അടുത്ത ഞായറാഴ്ച 1887 ഡിസംബർ 18-ാം തീയതി സ്ഥാനാരോഹണം ചെയ്തു. 1896 ആഗസ്റ്റ് 11-ാം തീയതി മോൺസിഞ്ഞോർ ജോൺ മേനാച്ചേരി ചാർജ്ജ് എടുക്കുന്നതുവരെ ഒമ്പതു കൊല്ലം അദ്ദേഹം രൂപത ഭരിച്ചു.

അക്കാലഘട്ടത്തിൽ തൃശ്ശൂർ വികാരിയാത്തിൻെറ സ്ഥിതി ശോചനീയമായിരുന്നു. മേലൂസ് ശീശ്മയുടെ കേന്ദ്രമായിരുന്നു അവിടം. പുതിയ വികാരിയാത്തിൻെറ കത്തീഡ്രലായി ഉപയോഗിക്കാമായിരുന്ന വ്യാകുലമാതാവിൻെറ പള്ളി

ശീശ്മക്കാരുടെ നിയന്ത്രണത്തിലായി. ദീർഘകാലത്തെ ആന്തരികസംഘട്ടനങ്ങൾമൂലം സഭയുടെ സംവിധാനത്തിന്ന് ഇളക്കംതട്ടിയിരുന്നു. ശീശ്മയെ ഇല്ലാതാക്കുക, തന്റെ രൂപത പുനസ്സംഘടിപ്പിക്കുക ഈ രണ്ടു ലക്ഷ്യം മുന്നിൽവെച്ചാണ് മോൺസിഞ്ഞോർ മെഡലിക്കോട്ട് പ്രവർത്തനം ആരംഭിച്ചത്.

സ്വന്തമായ ജീവിതമാതൃക, പ്രശ്നങ്ങളുടെ മുമ്പിലുള്ള അചഞ്ചലമായ നിലപാട്, ആകർഷകമായ വ്യക്തിത്വം, വിവേകപൂർണ്ണമായ കാൽവെപ്പ് എന്നിവമൂലം കത്തോലിക്കരുടേയും ശീശ്മക്കാരുടേയും വിശ്വാസത്തിനു മെഡലിക്കോട്ട് പാത്രീഭൂതനായി. ശീശ്മക്കാരിൽ വളരെപ്പേർ തിരിച്ചുവന്നു. (രണ്ടു മൂന്നു വർഷത്തിനുള്ളിൽ അഞ്ചു പ്രധാന ഇടവകകൾ സഭയോടു ചേർന്നു). തൃശ്ശൂർ മാത്രമായി ചുരുങ്ങി ശീശ്മക്കാർക്കു പ്രാബല്യമുള്ള കേന്ദ്രം. തലസ്ഥാനപട്ടണത്തിലുള്ള ശീശ്മക്കാരെ മാനസാന്തരപ്പെടുത്തുവാൻ മെത്രാൻ എല്ലാവിധ പ്രയത്നവും ചെയ്തു. കുറെപ്പേരെ മാനസാന്തരപ്പെടുത്തുകയും ചെയ്തു. തൃശ്ശൂരെ വ്യാകുലമാതാവിന്റെ പള്ളി മടക്കിക്കിട്ടുവാൻ ഒരു കേസ് ഫയൽ ചെയ്തു. വളരെക്കാലത്തിനുശേഷം കേസ് പരാജയപ്പെട്ടു. അതു ബാഹ്യമായ തോൽവി മാത്രമായിരുന്നു. കാരണം, സുറായി ഇടവകയുടെ അംഗങ്ങൾ ക്രമേണ എണ്ണത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു.

ശീശ്മക്കെതിരായ ധർമ്മസമരത്തിൽ വളരെയേറെ വൈദികരും എർത്തുരുത്തിലെ സുറിയാനി കർമ്മലീത്ത മൂന്നാം സഭയിലെ അംഗങ്ങളും സർവ്വാത്മനാ അദ്ദേഹത്തെ സഹായിച്ചു. ഫാദർ ജോർജ്ജ് മാമ്പിള്ളി വികാരി ജനറാളായി. മെഡലിക്കോട്ട് തൃശ്ശൂർ നിന്നു പോയശേഷവും അദ്ദേഹം ഉദ്യോഗത്തിൽ തുടർന്നു: തെക്ക് മാന്നാനത്തിനുണ്ടായിരുന്ന പ്രാധാന്യമായിരുന്നു വടക്കൻപ്രദേശത്ത് 1852-ൽ സ്ഥാപിക്കപ്പെട്ട എർത്തുരുത്തിനുണ്ടായിരുന്നതു്. സഭയോട് അവികലമായ വിശ്വസ്തത പുലർത്തിയിരുന്നവരുടേയും തീക്ഷ്ണമതികളുമായ മിഷനറിമാരുടേയും വിളവേദിയായിരുന്നു എർത്തുരുത്ത്. മോൺസിഞ്ഞോർ മെഡലിക്കോട്ടിന്റെ നിയമനം ആദ്യം അറിയിച്ചതു് എർത്തുരുത്തിലാണ്. അവിടെത്തന്നെവെച്ച് അദ്ദേഹത്തെ ആഘോഷപൂർവ്വം വൈദികർ സ്വീകരിക്കുകയും ചെയ്തു

സുശക്തമായ അടിസ്ഥാനങ്ങളിൽ തന്റെ രൂപതയെ ഉറപ്പിക്കണമെന്നായിരുന്നു മെഡലിക്കോട്ടിന്റെ ആഗ്രഹം. അതിനുവേണ്ടി അനേകം സ്കൂളുകൾ പണികഴിപ്പിച്ചു. ഇംഗ്ലീഷുവിദ്യാഭ്യാസം നല്കുക എന്നതു് അതിപ്രധാനമായിരുന്നു. അതിനുവേണ്ടി പ്രധാനസ്ഥലത്തു വിദ്യാലയങ്ങൾ ഉണ്ടാക്കി. സെൻറ് തോമസ് കോളേജ് ആരംഭിച്ചു. അദ്ദേഹം തൃശ്ശൂർ

എത്തിയപ്പോഠം എൽത്തുരുത്തിൽ ഒരു സെമിനാരി മാത്രമേ ഉണ്ടായിരുന്നുള്ള. അതു പിന്നീട നിത്തി പുത്തമ്പള്ളി സെമിനാരിയോട ചേക്കുകയും ചെയ്തു. സെൻറ് തോമസ് കോളേജ് കുറെക്കാലത്തേയ്ക്കു വൈദികസ്ഥാപനമായിരുന്നു, പിന്നീട് ഇംഗ്ലീഷ് ഹൈസ്കൂഠം ആക്കി. 1896-ൽ മെഡലിക്കോട്ട തൃശ്ശൂർ വിട്ടപ്പോഠം അദ്ദേഹത്തിൻെറ നേട്ടം അഭിമാനാവഹമായിരുന്നു. തൃശ്ശൂർ സെൻറ് തോമസ് കോളേജ്, എൽത്തുരുത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂഠം, കുനമ്മാവിൽ പെൺകുട്ടികഠംക്കായുള്ള ഇംഗ്ലീഷ് മീഡിയം സ്കൂഠം, 14 ഇംഗ്ലീഷ് സ്കൂളുകഠം191 മലയാളം സ്കൂളുകഠം എന്നിവ ഉണ്ടായിരുന്നു.

മെഡലിക്കോട്ട് തൃശ്ശൂർ വരുമ്പോഠം താമസിക്കാൻ പോലും ഇടമില്ലായിരുന്നു. അതുകൊണ്ട വിശാലമായ ഒരു സ്ഥലം വാങ്ങി മെത്രാസനമന്ദിരം പണിയുവാൻ ആരംഭിച്ചു. അദ്ദേഹത്തിൻെറ അനന്തരഗാമി അതു പൂത്തിയാക്കി. ഇന്നത്തെ മൈനർ സെമിനാരി, ഹോസ്പിററൽ മുതലായവ ഉഠംക്കൊള്ളുന്ന സ്ഥലം അദ്ദേഹത്തിൻെറ ദീർഘദൃഷ്ടിയുടെ ഫലമാണ്.

മോൺസിഞ്ഞോർ ലവീഞ്ഞും മോൺസിഞ്ഞോർ മെഡലിക്കോട്ടും തങ്ങളുടെ അജഗണത്തെ സ്നേഹിച്ചു. അവരുടെ ഭൗതികവും ആധ്യാത്മികവുമായ പുരോഗതിക്കുവേണ്ടി യത്നിച്ചു. കത്തോലിക്കർ അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. തീക്ഷ്ണമതികളായ മിഷനറിമാരായിരുന്നു രണ്ടുപേരും. അതുകൊണ്ട പരിതഃസ്ഥിതിയുമായി പൊരുത്തപ്പെടാനും വളരെക്കാലം അവഗണിക്കപ്പെട്ടുകിടന്ന ജനങ്ങളെ സേവിക്കുവാനും അവക്കു കഴിഞ്ഞു. പൗരസ്ത്യേതരമായ ഒരു സാംസ്കാരിക പശ്ചാത്തലത്തിലാണ് അവർ ജനിച്ചു വളന്നിരുന്നതെങ്കിലും അവർ പണിത ബലിഷ്ഠമായ അടിസ്ഥാനത്തിലാണ് ആധുനിക സീറോ മലബാർ സഭ ഇന്നു നിലകൊള്ളുന്നതു്.

തൃശ്ശൂർനിന്നു പോയശേഷം വെസ്റ്റമിനിസ്റ്റർ കർദ്ദിനാളിൻെറ സഹായ മെത്രാനായി അദ്ദേഹം പ്രവത്തിച്ചു. കർദ്ദിനാഠം വോണിൻെറ മരണശേഷം 1903 ജൂൺ 19-ാംതീയതി കൽക്കത്തയിലേയ്ക്കു മടങ്ങി. വിശ്രമജീവിതത്തിൽ തൻെറ പാണ്ഡിത്യവും സാഹിത്യവാസനയും പ്രയോജനപ്പെടുത്തി. മലബാറിലെ സുറിയാനികത്തോലിക്കരുടെ പാരമ്പര്യങ്ങളിൽ ആകൃഷ്ടനായ മെഡലിക്കോട്ട് അവരുടെ ഉത്ഭവത്തെക്കുറിച്ചു പഠിച്ചു. സെൻറ് തോമസ് അപ്പസ്തോലനെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ പ്രബന്ധം സെൻറ് തോമസിനെ പരാമശിക്കുന്ന ആദ്യത്തെ പ്രൗഢമായ പഠനമായി കണക്കാക്കപ്പെടുന്നു. 1912-ൽ അദ്ദേ

ഹത്തിൻെറ പൗരോഹിത്യരജതജൂബിലിയുടെ അവസരത്തിൽ അദ്ദേഹത്തിനു് ആശംസകളർപ്പിക്കാൻ ഒരു സംഘം തൃശ്ശൂരിൽ നിന്നും കൽക്കട്ടയിലേക്ക പോയിരുന്നു. 1918 മേയ് നാലാം തീയതി ബാംഗ്ളൂരിൽവെച്ചു മെഡ്ലിക്കോട്ട മരിച്ചു. അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടം 1945 മേയ് നാലാം തീയതി തൃശ്ശൂർക്ക കൊണ്ടുവന്നു കത്തീഡ്രലിലെ അന്തർഭൗമികാലയത്തിൽ സ്ഥാപിച്ചു.

## പ്രതീക്ഷകൾ ഫലമണിയുന്നു

സ്വന്തമായി നാട്ടുമെത്രാന്മാരെ കിട്ടാനുള്ള അപേക്ഷകരം സുറിയാനിക്കാർ അയച്ചുകൊണ്ടേയിരുന്നു. സമയം ആസന്നമായി എന്നു് പരിശുദ്ധ സിംഹാസനത്തിനു അഭിപ്രായമുണ്ടായി. തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ മൂന്നു വികാരിയാത്തുകരം സ്ഥാപിച്ചു. ഇതിൽ ചങ്ങനാശ്ശേരി 1891 മുതൽ മോൺസിഞ്ഞോർ ലവീഞ്ഞിൻെറ ആസ്ഥാനമായിരുന്നല്ലോ.

1896 ആഗസ്റ്റ് 11-ാംതീയതി തെരഞ്ഞെടുത്ത മൂന്നു മെത്രാന്മാരിൽ എറണാകുളത്തെ പഴേപറമ്പിലും തൃശ്ശൂരെ മേനാച്ചേരിയും യഥാക്രമം കോട്ടയത്തേയും തൃശ്ശൂരേയും മെത്രാന്മാരുടെ സെക്രട്ടറിമാരായിരുന്നു. ചങ്ങനാശ്ശേരിയിൽ നിയമിക്കപ്പെട്ട മാക്കീൽ മത്തായി തെക്കുംഭാഗരുടെ വികാരിജനറാളുമായിരുന്നു. ചങ്ങനാശ്ശേരിയിൽ ഏററിയകൂറും വടക്കുംഭാഗരായതുകൊണ്ടു് തെക്കുംഭാഗരും വടക്കുംഭാഗരും വേർതിരിയുക അനിർവാര്യമായി. 1911-ൽ തെക്കുംഭാഗർമാത്രം ഉരംക്കൊള്ളുന്ന രൂപത സ്ഥാപിതമായി. പഴയ വികാരിയേററിൻെറ ആസ്ഥാനം ഇതിനു് തെരഞ്ഞെടുത്തു. എറണാകുളം, ചങ്ങനാശ്ശേരി രൂപതാതൃത്തിയിലുള്ള തെക്കുംഭാഗരായ ക്രിസ്ത്യാനികളുടെമേൽ അധികാരം കോട്ടയത്തിനു നല്കി. മാർ മാക്കീൽ കോട്ടയത്തേയ്ക്കു് സ്ഥലം മാററപ്പെട്ടു. ചങ്ങനാശ്ശേരിയിൽ പ്രൊപ്പഗാന്ത കോളേജിലെ പൂർവ്വവിദ്യാർത്ഥിയായിരുന്ന മാർ തോമസ് കര്യാളശ്ശേരിയെ നിയമിച്ചു.

സീറോ മലബാർ സഭയുടെ കാര്യത്തിൽ അവസാനമായി ഒരേ ഒരു കാര്യംകൂടി മാത്രമേ ചെയ്യാനുണ്ടായിരുന്നുള്ളൂ; റോമൻ കലണ്ടറിലെ സെൻറു് തോമസിൻെറ തിരുനാളിൻെറ തലേ ദിവസം 1923 ഡിസംബർ ഇരുപതാം തീയതികൂടിയ കർദ്ദിനാരം സംഘത്തിൻെറ മീററിംഗിൽ എറണാകുളം അതിരൂപതയായും തൃശ്ശൂർ, കോട്ടയം, ചങ്ങനാശ്ശേരി സാമന്തരൂപതകളുമായി പീയൂസ് പതിനൊന്നാമൻ പാപ്പ സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ചു.[6] ഈ ദേശീയ ഹയരാർക്കി

സ്ഥാപനത്തിന് മൂന്നു നൂററാണ്ടുകാംക്ക് അല്പം മുമ്പ് അതായത് 1599-ൽ റോമൻസഭ അവളുടെ പ്രധാന വിശുദ്ധൻെറ തിരുനാളാഘോഷിക്കുന്നതിനു തലേന്നാണ് മാർത്തോമ്മക്രിസ്ത്യാനികാം പാശ്ചാത്യമെത്രാന്മാർക്ക് ഏല്പിക്കപ്പെട്ടതു്.

1950 ജൂലൈ 24-ാം തീയതി ചങ്ങനാശ്ശേരി വിഭജിച്ചു പാലാരൂപത സൃഷ്ടിച്ചു.[7] ആറാമത്തെ സീറോ മലബാർ രൂപത ഉണ്ടായതു് 1953 അന്ത്യത്തിലാണ്. വടക്കെ മലബാറും മദ്രാസ് സ്റ്റേററും ഉാംക്കൊള്ളുന്ന ഈ രൂപതയുടെ തലസ്ഥാനം മലബാർതീരത്തെ ഒരു ചെറിയ തുറമുഖമായ തലശ്ശേരിയാണ്.[8] അവിടത്തെ ജനങ്ങളുടെ ആധ്യാത്മികാവശ്യം നിവ്വഹിക്കാൻ ഇതാവശ്യമാണ്. തങ്ങളുടെ നാടുവിട്ട് പുതിയ ഭൂമിയ്ക്കു വേണ്ടി വന്നവരാണിവിടത്തെ താമസക്കാർ. പതിനാറാം നൂററാണ്ടിനുശേഷം ആദ്യമായിട്ടാണ് തിരുവിതാംകൂർ കൊച്ചിക്കപ്പുറം സുറിയാനിസഭയുടെ അധികാരം വ്യാപിപ്പിക്കുന്നതു്. 1955 ഏപ്രിൽ 25-ാംതീയതി എഴുതി. 1955 ജൂലൈ 25-ാംതീയതി പ്രസിദ്ധപ്പെടുത്തിയ നാലു ഡിക്രിപ്രകാരം സീറോ മലബാർ മെത്രാന്മാരുടെ അധികാരസീമ വികസിപ്പിക്കപ്പെട്ടു. ചങ്ങനാശ്ശേരിരൂപത കന്യാകുമാരിവരെ നീട്ടി. തൃശ്ശൂർ രൂപത അടുത്തുള്ള കോയമ്പത്തൂർ രൂപത മുഴവൻ വ്യാപിപ്പിച്ചു. തലശ്ശേരി അടുത്തുള്ള മൈസൂർ, മംഗലാപുരം രൂപതകളിലേക്കും വികസിപ്പിച്ചു. ഈ പുതിയ അധികാരാതൃത്തിക്കകത്തുള്ള തെക്കുംഭാഗരുടെ ഭരണം കോട്ടയംമെത്രാനും സിദ്ധിച്ചു. ഇപ്പോഴത്തെ സീറോ മലബാർ സഭയുടെ നില ഇപ്രകാരമാണ്; ചങ്ങനാശ്ശേരി അതിരൂപതയ്ക്കു് കോട്ടയം, പാലാ എന്ന രണ്ടു സഹരൂപതകാം, എറണാകുളം അതിരൂപതയ്ക്കു് തൃശ്ശൂർ, തലശ്ശേരി, കോതമംഗലം എന്നീ മൂന്നു സഹരൂപതകാം:

## അത്ഭുതകരമായ പുരോഗതി

ഇടവകകാം വദ്ധിച്ചപ്പോാം സന്യാസജീവിതവും വളന്നു. 1885 ജനുവരി ഒന്നിനു് ആദ്യം ആറുകൊല്ലത്തേയ്ക്കും പിന്നീടു് 1906-ൽ സ്ഥിരമായും കമ്മലീത്താ മൂന്നാംസഭക്കാരുടെ നിയമങ്ങാം അംഗീകരിച്ചു ആദ്യം അവർ വികാരി അപ്പസ്തോലിക്കയുടെ നിയന്ത്രണത്തിലായിരുന്നു. പിന്നീടു് അപ്പസ്തോലിക് ഡലഗേററിൻെറ അധീനതയിലായി (1887 ഡിസമ്പർ 15 ലെ കല്പന). 1893-ൽ നവീകരിച്ച പ്രമാണംമൂലം അവർ സ്വാതന്ത്ര്യഭരണാധികാരമുള്ളതായിത്തീന്നു. ഫാദർ ബർണാർഡു് ഓഫ് ജീസസ് ഒ. സി. ഡി (ഫിലിപ്പു് അർഗ്ഗയിൻസോനിസു്) എന്ന പാശ്ചാത്യനായിരുന്നു ആദ്യത്തെ പ്രിയോർജനറാാം. എന്നാൽ അദ്ദേഹം മോൺസിഞ്ഞോർ മെല്ലാനോയുടെ സഹായമെത്രാനായപ്പോാം അദ്ദേഹത്തിൻെറ

പ്രഥമ ഉപദേശകനെ കാര്യങ്ങൾ ഏല്പിച്ചു. അദ്ദേഹം വികാരിഡലഗേററായി ഭരണം നിർവ്വഹിച്ചു. 1902–ൽ ഫാദർ ബർണാർഡ് സ്ഥാനമൊഴിഞ്ഞപ്പോൾ സന്യാസസഭയിലെ വൈദികരിൽനിന്നു് പ്രിയോർജനറാളെ തെരഞ്ഞെടുക്കാൻ അദ്ദേഹം നിശ്ചയിച്ചു. ആദ്യം വ്രതവാഗ്ദാനം ചെയ്തവരിൽപ്പെട്ട ഫാദർ അലക്സാണ്ടർ ഓഫ് സെൻറ് ജോസഫിനെയാണു് പ്രിയോർജനറാളായി തെരഞ്ഞെടുത്തതു്. 1931–ൽ സ്ഥാപനത്തിൻെറ ശതാബ്ദി ആഘോഷിച്ചപ്പോൾ പതിനാറു ഭവനങ്ങളിലായി 135 വൈദികരും, 25 നവസന്യാസികളും 53 തുണസഹോദരന്മാരും 77 അർത്ഥികളും ഉണ്ടായിരുന്നു സഭയ്ക്കു്. അന്നുമുതൽ അവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 1942 സെപ്റ്റംബറിൽ പ്രിയോർജനറാളിനുവേണ്ടി എറണാകുളത്തു് ഒരു മന്ദിരം പണിതീർത്തു. 1942-ൽ കർമ്മലീത്താസഭയ്ക്കു് 247 വൈദികരും, 86 വൈദികാർത്ഥികളും 76 സഹോദരന്മാരും 17 നൊവിഷ്യാത്തുകാരും 11 പോസ്റ്റുലൻറുകളും കർമ്മലീത്തക്കുണ്ടായിരുന്നു. കൂടാതെ 13 പ്രിയോർഭവനങ്ങളുടെ 5 വികാരിമന്ദിരങ്ങളും 10 മിഷനും മൂന്നു വൈദികവിദ്യാലയങ്ങളും 2 നോവിസ് കേന്ദ്രങ്ങളും ഉണ്ടു്. പതിനാറു സ്കൂളുകളും എട്ടു് ബോർഡിങ്ങുകളും രണ്ടു് ഇൻഡസ്ട്രിയൽ സ്കൂളുകളും രണ്ടു കമ്മേർസ്യർ വിദ്യാലയങ്ങളും മൂന്നു വിവിധ പത്രങ്ങൾ അടിക്കുന്ന 4 പ്രസ്സുകളുമുണ്ടു്. മഹായുദ്ധാവസാനത്തോടെ അവർ എണ്ണത്തിൽ വർദ്ധിച്ചു.[9] പുതിയ രംഗങ്ങളിലേക്കു പ്രവർത്തനം വ്യാപിപ്പിച്ചു. തേവര, ഇരിഞ്ഞാലക്കുട, കോഴിക്കോട്ടു് എന്നിവിടങ്ങളിൽ കോളേജ് തുറന്നു. വൈദികവിദ്യാർത്ഥികൾക്കു പരിശീലനം നല്കുന്നതിനു് ധർമ്മാരാം കോളേജും ബാംഗ്ളൂരിൽ പണിതീർത്തിട്ടുണ്ടു്.

തിരുഹൃദയസഭ എന്ന പേരിൽ വൈദികർക്കും സഹോദരന്മാർക്കുമായി ഒരു സഭ കോട്ടയം രൂപതയിൽ ആരംഭിച്ചിട്ടുണ്ടു്. പുതിയ നിയമം അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. വിൻസെൻഷ്യൻ സഭ[10] എറണാകുളം അതിരൂപതയിലുള്ള അങ്കമാലിയിലും തുടങ്ങി. അവർക്കും പൊന്തിഫിക്കൽ പദവി ലഭിച്ചിട്ടുണ്ടു്.[11] ചെറുപുഷ്പസഭ (C. S. T.), ദിവ്യകാരുണ്യമിഷനറി സഭ (M. C. B. S.), വിശുദ്ധ തോമസ് അപ്പസ്തോലൻെറ മിഷനറിസംഘം, മലബാർ മിഷനറിബ്രദേഴ്സ് (M. M. B), സ്നേഹഗിരി എന്നീ വിവിധ സന്യാസസഭകൾ ഇന്നു സീറോ മലബാർ സഭയിൽ പ്രവർത്തിക്കുന്നുണ്ടു്.

സീറോ മലബാർസഭ സുറിയാനി ഹൈറാർക്കിയുടെ സ്ഥാപനത്തിനുശേഷം വളരെയേറെ പുരോഗമിച്ചിട്ടുണ്ടു്. ലെയോ പതിമൂന്നാമൻേറയും പതിനൊന്നാം പീയൂസിൻേറയും പ്രതീക്ഷ സാക്ഷാൽക്കരിക്കപ്പെട്ടു. ഇടവക വൈദികർക്കും സന്യാസവൈദികർക്കും ശ്രദ്ധാപൂർവ്വകമായ പരിശീലനം നല്കപ്പെടുന്നു.

പരസ്നേഹപ്രവൎത്തനങ്ങളും ദൎശനങ്ങളും യുവജനസംഘടനയും അവൎക്കുണ്ടു്. അരഡസൻ മാസികകളും വാരികകളും കോട്ടയത്തുനിന്നു കമ്മലീത്തർ പുറപ്പെടുവിക്കുന്നതും എറണാകുളം അതിരൂപത പ്രസിദ്ധീകരിക്കുന്നതുമായ രണ്ടു ദിനപത്രങ്ങളും ഉണ്ടു്. അകത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ സുറിയാനിക്കാർ സ്വാധീനം ചെലുത്തുന്നുണ്ടു്.

സുറിയാനിസഭയ്ക്കുണ്ടായ അഭിവൃദ്ധിയിൽ ആകൃഷ്ടരായി മേലൂസ് ശീശ്മക്കാർ പലരും പുനരൈക്യപ്പെട്ടു. തൃശ്ശൂർ രൂപതയുടെ മെത്രാനായിരുന്ന മാർ യോഹന്നാന്റേയും പിൻഗാമികളുടേയും പ്രയത്നങ്ങളും പുനരൈക്യത്തെ സഹായിച്ചിട്ടുണ്ടു്. സുറിയാനി സമുദായത്തിന്റെ വളൎച്ചതന്നെയാണു് യാക്കോബായ പുനരൈക്യത്തിനും പ്രോത്സാഹനം നല്കിയതു്. ഇക്കാലത്തു പണ്ഡിതനും ഭക്തനുമായ നിധീരിക്കൽ മാണിക്കത്തനാർ ലവീഞ്ഞു മെത്രാന്റെ കീഴിൽ പുനരൈക്യത്തിനായി പരിശ്രമിച്ചു. മാർ ലൂയിസും മാർ അഗസ്റ്റിൻ കണ്ടത്തിലും കൂടുതൽ തീവ്രമായി ഇക്കാര്യത്തിൽ ശ്രദ്ധിച്ചു. ചങ്ങനാശ്ശേരിയിൽ മാർ തോമസു് കുര്യാളശ്ശേരിയും അപ്രകാരംതന്നെ ചെയ്തു. 1921 ൽ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തെക്കുംഭാഗരായ യാക്കോബായരുടെ പുനരൈക്യത്തിനു പുതിയൊരു മിഷൻ തുറന്നു. വേർപെട്ട സഹോദരങ്ങളുടെ വീണ്ടെടുപ്പിനു കമ്മലീത്തമിഷനറിമാരും അവിരാമം ശ്രമിച്ചു. സീറോ മലങ്കര സമൂഹം ഇതിന്റെയെല്ലാം ഫലമായിരുന്നു. (അടുത്ത അദ്ധ്യായം കാണുക.)

1876 ആകെ കണക്കാക്കിയിരുന്ന 200,000 വിശ്വാസികളിൽ 180,000 പേർ വരാപ്പുഴ കീഴിലും മററുള്ളവർ പാദ്രുവാദോയുടെ അധീനത്തിലുമായിരുന്നു. 420 വൈദികർ, 215 പള്ളികൾ 125 സെമിനാരിക്കാർ, എന്നിവരും സുറിയാനി കമ്മലീത്തരുടെ ആറു ഭവനങ്ങളും ഉണ്ടായിരുന്നു.

1931-ൽ 532,351 വിശ്വാസികളും 635 രൂപതാ വൈദികരും 591 പള്ളികളും 220 സന്യാസികളും 1052 കന്യാസ്ത്രീകളും 617 കത്തോലിക്കാസ്കൂളുകളും 2784 അധ്യാപകരും 78149 വിദ്യാൎത്ഥികളുമുണ്ടായിരുന്നു.

1954-ൽ 1,088,962 സീറോ മലബാർ ക്രിസ്ത്യാനികളും, ഏകദേശം 720 ഇടവക വൈദികരും 700 പള്ളികളും 250 സന്യാസികളും 4300 കന്യാസ്ത്രീകളും 713 കത്തോലിക്കാസ്കൂളുകളും 234,000 വിദ്യാൎത്ഥികളും ഉണ്ടു്.

1956 ലെ കാത്തലിക്കു് ഡിറക്ടറിപ്രകാരം 1,171,235 വിശ്വാസികൾ, 892 ഇടവകവൈദികർ 439 വൈദികവിദ്യാ

ത്ഥികൾ 1026 പള്ളികൾ 955 സ്കൂളകൾ 251,251 വിദ്യാത്ഥികൾ എന്നിവരാണ സീറോ മലബാർ സമൂഹത്തിനുള്ളത്.

1970ലെ അന്നപാറിയോ പൊന്തിഫിച്ചിയോയിലെ കണക്കപ്രകാരം 19,20564 കത്തോലിക്കരും 856 ഇടവകപ്പള്ളികളും 2036 വൈദികരും 11,940 കന്യാസ്ത്രീകളും 1121 വിദ്യാഭ്യാസസ്ഥാപനങ്ങളും 277 സാമൂഹ്യസേവന സ്ഥാപനങ്ങളും സീറോ മലബാർ സഭയുടേതായിട്ടുണ്ട്.

## പുതിയ മിഷനുകൾ

സീറോ മലബാർ റീത്തിൽപ്പെട്ട നാലു മിഷൻ രൂപതകൾ—എക്സാക്കേറ്ററുകൾ—വടക്കേ ഇൻഡ്യയിൽ സ്ഥാപിച്ചതു മലബാർ സഭയുടെ ആധുനിക ചരിത്രത്തിൽ ഒരു പ്രധാന സംഭവമാണ്. നൂറുകണക്കിനു വൈദികരും സന്യാസിനിമാരും ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ പ്രേഷിതപ്രവത്തനങ്ങളിൽ ഏപ്പെട്ടിരുന്നെങ്കിലും മലബാർ സഭയ്ക്കു സ്വന്തമായ മിഷൻ പ്രദേശങ്ങൾ ഉണ്ടായിരുന്നില്ല. ആവത്തിച്ചുള്ള അപേക്ഷകളുടെ ഫലമായി ഇപ്പോൾ മലബാർ സഭയ്ക്കു വടക്കേ ഇൻഡ്യയിൽ പ്രേഷിതമണ്ഡലങ്ങൾ തുറന്നുകിട്ടിയിരിക്കുന്നു. മഹാരാഷ്ട്രാ, ആന്ധ്രാപ്രദേശ്, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ചാന്ദാ, ഉജ്ജെയിൻ, സത്നാ, സാഗർ എന്നീ നാലു്—എക്സാക്കേറ്ററുകളുടെ ആകെ വിസ്തീർണ്ണം 1,40,000 ച. കി. മീററാണ്.

## ചാന്ദാ

ചാന്ദാ, വാർദ്ധാ, അതിലബാദ് എന്നീ മൂന്നു ഡിസ്ട്രിക്റ്റുകൾ ഉൾക്കൊള്ളുന്ന ചാന്ദാ ഒരു പ്രത്യേക മിഷനായി—'ഓർഡിനാരിയേററ്', 1962 മാർച്ച 31–ാംതീയതി സ്ഥാപിക്കപ്പെട്ടു. ഇതിൽ ചാന്ദാ, വാർദ്ധാ ഈ ഡിസ്ട്രിക്റ്റുകൾ മഹാരാഷ്ട്രായിലും അതിലബാദ് ആന്ധ്രാപ്രദേശത്തും സ്ഥിതിചെയ്യുന്നു. ആകെ വിസ്തീർണ്ണം 51,000 ച. കി. മീററും ആകെ ജനസംഖ്യ 29 ലക്ഷവുമാണ്.

കേരളത്തിലെ കമ്മലീത്താസഭക്കാരെയാണ് (C. M. I) ഈ മിഷൻ ഭരമേല്പിച്ചിരിക്കുന്നതു്. മിഷൻ സുപ്പീരിയർ ആയി മോൺസിഞ്ഞോർ ജനുവാരിയൂസ് C. M. I. നിയമിക്കപ്പെട്ടു.

1968–ൽ ചാന്ദാ ഒരു എക്സാക്കേററായി ഉയത്തപ്പെടുകയും മോൺസിഞ്ഞോർ ജനുവാരിയൂസ് എക്സാക്കായി അവരോധിക്കപ്പെടുകയും ചെയ്തു.

## ഉജ്ജൈൻ

മദ്ധ്യപ്രദേശത്തു് ഉജ്ജൈൻ, ഷാജാപ്പൂർ, രാജ്ഗഡ് എന്നു മൂന്നു ഡിസ്ട്രിക്റ്റുകൾ ചേർന്നുള്ളതാണു് ഉജ്ജൈൻ എക്സാർക്കേറ്റു്. 1968 ജൂലൈ 29-ാംതീയതി സ്ഥാപിതമായി. നേരത്തെ ഈ പ്രദേശം ഇൻഡോർ രൂപതയുടെ ഭാഗമായിരുന്നു. വിസ്തീർണ്ണം 18,000 ച. കി. മീററും ജനസംഖ്യ 17ലക്ഷവു മത്രെ.

കേരളത്തിൽ അടുത്തകാലത്തു രൂപീകൃതമായ സെൻറു് തോമസ് മിഷനറി സൊസൈററിയെ ഈ മിഷൻെറ ചുമതല ഏല്പിച്ചിരിക്കുന്നു. മോൺസിഞ്ഞോർ ജോൺ പെരുമററ മാണു പ്രഥമ എക്സാർക്കു്.

## സത്നാ

ജബൽപ്പൂർ രൂപതയുടെ കീഴിലായിരുന്ന ആറു് ഡിസ്ട്രിക്റ്റുകൾ വേർപെടുത്തി 1968-ജൂലൈ 29-ാം തീയതി സത്നാ എക്സാർക്കേററു് സ്ഥാപിക്കപ്പെട്ടു. സത്നാ, റീവാ, സീധി, പന്നാ, ഛത്തർപൂർ, തിക്കംഗഡ് എന്നീ ആറു ഡിസ്ട്രിക്റ്റുകളും മദ്ധ്യപ്രദേശത്തുതന്നെ. വിസ്തീർണ്ണം 45,000 ച. കി. മീററർ. ജനസംഖ്യ 43ലക്ഷം.

സീറോ മലബാർ റീത്തിൽപെട്ട വിൻസെൻഷ്യൻ സഭയെ ഈ മിഷൻ ഏല്പിച്ചിരിക്കുന്നു. പ്രസ്തുത സഭാംഗമായ മോൺസിഞ്ഞോർ ഏ. ഡി. മററം ആണു് സത്നായുടെ പ്രഥമ എക്സാർക്കു്.

## സാഗർ

സാഗർ. റെയ്സൻ, വിദീഷാ എന്നീ മൂന്നു ഡിസ്ട്രിക്റ്റുകൾ സാഗർ എക്സാർക്കേററിൽ ഉൾപ്പെടുന്നു. ഭോപ്പാൽ അതിരൂപതയുടെ ഭാഗമായിരുന്ന ഈ മൂന്നു ഡിസ്ട്രിക്റ്റുകളും മദ്ധ്യപ്രദേശത്താണു്. വിസ്തീർണ്ണം 25,000 ച. കി. മീററും ജനസംഖ്യ 14 ലക്ഷവുമാണു്. 1968 ജൂലൈ 29-ാം തീയതി സ്ഥാപിക്കപ്പെട്ടു.

കർമ്മലീത്താസഭക്കാരെ (C. M. I.) ഏല്പിച്ചിരിക്കുന്ന രണ്ടാമത്തെ മിഷനാണു് ഇതു്. മോൺസിഞ്ഞോർ ക്ലെമെൻറു് തോട്ടുങ്കൽ സി. എം. ഐ. സാഗർ എക്സാർക്കായി നിയമിക്കപ്പെടുകയും ചെയ്തു.

കേരളക്രൈസ്തവസഭയുടെ ദീർഘമായ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണു് സീറോമലബാർ സഭയ്ക്കു് ഒരു കർദ്ദിനാളിനെ

നൽകി എന്നുള്ളതു്. 1969 മാർച്ച് 2–ാം തീയതി 6–ാം പോറം മാർപ്പാപ്പ എറണാകുളം അതിരൂപതാദ്ധ്യക്ഷൻ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ കർദ്ദിനാറം സ്ഥാനത്തേയ്ക്കുയർത്തി, സീറോ മലബാർസഭ നിർവ്വഹിച്ച ധീരോദാത്തമായ സേവനത്തിൻെറ അംഗീകാരമാണു് പരിശുദ്ധ സിംഹാസനം നല്കിയിട്ടുള്ളതു്.

---

1. ജെ. സി. പഞ്ഞിക്കാരൻ 'Christianity in Malabar' O C. 6 (1926) നമ്പർ 23, പേജ് 86-7.

2. Pontifex loci catholicum praesulem nationibus istis conform provida deliberatione constituat sibi vicarium in praedictis qui ei per omnia sit obediens et subjectum Histoire der Concile (പാരീസ്, 1913, വാല്യം അഞ്ചു്, പേജ് 1339-40) എന്ന പുസ്തകത്തിൽ ഹെഫേലേലെ ക്ലേക്ക് ഉദ്ധരിച്ചതു്.

3. Hierarchia Carmelitana. A. O. C. D. 14 (1939) പേജ് 45-48

4. Leonis XIII. Pontificis Maximi Acta റോം, 1887 വാല്യം VI പേജ് 164–79

5. A. V. Archivio· Dei Brevi, വാല്യം 1664 പേജ് 49

6. Collectanea S· C. De propaganda Fide റോം, 1907 വാല്യം 1 പേജ് 554

7. ലവീഞ്ഞു മെത്രാൻെറ പ്രവർത്തനങ്ങറം താഴെ പറയുന്ന അച്ചടിച്ച രേഖകളിൽനിന്നാണു് സംഗ്രഹിച്ചതു്. (1) മെത്രാനു് എഴുതിയതും Lettres d'Ucles 1881-91 എന്ന ഈശോസഭാമാസികയിൽ പ്രസിദ്ധീകൃതമായതുമായ 27 കത്തുകളിൽ നിന്നു് (2) Missions Catholiques 1889 പേജ് 87-8 എന്ന മാസികയിലെ മെത്രാൻെറ കത്തിൽനിന്നു്, (3) മെത്രാൻെറ സെക്രട്ടറി ഫാദർ റിക്കാർഡ് എസ്. ജെ. എഴുതിയതും Lettres d'Ucles 1888–9ൽ എന്ന മാസികയിൽ പ്രസിദ്ധീകരിച്ച ലേഖനം (4) മെത്രാൻെറ മറെറാരു സഹപ്രവർത്തകനായ സീ. ബോണൽ എസ്. ജെ. എഴുതിയതും Lettres de Jersey എന്ന ഈശോസഭാ മാസികയിൽ പ്രസിദ്ധീകൃതമായതുമായ 25 കത്തുകറം. ഈ വിവരം ലഭിക്കവാൻ മാർ മാത്യു കാവുകാട്ടും മാർ ജോർജ്ജ് ആലപ്പാട്ടും സഹായിച്ചിട്ടുണ്ടു്. മെഡലിക്കോട്ടു് മെത്രാനെപ്പററി വിവരങ്ങറം ശേഖരിച്ചതു് The Catholic Herald of India (കൽക്കട്ട) 1918 പേജ് 365, എന്ന വാരികയിലെ മോൺസിഞ്ഞോർ മെഡലിക്കോട്ടിൻെറ മരണവൃത്താന്തത്തിൽ നിന്നാണു് The Madras Catholic Directory 1887-96 ൽ രണ്ടു മെത്രാന്മാരുടെ കീഴിൽ മലബാർ സഭയ്ക്കുണ്ടായ പുരോഗതി വ്യക്തമാകുന്നു.

8. പതിനൊന്നാം പീയൂസിൻെറ ബൂള Romani pontifices A. A. S. 16 (1923) പേജ് 257-62

ചിലർ കൽദായറീത്തിൽപ്പെട്ട സീറോമലബാർ സഭയിൽ ചേരാൻ ആഗ്രഹിച്ചു. അവർ ആ അധികാരത്തിലും റീത്തിലും സ്വീകരിക്കപ്പെട്ടു. കോട്ടയം രൂപതയിൽപ്പെട്ട നില്ക്കുന്ന സീറോ മലങ്കരക്കാരുണ്ട്. തെക്കും ഭാഗക്കാരായ പുനരൈക്യപ്പെട്ടവർക്കുവേണ്ടി അന്ത്യോക്യൻ റീത്ത് അനുവദിക്കാൻ കോട്ടയം മെത്രാന് അധികാരം നല്കപ്പെട്ടു. പ്ലാസിഡ് മുൻപുസ്തകം പേജ് 98

9. പന്ത്രണ്ടാം പീയൂസ്പാപ്പയുടെ ബൂള Quo Ecclesiarum 43 (1951) പേജ് 147–50

10. പന്ത്രണ്ടാം പീയൂസിൻെറ Adchristi Ecclesiam. 31ഡിസംബർ 1953 മേൽ 46 (1954) പേജ് 386–387

11. The Carmelite Congregation of Malabar 1831-1951 തൃശ്ശിനാപ്പള്ളി, 1932, The Carmelite Congregation of Malabar, മാന്നാനം 1942

12. Statistica con cenni Storici della gierarchia dei fedeli di rito orientale, റോം, 1932 പേജ് 380

13. 1965–നു ശേഷം സ്ത്രീകളുടെ അനേകം സന്യാസിനീസഭകൾ സീറോ മലബാർ റീത്തിൽ ഉത്ഭവിച്ചിട്ടുണ്ട്. കർമ്മലീത്താ മൂന്നാംസഭാ സന്യാസികൾക്ക് (കോൺഗ്രിഗേഷൻ ഓഫ് മദർ കാർമ്മൽ) 1931–ൽ 630 സന്യാസിനികളും 38 മഠങ്ങളും ഉണ്ടായിരുന്നു. 1953–ൽ 1237 കന്യാസ്ത്രീകളും 210 നോവീസുകളും ഉണ്ടായിരുന്നു. അവർ എല്ലാ രൂപതകളിലും പ്രവർത്തിക്കുന്നുണ്ട്. ഫ്രാൻസിസ്കൻ മൂന്നാംസഭക്കാരായി അറിയപ്പെടുന്ന ക്ലാരസഭക്കാർക്ക് 1931–ൽ 20 സന്യാസിനീഭവനങ്ങളും 240 കന്യാസ്ത്രീകളും ഉണ്ടായിരുന്നു. 1953–ൽ അവക്ക് 539 സന്യാസിനികളും 316 നോവീസുകളും ഉണ്ടായിരുന്നു. എറണാകുളം, തൃശ്ശൂർ, ചങ്ങനാശ്ശേരി, പാലാ എന്നീ രൂപതകളിലാണ് പ്രധാനമായും ഇവരുടെ മഠങ്ങൾ ഉള്ളത്. കോട്ടയം രൂപതയിലെ വിസിറ്റേഷൻ സന്യാസിനീ സഭയിൽ 1931–ൽ 6 മഠങ്ങളും 40 കന്യാസ്ത്രീകളുമുണ്ടായിരുന്നു. 1953–ൽ 122 സന്യാസിനികളും പതിമൂന്നു നോവീസുകളും ഉണ്ടായിരുന്നു. കോട്ടയം രൂപതയിൽപ്പെട്ട സെൻറ് ജോസഫ് സിസ്റ്റേഴ്സിനു 1953–ൽ 16 കന്യാസ്ത്രീകളും രണ്ടു നോവിസുകളും ഉണ്ടായിരുന്നു. മാർ കര്യാളശ്ശേരി ആരംഭിച്ച ആരാധന സഭയ്ക്കു 1931–ൽ 11 ഭവനങ്ങളും 180 സന്യാസിനികളും ഉണ്ടായിരുന്നു. 1953–ൽ 273 കന്യാസ്ത്രീകളും 228 നോവീസുകളും ഉണ്ടായിരുന്നു. പ്രധാനമായി കോതമംഗലം ചങ്ങനാശ്ശേരി എന്നീ രൂപതകളിൽ ഇവർ പ്രവർത്തിക്കുന്നു. തിരുക്കുടുംബസന്യാസിനീസഭയ്ക്കു 1931–ൽ നാലു മഠങ്ങളിലായി 42 കന്യാസ്ത്രീകൾ ഉണ്ടായിരുന്നു. 1953–ൽ 169 കന്യാസ്ത്രീകളും 72 നോവീസുകളും ഉണ്ടായിരുന്നു. അവർ പാലാ, ചങ്ങ

നാഗ്ഗേരി, തൃശ്ശൂർ എന്നീ രൂപതകളിൽ പ്രവർത്തിക്കുന്നു. ഉപവിയുടെ സഹോദരികൾ, സെൻറ് ജോസഫ്സ് മെഡിക്കൽമിഷൻ സിസ്റ്റേഴ്സ്, സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിട്ട്യൂട്ട്, സിസ്റ്റേഴ്സ് ഓഫ് നസറത്തു, അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമാക്കുലേററ്, ഡോട്ടേഴ്സ് ഓഫ് മേരി, സമരിററൻ സിസ്റ്റേഴ്സ്, സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ്, സിസ്റ്റേഴ്സ് ഓഫ് സെൻറു് മത്താ, സിസ്റ്റേഴ്സ് ഓഫ് ദി ഇമിറേറഷൻ ഓഫ് ക്രൈസ്റ്റ്, ബഥനി സിസ്റ്റേഴ്സ്, മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് എന്നീ നിരവധി സന്യാസിനീസഭകളും ഇന്നു നിലവിലുണ്ട്.

ഏഴ്

# ഇന്ത്യയിലെ യാക്കോബായക്കാർ

മെസപ്പൊട്ടേമിയായിലേ കത്തോലിക്കരിൽ ബഹുഭൂരിപക്ഷംപേരും ഏ. ഡി. 496 മുതൽ 503 വരെ ഭരണം നിർവ്വഹിച്ച ബാബൈ കത്തോലിക്കോസിൻെറ കാലത്തു നെസ്തോറിയൂസിൻെറ അനുഗാമികളായിത്തീൎന്നു. എന്നാൽ, എല്ലാവരും നെസ്തോറിയരായിത്തീൎന്നു എന്നു് അർത്ഥമാക്കരുതു്. അവരിൽ ഏകസ്വഭാവവാദികരം ഉണ്ടായിരുന്നു. അക്കൂട്ടർ താരതമ്യേന ഗണ്യമായ വിഭാഗമായിരുന്നുതാനും. സാധാരണ മെത്രാപ്പോലീത്തായെക്കാരം ഉന്നതപദവിയുള്ള ''കിഴക്കിൻെറ മപ്രിയൻ''[1] എന്ന വൈദികമേലദ്ധ്യക്ഷൻ അവരെ ഭരിച്ചിരുന്നു എന്നതുതന്നെ ഈ വസ്തുതയ്ക്കു് ഉപോൽബലകമാണു്.

മെസപ്പൊട്ടേമിയായും ഇന്ത്യയും തമ്മിലുള്ള കച്ചവടബന്ധങ്ങരം വളരെയേറെ അഭിവൃദ്ധിപ്പെട്ടിരുന്ന ഒരു കാലഘട്ടമായിരുന്നു ഇതു്. തന്മൂലം, മധ്യശതകങ്ങളിൽ യാക്കോബായവിശ്വാസം സ്വീകരിച്ച ക്രൈസ്തവവ്യാപാരികളോ അവരുടെ ചെറിയ സമൂഹങ്ങളോ ഇന്ത്യയിൽ ഉണ്ടായിരുന്നു എന്നു കരുതുന്നതിൽ അപാകതയില്ല[2].

എന്നാൽ, പോർത്തുഗീസുകാർ ഇന്ത്യയിൽ ആദ്യം വന്നിറങ്ങിയപ്പോരം കേരളക്രൈസ്തവർ ഒററക്കെട്ടായിത്തന്നെയാണു നിലനിന്നിരുന്നതു്. വിഭാഗീയതകളൊന്നും അവരുടെ ഇടയിൽ ഇല്ലായിരുന്നു. അവരെല്ലാം കൽദായഹയരാർക്കിക്കു വിധേയരായിരുന്നു. ഈ പ്രത്യേക സാഹചര്യത്തിൻെറ പശ്ചാത്തലത്തിൽ, പിള്ളാലത്തു്, ഗാർസിയ മെത്രാപ്പോലീത്തയോടുള്ള എതിർപ്പുമൂലം റോമാസഭയിൽനിന്നു് ഒരു വിഭാഗം ഭിന്നിച്ചപ്പോരം, അവർ ഉടനെ അന്ത്യോക്യൻ പാത്രിയർക്കീസിൻെറ അധികാരം സ്വീകരിച്ചു എന്ന വസ്തുത പ്രത്യേക പരിഗണ

നയർഹിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഏകസ്വഭാവസിദ്ധാന്തം കത്തോലിക്കാപ്രബോധനത്തേക്കാം, അവരുടെ സാങ്കല്പി കവും ഏറെക്കുറെ വിസ്മൃതവുമായ നെസ്തോറിയൻ പഠനത്തിനു വിരുദ്ധമായിരുന്നു. ഇതിൽ നിന്നു് ഏതായാലും ഒരു കാര്യം വ്യക്തമാകുന്നുണ്ടു്; സ്വതന്ത്രസഭാവാദം ക്രൈസ്തവപൈതൃക ത്തിൽ ഏറെ വിദൂരത്തിലാണെന്നു്. ഗ്രീക്കു് ഓർത്തഡോക്സു് സഭകൾ കഴിഞ്ഞ നൂററാണ്ടുകളിൽ ശക്തിയായി പ്രചരിപ്പിച്ചി രുന്ന സ്വതന്ത്രസഭാവാദം ക്രൈസ്തവപൈതൃകവുമായി യാതൊരു ബന്ധവുമില്ലെന്നും വ്യക്തമാകുന്നു.

## യാക്കോബായ സ്വാധീനം

അലക്സാണ്ടർ ദെ ക്യാംപോ 1663–ൽ മെത്രാൻപട്ടം സ്വീകരിച്ചതിൻെറ പിന്നിലുള്ള പ്രധാന ഉദ്ദേശ്യം, സീറോമല ബാർ സമൂഹം അദ്ദേഹത്തിൻെറ പിതൃസഹോദരപുത്രനായ ആർച്ച്ഡീക്കൻ തോമസിൻെറ ഭരണത്തിനു വിധേയമാകുന്ന തിനെ തടയുക എന്നതായിരുന്നു. മുന്നൊരദ്ധ്യായത്തിൽ ഇതി നെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. അങ്കമാലി അതിരൂപത യിൽ അദ്ദേഹം കൈവരിച്ച ഭരണവിജയം ആശാവഹമായി രുന്നു. വ്യാജമെത്രാനായ മാർതോമസ് ഒന്നാമൻെറ മരണാന ന്തരം, സഭയിൽനിന്നും വേർപെട്ടുപോയവർ തിരിച്ചുവരുമെ ന്നുള്ള ന്യായമായ പ്രതീക്ഷയ്ക്കു് അതു് അവസരം നല്കി. ഇക്കൂ ട്ടർ വ്യാജമെത്രാനായ മാർ തോമസിൻെറ മരണാനന്തരം തികച്ചും സംഘടിതമായ ഒരു സഭാവിഭാഗത്തിൽ ചേർന്നില്ലാ യിരുന്നുവെങ്കിൽ ഈ പ്രതീക്ഷ ഒരു യാഥാർത്ഥ്യമാകുമായിരുന്നു. തോമസ് ദെക്യാംപോ, പന്ത്രണ്ടു് വൈദികന്മാരാൽ 'മെത്രാഭി ഷിക്ത'നായതിനുശേഷം എല്ലായ്പോഴും പ്രയോഗത്തിൽ ഒരു മെത്രാനെന്നപോലെ പ്രവർത്തിച്ചിരുന്നു. എന്നാൽ, തൻെറ മെത്രാൻസ്വഭാവത്തിൻെറ നിയമസാധുതയെപ്പററി അദ്ദേഹം സംശയങ്ങൾ വച്ചുപുലർത്തിയിരുന്നതായി തോന്നുന്നുണ്ടു്. പിന്നീടു് യാതൊരു സംശയത്തിനും വക നല്കാത്തവിധം, യഥാർത്ഥനിലയിൽ തൻെറ പിതൃസഹോദരപുത്രൻ മെത്രാഭി ഷേകം ചെയ്യപ്പെട്ടപ്പോൾ, തൻെറ തെററായ സ്ഥാനസ്വീകര ണത്തെക്കുറിച്ചു മാർത്തോമ്മായ്ക്കു കൂടുതൽ അനുഭവവേദ്യമായി. യാക്കോബായ പാത്രിയാർക്കീസിനോടു് അദ്ദേഹത്തിൻെറ ഏതെങ്കിലും ഒരു മെത്രാനെ മലബാറിലേയ്ക്കു് അയയ്ക്കുവാൻ അപേക്ഷിച്ചുകൊണ്ടുള്ള അഭ്യർത്ഥന ഇതു് വ്യക്തമാക്കുന്നുണ്ടു്. ഓർമൂസിൽ പോർട്ടുഗീസുകാർ യാതൊരു നിയന്ത്രണവും ഏർപ്പെ ടുത്തിയിരുന്നില്ല. 1665–ൽ ജറൂസലേമിലെ മെത്രാപ്പോലീത്ത യായ മാർ ഗ്രിഗോറിയോസ് ഇൻഡ്യയിൽ എത്തി. എങ്കിലും തോമസു് ദീർഘകാലമായി ആഗ്രഹിച്ചിരുന്ന വിധം, മെത്രാൻപട്ടം സ്വീകരിച്ചില്ല എന്നു തോന്നുന്നു.[3]

മാർ ഗ്രിഗോറിയോസ് യാക്കോബായ തത്വങ്ങൾ ഉടനെ തന്നെ അവതരിപ്പിച്ചില്ല. എന്നാൽ, തൻെറ കീഴിലുണ്ടായിരുന്നവരെക്കൊണ്ട് മററു ചിലകാര്യങ്ങൾ ചെയ്യിക്കുന്നതിൽ അദ്ദേഹം വിജയംവരിച്ചു. നെസ്തോറിയസിനെ ശപിച്ചുതള്ളി; സെവേറിയൻ രൂപത്തിലുള്ള ഏകസ്വഭാവസിദ്ധാന്തം സ്വീകരിപ്പിച്ചു; പിതാവിൽനിന്നും പുത്രനിൽനിന്നുമുള്ള പരിശുദ്ധാത്മാവിൻെറ പുറപ്പാടും, ശുദ്ധീകരണസ്ഥലത്തെ സംബന്ധിച്ചുള്ള വിശ്വാസസത്യവും നിഷേധിച്ചു. പാരമ്പര്യം അനുസരിച്ച്, മാർ തോമസിൻെറ അനുയായികൾ അക്കാലത്ത്, സ്വീകരിച്ചിരുന്ന ചില വിശ്വാസസത്യങ്ങളായിരുന്നു ഇവ. താൻ മാർപ്പാപ്പയുടെ ശത്രുവാണെന്ന് ഗ്രിഗോറിയോസ് സ്വയം പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തിൽ മലബാറിലെ ഭിന്നിച്ചുനിന്ന ക്രൈസ്തവരും അദ്ദേഹവും ഐക്യം കണ്ടെത്തി. പല പഴയ ആചാരക്രമങ്ങൾ വീണ്ടും നടപ്പിൽ വരുത്തുവാൻ അദ്ദേഹം ഉപദേശിച്ചു. ഉദാഹരണമായി: കിഴക്കൻ രീതിയിലുള്ള തിരുവസ്ത്രങ്ങൾ, പുളിച്ച അപ്പം, പാരമ്പര്യാനുസൃതമായ ദീർഘമായ ഉപവാസം എന്നിവ. മറിച്ച്, സിറിയൻ കത്തോലിക്കരുടെ ലത്തീൻമയമായിത്തീർന്നിരുന്ന സീറോ–കൽദായ റീത്തിൽനിന്നും പലതും സ്വീകരിക്കുവാൻ അദ്ദേഹം നിർബന്ധിതനായി. ഈ റീത്തിനോട് വേർപിരിഞ്ഞു പോയവരുടെ ബന്ധം അത്ര ഗാഢമായിരുന്നു.[4]

മാർ ഗ്രിഗോറിയോസ് 1672-ൽ പറവൂർ പട്ടണത്തിൽ (വടക്കൻ പറവൂർ) വെച്ചു നിര്യാതനായി.[5] 1674–ൽ തോമസ് ദെ ക്യാംപോ അന്തരിച്ചു. തോമസിൻെറ ഒരു സഹോദരൻ വൈദികന്മാരാൽ തെരഞ്ഞെടുക്കപ്പെട്ടിട്ട കേവലം എട്ട ദിവസങ്ങൾക്കശേഷം മരിച്ചു. അദ്ദേഹത്തിൻെറ ബന്ധത്തിൽപ്പെട്ട ഒരാൾ മാർ തോമസ് രണ്ടാമനായിത്തീൎന്നു. 1686 വരെ അദ്ദേഹം ഭരണം നിർവ്വഹിച്ചു. ഒരു അൽമായൻ മാത്രമായിരുന്ന അദ്ദേത്തിൻെറ ഒരു അനന്തിരവൻ തോമസ് രണ്ടാമനെ നിഷ്ക്കാസനം ചെയ്തു്, വൈദികപട്ടം സ്വീകരിച്ചുകൊണ്ട്[6] മാർ തോമസ് മൂന്നാമനായി. അക്കാലത്ത് ഒരു സാധാരണ വൈദികൻ വ്യാജമായി മാർപ്പാപ്പയുടെ ഒരു രേഖ കാണിച്ച് ഒരു പാത്രിയാക്കീസായി സ്വയം ഭാവിച്ച സമുദായത്തിൽ കുഴപ്പമുണ്ടാക്കി. എന്നാൽ 1682–ലോ 83–ലോ അദ്ദേഹം മുങ്ങി മരിക്കുവാൻ ഇടയായി.[7]

1685 ജനുവരിയോടുകൂടി നിയമപ്രകാരമുള്ള രണ്ടു യാക്കോബായ മെത്രാന്മാർ—മാർ ബസിലിയോസും മാർ ജോണും— ഇൻഡ്യയിൽ എത്തി. മൊസൂളിനു സമീപമുള്ള മാർ മത്തായിയുടെ ആശ്രമത്തിൽനിന്നുള്ള രണ്ടു സന്യാസിമാരായിരുന്നു അവർ. അവരിൽ ഒരാൾ മപ്രിയാൻ തന്നെയാണെന്ന് ഊഹി

ക്കപ്പെടുന്നു. എന്നാൽ ഇവരിൽ ആരായിരുന്നു മപ്രിയാൻ എന്നതിനെപ്പററി വിഭിന്നാഭിപ്രായങ്ങളും ഉണ്ട്. ജർമാൻെറ അഭിപ്രായത്തിൽ ജോണും,[8] 1821–ൽ ഫാദർ നാവുവിനാൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു യാക്കോബായ രേഖ അനുസരിച്ച് ബസീലിയോസും ആണ് മപ്രിയാൻ ആയി കരുതപ്പെട്ടന്നതു്. ഈ മെത്രാന്മാർ, മലബാർ യാക്കോബായർ അന്നുവരെ തങ്ങളുടെ ആരാധനക്രമത്തിലൂടെ കാത്തുസൂക്ഷിച്ചിരുന്ന ലത്തീൻ റീത്തിൻേറതായി അവശേഷിച്ചിരുന്നവകൂടി നീക്കം ചെയ്തു. 1821–ലെ രേഖയിൽനിന്നു് ഇതു നമുക്ക ഗ്രഹിക്കാം. അതിൽ ഇപ്രകാരം പറയുന്നു ''അവർ ഞങ്ങളെ യൂറോപ്യൻ ആചാരക്രമങ്ങളിൽനിന്നു സ്വതന്ത്രരാക്കി; ഞങ്ങളുടെ ആദ്യ പിതാക്കന്മാരുടെ ആചാരക്രമങ്ങളിലേയ്ക്കു നയിച്ചു. അന്നുമുതൽ ഇന്നുവരെ, അവയോടു യാതൊന്നും കൂട്ടിച്ചേർക്കുകയോ, അവയിൽനിന്നു നീക്കം ചെയ്യുകയോ ഉണ്ടായിട്ടില്ല.[9]'' എന്നാൽ കലപ്പില്ലാത്ത അന്ത്യോക്യൻറീത്തു് 19–ാം നൂററാണ്ടിനുമുമ്പു പൂർണ്ണമായി പ്രാബല്യത്തിൽ വന്നു എന്നു കരുതാൻ വയ്യ.

ഏകദേശം മുപ്പതു് ഇടവകകൾ ഉൾപ്പെട്ട യാക്കോബായ സമൂഹം തങ്ങളുടെകൂടെ വസിക്കുന്ന ഒരു സിറിയൻ മെത്രാൻ ഉണ്ടാകുവാൻ അത്യധികം ആഗ്രഹിച്ചു. എന്നാൽ ഈ ആഗ്രഹം നിറവേറിയില്ല. തന്മൂലം, അവർ സിറിയൻ കത്തോലിക്കരുമായി പുനരൈക്യപ്പെടുവാൻ ശ്രമിച്ചു. അവരുടെ നിർദ്ദേശം, വികാരി അപ്പസ്തോലിക്കയും സ്ഥലത്തെ മെത്രാനുംകൂടി മലബാറിനെ പൊതുവായി ഭരിക്കണമെന്നതായിരുന്നു. ഇതിൽനിന്നു യാക്കോബായക്ക് പരിശുദ്ധസിംഹാസനത്തോടു പ്രത്യക്ഷമായ യാതോരു വിദ്വേഷവും ഇല്ലായിരുന്നുവെന്നു വ്യക്തമാകുന്നുണ്ടു്.[10] താഴെകാണുന്ന സംഭവം ഇതിനു് ഉപോൽബലകമാണ്. അസെർബായിജാനിലേ നെസ്തോറിയൻ മെത്രാപ്പോലീത്ത ആയ മാർ ഗബ്രിയേൽ, ഇൻഡ്യയിലെ യാക്കോബായക്ക് തന്നെ സ്വീകാര്യനാക്കുവാൻവേണ്ടി പ്രൊപ്പഗാന്താ തിരുസംഘത്തിൽനിന്നുള്ള ഒരു രേഖ കാണിച്ചു. യഥാർത്ഥത്തിൽ ഈ രേഖ, കേവലം ഒരു കത്തുമാത്രമായിരുന്നു. മാർ ഗബ്രിയേൽ, കത്തോലിക്കാസഭയിൽ, തന്നെ സ്വീകരിക്കണമെന്നു് അപേക്ഷിച്ചിരുന്നു.[11] അതിനുവേണ്ടി, കൂടുതൽ വ്യക്തമായ ഒരു വിശ്വാസപ്രഖ്യാപനം ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു ഈ എഴുത്തു്. മരണംവരെ വളരെക്കാലം മാർ ഗബ്രിയേൽ (മരണം 1730 അന്ത്യത്തിലോ, 1731 ആരംഭത്തിലോ ആയിരുന്നു) യാക്കോബായസമൂഹത്തിൻെറ ഭരണകാര്യങ്ങളിൽ സ്വാധീനം ചെലുത്താൻ ശ്രമിച്ചിരുന്നു. മാർ തോമസ് അഞ്ചാമനും മാർ ഗബ്രിയേലും തമ്മിൽ പലപ്പോഴും വിവാദത്തിലായിരുന്നു.[12]

1751-ൽ യാക്കോബായ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ട മൂന്നു് മെത്രാന്മാർ മലബാറിൽ എത്തി. മാർതോമസ്സ് അഞ്ചാമന്റെ പ്രത്യേക അപേക്ഷപ്രകാരം ഡച്ചധികാരികരം ഈ മെത്രാന്മാരെ അവരുടെ ദൗത്യനിർവ്വഹണത്തിൽ വളരെ സഹായിച്ചു. അവരിൽ ഒരാളായ ബസിലീയോസ്സ് ഷുക്കർല്ലോ മലബാർ മെത്രാപ്പോലീത്തായെന്ന നാമം സ്വീകരിച്ചിരുന്നു. മററു രണ്ടുപേരിൽ മാർ ഗ്രിഗോരിയോസ് ഒരു മെത്രാപ്പോലീത്തായും മാർ ജോൺ ഒരു മെത്രാനും ആയിരുന്നു. ഈ മെത്രാന്മാരുടെ യാത്രച്ചെലവിലേയ്ക്കു് നാലായിരം രൂപാ നല്കാമെന്നു് മാർ തോമസ് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ഈ തുക നല്കുന്നതിനെ സംബന്ധിച്ചു്, അഭിപ്രായ വ്യത്യാസമുണ്ടായി. തന്മൂലം മാർ തോമസ് അഞ്ചാമനെ അവർ അഭിഷേചിക്കയുണ്ടായില്ല. മെത്രാൻപട്ടം ലഭിക്കാതെ മാർ തോമസ് അഞ്ചാമൻ 1765-ൽ മരിച്ചു. മാർ തോമസ്സ് അറാമൻ [13] എന്ന നാമം സ്വീകരിച്ചുകൊണ്ടു് അനന്തിരവൻ അദ്ദേഹത്തെ പിൻതുടർന്നു. യാത്രച്ചെലവു് നല്കുന്നതിനെ സംബന്ധിച്ച സംവാദം ഒരു സ്തംഭനാവസ്ഥയിലെത്തി. മാർ ഗ്രിഗോറിയോസ്സ് 1770-ൽ കാട്ടുമങ്ങാട്ടു് റമ്പാൻ എന്ന പേരോടുകൂടിയ ഒരു സന്യാസിയെ അഭിഷേചിച്ചു. അദ്ദേഹം മാർ തോമസ് ആറാമന്റെ ശത്രുവായിരുന്നു. കാട്ടുമങ്ങാട്ടു് റമ്പാൻ മാർ കൂറില്ലോസ് എന്ന നാമം സ്വീകരിച്ചു. എന്നാൽ മാർ കൂറില്ലോസ് മാർ തോമസ്സ് ആറാമനെ പുറത്താക്കുന്നതിൽ വിജയിച്ചില്ല. തന്മൂലം കൊച്ചി രാജ്യത്തിന്റെ വടക്കു് സ്ഥിതിചെയ്യുന്ന തോഴിയൂർ എന്ന സ്ഥലത്തു് കൂറില്ലോസ് രൂപത സ്ഥാപിച്ചു. ഈ പുതിയ സ്വതന്ത്രരൂപത ഇന്നും ഉണ്ടു്. കാരണം ഇവിടുത്തെ ഓരോ മെത്രാനും സ്വന്തം തെരഞ്ഞെടുപ്പിനു് ശേഷം ഉടൻ തന്നെ തന്റെ അനന്തരഗാമിയെ വാഴിക്കുന്നു. സിവിൽ അധികാരികളുടെ സമ്മർദ്ദംമൂലം മാർ ഗ്രിഗോറിയോസ്സ്, മാർ ജോണും മാർ തോമസ്സ് ആറാമനെ അഭിഷേചിക്കുവാൻ നിർബ്ബന്ധിതരായി. മാർ തോമസ്സ് ആറാമൻ മാർ ഡയനീഷ്യസ്സ് എന്ന നാമം സ്വീകരിച്ചു.

## പ്രോട്ടസ്റ്റൻറിസവും യാക്കോബായ ഓർത്തഡോക്സ് സഭയും

ഈ കാലഘട്ടംമുതൽ പ്രോട്ടസ്റ്റൻറുമിഷനറിമാരുടെ സ്വാധീനം വർദ്ധിക്കുവാൻ തുടങ്ങി. കിഴക്കു് നിന്നുള്ള യാക്കോബായ മെത്രാന്മാരുടെ അധികാരത്തിനു അതൊരു വെല്ലുവിളിയായിത്തീർന്നു. 1706-ൽ സാക്സൺ ബർത്തുലോമ്യ സീഗൻബാൾഗ് നാൽ സ്ഥാപിതമായ ട്രാൻകോബാറിലുള്ള ഡച്ചുഫാക്റററിയിൽ ഇവാഞ്ചലിക്കൽ മിഷനറിമാർക്കു് സെൻറ് തോമസ് ക്രൈസ്തവരുമായി യാതൊരു സമ്പർക്കവും ഇല്ലായി

ദുന്നു. എന്നാൽ അവർ തീരെ വിസ്മരിക്കപ്പെട്ടില്ല. അവ രെക്കുറിച്ചുള്ള വിവരങ്ങരം പതിനെട്ടാം നൂററാണ്ടിൽ പ്രോട്ട സ്റ്റൻറ വൃത്തങ്ങളിൽ സുറിയാനിക്കാരോട്ട് താല്പര്യം ഉളവാക്കി. പ്രഷ്യയിലെ രാജാവിൻെറ ലൈബ്രേറിയനും പുരാതന വിഷയ പണ്ഡിതനുമായ മാത്തുരിൻവെയ്സ്സുരെ ദെ ലാ ക്രോസ് എഴു തിയ ഇൻഡ്യയിലെ ക്രൈസ്തവചരിത്രം' എന്ന ഗ്രന്ഥം ഈ വസ്തുത സ്ഥിരീകരിക്കുന്നുണ്ട്. എന്നാൽ പത്തൊമ്പതാം നൂററാണ്ടിൻെറ ആരംഭത്തോടുകൂടി മാത്രമേ പ്രോട്ടസ്റ്റൻറ് മിഷ നറിമാർ യാക്കോബായരിൽ കാര്യമായ ശ്രദ്ധ ചെലുത്തിയ തായി കാണുന്നുള്ളു.

[16] ഈസ്റ്റ് ഇൻഡ്യ കമ്പനിയുടെ ചാപ്ളിൻ ആയിരുന്ന ഡോക്ടർ ക്ലോഡിയാസ് ബൂച്ച്നാൻെറ സന്ദർശനാനന്തരം, തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളിലെ ബ്രിട്ടീഷ്റസി ഡൻറു ആയിരുന്ന കേണൽ മൺറോ, ചർച്ച്മിഷനറി സൊ സൈററിയിൽ നിന്നു് നാലു മിഷനറിമാരെ 1816–19–ൽ ഇങ്ങോട്ടു് ക്ഷണിച്ചുവരുത്തി. ഈ മിഷനറിമാർ പ്രഥമതഃ യാക്കോബായ വൈദികന്മാരുടെ കടുത്ത അജ്ഞതയും, അധി കാരദുരുപയോഗങ്ങളും ഇല്ലാതാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടു, തീ ക്ഷ്ണമതിയായ ഫ്രാൻസിസ്കൻ വൈദികനായ ഫാദർ വിൻ സെൻറു ദെലഗോസ് ഉപയോഗിച്ച മാർഗ്ഗങ്ങരംതന്നെ സ്വീക രിച്ചു. ഫാദർ വിൻസെൻറ് 1545-ൽതന്നെ കൊടുങ്ങല്ലൂരിൽ ഒരു സെമിനാരി സ്ഥാപിച്ച് പ്രവത്തനം നടത്തിയിരുന്ന ദേഹമായിരുന്നു. യാക്കോബായ വൈദികസമൂഹത്തെ പ്രോട്ട സ്റ്റൻറു രീതിയിൽ നവീകരിക്കുവാനാണ് അവർ ഉദ്ദേശിച്ചതു്. അവർ കോട്ടയത്തു് ഒരു കോളേജും സെമിനാരിയും ഒന്നിച്ചു സ്ഥാപിച്ചു. അടുത്തതായി സാധാരണ ക്രിസ്ത്യാനികരംക്കു മനസ്സിലാകത്തക്കവിധം ബൈബിരം വിവത്തനം ചെയ്തു മല യാളത്തിൽ പ്രസിദ്ധീകരിച്ചു (1811ലും 1818ലും 1830ലും). കൂടാതെ, മിഷനറിമാർ സ്ഥാപിച്ച് നടത്തിക്കൊണ്ടിരുന്ന വിവിധ സ്കൂളുകളിൽ ബൈബിരം ക്ലാസ്സുകരം ആരംഭിച്ചു. ഓരോ ഇടവകയിലെ മലയാളം സ്കൂളുകരം, ഹൈസ്കൂരം, കോളേ ജ്, സെമിനാരി എന്നീ സ്ഥാപനങ്ങളിൽ ബൈബിരംപഠനം ഏർപ്പെടുത്തി. ആംഗ്ലിക്കൻ പ്രാത്ഥനക്രമം അനുസരിച്ചുള്ള ശുശ്രൂഷകരം മലയാളത്തിലാക്കി നടപ്പിൽ വരുത്തി. ഇംഗ്ലീഷ് സഭയുടെ വേദോപദേശം മലയാളത്തിലേക്കു് വിവത്തനം ചെയ്യുകയും യാക്കോബായരുടെ ഉപയോഗാത്ഥം പ്രസിദ്ധപ്പെടു ത്തുകയും ചെയ്തു.

പത്തു വർഷത്തിനുള്ളിൽ, യാക്കോബായവൈദികരും മിഷനറിമാരും തമ്മിൽ തികഞ്ഞ യോജിപ്പിൽ എത്തി. മിഷ നറിമാർ, പ്രോട്ടസ്റ്റൻറ് ബൈബിളിനു് യോജിക്കാത്ത വി ശ്വാസങ്ങരം, ആചാരക്രമങ്ങരം എന്നിവ പരിഷ്ക്കരിക്കുന്ന

തിനു് പലപ്പോഴും ആഹ്വാനം ചെയ്തു. വിശ്വാസത്തിലും ദൈവികശുശ്രൂഷയിലും ആവശ്യമായിരുന്ന പരിഷ്ക്കാരം വഴി ഭാവിവൈദികന്മാരിൽ തങ്ങളുടെ പിടിമുറുക്കാൻ കഴിയുമെന്നു് അവർ വിശ്വസിച്ചു[17].

മാർ ഡയനീഷ്യസ് മൂന്നാമൻ (പുന്നത്തറ മാർ ദിയണോസിയോസ്) 1825-ൽ മരിച്ചു. അദ്ദേഹം സി. എം. എസ് വൈദികന്മാരുടെ പ്രവർത്തനങ്ങളെ പിൻതാങ്ങിയിരുന്നു. മാർ ദിയണോസിയോസ് നാലാമൻ (ചേപ്പാട്ടു് മാർ ദിയണോസിയോസ്) അദ്ദേഹത്തെ പിന്തുടർന്നു. ഈ പുതിയ മെത്രാൻ ആരംഭംമുതൽതന്നെ മിഷനറിമാരോട് വെറുപ്പു പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം അവക്കെതിരായി അന്ത്യോക്യയിലെ യാക്കോബായ പാത്രിയാർക്കീസിൻെറ സഹായം അഭ്യർത്ഥിച്ചു. സിറിയായിൽനിന്നു് മാർ അത്തനാസ്യയോസ് എന്ന യാക്കോബായ മെത്രാൻ ഇവിടെ എത്തി. എന്നാൽ, നിർഭാഗ്യവശാൽ അദ്ദേഹം പാത്രിയാർക്കീസിൻെറ അധികാരം ഉറച്ച അടിസ്ഥാനത്തിൽ ഇവിടെ സ്ഥാപിക്കുവാൻ ശ്രമിച്ചു. അതിനുവേണ്ടി മാർ ഡയനീഷ്യസിനേയും തോഴിയൂരിലെ മെത്രാനായ മാർ പീലക്സീനോസിനേയും നിഷ്ക്കാസനം ചെയ്തു. എന്നാൽ പ്രോട്ടസ്റ്റൻറു മിഷനറിമാരുടെ ശക്തിമത്തായ ഇടപെടൽ നിമിത്തം, സ്ഥാനഭ്രഷ്ടരാക്കപ്പെട്ട മെത്രാന്മാർ പുനഃപ്രതിഷ്ഠിക്കപ്പെട്ടു. മാർ അത്തനാസിയോസിനെ ഇൻഡ്യയിൽ നിന്നവർ നാടു കടത്തി. മാർ ഡയനീഷ്യസിനുവേണ്ടിയുള്ള മിഷനറിമാരുടെ ഈ മാധ്യസ്ഥ്യശ്രമങ്ങൾ ഇരുകൂട്ടരും തമ്മിലുള്ള ബന്ധം കുറച്ചു കാലത്തേയ്ക്കു മെച്ചപ്പെടുത്തി. എങ്കിലും ഡയനീഷ്യസ് മെത്രാപ്പോലീത്തയ്ക്കു് തൻെറ യഥാർത്ഥ വികാരങ്ങൾ പ്രകടിപ്പിക്കുവാൻ അധികം താമസിയാതെ അവസരം കിട്ടി. കൽക്കട്ടായിലെ ആംഗ്ലിക്കൻ ബിഷപ്പ് ആയിരുന്ന ഡാനിയേൽ വിത്സൻെറ സന്ദർശനത്തെത്തുടർന്നു് മാർ ഡയനീഷ്യസ് ഒരു പ്രാദേശികസൂനഹദോസ് വിളിച്ചുകൂട്ടുവാൻ സമ്മതിച്ചു. 1836-ൽ ഈ സിനഡ് വിളിച്ചുകൂട്ടി. എന്നാൽ ബിഷപ്പ് വിത്സണും സി എം. എസ് മിഷനറിമാരും ആഗ്രഹിച്ച പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുവാൻ കൂട്ടാക്കിയില്ല. മാത്രമല്ല, അവരും നിർദ്ദേശങ്ങളോട് യാതൊരു അനുഭാവവും പ്രകടിപ്പിച്ചില്ല. പ്രോട്ടസ്റ്റൻറുകാരുമായുള്ള എല്ലാ ബന്ധങ്ങളും സിനഡ് വിച്ഛേദിച്ചു. കൂടാതെ യാക്കോബായരുടേയും പ്രോട്ടസ്റ്റൻറുകാരുടേയും പൊതുവായ അധികാരത്തിലായിരുന്ന വസ്തുവകകൾ വിഭജിച്ചു.[18]

## മാർതോമ്മാസഭയുടെ ഉത്ഭവം

എന്നാൽ, നല്ലൊരുവിഭാഗം പ്രോട്ടസ്റ്റൻഡു് അനുഭാവികൾ യാക്കോബായ സമൂഹത്തിൽ ഉണ്ടായിരുന്നു. സിനഡിൽ

വെച്ച അവരുടെ ഉദ്യമങ്ങാം പരാജയപ്പെട്ടുവെങ്കിലും, തങ്ങളുടെ അഭിപ്രായങ്ങാം നടപ്പിൽ വരുത്തുവാൻ താമസംവിനാ അവക്ക് അവസരം ലഭിച്ചു. നാലു യാക്കോബായ വൈദികന്മാർ ഈ സംഘത്തിനു നേതൃത്വം നല്കി. അവരിൽ പ്രധാനി മാരാമണ്ണിലേ അബ്രാഹം മല്പാൻ ആയിരുന്നു നവീകരണവാദികളുടെ ശക്തികേന്ദ്രം അദ്ദേഹം തന്നെയായിരുന്നു. മാർതോമ്മാക്കാർ അദ്ദേഹത്തെ ഇന്നും തങ്ങളുടെ പരിഷ്ക്കത്താവായി കണക്കാക്കുന്നു. മിഷനറിമാരും ഇൻഡ്യൻ യാക്കോബായരും തമ്മിലുള്ള ഭിന്നത ഉടലെടുത്തു് അധികം താമസിയാതെ അബ്രാഹം മല്പാൻ സിറിയൻ ആരാധനക്രമം പരിഷ്ക്കരിക്കുവാൻ ഉദ്യമിച്ചു. സിറിയൻ ലിററർജി പ്രോട്ടസ്റ്റൻറു് പഠനങ്ങാംക്കനുരൂപമായ വിധത്തിൽ തിരുത്തി എഴുതി. ആരാധനാക്രമം പ്രാദേശികഭാഷയിലാക്കി. മരിച്ചവർക്കു വേണ്ടിയുള്ള പ്രാത്ഥന നിത്തൽ ചെയ്തു. വിശുദ്ധരോടുള്ള മാദ്ധ്യസ്ഥ പ്രാത്ഥന ഉപേക്ഷിക്കപ്പെട്ടു. എങ്കിലും, സുറിയാനി കർബാനയുടെയും മററും ആരാധനക്രമങ്ങളുടെ ബാഹ്യരൂപം അദ്ദേഹം കാത്തുസൂക്ഷിച്ചു.

മാരാമണ്ണിൽ ഇക്കൂട്ടക്കു് ഉറച്ച ജനപിന്തുണ ലഭിച്ചു. മാർ ദിയണേറസിയോസു് നാലാമൻ അബ്രാഹത്തിൻേറയും അദ്ദേഹത്തിൻെറ അനുയായികളുടേയും പ്രവത്തനങ്ങളിൽ അസ്വസ്ഥനായി. അവരെ മുഴുവൻ സഭയിൽനിന്നു് പുറന്തള്ളി പരിഷ്ക്കരണവാദികളെ സംബന്ധിച്ചിടത്തോളം ഇതൊരു മാരകമായ പ്രഹരമായിരുന്നു. തങ്ങളുടേതായ ഒരു മെത്രാനെ കിട്ടുക എന്ന ഏകമാഗ്ഗമേ അവശേഷിച്ചുള്ളു. അതു സാധിക്കുവാൻ. അബ്രാഹം മല്പാൻ തൻെറ ഒരു സഹോദരപുത്രനായ മാത്യുവിനെ യാക്കോബായ പാത്രിയർക്കീസായ ഇഗ്നേഷ്യസു് മാർ ഏലിയാസു് രണ്ടാമൻെറ പക്കൽ അയച്ചു. മാത്യു യാക്കോബായ സഭയിലെ കേവലം ഒരു പാരായണ ശുശ്രൂഷി (lector) മാത്രമായിരുന്നു. മാത്യു എബ്രാഹം മല്പാൻെറ അഭിപ്രായത്തോടു് പൂണ്ണഅനുഭാവം പ്രകടിപ്പിച്ചു. ഉപരിപഠനാത്ഥം മദ്രാസിലുള്ള സി. എം. എസു് സ്ഥാപനത്തിൽ അയയ്ക്കപ്പെട്ടതിനുശേഷം മാത്യു തികച്ചും മല്പാൻെറ അഭിപ്രായക്കാരനായി. പാത്രിയാർക്കീസു് വസിച്ചിരുന്ന മാർദിനു് സമീപമുള്ള ദെയിറാസു് സാഫ്രാൻ ആശ്രമത്തിൽ മാത്യു സ്വാഗതം ചെയ്യപ്പെട്ടു. കുറച്ചുകാലത്തെ പരിശീലനത്തിനു ശേഷം മാത്യു വിവിധപട്ടങ്ങാം സ്വീകരിച്ചു. 1842 ഫെബ്രുവരി 2-ാംതീയതി അദ്ദേഹത്തെ മലങ്കരയുടെ മെത്രാപ്പോലീത്തയായി വാഴിച്ചു. പില്ക്കാലങ്ങളിൽ അദ്ദേഹം മാത്യു മാർ അത്തനാസിയോസ് എന്ന പേരിൽ അറിയപ്പെടുന്നു. 1843 ൽ അദ്ദേഹം മലബാറിൽ തിരിച്ചെത്തുകയും തൻെറ രൂപതയുടെ ഭരണം ഏറെറടുക്കുകയും ചെയ്തു. 1846–ൽ അബ്രാഹം മല്പാൻ മരിച്ചു.

അനേകം അഭ്യർത്ഥനകാംക്ഷശേഷം (1825 മുതൽ 42വരെ) ഈ പ്രധാനസ്ഥാനത്തേയ്ക്ക്, യോഗ്യനായ സ്ഥാനാർത്ഥിയെ ലഭിച്ചതിൽ തനിക്കുള്ള അഭിനന്ദനം സാക്ഷ്യപത്രത്തിൽ പാത്രിയാക്കീസ് രേഖപ്പെടുത്തിയിരുന്നു. എന്നാൽ സ്ഥല ത്തെ മെത്രാപ്പോലീത്തയായ മാർ ഡയനീഷ്യസ് നാലാ മൻ ഈ ചിന്താഗതിക്കാരനായിരുന്നില്ല. മാർ അത്തനാസി യോസ് തൻെറ ദൗത്യത്തിൻെറ നിയമസാധുതയിൽ അഭി മാനിച്ചിരുന്നെങ്കിലും ദിയണോസിയോസ് നാലാമൻ ഈ പാത്രിയാക്കീസിൻെറ പുതിയ പ്രതിനിധിയെ വേണ്ടവിധം സ്വീകരിച്ചില്ല. തിരുവിതാംകൂറിലെ രാജാവ് മാർ അത്ത നാസിയോസിനെ യാക്കോബായരുടെ സഭാദ്ധ്യക്ഷനായി അംഗീകരിച്ചു. മാർ ദിയണോസിയോസിൻെറ മെത്രാഭിഷേകം സംശയപൂർണ്ണമായിരുന്നു. എന്നാൽ, മാത്യു മാർ അത്തനാസി യോസ്, പാത്രിയാക്കീസിനാൽ നിയമപ്രകാരം മെത്രാൻ പട്ടം സ്വീകരിച്ചനായിരുന്നു. സമുദായത്തിൽ പിളർപ്പ് അനിവാര്യമായി. പാത്രിയാക്കീസിനെ വിവരം അറിയിച്ചു. പാത്രിയാക്കീസ്, അനുരഞ്ജിപ്പിനായി, തൻെറ ഒരു മെത്രാ പ്പോലീത്തയായ കൂറിലോസിനെ ഇൻഡ്യയിലേയ്ക്ക് അയച്ചു.

ഈ പുതിയ മെത്രാൻെറ കൈവശം പാത്രിയാക്കീസ് ഒപ്പു വച്ച സാക്ഷിപത്രങ്ങൾ ഉണ്ടായിരുന്നു. അതിനാൽ മലങ്കരയുടെ മെത്രാപ്പോലീത്തയായി സ്വയം അവരോധിച്ചു രേഖപ്പെടുത്തുവാൻ അദ്ദേഹം മടിച്ചില്ല. കൂടാതെ, മാർ ദിയണോസിയോസിനെ തൻെറ രൂപതയിൽനിന്നും രാജി വെയ്ക്കുവാൻ പ്രേരിപ്പിക്കുന്ന ഒരു രേഖ കൈവശപ്പെടുത്തുവാൻ സമർത്ഥനായ അദ്ദേഹത്തിനു കഴിഞ്ഞു. ഈ കൃത്രിമത്വം കുഴ പ്പങ്ങൾ വർദ്ധിപ്പിച്ചു. സിവിൽ കോർട്ടുകളുടെ തീരുമാനം ആവശ്യമായി വന്നു. മാർ കൂറിലോസ് കൃത്രിമം കാണിച്ചു എന്നു വ്യക്തമായി. 1852–ൽ മാത്യു മാർ അത്തനാസി യോസിനു അനുകൂലമായ രാജകീയപ്രഖ്യാപനമുണ്ടായി.[20]

ഈ കാലയളവിൽ മറെറാരു മെത്രാപ്പോലീത്തയായ മാർ സ്റ്റെഫാനോസ്, മാർ ദിയണോസിയോസ് നാലാമനു ഒരു കത്തുമായി ഉത്തരപൂർവ്വദേശത്തുനിന്നു ഇവിടെയെത്തി. പൊതുവായ ഒരു ഭരണം വേണമെന്നു ആ കത്തിൽ നിർദ്ദേ ശിച്ചിരുന്നു. ആംഗ്ലിക്കർ മാർ അത്തനാസിയോസിൻെറ ഭാഗത്തായിരുന്നതുകൊണ്ടു തിരുവിതാംകൂർ ഗവണ്മെൻറു അദ്ദേഹത്തെ പിൻതാങ്ങി. ഇങ്ങനെ മാർ സ്റ്റെഫാനോ സിൻെറ ആഗമനത്തിനു മുമ്പുതന്നെ തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽനിന്നും മാർ കൂറിലോസ് പുറത്തുപോക ണമെന്നു ഉത്തരവു നല്കപ്പെട്ടു. മാർ ദിയണോസിയോസ് നാലാമൻ വിസ്മരിക്കപ്പെട്ടു. ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ അധി

കാരികളോട് മാർ സ്റ്റെഫാനോസ് അഭ്യർത്ഥിച്ചതിൻെറ ഫലമായി, ആംഗ്ലിക്കൻ മിഷനറിമാർ മലബാറിലെ സുറിയാനിക്കാരുടെ കാര്യങ്ങളിൽ ഇടപെടരുതു് എന്നു് തീരുമാനമുണ്ടായി. എന്നാൽ 1857— ൽ[21] മാർ സ്റ്റെഫാനോസിനെ പുറത്താക്കുന്നതിൽ ബ്രിട്ടിഷ് റസിഡണ്ടു് വിജയിച്ചു. ഇക്കാലത്തു് മാർ കൂറില്ലോസ് വീണ്ടും പ്രത്യക്ഷപ്പെട്ടു. മാർ കൂറില്ലോസിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവരെ അപ്രകാരം ചെയ്യുവാൻ തിരുവിതാംകൂർ ഗവണ്മെൻറു് അനുവദിച്ചു. മാർ കൂറില്ലോസിനും അദ്ദേഹത്തിൻെറ അനുയായികൾക്കും മാത്യൂ മാർ അത്തനാസിയോസിൻെറ കൈവശമിരുന്ന പള്ളികൾ വീണ്ടെടുക്കുവാൻ കേസുകൾ നടത്തേണ്ടിവന്നു. ഈ കൂറില്ലോസാണു് കൽദായറീത്തിൻെറ സ്ഥാനത്തു് അന്ത്യോക്യൻ സിറിയൻ റീത്തു പ്രതിഷ്ഠിച്ചതു്. മലബാറിലെ വിഘടിതരുടെ ഇടയിൽ പാശ്ചാത്യ സുറിയാനി ലിപികൾ പ്രചരിച്ചു.

1865–ൽ മററൊരാൾകൂടി വ്യാജമായി രംഗത്തു് പ്രത്യക്ഷപ്പെട്ടു. അദ്ദേഹം പകലോമററം കുടുംബാംഗം എന്ന നിലയിൽ അതിരൂപതയുടെമേൽ അവകാശവാദം പുറപ്പെടുവിച്ചു. 1813 വരെ ഭരിച്ചിരുന്ന എല്ലാ ആർച്ചുഡീക്കന്മാരും പ്രസിദ്ധമായ ഈ കുടുംബത്തിലെ അംഗങ്ങളായിരുന്നുവെന്നതു് വാസ്തവമാണു്. ഇദ്ദേഹം ജോസഫ് മാർ ദിയണോസിയോസ് അഞ്ചാമൻ എന്ന പേരിൽ അറിയപ്പെടുന്നു. അദ്ദേഹവും പാത്രിയാക്കീസിൽനിന്നുതന്നെയാണു് അഭിഷേകം സ്വീകരിച്ചിരുന്നതു്. പ്രശ്നം കൂടുതൽ സങ്കീർണ്ണമായി. എന്നാൽ, ജോസഫ് മാർ ദിയണോസിയോസിനു് അന്നുവരെ, ബ്രിട്ടീഷ് അധികാരികളിൽനിന്നു് യാതൊരു പിന്തുണയും നേടുവാൻ കഴിഞ്ഞില്ല.

മലബാറിലെ മുഴുവൻ യാക്കോബായരുടേയും സഭാദ്ധ്യക്ഷൻ എന്ന നില കാത്തു സൂക്ഷിക്കാൻ മാത്യൂ മാർ അത്തനാസ്യോസു് അതീവശ്രദ്ധാലുവായിരുന്നു. ഇദ്ദേഹം പ്രോട്ടസ്റ്റൻറു് ചായ്‌വുള്ളവനായിരുന്നെങ്കിലും തൻെറ പിതൃസഹോദരനായ അബ്രാഹം മല്പാൻ ആവിഷ്ക്കരിച്ച പരിഷ്ക്കരണനടപടികൾ പ്രാവർത്തികമാക്കുവാൻ യാതൊരു ശ്രമവും നടത്തിയില്ല. 1875–വരെ യാക്കോബായ സഭാദ്ധ്യക്ഷനായി തുടരുന്നതിൽ മാത്യൂ മാർ അത്തനാസ്യോസ് വിജയിച്ചു. ഔദ്യോഗികമായി സഭയുടെ മെത്രാപ്പോലീത്തയായി ഗണിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ, മാർ ദിയണോസിയോസിനു് യാക്കോബായ പാത്രിയാക്കീസിൽനിന്നും ലഭിച്ചിരുന്ന പിന്തുണ മനസ്സിലാക്കി, തൻെറ അനുഗാമിയെ നിയമിക്കുന്നതിനു് മാർ അത്തനാസിയൂസ് ധൃതികൂട്ടി. തോഴിയൂർ മെത്രാൻെറ സഹാ

യത്തോടുകൂടി മാത്യു മാർ അത്തനാസ്യയോസ് തൻെറ സഹോദരപുത്രനായ ഒരു തോമസിനെ മെത്രാനായി അഭിഷേചിച്ചു. (1868) തോമസ് മാർ അത്തനാസിയോസ്[22] എന്ന പേരിൽ തൻെറ അനുഗാമിയായി ഇദ്ദേഹത്തെ പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഈ പ്രശ്നങ്ങളുണ്ടായിരുന്നു എങ്കിലും യാക്കോബായ പാത്രിയാക്കീസായ ഇഗ്നേഷ്യസ് പീററർ നാലാമൻ ജോസഫ് മാർ ദിയണോസിയോസിനു് പിന്തുണ നല്കിക്കൊണ്ടിരുന്നു. ഈ സംഭവവികാസങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്ന പ്രോട്ടസ്റ്റൻറു സ്വാധീനങ്ങളെപ്പററി പാത്രിയാക്കീസ് തികച്ചും ബോധവാനായിരുന്നു. തന്മൂലം അദ്ദേഹം 1874–ൽ ലണ്ടനിൽ എത്തി തൻെറ അവകാശവാദങ്ങൾ ഉന്നയിക്കുകയും പ്രോട്ടസ്റ്റൻറു പ്രവർത്തനങ്ങൾ പരിമിതപ്പെടുവാൻ ശ്രമിക്കുകയും ചെയ്തു. താമസംവിനാ മലബാർ സന്ദർശിക്കുവാൻ അദ്ദേഹം തീരുമാനിക്കുകയും ചെയ്തു.

## പാത്രിയാക്കീസിൻെറ നടപടി

1875–ൽ പീററർ നാലാമൻ ഇൻഡ്യയിലെത്തി. പാത്രിയാക്കീസിൻെറ സാന്നിദ്ധ്യം കണക്കിലെടുക്കാതെ, മഹാഭൂരിപക്ഷം വൈദികരും, വിശ്വാസികളും സി. എം. എസ് മിഷനറിമ്മാരും മാത്യു മാർ അത്തനാസിയോസിൻെറ ഭാഗത്തു നിലകൊണ്ടു. പാത്രിയാക്കീസ് തൻെറ നിർദ്ദേശം ധിക്കരിച്ച മെത്രാപ്പോലീത്തയെ സഭാഭ്രഷ്ടനാക്കി. തിരുവിതാംകൂറിലെ രാജകീയകോടതി ഈ തീരുമാനത്തിനു പിന്തുണ നല്കി. എങ്കിലും ഈ ഭിന്നത തുടന്നു പോന്നു.

ഈ യാക്കോബായ പാത്രിയാക്കീസ് ദീർഘവീക്ഷണമുള്ളവനും സമർത്ഥനുമായ വ്യക്തിയായി കാണപ്പെടുന്നു. ഇൻഡ്യയിലുള്ള അദ്ദേഹത്തിൻെറ ദീർഘകാലവാസം ഭാവിയിൽ അവിടെ അധികാരം ഉറപ്പിക്കുവാൻ അദ്ദേഹം വിനിയോഗിച്ചു. സിവിൽ അധികാരികൾ തൻെറ തീരുമാനങ്ങൾക്കു വലിയ പ്രാധാന്യം കല്പിക്കുന്നതായി അദ്ദേഹം മനസ്സിലാക്കി. തന്മൂലം, തൻെറ തീരുമാനങ്ങൾ സിവിൽ അധികാരികളെക്കൊണ്ടു് അംഗീകരിപ്പിക്കണമെന്നു് അദ്ദേഹം തീരുമാനിച്ചു.

1876–ൽ മുളന്തുരുത്തിയിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. ഈ സൂനഹദോസിൽവെച്ചു് അന്ത്യോക്യയിൽനിന്നു വരുന്ന ഏതൊരു നിർദ്ദേശത്തിനും പരിപൂർണ്ണമായ അനുസരണ വാഗ്ദാനം ചെയ്തു. രേഖയിൽ ഒപ്പിടുവാൻ എല്ലാ ഇടവക സമൂഹങ്ങളെയും പാത്രിയാക്കീസ് കടപ്പെടുത്തി. ഗവണ്മെൻറും ഇതംഗീകരിക്കണമെന്നു വ്യവസ്ഥചെയ്തു. സാക്ഷാൽ രേഖ ഓരോ ഇടവകയിലെയും റിക്കാർഡുകളിൽ സൂക്ഷിക്കപ്പെടണം.

മറെറാരു ശരി പകർപ്പ് പാത്രിയാക്കീസിനു് അയച്ചു കൊടു ക്കയും വേണം.

കഴിഞ്ഞ കാലാനുഭവങ്ങളുടെ വെളിച്ചത്തിൽ വിധിക്കുക യാണെങ്കിൽ ഒരു നിഷ്പക്ഷനിരീക്ഷകനു് ഈ പുതിയ സംഭവവികാസങ്ങളിൽ സന്തോഷിക്കാതിരിക്കാൻ കഴിയുക യില്ല. ഇങ്ങനെ, പാത്രിയാക്കീസിൻെറ പരമാധികാരം ഉറ പ്പിക്കുന്നതിൽ രണ്ടു ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. ഒന്നു്, മെത്രാന്മാരുടെ നിയമസാധുതയെപ്പററി ഉത്ഭവിച്ചേക്കാവുന്ന തർക്കങ്ങളും സംവാദങ്ങളും ഒഴിവാക്കുക. രണ്ടു്, പാത്രിയാക്കീ സിൻെറ ഇൻഡ്യയിലെ ധനശേഖരണം. ശരിയായ അടിസ്ഥാ നങ്ങളിൽ ഉറപ്പിക്കുക. വാർഷിക വീതാംശത്തിൻെറ ശേഖ രണത്തിനു ചില നിയമങ്ങൾ ക്രോഡീകരിക്കപ്പെട്ടു.[23]

വളരെയധികം പ്രതീക്ഷിക്കുക പലപ്പോഴും അപകടകര മാണു്. പാത്രിയാക്കീസ് തൻെറ ആത്മീയാധികാരം ഉപ യോഗിച്ച് യാക്കോബായസമൂഹത്തെ ഏഴു രൂപതകളായി തിരിച്ചു. ആറു മെത്രാപ്പോലീത്താമാരെ വാഴിക്കുകയും ചെയ്തു. ഇവരുടെ ഇടയിലെ ഒന്നാമൻ എന്ന നില മാത്രമേ[24] മാർ ദിയണോസിയോസ് അഞ്ചാമനുണ്ടായിരുന്നുള്ളു. പാത്രിയാ ക്കീസിൻെറ അനന്തരശ്രമം സകല വസ്തുക്കളുടെമേലും പൂർണ്ണനി യന്ത്രണം നേടുകയായിരുന്നു. 1877-ൽ മാത്യു മാർ അത്തനാസി യോസ്യ് മരിച്ചപ്പോൾ അദ്ദേഹത്തിൻെറ സഹോദരപുത്രനായ തോമസ് സ്വാഭാവികമായും പിൻഗാമിയായിത്തീർന്നു. അദ്ദേഹം മാർത്തോമ്മാവിഭാഗത്തിൻെറ തലവനും, യാക്കോ ബായ സ്വത്തുക്കളുടെ നിയന്ത്രണാധികാരിയും ആയിത്തീർന്നു. പാത്രിയാക്കീസിനു ഇതു സ്വീകാര്യമായിരുന്നില്ല. തൽഫല മായി പാത്രിയാക്കീസിൻെറ അനുയായികളും നവീകരണ കക്ഷിക്കാരും തമ്മിൽ കേസ് ഉത്ഭവിച്ചു, ഈ കേസ് 1879 മുതൽ 1889 വരെ നീണ്ടുനിന്നു. തിരുവിതാംകൂറിലെ പല കോടതികളിലും വിചാരണയ്ക്കുവന്നു.[25] കേസിൻെറ വിധി പ്രകാരം, നവീകരണകക്ഷിക്കാർക്കു തങ്ങൾ കൈവശം വച്ചു കൊണ്ടിരുന്ന പള്ളികളെല്ലാം കൈവെടിയേണ്ടിവന്നു.

എങ്കിലും നവീകരണകക്ഷിക്കാർ നിരാശരായില്ല. തോ മസ് മാർ അത്തനാസ്യോസിൻെറ നേതൃത്വത്തിൽ അവർ സംഘടിച്ചു പുതിയ സഭ രൂപീകരിച്ചു. യാക്കോബായക്കു വിട്ടുകൊടുക്കേണ്ടിവന്ന പള്ളികളുടെ സ്ഥാനത്തു പുതിയവ പണികഴിപ്പിച്ചു. ഈ കാലഘട്ടം മുതൽ സിവിൽ അധികാ രികളുടെ മുമ്പിൽ നവീകരണക്കാർ എന്ന പേരിൽ ഇവർ അറിയപ്പെടുന്നു.[26]

ചില സുറിയാനിക്കാർ പരിഷ്ക്കരണത്തിൻെറ വഴി യിൽ കുറച്ചുകൂടി മുന്നോട്ടുപോയി അവർ സി. എം. എസ്

മിഷനറിമാരോടു ചേർന്നു. മലബാറിലെ ആംഗ്ലിക്കൻ സമൂഹം ഇങ്ങനെ രൂപീകൃതമായി. കോട്ടയം കേന്ദ്രമാക്കി തിരുവിതാംകൂർ ആംഗ്ലിക്കൻ രൂപത 1879–ൽ സ്ഥാപിച്ചു. കഴിഞ്ഞ മഹായുദ്ധാനന്തരം ഇവർ പുതിയതായി രൂപംകൊണ്ട സൗത്ത് ഇൻഡ്യൻ സഭയിൽ ലയിച്ചു.

## പുതിയ ചർച്ചകൾ, ഭിന്നതകൾ

ഈ അന്തിമ സംഘട്ടനത്തിനുശേഷം, അന്ത്യോക്യൻ പാത്രിയാർക്കീസിനോടും വിശ്വസ്തരായിരുന്ന യാക്കോബായർ വളരെ വർഷക്കാലം ശാന്തരായി ജീവിച്ചു. എങ്കിലും, മുൻ വാദപ്രതിവാദങ്ങൾ ആഭ്യന്തരനൈക്യം സൃഷ്ടിച്ചിരുന്നതിനാൽ ഈ സമാധാനാവസ്ഥ നീണ്ടുനിന്നില്ല.

1906–ൽ തുർക്കി ഗവണ്മെൻറ് യാക്കോബായ പാത്രിയാർക്കീസായ അബ്ദുൾ മസിയായെ സ്ഥാനഭ്രഷ്ടനാക്കി. അദ്ദേഹത്തിൻെറ പിൻഗാമിയായിവന്ന മാർ ഇഗ്നേഷ്യസ് അബ്ദുള്ള സത്തുഫാ 1909-ൽ മലബാറിൽ വന്നു ഇവിടത്തെ യാക്കോബായരെ സന്ദർശിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം മലങ്കരമെത്രാപ്പോലീത്തയായ ജോർജ്ജ് മാർ ദിയണോസിയോസ് ആറാമനുമായി കലഹത്തിലായി. പാത്രിയാർക്കീസ്, അദ്ദേഹത്തിൻെറ ഉന്നതസ്ഥാനത്തിനു യോജിച്ചവിധത്തിൽ സ്വീകരിക്കപ്പെട്ടു. എന്നാൽ, കർശനസ്വഭാവക്കാരനായ ജോർജ്ജ് മാർ ദിയണോസിയോസ് ആറാമൻ, പാത്രിയാർക്കീസിനെ പണസംബന്ധമായ കണക്കു പരിശോധിക്കുവാൻ അനുവദിച്ചില്ല. പാത്രിയാർക്കീസ് മാർ ദിയണോസിയോസിനെ സഭയിൽനിന്നു് ഉടനെ പുറംതള്ളി. മാത്രമല്ല, അവിടെവച്ചുതന്നെ, മാർ കൂറില്ലോസ് എന്ന പേരിൽ ഒരു പുതിയ മെത്രാപ്പോലീത്തായെ വാഴിച്ചു. പാത്രിയാർക്കീസിൻെറ ഈ പ്രവൃത്തി ദൂരവ്യാപകങ്ങളായ തിക്തഫലങ്ങൾ പുറപ്പെടുവിച്ചു. പാത്രിയാർക്കീസിൻെറ ഈ പ്രവൃത്തി സഭയിൽ ഭിന്നതയ്ക്കു കാരണമായി. തുല്യശക്തിയുള്ള രണ്ടു കക്ഷികൾ രൂപംകൊണ്ടു. അവർ പാത്രിയാർക്കീസ് കക്ഷി, മെത്രാൻ കക്ഷി (കാതോലിക്കോസ് കക്ഷി) എന്ന പേരിൽ ഇന്നു് അറിയപ്പെട്ടു.

ഈ വിഷമഘട്ടം മാർ ദിയണോസിയോസിനെ നിരാശനാക്കിയില്ല. അദ്ദേഹം മുൻയാക്കോബായ പാത്രിയാർക്കീസായിരുന്ന അബ്ദുൾമാസിയായുമായി ബന്ധം പുലർത്തി. അദ്ദേഹം സുൽത്താനെ ഒരിക്കലും അനുസരിച്ചിരുന്നില്ലെങ്കിലും സുൽത്താനു് യാതൊരു അധികാരവും ഇല്ലാതിരുന്നതിനാൽ തൻെറ അധികാരം ഇന്ത്യയിൽ നഷ്ടപ്പെടുകയില്ലെന്നു ന്യായ

മായി വിശ്വസിച്ചു. 1912–ൽ മാർ ദിയണോസിയോസ് അദ്ദേഹത്തെ ഇന്ത്യയിലേക്ക് ക്ഷണിച്ചു. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട അദ്ദേഹം ഈ ക്ഷണം സസന്തോഷം സ്വീകരിച്ചു. ഈ മുൻപാത്രിയാർക്കീസിന്റെ ആഗമനം പുതിയ കക്ഷിക്കാരെ വളരെ ശക്തരാക്കിയെന്നു നിസ്സംശയം പറയാം.

പാത്രിയാർക്കീസ് കക്ഷിക്കാർ ആലുവാ സിനഡിൽ വച്ചും, മെത്രാൻ കക്ഷിക്കാർ കോട്ടയത്തുവച്ചും 1910–ൽ താന്താങ്ങളുടെ നിലപാട് വിശദമാക്കി. അവർ തമ്മിൽ കൂടുതൽ അകന്നു. മലങ്കരമെത്രാപ്പോലീത്തായ്ക്കു് കാതോലിക്കോസ് എന്ന സ്ഥാനപദവി നല്കുവാൻ അബ്ദുൾമ്ശിഹാ പ്രേരിപ്പിക്കപ്പെട്ടു. കുറച്ചുകാലത്തേയ്ക്കു് രണ്ടു സ്ഥാനങ്ങളും ഒരു വ്യക്തിയിൽ നിക്ഷിപ്തമായിരുന്നില്ല. എന്നാൽ സമീപകാലങ്ങളിൽ കാതോലിക്കോസ് രണ്ട് സ്ഥാനപദവികളും മെത്രാപ്പോലീത്തായുടെ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്തു.[27] ഇപ്പോൾ കാതോലിക്കോസ് സഭയുടെ ആത്മീയവും ഭൗതികവുമായ കാര്യങ്ങളുടെ ഹയരാർക്കിക്കൻ തലവനാണ്.

ആരംഭകാലങ്ങളിൽ ഒരു പുതിയ യാക്കോബായ പാത്രിയാർക്കീസ് ഇരുകക്ഷിക്കാർ തമ്മിലുള്ള വിടവു നികത്തുവാൻ ശ്രമിച്ചു; അദ്ദേഹം മലബാർ സന്ദർശിച്ചു; ഇവിടെ വെച്ചു മരിക്കുകയും ചെയ്തു. യാക്കോബായപാത്രിയാർക്കീസിന്റെ ആസ്ഥാനമായ ഹോംസിൽ കാതോലിക്കോസ് കക്ഷിക്കാരുടെ തലവൻ സ്വാഗതം ചെയ്യപ്പെട്ടു. എന്നാൽ, പരിശ്രമങ്ങൾക്കൊന്നും ഫലം സിദ്ധിച്ചില്ല.

ഇരുകക്ഷിക്കാരും സുസംഘടിതരായിരുന്നു. പാത്രിയാർക്കീസ് കക്ഷിയ്ക്കുവേണ്ടി ഒരു ഇൻഡ്യൻ മെത്രാപ്പോലീത്ത, പണം പിരിക്കുകയും പാത്രിയാർക്കീസിനു് എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ പ്രതിനിധി, നാലു് മെത്രാന്മാർ, 250000 സഭാംഗങ്ങൾ എന്നിവരും കാതോലിക്കോസ് കക്ഷിക്കു് മലങ്കര മെത്രാപ്പോലീത്താ (കാതോലിക്കോസ്) ഒൻപതു് മെത്രാന്മാർ 450000 വിശ്വാസികളും ഉണ്ടായിരുന്നു. 'തെക്കരെന്നു്' അറിയപ്പെടുന്നവരെല്ലാം പാത്രിയാർക്കീസിന്റെ കക്ഷിയിൽ ഉൾപ്പെട്ടിരുന്നു.

പാത്രിയാർക്കീസ് കക്ഷിക്കാർ കൂടുതൽ താമസിച്ചിരുന്നതു് പഴയ കൊച്ചിയിലും, തിരുവിതാംകൂറിന്റെ വടക്കൻ താലൂക്കുകളിലും ആയിരുന്നു. കാതോലിക്കോസ് കക്ഷിക്കാർ മദ്ധ്യതിരുവിതാംകൂറിലും. ഇക്കാരണത്താൽ ഇന്നു് കാതോലിക്കോസ് ആസ്ഥാനം കോട്ടയത്തു് തന്നെയായിരുന്നു.

യാക്കോബായരുടെ മതജീവിതം പുനരുദ്ധരിക്കുന്നതിനു്

ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഇവ മിക്കവാറും ആംഗ്ലിക്കൻ സഭാധികാരികളുടെ പ്രേരണയാലായിരുന്നു. എന്നാൽ ഈ ശ്രമങ്ങൾ കാതോലിക്കോസിന്റെ കീഴിലുള്ള യാക്കോബായരെ ഉദ്ദേശിച്ച് മാത്രമുള്ളതായിരുന്നു. ബഥനിവൈദികരുടെയും സഹോദരികളുടെയും സന്യാസസഭകൾ ഈ ശ്രമങ്ങളുടെ വിജയപ്രദവും ശ്രദ്ധാർഹവുമായ പരിണതഫലങ്ങളാണ്.

'കുരിശിന്റെ ദാസർ' മുതലായ ഭക്തസംഘടനകളും വളർച്ചയുടെ ഉദാഹരണമാണ്. രണ്ട് ലോകമഹായുദ്ധങ്ങളുടെ ഇടയിൽ ഈ ഭക്തസംഘടനകൾ ഹരിജനങ്ങളുടെ മാനസാന്തരത്തിനായി അഭിനന്ദനീയമായ വിധത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. 15000 ത്തിലധികം ജനങ്ങളെ മാനസാന്തരപ്പെടുത്തിയതായി അവർ അവകാശപ്പെടുന്നു.

കാതോലിക്കാബാവാ സഭാസ്വത്തുക്കൾ അന്യായമായി കൈവശപ്പെടുത്തിയിരിക്കുകയാണെന്നും യഥാർത്ഥ മലങ്കര മെത്രാപ്പോലീത്തയായ തനിക്ക് അവ വിട്ടുകിട്ടണമെന്നും കാണിച്ച് 1938 ൽ മാർ അത്തനേഷ്യസ് കോട്ടയം ജില്ലാ ക്കോർട്ടിൽ ഫയൽ ചെയ്ത കേസ് അനേകം വിധികൾക്കും അപ്പീലുകൾക്കും ശേഷം 1958–ൽ സുപ്രീംകോടതിയിൽനിന്ന് കാതോലിക്കാകക്ഷിക്ക് അനുകൂലമായി വിധിയുണ്ടായി. അതിനുശേഷം പരിശുദ്ധ പാത്രിയാർക്കീസ്ബാവാ കാതോലിക്കാസിംഹാസനത്തെ അംഗീകരിച്ചുകൊണ്ടു കല്പന പുറപ്പെടുവിച്ചു. 1958 ഡിസംബർ പതിനാറാം തീയതി പഴയ സെമിനാരിയിൽക്കൂടിയ ഇരുകക്ഷികളിലേയും മെത്രാപ്പോലീത്താമാർ ആ കല്പനകൾ അംഗീകരിച്ചു സ്ഥിരീകരിച്ചു. അങ്ങനെ ദീർഘകാലമായി യാക്കോബായ സഭയിൽ നിലനിന്നിരുന്ന ഭിന്നത അവസാനിച്ചു. ഇപ്പോൾ കേരളത്തിലെ യാക്കോബായ സഭ ''മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ'' എന്ന പേരിലാണ് അറിയപ്പെടുന്നത്.

സഭാസ്വത്തുക്കളുടെ ഭരണച്ചുമതല വഹിക്കുന്നത് മലങ്കര മെത്രാപ്പോലീത്തായും മലങ്കര അസോസിയേഷൻ തിരഞ്ഞെടുക്കുന്ന ഒരു വൈദികനും ഒരു അത്മായനും ഉൾക്കൊള്ളുന്ന മൂന്നംഗസമിതിയാണ്.

കേരളത്തിനു പുറമേ, പല വലിയ നഗരങ്ങളിലും (മദ്രാസ്, ബോംബെ, കൽക്കട്ട, ഡൽഹി, പൂന, ഹൈദ്രാബാദ്) യാക്കോബായ കേന്ദ്രങ്ങൾ ഉണ്ട്. ഈ പ്രദേശങ്ങളുടെ ചുമതല വഹിക്കുവാൻ ഒരു മെത്രാൻ നിയുക്തനായിട്ടുണ്ട്. വൈദികന്മാരെ ഈ സ്ഥലങ്ങളിലേയ്ക്ക്, ക്രമമായി അയയ്ക്കുന്നുണ്ട്. അടുത്തകാലത്ത് അവർ, സ്വന്തം പള്ളികൾ,

ബോംബെ, (ഡൽഹി, ബാംഗ്ളൂർ) എന്നീ സ്ഥലങ്ങളിൽ പണികഴിപ്പിച്ചു. മററു സ്ഥലങ്ങളിൽ ആംഗ്ലിക്കൻ പള്ളികളിൽ അവർ മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നു.

## പുനരൈക്യപ്രസ്ഥാനം

നവീകരണ കക്ഷിക്കാരും അന്ത്യോക്യൻ പാത്രിയാക്കീസിനോടു വിശ്വസ്തരായിരുന്ന യാക്കോബായരും തമ്മിൽ വളരെക്കാലം നീണ്ടുനിന്ന മത്സരങ്ങൾ, കത്തോലിക്കാ പുനരൈക്യത്തിനുള്ള തീവ്രമായ ആഗ്രഹം പലരിലും ജനിപ്പിച്ചു.

18–ാം നൂററാണ്ടിൻെറ അവസാനവർഷങ്ങളിലും 19–ാം നൂററാണ്ടിൻെറ ആരംഭകാലങ്ങളിലും റോമയുമായി പുനരൈക്യപ്പെടുന്നതിനു പല ശ്രമങ്ങളും നടക്കുകയുണ്ടായി. എന്നാൽ ഈ ശ്രമങ്ങൾ വിജയിച്ചില്ല. ഈ ലക്ഷ്യസിദ്ധിക്കു ജാതൈക്യസംഘം എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ, മാർ ദിയണോസിയോസ് അഞ്ചാമൻ സീറോ മലബാർ റീത്തിലെ ഒരു കത്തോലിക്കാ വൈദികനായ ഫാദർ എമ്മാനുവൽ നിധീരിയുടെ സഹകരണത്തോടുകൂടി ഒരു പുതിയ ശ്രമം ആരംഭിച്ചു. ഇവർ അപ്പസ്തോലിക്ക് ഡെലഗെററായിരുന്ന മോൺസിഞ്ഞോർ അയ്യൂററിയെ സമീപിച്ചു എന്നാൽ ഈ ശ്രമവും പരാജയപ്പെട്ടു. സീറോ മലബാർ റീത്തിലെ ചില പ്രമുഖ വൈദികരുടെ പരിശ്രമഫലമായി ചില യാക്കോബായ വൈദികന്മാരും, വിശ്വാസികളും ബിഷപ്പ് ലവീഞ്ഞിൻെറ കാലത്തു കത്തോലിക്കാ സഭയെ ആശ്ലേഷിച്ചതു നാം കണ്ടുകഴിഞ്ഞുവല്ലോ.[28]

1896-ൽ സീറോ മലബാർ വികാർ അപ്പസ്തോലിക്കാമാർ നിയമിക്കപ്പെട്ടതുപ്പാടം അവർ തങ്ങളുടെ യാക്കോബായ സഹോദരങ്ങളുടെ കാര്യത്തിൽ വളരെയധികം ശ്രദ്ധാലുക്കളായി[29]. തങ്ങളുടെ രൂപതകളിലുള്ള യാക്കോബായകേന്ദ്രങ്ങളിൽ അനേകം മിഷൻ കേന്ദ്രങ്ങൾ അവർ തുറന്നു. പ്രസിദ്ധനായ കൊല്ലം ബിഷപ്പായിരുന്ന മോൺസിഞ്ഞോർ ബെൻസിഗർ ഒ. സി. ഡിയും അപ്രകാരം ചെയ്തു. സീറോ മലബാർ വൈദികന്മാർ അദ്ദേഹത്തെ ഈ ശ്രമങ്ങളിൽ ആത്മാർത്ഥമായി സഹായിച്ചു. അവരുടെ ശ്രമങ്ങൾ ക്രമേണ അഭിവൃദ്ധിപ്പെട്ടിരുന്നു. മാനസാന്തരപ്പെടുന്ന വൈദികരെയും വിശ്വാസികളെയും സീറോ മലബാർസഭയിലെ കൽദായറീത്തിൽ സ്വീകരിക്കപ്പെട്ടു.

തന്മൂലം, പുനരൈക്യപ്പെട്ട യാക്കോബായ വൈദികൾക്ക് പല അസൗകര്യങ്ങളും ഉണ്ടായി. പാത്രിയാക്കീസ് കക്ഷി

യിൽപ്പെട്ട ചിലപ്രമുഖ നേതാക്കരംചേൎന്ന പുതിയ ഒരു നിർദ്ദേശം സമപ്പിച്ചു. അന്ത്യോക്യയിലെ പാശ്ചാത്യ സുറിയാനി റീത്തു കാത്തുസൂക്ഷിക്കുവാൻ അനുവദിക്കുമെങ്കിൽ, അവരും അവരുടെ മെത്രാന്മാരും പുനരൈക്യത്തിനു ശ്രമിക്കുമെന്നായിരുന്നു നിർദ്ദേശത്തിൻെറ ഉള്ളടക്കം. സീറോമലബാർമെത്രാന്മാർ അന്ത്യോക്യൻ റീത്തു തുടരാൻ അനുവദിക്കുവാൻ പരിശുദ്ധ സിംഹാസനത്തോട് അഭ്യത്ഥിച്ചു. 1921–ൽ അനുകൂലമായ ഒരു മറുപടി അവക്കു ലഭിച്ചു.[30] അതിനുശേഷം, സീറോ മലബാർ മെത്രാന്മാർ, പുനരൈക്യപ്പെട്ട വൈദികരെ പാശ്ചാത്യസിറിയൻ റീത്തിൽ സ്വീകരിച്ചു. പ്രൊപ്പഗാന്തതിരുസംഘത്തിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ട തിരുക്കമ്മഗ്രന്ഥങ്ങരം അവക്കു നല്കപ്പെട്ടു. എന്നാൽ, കൊല്ലം രൂപതയിൽ, പുനരൈക്യപ്പെടുന്നവരെ കൽദായറീത്തിൽത്തന്നെ സ്വീകരിക്കപ്പെട്ടുപോന്നു.

1912–ൽ യാക്കോബായസഭയിൽ ഉണ്ടായ പിളപ്പ്, പുനരൈക്യസാദ്ധ്യത വദ്ധിപ്പിച്ചു. അന്ത്യോക്യാ പാത്രിയക്കീസിൻെറ ഭരണത്തിൽനിന്ന് സ്വതന്ത്രരായതുമൂലം ബുദ്ധിമാന്മാരും ഭക്തന്മാരുമായ മെത്രാൻ കക്ഷിയിലെ അംഗങ്ങരംക്കു തങ്ങളുടെ നില ഭദ്രമല്ലെന്നു തോന്നി. ഏതെങ്കിലും പാത്രിയക്കീസ്സ്ഥാനത്തെ ആശ്രയിക്കാതെ ഒരിക്കലും സാവ്വത്രികസഭയിൽ ഒരു സ്ഥാനവും അവകാശപ്പെടുവാൻ കഴിയുകയില്ലെന്ന് അവക്കു മനസ്സിലായി. അന്ത്യോക്യായെ ആശ്രയിക്കുക സാദ്ധ്യമല്ലാതിരുന്നതുകൊണ്ടു റോമിൻെറനേരെ തിരിയുകമാത്രമേ ശക്യമായിരുന്നുള്ളു. കൂടാതെ, കഴിഞ്ഞകാലത്തെ ഭിന്നതയുടെ സൂത്രധാരനായ വൃദ്ധനായ അബ്ദുരംമിശിഹ പാത്രിയാക്കീസ് യാക്കോബായസഭയിൽനിന്നു പിൻവാങ്ങുകയും 1913 മേയ് 3–ാംതീയതി ഇന്ത്യയിൽനിന്നും മടങ്ങിയശേഷം റോമയുമായി ഐക്യപ്പെടുകയുംചെയ്തു. വന്ദ്യവയോധികനായ ഇദ്ദേഹം മലബാറിനെപ്പററി നല്ല അനുഭവസമ്പന്നനായിരുന്നു. അദ്ദേഹത്തിൻെറ ശേഷിച്ച ചുരുങ്ങിയ ജീവിതകാലം ഇന്ത്യയിലെ ക്രിസ്തീയ സഭകളുടെ പുനരൈക്യത്തെപ്പററി, ജ്ഞാനിയും തിക്ഷ്ണമതിയുമായ സുറിയാനികത്തോലിക്കാ പാത്രിയാക്കീസു് രണ്ടാം മാർ ഇഗ്നേഷ്യസ് എഫ്രേം റഹമാനിയുമായി പലപ്പോഴും ചച്ച ചെയ്തിട്ടുണ്ട്. അബ്ദുരംമിശിഹ പാത്രിയാക്കീസ് 1914 മാർച്ച് 6–ാം തീയതി ദിവംഗതനായി.

ഈ ചച്ചകരം ഇന്ത്യയിലെ യാക്കോബായക്കാരുടെ പുനരൈക്യത്തിനു പ്രേരണനൽകുകയും, റഹമാനി പാത്രിയാക്കീസ് അവരുടെ ഹയരാക്കിയുമായി ബന്ധം പുലത്തുവാൻ പരിശ്രമിക്കുകയും ചെയ്തു. അദ്ദേഹം ആരാധനക്രമ പുസ്തകങ്ങളുടെ പ്രതികരം അവക്ക് സമ്മാനിച്ചു. കിട്ടാവുന്നതിൽ മികച്ച കൈയ്യെഴുത്തുപ്രതികളുപയോഗിച്ച് അദ്ദേഹം പണ്ഡിതോചി

തമായ രീതിയിൽ തിരുത്തിയ പുസ്തകങ്ങളായിരുന്നു അവ. 1843-ൽ പ്രൊപ്പഗാന്തതിരുസംഘം പ്രസിദ്ധപ്പെടുത്തിയ അനഫൊറാകളുടെ സുറിയാനിപ്പുസ്തകം തൻെറ വ്യക്തിപരമായ ഉപയോഗത്തിന് കൈവശമുണ്ടായിരുന്നതിൽ വളരെ വഷങ്ങൾക്കു മുമ്പുതന്നെ മാർ ഡയനീഷ്യസ് അഞ്ചാമൻ അഭിമാനംകൊണ്ടിരുന്നു. റഹ്മാനി പാത്രിയാർക്കീസ് തൻെറ മേജർസെമിനാരിയായിരുന്ന ഷാർഫെയിൽനിന്നും പ്രസിദ്ധീകരിച്ച മനോഹരമായ പതിപ്പുകൾ അനുകൂലമായ ഒരഭിപ്രായം സമാജ്ജിച്ചിരുന്നതാണും.

## മലങ്കരസുറിയാനിക്രിസ്ത്യാനികളുടെ ഉത്ഭവം

1923-ൽ ജോർജ്ജ് മാർ ഡയനീസിയോസ് ഹോംസിൽവച്ച് യാക്കോബായ പാത്രിയാർക്കീസിനെ സന്ദശിച്ച് രണ്ടു കക്ഷികളെയും രമ്യപ്പെടുത്തുവാൻ ചെയ്ത ശ്രമം നിഷ്ഫലമായി. അവിടെവച്ച് റോമയുമായി പുനരൈക്യപ്പെടണമെന്ന് നിബ്ബന്ധിച്ചിരുന്ന ബാഗ്ദാദിലെ സുറിയാനിമെത്രാപ്പോലീത്തായെ കണ്ടുമുട്ടി. അന്ത്യോക്യായിലെ സുറിയാനികത്തോലിക്കാ പാത്രിയാക്കീസിൽനിന്നും ലഭിച്ച രണ്ടെഴുത്തുകളിൽ ഇതുതന്നെ ആവശ്യപ്പെട്ടിരുന്നു. അപ്പോൾ മെത്രാൻകക്ഷിയിലെ പുരോഹിതശ്രേഷ്ഠന്മാർ പരിശുദ്ധ സിംഹാസനവുമായി നേരിട്ട് ഇടപെടുവാൻ നിശ്ചയിച്ചു. 1926-ൽ കൂടിയ ഒരു യോഗത്തിൽവച്ച് ബഥനിയിലെ മാർ ഇവാനിയോസിനെ, റോമയുമായി കത്തിടപാടുകൾ ആരംഭിക്കുവാൻ അവർ തെരഞ്ഞെടുത്തു. മാർ ഇവാനിയോസിൻെറ കത്തോലിക്കാത്തിരുസ്സഭയിലേക്കുള്ള പുനരൈക്യപ്രയാണത്തെ സംബന്ധിച്ച് ഇവിടെ സൂരിക്കേണ്ടതുണ്ട്.

1907-ൽ മദ്രാസ് യൂണിവേഴ്സിററിയിൽനിന്നും ധനതത്വശാസ്ത്രത്തിൽ എം. എ. ബിരുദം സമ്പാദിച്ച പ്രഥമ മലയാളിപുരോഹിതൻ മാവേലിക്കരയിലെ ഒരു പുരാതന സുറിയാനികുടുംബാംഗമായ പി. ടി. ഗീവറ്ഗ്ഗീസച്ചൻ (ജോർജ്ജ് തോമസ് പണിക്കർവീട്ടിൽ) ആയിരുന്നു. താമസിയാതെ അദ്ദേഹത്തിനു് തൻെറ നാട്ടുകാരുടെയിടയിൽ വമ്പിച്ച സ്വാധീനം ലഭിച്ചു. കോട്ടയത്തെ യാക്കോബായ സെമിനാരിയുടെ പ്രിൻസിപ്പാളായതിനുശേഷം, ഒന്നാംലോകമഹായുദ്ധത്തിൻെറ ആരംഭത്തിൽ കൽക്കട്ടക്കു് സമീപമുള്ള സെറാംപൂരിലെ–എല്ലാ ക്രൈസ്തവവിഭാഗക്കാരും അടങ്ങിയ–പ്രോട്ടസ്റ്റാൻറ് കോളേജിൽ ധനതത്വശാസ്ത്രവും സുറിയാനിയും പഠിപ്പിക്കുവാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടു. മലയാളിക്രിസ്ത്യാനികൾക്കായി സംവരണം ചെയ്യപ്പെട്ടിരുന്ന ഒരു ഹോസ്റ്റലിൽ വാർഡൻെറ ചാജ്ജുംലഭിച്ചു. അദ്ദേഹത്തിൻെറ സ്വാധീനംകൊണ്ടു ഹോസ്റ്റലിലെ അന്തരീക്ഷം

ഏററം മതാത്മകമായിത്തീൎന്നു. പിൽക്കാലത്തു് യാക്കോബായ സഭയിലെ നേതാക്കളായിത്തീൎന്ന അനേകം യുവാക്കളേയും ശമ്മാശന്മാരേയും അദ്ദേഹം അവിടെ സ്വീകരിച്ചു. 1919-ൽ അദ്ദേഹം വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടേയും വി. ബനദിക്ററാസിൻേറയും വി. ബേസിലിൻേറയും സംരക്ഷണയിൽ മലബാറിൽ സന്യാസജീവിതത്തിൻെറ അടിത്തറയിട്ടു. അതിൻെറ ആദ്യത്തെ അംഗങ്ങൾ സെറാംപൂരിലെ അദ്ദേഹത്തിൻെറ പൂൎവ്വവിദ്യാൎത്ഥികളായിരുന്നു. സഹോദരികളുടേയും ഒരു സഭ അദ്ദേഹം സ്ഥാപിച്ചു. അതിൻെറ പ്രഥമഅൎത്ഥിനികൾക്ക് ബംഗാളിൽവച്ച് ആംഗ്ലിക്കൻ സഹോദരികൾ പരിശീലനം നൽകി. ഈ രണ്ടു സഭകൾക്കും "ക്രിസ്ത്വാനുകരണസഭ" എന്നു് ഗീവൎഗ്ഗീസച്ചൻ പേർകൊടുത്തു.

1919 നും 1925 നും മദ്ധ്യേ ബഥനിയിലെ സഹോദരന്മാരും സഹോദരികളും 7 യാക്കോബായരൂപതകളിൽ അഞ്ചു രൂപതകളിലും തങ്ങളുടെ സഭകൾ സ്ഥാപിച്ചു. അവർ മാതൃകാപരമായ ക്രിസ്തീയജീവിതത്തിൻെറ കേന്ദ്രങ്ങൾ ആയിരുന്നു. മെത്രാൻകക്ഷിയിലെ സൂനഹദോസ്, പ്രസ്തുത സന്യാസാശ്രമങ്ങളെ ഇടവകകൾ എന്ന നിലയിൽ ഭരിക്കുവാൻ മാർ ഇവാനിയോസിനെ അനുവദിച്ചു. യാക്കോബായസഭയിൽ സൎവ്വസാധാരണമായിരുന്ന അല്മായരുടെ ഇടപെടൽ അവിടെ ഒഴിവാക്കി. 1925-ൽ മാർ ബസിലിയോസ് രണ്ടാമൻ ഇദ്ദേഹത്തെ ബഥനിയിലെ എല്ലാ ആശ്രമങ്ങളുടെ മാത്രം ഭരണാധികാരം നൽകിക്കൊണ്ടു് ബഥനിയുടെ മാർ ഇവാനിയോസായി വാഴിച്ചു. 1928-ൽ പുതിയ കാതോലിക്കോസായ മാർ ബസിലിയോസ് മൂന്നാമൻ മാർ ഇവാനിയോസിനെ മെത്രാപ്പോലീത്തയായി വാഴിക്കുകയും ബഥനിയിലെ ഒരു സന്യാസിയും പൂൎവ്വശിഷ്യനുമായ മാർ തെയോഫിലോസിനെ തിരുവല്ലായിലെ സഹായമെത്രാനായി അദ്ദേഹത്തിനു നൽകുകയും ചെയ്തു.

മാർ ഇവാനിയോസ് ആറാം മാർ ഡിയനീസിയോസിൻെറ (ജോർജ്ജ് വട്ടശ്ശേരിൽ) ഒരു പൂൎവ്വസ്നേഹിതനായിരുന്നു. യാക്കോബായസഭയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്വാധീനം കൊണ്ടും ഭക്തികൊണ്ടും ജ്ഞാനംകൊണ്ടും അദ്ദേഹത്തെ മററു യാക്കോബായ മെത്രാന്മാർ വളരെയധികം ബഹുമാനിച്ചിരുന്നു. അതിനാൽ, മാർ ഇവാനിയോസ് റോമയുമായി കത്തിടപാടുകൾ ആരംഭിക്കുവാൻ നിയുക്തനായതിൽ അത്ഭുതത്തിനവകാശമില്ല. മാർ ഇവാനിയോസ്തന്നെ എഴുതിയിട്ടുള്ള ഒരു രേഖയിൽ അദ്ദേഹവും മററു രണ്ടു് മെത്രാന്മാരും കത്തോലിക്കരാകുവാൻ സന്നദ്ധരാണെന്നു് സ്വയം പ്രഖ്യാപിച്ചിട്ടുണ്ടു്. വേണ്ടത്ര പരിഗണനയ്ക്കും അന്വേഷണങ്ങൾക്കും ശേഷം പരിശുദ്ധസിംഹാസനം മാർ ഇവാനിയോസിനോടു് അദ്ദേഹത്തിൻെറ കക്ഷി

യിൽപ്പെട്ട എല്ലാ മെത്രാന്മാരേയും വ്യക്തിപരമായി കണ്ടു് അവർ പുനരൈക്യത്തിനായി എന്തു നടപടിയാണു സ്വീകരിക്കുവാൻ പോകുന്നതെന്നു് ചോദിക്കുവാൻ ആവശ്യപ്പെട്ടു. അപ്പോഴും മാർ തിയോഫിലോസിനൊഴികെ പുതിയ കതോലിക്കോസായ മൂന്നാം ബസിലിയോസും (രണ്ടാം ബസിലിയോസ് 1929–ൽ ദിവംഗതനായി) അദ്ദേഹത്തിൻെറ കക്ഷിയിലുണ്ടായിരുന്ന മറെറല്ലാ യാക്കോബായ മെത്രാന്മാരും നിർണ്ണായകമായ ഒരു തീരുമാനത്തിനു് സമ്മതിച്ചില്ല.

1930 സെപ്റ്റംബർ 20–ാം തീയതി മാർ ഇവാനിയോസ് മാർ തിയോഫിലൂസിനോടുകൂടി (ജെയിംസ് അബ്രാഹം കാരപ്പുരക്കൽ) കൊല്ലത്തെ ലത്തീൻമെത്രാനായ മോൺസിഞ്ഞോർ ബെൻസിഗെർ ഒ.സി.ഡി. യുടെ സാന്നിദ്ധ്യത്തിൽ കതോലിക്കാത്തിരുസ്സഭയിലേക്കുള്ള അവരുടെ ഐക്യത്തിൻെറ സത്യപ്രതിജ്ഞയിൽ ഒപ്പുവെച്ചു. ദെലഗാദ്അപ്പസ്തോലിക്കയായ ആർച്ചുബിഷപ്പ് മൂണിയാണു് ഇദ്ദേഹത്തെ ഏതൽകാര്യത്തിനു് നിയോഗിച്ചതു്. ഈ സന്ദർഭത്തിൽ ചങ്ങനാശ്ശേരിയിലെ സീറോമലബാർ മെത്രാനായ മാർ ജേക്കബ്ബ് കാളാശ്ശേരിയും കോട്ടാർ നിയുക്ത ലത്തീൻമെത്രാനായ മോൺസിഞ്ഞോർ ലാറൻസ് പെരൈരയും സന്നിഹിതരായിരുന്നു.[31] അക്കൊല്ലംതന്നെ പതിമൂന്നു് വൈദികന്മാരും ഒരു ഡീക്കനും മുപ്പത്തഞ്ചു് കുടുംബക്കാരോടുകൂടി ആകെ 180 പേർ മേൽപ്പറഞ്ഞ വൈദികശ്രേഷ്ഠന്മാരെ അനുഗമിച്ചു.[32] 1931 ഡിസംബറിൽ മിക്കവാറും എല്ലാ ബഥനിപുരോഹിതന്മാരും ബഥനി സഹോദരികളുടെ സമൂഹം മുഴുവനും രണ്ടു റമ്പാന്മാരുമുൾപ്പെടെ 35 ഇടവക വൈദികന്മാരും ആറു വൈദികവിദ്യാർത്ഥികളും നാലായിരത്തിഎഴുനൂറു് അനുയായികളും പുനരൈക്യപ്പെട്ടു. 1932-ൽ മാർ ഇവാനിയോസ് തിരുവനന്തപുരം മെത്രാപ്പോലീത്തയായും മാർ തിയോഫിലോസ് തിരുവല്ലാ സഹായമെത്രാനായും[33] ഒരു പുതിയ ഹയരാക്കി അവക്കായി സ്ഥാപിച്ചു. സാധാരണ ''സീറോ മലബാർ'' എന്നറിയപ്പെടുന്ന പൂർവ്വകതോലിക്കാ സുറിയാനിക്കാരിൽനിന്നും വിവേചിക്കുന്നതിനു് പുനരൈക്യപ്പെട്ട സമൂഹത്തിനു് ''സീറോമലങ്കര'' എന്ന നാമം നൽകപ്പെട്ടു. യഥാർത്ഥത്തിൽ ഈ പുതിയ അഭിധാനത്തിൻെറ ഉത്ഭവം മലബാറിൻെറ പര്യായപദമായ 'മലങ്കര'യിൽനിന്നുമാണു്.

1932 നു് ശേഷം രണ്ടു യാക്കോബായ മെത്രാന്മാർകൂടി പുതിയ സമൂഹത്തിൽ ചേർന്നിട്ടുണ്ടു്. മെത്രാൻകക്ഷിയിലെ മാർ സെവേരിയോസ് 1937ലും പാത്രിയാർക്കീസ് കക്ഷിയിലെ മാർ ദിയോസ്കൊറോസ് 1939ലും പുനരൈക്യപ്പെട്ടു. പുനരൈക്യസംരംഭത്തിനെതിരായി പടവെട്ടുവാനുള്ള പ്രത്യേകചുമതലയോടുകൂടെ നിരണം മെത്രാപ്പോലീത്തയായി കാതോ

ലിക്കോസ് മെത്രാൻപട്ടം നല്കിയ ദേഹമായിരുന്നു മുൻപറഞ്ഞ മാർ സെവേരിയോസ്. ഇദ്ദേഹത്തിന്റെ പുനരൈക്യത്തിനു ശേഷം തെയോഫിലൂസിന്റെ നിരന്തരമായ അസുഖംനിമിത്തം അദ്ദേഹം തിരുവല്ലായുടെ (1938–ൽ) അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയാവുകയും 1950–ൽ അദ്ദേഹം ആ രൂപതയുടെ മെത്രാനാവുകയും ചെയ്തു. തന്റെ പുനരൈക്യത്തിനുശേഷം സ്വസ്ഥജീവിതം നയിച്ചിരുന്ന മാർ ദിയോസ്കൊറോസ് 1943–ൽ ദിവംഗതനായി.

1950 ന് ശേഷം മാർ ഇവാനിയോസിനു് ശാരീരികാസ്വാസ്ഥ്യം ഉണ്ടാകുകയും 1952–ന്റെ മദ്ധ്യത്തിൽ അദ്ദേഹത്തിന്റെ അസ്വാസ്ഥ്യം ഉൽക്കണ്ഠക്കു ഹേതുവാകയും ചെയ്തു. അദ്ദേഹം ഒരു സഹായമെത്രാനുവേണ്ടി പരിശുദ്ധ സിംഹാസനത്തോട് അഭ്യർത്ഥിക്കുകയും ആ വർഷം അവസാനത്തിൽ ബഥനി സഭയിലെ ബനഡിക്ട് ജോജ്ജച്ചൻ നിയമിതനാവുകയും ചെയ്തു. വയോധികനായ മെത്രാപ്പോലീത്തായ്ക്കു് 1953 ജനുവരിമാസത്തിൽ പുതിയ വൈദികാദ്ധ്യക്ഷനെ ബനഡിക്ട് മാർ ഗ്രിഗോരിയോസ് എന്ന അഭിധാനത്തോടുകൂടി വാഴിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. 1953 ജൂലായ് 15–ാം തീയതി മലങ്കര റീത്തിൽപ്പെട്ട വൈദികാദ്ധ്യക്ഷന്മാരുടേയും മററു പല സ്നേഹിതന്മാരുടേയും സന്നിദ്ധ്യത്തിൽ മാർ ഇവാനിയോസ് ദിവംഗതനായി.

മേൽപ്രസ്താവിച്ച മാർ ഇവാനിയോസിന്റെ മരണവും തിരുവല്ലാ മെത്രാൻ മാർ സെവേരിയോസിന്റെ അപ്രതീക്ഷിതമായ വേർപാടും (1955 ജനുവരി 18) ഹേതുവായി മാർ ഗ്രിഗോരിയോസ് തിരുവനന്തപുരം മെത്രാപ്പോലീത്തായായും മാർ സെവേരിയോസിന്റെ സഹായ മെത്രാനായ സഖറിയായ് മാർ അത്തനാസിയോസ് ക്രമപ്രകാരം അദ്ദേഹത്തെ പിൻതുടന്നു് തിരുവല്ലായുടെ മെത്രാനും ആയി. പുനരൈക്യപ്രസ്ഥാനം അത്ഭുതപൂർവ്വകമായ പുരോഗതി പ്രാപിച്ചിട്ടില്ലെങ്കിൽത്തന്നെയും അതു് ക്രമേണ മുന്നേറിക്കൊണ്ടിരിക്കുന്നു. 1947 ന് ശേഷം പുരുഷന്മാരുടെ ബഥനി സഭ ഇൻറർ ഡയോസിഷൻ ആയി ഉയർത്തപ്പെടുകയും 1956–ൽ പൗരസ്ത്യമാതൃകയോടു കൂടുതൽ യോജിച്ച വിധത്തിൽ പുതിയ നിയമാവലി അതിനു നൽകപ്പെടുകയും ചെയ്തു. 1947 ആഗസ്റ്റ് അവസാനത്തിൽ രൂപതാഭരണത്തിൽ ആയിരുന്ന ബഥനിസഹോദരികൾ മാർപ്പാപ്പയുടെ ഭരണത്തിൻ കീഴുള്ള സഭയായി രൂപാന്തരപ്പെട്ടു. 1959 ൽ കുരിശുമലയിൽ മലങ്കരക്കാർക്കുവേണ്ടി പുതിയൊരു സന്യാസസഭ സ്ഥാപിക്കപ്പെട്ടു.

25 കൊല്ലക്കാലം പുനരൈക്യ പ്രസ്ഥാനത്തിനു വളരെ അഭിവൃദ്ധിയുണ്ടായി. യാക്കോബായക്കാർ മാത്രമല്ല മാർത്തോ

ന്മാക്കാരും പ്രോട്ടസ്റ്റൻറുകാരും സത്യസഭയോട് രമ്യപ്പെട്ട. കൂടാതെ വളരെയധികം ഹരിജനങ്ങളും സഭയോടുചേൻ[34]. 1956 ൽ സീറോ മലങ്കരസഭയിൽ 90000 മേൽ വിശ്വാസി കളും 170–ൽ കൂടുതൽ വൈദികന്മാരും ഉണ്ടായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കുറെ കഴിഞ്ഞു് മാർ ഇവാനി യോസ് ഫസ്റ്റ്ഗ്രേഡ് കോളേജ് സ്ഥാപിച്ചു.

മലബാറിലെ പൗരസ്ത്യറീത്തിൽപ്പെട്ട ക്രിസ്തീയ സമൂഹ ങ്ങളുടെ സ്ഥിതി ലെബനാനിലേതിനോട് സാധമ്മ്യം വഹി ക്കുന്നതാണെന്നു് കാണുവാൻ സാധിക്കും. ശുദ്ധമായ അന്ത്യോ ക്യൻ റീത്തു് പാലിക്കുന്ന, ആധുനികസമൂഹങ്ങളാണു് ലബനാ നിലെ സിറിയൻ കത്തോലിക്കരും കേരളത്തിലെ സീറോ മല ങ്കരക്കാരും. റോമിനോട് വിധേയമായി വത്തിച്ചിരുന്ന പുരാ തന സമൂഹങ്ങളാണു് ലെബനാനിലെ മാറോനീത്തക്കാരും കേരളത്തിലേ സീറോ മലബാർ സഭയും; അങ്ങനെ രണ്ടു രാജ്യങ്ങളിലേയും റീത്തുകൾ ഏതാണ്ടു് തുല്യമാണു്.[35]

---

1. പേർഷ്യൻ സാമ്രാജ്യത്തിലേ യാക്കോബായക്കാരുടെ തലവനാ യിരുന്നു മഫ്രിയൻ. അദ്ദേഹത്തിൻെറ ആദ്യത്തെ സ്ഥാനികനാമം (565–649) മറൂത്ത എന്നായിരിക്കണം. ഐ. സയാദേ, Eglise syrienne, D. T. C., വാല്യം XIV, 3072

2. നീലസ് ദോക്സോ പാത്രിസ് തൻെറ ''Notitia Thronorum Patriarchalium'' (P G. 132, 1088) എന്ന പുസ്തകത്തിൽ സ്ഥിരീ കരിക്കുന്നതു് തൻെറ കാലഘട്ടംവരെ കാതോലിക്കോസിനെ അയച്ചി രുന്ന ഇന്ത്യയുൾപ്പെടെയുള്ള സമസ്ത ഏഷ്യൻപ്രദേശങ്ങളിലും അന്ത്യോക്യ യിലേ ഗ്രീക്ക് പാത്രിയാക്കീസിനു് അധികാരം ഉണ്ടു് എന്നാണു്. എന്നാൽ, ഇൻഡ്യ പിന്നീടു് ഒരിക്കലും കാതോലിക്കേററിൻെറ അധി കാരപരിധിയിൽ പെട്ടിരുന്നില്ല. ഗ്രാദോയിലെ ഡൊമിനിക്കി നു് പീററർ മൂന്നാമൻ പാത്രിയാക്കീസ് അയച്ച കത്തു് (P. G. 120, 760) ഉദ്ധരിച്ചുകൊണ്ടു് സി. കരലേവിസ്ക്കി 'Antioch' (D H G.E. വാല്യം III, 612) എന്ന ലേഖനത്തിൽ സ്ഥിരീകരിക്കുന്നുണ്ടെങ്കിലും റോമഗ്രീസ് എന്നു് അറിയപ്പെടുന്ന അതിൻെറ കേന്ദ്രം ഖൊറസ്സാനിലേ (പേർഷ്യ) നിഷബൂറിൽ കണ്ടെത്തുന്നില്ല. അന്ത്യോക്യയിലേ മെൽ ക്കൈററ് പാത്രിയാക്കീസായ പീററർ മൂന്നാമൻെറ ചരിത്രം Proche Orient Chretien, (2 (1952) പേജ് 11-38) എന്ന മാസികയിൽ ഹബീബ് സയാത്തു് പ്രസിദ്ധീകരിച്ചതു കാണുക. അതേ മാസിക യിൽ (പേജ് 39–40) ഫാദർ നെയോഫൈററു് എ ഡെൽബി, A Note sur Le catholicosat de Romagyris എന്ന ലേഖനം എഴുതിയി ട്ടുണ്ടല്ലോ. താസ്ക്കണ്ടു് പ്രദേശത്തെ ട്രാൻ സോക്സാണിയയിൽ ആയി രിക്കണം റോമഗ്രീസ് എന്നു് അദ്ദേഹം വ്യക്തമാക്കുന്നു. ബാഗ്ദാദ്

പണിയാനുള്ള തീരുമാനപ്രകാരം സസ്സാനിദസിൻെറ പുരാതനതലസ്ഥാനമായ അൽമനസൂർ നശിപ്പിക്കപ്പെട്ടപ്പോഴം സെസിഫോണിൽനിന്നു തുരത്തപ്പെട്ട മെൽക്കൈക്കകാർ താമസിച്ചിരുന്നതു് റോമഗ്രീസിൽ (അറബിഭാഷയിൽ റൂമാഗിർഡ്) ആണു്. മെൽക്കൈക്കകളെക്കുറിച്ചോ ഗ്രീക്കപാത്രിയാർക്കീസിൻെറ കീഴിലുള്ള വിശ്വാസികളെക്കുറിച്ചോ ആണു് എല്ലാ രേഖകളും പരാമർശിക്കുന്നതു്; യാക്കോബായക്കാരെക്കുറിച്ചല്ല.

3. ഫാദർ പ്ലാസിഡ് T. O. C. D. 'The Efforts for Reunion in Malankara, South India' UNITAS, 5 (1953) പേജ് 9

4. അതേ ലേഖനം പേജ് 8—9. അക്കാലംമുതൽ സഭയിൽനിന്നു വേർപ്പെട്ടവരെ പുത്തൻകൂർ എന്നു വിളിച്ചിരുന്നു. കത്തോലിക്കരെ പഴയകൂറുകാർ എന്നു വിളിച്ചു.

5. ഡബ്ളിയു. ജെർമ്മാൻ Die Kirche Der. Thomas Christen ഗുട്ടർസ്ലോഷ്, 1877 പേജ് 525–7

6. മാർ ഗ്രിഗോരിയോസിൻെറ മരണശേഷം വിദേശത്തുനിന്നും യാക്കോബായമെത്രാന്മാർ വന്നിരുന്നുവെങ്കിലും മാർത്തോമ്മമാരിൽ ആരും തന്നെ യഥാർത്ഥ മെത്രാൻപട്ടം സ്വീകരിച്ചതായി കാണുന്നില്ല. പ്ലാസിഡിൻെറ മേൽലേഖനം കാണുക

7. ഡബ്ളിയു. ജെർമ്മാൻ മേൽലേഖനം പേജ് 527 മുതൽ

8. ഡബ്ളിയു. ജെർമ്മാൻ. മേൽലേഖനം പേജ് 528

9. Deux notices relatives au. Malabar R.O.C. 17, 1912. പേജ് 77 തർജ്ജമ പേജ് 81

10. 1704–ൽ മാർത്തോമ്മ നാലാമൻ തൻെറ കീഴിലുള്ള മുപ്പത്തിയൊമ്പതു ഇടവകക്കാക്കുവേണ്ടി ഒരു അപേക്ഷ പരിശുദ്ധസിംഹാസനത്തിലേക്കയച്ചു. അഗസ്റ്റിൻ എന്ന കർമ്മലീത്ത മിഷനറിയാണു് അപേക്ഷ റോമിൽ എത്തിച്ചതു്. അതിനു മറുപടിയൊന്നും ഉണ്ടായില്ല. പ്ലാസിഡ് മേൽലേഖനം പേജ് 9

11. ഡബ്ളിയു. ജെർമ്മാൻ മേൽപേജ് 532–4

12 എഫ്. നാവു. മേൽപുസ്തകം പേജ് 78. ആന്തരികമായ അനേകം കുഴപ്പങ്ങളെപ്പററിയുള്ള വിവരം ഡബ്ളിയു. ജെർമ്മൻ മേൽപേജ് 533—62 ഒരുസിറിയൻ ഭാഷജ്ഞനായ ചാററസ് സ്ക്കാഫും ത്രൻകുബാറിലേ പ്രോട്ടസ്റ്റൻറു ജർമ്മൻമിഷനറിമാരും തമ്മിലുള്ള കത്തിടപാടുകളിൽനിന്നു ശേഖരിച്ചതാണു്.

13. 1748–ൽ മാർ തോമസ് റോമയുമായി പുനരൈക്യപ്പെടുവാൻ ശ്രമിച്ചു. 1757 വരെ ആ പ്രതീക്ഷ സഫലമാകുമെന്നു് ആഗ്രഹിച്ചു.

യാക്കോബായ മെത്രാന്മാരുടെ ആഗമനം ഈ ശ്രമത്തെ നിർവ്വീര്യമാക്കി. ഗ്ലാസിഡ് മേൽപേജ് 9-12

14. ഇതായിരുന്നു സാധാരണഗതി. എന്നാൽ ചില മെത്രാന്മാർ തങ്ങളുടെ മുൻഗാമിയുടെ മരണംവരെ മെത്രാൻപട്ടം സ്വീകരിച്ചില്ല. അവർ തങ്ങൾ സ്നേഹത്തിൽ വർത്തിച്ചിരുന്ന മാർത്തോമ്മ മെത്രാന്മാരോട് പട്ടം ആവശ്യപ്പെടേണ്ടിയിരുന്നു. തൊഴിയൂർ മെത്രാന്മാരെ വാഴിക്കുവാൻ മററു യാക്കോബർയക്കാർ ശ്രമിച്ചില്ല. യാക്കോബായരുടെ അഭിപ്രായത്തിൽ പോലും മാർത്തോമ്മകളുടെ കൈവെപ്പ് സംശയാസ്പദമായതിനാൽ ഇന്നത്തെ തൊഴിയൂർ മെത്രാന്മാർ സാധുവായി മെത്രാൻപട്ടം സ്വീകരിച്ചവരാണെന്നു പറയാൻ നിർവ്വാഹമില്ല. ഈ ചെറിയ സഭയിൽ 3000 അംഗങ്ങളുണ്ട്. മലബാർസ്വതന്ത്രസഭ എന്നാണ് അവർ സ്വയം അഭിമാനിക്കുന്നത്.

15. 1771മുതൽ മാർ തോമസ് ആറാമൻ (മാർ ഡയനീഷ്യസ് ഒന്നാമൻ) സാധുവായ മെത്രാൻപട്ടം ഏററ ശേഷവും വളരെ പ്രാവശ്യം പുനരൈക്യത്തിനായി റോമിലേയ്ക്കു ശ്രമിച്ചു. ഗ്ലാസിഡ് മേൽ. പേജ് 12, 13. മെത്രാന്മാരുടെ സംശയം, കർമ്മലീത്തരുടെ അവിശ്വാസം, റോമയുമായി കത്തിടപാട് നടത്താനുള്ള വൈഷമ്യം, പ്രൊപ്പഗാന്ത മുന്നോട്ടുവെച്ച വ്യവസ്ഥകൾ എന്നിവമൂലം അദ്ദേഹത്തിൻെറ ആദ്യസമീപനങ്ങൾ ഫലമണിഞ്ഞില്ല. 1778-ൽ ഇക്കാര്യമെല്ലാം ഫാദർ ജോസഫ് കരിയാററിയും ഫാദർ തോമസ് പാറേമാക്കലും ഏറെറടുത്തു. മേൽപേജ് 14-15 മാർ ഡയനീഷ്യസ് നടത്തിയ പുനരൈക്യയത്നങ്ങളെക്കുറിച്ചു. എ. പി. എഫ്. ആററി വാല്യം CLXIV 519-25, 526-44. പല ചർച്ചകൾക്കുശേഷം 1799 ജൂൺ 21-ൽ മെത്രാൻ പുനരൈക്യപ്പെടാൻ തീരുമാനിച്ചു. തനിക്കു കത്തോലിക്കാസഭയിൽ കിട്ടിയേക്കാവുന്ന സ്ഥാനത്തെക്കുറിച്ചു സംശയം തോന്നിയതുകൊണ്ട് ആറു മാസത്തിനുശേഷം ശീശ്മയിലേക്കു തിരികെപ്പോയി. മൺറോക്കു മുമ്പേതന്നെ അദ്ദേഹം ആംഗ്ലീക്കൻ മിഷനറിമാരുമായി ധാരണയിൽ പ്രവേശിച്ചു, പ്രത്യേകിച്ചു ധാരണകളൊന്നും കൂടാതെ. ഗ്ലാസിഡ് മേൽപുസ്തകം 89-92

16. ബുക്കനാൻസ് ജേർണൽസ്, Christian Resea arches in Asia 1819 ലണ്ടൻ പേജ് 128-31

17. 1818 നം 20 നം ഇടയ്ക്ക് 150 വൈദികരിൽ 40 പേരെ വിവാഹം ചെയ്യാൻ പ്രോട്ടസ്റ്റൻറു മിഷനറിമാർ പ്രേരിപ്പിച്ചു, ഗ്ലാസിഡ് മേൽപേജ് 93. കൂടാതെ ഏഴ് കൂദാശകളും കർബാനയിലേ ബലിയും ഇല്ലാതാക്കാൻ ശ്രമിച്ചു.

18. ജി. എം. റേ, The Syrian Church in India. ലണ്ടൻ 1892, പേജ് 281-303 ഡബ്ളിയു. ജെമ്മാൻ മേൽപുസ്തകം, പേജ് 609-705 ജി. ബി. ഹോവാർഡ്. The Christians of St. Thomas and their Liturgies, ഓക്സ്ഫോർഡ്, ലണ്ടൻ, 1864 പേജ് 56-113 എം. ബി. ഷെറിംഗ്. The History of Protestant Missions

in India ലണ്ടൻ, പേജ് 1884, 286-96. പി. ചെറിയാൻ, The Malabar Syrians and Church Missionary Society, 1816-40, കോട്ടയം 1935. ഫാദർ ലൂക്കോസ് T. O. C. D. യുടെ പ്രസിദ്ധീകൃതമാകാത്ത "The Sacrifice and Priesthood in Mar Thomite Church" എന്ന ലേഖനത്തിൽ മാർത്തോമ്മാ സമുദായത്തിൽ പ്രോട്ടസ്റ്റൻറു സ്വാധീനം വ്യക്തമാകുന്നു.

20. പ്ലാസിഡ് "Fontes Juris canonici syro-Malakarensium ചിത്ത ഡെൽ വത്തിക്കാനോ 1940, വാല്യം 2 പേജ് 26 മുതൽ

21 മേൽപേജ് 27

22. തോമസ് മാർത്തോമ്മ സഭയുടെ സ്ഥാപകനായ അബ്രാഹം മല്പാൻെറ മകനായിരുന്നു.

23. 'Canonicos' പാത്രിയാക്കീസിനു പള്ളികളും പാത്രിയാക്കീസ് സ്വത്തുകളും നൽകേണ്ട പ്രതിവർഷനികുതിയാണ്. ലത്തീൻ കാനൻനിയമത്തിലേ Cathedraticum ഇതിനു തുല്യമാണ്.

24. G. M. Rae മേൽപേജ് 304-26

25. മേൽപേജ് 327—52, 380—3. അനേകം വിധിന്യായങ്ങൾ ഫാദർ പ്ലാസിഡിൻെറ "Fontes...." പേജ് 30-4ൽ കാണുന്നുണ്ട.

26. 1956-ൽ നവീകരണസഭ മാർത്തോമ്മസഭ എന്നറിയപ്പെടുന്നു. ഒരു മെത്രാപ്പോലീത്തയുടേയും നാലു സഹമെത്രാന്മാരുടേയും നേതൃത്വത്തിൽ 250,000 അംഗങ്ങളുണ്ട്. സാമൂഹികമായും സാമ്പത്തികമായും വേണ്ടത്ര സംഘടിതരാണിവർ. പ്രോട്ടസ്റ്റൻറുകാരോട് ഏററം അടുത്തു കഴിയുന്ന ഇവർ, മതകാര്യങ്ങളിൽപ്പോലും അവരോടു സഹകരിക്കുന്നു.

27. ജെ. സി. പഞ്ഞിക്കാരൻ, "Christianity in Malabar" O, C. vi, (1926) നമ്പർ 23 പേജ് 122-6 ഫാദർ പ്ലാസിഡ്, Fontes34-40 എന്നീ പുസ്തകങ്ങളിൽ ഈ രണ്ടു വിഭാഗങ്ങളുടെ രൂപീകരണത്തെപ്പററി ധാരാളം രേഖകളുണ്ട്.

28. മേൽപേജ് 130

29. എറണാകുളത്തു് 1931—ൽ പുനരൈക്യത്തിനായി ഒരു സംഘടന സ്ഥാപിതമായി. ചങ്ങനാശ്ശേരിരൂപതയിൽ പുനരൈക്യപ്പെട്ടവർക്കായി അനേകം പള്ളികൾ പണിതീർത്തു. പിന്നീട് അവ തിരുവല്ല രൂപതയിൽ കൂട്ടിച്ചേർക്കപ്പെട്ടു. 1921-ൽ തെക്കുംഭാഗക്കാരായ യാക്കോബായക്കാർക്കുവേണ്ടി കോട്ടയം മെത്രാൻ പുതിയ പുനരൈക്യശ്രമം ആരംഭിച്ചു. പുനരൈക്യപ്പെട്ട തെക്കുംഭാഗക്കാർ കോട്ടയം മെത്രാൻ കീഴിൽതന്നെയാണ്. എന്നാൽ അവരുടെ റീത്തു് മലങ്കരതന്നെ, ഫാദർ തോമസ് അരയത്തിനാലിൻെറ "The Missionary Enterprise of the Syrian Catholics of Malabar" E. C. Q. (7) 1947 പേജ് 41, 42

30. ജൂലൈ അഞ്ചാം തീയതിയിലെ പൗരസ്ത്യതിരുസംഘത്തിൻെറ മറുപടിയിൽ ഇങ്ങനെ കാണുന്നു. ''ഗൗരവമായ പരിചിന്തനത്തിനുശേഷം കത്തോലിക്കാസഭയിലേക്ക്'' പുനരൈക്യപ്പെടുന്ന വൈദികരെ തങ്ങളുടെ റീത്തു നിലനിത്തുവാൻ അനുവദിക്കുന്നു. എന്നാൽ വിശ്വാസത്തിനു വിരുദ്ധമായി യാതൊന്നും റീത്തീൽ ഉണ്ടാകരുതു്; അന്ധവിശ്വാസങ്ങൾക്കു് ഇടംകൊടുക്കരുതു്. ഇവരെ സ്വീകരിക്കുന്ന മെത്രാന്മാർ അവരുടെ പട്ടവും മാമ്മോദീസയും വാസ്തവമാണോ എന്നു പരിശോധിക്കണം. പ്ലാസിഡ് The Efforts for Reunion. പേജ് 95

31. 1930-ൽ മാർ ഇവാനിയോസിൻെറ അപേക്ഷയ്ക്കു് അനുകൂലമായി പൗരസ്ത്യതിരുസംഘം നല്കിയ ചരിത്രപ്രധാനമായ രേഖയിൽ പറയുന്നു. ഇക്കൊല്ലം ജൂലൈ നാലാം തീയതി കൂടിയ പൗരസ്ത്യതിരുസംഘത്തിൻെറ സമ്പൂർണ്ണസമ്മേളനത്തിൽ അത്യുന്നതകർദ്ദിനാളന്മാർ യാക്കോബായസഭയിലേ മെത്രാൻകക്ഷിയിൽപ്പെട്ട ബഥനിയിലെ മാർ ഇവാനിയോസും അദ്ദേഹത്തിൻെറ സഹായി മാർ തെയോഫിലസും സഭയിലേയ്ക്കു പുനരൈക്യപ്പെടാനുള്ള അഭിലാഷത്തെക്കുറിച്ച് പരിശോധിച്ചു. മെത്രാൻകക്ഷിയിലെ അഞ്ചു മെത്രാന്മാരുടെ അഭിപ്രായം ആദരിച്ച് 1926 നവമ്പറിൽ മാർ ഇവാനിയോസ് നല്കിയ മെമ്മോറാണ്ടത്തിൻെറ താല്പര്യത്തിൽ മററു മെത്രാനോടൊപ്പം അദ്ദേഹം ഉറച്ചുനിന്നു; ഇവിടെ ലഭിച്ചിട്ടുള്ള വിവരങ്ങളിൽനിന്നു് മാർ ഇവാനിയോസും അദ്ദേഹത്തിൻെറ സഹായി തിയോഫിലോസ് ആത്മാത്ഥതയുള്ളവരും സ്വഭാവശുദ്ധിയുള്ളവരും ആദരണീയരുമാണെന്നു മനസ്സിലാകുന്നു...... ചില വ്യവസ്ഥകൾപ്രകാരം അവരെ കത്തോലിക്കാസഭയിലേക്കു് സ്വീകരിക്കുവാൻ തിരുസംഘം നിശ്ചയിച്ചു. അന്ത്യോക്യൻറീത്തു് പരിരക്ഷിക്കപ്പെട്ടും സീറോ കൽദായറീത്തിൽനിന്നും രൂപമെടുത്ത സീറോ മലബാർ റീത്തുമായി ബന്ധപ്പെടുത്തുകയില്ല. ഈ മെത്രാന്മാരുടെ മാമ്മോദീസയും പട്ടവും മെത്രാഭിഷേകവും വാസ്തവമാണെന്നു് ബോധ്യപ്പെട്ടതിനാൽ അവർ ആ സ്ഥാനത്തുതന്നെ തുടരും. മാർ ഇവാനിയോസ് ബഥനിയുടെ മെത്രാപ്പോലീത്ത (ad personan) ആയും മാർ തെയോഫിലോസ് തിരുവല്ലാ മെത്രാനുമായിരിക്കും. പ്രത്യേക സാഹചര്യംമൂലം അവർ നേരിട്ടു് പരിശുദ്ധസിംഹാസനവുമായി ബന്ധപ്പെട്ടിരിക്കും. അന്ത്യോക്യാപാത്രിയാക്കീസുമായി ബന്ധം ഉണ്ടാകുകയില്ല പ്ലാസിഡ്, The Efforts forReunion പേജ് 96,97 എന്ന പുസ്തകത്തിൽ രേഖയുടെ ഇററാലിയൻഭാഷയിൽതന്നെ ചേർത്തിട്ടുണ്ട്.

32. വിവാഹിതരായ വൈദികരെ സംബന്ധിച്ച് പൗരസ്ത്യതിരുസംഘം ഇപ്രകാരം പ്രസ്താവിച്ചു, ബ്രഹ്മചര്യം പാലിക്കുമെന്നു് പ്രതിജ്ഞ ചെയ്യാത്ത യാതൊരു വൈദികാത്ഥിയ്ക്കും വൈദികപട്ടം നല്കില്ല. തൽക്കാലം, പുനരൈക്യപ്പെട്ട വിവാഹിതരായ വൈദികർ സ്വാഗതം ചെയ്യപ്പെട്ടു. അവക്കു് തിരുക്കമ്മാനുഷ്ഠാനം അനുവദനീയവുമാണു്. വിവാഹിതരായ ഡീക്കന്മാക്കു് പട്ടം സ്വീകരിക്കാം.
പ്ലാസിഡ് The Efforts for Reunion പേജ് 95

33. പതിനൊന്നാം പീയൂസിൻെറ ബൂള Christus Pastorum Princeps ജൂൺ 11, 1932 A. A. S. 24 (1932) (287-92)

34. പുനരൈക്യപ്പെട്ട ചിലർ സീറോ മലബാർ കത്തോലിക്കരുടെ സീറോ കൽദായറീത്തിൽ ചേരാൻ ആഗ്രഹിച്ചു അവർ ആ റീത്തിലും അധികാരസീമയിലും സ്വീകരിക്കപ്പെട്ടു. സീറോ മലങ്കരറീത്തു് അനുഷ്ഠിക്കുന്നവർ കോട്ടയത്തെ സീറോ മലബാർ മെത്രാനു വിധേയരായുണ്ടു്. തെക്കുംഭാഗക്കാരായ ജനങ്ങളുടെ സൗകര്യാർത്ഥം അന്തോക്യൻറീത്തിൽ തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കാനുള്ള അധികാരം കോട്ടയം മെത്രാനു് പൗരസ്ത്യതിരുസ്സംഘം നല്കിയിട്ടുണ്ടു്. ഡ്യൂപ്പാസിഡ് മേൽപുസ്തകം പേജ് 98

35. എക്യുമിനസിൻെറ പുതിയ യുഗത്തിൽ മലങ്കര കത്തോലിക്കർ സിറിയൻ ഓർത്തഡോക്സ് സഭയും മററു സഭകളുമായി പുതിയ ധാരണകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. 1964-ൽ പോൾ ആറാമൻ പാപ്പാ ഇന്ത്യയിൽ വന്നപ്പോൾ അദ്ദേഹം ഓർത്തഡോക്സ് കാതോലിക്കോസുമായി നടത്തിയ സംഭാഷണം പ്രാധാന്യമർഹിക്കുന്നു.

# അനുബന്ധം ഒന്ന്

## മലബാറിലെ സുറിയാനികത്തോലിക്കരുടെ കാനൻനിയമവും ആചാരങ്ങളും

പോർട്ടുഗീസുകാരുടെ ആഗമനത്തിനു മുമ്പ് ഇന്ത്യയിൽ ഔദ്യോഗികമായ സഭാഭരണം നടത്തിയിരുന്നത് മെസപ്പൊട്ടേമിയയിൽനിന്നു വന്ന വൈദികാദ്ധ്യക്ഷന്മാരായിരുന്നു. അതിനാൽ, പൗരസ്ത്യസുറിയാനിക്കാരുടെ ഇടയിൽ അതായത് കൽദായക്കാരുടെ ഇടയിൽ നിലവിലിരുന്ന ശിക്ഷണക്രമമാണ് ഇന്ത്യയിലെ സഭാശിക്ഷണത്തിന് അടിസ്ഥാനമായിരുന്നത്. ഉദയംപേരൂർ സൂനഹദോസിൽവച്ച് നിരോധിക്കപ്പെട്ട സുറിയാനി ഗ്രന്ഥങ്ങളുടെ പട്ടിക ഇക്കാര്യം സ്ഥിരീകരിക്കുന്നുണ്ട്. ദെസിനോദിസ് (De Synodis, സെഷൻ മൂന്ന്, ഡിക്രി 14) ഈ പുസ്തകത്തിലെ വിവരണം നിസിബിസിലെ അബ്ദീശോയുടെ പ്രബന്ധത്തോടു തുല്യമായി തോന്നുന്നുണ്ട്. പിന്നീട് മുൻപറഞ്ഞ സൂനഹദോസുകളുടെ അതായത് പൗരസ്ത്യസൂനഹദോസുകളുടെ ഒരു സമാഹാരത്തിന്റെ സ്ഥാനത്ത് ദെസിനോദിസ് എന്ന ഗ്രന്ഥത്തിനു സ്ഥാനം ലഭിച്ചു. അതു പൗരസ്ത്യ ക്രിസ്ത്യാനികളുടെ നിയമഗ്രന്ഥമായിത്തീർന്നു.[1] ഈ പുസ്തകം മലബാറിൽ ഉപയോഗത്തിലിരുന്നു എന്നു്. ബാസെയിനിൽ വെച്ച് മാർ യാക്കോബ് തടയപ്പെട്ടപ്പോൾ എഴുതിയ പ്രതിയിൽനിന്നു തെളിയുന്നുണ്ട്. അതു് എഴുതിത്തീർത്തതു് 1536 ഡിസംബർ 17-ാം തീയതി ആണ്.

എന്നാൽ, പ്രാക്തനമായൊരു സംസ്ക്കാര പാരമ്പര്യമുള്ള നാട്ടിൽ ജീവിച്ചിരുന്ന മലബാർ ക്രിസ്ത്യാനിക്കു് രൂഢമൂലമായ സ്വന്തം ആചാരവിശേഷങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് മെസപ്പൊട്ടേമിയായിലെ ക്രിസ്ത്യാനികളുടെ അതേ ജീവിതരീതി അവർ അനുകരിച്ചില്ല. കൂടാതെ, പൗരസ്ത്യരുടെ സാമൂഹികവും മതപരവുമായ ജീവിതം പരസ്പരം ബന്ധപ്പെട്ടിരുന്നതിനാൽ അവരുടെ കാനൻനിയമങ്ങളും സ്വകാര്യനിയമങ്ങളും പ്രാദേശികാചാരങ്ങളും പരസ്പരംബന്ധപ്പെട്ടിരുന്നതിൽ അത്ഭുതപ്പെടാനില്ല. സെൻറ് തോമസ് ക്രിസ്ത്യാനികളുടെയിടയിൽ വളരെയധികം പേഗൻ അന്ധവിശ്വാസങ്ങൾ നിലവിലിരുന്നു. അടുത്തകാലംവരെ ജർമ്മനിയുടെ ചില ഭാഗങ്ങളിലും ബാൾക്കൻസിലും ഏതാണ്ടതുപോലെയുള്ള അന്ധവിശ്വാസം നിലവിലിരുന്നു. ഉദയംപേരൂരിൽവച്ച് നിയമത്തിൽവരുത്തിയ ചില മുടക്കുകൾ മലബാറിലെ ഈ പാരമ്പര്യങ്ങളെ

സംബന്ധിച്ച സൂചന നൽകുന്നുണ്ടു്. ആചാരങ്ങളുടെ നവീകരണത്തെസംബന്ധിച്ചുള്ള ഒമ്പതാമത്തെ സമ്മേളനത്തിൽ കക്ശമായ നൈയാമിക സ്വഭാവമുള്ളതായി വളരെകുറച്ചു കല്പനകൾ കാണുന്നുള്ളു. കേരളത്തിലെ പ്രാദേശികപാരമ്പര്യമനുസരിച്ചു് അതുവരെ ആൺമക്കൾക്കുമാത്രം ലഭിച്ചിരുന്ന ജന്മാവകാശം, പുത്രനോടൊപ്പം പുത്രിക്കും നൽകേണ്ടതാണെന്നു് ഇരുപതാമത്തെ ഡിക്രി പ്രഖ്യാപിച്ചു. തങ്ങൾക്കിഷ്ടമുള്ള ആരെയെങ്കിലും സ്വന്തമക്കളെ അവഗണിച്ചുപോലും ദത്തെടുക്കുന്നതിനു് മററു് ഇന്ത്യാക്കാർക്കെന്നപോലെ മലബാറിലെ ക്രിസ്ത്യാനികൾക്കും സ്വാതന്ത്ര്യമുണ്ടായിന്നു. ആ അവകാശത്തെ ഇരുപത്തിഒന്നാമത്തെയും ഇരുപത്തിരണ്ടാമത്തേയും ഡിക്രികൾ നിയന്ത്രിച്ചു.

മലബാറിലെ ക്രിസ്ത്യാനികൾ ആരംഭം മുതൽക്കുതന്നെ, രാജ്യത്തിലെ പാരമ്പര്യം അനുസരിച്ചു് ജാതിസമ്പ്രദായം സ്വീകരിച്ചിരുന്നു. നായന്മാരെപ്പോലെതന്നെ ഉൽകൃഷ്ടജാതിയായി ക്രിസ്ത്യാനികളേയും കരുതിയിരുന്നു. അതുകൊണ്ടു് ജാതി സമ്പ്രദായം നിലനിത്താനുള്ള പ്രേരണ ക്രിസ്ത്യാനികൾക്കു ശക്തമായിരുന്നു. ബ്രാഹ്മണരുടെ ദൃഷ്ടിയിൽ ക്രിസ്ത്യാനികൾ "അശുദ്ധ"രായിരുന്നില്ല. മറിച്ചു്, തീണ്ടിയ (അശുദ്ധമായ) വസ്തുക്കളും അമ്പലങ്ങളും പുണ്യാഹം ചെയ്യുവാൻ (ശുദ്ധീകരിക്കുവാൻ) ചിലപ്പോഴെല്ലാം ക്രിസ്ത്യാനികളുടെ സാന്നിദ്ധ്യം ആവശ്യമായിരുന്നു. യഥാത്ഥ ക്രിസ്തീയാരൂപിക്കു് വിരുദ്ധമായി കാണപ്പെട്ട ആചാരങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനു് സൂനഹദോസിലെ യൂറോപ്യൻ ദൈവശാസ്ത്രജ്ഞന്മാർ ആഗ്രഹിച്ചു. എങ്കിലും ഇതിൽ അവർ സഹിഷ്ണത പ്രദശിപ്പിച്ചു. പോർട്ടുഗീസുകാരുടെ അധീനതയിലിരിക്കുന്ന പ്രദേശങ്ങളിലുള്ള ജനങ്ങളോടു് വണ്ണവ്യത്യാസം ഉപേക്ഷിക്കണമെന്നു് ഉപദേശിച്ചു കൊണ്ടു് തൃപ്തരാക്കുകയും ചെയ്തു. കാരണം, ഗുരുതരമായ പ്രത്യാഘാതങ്ങളൊന്നും അതുമൂലം അവിടങ്ങളിൽ സംജാതമായിരുന്നില്ല (2–ാം ഡിക്രി). താഴ്ന്ന ജാതിക്കാർ സ്പശിച്ച പാത്രങ്ങളുടെ 'ശുദ്ധീകരണം' നിരോധിക്കപ്പെട്ടു (3–ാം ഡിക്രി). നായന്മാർ ചെയ്തിരുന്നതുപോലെ തങ്ങളുടെ കാതുകൾ തുളയ്ക്കുന്നതിനും (17–ാം ഡിക്രി) തങ്ങളുടെ സ്വന്ത ഇഷ്ടപ്രകാരം അഗ്നിശുദ്ധി നടത്തുന്നതിനും, ചീങ്ങണ്ണികളോടൊപ്പം നിറഞ്ഞ നദി നീന്തിക്കടക്കുന്നതിനും (16–ാം ഡിക്രി) അവർ നിരോധിക്കപ്പെട്ടു. വിവാഹിതയാകുന്ന സ്ത്രീ തൻെറ ഭത്താവിനു കൊടുക്കുന്ന സ്ത്രീധനത്തിൻെറ ദശാംശം പള്ളിയ്ക്കു കൊടുക്കുന്ന പതിവു് എല്ലാവരും സ്വീകരിക്കുവാൻ സൂനഹദോസ് ആഹ്വാനം നൽകി. അങ്കമാലി രൂപതയുടെ ചില ഭാഗങ്ങളിൽ മാത്രമെ ഈ പതിവുണ്ടായിരുന്നുള്ളു (14–ാം ഡിക്രി). ഇൻഡ്യാക്കാർ പല പ്രാവശ്യം സ്നാനം ചെയ്തിരുന്നതു് ഒരു പേഗൽ പതിവായിരുന്നെന്നു പറയാൻ വയ്യ. വെള്ളം സുലഭമായ

ഒരു ഉഷ്ണരാജ്യത്തു് ഇപ്രകാരം ചെയ്യുന്നതു് നല്ല ഒരു കാര്യമാണെന്നു് തീച്ച്യയാണ്. രാജ്യത്തിലെ സ്ഥിതിഗതികരം മനസ്സിലാക്കാതെ ഇൻഡ്യയിൽ സ്നാനത്തിനു പലപ്പോഴും മതപരമായ സ്വഭാവമുണ്ടെന്നു ഒരിക്കൽക്കൂടി നിശ്ചയിച്ചു. അതുകൊണ്ടു് അത്തരം ക്ഷാളനം രണ്ടവസരത്തിൽ നിരോധിച്ചു. (8–ാം സെഷൻ, 13–ാം ഡിക്രി; 9–ാം സെഷൻ, ഒന്നാം ഡിക്രി). അന്ധവിശ്വാസമെന്ന നിലയിൽ വേറെ ചില അപ്രധാനമായ ആചാരങ്ങരംകൂടി അവസാനത്തെ ഈ ഡിക്രി നിരോധിച്ചു. എന്നാൽ അവയ്ക്കു വിഗ്രഹാരാധനയോടു് വ്യക്തമായ യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല; ഉദാഹരണമായി ആദ്യമായി ചോറു കൊടുക്കുന്ന ഒരു കുട്ടിയുടേയോ, മനസ്സമ്മതം ചെയ്ത ഒരു വ്യക്തിയുടേയോ ചുററും അരിപ്പൊടികൊണ്ടു വൃത്തം ഉണ്ടാക്കുക എന്നിവയിൽ അന്ധവിശ്വാസചിന്തകളൊന്നും ഉണ്ടാകണമെന്നില്ലല്ലോ.

എന്നാൽ ഇത്തരം വളരെയധികം പതിവുകരം മലബാറിലെ കത്തോലിക്കരും ഇതരക്രിസ്ത്യാനികളും ഇന്നും പാലിക്കുന്നുണ്ടു്. ഇവയിൽ മിക്കതും സാമൂഹികാവശ്യങ്ങളിൽ നിന്നുമാണു് ഉണ്ടായിട്ടുള്ളതു്. ഇവ നമ്പൂതിരി ബ്രാഹ്മണന്മാരുടെ ഇടയിൽ നിലവിലിരുന്ന പതിവുകളോടു ബന്ധപ്പെട്ടിരുന്നു; ജീവിതത്തിലെ പ്രധാന സംഭവങ്ങളോടു ഇവ വളരെ ബന്ധപ്പെട്ടിരുന്നു. ഈദൃശമായ പതിവുകരം മലബാർസഭയുടെ അനിവാര്യമായ അംശമായി പരിഗണിക്കപ്പെടണം. മലബാറിൽ ക്രിസ്തുമതം ആരംഭിച്ച കാലംമുതലുള്ള വളരെ പഴക്കമുള്ള പതിവുകളാണിവയെന്നു് മിക്കവാറും തീച്ച്യയാണ്.[a]

പ്രസവിച്ച സ്ത്രീകരംക്കു് ശുദ്ധീകരണകർമ്മമെന്ന പതിവു് ഉദയംപേരൂരിലെ ദൈവശാസ്ത്രജ്ഞന്മാർ അംഗീകരിച്ചിരുന്നു. എങ്കിലും 40 ദിവസത്തേയ്ക്കു് അവർ ഒരു തിരുക്കർമ്മങ്ങളിലും പങ്കെടുക്കാൻ പാടില്ല എന്ന പതിവു ശരിയല്ലെന്നു ഊന്നി പറഞ്ഞു (9–ാംസെഷൻ 5–ാംഡിക്രി). യഹൂദന്മാരുടേയും സെമിററിക്കുകാരുടേയും ആചാരങ്ങളുടെ അവശിഷ്ടങ്ങരം ഇതിൽ ചിലർ ദർശിച്ചിരിക്കാം. ഇന്നും നമ്പൂതിരിസ്ത്രീകരം (അന്തർജ്ജനങ്ങരം) പ്രസവശേഷംനാല്പതു ദിവസത്തേക്കു വീട്ടിൽവച്ചു നടക്കുന്ന മതകർമ്മങ്ങളിൽ സംബന്ധിക്കാൻ പാടില്ല. സെൻറു് തോമസ് ക്രിസ്ത്യാനികരം പ്രദോഷം മുതൽ പ്രദോഷംവരെ ദിവസം കണക്കാക്കിയിരുന്നതു വ്യക്തമായ യഹൂദസ്വാധീനം കൊണ്ടായിരുന്നു എന്നു സ്പഷ്ടമായി പറയാൻ സാധിക്കുകയില്ല. (8–ാം സെഷൻ16–ാം ഡിക്രി) ഇതു ഇന്നും പൗരസ്ത്യസഭകളിലെ ഒരു പതിവാണല്ലോ; ലത്തീൻ ലിററർജിയിൽ ദിവസം ആരംഭിക്കുന്നതു് വൈകുന്നേരത്തെ വേസ്പരയോടു കൂടിയാണ്.

പ്രാദേശിക പതിവുകളും സെലൂഷിയായിലെ കത്തോലി

ക്കോസ് ഉണ്ടാക്കിയ നിയമങ്ങളും എന്തുതന്നെ ആയിരുന്നാലും, പോർത്തുഗീസുകാർ സെൻറ് തോമസ്ക്രിസ്ത്യാനികളെ ലത്തീൻ സഭകളുടെ ശിക്ഷണനടപടികളോടടുപ്പിക്കുവാൻ പ്രേരണ ചെലുത്തുന്നതിൽ അധികം സമയം മെനക്കെടുത്തിയില്ല. തങ്ങളുടെ കൂട്ടത്തിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികളെ വ്യത്യസ്ഥമായ പതിവുകൾ പാലിക്കാൻ അനുവദിക്കുന്നതു് പോർത്തുഗീസുകാർക്കു്, പ്രത്യേകിച്ചു്, പോർത്തുഗീസ്വൈദികർക്കു് സ്വീകാര്യമായിരുന്നില്ല. അക്കാലത്തെ മിഷനറിമാർക്കു് തീക്ഷ്ണത കുറവല്ലായിരുന്നെങ്കിലും പൗരസ്ത്യക്രിസ്ത്യാനികളെപ്പററി പൊതുവിലും, സീറോമലബാർ ക്രിസ്ത്യാനികളെപ്പററി പ്രത്യേകിച്ചും, അറിവും മതിപ്പും ഇല്ലായിരുന്നു. അതുകൊണ്ടാണു് മാർ അബ്രാഹം മെത്രാപ്പോലീത്തായെ ഗോവായിലെ പ്രാദേശികസൂനഹദോസിനു് ക്ഷണിച്ചുകൊണ്ടുള്ള അവരുടെ നിർബ്ബന്ധപൂർവ്വകമായ പ്രേരണയുണ്ടായതു്. 1575-ൽകൂടിയ ഗോവാസൂനഹദോസിൻെറ രണ്ടാമത്തെ സമ്മേളനത്തിൽ സംബന്ധിക്കുവാൻ വിസമ്മതിച്ചുകൊണ്ടു്, ഈശോസഭക്കാരുടെ നിർബന്ധംകൊണ്ടാണെങ്കിലും അദ്ദേഹം 1583-ൽ രൂപതാടിസ്ഥാനത്തിലുള്ള ഒരു സൂനഹദോസ് വിളിച്ചുകൂട്ടി;[3] വയോധികനായ മെത്രാൻ ഗോവായിലെ മൂന്നാമത്തെ പ്രാദേശിക സൂനഹദോസിൽ സംബന്ധിക്കുവാൻ നിർബന്ധിതനായി. ഇതിലും കൂടുതൽ ആശ്ചര്യകരമായിട്ടുള്ളതു് മൂന്നാമത്തെ യോഗത്തിലെ നടപടികളിൽ അദ്ദേഹം ഒപ്പുവച്ചതാണു്. ഈ ഭാഗം പൂർണ്ണമായും അദ്ദേഹത്തിൻെറ രൂപതയെ സംബന്ധിച്ചുള്ളതായിരുന്നു. ട്രെൻറിലെ കൗൺസിലിൽവച്ചു് നിശ്ചയിച്ച, ശിക്ഷണനടപടികളെ പരാമർശിക്കുന്ന ഡിക്രികളുടെ ചുരുക്കം മലയാളത്തിലേയ്ക്കു തർജ്ജമ ചെയ്യപ്പെടണമെന്നതായിരുന്നു അതിൽ ആവശ്യപ്പെട്ടിരുന്നതു്. അതിൻെറ നിബന്ധനകൾ ഗോവയുടെ ഇതര സമാന്തര രൂപതകൾക്കെന്നപോലെ അങ്കമാലി അതിരൂപതയ്ക്കും ബാധകമാകണം. വൈദികസമൂഹം, വൈദികവിദ്യാർത്ഥികളുടെ പരിശീലനം വൈദികരുടെ ശമ്പളം, പുരോഹിതരിൽ നിലവിലിരുന്ന വലിയൊരു തിന്മയായ പലിശയ്ക്കു പണംകൊടുക്കൽ എന്നിവയെക്കുറിച്ചാണു യോഗം പ്രധാനമായും പരിഗണിച്ചതു്.[4]

1599 മുതൽ അലക്സിസ് ഡി മെനസിസും അദ്ദേഹത്തിൻെറ സഹപ്രവർത്തകന്മാരും ഉദയംപേരൂർ വച്ചു സീറോമലബാർ സഭയുടെ ശിക്ഷണനടപടികൾ ക്രമപ്പെടുത്തി. പൗരസ്ത്യരും പാശ്ചാത്യരും തമ്മിലുള്ള ബന്ധത്തിൻെറ ചരിത്രത്തിൽ അതു ഇരുൾനിറഞ്ഞൊരു സംഭവമായിരുന്നു. പ്രസ്തുത സൂനഹദോസിനെ സംബന്ധിച്ച വിവരങ്ങൾ മുൻപു നല്കിയിട്ടുണ്ടല്ലോ.[5] തങ്ങളുടെ വീക്ഷണഗതി എല്ലാക്കാര്യങ്ങളിലും അടിച്ചേല്പിക്കുന്നതിൽ പോർട്ടുഗീസുകാർ ഭാഗികമായി പരാജയപ്പെട്ടെ

ങ്കിലും, ഉദയംപേരൂറിലെ പല ഡിക്രികളും മലബാർ സുറിയാനിക്കാരുടെ പിൻതലമുറയ്ക്ക് കാനൻ നിയമങ്ങളായിത്തീൎന്നു; പ്രൊപ്പഗാന്താ തിരുസംഘം സെൻറു് തോമസ് ക്രിസ്ത്യാനികളുടെ പ്രത്യേകനിയമസംഹിതയായി അവയെ കണക്കാക്കി.

കൂദാശാകൎമ്മങ്ങരം നവീകരിക്കുന്നതിലായിരുന്നു കൗൺസിൽ പ്രത്യേകം ശ്രദ്ധിച്ചതു്. മലബാറിൽ അക്കാലത്തു് സ്ഥൈര്യലേപനവും രോഗീലേപനവും പ്രയോഗത്തിലിരുന്നില്ല. എന്നാൽ ജ്ഞാനസ്നാനത്തിനുശേഷം ഉടൻതന്നെ പുരോഹിതന്മാർ സ്ഥൈര്യലേപനം നല്കിയിരുന്നിരിക്കാം. മെത്രാന്മാർ മാത്രമേ മുമ്പിലത്തെ ഒപ്പുശുശ്രൂഷ കൊടുക്കാവൂ എന്ന പഴയ പൗരസ്ത്യ ആചാരത്തെപ്പററി ഇവിടെ അറിവുണ്ടായിരുന്നില്ല. ഈ രണ്ടു കൂദാശകളേയും സംബന്ധിച്ചുള്ള നാലാമത്തേയും ഏഴാമത്തേയും യോഗങ്ങളിലെ പരാമൎശനങ്ങളിൽ പുതുതായി ഒന്നും തന്നെ ഉരംക്കൊള്ളുന്നില്ല അവ കേവലം പാശ്ചാത്യ ശിക്ഷണക്രമങ്ങരം തന്നെയാണു്. സമീപപൂൎവ്വദേശങ്ങളിലെ പൗരസ്ത്യ ക്രിസ്ത്യാനികളുടെയിടയിൽ വസിച്ചിരുന്ന മിഷനറിമാർ കൽദായ ക്രിസ്ത്യാനികളുടെ ജ്ഞാനസ്നാനകൎമ്മത്തിൽ തൈലം പൂശുന്ന പതിവുണ്ടായിരുന്നോ എന്നു് മനസ്സിലാക്കുവാൻ പരിശ്രമിക്കേണ്ടതായിരുന്നു; 1599-ൽ മാൎത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ വിശുദ്ധ തൈലത്തെക്കുറിച്ചുള്ള അറിവു നിശ്ശേഷം ഇല്ലാതായതായി കാണുന്നു. കാരണം 'കത്തനാരന്മാർ' വെഞ്ചരിക്കാത്ത ഒലീവെണ്ണകൊണ്ടാണു് മിക്കവാറും ലേപനം നിൎവ്വഹിച്ചിരുന്നതു്. അതുകൊണ്ടു കൂദാശയുടെ ശരിയായ കൎമ്മത്തിൻെറ അഭാവത്തിൽ മുമ്പിലത്തെ ഒപ്പുശുശ്രൂഷ സാധുവായിരുന്നില്ല. മാമ്മോദീസാ നൽകുന്ന അവസരത്തിൽ സംശയാസ്പദമായ വാചകങ്ങരം നിരോധിക്കപ്പെട്ടു (നാലാം സെഷൻ De Sacramento Baptismi, രണ്ടാംഡിക്രി). കൂദാശകളുടെ കാര്യത്തിൽ ഒരുവൻ കൂടുതൽ സുരക്ഷിതനായിരിക്കണമെന്നു് നിൎബ്ബന്ധമുണ്ടായിരുന്ന പോർട്ടുഗീസു് ദൈവശാസ്ത്രജ്ഞന്മാരുടെ വീക്ഷണത്തിൽ ലത്തീൻ ഫോർമുലമാത്രമാണു് സാധുവായി തോന്നിയിരുന്നതു്. കൂടാതെ പുതുതായി ജനിക്കുന്ന കുട്ടികരം ജനനാനന്തരം ആദ്യആഴ്ചയിൽ തന്നെ ജ്ഞാനസ്നാനം സ്വീകരിക്കേണ്ടിയിരുന്നു (അഞ്ചാം ഡിക്രി). മഹറോൻ ഏററവരുടെ കുട്ടികരംക്കു് യാതൊരപവാദവും നൽകിയില്ല. പ്രാദേശികമായ ദുരാചാരങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടിയാണു് ഈ മാൎഗ്ഗം സ്വീകരിച്ചതു് (ആറാം ഡിക്രി). പതിനാലാമത്തെ ഡിക്രി ലേപനങ്ങരംക്കായി ഉപയോഗിക്കുന്ന തൈലം മെത്രാൻ വെഞ്ചരിച്ചതായിരിക്കണമെന്നു് നിഷ്ക്കൎഷിച്ചു. തലതൊട്ടപ്പന്മാർ ഉണ്ടായിരിക്കണമെന്ന പതിവു് പതിനഞ്ചാമത്തെ ഡിക്രി നിർബന്ധമാക്കി. ജ്ഞാനസ്നാനത്തിൽ ഈശോ എന്ന പേരുകൊടുക്കുന്ന പതിവു പതിനാറാമത്തെ ഡിക്രിമൂലം

നിറുത്തലാക്കി (8-ാംസെഷൻ 20-ാംഡിക്രി). ബഹുമാനപൂർവ്വം ഉച്ചരിക്കേണ്ട പേരു സ്വീകരിച്ചിരുന്നവർ മുമ്പിലത്തെ ഒപ്പം ശ്രമ സ്വീകരിക്കുമ്പോൾ അതു മാററേണ്ടിയിരുന്നു. മെനെസീസ് തന്റെ മലബാർ സന്ദർശനാവസരത്തിൽ എല്ലാ ക്രിസ്ത്യാനികൾക്കും വ്യക്തിപരമായി ഈ കൂദാശ നൽകുവാൻ ഉദ്ദേശിച്ചു. ജ്ഞാനസ്നാനത്തിൽ പഴയനിയമത്തിലെ പേരുകൾ കൊടുക്കുന്ന പതിവ് ഉപേക്ഷിക്കേണ്ടിവന്നു. എങ്കിലും പഴയനിയമത്തിലെ വിശുദ്ധരായ വ്യക്തികൾ എന്നു് ഗണിക്കപ്പെട്ടവരുടെ പേരുകൾ നൽകാമായിരുന്നു. വളരെക്കുറച്ചു സ്വാധീനം മാത്രമേ പുറമെനിന്നു് മലബാറിലെ സഭയുടെമേൽ ഉണ്ടായിരുന്നുള്ളൂ എന്നാണു് ഇതു വ്യക്തമാക്കുന്നതു്. എന്തുകൊണ്ടെന്നാൽ തങ്ങൾക്കു സ്വന്തമായി വിശുദ്ധരും രക്തസാക്ഷികളും ഇല്ലാതിരുന്നതുകൊണ്ടു് ക്രിസ്തീയനാമങ്ങൾക്കുവേണ്ടി പുതിയനിയമത്തേയും പഴയനിയമത്തേയും മാത്രം അവർ ആശ്രയിക്കേണ്ടിയിരുന്നു.

ദിവ്യകാരുണ്യത്തേയും ദിവ്യബലിയേയും സംബന്ധിച്ചുള്ള അഞ്ചാമത്തെ യോഗത്തിലെ മിക്ക നിയമങ്ങളേയുംപററി രണ്ടാമത്തെ അനുബന്ധത്തിൽ പ്രതിപാദിക്കുന്നുണ്ടു്. ട്രെൻറ് കൗൺസിൽ നിശ്ചയിച്ച കാനോനിക വയസ്സു തികയുന്നതിനുമുൻപു് പട്ടം ഏററ വൈദികർ, കർബാന ചൊല്ലുന്നതു മുടക്കി എങ്കിലും മാസത്തിൽ ഒരിക്കലെങ്കിലും അവർ ദിവ്യകാരുണ്യം സ്വീകരിക്കുവാൻ കടപ്പെട്ടിരുന്നു; എല്ലാ ഞായറാഴ്ചയും കർബാന സ്വീകരിക്കണമെന്നു് ഉപദേശിച്ചു (ഏഴാം ഡിക്രി). ദൈനംദിന കുബ്ബാന എല്ലാ അച്ചന്മാർക്കും എളുപ്പമാക്കിത്തീർക്കുന്നതിനായി ലത്തീൻ കുബ്ബാന സുറിയാനിയിലേക്കു തർജ്ജമ ചെയ്യുവാൻ സൂനഹദോസ് അനുവദിച്ചു; എന്തുകൊണ്ടെന്നാൽ സാധാരണ സുറിയാനി ആരാധനക്രമം വളരെ ദീർഘമായതായിരുന്നു. അങ്കമാലി അതിരൂപതയിലൊഴികെ, മറെറതെങ്കിലും രൂപതയിൽപ്പെട്ട പള്ളികളിൽ ലത്തീൻഭാഷ അറിയാവുന്ന വൈദികർക്കു് ലത്തീൻ കുബ്ബാന അർപ്പിക്കുവാനുള്ള അനുവാദം നൽകപ്പെട്ടു (നാലാം ഡിക്രി). ഒരേ സ്ഥലത്തല്ലെങ്കിലും ഒരേ റീത്തിൽപ്പെട്ടവർക്കു് രണ്ടു തരത്തിലുള്ള ആരാധനക്രമങ്ങൾ അനുവദിച്ച ഈ തീരുമാനം നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടു്. മലബാർ റീത്തിനു പ്രാദേശികമായൊരു സ്വഭാവം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നു പാശ്ചാത്യരുടെ ഇടയിൽ നിർഭാഗ്യവശാലുള്ള പരമ്പരാഗതമായ ചിന്താഗതിതന്നെയാണു് സൂനഹദോസിൽ സംബന്ധിച്ച വൈദികർക്കും ഉണ്ടായിരുന്നതു്. ലത്തീൻ കുബ്ബാനയുടെ സുറിയാനി തർജ്ജമ ഉപയോഗിച്ചു തങ്ങളുടെ ദൈവാലയങ്ങളിൽ ദിവ്യബലി അർപ്പിക്കാൻ അനുവദിക്കണമെന്നു് സുറിയാനി വൈദികർ ലത്തീൻ മെത്രാന്മാരോടു് ആവശ്യപ്പെട്ടു.[6]

തങ്ങളുടെ ഇടവകപ്പള്ളിയിൽനിന്നും വളരെ ദൂരത്തിൽ താമസിച്ചിരുന്നവരൊഴികെ, മറ്റെല്ലാവരേയും ഞായറാഴ്ചകളിൽ മുഴുവൻ കുർബ്ബാന കാണുവാൻ സൂനഹദോസ് കടപ്പെടുത്തി (പന്ത്രണ്ടാം ഡിക്രി). പള്ളിയിൽനിന്നും വളരെ അകലത്തിൽ താമസിച്ചിരുന്നവർ കുറഞ്ഞപക്ഷം മാസത്തിലൊരിക്കലും പ്രധാന തിരുനാളിലും ദിവ്യബലിയിൽ സംബന്ധിക്കേണ്ടിയിരുന്നു (പതിമൂന്നാം ഡിക്രി) അഞ്ചുമുതൽ പതിനൊന്നുവരെയുള്ള ഡിക്രികൾ ദിവ്യബലിയോടു ബന്ധപ്പെട്ട പ്രായോഗികമായ ചെറിയ കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. പോർട്ടുഗലിലെ രാജാവ് അവക്കെല്ലാം ആവശ്യമായ ''മസ്ക്കറ്റ് വീഞ്ഞ്'' നൽകണമെന്നുള്ള ആഗ്രഹം പ്രകടമാക്കി. എന്തുകൊണ്ടെന്നാൽ, ഇത്തരം വീഞ്ഞ് ഇന്ത്യയിൽ വളരെ എളുപ്പത്തിൽ സൂക്ഷിക്കാമായിരുന്നു. വലിയ പട്ടങ്ങൾ സ്വീകരിച്ച എല്ലാ ശെമ്മാശ്ശന്മാരും കാനോനനമസ്കാരം രഹസ്യത്തിൽ ചൊല്ലുവാൻ കടപ്പെടുത്തപ്പെട്ടു. (ആറാം സെഷൻ, De Sacramento ordinis, അഞ്ചാം ഡിക്രി) രാത്രിയിലേയോ പ്രഭാതത്തിലേയോ കാനോനനമസ്കാരത്തിനുപകരം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവും നന്മനിറഞ്ഞ മറിയവും ത്രിത്വസ്തുതിയും മുപ്പത്തിമൂന്നു പ്രാവശ്യം ചൊല്ലുവാൻ അനുവാദം നൽകപ്പെട്ടു. കൂടാതെ സ്വർഗ്ഗസ്ഥനായ പിതാവും, നന്മനിറഞ്ഞമറിയവും ത്രിത്വസ്തുതിയും ഒൻപതു പ്രാവശ്യം മരിച്ചവൎക്കുവേണ്ടിയും, ഒൻപതു പ്രാവശ്യം മാർപ്പാപ്പായ്ക്കുവേണ്ടിയും, ഒൻപതു പ്രാവശ്യം മെത്രാനുവേണ്ടിയും ചൊല്ലേണ്ടിയിരുന്നു.

എട്ടു വയസ്സുമുതൽ ആണ്ടുകുമ്പസ്സാരം നിർബ്ബന്ധമാക്കി. (ആറാം സെഷൻ, De Sacramento paenitentiae, രണ്ടാം ഡിക്രി) ഇതിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതാവശ്യമായി വന്നു. കുട്ടികൾക്ക് ഒൻപതു വയസ്സു തികയുമ്പോൾ അവൻെറ ആണ്ടുകുമ്പസാരത്തിൻേറയും മററു കടമകളുടേയും കണക്ക് ആത്മസ്ഥിതി പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടിയിരുന്നു. നിശ്ചിത സമയത്തു പാപസങ്കീർത്തനത്തിനണയാത്തവർ പള്ളിക്കുററത്തിൽപ്പെട്ടവരെന്നു പ്രഖ്യാപിക്കേണ്ടിയിരുന്നു(ഒന്നാംഡിക്രി). തിരുപ്പട്ടത്തിനു കാനോനികമായ വയസ്സ് ക്ലിപ്തപ്പെടുത്തി (ഏഴാം സെഷൻ, De Sacramento ordinis, ഒന്നാം ഡിക്രി). പാശ്ചാത്യർ ലത്തീൻഭാഷ അറിഞ്ഞിരിക്കണം എന്നതുപോലെ സുറിയാനി വൈദികാർത്ഥികൾ സുറിയാനി ഭാഷ വായിക്കുന്നതിനും മനസ്സിലാക്കുന്നതിനും കഴിവുററവരാകേണ്ടിയിരുന്നു. ചെറുപ്പക്കാരായഅച്ചന്മാർ മുഖം വടിക്കുകയും പ്രായം ചെന്ന അച്ചന്മാർ തിരുരക്തത്തിൻെറ ബഹുമാനാർത്ഥം തങ്ങളുടെ മീശ കത്രിക്കുകയും ചെയ്യേണ്ടിയിരുന്നു (പന്ത്രണ്ടാം ഡിക്രി).

വൈവാഹികശിക്ഷണത്തെപ്പററിയുള്ള ട്രെൻറ് തീരുമാനം

കൗൺസിൽ ആവർത്തിച്ചു. (ഏഴാം സെഷൻ, De Sacramento matrimonii, ഒന്നുമുതൽ പതിനാറുവരെയുള്ള ഡിക്രികൾ) ഇടവകകളുടെ നിയമാവലിയും, വൈദിക ശുശ്രൂഷയോടു ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ത്രെന്തോസ് സൂനഹദോസിന്റെ നിബന്ധനകൾ അനുസരിച്ചു ക്രമപ്പെടുത്തി. (എട്ടാം സെഷൻ, De Reformatione morum Ecclesiasticarum, ഒന്നുമുതൽ നാല്പത്തിയൊന്നുവരെയുള്ള ഡിക്രികൾ) ലത്തീൻ പഞ്ചാംഗം അനുസരിച്ചുള്ള ഉപവാസവും നോമ്പും കടപ്പെടുത്തി. നോമ്പിലും ഉപവാസങ്ങളിലും ഉണ്ടായ ഈ വ്യതിയാനങ്ങൾ പ്രത്യേകം ശ്രദ്ധാർഹമാണു്. പോർട്ടുഗലിൽ പ്രാബല്യത്തിലിരുന്ന ലത്തീൻ സഭയുടെ പതിവുകൾ ഇവിടെ നിർബ്ബന്ധിതമാക്കുകയാണു ചെയ്തതു്. ഉദാഹരണമായി ബുധനാഴ്ചക്കുപകരം ശനിയാഴ്ച ഉപവാസം ഏർപ്പെടുത്തി. ഇതു് പൗരസ്ത്യസഭകളിൽ നിലവിലുണ്ടായിരുന്ന സർവ്വസാധാരണവും നിയമപരവുമായ നടപടിക്കു് തീർത്തും വിരുദ്ധമായ ഒന്നായിരുന്നു. യഥാർത്ഥ കൽദായരീതികൾ ഐശ്ചികങ്ങൾ മാത്രമായിത്തീർന്നു; അതായതു് പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനത്തിലുള്ള ഉപവാസം, സ്വർഗ്ഗാരോപണദിനത്തിലെ ഉപവാസം, യോനാസിന്റെ അഥവാ നിനവേക്കാരുടെ ഉപവാസം, മാതാവിന്റെ ജനനത്തിനൊരുക്കമായ ഉപവാസം, (പത്താം ഡിക്രി) ബുധനാഴ്ചതോറുമുള്ള നോമ്പു് എന്നിവ (പതിനഞ്ചാം ഡിക്രി)[7] ഉപവാസവും നോമ്പും തമ്മിലുള്ള ഈ വ്യത്യാസം പൗരസ്ത്യസഭകളിൽ നിലവിലുള്ള ഉറച്ച പാരമ്പര്യത്തിനു കടകവിരുദ്ധമാണെന്ന വസ്തുത സ്മരിക്കണം.

ഏതെല്ലാം ന്യൂനതകളാണു് അങ്ങേയററം കർശനമായി നിർത്തലാക്കേണ്ടിയിരുന്നതെന്നു് സൂനഹദോസിൽ കല്പിക്കപ്പെട്ട ശിക്ഷകൾ നമുക്കു വെളിപ്പെടുത്തുന്നു. വിഗ്രഹാരാധനാപരങ്ങളായ ആചാരങ്ങളോടോ പാഷണ്ഡതയോടോ ഉള്ള ആഭിമുഖ്യം, തിരുക്കർമ്മാനുഷ്ഠാനങ്ങളിലുള്ള അനാസ്ഥ, സൈമണി മുതലായവയായിരുന്നു ശിക്ഷാർഹമായ ന്യൂനതകൾ. ചില പാപങ്ങളുടെ മോചനം പിടിക്കപ്പെട്ടവയായി സൂനഹദോസ് നിശ്ചയിച്ചു (ആറാം സെഷൻ, De Sacramento Paenitentiae, ഒമ്പതാം ഡിക്രി). പത്താമത്തെ ഡിക്രിയിൽ പിടിക്കപ്പെട്ട പാപങ്ങളുടെ ഒരു പട്ടികയുണ്ടായിരുന്നു. പതിനൊന്നാമത്തെ ഡിക്രി മഹറോൻശിക്ഷയിൽ ചില അയവുകൾ വരുത്തി. കുഞ്ഞുങ്ങളുടെ വിശ്വാസസംരക്ഷണാർത്ഥം കഠിനശിക്ഷകൾ ഏർപ്പെടുത്തി; ശിഷ്യരെ വിഗ്രഹാരാധനാപരമായ ആചാരങ്ങൾ അനുഷ്ഠിക്കുവാൻ നിർബ്ബന്ധിക്കുന്ന അജ്ഞാനിയായ ഒരദ്ധ്യാപകന്റെ പക്കൽ തങ്ങളുടെ മക്കളെ അയയ്ക്കുന്ന മാതാപിതാക്കളെ മഹറോൻ ചൊല്ലേണ്ടിയിരുന്നു. ഇത്തരം കുട്ടികൾക്കു് പള്ളിയിൽ പ്രവേശനം തടയപ്പെട്ടു (മൂന്നാം സെഷൻ, പന്ത്രണ്ടാം

ഡിക്രി). അതുപോലെതന്നെ അന്യജാതിയിൽപ്പെട്ട കുട്ടികാംക്കു് വണങ്ങുവാൻവേണ്ടി സ്വന്തം പള്ളിക്കൂടങ്ങളിൽ വിഗ്രഹാരാധനാപരമായ രൂപങ്ങാം—അവ എന്തുതന്നെ ആയിരുന്നാലും ശരി—സൂക്ഷിക്കുന്ന കത്തോലിക്കരായ അദ്ധ്യാപകർ മഹറോൻശിക്ഷയ്ക്കു് വിധേയരായിരുന്നു (പതിമൂന്നാം ഡിക്രി). ക്രിസ്ത്യാനിയായ ഒരു യുവാവിനെ ഒരു ഹിന്ദുവിനോ മുസ്ലീമിനോ യൂദനോ വിൽക്കുന്നതു് മഹറോൻശിക്ഷയ്ക്കു കീഴ് നിരോധിക്കപ്പെട്ടിരുന്നു (നാലാം സെഷൻ, De Sacramento Baptismi, പത്താംഡിക്രി). വിഗ്രഹങ്ങാംക്കു് പൂജ ചെയ്യിക്കുവാൻ മന്ത്രവാദിയെ തങ്ങളുടെ വീടുകളിലേക്കു് വിളിക്കുന്ന എല്ലാവക്കും മഹറോൻശിക്ഷ (latae sententiae) യുണ്ടായിരുന്നു (നാലാം സെഷൻ, ഏഴാം ഡിക്രി). വിവാഹത്തിനു് മുഹൂർത്തനിശ്ചയം ചെയ്തിരുന്ന പുരോഹിതന്മാർക്കു വലിയ മഹറോൻ നല്കപ്പെട്ടിരുന്നു (ഏഴാം സെഷൻ, De sacramento ordinis, പത്താം ഡിക്രി). അത്തരം മുഹൂർത്തത്തെക്കുറിച്ചുള്ള കാര്യങ്ങാം അന്വേഷിക്കുന്ന അത്മായൻ ഒരു കൊല്ലത്തെ മഹറോൻശിക്ഷയ്ക്കു് വിധേയനാകേണ്ടിയിരുന്നു (ഏഴാം സെഷൻ, De sacramento matrimonii, പതിനാലാം ഡിക്രി). സൂനഹദോസ് നിരോധിച്ചിട്ടുള്ള ഏതെങ്കിലും പുസ്തകം വായിക്കുകയോ സൂക്ഷിക്കുകയോ അതിലേതെങ്കിലും വായിക്കുന്നതു് ശ്രദ്ധിക്കുകയോ ചെയ്യുന്നവൻ മഹറോൻശിക്ഷക്കു് വിധേയനായിരുന്നു (മൂന്നാംസെഷൻ, പതിനാലാംഡിക്രി). കൂദാശ ചെയ്യപ്പെട്ട തിരുഓസ്തി വീണ്ടിൽ മുക്കുന്ന സമയത്തു് തിരുരക്തം തിരുഓസ്തിയിൽ എളുപ്പത്തിൽ പററിപ്പിടിക്കുന്നതിനായി കൂദാശ ചെയ്യപ്പെട്ട ഓസ്തിയിൽ കൈനഖംകൊണ്ടു് ചെറിയ പാടുണ്ടാക്കിയിരുന്ന വൈദികന്മാർ വിശ്വാസസംരക്ഷണാത്ഥം സഭാഭ്രഷ്ടരാക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ, ഇപ്രകാരമുള്ള പതിവു് ദിവ്യകാരുണ്യത്തെപ്പററിയുള്ള തെററായ ധാരണകാം ഉളവാക്കാൻ കാരണമായിരുന്നു (അഞ്ചാം സെഷൻ, De sacrificio missae, മൂന്നാം ഡിക്രി). ലത്തീൻക്രമത്തിലില്ലാത്ത പദപ്രയോഗങ്ങാംകൊണ്ടു് അന്ധവിശ്വാസപരമായ വിധത്തിൽ പിശാചിനെ ഒഴിക്കാൻ ശ്രമിച്ചിരുന്ന വൈദികർ ഒരു കൊല്ലത്തെ സ്ഥാനഭ്രഷ്ടിനു് വിധേയരായിരുന്നു. അതാവത്തിച്ചിരുന്നവർ കൂടുതൽ ശിക്ഷാർഹരായിരുന്നു (സെഷൻ ഏഴു്, ഒമ്പതാം ഡിക്രി).

കൂദാശകളുടെ അനുഷ്ഠാനത്തിലുള്ള ദുർവിനിയോഗങ്ങാം വേരോടെ പിഴുതുകളയുവാൻവേണ്ടി, നിസ്സാരതുകയോ ഭക്ഷണപദാത്ഥങ്ങളോ, മാമ്മോദീസായ്ക്കു പ്രതിഫലമായി സ്വീകരിക്കുന്ന വൈദികരെ സൈമണി നടത്തിയവരായി കണക്കാക്കണമെന്നും തന്മൂലം അവരെ ശിക്ഷിക്കണമെന്നും സൂനഹദോസ് പ്രഖ്യാപിച്ചു (സെഷൻ നാലു്, Sacramenets Baptismi, പതി

നെട്ടാം ഡിക്രി). ഏതെങ്കിലും കൂദാശകൾ കൈകാര്യം ചെയ്യു മ്പോൾ പ്രതിഫലം ആവശ്യപ്പെടുന്ന വൈദികന്മാർ മൂന്നുകൊല്ല ത്തെ സ്ഥാനഭ്രഷ്ടിനു് വിധേയരായിത്തീർന്നു (ഏഴാം സെഷൻ, ഇരുപതാം ഡിക്രി). വേറെയും പലതരത്തിലുള്ള ശിക്ഷകളും ഉണ്ടായിരുന്നു. ശിക്ഷയെക്കുറിച്ചുള്ള ഭയം, വിശുദ്ധകർമ്മങ്ങൾ പരിപൂർണ്ണമായി അനുഷ്ഠിക്കുന്നതിനു പ്രേരണ നൽകി. അനാ സ്ഥമൂലം കാനോനനമസ്ക്കാരം ചൊല്ലാത്ത വൈദികർക്കു് നല്കിയിരുന്ന വിതാംശം കുറച്ചു. ഇത്തരം നിസ്സാരശിക്ഷകൾ വൈദികരിൽ പ്രേരണ ചെലുത്തി (ഏഴാം സെഷൻ, എട്ടാം ഡിക്രി). വികാരിയുടെ കുററംമൂലം അദ്ദേഹത്തിൻെറ ഇടവക യിൽപ്പെട്ട ഒരുവൻ പാപസങ്കീർത്തനത്തിനണയാതെ മരിക്കു വാൻ ഇടവരുത്തിയാൽ അദ്ദേഹം സസ്പെൻഷനു് വിധേയനാണു് (ആറാം സെഷൻ, De sacramento paenitentiae, നാലാം ഡി ക്രി). ഏതെങ്കിലും വിവാഹം സാക്ഷികളെക്കൂടാതെയോ, ആ വിവാഹത്തിൽ അധികാരമുള്ള വൈദികനാൽ നിയോഗിക്ക പ്പെടാതെയോ ആശീർവ്വദിക്കുന്ന വൈദികൻ ഒരു വർഷത്തേക്കു് സ സ്പെഷനു് വിധേയനായിരുന്നു (ഏഴാം സെഷൻ, De sacramento Matrimonii, ഒന്നാം ഡിക്രി). വരനു് പതിനാലും വധുവിനു് പന്ത്രണ്ടും വയസ്സിൽ കുറവായിരിക്കുമ്പോൾ കല്ല്യാണം ആശീ ർവ്വദിച്ചിരുന്ന വൈദികന്മാർ ആറു മാസത്തെ സസ്പെൻഷനു വി ധേയരായിരുന്നു (പത്താം ഡിക്രി). വിശുദ്ധതൈലങ്ങൾ ഉയിർപ്പു ഞായറാഴ്ച കഴിഞ്ഞുവരുന്ന ആദ്യമാസത്തിൽ പുതുക്കു വാൻ ഉപേക്ഷ കാണിച്ച വൈദികന്മാർ ആറുമാസത്തെ സസ്പെൻ ഷനു വിധേയരായിരുന്നു (എട്ടാംസെഷൻ, എട്ടാംഡിക്രി).

വേറെ ചില ശിക്ഷകൾ വൈദികന്മാരുടെ പ്രശസ്തി ഉയ ർത്തുവാൻ ഉതകുന്നവയായിരുന്നു. കുഷ്ഠരോഗികളായ വൈദി കർ ദിവ്യബലിയർപ്പിച്ചിരുന്ന പതിവു് ആദ്യമായി നിർത്ത ലാക്കി (ഏഴാം സെഷൻ, De sacramento ordinis, മൂന്നാം ഡിക്രി). അതു് ഇൻഡ്യയിലെ ഗുരുതരമായ ഒരു ക്രമഭംഗ മായിരുന്നു. പട്ടം സ്വീകരിച്ചു കഴിഞ്ഞശേഷം വിവാഹം കഴിച്ചിട്ടുള്ള ശെമ്മാശ്ശന്മാർക്കു് ഘനമായ മഹറോൻശിക്ഷനല്കി. ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചിരിക്കുന്ന വൈദികനു് മഹറോൻശിക്ഷ; അതായതു് ഒരുവൻ ഒരു വിധവയേയോ ഒരു അഭിസാരികയേയോ പട്ടം കിട്ടുന്നതിനുമുമ്പു് വിവാഹം കഴി ച്ചിരിക്കുകയും അയാൾ അവളെ ഉപേക്ഷിക്കുവാൻ വിസമ്മതി ക്കുകയും ചെയ്യുമ്പോഴാണു് ശിക്ഷ (ferendas sententiae) നല്കു ന്നതു്. ഒരു യൂദനോടോ മുസ്ലീമിനോടോ അഥവാ ഒരു ഹിന്ദു വിനോടോകൂടി വസിക്കുന്നവർക്കു നാലു മാസത്തെ സ്ഥാനഭ്രഷ്ടു് (പതിനൊന്നാം ഡിക്രി). സൈനികസേവനത്തിനു് വിളി ക്കപ്പെടുവാൻ സാദ്ധ്യതയുള്ളതുകൊണ്ടു് ഒരു വൈദികൻ നായ രായി സ്വയം പ്രഖ്യാപിക്കുന്നുവെങ്കിൽ അദ്ദേഹത്തിനു ദൈവ

ശാപം (പതിനഞ്ചാം ഡിക്രി), പട്ടം വടിക്കാത്ത ശെമ്മാശ്ശന്ന് ദൈവശാപം (പതിനാലാം ഡിക്രി) എന്നിവ സൂനഹദോസിൽ നിർദ്ദേശിച്ചു.

അത്മായരുടെ സന്മാർഗ്ഗത്തെ നവീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന പ്രത്യക്ഷശിക്ഷകഠം വളരെ കുറവായിരുന്നു. മരണാപകടത്തിനു സാധ്യതയുള്ളതിനാൽ ആയുധങ്ങഠം കൊണ്ടുള്ള കളിയിൽ പങ്കെടുക്കുന്നവർക്കു് മഹറോൻ ശിക്ഷ (ഒമ്പതാം സെഷൻ, നാലാം ഡിക്രി). പത്തുശതമാനത്തിൽ കൂടുതൽ പലിശയ്ക്കു പണം കടം കൊടുക്കുന്നവക്കും, വെപ്പാട്ടിയെ വച്ചുകൊണ്ടിരിക്കുന്നവക്കും, പെൺമക്കഠംക്കു തങ്ങളുടെ സ്വത്തിൻെറ ഒരു ഭാഗം കൊടുക്കുവാൻ വിസമ്മതിക്കുന്നവക്കും മഹറോൻ ശിക്ഷ. (ഒമ്പതു്, പതിനൊന്നു്, ഇരുപതു് ഡിക്രികഠം) വൈദികാദ്ധ്യക്ഷന്മാരുടെ അനുവാദത്തോടുകൂടിയല്ലാതെ വിവാഹമോചനം നടത്തുന്ന ഭാര്യാഭത്താക്കഠംക്കു് ദൈവശാപം (ഏഴാംസെഷൻ, De Sacraments Matrimonii, രണ്ടാം ഡിക്രി.)

ഇന്ത്യയിൽ പ്രത്യേക തരത്തിലുള്ള ഒരു ശിക്ഷാനടപടിയുണ്ടായിരുന്നു. വൈദികന്മാർ ഭവനസന്ദർശനം നടത്തുമ്പോഴോ, തിരുക്കർമ്മങ്ങളുടെ അവസാനത്തിൽ മദ്ബഹായുടെ മുമ്പിൽ വന്നുനിൽക്കുമ്പോഴോ വിശ്വാസികഠം വൈദികരുടെ കൈ മുത്തുന്നതിൽനിന്നു് അവരെ നിരോധിക്കുക എന്നതായിരുന്നു ആ ശിക്ഷാനടപടി (ഏഴാം സെഷൻ, De sacramento ordinis, നാലാം ഡിക്രി). താഴ്ന്ന ജാതിയിൽപ്പെട്ട ഒരുവൻ സ്പർശിച്ച പാത്രം ശുദ്ധീകരിക്കുന്നവനും, കൈനോട്ടക്കാരനെക്കൊണ്ടു കൈ നോക്കിക്കുന്നവരും ചുരുങ്ങിയപക്ഷം ഒരു കൊല്ലത്തേക്കും, മന്ത്രവാദം ചെയ്യുന്നവന്നു് ആറു മാസത്തേക്കും, വിഗ്രഹത്തിനു കാഴ്ച കൊടുത്തതു നിമിത്തം മഹറോൻശിക്ഷയിൽ ഉഠംപ്പെട്ടവന്നു് അതിൽനിന്നു് മോചനം പ്രാപിച്ചശേഷം രണ്ടു കൊല്ലത്തേക്കും ഈ കൈമുത്തലിൽനിന്നുള്ള നിരോധനം എന്ന ശിക്ഷ നൽകേണ്ടിയിരുന്നു (ഒമ്പതാം സെഷൻ, മൂന്നു്, ആറു്, ഏഴ് ഡിക്രികഠം).

തങ്ങഠംക്കായി സ്വകീയനിയമങ്ങളുണ്ടാക്കുവാൻ വളരെ കുറച്ചുമാത്രം ശ്രദ്ധ കാണിച്ചതു നിമിത്തം സുറിയാനിക്കാക്കു് ഉദയംപേരൂർസൂനഹദോസിനുശേഷം ലത്തീൻകാരുടേതിനോടു വളരെ സാധർമ്മ്യമുള്ള ഒരു ശിക്ഷണക്രമമുണ്ടായി.

1879 മാർച്ചു് പതിനഞ്ചാം തീയതി മോൺ സിഞ്ഞോർ മെല്ലാനൊ പ്രസിദ്ധപ്പെടുത്തിയ സുറിയാനിക്കാരുടെ നിയമങ്ങളിൽ അവർ പരമ്പരയാ ആഘോഷിച്ചുവന്ന വിശുദ്ധ തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാളിനെപ്പററി അതു ജൂലായ് 3–ാം തീയതി എന്നുള്ള സൂചന മാത്രമേ ഉണ്ടായിരുന്നുള്ളു.

വിശുദ്ധ തൈലങ്ങൾ പുതുക്കുവാൻ പന്തക്കുസ്താത്തിരുനാൾ വരെ താമസിക്കുവാൻ അവർക്കു് അനുവാദം ലഭിച്ചു. ലത്തീൻകാർക്കു് ഉയിർപ്പു തിരുനാൾ മുതൽതന്നെ പുതിയ വിശുദ്ധതൈലങ്ങൾ ഉപയോഗിക്കേണ്ടിയിരുന്നു. ലത്തീൻ കാർക്കു് അകലെയുള്ള പർവ്വതപ്രദേശങ്ങളിൽ ഇടവകകൾ ഇല്ലായിരുന്നതായിരിക്കാം ഇതിനു കാരണം. ഉദയം പേരൂർ സൂനഹദോസിനെപ്പററി ചർച്ച ചെയ്തപ്പോൾ സൂചി പ്പിച്ചതുപോലെ ഉദയംപേരൂർ സൂനഹദോസിലെ ഡിക്രികൾ 1603-ലെ അങ്കമാലി സൂനഹദോസ് തിരുത്തുകയും വ്യത്യാസ പ്പെടുത്തുകയുമുണ്ടായി. ഉദയംപേരൂർ സൂനഹദോസിലെ തീരു മാനങ്ങൾ പലതും നടപ്പിൽ വരാതിരിക്കാൻ ഇതാകാം കാരണം.

വരാപ്പുഴയിൽവച്ചു നടന്ന ആദ്യത്തെ സൂനഹദോസിൽ വൈദികന്മാരുടെ പരിശീലനത്തെപ്പററി പ്രതിപാദിച്ചപ്പോൾ താഴെ പറയുന്ന കാര്യങ്ങൾ സുറിയാനിക്കാർക്കു് നിർദ്ദേശിച്ചി രുന്നു. സുറിയാനിയും സീറോമലബാർ ആരാധനക്രമങ്ങളും പഠിക്കണം; സുറിയാനിമല്പാന്മാരെ കോട്ടയത്തേയും തൃശ്ശൂരി ലേയും വൈദികമേലദ്ധ്യക്ഷന്മാർ നിയമിക്കുകയും അവർക്കു വേണ്ട ചിലവു വഹിക്കുകയും വേണം. അവർ പുത്തൻ പള്ളി യിൽ ഇടവകവികാരിയോടുകൂടെ താമസിക്കേണ്ടതും സെമി നാരിയുടെ ഭരണത്തിൽ ഒരു വിധത്തിലും ഏർപ്പെടുവാൻ പാ ടില്ല എന്നിവയായിരുന്നു നിർദ്ദേശം.[8]

സുറിയാനിക്കാർക്കു് തങ്ങളുടേതായ വൈദികമേലദ്ധ്യക്ഷ ന്മാരുണ്ടായപ്പോൾ അവർ ശിക്ഷണക്രമത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും ചില കാര്യങ്ങളിൽ അതു കൂടുതൽ കർശനമാക്കു കയും ചെയ്തു. കോട്ടയത്തെ വികാരി അപ്പസ്തോലിക്കാസുറിയാ നിക്കാർക്കുവേണ്ടി മോൺസിഞ്ഞോർ ലവിഞ്ഞു് 1891-ൽ പ്രസിദ്ധീകരിച്ച മെത്രാന്മാരെ സംബന്ധിക്കുന്ന നിബന്ധന കൾ ഇപ്രകാരമുള്ളവയായിരുന്നു. 1903-ൽ ചങ്ങനാശ്ശേരി യിലും മാർ മാത്യു മാക്കിൽ ഇപ്രകാരം തന്നെ ചെയ്തു. മാർ ലൂയീസ് പഴെപറമ്പലിൻേറയും അദ്ദേഹത്തിനുശേഷം മെത്രാ പ്പോലീത്തയായിരുന്ന മാർ അഗസ്റ്റിൻ കണ്ടത്തിലിൻേറയും നിബന്ധനകൾ മെത്രാപ്പോലീത്തായുടെ ഔദ്യോഗികപത്രമായ എറണാകുളം മിസ്സത്തിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

പരിശുദ്ധപിതാവു് പൗരസ്ത്യകാനൻനിയമവും പൗരസ്ത്യ സഭകളുടെ കൗൺസിൽ ഡിക്രികളും പ്രസിദ്ധം ചെയ്തതുമൂലം സീറോ മലബാർസഭയുടെ കാനോനികനിയമത്തിൻെറ നവീ കരണം അതിവേഗം നടക്കുമെന്നു പ്രത്യാശിക്കാം. സുറിയാനി കർമ്മലീത്താ സഭപോലുള്ള സന്യാസസഭകൾ നവീനനിയമ

പ്രകാരം അവയുടെ നിയമങ്ങൾ ക്രമീകരിച്ചു. ഇടവകവൈദികർക്കും പുതിയ നിയമങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഈ കാനൻനിയമ പരിഷ്ക്കാരം പൗരസ്ത്യസഭയുടെ അന്തസത്ത ഗ്രഹിക്കുവാൻ സീറോമലബാർക്രിസ്ത്യാനികളെ ഏറെ സഹായിക്കുകയും ചെയ്യും.

## സീറോമലങ്കരസഭയുടെ കാനൻനിയമം

അന്ത്യോക്യൻ പാത്രിയാർക്കീസിൻെറ നിയമമാണ് യാക്കോബായമെത്രാന്മാർ മലബാറിൽ നടപ്പാക്കിയിരുന്നത്. ബർ എബ്രേവൂസിൻെറ നോമോ കാനനായിരുന്നു അതിൻെറ അടിസ്ഥാനം. പത്തൊമ്പതാം നൂററാണ്ടിനുമുമ്പ് ഇതു കേരളത്തിൽ നടപ്പാക്കിയിരുന്നമില്ല. ഇപ്പോഴും പഴയ കൽദായനിയമത്തിൽ നിന്നോ പുരാതനപാരമ്പര്യത്തിൽ നിന്നോ 1633 നു മുമ്പ് പോർട്ടുഗീസുകാർ നടപ്പാക്കിയിരുന്ന നിയമത്തിൽ നിന്നോ ഉള്ള ചില പ്രാദേശിക സമ്പ്രദായങ്ങൾ ചിലവ ഇന്നും നിലനില്ക്കുന്നു. കഴിഞ്ഞ നൂറു വർഷങ്ങളായി തിരുവിതാംകൂർകൊച്ചി കോടതികൾക്ക് യാക്കോബായസമുദായകാര്യങ്ങളിൽ പലപ്പോഴും ഇടപെടേണ്ടിയിരുന്നതുകൊണ്ട് അവരുടെ വിധിന്യായങ്ങൾക്ക് നിയമത്തിൻെറ പ്രാബല്യമുണ്ട്.

മാർ ഇവാനിയോസിൻെറ പുനരൈക്യത്തിനും മലബാറിലെ പുതിയ ക്രൈസ്തവസമൂഹത്തിൻെറ രൂപീകരണത്തിനുംശേഷം വിശദാംശങ്ങളെക്കുറിച്ചു ചില നിയമങ്ങൾ ഉണ്ടായിട്ടുണ്ട്. പൗരസ്ത്യകാനൻനിയമത്തിൻെറ ക്രോഡീകരണത്തിനുവേണ്ടി എല്ലാ മൂലഗ്രന്ഥങ്ങളും ക്രമമായി പരിശോധിച്ചിട്ടുണ്ട്.[9] കമ്മാനുഷ്ഠാനവിധികളെക്കുറിച്ചു റോമിൽനിന്നു ചില തീരുമാനങ്ങളെല്ലാം ഈയിടെ ഉണ്ടായിട്ടുണ്ട്. കാരണം, ചില സമ്പ്രദായങ്ങൾ അന്ത്യോക്യൻ റീത്തിൻെറ ചൈതന്യത്തിനു യോജിച്ചതല്ലായിരുന്നു. ഉപവാസം മുതലായ കാര്യങ്ങളിൽ ചുററുമുള്ള സഹോദരസമുദായങ്ങളുടെ സ്വാധീനവലയത്തിൽപ്പെട്ടു പോയിട്ടുണ്ട് സീറോമലങ്കരക്കാർ. ഇത്തരം അകാലികമായ മാററം ലത്തീനിൽനിന്നുത്ഭവിച്ചതാണ്. അതു തെററായിരുന്നുതാനും.

യാക്കോബായക്കാരെ സംബന്ധിച്ചിടത്തോളം 1879–ൽ ഓത്തഡോക്സുകാരും മാർത്തോമ്മക്കാരും തമ്മിലും 1910–ൽ മെത്രാൻകക്ഷിയും ബാവാ കക്ഷിയും തമ്മിലുമുള്ള കേസിനു ''എക്സിബിററ് 18ഉം'' എക്സിബിററ് 'എ' ആയും നോമോ കാനൻെറ രണ്ടു രേഖകൾ തിരുവിതാംകൂർ കോടതിയിൽ ഹാജരാക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ മെത്രാപ്പോലീത്തൻ പാർട്ടിയുടേ

തായ എക്സിബിററു് 'എ' പദാനുപദം കൈയെഴുത്തു പ്രതിയോടു സാദൃശ്യമുള്ളതാണു്. എന്നാൽ പാത്രിയാക്കീസു കക്ഷിക്കാർ തങ്ങളുടെ നില സുരക്ഷിതമാക്കുന്നതിനു് കയ്യെഴുത്തുപ്രതിയിൽ ചിലതിരുത്തലുകൾ — പ്രത്യേകിച്ചു പാത്രിയാക്കീസിന്റെ അധികാരം സംബന്ധിച്ചവ—നടത്തിയാണു് കോടതിയിൽ 'എക്സിബിററു് 18' ആയി നല്കിയതു്. ഈ രേഖകൾമൂലം സുൽത്താൻ സ്ഥാനഭ്രഷ്ടനാക്കിയതിനുശേഷം പാത്രിയാർക്കീസ് അബ്ദുൾമാസി നല്കിയ എല്ലാ മെത്രാൻപട്ടവും അസാധുവാക്കി. അപ്പോൾ മെത്രാപ്പോലീത്തൻ കക്ഷിയിലെ മെത്രാന്മാർ നല്കിയ പട്ടം കൊടുക്കലും അസാധുവാകും. പട്ടം നല്കാനുള്ള മെത്രാന്മാരുടെ അധികാരം, കൂദാശകളുടെ സാധുത, മുതലായ സുപ്രധാന പാരമ്പര്യങ്ങളെക്കുറിച്ചു് എത്ര സ്വാതന്ത്ര്യമാണുണ്ടായിരുന്നതെന്നു് ഇതു് ഒന്നുകൂടി വ്യക്തമാക്കുന്നു.[10] 1934-ൽ മെത്രാൻകക്ഷിയിലെ മെത്രാന്മാർ "മലങ്കരയിലെ ഓർത്തഡോക്സു് സുറിയാനിസഭയുടെ ഭരണഘടന" പ്രസിദ്ധീകരിച്ചു.[11]

---

1. J. B Chabot, L'autodafe des livres syriaques du Malabar, Florilegium····, Melchior de vogue പാരീസ് 1909 പേജ് 616

2. L. K. അനന്തകൃഷ്ണയ്യർ Anthropology of Syrian Christians, എറണാകുളം 1926. ഉദയംപേരൂർസൂനഹദോസിനുശേഷവും പല ആചാരങ്ങളും നിർത്തലാക്കപ്പെട്ടില്ല; പാത്രങ്ങളുടെ ശുദ്ധികലശം മുതലായവ പിന്നീടും തുടർന്നു. പ്ലാസിഡ്, The social and socio-ecclesiastical Customs of the Syrian Christians of India, E.S.Q. 7 1947, പേജ് 222–36

3. മേൽപേജ് 44

4. Bullarium patronatus portugalliae, ലിസ്ബൺ, 1872, അനുബന്ധം ഒന്നു്, പേജ് 73–6

5. മേൽപേജ് 56–64

6. കർബാനയെക്കുറിച്ചുള്ള നാലാംഡിക്രി ഇപ്രകാരമാണു്: Quia Missa Syriaca nimis videtur prolixa pro sacertotibus, qui quotidie celebrare voluerint, facultatem concedit synodus, ut missa romana vertatur syriace, petitque a P. Francisco Ros S. J., ut dictam versionem adornet, quam quidem missam potuerunt sacerdotes privatim cum romanis ceremoniis recitare; ceterum missae cum cantu, et solemnes, juxta syriacam, emendatam per Romanun metrapolitanum, recitentur; sacerdotes vero qui latine et syriace Missam legere noverint, in ecclesiis aliorum episcopatuum possint

eas latine recitare, in iis autem quae sunt hujus episcopatus, syriace tantum, ne confusio oriatur, eas recitabunt. Supplicat itaque synodus dominis episcopis harum partium, ut, sacerdotibus hujus episcopatus preesulis sui legitimis demisssoriis munitis, si latine legere nesciant, facultatem faciant vel missam syriacam recitandi, vel romanam in linguam syriacam translatam inque ea romanum ritum servandi.... ബുള്ളാരിയും പാത്രോണാത്തുസ്, മേൽപേജ് 241

7. ഉദയംപേരൂർ സൂനഹദോസിന്റെ തീരുമാനമനുസരിച്ചുള്ള കടമുള്ള തിരുനാളുകളുടെ ഒരു സീറോ–ലാററിൻ കലണ്ടർ ഫാദർ നാവു പ്രസിദ്ധീകരിച്ചു. Deux notices relatives au Malabar R. O. C. 17 (1912) പേജ് 85–87

8. Acta et Decreta Concilii Provincial Varapolitanae Primi......എറണാകുളം 1900, പേജ് 61, 65, 71

9. പ്ലാസിഡ്, Fontes Juris Canonici Syro-Malankarensium Fonti II, 8-9 വത്തിക്കാൻസിററി രണ്ടാംവാല്യം 1937–40

10. മേൽപേജ് 67

11. മേൽപേജ് 321–39, കോൺസ്റ്റിററ്യൂഷന്റെ ലത്തീൻ തർജ്ജമയും ഇതിൽ ചേർത്തിട്ടുണ്ട്.

# അനുബന്ധം രണ്ട്

## മലബാറിലെ സുറിയാനികത്തോലിക്കരുടെ ആരാധനക്രമം

### പോർട്ടുഗീസുകാർക്കുമുമ്പ്

പോർട്ടുഗീസുകാരുടെ ആഗമനംവരെയും അതിനുശേഷം കുറെക്കാലത്തേക്കും മെസപ്പൊട്ടേമിയായിലെ പൗരസ്ത്യസുറിയാനിക്കാരുടെ ആരാധനക്രമമാണ് മലബാറിൽ നടപ്പിലിരുന്നത്. എന്നാൽ, 16–ാം നൂററാണ്ടിനുമുമ്പുള്ള യാതൊരു കയ്യെഴുത്തുപ്രതിയും ലഭിച്ചിട്ടുമില്ല. ആ നൂററാണ്ടിലെ കുറച്ചു രേഖകൾമാത്രം മാർ ജോസഫ് റോമിലേക്കു കൊണ്ടുവന്നത് ഇപ്പോൾ കിട്ടാനുണ്ട്. 1556–ൽ പകർത്തിയ ഒരു പൊന്തിഫിക്കാൾ, തിരുനാൾ ദിനത്തിനുവേണ്ട സംഗീതസമാഹാരം, ആരാധനക്രമപുസ്തകം, ആഴ്ചതോറുമുള്ള സാധാരണ കമ്മങ്ങൾക്കുള്ള പുസ്തകം, സന്യാസികളുടെ പ്രാത്ഥനപുസ്തകമായ ''കാസ്സൂർ'' എന്നീ പുസ്തകങ്ങളാണിതിലുള്ളത്.

തങ്ങളുടെ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികൾ തങ്ങളുടേതിൽനിന്നു വിഭിന്നമായ തിരുക്കമ്മഭാഷ ഉപയോഗിക്കുന്നതു പോർട്ടുഗീസുകാക്കു സഹിച്ചില്ല. പുളിച്ച അപ്പം, തിരുക്കമ്മവസ്ത്രങ്ങളുടെ ആകൃതി, തിരുനാളുകൾക്കും ഉപവാസദിനങ്ങൾക്കുമുള്ള വേദപുസ്തകവായനകൾ, കൂദാശകൾ നല്കുന്ന ക്രമം എന്നിങ്ങനെ പലതും പോർട്ടുഗീസുകാക്ക് അത്ഭുതം നല്കിയിരുന്നു. 16–ാം നൂററാണ്ടിനുമുമ്പുതന്നെ ഇവയെല്ലാം ലത്തീൻമയമാക്കുവാൻ അവർ യത്നിച്ചു. മെത്രാൻ ഉപയോഗിച്ച ക്രമം തെററാണെന്ന ഭാവത്തിൽ, മാർത്തോമ്മാക്രിസ്ത്യാനികളെ വീണ്ടും മാമ്മോദീസാ മുക്കുവാൻ തയ്യാറായി നിന്നിരുന്ന അൽവാരോ പെൻറാഡോയുടെ ചുററും കൂടിയിരുന്ന വൈദികസമൂഹത്തെ എതിർക്കുവാൻ 1503–ൽ അയയ്ക്കപ്പെട്ടിരുന്ന മെത്രാന്മാരിൽ ഒരാളായ മാർ ജേക്കബ് 1523–ൽ നിബ്ബന്ധിതനായി. മുസ്ലീം മധ്യവത്തികളിൽക്കൂടി കടക്കാതെ കുരുമുളകു 'ഫിരാൻഗ്ഗയിസി'യിലേക്കു നേരിട്ടു കടത്തുവാൻ പോർട്ടുഗീസുകാർക്ക് ഉപദേശം നല്കിയ ആളായിരുന്നതുകൊണ്ട് മാർ ജേക്കബിന് അധികം മദ്ദനം സഹിക്കേണ്ടി വന്നില്ല. പെൻറാഡോയ്ക്കുണ്ടായിരുന്ന ശക്തമായ അഭിപ്രായം മൂലം മാർ യാക്കോബിൻെറ എതിർപ്പ് അവഗണിക്കപ്പെട്ടു. 1549–ൽ ഫ്രാൻസീസ് സേവ്യർ അദ്ദേഹത്തെ കണ്ടുമുട്ടിയപ്പോൾ ''റോമൻസഭയുടെ

ക്രമങ്ങളോട്''' അനുസരണയുള്ളവനെന്നു[3] മാർ യാക്കോബിനെപ്പററി പറയാൻ കഴിഞ്ഞു. ലത്തീൻ ആരാധനക്രമം മുഴുവൻ ഇദ്ദേഹം സ്വീകരിച്ചു എന്നു് ഇതിനത്ഥമില്ല. തിരുവസ്ത്രങ്ങളും, കുറെ കമ്മങ്ങളും, ഒരുപക്ഷേ ആരാധനക്രമം പോലുള്ള ബാഹ്യമായവ എന്തെങ്കിലും സ്വീകരിച്ചു എന്നേ ഇതിനത്ഥമുള്ളു.

രക്തസാക്ഷിയായ സൂലാക്കായുടെ സഹോദരനായ മാർ ജോസഫിൻെറ അനുഭവംതന്നെ നോക്കാം. അദ്ദേഹത്തെ മാർ എലയാസിനോടുകൂടെ ബാസെസ്സയിൻ ആശ്രമത്തിൽ സൂക്ഷിച്ചു ലത്തീൻ കുർബാന ചൊല്ലാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു.[4] പിന്നീടു് അദ്ദേഹം റോമിൽനിന്നു മടങ്ങിയപ്പോഠം പുളിക്കാത്ത അപ്പവും ലത്തീൻ തിരുകമ്മവസ്ത്രങ്ങളും[5] ഉപയോഗിക്കാൻ സമ്മതിച്ചു. സഭാവൈദികരെക്കാഠം പാരമ്പര്യസമ്പ്രദായങ്ങളോടു് ഒട്ടിനില്ക്കുന്ന വിശ്വാസികഠം ഇതു സ്വീകരിക്കുന്നതിനെ എതിർത്തു. തങ്ങളുടെ നിയമത്തിനെതിരെ ഉപവാസദിവസങ്ങളിൽ മത്സ്യം ഭക്ഷിക്കുവാൻ പ്രേരിപ്പിക്കുകയും വിഭൂതിക്കു മുമ്പു് നോമ്പുകാലം തുടങ്ങുന്നതിനു വിസമ്മതിക്കുകയും പുളിച്ച അപ്പം ഉപയോഗിക്കുന്നതിൽനിന്നു കത്തനാരന്മാരെ തടയുകയും ചെയ്തിരുന്ന ലത്തീൻ മിഷനറിമാരിൽനിന്നു രക്ഷപ്പെടാൻ കൊടുങ്ങല്ലൂരെ ക്രിസ്ത്യാനികളിലൊരുവിഭാഗം പശ്ചിമഘട്ടത്തിലുള്ള കുന്നിൻപ്രദേശങ്ങളിൽ പോയി താമസിച്ചതായി 1604–ൽ റോസ്മെത്രാൻ എഴുതുന്നു.[6] ദൈവരാജ്യം പരത്തുന്നതിനു് മിഷനറിമാർ തങ്ങളുടെ സമയം ചെലവഴിച്ചിരുന്നു എങ്കിൽ ഇതിനെക്കാഠം എത്രയോ നന്നായിരുന്നു.

മാർ അബ്രാഹം ലത്തീൻമാഗ്ഗം സ്വീകരിക്കുന്നതിൽ വിമുഖനായിരുന്നെന്നു കണ്ടല്ലോ. തൻെറ കീഴിലുള്ള അത്മായരെ പോത്തുഗീസു് ഹയരാക്കിയിൽനിന്നു വിടത്തുവാൻ അദ്ദേഹം കഴിവുള്ളതെല്ലാം ചെയ്തു. ലത്തീൻ ഇടപെടലിനെ അനുകൂലിക്കാത്തവരും റീത്തുപ്രശ്നത്തിൽ വിശാലമായ കാഴ്ചപ്പാടുള്ളവരുമായ വൈപ്പിക്കോട്ട സെമിനാരിയിലെ ഈശോസഭക്കാർ മാർ യാക്കോബിനു രഹസ്യമായി പ്രേരണ നല്കിയിരിക്കണം. ഈ വിശാലമനോഭാവം കൂടുതൽ പരിശീലനം സിദ്ധിച്ചതുകൊണ്ടാണോ അല്ലെങ്കിൽ സമീപപൗരസ്ത്യദിക്കുകളുമായുള്ള സമ്പക്കംകൊണ്ടാണോ ഉണ്ടായതു് എന്നതു തീർച്ചയില്ല. അന്നു് ഇന്ത്യയിൽ അവക്കു വന്ദ്യനായ എബ്രാഹം ജോജ്ജ് എന്ന മാറോനീത്താക്കാരനായ സഹപ്രവത്തകനുണ്ടായിരുന്നു. എന്നാൽ, ഗോവായിൽ പോയി 1585 ലെ പ്രാദേശിക സൂനഹദോസിൽ സംബന്ധിക്കാൻ അങ്കമാലി മെത്രാൻ മടിച്ചില്ല. മാർത്തോമ്മാക്രിസ്ത്യാനികളെമാത്രം പരാമശിക്കുന്ന മൂന്നാം സമ്മേളനത്തിൽ ഉണ്ടാകുന്ന തീരുമാനങ്ങഠംക്കു് തൻെറ അഭിപ്രായം നല്കേണ്ടതു കടമയാണെന്നു് മാർ അബ്രാഹം കരുതി. അധികാരത്തിനതീതമായും വിവേകബുദ്ധിയ്ക്കു പൊരുത്തപ്പെടാ

തെയും നമസ്കാരം, കുർബാനക്രമം, പൊന്തിഫിക്കൽ എന്നീ ലത്തീൻ തിരുക്കർമ്മഗ്രന്ഥങ്ങളെല്ലാം സുറിയാനിയിലേക്കു തർജ്ജമ ചെയ്തു. (മൂന്നാം സെഷൻ, ഏഴാം ഡിക്രി)[7] വൈപ്പിക്കോട്ടയിലെ ഈശോസഭക്കാരാണ് തർജ്ജമ ചെയ്തതു്. ഈ ജോലി ഏല്പിച്ചതു് ഫാദർ അബ്രാഹം ജോർജ്ജിനെയായിരുന്നു. കത്തനാർമാർ സാധുവായി കൂദാശ നല്കണമെന്നു് അവർക്കു നിർബന്ധമുണ്ടായിരുന്നു. ഉദയംപേരൂർ സൂനഹദോസിന്റെ കാലത്തു മെസപ്പൊട്ടേമിയായിലെ ക്രമങ്ങളാണ് സുറിയാനിക്കാർക്കുമുണ്ടായിരുന്നതു്. പക്ഷെ, പോർട്ടുഗലിൽ ബ്രാഗ ഉപയോഗിച്ചിരുന്ന റോമൻ ആരാധനപുസ്തകത്തിന്റെ സുറിയാനി തർജ്ജമ[8] അക്കാലത്തു പ്രാബല്യത്തിലുണ്ട്. അതുകൊണ്ടാണ് സൂനഹദോസിന്റെ സമാപനസമ്മേളനത്തിൽ അലക്സീസ് മെൻസീസ് ഇടവകവികാരിമാരായിരുന്ന എല്ലാവർക്കും ആ പുസ്തകത്തിന്റെ ഒരു പ്രതി കൊടുത്തതു്. ആവശ്യത്തിനു വേണ്ടത്ര പ്രതികൾ തയ്യാറാക്കിയതു് വൈപ്പിക്കോട്ടയിലെ വൈദികവിദ്യാർത്ഥികളാണ്.[9]

## ഉദയംപേരൂരിന്റെ നടപടി

ആരാധനസംബന്ധമായ നിർദ്ദേശങ്ങൾ സൂനഹദോസിൽ വളരെയേറെയുണ്ട്. എന്നാൽ, എല്ലാം ലത്തീൻമയമായിരുന്നു. ലത്തീൻ സ്വാധീനത്തിനെതിരെയുള്ള എതിർപ്പ് രൂക്ഷമായിരുന്നു. ഭാഷയിൽപോലും ഐകരൂപ്യം വരുത്തുവാനുള്ള സൂനഹദോസിലെ യൂറോപ്യൻ അംഗങ്ങളുടെ ആഗ്രഹത്തെ അവഗണിച്ചു പുരാതന പ്രാർത്ഥനയുടെ വലിയ ഭാഗം കത്തനാരന്മാർ കാത്തു സൂക്ഷിക്കുന്നതിൽ വിജയിച്ചു. കൂദാശകളെക്കുറിച്ചുള്ള നിയമങ്ങൾ മേൽ വിവരിച്ചിട്ടുണ്ട്.

അഞ്ചാം സമ്മേളനത്തിന്നിടയ്ക്കു കുർബാനയിലെ പ്രാർത്ഥനകൾക്കു മാററം വരുത്തി. നെസ്തോറിയൻ ശൈലി ഒഴിവാക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. കുർബാനക്രമത്തിന്റെ ഇരുപതു ഭാഗങ്ങളിൽ തിരുത്തൽ ചെയ്തിട്ടുണ്ട്. നെസ്തോറിയസ്, തിയഡോർ, ഡയോഡോറസ് എന്നിവരുടേയും പേരുകൾ മാററിക്കളയുകയും ദൈവമാതാവ് എന്ന പദം ക്രിസ്തുവിന്റെ മാതാവ് എന്നതിനു പകരം ചേർക്കുകയും ചെയ്തു. മാർപ്പാപ്പയുടെ ഓർമ്മ കൂട്ടിച്ചേർത്തു. തിരുരക്തം കൂദാശ ചെയ്തതിന്റെ അവസാനം "ഇതു് എല്ലാക്കാലത്തേയ്ക്കുമുള്ള ഒരു ഉടമ്പടിയാണ്" എന്നതിനു പകരം "ഇതു ലോകാവസാനം വരെയുള്ള ഉടമ്പടി" എന്നു ചേർത്തു. ലോകാവസാനത്തിനുശേഷം ദിവ്യകാരുണ്യത്തിന്റെ ആവശ്യമില്ലല്ലോ. കൽദായക്കാർക്കജ്ഞാതമായിരുന്നതും യൂറോപ്പിലെ ഫ്യൂഡൽ മനോഭാവം സൂചിപ്പിക്കുന്നതുമായ ഒററ മുട്ടുകുത്തൽ മുതലായ

ക്രമങ്ങരം സ്വീകരിച്ചു. റോമൻബലിയെപ്പോലെയാക്കണം സീറോ മലബാർ കുർബാന എന്നു സൂനഹദോസ് അഭിലഷിച്ചു. ഞായറാഴ്ച കുർബാനയ്ക്കു മുമ്പ് ഹന്നാൻവെള്ളം തളിക്കുന്ന സമ്പ്രദായം നിർബന്ധമാക്കി (എട്ടാം സെഷൻ, ഡിക്രി 17). ഹന്നാൻ വെള്ളം ആശീർവദിക്കാനുള്ള പ്രാത്ഥന ലത്തീനിൽനിന്നു സുറിയാനിയിലേക്കു തർജ്ജമ ചെയ്തു. 21–ാം ഡിക്രിവഴി റോമൻ റീത്തിൽ ചില സ്ഥലങ്ങളിൽ ആരംഭിച്ചിരുന്നതുപോലെ ക്രിസ്തുമസ്സിനു മൂന്നു കുർബാന എന്ന ക്രമം നടപ്പാക്കി. വിഭൂതിത്തിരുനാളിൻേറയും പ്രാത്ഥനാദിനങ്ങളുടേയും കമ്മ്ങ്ങരം കൂട്ടിച്ചേത്ത്റ് ആരാധനക്രമ പഞ്ചാംഗം ലത്തീനു തുല്യമാക്കി. തോമ്മാശ്ശീഹായുടെ പ്രധാന തിരുനാരം ജൂലൈ മൂന്നാം തീയതിതന്നെ നിശ്ചയിച്ചു. മൈലാപ്പൂരെ കുരിശു രക്തം വിയത്തതിൻെറ തിരുനാരം ഡിസംബർ 18നു നിശ്ചയിച്ചു.[10]

മെനസിസ് മെത്രാപ്പോലീത്തായുടെ സന്ദശ്നത്തിലെ വിവരണം യൂറോപ്പിൽ പ്രസിദ്ധീകൃതമായപ്പോരം, കുർബാന ക്രമത്തിൻെറ ഒരു തിരുത്തിയ ലത്തീൻ തജ്ജമ പേജ്നമ്പർ കൂടാതെ സൂനഹദോസിൻെറ അനുബന്ധമായി കൊടുത്തിട്ടുണ്ടായിരുന്നു.[11] ഇറെനെഡോട്ടിൻെറ ലത്തീൻ പതിപ്പ് ഉപയോഗിച്ച് മാത്തോമ്മാ ക്രിസ്ത്യാനികളുടെ കുർബാനയും മെസപ്പൊട്ടേമിയ കൽദായരുടെ കുർബാനയും തമ്മിൽ താരതമ്യപ്പെടുത്തിയ പിയർ ലിബ്രൺെറ തജ്ജമയാണതു്.[12] രണ്ടു പ്രതികളും തമ്മിൽ വലിയ വ്യത്യാസമില്ല. കാരണം റെനഡോട്ട് പല ഭാഗവും മുഴുവനായി പകത്തിയിട്ടില്ല.

## സീറോമലബാർ കുർബാനക്രമത്തിൻെറ പശ്ചാത്തലം

വളരെയധികകാലം മലബാറിൽ കുർബാനക്രമത്തിൻെറ കൈയെഴുത്തുപ്രതികരം മാത്രമേ ലഭ്യമായിരുന്നുള്ളു. ഇതു വളരെ അസൗകര്യപ്രദമായിരുന്നു. 1754–ൽ റോമിലേക്കു പുറപ്പെട്ട ഫാദർ ഇഗ്നേഷ്യസ് ഓഫ് സെൻറ് ഹിപ്പോളിററസ് വഴി പ്രൊപ്പഗാന്തയിലേക്ക് ഇതിൻെറ വൈഷമ്യം വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്ക മോൺസിഞ്ഞോർ നിക്കോളാസ് സ്വസ്തക്ക് അറിയിച്ചു. പ്രസിദ്ധനായ ജോസഫ് സൈമൺ അസമേനിയുടെ റിപ്പോർട്ടു സ്വീകരിച്ചശേഷം പൗരസ്ത്യസഭകളുടെ തിരുക്കമ്മ്പുസ്തകങ്ങരം തിരുത്താനുള്ള കമ്മററി അതിൻെറ പൂണ്ണസമ്മേളനത്തിൽ ആവശ്യമായ പ്രസിദ്ധീകരണം നടത്തിക്കൊള്ളുവാൻ അനുവദിച്ചു. ഉദയംപേരൂർ സൂനഹദോസ് സ്വീകരിച്ചതിനനുരൂപമായ പുസ്തകത്തിൻെറ ഒരു പ്രതിയും അതിൻെറ ലത്തീൻ തജ്ജമയും

കൊട്ടത്തയസ്സുവാൻ സെപ്തംബർ മൂന്നാം തീയതി വികാരി അപ്പസ്തോലിക്കയോടാവശ്യപ്പെട്ടു.[14] 1766 ജൂൺ 1–നു് പ്രശ്നം വീണ്ടും സമ്പൂർണ്ണസമ്മേളനം ചർച്ച ചെയ്തു. മെസപ്പൊട്ടേമിയായിലെ കൽദായരുടെ അതേ കുർബാനപ്പുസ്തകംതന്നെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും നൽകുന്നതു് മിക്ക കർദ്ദിനാൾമാർക്കും താല്പര്യമായിരുന്നു. എന്നാൽ പഞ്ചാംഗവും വേദപുസ്തകവായനകളും വ്യത്യാസമുണ്ടു് എന്ന അഭിപ്രായമുണ്ടായി. അതുകൊണ്ടു് ആയിടെ പ്രസ്സിൽനിന്നു പുറത്തുവന്ന വലിയ പുസ്തകത്തിൻെറ ഒരു പ്രതി മലബാറിലേക്കു് അയയ്ക്കാൻ തീരുമാനിച്ചു.[15] സീറോമലബാർ ക്രിസ്ത്യാനികൾ സംതൃപ്തരായില്ല. കാരണം, ആ പ്രതിയുടെ താഴെ സുറിയാനി ലിപിയിലുള്ള ഒരു അറബി വിവർത്തനം നൽകിയിരുന്നതു് അവർക്കു പ്രയോജനപ്രദമായിരുന്നില്ല. അതുകൊണ്ടു് ഫാദർ ചാൾസു് ഓഫു് സെൻറു് കൊൺറാഡു് റോമിൽ കൊണ്ടുചെന്ന കൈയെഴുത്തുപ്രതി അവർ ആവശ്യപ്പെട്ടു. ഏറെ വൈമനസ്യത്തിനുശേഷം ഈ പ്രതിയും ഫാദർ ഇഗ്നേഷ്യസു് ഓഫു് ഹിപ്പോളിററസു് നൽകിയ പ്രതിയും[16] ഒന്നല്ല എന്നു മനസ്സിലാക്കിയതുകൊണ്ടു് 1774 മേയ് 11–നു് സമ്മേളനം ഒരു നിർണ്ണായകമായ തീരുമാനം സ്വീകരിച്ചു. അക്കൊല്ലം കണ്ടുകിട്ടിയ അപ്പസ്തോലന്മാരുടെ കുർബാന, റോമൻ കുർബാനപുസ്തകത്തിലെ പ്രത്യേക തിരുനാളുകളുടെ ക്രമങ്ങൾ എന്നിവ ലത്തീനിൽനിന്നു വിവർത്തനം ചെയ്തു് 862 പേജുള്ള പുസ്തകം പ്രസിദ്ധീകരിച്ചു. 1844–ൽ ഒരു രണ്ടാം പതിപ്പു് Ordo Chaldaicus rituum et lectionum juxta Morem Ecclesiae Malabaricae എന്ന ശീർഷകത്തോടെ പ്രൊപ്പഗാന്താ പ്രസിദ്ധീകരിച്ചു. അപ്പസ്തോലന്മാരുടെ ക്രമത്തിലെ ആദ്യ പതിപ്പിൽ 440–ാം പേജിനു ശേഷം 60 പേജു് കൂട്ടിച്ചേർത്തിട്ടുണ്ടു്, അനുബന്ധത്തിനും തിരുത്തലിനും മുമ്പായി. മററു പതിപ്പുകൾ ഇന്ത്യയിൽതന്നെയാണു് പ്രസിദ്ധീകരിച്ചതും. 1928–ൽ മാന്നാനത്തുനിന്നു് ഒരു പതിപ്പും 1904–നും 1931–നും ഇടയ്ക്കു പുത്തമ്പള്ളിയിൽനിന്നും നാലു പതിപ്പുകളും പുറപ്പെടുവിച്ചിട്ടുണ്ടു്.

## പഴയ റീത്തു്

മലബാറിലെ കുർബാന മിക്കവാറും ആഘോഷപൂർവ്വമാണു് അർപ്പിച്ചിരുന്നതു്. ഒററകുർബാനയിൽപോലും ധൂപം ഉപയോഗിച്ചിരുന്നു. ഇപ്പോൾ ഒററക്കുർബാന പാട്ടുകുർബാന, ആഘോഷമായ പാട്ടുകുർബാന, റാസ, എന്നീ വിവിധ കുർബാനകൾ നടപ്പിലുണ്ടു്. പ്രധാന തിരുനാളുകൾക്കു് ഒരു കാർമ്മികനും ദൽമത്തി ധരിച്ച ഒരു ഡീക്കനും മറെറാരു സബ്ഡീക്കനും കൂടിച്ചേർന്നു സ്തൂപസ്സ കുർബാന

യാണ് നടപ്പിലുള്ളതു്. ആദ്യത്തിൽ രണ്ടു് ആറാം പട്ടക്കാരും രണ്ടു സഹകാമ്മികരും കൂടിയ കർബാനയായിരുന്നു ഇതു്. സഹായികളുടെ ദൽമത്തി റോമൻ രീതിയിലുള്ളതായിരുന്നു. അതു പുരാതനകാലത്തെ അവശിഷ്ടമായിരുന്നു. കാരണം, ലത്തീൻ റീത്തിലെ കാപ്പ പൗരസ്ത്യരുടെ കർബാന കുപ്പായത്തിന്റെ ആകൃതിയിലായിരുന്നു. മരിച്ചവക്കുവേണ്ടി പലപ്പോഴും റാസ ചൊല്ലിയിരുന്നു. എന്നാൽ ഇതിന്റെ ഘടന വളരെ ആഘോഷമായ കർബാനയുടേതാണു്. രണ്ടു ക്രമത്തിലും മെസപ്പൊട്ടേമിയായിൽ ഇന്നു നിലവിലിരിക്കുന്ന കൽദായ കർബാനയുടെ ക്രമങ്ങളും പ്രാത്ഥനകളുമാണുള്ളതു്. സീറോ-മലബാർ ക്രിസ്ത്യാനികളുടെ പൊന്തിഫിക്കൽബലി കൽദായ അനാഫറയോടു് ലത്തീൻക്രമംകൂടി ചേത്ത മിശ്രാനുരൂപണമാണു് ചുരുക്കം അവസരങ്ങളിൽ മെത്രാന്മാർ റീത്തിനു യോജിച്ച പൊന്തിഫിക്കൽ റാസ ചൊല്ലുന്നുണ്ടു്.

1929-ലെ പുത്തമ്പള്ളിയിലെ കർബാനപുസ്തകത്തിൽ അപ്പസ്തോലന്മാരുടെ ലിററർജിക്കുശേഷം റാസയുടെ ക്രമങ്ങളും കുറെ പ്രാത്ഥനകളും ചേത്തിട്ടുണ്ടു്. അതു പൂണ്ണമായി ഒരു 106 പേജുള്ള ചെറുപുസ്തകരൂപത്തിൽ മാന്നാനത്തുനിന്നു 1925-ൽ പ്രസിദ്ധം ചെയ്തു.[17]

Sacrum Apostolorum ordo missae Syro-Chaldaeo Malabaricae cum Translatione Latina'' എന്ന പുസ്തകം മാർ ലൂയിസു് പഴേപറമ്പിൽ പുത്തമ്പള്ളിയിൽനിന്നു് 1912-ൽ പ്രസിദ്ധം ചെയ്തു. ഈ പുസ്തകത്തിനു 1606-ലെ പ്രതിയോടു കടപ്പാടുള്ളതെങ്കിലും കുറെക്കൂടി പൂണ്ണമാണു്. ഇതു കൂടുതൽ വ്യക്തമാകുവാൻ ക്രമങ്ങരം മുഴവൻ ലത്തീനിൽ വിവരിച്ചിട്ടുണ്ടു്. ഒററക്കുർബാനയും പാട്ടുകർബാനയും തമ്മിലുള്ള വ്യത്യാസവും ശ്രദ്ധാപൂവ്വം എടുത്തു കാണിച്ചിട്ടുണ്ടു്. 1774-ലെ കർബാനപ്പുസ്തകത്തിൽ ചേത്തുകൊണ്ടു് ഔദ്യോഗികമായിത്തീന്നുവെങ്കിലും അപര്യാപ്തമായതിനാൽ ചാവറകുര്യാക്കോസച്ചനെ ഒരു തുക്കാസ ഉണ്ടാക്കുവാൻ പ്രൊപ്പഗാന്ത ഏല്പിച്ചു. അതു് 1868-ൽ കൂനമ്മാവിൽനിന്നു പ്രസിദ്ധീകൃതമായി. 1926-ൽ അതു മാന്നാനത്തുനിന്നു പുനപ്രസിദ്ധീകരിച്ചു. അതിലെ നിയമങ്ങരം നാലു സീറോ മലബാർ രൂപതകരംക്കും നിർബന്ധമാക്കുകയും ചെയ്തു.

മാതാവിന്റെ ശുദ്ധീകരണത്തിരുനാരം, വിഭൂതി, ഓശാന എന്നീ തിരുനാളുകളുടെ ക്രമം ലത്തീനിൽനിന്നു വിവത്തനം ചെയ്തു. തലേന്നു കൂദാശ ചെയ്ത ഓസ്തി ഉപയോഗിച്ചു ദുഃഖവെള്ളിയാഴ്ച നടത്തുന്ന കർബാന പൗരസ്ത്യ ഘടകങ്ങളുടേയും ലത്തീൻ തജ്ജമയുടേയും സങ്കരമാണു്. അടുത്തകാലംവരെ

ദുഃഖശനിയാഴ്ചയ്ക്കു പ്രത്യേകമായൊരു ക്രമം ഉണ്ടായിരുന്നില്ല. എന്നാൽ ചില പള്ളികളിൽ പ്രൊപ്പഗാന്താ തിരുസ്സംഘത്തിൻെറ അനുവാദത്തോടെ ചാവറയച്ചൻ ലത്തീനിൽനിന്നു ചെയ്ത തർജ്ജമയുടെ സഹായംമൂലം കർമ്മങ്ങൾ നടത്തിയിരുന്നു. 1929-ൽ പുത്തമ്പള്ളിയിൽനിന്നു പ്രസിദ്ധീകൃതമായ കർബാനപുസ്തകത്തിൽ ലത്തീൻ തിരുനാളുകളായ വി. കൊച്ചുത്രേസ്യായുടേയും ക്രിസ്തുരാജൻേറയും ദിനത്തിനുള്ള വായനകളുണ്ടെങ്കിലും, ചാവറയച്ചൻെറ തർജ്ജമ അതിൽ കാണുന്നില്ല. 1933-ൽ മാന്നാനത്തുനിന്നു വലിയ ശനിയാഴ്ചയുടെ കർമ്മങ്ങൾ പ്രത്യേകം അച്ചടിച്ചു. ലത്തീനിലെ ക്രമങ്ങൾ മാററിക്കളഞ്ഞു് 1964-ൽ മലബാറിൽ മലയാളത്തിൽ പുതിയ ക്രമം ഉണ്ടായിട്ടുണ്ട്.

## പൊന്തിഫിക്കലും കാനോനനമസ്ക്കാരവും

റോമൻ പൊന്തിഫിക്കൽ ഒരിക്കലും വിവർത്തനം ചെയ്യപ്പെട്ടിട്ടില്ല. 1896 മുതൽ വിശുദ്ധതൈലം വെഞ്ചരിക്കുമ്പോഴും പട്ടം നല്കുമ്പോഴും ലത്തീൻപുസ്തകം മെത്രാന്മാർ ഉപയോഗിച്ചിരുന്നു. സ്ഥൈര്യലേപനം നൽകുമ്പോൾ കൂദാശവാക്യം അവർ സുറിയാനിയിൽ ഉച്ചരിച്ചിരുന്നു.

മുൻകണ്ടതുപോലെ ആരാധനക്രമം (Ritual) 16-ാം നൂററാണ്ടിൻെറ അന്ത്യത്തിനുമുൻപ് ലത്തീനിൽനിന്നു വിവർത്തനം ചെയ്യപ്പെട്ടിരുന്നു. എന്നാൽ, 1594നു മുമ്പ് പ്രസിദ്ധീകരിച്ച കലർപ്പില്ലാത്ത റോമൻ റിചാലിൽ നിന്നല്ല, പോർട്ടുഗൽ ബ്രാഗാ അതിരൂപതയിൽ ഉപയോഗിച്ചിരുന്ന പുസ്തകത്തിൽ നിന്നായിരുന്നു വിവർത്തനം ചെയ്തിരുന്നത്. 91 പേജുള്ള ആദ്യപതിപ്പ് 1775-ൽ റോമിൽ പ്രസിദ്ധപ്പെടുത്തി. 196 പേജുള്ള രണ്ടാംപതിപ്പ് റോമിൽനിന്ന് 1845-ൽ പ്രസിദ്ധം ചെയ്തു. അതിൻെറ പേര് "Ordo Chaldaicus Ministerii sacramentorum sanctorum quae perficiuntur a Hsacerdotibus juxta morem Ecclesiae Malabaricae" എന്നായിരുന്നു. ആൺകുട്ടിക്കുള്ളത്, പെൺകുട്ടിക്കുള്ളത്, ഒന്നിലധികം കുട്ടികൾക്കുള്ളത് എന്നിങ്ങനെ വേർതിരിച്ചുള്ള വിവിധ മാമ്മോദീസക്രമങ്ങൾ വൈദികൻെറ സൗകര്യത്തിനുവേണ്ടി അതിനു നല്കിയിട്ടുണ്ട്. അതേത്തുടന്നു വിവാഹകർമ്മങ്ങൾ, കുമ്പസാരത്തിൻെറ ഫോർമുല, അന്ത്യലേപനത്തിൻേറയും മരണാസന്നരുടേയും പ്രാർത്ഥനകൾ, അനുതാപസങ്കീർത്തനങ്ങൾ, സകല വിശുദ്ധരുടെ ലുത്തിനിയ എന്നിവ അതിൽ ചേർത്തിട്ടുണ്ട്. വെള്ളം, സ്ഥലങ്ങൾ, തിരി, ഈസ്റ്റർമുട്ട, പുതിയ പഴം, അപ്പം, മറേറതെങ്കിലും ആഹാരസാധനം, രൂപം, പടം, പുതിയ കുരിശ് എന്നിവ ആശീർവ്വദിക്കാനുള്ള പ്രാർത്ഥനകളും ഈ പുസ്തകത്തി

ലുണ്ട്. അശുദ്ധമാക്കപ്പെട്ട പള്ളിയുടെ ശുദ്ധീകരണത്തിനുള്ള ക്രമവും നല്കിയിട്ടുണ്ട്, ഈ പുസ്തകത്തിൽ പ്രായമായവരുടെ മാമ്മോദീസായുടെ ക്രമം ഇല്ലാതിരുന്നതുകൊണ്ട് "Ordo Baptismi Adultorum juxta Ritum Ecclesiae Malabaricae Chaldaeorum" എന്ന ശീർഷകത്തിൽ 1869-ൽ റോമിൽനിന്നു 44 പേജുള്ള ഒരു പുസ്തകം പ്രത്യേകമായി പ്രസിദ്ധീകരിച്ചു. ഇതു പ്രയോഗത്തിലില്ല. 1928 ലെ പുത്തൻപള്ളിപ്പതിപ്പിൽ ഇതു് ചേർത്തിട്ടില്ല. വിവാഹത്തിനു് സീറോമലബാർ സഭക്കാർക്കു് ഒരു പ്രത്യേകതയുണ്ട്. മോതിരത്തിനു പകരം ഒരു സ്വർണ്ണകുരിശാ (താലി) ണു് ആശീർവ്വദിച്ചു നല്കുന്നതു്. അതു വരൻ വധുവിൻെറ കഴുത്തിൽ ബന്ധിക്കുന്നു, കർദ്ദിനാൾ സ്റ്റീഫൻ ബോർജിയായുടെ സ്വന്തം ലൈബ്രറിയിൽ ഉണ്ടായിരുന്നതും ഇപ്പോൾ വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നതുമായ Borgiamus Latinus 155 എന്ന കയ്യെഴുത്തു പ്രതിയിൽ സീറോമലബാർ ആരാധനപുസ്തകത്തിൻെറ ലത്തീൻ തർജ്ജമയുണ്ട്. ഇതു മിക്കവാറും പ്രൊപ്പഗാന്ത തിരുസ്സംഘം ഈ പുസ്തകത്തിൻെറ പ്രസാധനം നിർവ്വഹിച്ചപ്പോൾ ചേർത്തതായിരിക്കണം.

മരിച്ചവർക്കുവേണ്ടിയുള്ള വിവിധങ്ങളായ ഒപ്പീസുകൾ 1882 ലും പിന്നീടു് 1921ലും 1929 ലും പ്രസിദ്ധീകരിച്ച പുസ്തകത്തിലുണ്ട്. അതിൽ കൽദായക്രമം പരിരക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അതിലുടനീളം ലത്തീൻ റീത്തിൻെറ സ്വാധീനതാശക്തി കാണാം. ഉദാഹരണമായി കുട്ടികളുടെ ശവസംസ്ക്കാര പ്രാർത്ഥന ലത്തീനിൽനിന്നുള്ള തനിവിവർത്തനമാണു്.

സുറിയാനിക്കാരുടെ കാനോനനമസ്ക്കാരപ്പുസ്തകം അപൂർണ്ണമായിരുന്നു. പൗരസ്ത്യസുറിയാനിക്കാരുടേതുപോലെ ആഴ്ചവട്ടത്തിനുള്ള നമസ്ക്കാരമാണുള്ളതു്. അതിൽ ചേർത്തിട്ടുള്ള കുറെ തിരുനാളുകൾ ലത്തീനിൽനിന്നു വിവർത്തനം ചെയ്തതാണു്. നമസ്ക്കാരത്തിൻെറ ചെറിയ പതിപ്പു് എളുപ്പത്തിനുവേണ്ടി ചാവറകുര്യാക്കോസച്ചൻ നിർമ്മിച്ചു. എങ്കിലും നമസ്ക്കാരവും കുർബാനയുമായി സാമ്യമില്ല. കൽദായ പഞ്ചാംഗമനുസരിച്ചുള്ള നമസ്ക്കാരവും കുർബാനയിലെ പഞ്ചാംഗവും തമ്മിൽ പൊരുത്തമില്ല. റോമൻ പഞ്ചാംഗം ഏറെ അനുകരിച്ചുള്ള ഒരു വായനക്രമമാണു് കുർബാനയിലുള്ളതു്. 1871ലും 1886ലും കൂനമ്മാവിൽനിന്നും 1913 ലും 1923 ലും മാന്നാനത്തുനിന്നും 1917-ൽ പുത്തമ്പള്ളിയിൽനിന്നും അഞ്ചു പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ആരാധനക്രമത്തിലെ വിവിധ കാലഘട്ടങ്ങൾക്കനുസൃതമായ കാനോനനമസ്ക്കാരം തയ്യാറാക്കിയിട്ടുണ്ട്.

അന്ത്രയോസച്ചൻ പുത്തമ്പള്ളിയിൽ പ്രസാധനം ചെയ്ത Talmuda അഥവാ Schola Discipulorum Ecclesiasticorum എന്നീ പുസ്തകങ്ങൾ ഉപയോഗിക്കാൻ സീറോമലബാർ വൈദി

കക്ക് അനുവാദമുണ്ടായിരുന്നു. അതിൽ വിഭൂതി, ഓശാന, പെസഹ, ദുഃഖവെള്ളിയാഴ്ച, കുർബാനസ്വീകരണശേഷമുള്ള ഉപകാരസ്മരണ, കുർബാനയിലെ സുവിശേഷങ്ങളും ലേഖനങ്ങളും എന്നിവ ഉൾക്കൊള്ളുന്നു. ഇപ്പോൾ എല്ലാ തിരുക്കർമ്മങ്ങളും മലയാളത്തിലായിട്ടുണ്ട്.

## ആരാധനക്രമത്തിലെ നവീകരണം

പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസ്സംഘത്തിന്റെ നിർദ്ദേശപ്രകാരം സീറോ മലബാർ ലിററർജിയിൽ അടിസ്ഥാനപരമായ മാററങ്ങൾ വന്നുകഴിഞ്ഞു. കൽദായറീത്ത് അഥവാ പൗരസ്ത്യസുറിയാനി റീത്ത് ശരിയായി പുനഃസ്ഥാപിക്കുക എന്നതാണ് നവീകരണത്തിന്റെ ലക്ഷ്യം. 1957-ൽ കൽദായ പൊന്തിഫിക്കൽക്രമം പ്രസിദ്ധീകരിച്ചു. 1960-ൽ ആദായിയുടേയും മാറിയുടേയും അനാഫൊറയോടുകൂടിയ തക്സയുടെ പുതിയ പതിപ്പ് ആലുവാ മാർത്തോമ്മസ്ലീഹാ പ്രസിൽനിന്നു പുറത്തുവന്നു. അതിൽ കൂദാശവാക്യങ്ങൾ സുറിയാനിയിൽ തന്നെയായിരുന്നു. (തക്സ, ആലുവാ, 1960, പേജ് 62) 1962-ൽ സമ്പൂർണ്ണമലയാളകുർബാനക്രമം ഔദ്യോഗികമായി പ്രസിദ്ധീകരിക്കപ്പെട്ടു 1968-ൽ കുർബാനക്രമം വീണ്ടും പരിഷ്ക്കരിച്ച്, ദേശീയമായ വ്യത്യാസങ്ങളോടെ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ നേതൃത്വത്തിൽ പ്രസിദ്ധീകൃതമായി.

പൊന്തിഫിക്കൽക്രമത്തിന്റെ വിശദീകരണവും, പഞ്ചാംഗവും, കുർബാനയ്ക്കുള്ള വായനകളും പൗരസ്ത്യതിരുസംഘം ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.[17]

പാരമ്പര്യവാദികളായ കുറെപ്പേർ എതിർക്കുന്നുണ്ടെങ്കിലും സീറോ മലബാർ ലിററർജിയിൽ മാററങ്ങൾ വന്നുകഴിഞ്ഞു; ഇനിയും മാററങ്ങൾ ഉണ്ടാകും എന്നതും വസ്തുതയാണ്.

## സീറോ മലങ്കര ആരാധനക്രമം

സാമാന്യമായി പറഞ്ഞാൽ മലബാറിലെ യാക്കോബായക്കാർ പരിശുദ്ധ അന്ത്യോക്യൻ റീത്ത് ആചരിക്കുന്നുണ്ട്.[18] മുൻ സൂചിപ്പിച്ചതുപോലെ യാക്കോബായ തിരുക്കർമ്മങ്ങൾ പൂർണ്ണമായി ആരംഭിച്ചിട്ട് അധികകാലമായിട്ടില്ല. പത്തൊമ്പതാം നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിലാണ് അതു നടപ്പിലായത്. അതിനു മുമ്പ് ലത്തീൻ സ്വാധീനമുള്ള കൽദായ ലിററർജികൊണ്ട് മാർത്തോമ്മാക്കാരുടെ അനുയായികൾ തൃപ്തിയടഞ്ഞിരുന്നു. എന്നാൽ പുളിച്ച അപ്പവും കൈക്കുരിശും മററു യാക്കോബായ ചിഹ്നങ്ങളും അവർ ഉപയോ

ഗിച്ചിരുന്നു. സെൻറ് ജെയിംസിൻെറ അനാഫറ, മാർ എമ്പ്രേ വൂസിൻേറതെന്നു കരുതപ്പെടുന്ന മാമ്മോദീസാക്രമം എന്നീ അന്ത്യോക്യൻ റീത്തിലെ ഭാഗങ്ങൾ 18-ാം നൂററാണ്ടിലെ യാക്കോബായ കൈയെഴുത്തു പ്രതികളിൽ ഉണ്ടായിരുന്നു.

പ്രോട്ടസ്റ്റൻറു സ്വാധീനം മൂലം മാർത്തോമ്മതിരുക്കർമ്മങ്ങളുടെ വലിയ ഭാഗം മലയാളത്തിലാണ്. മാർത്തോമ്മാക്കാർ സുറിയാനിയുടെ ഉപയോഗംതന്നെ ഉപേക്ഷിച്ചു കളഞ്ഞു.

യാക്കോബായക്കാരുടേയും പിന്നീട് മലങ്കരകത്തോലിക്കരുടേയും കുർബാനപുസ്തകത്തിൽ പാശ്ചാത്യ സുറിയാനിയാണ് മലയാളവിവർത്തനത്തോടുകൂടെ ഉപയോഗിച്ചിരിക്കുന്നത്. അടുത്ത കാലംവരെ കുർബാനയർപ്പിക്കുന്ന പുരോഹിതൻെറ സാമർത്ഥ്യത്തിനും മനോധർമ്മത്തിനും വിട്ടുകൊടുക്കുകയായിരുന്നു ഈ വിവർത്തനങ്ങൾ. അതുകൊണ്ടു പല തെററുകളും പററിയിട്ടുണ്ട്. ഇപ്പോൾ യാക്കോബായക്കാർക്കും മലങ്കര കത്തോലിക്കർക്കും ശരിയായ തർജ്ജമപുസ്തകമുണ്ട്.

യാക്കോബായ കേന്ദ്രമായ പാമ്പാക്കുടയിൽ പ്രസ്സുണ്ടായപ്പോൾ അനാഫറാപുസ്തകം തുടങ്ങി വിവിധ ആരാധനാക്രമത്തിൻെറ പല പതിപ്പുകൾ പുറപ്പെടുവിച്ചു. ഇതിൽ അഞ്ചെണ്ണം 1886-ലും 16 എണ്ണം 1931-ലും പ്രസിദ്ധീകൃതമായി.[19] ഇതു കൂടാതെ വിവിധ ശുശ്രൂഷകളുടെ പുസ്തകവും അച്ചടിച്ചു. നിനിവേക്കാരുടെ മൂന്നു നൊയമ്പ്, (1933, 50 പേജ്,) നൊയമ്പിലെ ആദ്യത്തെ അഞ്ചുദിവസത്തെ പ്രാർത്ഥനകൾ (1932 106 പേജ്) വിശുദ്ധ വാരം (1931, 92 പേജ്) ദനഹാത്തിരുനാളിലെ ജലത്തിൻെറ ആശീർവ്വാദം തുടങ്ങിയ മററുകർമ്മങ്ങളും അടങ്ങിയ പുസ്തകങ്ങൾ ഉണ്ടായിട്ടുണ്ട്.

പാമ്പാക്കുട പ്രസ്സിൽ അച്ചടിച്ച പുസ്തകങ്ങൾ.

1. കൂദാശകളുടെ ക്രമം (അന്ത്യലേപനം ചേർത്തിട്ടില്ല 1936)
2. അന്ത്യലേപനക്രമം (1907, 1932)
3. വൈദികരുടെ ശവസംസ്കാരം (1905, 1938)
4. അൽമായരുടെ ശവസംസ്കാരം 1880
5. ആഴ്ചവട്ടത്തിലെ നമസ്കാരം

സീറോ മലങ്കര കത്തോലിക്കർ താഴെപ്പറയുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. 1934-ൽ പാമ്പാക്കുടയിൽ അച്ചടിച്ച കുർബാന പുസ്തകം. അതിൽ മാർ ക്രിസോസ്തോസിൻേറയും മാർ ജയിംസി

ൻേറയും ചെറിയ അനാഫോറകളും മററു കർബാനയുടെ കർമ്മങ്ങളും ഉണ്ടു്.

2. 1949–ൽ തിരുവല്ലായിൽ അച്ചടിച്ച കുർബാന പുസ്തകം. അതിൽ മാർ ക്രിസ്റ്റോസിൻെറ അനാഫൊറ മാത്രമേയുള്ളൂ. ഇതിനു മലയാളവിവർത്തനമുണ്ടു്.

3. 1933–ൽ തിരുവല്ലായിൽ അച്ചടിച്ച ആറാം പട്ടക്കാരൻെറ പ്രാർത്ഥന അടങ്ങിയ പുസ്തകം. തിരുവല്ലായിൽ ആരാധനപ്പുസ്തകങ്ങൾ അടിക്കാൻ വേണ്ടത്ര സൗകര്യമുള്ള പ്രസ്സുണ്ടല്ലോ.

4. സാധാരണ കാനോനനമസ്കാരം 1943

5. മലയാളത്തിൽ കർമ്മങ്ങളെപ്പററി മൂന്നു പുസ്തകം. 1941–3, അൽമായരുടെ നമസ്കാരം മലയാളത്തിൽ, 1947.

6. അന്ത്യോക്യൻ റീത്തിനനുരൂപമായ മെത്രാൻപട്ട ശുശ്രൂഷയുടെ മലയാള വിവർത്തനം 1953

---

1. B. V. Vatic. Syr. 45, 46, 62, 65, 85, 88

2. ജി ഷുർഹാമർ, The Malabar Church and Rome. തൃശ്ശിനാപ്പിള്ളി 1934, പേജ് 15–20, 1518-ൽ മാർത്തോമ്മാക്രിസ്ത്യാനികൾ റോമൻസമ്പ്രദായം സ്വീകരിക്കണമെന്നു് പെൻറാഡോ (Penteado) എഴുതി. ഷുർഹാമർ കണ്ടെടുത്ത രേഖകൾ പിന്നീടു് എ. ഡിസിൽവറേഗോ പ്രസിദ്ധം ചെയ്തു. Documentacao dara a Historia das missoes do padroado Fortugues do Oriente, ഇൻഡ്യാ ലിസ്ബൺ 1947 വാല്യം രണ്ടു്, പേജ് 352–6, 357–60. വാല്യം മൂന്നു്, പേജ് 543–54, വാല്യം നാലു് പേജ് 477–87.

3. ഫ്രാൻസീസ് സേവ്യർ ജോൺ മൂന്നാമൻ രാജാവിനു് Epistolae S. Francisci Xaverii 26 ജനുവരി 1549 Rome 1945 വാല്യം 2 പേജ് 62

4. മേൽപേജ് 37

5. മേൽപേജ് 40

6. ജി. ഷുർഹാമർ, മേൽപേജ് 22

7. മേൽപേജ് 46

8. Bullarum Patronatus Portugalliae ലിസ്ബൺ, 1873, അനുബന്ധം 1 പേജ് 75

9. മേൽപേജ് 64

10. ഇതു് എന്നും എന്നേക്കും ആയിരിക്കട്ടെ (hoc erit nobi pignus in saecula saecularum) എന്ന ശൈലി ഇപ്പോൾ സീറോ മലബാർ ലിററർജിയിൽ ഇല്ല. സൂനഹദോസിൻെറ ഔദ്യോഗികരേഖ

കളിൽ കാണുന്ന ലോകാവസാനംവരെ (Usque ad consummationem saeculorum) എന്ന തിരുത്തു് റോമിലെ ഈശോസഭാഗ്രന്ഥശേഖരത്തിൽ കാണുന്നുണ്ടു്. Fondo Gesuitico Missioni di Malabar എന്ന പോർട്ടുഗീസ് രേഖയിൽ അതുകാണുന്നില്ല. സൂനഹദോസിന്റെ നടപടികളുടെ കയ്യെഴുത്തുപ്രതിയിൽ ചിലതെല്ലാം വിട്ടുകളഞ്ഞതായും മററു ചിലതു് കൂട്ടിച്ചേർത്തതായും കാണുന്നുണ്ടു്. എന്നാൽ അഞ്ചാം നടപടി (Actio V) യുടെ ഒന്നാം ഡിക്രിയിൽ വളരെയധികം വിട്ടുകളഞ്ഞതായും ചില സ്ഥലങ്ങളിൽ മാററം വരുത്തിയതായും കാണാം. ഒരുപക്ഷേ, ഈ വ്യത്യാസങ്ങൾ ഫാദർ റോസ്‌തന്നെ വരുത്തിയതാകാം. ഫാദർ ജി. എം. അൻറാവോ (Fr. G. M. Antao) ഒന്നാംഡിക്രി പതിനാറാം രേഖ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു് (De synodi diamperitanae atque decretis (ഗോവ, 1952, പേജ് 166–70). സീറോമലബാർസഭയുടെ പഞ്ചാംഗത്തെപ്പററി ഗ്രഹിക്കുവാൻ എൻ. നില്ലസിന്റെ (N. Nilles) "Das syro-chaldaiche Kirchenjahr des Thomaschristen, Z. K. T. 20 (1896) പേജ് 726-39, Kalendarium manuale utriusque ecclesiae orientalis et occidentalis, ഇൻസ്ബ്രൂക്ക്, 1897, രണ്ടാംപതിപ്പ്, വാല്യം രണ്ടു് പേജ് 647–76, എന്നീ പുസ്തകങ്ങൾ കാണുക.

11. താഴെപ്പറയുന്ന ശീർഷകത്തിലാണു് കൊടുത്തിരിക്കുന്നതു് Missa de que usamos antigos christians Sao Thome....purgada dos erros et blasphemias nestorianai....transeads siriaco, ou soriano de verbo ad verbum em lingua latina, കോയിമ്പ്ര, 1606, 9 വശങ്ങൾ

12. ഇ. റെനഡോട്ടു് (E. Renaudot) Liturgiarum orientalm collection, പാരീസ്, 1716, വാല്യം മുൻപേജ് 468–538. ഈ റെനഡോട്ടിന്റെ രേഖ കുറിപ്പുകളോടെ subsidum ad Bullarium patronatus Portugalliae, അലപ്പി, 1903, പേജ് 17–50 എന്ന ഗ്രന്ഥത്തിൽ കാണാം.

13. ഗുവെ പ്രസിദ്ധീകരിച്ച തർജ്ജമയിൽ കാണുന്ന സീറോ മലബാർ ലിററർജിയുടെ രേഖയും ഉർമിയ (Urmiah) അച്ചടിച്ച രേഖയിലും റെനഡോട്ടു്, ബഡ്ഗാർ, ബ്രൈററ്മാൻ എന്നിവർ തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ച Liturgies Eastern and Western, ഓക്സ്ഫോർഡ് 1896, വാല്യം ഒന്നു്, പേജ് 252-305, എന്ന ഗ്രന്ഥത്തിലുംകൂടി ആദായിയുടേയും മാരിയുടേയും ലിററർജി എന്നു് അറിയപ്പെട്ടിട്ടുള്ള രേഖയും തമ്മിൽ ആർ. എച്ച്. കോണോളി. ഒ. എസ്. ബി. നിഷ്കൃഷ്ടമായ താരതമ്യപഠനം നടത്തിയിട്ടുണ്ടു്. R. H. Connolly. O S.B. 'The work of menezes on Malabar Liturgy' J. T. S. 15 (1914) പേജ് 396-425, 569–89 (എഡ്മണ്ടു് ബിഷപ്പിന്റെ കുറിപ്പുകൾകൂടി (പേജ് 589–93) ഈ പുസ്തകത്തിൽ കാണാം) മുൻപറഞ്ഞ രണ്ടു രേഖകൾക്കും വളരെയധികം സാമ്യം ഉണ്ടെന്നു് ഫാദർ കൊണോളി സ്ഥാപിക്കുന്നു. ഓരോ തിരുത്തലിന്റേയും സ്വഭാവം എന്തെന്നു് അദ്ദേഹം വിശകലനം

ചെയ്യുന്നുണ്ടു്. കൂദാശാകർമ്മത്തിലെ വാചകങ്ങളെപ്പററി പ്രത്യേകം പഠനം നടത്തിയിട്ടുണ്ടു്. വിശ്വാസപ്രമാണം, കൂദാശാവാക്യം, (words of consecration) ലത്തീൻകുർബാനയിലെ Te igitir എന്ന പ്രാർത്ഥനയിലെ ചില വാക്കുകൾ ചേർത്ത സമൂഹം ചൊല്ലുന്ന പ്രാർത്ഥന എന്നിവയിലാണു് ലത്തീൻ സ്വാധീനം ഉള്ളതു് എന്നു് അദ്ദേഹം പറയുന്നു. ലിബ്രൻെറ (Le Brun) കൃതി അദ്ദേഹം അവഗണിച്ചതായിതോന്നുന്നു. ആ കൃതിയെപ്പററി അദ്ദേഹം പരാമർശിച്ചിട്ടില്ല. ജെ. എം. ഹാൻസെൻസു് (J. M. Hanssens S. J.) തൻെറ Institutiones Lituagical de Ritibus Orientaluim, റോം, 1930, വാല്യം രണ്ടു്, പേജ് 389–93, 502–6, എന്ന കൃതിയിൽ കൽദായ സീറോമലബാർ ലിററർജികളെ താരതമ്യം ചെയ്തിട്ടുണ്ടു്. കൂടാതെ സീറോമലബാർ ലിററർജിയുടെ ചരിത്രവും, 1775–ലെ റോമൻപതിപ്പു് തയ്യാറാക്കിയതിൻെറ വിവരണവും പ്രസ്തുത പുസ്തകത്തിലുണ്ടു്. അഗസ്റ്റീനിയൻ സന്യാസിയായ ജെ. ബി. (ഡിഗ്ലെൻ) (J B. de Glen) ബ്രസ്സൽസിൽനിന്നു് 1609–ൽ പ്രസിദ്ധീകരിച്ച കൃതിയെപ്പററി അതു നേരിട്ടു കണ്ടിട്ടില്ലെങ്കിലും കോണോളിയും ഹാൻസനും എടുത്തു പറയുന്നു. La messe des anciens chretiens de Saint Thomas, en leveche d Angamalle, es Indes orientales, repurgee des erreurs et blasphemes du nestorianisme, par.... Don Alexis de Menses....y premise une remonstrancet catholique aux peuples du Pays-Bas, des fruits et utilites de la precedente histoire et de la messe subsequente, ആറു ഭാഗങ്ങൾ. 123 പേജുകൾ 81 മുതൽ 123 വരെയുള്ള പേജുകളിൽ ഗ്ഗുവെയുടെ ലത്തീൻ തർജ്ജമ എടുത്തു ചേർത്തിട്ടുണ്ടു്. ഗ്രന്ഥത്തിൻെറ മററു ഭാഗങ്ങൾ പ്രോട്ടസ്റ്റൻറു് വാദഗതിക്കെതിരെയുള്ള തെളിവുകളാണു്. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിലുള്ള കുർബാനയിലെ ബലിയുടെ അസ്തിത്വം, വിശുദ്ധരോടുള്ള വണക്കം, മണിയുടെ ഉപയോഗം, കുരിശുവര എന്നിവ ചൂണ്ടിക്കാണിച്ച തെളിവുനല്കിയിട്ടുണ്ടു്.

14. Hierarchia Carmelitana A. O. C. E. 13 (1931) പേജ് 37

15. Missale chaldeicum ex decreto S. C. Propaganda Fide editum, റോം, 1767, പേജ് 614 നാലാംഭാഗം

16. Subsidum od Bullarum പേജ് 56 മുതൽ

17. റാസയുടെ ഇംഗ്ലീഷ് തർജ്ജമ ഫാദർ ആൻഡ്രൂസ് കളപ്പുര പ്രസിദ്ധീകരിച്ചു. An English Version of Rasa or the Syriac Pontifical High Mass, വരാപ്പുഴ, 1924, പേജ് 148, 131 പേജു മുതൽ 148 പേജു വരെയുള്ള പേജുകൾ മററു പ്രാർത്ഥനകളാണു്. The Liturgy of St. Thomas Christians or Rasa of Syro Malabar Rite, മാന്നാനം, 1954, പേജ 205, എന്ന പേരിൽ ചരിത്രപരവും തിരുക്കർമ്മസംബന്ധവുമായചില കുറിപ്പുകളോടെ റാസയുടെ കുറെക്കൂടി മെച്ചപ്പെട്ട തർജ്ജമ ഫാദർ ഫാബിയൻ ഒ. സി. ഡി. പ്രസിദ്ധം ചെയ്തു.

17. ജെ. ചാവേലിൽ, Restoratian of Syro Malabar Rite, കാരിത്താസ്, ആലുവ, 1962, പേജ് 121-124

18. തെററായ തലക്കെട്ടുള്ള G. B. ഹോവാർഡിൻെറ പുസ്തകം വാസ്ത വത്തിൽ മലബാറിൽ നടപ്പിലുള്ള യാക്കോബായ ആരാധനക്രമത്തെ യാണു പരാമർശിക്കുന്നതു്: "The Christians of St. Thomas and their Liturgies comprising Anaphoras of St. James, St. Peter. പന്ത്രണ്ട് അപ്പസ്തോലന്മാർ, മാർ ഡയനീഷ്യസ്, മാർ ക്രിസ്റ്റസ്, മാർ ഇവാനിയോസ്, Ordo Communis സുറിയാനി കയ്യെഴുത്തുപ്രതിയിൽ നിന്നു വിവർത്തനം ചെയ്തു. Oxford and London 1864.

19. 1886ലെ പതിപ്പിൽ താഴെപ്പറയുന്നവരുടെ അനാഫോറകം ഉണ്ട്; മാർ ജെയിംസ്, മാർ ഡയനീഷ്യസ് ബർസ്ലിബി, മാർ മാത്യു, മാർ എവുസ്റ്റാക്കിയോസ്, മാർ ജൂലിയോസ്. 1931ലെ പതിപ്പിൽ താഴെ പറയുന്നവരുടെ അനാഫോറകം ഉണ്ട്. മാർ ജെയിംസ്, മാർ ഡയനീഷ്യസ് ബർസ്ലീബി, ക്രസോസ്തോമോസ് ഇവാനിസ് എന്ന പേരിൽ അറിയപ്പെട്ടന്ന ഹാറാനിലെ മാർ ജോൺ, മാർ ജോൺ (യൂന്നഹോൻ) മാർ മാത്യു, മാർ എവുസ്റ്റാക്കിയോസ്, മാർ ജൂലിയോസ്, മാർ ക്ലിമ്മോസ്, മാർ പീററർ, പന്ത്രണ്ടു ശ്ലീഹന്മാർ, മാർ അബ്രാഹം, മാർ ലാസറസ്, അന്ത്യോക്യയിലെ പാത്രിയക്കീസ്, മാർ പീററർ (കല്ലിനിക്കോസ്), അന്ത്യോക്യയിലെ മാർ ഇഗ്നാത്തിയോസ്, സുവിശേഷകനായ മാർ മക്കോസ്, ഹാർക്കോലിലെ മാർ തോമസ്,

Anaphorae Syriacae quotquot in codicibus adhuc repertac sunt, cura Pontifici Iustituti Studiorun Orientalium editae et latin Versae, റോം, 1939, വാല്യം ഒന്നു്, പേജ് 46.

# അനുബന്ധം മൂന്ന്

## സുപ്രധാനസംഭവങ്ങൾ

52 ക്രിസ്തുവിൻെറ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളായ സെൻറ് തോമസ് കേരളത്തിൽ വന്നു.

295 ദാവീദ മെത്രാൻ ബസ്രായിൽനിന്നും ഇന്ത്യയിലേക്കു യാത്ര തിരിക്കുന്നു.

325 നിക്യാ സൂനഹദോസിൽ ഇന്ത്യയുടെ മെത്രാപ്പോലീത്ത മാർ യോഹന്നാൻ സംബന്ധിച്ചു.

345 സുറിയാനി കുടിയേററക്കാർ കൊടുങ്ങല്ലൂരിൽ വന്നു.

354–356 തിയോഫിലോസ് മെത്രാൻ ഇന്ത്യ സന്ദർശിക്കുന്നു.

410 സെലൂഷ്യ–സെസിഫോൺ അതിമെത്രാസനത്തിൻെറ തായ സെലൂഷ്യർ കൗൺസിൽ

421 സെലൂഷ്യ–സെസിഫോണിലെ മെത്രാപ്പോലീത്ത കാതോലിക്കോസ് എന്ന അഭിധാനം സ്വീകരിക്കുന്നു.

424 മാക്ബെത്തായിലെ സൂനഹദോസ്. മെസപ്പൊട്ടേമിയൻ സഭ ആൻറിയോക്കിയൻ സഭയിൽനിന്ന് സ്വതന്ത്രമാകുന്നു.

450 ഇന്ത്യൻസഭ സെലൂഷ്യൻ സഭയുമായി ദൃഢബന്ധത്തിലാകുന്നു.

535 കോസ്മസ് ഇൻഡിക്കോപ്ലെവുസ്റ്റസ് ഇന്ത്യ സന്ദർശിക്കുന്നു.

590 ഒരു ഫ്രാങ്കു സന്യാസിയായ തിയഡോർ മൈലാപ്പൂർ സന്ദർശിക്കുന്നു.

650–60 ഇന്ത്യയും സെലൂഷ്യയുമായി തക്കം

714 സെലൂഷ്യൻ സഭയുടെ കീഴിൽ ഇന്ത്യ ഒരു അതിരൂപതയായി.

825 കാനയിലെ തോമാ മെത്രാൻ മലബാറിൽ എത്തുന്നു.

825–858 ഇന്ത്യയിലെ സുറിയാനി സഭയ്ക്കു സംപൂർണ്ണ പദവി ലഭിക്കുന്നു.

880 മാർ സാബോർ, മാർ പ്രോത്തു് എന്നിവർ മലബാറിൽ എത്തിച്ചേരുന്നു.

883 ആൽഫ്രെഡ് രാജാവിൻെറ പ്രതിനിധി മൈലാപ്പൂരിൽ

1122 ഇന്ത്യയുടെ മെത്രാപ്പോലീത്ത (2) യായ മാർ ജോൺ റോം സന്ദർശിക്കുന്നു.

1293 മാർക്കോപോളോ ഇന്ത്യ സന്ദർശിക്കുന്നു.

1293 ജോൺ മോൺറികാർവീനോ ഇന്ത്യ സന്ദർശിക്കുന്നു.

1300 നോർബർട്ടൈൻ സഭയിൽപ്പെട്ട കാനൺ ഹൈത്തോൺ മലബാർ സന്ദർശിക്കുന്നു.

1315 മാർ ജേക്കബ്ബ് ഇൻഡ്യയുടെ മെത്രാപ്പോലീത്തയായി.

1321 ജോർഡൻ കത്തലാനി ബോംബെയ്ക്കു സമീപമുള്ള താനാ സന്ദർശിക്കുന്നു.

1321 ഒഡെറിക്കോ ഡി പോഡെർനോൺ താനയും മലബാറും സന്ദർശിക്കുന്നു.

1329 ജോർഡൻ കത്തലാനി കൊല്ലത്തെ ആദ്യത്തെ ലത്തീൻ മെത്രാനായി.

1348–9 ജോൺ മരിഞ്ഞോള കൊല്ലം സന്ദർശിക്കുന്നു.

1415–38 നിക്കോളാസ്സ് ഡി കോണ്ടി മൈലാപ്പൂരും മലബാറും സന്ദർശിക്കുന്നു.

1490 സീറോ മലബാർ പുരോഹിതനായ ജോസഫ് മെസപ്പൊട്ടേമിയായിലേക്കു പോകുന്നു.

1496 മാർ തോമസ്, മാർ ജോൺ എന്നീ മെത്രാന്മാരോടുകൂടെ അദ്ദേഹം മലബാറിൽ മടങ്ങിയെത്തുന്നു.

1498 വാസ്ക്കോഡിഗാമ കോഴിക്കോട്ട് വന്നിറങ്ങുന്നു.

1501 മാർ യാബല്ലാ, മാർ ദെൻഹ, മാർ യാക്കോബ് എന്നീ മെത്രാന്മാർ മലബാറിൽ എത്തുന്നു.

1503 വാസ്ക്കോഡിഗാമ ആദ്യമായി സുറിയാനി കത്തോലിക്കരുമായി കണ്ടുമുട്ടുന്നു.

1503 കൊച്ചി പോർട്ടുഗീസുകാർ കൈവശപ്പെടുത്തി.

1504 കൊടുങ്ങല്ലൂർ പോർട്ടുഗീസുകാർ കൈയ്യടക്കുന്നു.

1514 ഇന്ത്യയുടെമേൽ അധികാരമുള്ള ഫുങ്കാൽ മെത്രാസനം സ്ഥാപിക്കപ്പെടുന്നു.

1523 മൈലാപ്പൂരിൽ മാർത്തോമ്മാശ്ലീഹായുടെ കബറിടം കണ്ടെത്തുന്നു.

1539 ഗോവ, ഫുങ്കാൽ രൂപതയുടെ സാമന്തരൂപതയായി സ്ഥാപിക്കപ്പെടുന്നു.

1544 വിശുദ്ധ ഫ്രാൻസീസ് സേവ്യർ കേരളത്തിൽ വന്നു.

1546 കൊടുങ്ങല്ലൂരിൽ ഒരു സെമ്മിനാരി സ്ഥാപിക്കപ്പെടുന്നു.

1547 മൈലാപ്പൂരിൽ ഒരു പേർസ്യൻ കുരിശു കണ്ടെത്തുന്നു.

1549 വിശുദ്ധ ഫ്രാൻസീസ് സേവ്യർ രണ്ടാം പ്രാവശ്യം കേരളം സന്ദർശിക്കുന്നു.

1552 കൊച്ചിയിൽ ഈശോസഭക്കാരുടെ സെമ്മിനാരി സ്ഥാപിക്കുന്നു.

1552 കൽദായസഭ റോമാസഭയുമായി പുനരൈക്യപ്പെട്ടു.

1556 മാർ ജോസഫും മാർ ഏലിയാസും ഗോവയിൽ എത്തുന്നു.

1557 ഗോവ അതിരൂപതയാകുന്നു, കൊച്ചി അതിൻെറ സാമന്തരൂപതയും.

1557–60 സുറിയാനി ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള ഈശോസഭക്കാരുടെ പ്രഥമ മിഷൻ.

1558 മാർ ജോസഫും മാർ എലിയാസും മലബാറിൽ എത്തുന്നു.

1560 ക്രിസ്ത്യാനികൾക്കു് അനുകൂലമായി കൊച്ചിയിലെ രാജാവു് ഒരു രാജകിയ വിളംബരം പ്രഖ്യാപിക്കുന്നു.

1561 മാർ ജോസഫ് യൂറോപ്പിലേക്കു പോകാൻ നിർബ്ബന്ധിതനാകുന്നു.

1563 മാർ അബ്രാഹം ഇന്ത്യയിൽ

1564 മാർ ജോസഫ് ഇന്ത്യയിലേക്കു മടങ്ങുന്നു.

1564 മാർ അബ്രാഹം മെസപ്പൊട്ടേമിയായിലേക്കു രക്ഷപ്പെടുന്നു.

1565 മാർ ജോസഫ് യൂറോപ്പിലേക്കു മടങ്ങുന്നു.

1567 ഗോവായിലെ പ്രഥമ സൂനഹദോസ്

1569 മാർ ജോസഫ് റോമിൽവച്ചു ചരമമടയുന്നു.

1575 ഗോവായിലെ രണ്ടാമത്തെ സൂനഹദോസ്

1577 വൈപ്പിക്കോട്ടയിൽ ഒരു സെമിനാരി സ്ഥാപിക്കുന്നു.

1577 മാർ സൈമൺ എന്ന നെസ്തോറിയൻ മെത്രാൻ മലബാറിൽ എത്തിച്ചേരുന്നു.

1583 അങ്കമാലിയിലെ പ്രഥമ സൂനഹദോസ്

1585 ഗോവായിലെ മൂന്നാമത്തെ സൂനഹദോസ്

1592 ഗോവായിലെ നാലാമത്തെ സൂനഹദോസ്

1595 അലെക്സീസ് ഡി മെനസീസ് ഗോവാമെത്രാപ്പോലീത്തായാകുന്നു.

1597 മാർ അബ്രാഹമിന്റെ ചരമം

1599 ഉദയംപേരൂർ സൂനഹദോസ്

1599 ഫ്രാൻസീസ് റോസ് എസ്. ജെ. സുറിയാനിക്കാരുടെ മെത്രാനാകുന്നു.

1606 അങ്കമാലിയിലെ രണ്ടാമത്തെ സൂനഹദോസ്

1608 അങ്കമാലി വീണ്ടും മെത്രാസനമാകുന്നു.

1624 റോസുമെത്രാന്റെ മരണം

1628 ഫാ. ഫ്രാൻസീസ് ദൊണാത്തി ഒ. പി. മലബാറിൽ

1637 തോമസ് ഡികൃാംപോ ആർച്ചുഡീക്കൻ

1652 അഹത്തല്ല കൊച്ചിയിൽ

1653 കൂനൻകുരിശു സത്യം

1653 ആർച്ചു ഡീക്കനെ ആലങ്ങാട്ടു വെച്ച് അനധികൃതമായി 'അഭിഷേചിക്കുന്നു'

1657 കേരളത്തിലെ ആദ്യത്തെ കർമ്മലീത്താ മിഷൻ

1659 മോൺ. സെബസ്ത്യാനി ഓ. സി. ഡി. ആദ്യത്തെ മലബാർ വികാരി അപ്പസ്തോലിക്ക.

1661 ബിഷപ്പ് സെബസ്ത്യാനി കൊച്ചിയിലെത്തുന്നു. രണ്ടാമത്തെ കർമ്മലീത്താ മിഷൻ

1661 ഡച്ചുകാർ കൊല്ലം കൈവശപ്പെടുത്തുന്നു.

1662 ഡച്ചുകാർ കൊടുങ്ങല്ലൂർ കൈപ്പിടിയിലൊതുക്കുന്നു.

1663 കൊച്ചിയും ഡച്ചുകാർ പിടിച്ചടക്കുന്നു.

1663 ഫെബ്രുവരി 1 മോൺ. പറമ്പിൽ ചാണ്ടിയെ മെത്രാനായി വാഴിച്ചശേഷം ബിഷപ്പ് സെബസ്ത്യാനി കേരളം വിടുന്നു.

1665 യാക്കോബായമെത്രാൻ മാർ ഗ്രിഗോരിയോസ് കേരളത്തിൽ

1682 വരാപ്പുഴ ഒരു സെമിനാരി തുടങ്ങുന്നു.

1685 രണ്ടാമത്തെ യാക്കോബായ മിഷൻ കേരളത്തിൽ

1700 അഡ്ഡാണയിലെ മാർ സൈമൺ കേരളത്തിൽ

1704 മാർത്തോമ്മ നാലാമൻ റോമയുമായി പുനരൈക്യപ്പെട്ട വാൻ ശ്രമിക്കുന്നു.

1730 അഥവാ 1731 മാർ ഗബ്രിയേൽ എന്ന നെസ്തോറിയൻ മെത്രാൻെറ ചരമം

1747 നെസ്തോറിയനായ മാർ ജോൺ കേരളത്തിൽ വരുന്നു.

1748 മാർ തോമസ് അഞ്ചാമൻ റോമയുമായി പുനരൈക്യപ്പെടാൻ ശ്രമിക്കുന്നു.

1751 മലബാറിലേക്കുള്ള മൂന്നാമത്തെ യാക്കോബായമിഷൻ.

1764 വരാപ്പുഴയിലെ സെമിനാരി പുനഃസ്ഥാപിക്കുന്നു.

1782 ജോസഫ് കരിയാററി മെത്രാനായി നിയമിക്കപ്പെടുന്നു

1786 ഗോവയിൽവെച്ച മാർ കരിയാററി മരിക്കുന്നു

1795 കൊച്ചിനഗരം ബ്രിട്ടീഷുകാരുടെ അധീനത്തിലാകുന്നു.

1799 മാർ ഡയനീഷ്യസ് ആറു മാസക്കാലത്തേയ്ക്കു കത്തോലിക്കനാകുന്നു.

1807 യാക്കോബായ മെത്രാനായ മാർ ഡിയോസ്ക്കോറോസ് മലബാറിൽ

1816 ആദ്യത്തെ ആംഗ്ലിക്കൻ മിഷനറിമാർ തിരുവിതാംകൂറിൽ

1825 മാർ ജേക്കബിനെ യാക്കോബായ പാത്രിയാക്കീസ് കേരളത്തിലേക്ക് അയയ്ക്കുന്നു.

1829–31 കമ്മലീത്താ മൂന്നാംസഭാ സ്ഥാപനം

1836 മലബാർ യാക്കോബായക്കാരുടെ ആദ്യത്തെ സൂനഹദോസ്

1837 യാക്കോബായക്കാരും പ്രോട്ടസ്റ്റൻറു മിഷനറിമാരും തമ്മിൽ സംഘട്ടനം

1838 വരാപ്പുഴ വികാരിയാത്തു സ്ഥാപിക്കപ്പെടുന്നു.

1846 യാക്കോബായ മെത്രാനായ മാർ കൂറിലോസ് കേരളത്തിൽ

2857 മാർ കൂറിലോസ് അന്ത്യോക്യയിലെ സിറിയൻറീത്ത് ഇന്ത്യയിലെ യാക്കോബായക്കാർക്ക് നിർബന്ധമാക്കുന്നു.

1861 കൽദായമെത്രാൻ മാർ റോക്കോസ് കേരളത്തിൽ

1862 മാർ റോക്കോസ് മെസപ്പൊട്ടേമിയായിലേക്കു മടങ്ങുന്നു.

1874 കൽദായ മെത്രാനായ മാർ മേലൂസ് മലബാറിൽ

1875 യാക്കോബായ പാത്രിയർക്കീസായ പീററർ ഏഴാമൻ കേരളത്തിൽ.

1876 രണ്ടാമത്തെ യാക്കോബായ സൂനഹദോസ്

1882 റോം മാർ മേലൂസിനെ മഹറോൻ ചൊല്ലുന്നു. അദ്ദേഹം ഇന്ത്യ വിടുന്നു.

1882 പുത്തമ്പള്ളി സെമ്മിനാരി സുറിയാനിക്കാരുടേയും ലത്തീൻകാരുടേയും കേന്ദ്രസെമ്മിനാരിയാകുന്നു.

1886 ഇന്ത്യയിൽ കത്തോലിക്ക ഹയരാർക്കി സ്ഥാപിക്കപ്പെടുന്നു.

1887 കോട്ടയത്തും തൃശ്ശൂരും രണ്ട് അപ്പസ്തോലിക്ക് വികാരിയാത്തുകൾ സ്ഥാപിതമാകുന്നു. മെഡലിക്കോട്ട് (തൃശ്ശൂർ) ലവീഞ്ഞ് (കോട്ടയം).

1896 എറണാകുളത്തും ചങ്ങനാശ്ശേരിയിലും പുതിയ വികാരിയാത്തുകൾ. കോട്ടയത്തിനു പകരമാണ് ചങ്ങനാശ്ശേരി സ്ഥാപിതമായത്. മാർ ജോൺ മേനാച്ചേരി (തൃശ്ശൂർ) മാർ മാത്യു മാക്കിൽ (ചങ്ങനാശ്ശേരി) മാർ ലൂയിസ് പഴേ പറമ്പിൽ (എറണാകുളം)

1907 തൃശ്ശൂരിലെ മേലൂസ് ശീശ്മയിൽ പെട്ടിരുന്നവർ നെസ്തോറിയരായിത്തീരുന്നു.

1908 യാക്കോബായ പാത്രിയർക്കീസിൻെറ ഒരു പ്രതിനിധി മലബാറിൽ സ്ഥിരതാമസമാക്കുന്നു.

1909 യാക്കോബായ പാത്രിയർക്കീസായ അബ്ദുള്ള മലബാറിൽ

1910 ഇന്ത്യയിലെ യാക്കോബായർ രണ്ടു പാർട്ടിയായി ഭിന്നിക്കുന്നു.

1911 ആഗസ്റ്റ് 29–തെക്കുംഭാഗക്കാർക്കായുള്ള പുതിയ കോട്ടയം വികാരിയാത്തു സ്ഥാപനം "In Universi Christiani" of St. Pius X) മാർ മത്തായി മെത്രാനെ അതിൻെറ അദ്ധ്യക്ഷനാക്കി.

1911 ആഗസ്റ്റ് 29–എറണാകുളത്തെ കോ അഡ്ജുത്തോർ മെത്രാനായി കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരഞ്ഞെടുക്കപ്പെട്ടു.

1911 ആഗസ്റ്റ് 30 കര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാൻെറ തിരഞ്ഞെടുപ്പ്.

1911 ഡിസം. 3 കണ്ടത്തിൽ മാർ ആഗ്ഗസ്തിനോസ്, കുര്യാളശ്ശേരിൽ മാർ തോമ്മാ ഇവരുടെ മെത്രാഭിഷേകം (കാണ്ടി)

1914 ജനുവരി 14 മാക്കീൽ മാർ മത്തായി മെത്രാൻെറ ചരമം. (കോട്ടയം)

1914 ജൂലൈ 14 ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാൻെറ തിരഞ്ഞെടുപ്പ്. നവംബർ 1 അഭിഷേകം.

1919 ഡിസം 9 പഴേപറമ്പിൽ മാർ ളൂയീസ് മെത്രാൻെറ ചരമം (എറണാകുളം)

1919 ഡിസം 19 മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാൻെറ ചരമം (തൃശ്ശൂർ)

1921 ഏപ്രിൽ 5 വാഴപ്പിള്ളിൽ മാർ ഫ്രാൻസീസ് മെത്രാൻെറ തിരഞ്ഞെടുപ്പ്. ജൂലൈ 6 അഭിഷേകം (തൃശ്ശൂർ)

1923 കോഴിക്കോട്ട രൂപതാസ്ഥാപനം

1923 ഡിസം. 21 തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം സാമന്തരൂപതകളും എറണാകുളം അതിരൂപതയുമാക്കിയുള്ള മലയാള സുറിയാനി ഹയരാക്കി സ്ഥാപനം.

1923 ഡിസം. 21 ആധുനികകാലത്തു് ഇന്ത്യാ സ്വദേശിയായ ആദ്യത്തെ മെത്രാപ്പോലീത്തയായി കണ്ടത്തിൽ മാർ ആഗ്ഗസ്തിനോസ് മെത്രാൻ നിയമിക്കപ്പെട്ടു.

1924 നവ. 14 മലയാള സുറിയാനി ഹയരാക്കി സ്ഥാപനബൂള, മാർപ്പാപ്പയാൽ നിയമിക്കപ്പെട്ട ലെപ്പീസിയെ (Lepicier) മെത്രാപ്പോലീത്താ എറണാകുളത്തുവച്ചു പരസ്യം ചെയ്തു. കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്തായെ പാലിയം ധരിപ്പിക്കയും ചെയ്തു.

1925 ജൂൺ 2 കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാൻെറ ചരമം, റോമായിൽ കണ്ടത്തിൽ മാർ ആഗസ്തീനോസു് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ.

1927 ഒക്ടോബർ 29 കാളാശ്ശേരിൽ മാർ യാക്കോബു മെത്രാൻെറ തിരഞ്ഞെടുപ്പ്. ഡിസംബർ 21 അഭിഷേകം (ചങ്ങനാശ്ശേരി)

1930 വിജയപുരം രൂപതാസ്ഥാപനം

1930 സെപ്റ്റം. 20 യാക്കോബായസഭയിൽനിന്നു മാർ ഇവാനിയോസു് മെത്രാപ്പോലീത്തായുടേയും മാർ തിയോഫിയസു് മെത്രാൻെറയും പുനരൈക്യം.

1932 ജൂൺ 1 മംഗലപ്പുഴയിലുള്ള പഴയ സെമിനാരി ക്കെട്ടിടം നീക്കി തൽസ്ഥാനത്തു പണിയിച്ചതും പുത്തൻപള്ളി

Syro-Malabar സെമിനാരിയെപ്പോലെതന്നെ S Oriental Congregation–ൻെറ കീഴിൽ Delegate Ap. Internuncio–യുടെ നേരിട്ടുള്ള ഭരണത്തിലുള്ളതുമായ പുതിയ സെമിനാരിയിൽ പഠനാരംഭം.

1932 ജൂൺ 11 മലങ്കര സുറിയാനി ഹയരാർക്കിസ്ഥാപനം

1933 നവംബർ 6 തിരുവല്ലാ രൂപതാസ്ഥാപനം.

1937 നവ. 29 മാർ സെവേരിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം.

1937 തിരുവനന്തപുരം ലത്തീൻ രൂപതാസ്ഥാപനം.

1937 മോൺ. ജെറോം ഫെർണാണ്ടസ്, കൊല്ലം മെത്രാൻ

1942 മേയ് 12 വാഴപ്പിള്ളിൽ മാർ ഫ്രാൻസിസ് (തൃശ്ശൂർ) മെത്രാൻെറ ചരമം.

1944 മാർച്ച് 11 ആലപ്പാട്ട മാർ ജോർജ് (തൃശ്ശൂർ) മെത്രാൻെറ തിരഞ്ഞെടുപ്പ്.

1945 ജൂൺ 9 തറയിൽ മാർ തോമ്മാ കോ അഡ്ജൂത്തോർ മെത്രാൻെറ തിരഞ്ഞെടുപ്പ് (കോട്ടയം)

1948 മോൺ. പത്രോണി എസ്. ജെ. കോഴിക്കോട്ട മെത്രാൻ.

1949 ഒക്ടോബർ 27 കാളാശ്ശേരി മാർ യാക്കോബ് (ചങ്ങനാശ്ശേരി) മെത്രാൻെറ ചരമം.

1950 ജനു. 6–18 ബാംഗ്ളൂരിൽ ഇന്ത്യയുടെ ആദ്യത്തെ പൊതുസൂനഹദോസ്. കർദ്ദിനാൾ തോമസ് ഗിൽറോയി അദ്ധ്യക്ഷൻ.

1950 ജൂലൈ 25 എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി പാലാ രൂപതാ സ്ഥാപനം Quo Ecclesiarum of Pius XII) കാവുകാട്ട് മാർ മത്തായി (ചങ്ങനാശ്ശേരി) വയലിൽ മാർ സെബാസ്റ്റ്യൻ (പാലാ) മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്.

1950 നവം 9 കാവുകാട്ട മത്തായി, വയലിൽ മാർ സെബാസ്റ്റ്യൻ മെത്രാന്മാരുടെ അഭിഷേകം (റോമാ.)

1952 ജനുവരി 8. ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ (കോട്ടയം) മെത്രാൻെറ ചരമം.

1952 മോൺ. അലക്സാണ്ടർ എടേഴത്ത് കൊച്ചി മെത്രാൻ ആലപ്പുഴ രൂപത സ്ഥാപിക്കപ്പെടുന്നു. മോൺ. മൈക്കിൾ ആറാട്ടുകുളം ആലപ്പുഴ മെത്രാൻ.

1952 ഡിസംബർ 28  മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നതിൻെറ പത്തൊമ്പതാം ശതാബ്ദിയും വിശുദ്ധ ഫ്രാൻസീസ് സേവ്യറിൻെറ ചരമത്തിൻെറ നാലാംശതാബ്ദിയും പ്രമാണിച്ചുള്ള ആഘോഷം. അതു സംബന്ധിച്ചുള്ള പന്ത്രണ്ടാംപീയൂസിൻെറ തിരുവെഴുത്തു് (Constat Profecto)

1952 ഡിസ. 31  ബോംബെ മെത്രാപ്പോലീത്ത കർദ്ദിനാളായി ഉയർത്തപ്പെടുന്നു.

1953 ജനുവരി 29  തിരുവനന്തപുരം സഹായമെത്രാൻ മാർ ഗ്രിഗോറിയോസിൻെറ അഭിഷേകം

1953 മാർച്ച് 2  സി. എം. ഐ. സഭയ്ക്കു മൂന്നു പ്രോവിൻസുകൾ നിശ്ചയിച്ചു.

1953 ജൂലൈ 15  മാർ ഇവാനിയോസിൻെറ ചരമം

1953 ഒക്ടോബർ 28  പാറേക്കാട്ടിൽ മാർ ജോസഫ് എറണാകുളം മെത്രാപ്പോലീത്തായുടെ സഹായമെത്രാനായി നിയമിക്കപ്പെട്ടു.

1953 നവംബർ 30  കർദ്ദിനാൾ തിസ്സരൻറു് മാർ ജോസഫ് പാറേക്കാട്ടിലിനെ അഭിഷേചിക്കുന്നു (എറണാകുളം)

1953 ഡിസംബർ 6  ഓർത്തോണയിൽനിന്നു കൊണ്ടുവന്ന മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് കൊടുങ്ങല്ലൂർ Pontifical shrine–ൽ സ്ഥാപിച്ചു.

1953 ഡിസ. 3  തലശ്ശേരി രൂപതാ സ്ഥാപനം. മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അഡ്മിനിസ്ത്രേറ്റർ അപ്പസ്തോലിക്കു്

1954 ഏപ്രിൽ 22  സഹായമെത്രാനായി മാർ അത്തനാസിയോസിൻെറ അഭിഷേകം (തിരുവല്ല)

1955 ജനുവരി 18  തിരുവല്ലാമെത്രാൻ മാർ സേവേരിയോസിൻെറ മരണം

1955 ജനുവരി 27  മാർ ഗ്രിഗോറിയോസ് തിരുവനന്തപുരം മെത്രാപ്പോലീത്ത, മാർ അത്തനാസിയോസ്, തിരുവല്ലാ മെത്രാൻ.

1955 ഏപ്രിൽ 28  മലയാള സുറിയാനി ഹയരാർക്കി വികസിപ്പിക്കുന്നു.

ചങ്ങനാശ്ശേരിരൂപതയുടെ അതിർത്തി കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതാപ്രദേശം മുഴുവൻ ഉൾപ്പെടുത്തി. തെക്കോട്ടു കന്യാകുമാരിവരെ വികസിപ്പിച്ചു.

(Multorum Fidelium)

15 തൃശ്ശൂർ രൂപതയുടെ അതിർത്തി കോയമ്പത്തൂർ രൂപതാപ്രദേ

ശങ്ങറാംകൂടി ഉറാംപ്പെടുത്തത്തക്കവെണ്ണം വിപുലമാക്കി (Saepe Fidelium)

തലശ്ശേരിരൂപത മൈസൂർ, മംഗലപുരം എന്നീ രൂപതാപ്രദേശങ്ങറാംകൂടി ഉറാംപ്പെടത്തക്കവിധം വിസ്തൃതമാക്കി. (Pro fidelibus)

കോട്ടയം മെത്രാന്ന വികസിതമായ മലയാള സുറിയാനി പ്രദേശത്തുള്ള തെക്കുംഭാഗക്കാരായ സുറിയാനി കത്തോലിക്കരുടെമേൽ അധികാരം (Personal jurisdiction) (Quae Suddistica gens.)

1955 ഒക്ടോ. 16 തലശ്ശേരിരൂപതയുടെ അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്ക മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.

1955 മോൺ. പീററർ ഫെർണാണ്ടസ് തിരുവനന്തപുരം മെത്രാൻ

1956 ജനുവരി 10 മാർ അഗസ്റ്റിൻ കണ്ടത്തിലിൻെറ ചരമം.

1956 ജൂൺ 27 മാർ തെയോഫിലോസിൻെറ ചരമം.

1956 ജൂലൈ 20 മാർ ജോസഫ് പാറേക്കാട്ടിൽ എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്ത

1956 ജൂലൈ 29 ചങ്ങനാശ്ശേരി അതിരൂപതയായി ഉയർത്തി. കാവുകാട്ട് മാർ മാത്യു മെത്രാപ്പോലീത്ത.

1956 ജൂലൈ 29 കോതമംഗലം രൂപതയുടെ സ്ഥാപനം. മാർ മാത്യു പോത്തനാമൂഴി കോതമംഗലം മെത്രാൻ

1961 ഏപ്രിൽ 11 മാർ ജോസഫ് കരിയാററി മെത്രാപ്പോലീത്തായുടെ ഭൗതികാവശിഷ്ടങ്ങറാം ഗോവായിൽനിന്ന കൊണ്ടുവന്ന് ആലങ്ങാട്ടുപള്ളി മദ്ബഹായിൽ പുന:സംസ്ക്കരിക്കപ്പെട്ടു.

1962 മാർച്ച് 31 ചന്ദാ മിഷൻ സ്ഥാപനം. മോൺ. ജനുവാരിയൂസ് സി. എം. ഐ. അപ്പസ്തോലിക്ക് എക്സാക്ക്.

1963 ജൂലൈ 3 കോട്ടയത്തു വടവാതൂരിൽ സെൻറ് തോമസ് അപ്പസ്തോലിക്ക് സെമിനാരി എന്ന പേരിൽ ഒരു മേജർ സെമിനാരി ആരംഭിച്ചു.

1964 നവംബർ 28 മുതൽ ഡിസംബർ 3 വരെ ബോംബെയിൽ വെച്ച് 38-ാം അന്തർദ്ദേശിയ ദിവ്യകാരുണ്യ കോൺഗ്രസ്. പരിശുദ്ധ പിതാവ് പോറാം മാർപ്പാപ്പ സംബന്ധിച്ചു.

1968 ഫെബ്രുവരി 17 എറണാകുളം മെത്രാപ്പോലീത്ത

മാർ ജോസഫ് പാറേക്കാട്ടിൽ പൗരസ്ത്യതിരുസംഘത്തിലെ അംഗം.

1968 ഫെബ്രുവരി 24 കോട്ടയം സഹായമെത്രാൻ ഡോ. കുര്യാക്കോസ് കുന്നശ്ശേരിയുടെ പട്ടാഭിഷേകം (കോട്ടയം)

1968 ജൂലൈ 29 സാത്ന, സാഗർ, ഉജ്ജെയിൻ എന്നീ മൂന്നു മിഷൻ രംഗങ്ങൾ മലബാർസഭക്കു ലഭിച്ചു. മോൺ. എ. ഡി. മററം വി. സി. (സാത്ന) മോൺ. ക്ലെമൻറ് സി. എം. ഐ. (സാഗർ) മോൺ. ജോൺ പെരുമററം (ഉജ്ജെയിൻ) എന്നിവർ എക്സാർക്കുമാരായി നിയമിക്കപ്പെട്ടു.

1967 മാർച്ച് 26 എറണാകുളം മെത്രാപ്പോലീത്ത ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ കർദിനാൾ പദവിയിലേക്കുയർത്തി.

1969 ഒക്ടോ. 9 മാർ മാത്യു കാവുകാട്ടിൻെറ ചരമം.

1970 ജനുവരി 6 എറണാകുളം സഹായ മെത്രാൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ മെത്രാഭിഷേകം.

1970 ജനുവരി 21 വരാപ്പുഴ ആർച്ചു ബിഷപ്പ് ഡോ. ജോസഫ് അട്ടിപ്പേററിയുടെ ചരമം.

1970 ജൂൺ 4 തൃശ്ശൂർ മെത്രാൻ ഡോ. ജോസഫ് കുണ്ടുകുളത്തിൻെറ തിരഞ്ഞെടുപ്പ്.

1970 ജൂൺ 13 ഊട്ടി മെത്രാൻ ഡോ. ആൻറണി പടിയറ ചങ്ങനാശ്ശേരി മെത്രാനായി നിയമിക്കപ്പെടുന്നു.

1970 ആഗ. 16 തൃശ്ശൂർ മെത്രാൻ മാർ ജോർജ്ജ് ആലപ്പാട്ട് രൂപതാ ഭരണം ഒഴിയുന്നു.

